# അഭിജ്ഞാനശാകുന്തളം

(സവ്യാഖ്യാനം)

725

എം. ആർ. വേലുപ്പിള്ളശാസ്ത്രി ബി. എ.

മഹാകവി ശ്രീ കാളിദാസപ്രണീതം

# അഭിജ്ഞാനശാകുന്തളമ്

(സവ്യാഖ്യാനം)

No 725

SHARMA ...
GRANDHA SALA
THEN...
VEN... NO... A

വ്യാഖ്യാതാ,

എം. ആർ. വേലുപ്പിള്ളശാസ്ത്രി ബി. ഏ.

തിരുവനന്തപുരം.

പ്രകാശകർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കുഡിപ്പോ, കൊല്ലം.

നാലാംപതിപ്പ് കാപ്പി 2000.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

വില രൂ: 3.

1141 / 1966.

ശ്രീ

## മഹാകവി ശ്രീ കാളിദാസവിരചിതം

# അഭിജ്ഞാനശാകുന്തളമ്

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ വഹതി വിധിഹുതം
യാ ഹവിർയാ ച ഹോത്രീ
യേ ദ്വേ കാലം വിധത്തഃ ശ്രുതിവിഷയഗുണാ
യാ സ്ഥിതാ വ്യാപ്യ വിശ്വമ്।
യാമാഹുഃ സർവ്വബീജപ്രകൃതിരിതി യയാ
പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വ-
സ്താഭിരഷ്ടാഭിരീശഃ ॥

വ്യാഖ്യാനം—കവികുലകൂടസ്ഥനായ ശ്രീ കാളിദാസർ 'അഭിജ്ഞാനശാകുന്തളം' എന്ന പേരായ ഒരു നാടകം രചിക്കുന്നതിന്ന് ഉദ്യമിച്ച് ഈ രൂപകരത്നത്തിന്റെ ഒന്നാമങ്കത്തിൽ ആദ്യമേ സൂത്രധാരമുഖമായി നാന്ദീശ്ലോകം ഈവിധം കുറിക്കുന്നു:—

യാ=യാതൊരു (തനുവാണോ) സ്രഷ്ടുഃ=സ്രഷ്ടാവിന്റെ, (ബ്രഹ്മാവിന്റെ) ആദ്യാ=ആദ്യത്തേതായ. സൃഷ്ടിഃ=സൃഷ്ടി. (ബ്രഹ്മാവിന്റെ ആദ്യത്തെ സൃഷ്ടി ജലമാകുന്നു.)

വിധിഹുതം=വിധിപോലെ, ഹുതമായ ഹോമിക്കപ്പെട്ടതായ. ഹവിഃ=ഹവിസ്സിനെ, ഹോമദ്രവ്യസഞ്ചയത്തെ. യാ=യാതൊരു (തനുവാണോ) വഹതി=വഹിക്കുന്നു. (ഹവിസ്സിനെ വഹിക്കുന്നത് അഗ്നിയാണല്ലോ) അഗ്നിക്കു വഹ്നി എന്നു പേരുവരുവാൻ കാരണംതന്നെ ഈ വഹനശീലമുള്ളതുകൊണ്ടാണ്. വേദകാലത്ത് അഗ്നി മനുഷ്യർക്കും ദേവന്മാർക്കും തമ്മിൽ ഹോമദ്രവ്യവാഹകൻ എന്ന നിലയവലംബിച്ചിരുന്നുവെന്ന് അക്കാലത്തേയുള്ള വിശ്വാസമാണ്.

യാ ഹോത്രീ ച=യാതൊരു (തനു) യജമാനരൂപമായിട്ടും (കാണപ്പെടുന്നു) യാഗകർമ്മങ്ങളെ നിർവ്വഹിക്കുന്ന ആളത്രേ യജമാനൻ. ഈ ഹോത്രിയെ ശിവന്റെ അഷ്ടമൂർത്തികളിൽ ഒന്നായി ഗണിച്ചുപോന്നിരുന്നു.

യേ ദ്വേ=ഏതു രണ്ടുകളും. കാലം=കാലത്തെ (അഹോരാത്രരൂപമായ കാലത്തെ) വിധത്തഃ=ചെയ്യുന്നു (സൂര്യചന്ദ്രന്മാർ, അഹോരാത്രരൂപമായ കാലത്തെ വ്യവസ്ഥപ്പെടുത്തുന്നുവല്ലോ.)

യാ=യാതൊന്ന്. ശ്രുതിവിഷയഗുണാ=ശ്രുതിക്ക്, ശ്രവണേന്ദ്രിയത്തിന്ന് വിഷയമായ, ഗോചരമായ ഗുണത്തോട്, ശബ്ദം എന്ന ഗുണത്തോടുകൂടിയതായി. വിശ്വം=സമസ്തലോകത്തേയും. വ്യാപ്യ=വ്യാപിച്ച്. സ്ഥിതാ=സ്ഥിതയായണോ. ഇരിക്കുന്നോ ആകാശം ആകാശത്തിന്റെ ഗുണം ശബ്ദമാണെന്ന് ന്യായശാസ്ത്രസിദ്ധാന്തം. ആകാശം വിഭുവാകയാൽ സർവ്വത്ര നിറഞ്ഞിരിക്കുന്നു

സർവ്വബീജപ്രകൃതിഃ ഇതി=സർവ്വബീജങ്ങൾക്കും പ്രകൃതി അല്ലെങ്കിൽ ഉപാദാനം അഥവാ നിമിത്തം എന്നു്. യാ=യാതൊരു തനുവിനെയോ. ആഹുഃ=ജനങ്ങൾ പറയുന്നു. (പൃഥിവി)

യയാ=യാതൊന്നിനാൽ. പ്രാണിനഃ=ജീവികൾ. പ്രാണവന്തഃ=പ്രാണങ്ങളോടു—ശ്വാസോച്ഛ്വാസങ്ങളോടു—കൂടിയവരായിരിക്കുന്നുവോ (വായു.)

പ്രത്യക്ഷാഭിഃ=പ്രത്യക്ഷകളായ. താഭിഃ അഷ്ടാഭിഃ തനുഭിഃ=ആ എട്ടു തനുക്കളോടു (ജലം, അഗ്നി, ഹോത്രി, സൂര്യചന്ദ്രന്മാർ, ആകാശം, പൃഥിവി, വായു എന്നിങ്ങനെ എട്ടുവിധത്തിലുള്ള മൂർത്തികളോടു്) പ്രപന്നഃ=കൂടിയ. ഈശഃ=ഈശൻ (ശ്രീപരമേശ്വരൻ.) വഃ=നിങ്ങളെ. അവതു=രക്ഷിക്കട്ടെ.

അല്ലയോ സദസ്യരേ, ബ്രഹ്മാവിന്റെ ആദ്യത്തെ സൃഷ്ടിയായ ജലം, വിധിയനുസരിച്ചുള്ള യാഗകർമ്മങ്ങളാൽ ഹോമിക്കപ്പെടുന്ന ഹവിസ്സു് വഹിക്കുന്ന അഗ്നി, യാഗകർമ്മം നിർവ്വഹിക്കുന്ന ഹോതാവു്, കാലത്തെ ശരിക്കു കൊണ്ടുപോകുന്ന (സൂര്യൻ, ചന്ദ്രൻ) സൂര്യചന്ദ്രന്മാർ, ശബ്ദം എന്ന ഗുണത്തോടുകൂടിയതും ലോകമെങ്ങും വ്യാപിച്ചിരിക്കുന്നതുമായ ആകാശം, സകല ബീജങ്ങൾക്കും നിമിത്തമായ പൃഥിവി, ജീവജാലങ്ങൾക്കു പ്രാണനെക്കൊടുക്കുന്ന വായു എന്നിങ്ങനെ എട്ടുവിധത്തിലുള്ള മൂർത്തികളോടുകൂടിയ ശ്രീപരമേശ്വരൻ നിങ്ങളെ രക്ഷിക്കട്ടെ.

നാടകത്തിലെ നാന്ദീശ്ലോകം അർത്ഥപരമായോ ശബ്ദപരമായോ നാടകകഥാബന്ധത്തെ സൂചിപ്പിക്കുന്നതായിരിക്കണമെന്നു സാഹിത്യശാസ്ത്രസിദ്ധാന്തമുണ്ടു്. അതനുസരിച്ചു് ഈ പദ്യം ഒന്നു പരീക്ഷിച്ചുനോക്കാം.

ബ്രഹ്മാവിന്റെ ആദ്യത്തെ സൃഷ്ടി എന്ന പദത്താൽ സൃഷ്ടികളിൽവെച്ചു് ആദ്യസ്ഥാനത്തിൽ നിൽക്കുന്നതു് എന്നു ഗ്രഹിക്കാമെങ്കിൽ സൗന്ദര്യസമ്പത്തിൽ അഗ്രേസരയായ ശകുന്തള എന്നതു സൂചിതമായിരിക്കുന്നു. വിധിപോലെ ഗാന്ധർവ്വവിവാഹവിധിയനുസരിച്ചു നിഷിക്തമായ രേതസ്സു് നായികയുടെ ഗർഭംതന്നെ. ഹോത്രി=കണ്വമഹർഷി. കാലം—ശാപാന്തസമയം അറിയിക്കുന്നവരായ രണ്ടുപേർ അനസൂയയും പ്രിയംവദയുമെന്ന സഖിമാർ. ശ്രുതിവിഷയമായ ഗുണം—പാതിവ്രത്യാദിഗുണം. ഈ ഗുണത്താൽ നായിക സമസ്തഭുവനത്തിലും പ്രശസ്തയാണു്. സകലത്തിന്റെയും ബീജം ചക്രവർത്തിയാണല്ലോ. ആ ഭരതൻ എന്ന ചക്രവർത്തിയുടെ ജനനത്തിനു് നിമിത്തമായിരിക്കുന്നു ശകുന്തള. ശകുന്തളയെ രാജാവു് ഒടുവിൽ സ്വീകരിച്ചതോടുകൂടി ജനസഞ്ചയത്തിനു് അത്യന്തം ആശ്വാസമുണ്ടാകയാൽ പ്രാണവത്ത്വം സിദ്ധിക്കുന്നു. ഇങ്ങിനെ നായികാപക്ഷത്തിൽ കഥാഭാഗം സൂചിതം. നായകപക്ഷത്തിലാവട്ടെ, അഷ്ടമൂർത്തിത്വം, അഷ്ടദിക്പാലകന്മാരുടെ അംശങ്ങളാലാണു് രാജാക്കന്മാരുടെ സൃഷ്ടി എന്നതിനാലും, ഈശത്വം അഥവാ നിഗ്രഹാനുഗ്രഹസമർത്ഥത്വം ഉള്ളതിനാലും നായകൻ ലോകോത്തരഗുണോത്തരൻ എന്നഭാഗം സൂചിതം.

ഈ പദ്യത്തിലെ വൃത്തം സ്രഗ്ദ്ധരാ.

സൃഷ്ടിഃ സ്രഷ്ടുഃ—എന്നിടത്തു ശബ്ദാലങ്കാരം ഛേകാനുപ്രാസം.<br>
വഹതി വിധിഹുതം ,, വൃത്ത്യനുപ്രാസം.<br>
പ്രാണിനഃ പ്രാണവന്തഃ ,, പുനരുക്തവദാഭാസം.

ഹവിർവ്വഹനം മുതലായ സ്വാഭാവികസംഗതികളെപ്പററി പറയുന്ന ഭാഗത്തു സ്വഭാവോക്തി. ജലം, അഗ്നി, സൂര്യചന്ദ്രന്മാർ എന്നിവയെ ഭംഗ്യന്തരേണ പ്രസ്താവിക്കയാൽ പര്യായോക്തി. വിശേഷണങ്ങൾ സ്വാഭിപ്രായങ്ങളാകയാൽ പരികരം. യാ വിധിഹുതം ഹവിഃ വഹതി, യാ ച ഹോത്രീ എന്ന സ്ഥലത്തു വിരോധാഭാസം. "താഭിഃ അഷ്ടാഭിഃ തനുഭിഃ പ്രപന്നഃ" എന്നതിൽ അനേക നായികമാരോടു കൂടിയ നായകൻ എന്നുള്ള ആരോപപ്രതീതികൊണ്ടു സമാസോക്തി.

(നാന്ദ്യന്തേ)

സൂത്രധാരഃ—(നൈപഥ്യാഭിമുഖമവലോക്യ)

ആര്യേ, യദി നേപഥ്യവിധാനമവസിതമിതസ്താവദാഗമ്യതാമ്.

നാന്ദ്യന്തേ=നാന്ദിയുടെ, നാന്ദീശ്ലോകത്തിന്റെ അന്തത്തിൽ. ഭരതനാട്യശാസ്ത്രത്തിൽ നാന്ദിയുടെ ലക്ഷണം ഈ വിധം കാണുന്നു:—

"ആശിസ്സിന്റേയോ ഇഷ്ടദേവതാവന്ദനത്തിന്റേയോ രൂപത്തിൽ ഉള്ളതും കാവ്യത്തിന്റെ കഥാഭാഗം സൂചിപ്പിക്കുന്നതുമായ ശ്ലോകം നാന്ദി എന്നു പറയപ്പെടുന്നു."

സൂത്രധാരഃ=സൂത്രധാരൻ. സൂത്രം അഥവാ പ്രയോഗാനുഷ്ഠാനത്തെ ധരിക്കുന്നവൻ എന്ന് അർത്ഥം.

സാധാരണയായി സംസ്കൃതനാടകങ്ങളിലെ സൂത്രധാരന്മാർ ബ്രാഹ്മണനായിരുന്നു. ബ്രാഹ്മണൻ എന്ന നിലയിൽ നാന്ദീശ്ലോകം ചൊല്ലിയതിനുശേഷം സൂത്രധാരൻ എന്ന നിലയിൽ രംഗത്തു പ്രവേശിക്കുന്നു.

നൈപഥ്യാഭിമുഖം=നൈപഥ്യത്തിന്, അണിയറയ്ക്കു് അഭിമുഖമായി. അവലോക്യ=നോക്കിയിട്ട്. (പറയുന്നു)

നൈപഥ്യാഭിമുഖം എന്ന പദത്തിനു നേപഥ്യാഭിമുഖം എന്നു പാഠഭേദമുണ്ട്. നൈപഥ്യം എന്ന വാക്കിന്റെ വ്യുല്പത്തി ദിങ്മാത്രദർശനവ്യാഖ്യാനകർത്താവായ അഭിരാമന്റെ പക്ഷത്തിൽ "നേപഥ്യം=അലങ്കാരം; വേഷാലങ്കാരങ്ങൾ. അതിന്നായുള്ള മുറി നൈപഥ്യം" എന്നാണ്. ദക്ഷിണഭാരതത്തിൽനിന്ന് പ്രസിദ്ധീകൃതങ്ങളായ ശാകുന്തളങ്ങളിൽ ഇപ്രകാരംതന്നെ കാണുന്നു. എന്നാൽ ഉത്തരഭാരതീയർ നേപഥ്യത്തെ അണിയറയായും, നൈപഥ്യം എന്നാൽ നേപഥ്യത്തിൽവെച്ച് രചിതമായതു് എന്നും വ്യാഖ്യാനിക്കുന്നു.

ആര്യേ= നാടകത്തിൽ മാന്യസ്ത്രീകളെ അഭിസംബോധനചെയ്യുന്ന പദം) നേപഥ്യവിധാനം അവസിതം യദി=വേഷംസംബന്ധിച്ച ഒരുക്കം അവസാനിച്ചതായി എങ്കിൽ. ഇതഃ=ഇങ്ങോട്ടേക്ക്. ആഗമ്യതാം താവത്=വന്നാലും.

നടീ:—ആര്യപുത്ര, ഇയമസ്മി.

സൂത്രധാരഃ—ആര്യേ, അഭിരൂപഭൂയിഷ്ഠാ പരിഷദിയമ്. അദ്യ ഖലു കാളിദാസഗ്രഥിതവസ്തുനാ നവേനാഭിജ്ഞാനശാകുന്തളാഖ്യേന നാടകേനോപസ്ഥാതവ്യമസ്മാഭിഃ തത് പ്രതിപാത്രമാധീയതാം യത്നഃ.

ആര്യപുത്ര!= നാടകത്തിൽ ഭാര്യ ഭർത്താവിനെ അഭിസംബോധനചെയ്യുന്ന ഒരു പദം) ഇയം അസ്മി=ഇതാ (ഞാൻ) ഉണ്ട്.

അഭിരൂപഭൂയിഷ്ഠാ=ഏതൊന്നിലാണോ അഭിരൂപന്മാർ, വിദ്വാന്മാർ ഭൂയിഷ്ഠന്മാരായിരിക്കുന്നു അതു് അഭിരൂപഭൂയിഷ്ഠാ. ഭൂയിഷ്ഠപദംകൊണ്ട് 'മിക്കവാറും' എന്നല്ലാതെ എല്ലാം എന്ന അർത്ഥമില്ല. ഇയം പരിഷത്=ഈ സദസ്സ്.

ആര്യേ, ഈ സദസ്സു ഭൂരിപക്ഷവും വിദ്വാന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്നു.

അദ്യ ഖലു=ഇന്നു് ആകട്ടെ(ഇപ്പോഴാകട്ടെ) കാളിദാസഗ്രഥിതവസ്തുനാ=കാളിദാസനാൽ ഗ്രഥിതമായ, നിബദ്ധമായ വസ്തുവോടു്, കഥാബന്ധത്തോടുകൂടിയ(തും) അഭിജ്ഞാനശാകുന്തളാഖ്യേന=അഭിജ്ഞാനശാകുന്തളം എന്ന നാമധേയത്തോടുകൂടിയതും (ആയ നവേന നാടകേന=നവീനമായ നാടകത്താൽ. അസ്മാഭിഃ=നമ്മാൽ.

ഉപസ്ഥാതവ്യം=ഉപസ്ഥാനം ചെയ്യപ്പെടണം. (അഭിജ്ഞാനശാകുന്തളം എന്ന നാടകത്തിന്റെ അഭിനയത്താൽ നാം സദസ്സിനെ പ്രസാദിപ്പിക്കണം.) തത്=അതു കൊണ്ട്. പ്രതിപാത്രം=ഓരോ കഥാപാത്രംതോറും. യത്നഃ=ശ്രമം. ആധീയതാം=ചെയ്യപ്പെടട്ടെ. (ഓരോ നടന്റെ കാര്യത്തിലും നിനക്കു പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.)

നാടകലക്ഷണം മാതൃഗുപ്താചാര്യമതമനുസരിച്ച് ഇപ്രകാരമാകുന്നു:—"കഥാബന്ധം പ്രഖ്യാതമായിരിക്കണം. നായകൻ ധീരോദാത്തൻ. രാജർഷിവംശചരിതമോ ദേവസംബന്ധകഥയോ ആയിരിക്കണം. ശൃങ്ഗാരമോ വീരമോ ആയിരിക്കണം രസം."

നടീ:—സുവിഹിതപ്രയോഗതയാര്യസ്യ ന കിമപി പരിഹാസ്യതേ.

സൂത്രധാരഃ:—ആര്യേ, കഥയാമി തേ ഭൂതാർത്ഥമ്.

ആപരിതോഷാദ്വിദുഷാം ന സാധു മന്യേ പ്രയോഗവിജ്ഞാനമ്
ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേതഃ 2

ആര്യസ്യ=ആര്യന്റെ. സുവിഹിതപ്രയോഗതയാ=സുവിഹിതമായ, സുശിക്ഷിതമായ പ്രയോഗതയാൽ, അഭിനയപ്രയോഗതയാൽ. കിമപി=ഒന്നുംതന്നെ. ന പരിഹാസ്യതേ=പരിഹസിക്കപ്പെടുന്നില്ലല്ലോ.

കഥയാമി=ഞാൻ പറയുന്നു, (പറയാം) തേ=നിനക്കായിക്കൊണ്ട്. ഭൂതാർത്ഥം=പരമാർത്ഥം. (നിന്നോടു ഞാൻ ഒരു പരമാർത്ഥം പറയാം.)

വിദുഷാം=വിദ്വാന്മാരുടെ. പരിതോഷാത് ആ=പരിതോഷം (സിദ്ധിക്കുക) എന്നതുവരെ. പ്രയോഗവിജ്ഞാനം=പ്രയോഗത്തിന്റെ=അഭിനയപ്രയോഗത്തിന്റെ വിശേഷജ്ഞാനം. ന സാധു മന്യേ=സാധുവായെന്നു ഞാൻ വിചാരിക്കുന്നില്ല. ബലവത്=സുദൃഢമായി. ശിക്ഷിതാനാം അപി=അഭ്യസ്തന്മാർക്കുകൂടി. ചേതഃ=ചേതസ്സ്. ആത്മനി=തന്നിൽ. അപ്രത്യയം=അവിശ്വാസമുള്ളത(ത്രേ)

സൂത്രധാരന്റെ അഭിനയപ്രയോഗവിജ്ഞാനം വിദ്വാന്മാരായ സദസ്യരാൽ പരീക്ഷണീയമായിരിക്കുന്നതേയുള്ളുവെന്നു സാരം.

നടന്മാർക്ക് എത്രത്തോളം അഭ്യാസനൈപുണ്യം ഉണ്ടായിരുന്നാലും നാടകപ്രയോഗം നന്നായി എന്നു വരുന്നതു് ആ പ്രയോഗരഹസ്യങ്ങളറിയുന്ന വിദ്വജ്ജനങ്ങളുടെ സന്തോഷസംതൃപ്തികളെ മാത്രമാണ് ആശ്രയിച്ചിരിക്കുന്നതു്. എന്തെന്നാൽ വളരെ അഭ്യാസപാടവം സിദ്ധിച്ചിട്ടുള്ളവർക്കുകൂടിയും വിദ്വത്പരിതോഷം ലഭിക്കുന്നതുവരെ തങ്ങളുടെ അഭ്യാസവിശേഷങ്ങളിൽ ശരിയായ ആത്മവിശ്വാസം ഉണ്ടായിക്കാണുന്നില്ല.

അലങ്കാരം, അർത്ഥാന്തരന്യാസം.

നടീ:—ആര്യ ഏവമേതത്. അനന്തരകരണീയം താവദാര്യ ആജ്ഞാപയതു.

സൂത്ര:—കിമന്യദസ്യാഃ പരിഷദഃ ശ്രുതിപ്രസാദനതഃ. തദിമമേവ താവദചിരപ്രവൃത്തമുപഭോഗക്ഷമം ഗ്രീഷ്മസമയമധികൃത്യ ഗീയതാമ്.

ഏതത് ഏവം=ഇതിങ്ങനെതന്നെ. അനന്തരകരണീയം താവത്=മേൽചെയ്യേണ്ടതെ(ന്തെന്നു്.) ആര്യഃ=ആര്യൻ. ആജ്ഞാപയതു=ആജ്ഞാപിച്ചാലും.

അസ്യാഃ പരിഷദഃ=ഈ പരിഷത്തിന്റെ. ശ്രുതിപ്രസാദനതഃ=ശ്രുതികളുടെ, ശ്രോത്രേന്ദ്രിയങ്ങളുടെ പ്രസാദനത്തിങ്കൽനിന്നും, ആനന്ദം സിദ്ധിക്കുന്നതിൽനിന്നും. അന്യത്=അന്യമായി. കിം=എന്താണ്? (ഇപ്പോൾ സർവ്വപ്രധാനമായിരിക്കുന്നതു രംഗസ്ഥിതർക്ക് ശ്രോത്രേന്ദ്രിയസൗഖ്യം അണയ്ക്കുക എന്നതാണ്.) തത്=അതി

നാൽ. അചിരപ്രവൃത്തം=ചിരപ്രവൃത്തമല്ലാത്തതും, പ്രവൎത്തിച്ചിട്ടു വളരെക്കാലമായിട്ടില്ലാത്തതും (ആരംഭാവസ്ഥയിൽ സ്ഥിതിചെയ്യുന്നതും — ആരംഭാവസ്ഥയിൽ സ്ഥിതിചെയ്യുന്നുവെന്നു പറഞ്ഞതുകൊണ്ടു ഗ്രീഷ്മത്തിനു വസന്തൎത്തുവോടുള്ള ബന്ധം വിട്ടിട്ടില്ല എന്നു ഗ്രഹിക്കണം.) ഉപഭോഗക്ഷമം=നാനാവിധസുഖാനുഭവങ്ങൾ നൽകാൻ പോന്നതും ആയ. ഇമം ഏവ ഗ്രീഷ്മസമയം അധികൃത്യ=ഈ ഗ്രീഷ്മസമയത്തെ അധികരിച്ചുതന്നെ, ഗ്രീഷ്മൎത്തുവിനെപ്പററിത്തന്നെ. ഗീയതാം=ഗാനംചെയ്യപ്പെടട്ടെ. (നീ ഗാനംചെയ്താലും.)

ഇവിടെ അചിരപ്രവൃത്തം, ഉപഭോഗക്ഷമം എന്നീ പദങ്ങളാൽ കഥാനായികയുടെ യൌവ്വനാരംഭവും ഉപഭോഗക്ഷമത്വവും സൂചിപ്പിച്ചിരിക്കുന്നു.

ഇപ്പറഞ്ഞതായ ഉപഭോഗക്ഷമത്വത്തെത്തന്നെ ഉപപാദനംചെയ്യുന്നു:—

സൂത്രധാരഃ—സംപ്രതി ഹി,

സുഭഗസലിലാവഗാഹാഃ പാടലസംസൎഗ്ഗസുരഭിവനവാതാഃ,
പ്രച്ഛായസുലഭനിദ്രാ ദിവസാഃ പരിണാമരമണീയാഃ 3

സംപ്രതി ഹി=ഇപ്പോളാകട്ടെ. സുഭഗസലിലാവഗാഹാഃ=സുഭഗങ്ങളായ, സുഖകരങ്ങളായ സലിലാവഗാഹങ്ങളോട്, ജലക്രീഡാദികളോടുകൂടിയവയും. പാടലസംസൎഗ്ഗസുരഭിവനവാതാഃ=പാടലങ്ങളുമായുള്ള, പാതിരിപ്പൂക്കളുമായുള്ള സംസൎഗ്ഗം കൊണ്ടു സുരഭികളായ, സൌഗന്ധ്യമുള്ളതുകളായ വനവാതങ്ങളോടുകൂടിയവയും. പ്രച്ഛായസുലഭനിദ്രാഃ=പ്രച്ഛായങ്ങളിൽ പ്രഭൂതങ്ങളായ തരുച്ഛായകളിൽ സുലഭനിദ്രയ്ക്കു ഇടംനൽകുന്നവയുമായ. ദിവസാഃ=ദിവസങ്ങൾ. പരിണാമരമണീയാഃ= പരിണാമത്തിൽ, അവസാനത്തിൽ രമണീയങ്ങളത്രേ, മനോഹരങ്ങളത്രേ.

സുഭഗസലിലാവഗാഹാഃ എന്ന പദം മറെറാരുതരത്തിലും വ്യാഖ്യാനിക്കപ്പെടാം. സുഭഗങ്ങളാൽ, അതിശയേനയുള്ള യത്നങ്ങളാൽ (ഭഗം=യത്നം.) നടത്തപ്പെടുന്ന സലിലാവഗാഹങ്ങളോടുകൂടിയ ഗ്രീഷ്മകാലമാകകൊണ്ട് ഉഷ്ണശാന്തിക്കുവേണ്ടി ജലക്രീഡ യത്നംസഹിച്ചും നടത്തുന്നു.

പാടലപുഷ്പസംസൎഗ്ഗംകൊണ്ട് വനവാതത്തിനു ശീതളിമ. ഈ പദ്യത്തിൽ, വിശേഷണപദങ്ങൾ എല്ലാം ഓരോ പ്രത്യേകവിധത്തിലുള്ള അഭിപ്രായങ്ങളെ കുറിക്കുന്നതിനാൽ അലങ്കാരം പരികരം.

ഭംഗിയായി സ്നാനംകഴിഞ്ഞു കസ്തൂരി, കുംകുമം മുതലായവ ദേഹത്ത് അണിഞ്ഞു നല്ല പരിമളവാഹിനികളായി രഹസ്യസങ്കേതസ്ഥലങ്ങളിൽ എത്തുന്ന ചതുരസുന്ദരികളുമായുള്ള വിവിധമനോഹരലീലകളാൽ യുവജനങ്ങളുടെ ദിവസങ്ങൾ രമണീയങ്ങളായി ഇപ്പോൾ കഴിയുന്നുവെന്നു വ്യഞ്ജിക്കുന്നു.

പക്ഷേ, പ്രകൃതനാടകത്തിലെ നായികാനായകന്മാരുടെ ക്ലേശാന്ത്യത്തിന് അവൎക്കു മനോഹരങ്ങളായ ദിവസങ്ങൾ ലഭിക്കുന്നുവെന്നും കവിക്ക് ഉദ്ദേശ്യം ഉണ്ടായിരിക്കാം.

നടീ:—

ഈഷച്ചുംബിതാനി ഭ്രമരൈസ്സുകുമാരകേസരശിഖാനി
അവതംസയന്തി ദയമാനാഃ പ്രമദാഃ ശിരീഷകുസുമാനി. 4

ഭ്രമരൈഃ=ഭ്രമരങ്ങളാൽ, വണ്ടുകളാൽ. ഈഷത്=അല്പമായിമാത്രം. ചുംബിതാനി=ചുംബിക്കപ്പെട്ടവയും. സുകുമാരകേസരശിഖാനി=സുകുമാരങ്ങളായ, മനോഹരങ്ങളായ കേസരശിഖകളോട്, അല്ലിശിഖരങ്ങളോടുകൂടിയവയും ആയ. ശിരീഷകുസുമാനി=ശിരീഷകുസുമങ്ങളെ (വാകപ്പൂക്കളെ) പ്രമദാഃ=പ്രകൎഷേണയുള്ള മദത്തോടുകൂടിയവർ (പ്രമദകളായ യുവതികൾ) ദയമാനാഃ=ദയാവതികളായി. അവതംസയന്തി=അവതംസങ്ങളാക്കിച്ചെയ്യുന്നു, കൎണ്ണങ്ങളുടെ മുകളിൽ അലങ്കാരമായി ചൂടുന്നു.

നടി ഇവിടെ ശൃംഗാരരസത്തിന്ന് അനുഗുണങ്ങളായ ഗ്രീഷ്മർത്തുധർമ്മങ്ങളെപ്പററിയത്രേ ഗാനംചെയ്യുന്നതു്.

ഈഷച്ചുംബിതാനി—അല്പമാത്രമായുള്ള ചുംബനംഎന്നതുകൊണ്ടു്, പുഷ്പത്തിന്നു വല്ല ഹാനിയും പററരുതല്ലോ എന്നുള്ള സ്നേഹം വണ്ടിന്നു തോന്നിയതാണ് എന്നു ഗ്രഹിക്കണം. അല്പമായ ഒരു ചുംബനംനൽകി വീണ്ടും ദൂരെമാറിനിന്നു നോക്കി രസിച്ചു വീണ്ടും അല്പമായ ഒരു ചുംബനം ഏൾപ്പിച്ച് അത്യുൽസുകനാകുന്ന ഒരു വിടൻെറ സ്ഥിതി ഇവിടെ വണ്ടത്താനും കല്പിച്ചിരിക്കുന്നു.

ഭ്രമരൈഃ—ഭ്രമരപദം സ്വഭാവത്തിൻെറ ചാഞ്ചല്യം സൂചിപ്പിക്കുന്നു. ഭ്രമിച്ചുകൊണ്ടേയിരിക്കുന്നതു് എന്ന വാഗർത്ഥം അന്വർത്ഥമാണ്.

അവതംസയന്തി—'അവതംസഃ', എന്ന പദത്തിൽനിന്നുണ്ടായ ക്രിയ.

പ്രമദാഃ—പ്രകർഷേണയുള്ള യൗവ്വനമദത്തോടുകൂടിയവർ. ഇപ്രകാരമുള്ളവർ പുഷ്പത്തെ തീരെ വകവയ്ക്കാതെ കണ്ടമാനം അതുകളോടു പെരുമാറാൻ ഇടയുണ്ടല്ലോ. ആ അഭിപ്രായത്തെ തടുക്കാനായിട്ടാണു ദയമാനാഃ എന്ന വിശേഷണം ചേർത്തതു്. അവർ എത്ര പ്രമദകളായിരുന്നാലും ദയവോടുകൂടി, അതായതു വളരെ സൂക്ഷിച്ചും പ്രത്യേക വാത്സല്യത്തോടുമാണ് പൂവു ചൂടുന്നതു് എന്നു ഗ്രഹിക്കണം.

പ്രാചീനകാലങ്ങളിൽ കർണ്ണാലങ്കാരങ്ങളായി യുവതികൾ വാകപ്പൂവു് ഉപയോഗിച്ചുപോന്നിരുന്നു. മേഘസന്ദേശത്തിൽ 'ചാരുകർണ്ണേ ശിരീഷം' എന്നു കാളിദാസർതന്നെ വർണ്ണിച്ചിട്ടുണ്ടു്.

സൂത്രധാരഃ—ആര്യേ! സാധു ഗീതം അഹോ! രാഗനിവിഷ്ടചിത്തവൃത്തിരാലിഖിത ഇവ സർവ്വതോ രങ്ഗഃ. വയമിദാനീം കതമം പ്രയോഗമാശ്രിത്യൈനമാരാധയാമഃ.

നടീ:-നന്വാര്യമിശ്രൈഃ പ്രഥമമേവാജ്ഞപ്തമഭിജ്ഞാനശാകുന്തളം നാമാപൂർവ്വം നാടകം പ്രയോഗേഽധിക്രിയതാമിതി.

ആര്യേ=ആര്യേ. സാധു=നല്ലപോലെ. ഗീതം=ഗാനം ചെയ്യപ്പെട്ടു. അഹോ!=ആശ്ചര്യം. രാഗനിവിഷ്ടചിത്തവൃത്തിഃ=രാഗത്തിൽ നിവിഷ്ടമായ വയ്ക്കപ്പെട്ടതായ ചിത്തവൃത്തിയോടുകൂടിയ രങ്ഗഃ=രങ്ഗം. സർവ്വതഃ=എല്ലായിടത്തും. ആലിഖിതഃ ഇവ=ചിത്രത്തിൽ എഴുതപ്പെട്ടതുപോലെ കാണപ്പെടുന്നു. രങ്ഗസ്ഥിതരായ ജനങ്ങളുടെ ചിത്തവൃത്തിമുഴുവൻ നടിയുടെ ഗാനരാഗത്തിൽ മുഴുകിപ്പോയതുകൊണ്ടു ബാഹ്യേന്ദ്രിയാവയവങ്ങൾ നിശ്ചേഷ്ടങ്ങളായി കാണപ്പെടുന്നു. അതിനാലത്രേ ചിത്രത്തിൽ എഴുതപ്പെട്ടപോലെയെന്ന് ഉൽപ്രേക്ഷിക്കുന്നതു്. കഥാനായകൻ അന്നു രാഗപരവശനായി ഈ നിലയവലംബിച്ചുവെന്ന സംഗതിയും സൂചിതമായിരിക്കുന്നു.

വയം=നാം. ഇദാനീം=ഇപ്പോൾ. കതമം പ്രയോഗം ആശ്രിത്യ=ഏതൊരു നാട്യത്തെ ആശ്രയിച്ചാണ് (അനുഭാവം വിഭാവം എന്നിത്യാദി രസസ്ഥായീഭാവങ്ങളുൾപ്പെടുന്ന നാട്യത്തെ പ്രയോഗം എന്നു പറയുന്നു.) ഏനം=ഈ രംഗത്തെ ആരാധയാമഃ=ആരാധിക്കു(ന്നു)ന്നതു്.

ആര്യമിശ്രൈഃ=ആര്യമിശ്രന്മാരാൽ (ആര്യനാൽ) 'മിശ്ര' എന്ന പദം ബഹുമാനദ്യോതകമായ ഒരു സ്ഥാനമാണ്. അഭിജ്ഞാനശാകുന്തളം നാമ=അഭിജ്ഞാനശാകുന്തളം എന്നു പേരായ. അപൂർവ്വം നാടകം=അഭിനവമായ നാടകം. പ്രയോഗേ അധിക്രിയതാം ഇതി=പ്രയോഗത്തിൽ അധികരിക്കപ്പെടട്ടേ എന്നു്. നനു പ്രഥമം ഏവ ആജ്ഞപ്തം=ആദ്യമേതന്നെ ആജ്ഞാപിതമായിട്ടുണ്ടല്ലോ.

അഭിജ്ഞാനശാകുന്തളഃ=അഭിജ്ഞാനംകൊണ്ടു സ്മൃതയായ ശകുന്തളയോടു കൂടിയതു്.

ആജ്ഞപ്തം=പറയപ്പെട്ടുവെന്നുള്ള സാധാരണയത്ഥമല്ലാതെ ആജ്ഞാപിക്കപ്പെട്ടുവെന്നു ഗ്രഹിപ്പാൻ പാടുള്ളതല്ല നിലയിൽ കുറഞ്ഞവർ കൂടിയവരോടു പറയുന്നതാകകൊണ്ടു മാത്രമാണ് 'ആജ്ഞപ്തം' എന്നു പ്രയോഗിച്ചതു്. കഥിതം എന്ന അത്ഥമേയുള്ളു.

സൂത്രധാരഃ:—സമ്യഗനുബോധിതോഽസ്മി. അസ്മിൻ ക്ഷണേ വിസ്മൃതം മയാ ഖലു തത്.

തവാസ്മി ഗീതരാഗേണ, ഹാരിണാ, പ്രസഭം, ഹൃതഃ,
ഏഷ, രാജേവ, ദുഷ്ഷന്തഃ, സാരങ്ഗേണാഽതിരംഹസാ. 5

ഇതി നിഷ്ക്രാന്തൌ.

പ്രസ്താവനാ.

സമ്യക്=നല്ലപോലെ. അനുബോധിതഃ അസ്മി=ഞാൻ അനുബോധിതനായിരിക്കുന്നു. (ഓഹോ! ഞാൻ ഇപ്പോഠം നല്ലപോലെ ഓക്കുന്നുണ്ടു്.)

അസ്മിൻ ക്ഷണേ=ഈ ക്ഷണത്തിൽതന്നെ. മയാ=എന്നാൽ. വിസ്മൃതം ഖലു തത്=അതു് വിസ്മൃതമായിപ്പോയിരുന്നുല്ലോ.

(എന്തെന്നാൽ)

തവ=നിന്റെ. ഹാരിണാ=മനോഹാരിയായ. ഗീതരാഗേണ=ഗീതത്തിന്റെ രാഗംകൊണ്ടു്. (ഞാൻ.)

അതിരംഹസാ=അതിരംഹസ്സായ, വളരെ വേഗത്തോടുകൂടിയ. സാരങ്ഗേണ=സാരംഗത്താൽ, മാനിനാൽ. ഏഷ രാജാ ദുഷ്ഷന്തഃ ഇവ=ഈ ദുഷ്ഷന്തരാജാവു് എന്നപോലെ. പ്രസഭം=ബലാല്ക്കാരമായി ദൂരദേശത്തേക്കു്. ഹൃതഃ=അപഹൃതനായിപ്പോയിരുന്നു.

കണ്ണാനന്ദകരമായ നിന്റെ ഗാനരാഗത്താൽ അപഹൃതചിത്തവൃത്തിയായ ഞാൻ അതിവേഗവത്തായ മാനിനാൽ ദുഷ്ഷന്തരാജാവെന്നപോലെ ഏതു ദിക്കിലേക്കോ പൊയ്പ്പോയി.

ഇതി നിഷ്ക്രാന്തൌ=എന്നു് തിരോഹിതരായി.

നടിയും സൂത്രധാരനും രംഗംവിട്ടു.

പ്രസ്താവനാ.

നാടകത്തിന്റെ ആദ്യത്തിൽ കഥാവതരണരൂപമായി സൂത്രധാരനും നടിയുമോ സൂത്രധാരനും മാരിഷനുമോ ആയി നടത്തുന്ന സംഭാഷണം പ്രസ്താവനയെന്നു പറയുന്നു. ഈ പ്രസ്താവനാന്ത്യം അടുത്തു പ്രത്യക്ഷമാവാൻ പോകുന്ന കഥാപാത്രത്തെക്കൂടെ സംബന്ധിച്ചു പ്രകൃതത്തിൽ യോജിപ്പിച്ചു പറയുന്നപക്ഷം പ്രയോഗാതിശയമെന്ന പ്രസ്താവന.

ഇവിടെ പ്രസ്താവന പ്രയോഗാതിശയമാണു്.

(തതഃ പ്രവിശതി സശരചാപഹസ്തോ രാജാ രഥേന സൂതശ്ച)

സൂതഃ:—(രാജാനം മൃഗം ചാവലോക്യ) ആയുഷ്മൻ.

കൃഷ്ണസാരേ ദദത്, ചക്ഷുസ്ത്വയി, ചാധിജ്യകാർമുകേ,
മൃഗാനുസാരിണം സാക്ഷാത് പശ്യാമീവ പിനാകിനം. 6

തതഃ=അനന്തരം; സൂത്രധാരനിർഗ്ഗമനാനന്തരം. സശരചാപഹസ്തഃ=സശരമായ, ബാണം തൊടുത്തതായ ചാപത്തെ ഹസ്തത്തിൽ ധരിക്കുന്ന. രാജാ=രാജാവും. സൂതഃ ച=സൂതനും. രഥേന=രഥംവഴി. പ്രവിശതി=പ്രവേശിക്കുന്നു.

സൂതഃ=സൂതൻ. പ്രാചീനകാലങ്ങളിൽ സൂതന്മാർ മാന്യമായ ഒരു ജാതിവിഭാഗത്തിൽപ്പെട്ടിരുന്നു. കൊട്ടാരങ്ങളുമായി ബന്ധപ്പെട്ടവരും ലോകപരിചയം വയഃപകത എന്നിവ തികഞ്ഞവരുമായിരുന്നു. ഇങ്ങനെ, അവർ രാജാക്കന്മാരെക്കാൾ പ്രായംകൂടിയവരായിരുന്നു.

കൃഷ്ണസാരേ=കൃഷ്ണസാരത്തിലും (ഒരുതരം വിശേഷതരത്തിലുള്ള മാൻ) അധിജ്യകാർമുകേ=അധിരൂഢമായ ജ്യായോട്, ഞാണോടുകൂടിയ കാർമുകവാനായ. ത്വയി ച=നിന്നിലും. ചക്ഷുഃ=ചക്ഷുസ്സിനെ. ദദത്=കൊടുക്കുന്നവനായ. ഞാൻ, മൃഗാനുസാരിണം=മൃഗത്തെ അനുധാവനംചെയ്യു. സാക്ഷാത് പിനാകിനം=സാക്ഷാത് പിനാകിയെ 'പിനാകി=പിനാകത്തോട്. പിനാകം എന്ന വില്ലോടുകൂടിയവൻ, ശിവൻ) പശ്യാമി ഇവ=കാണുന്നപോലിരിക്കുന്നു.

കൃഷ്ണസാരത്തിലും, ഞാൺപൂട്ടിയ വില്ലിൽ ശരംതൊടുത്തി ധരിച്ചിരിക്കുന്ന നിന്നിലും ഒരുപോലെ ചക്ഷുസ്സ് വ്യാപരിപ്പിക്കുന്ന ഞാൻ പ്രത്യക്ഷമായ ശരീരത്തോടുകൂടി യജ്ഞമൃഗത്തെ അനുധാവനംചെയ്യുന്ന പിനാകിയായ ശിവനെ കാണുന്നപോലിരിക്കുന്നു.

പണ്ടു ദേവന്മാർ ശിവനെ ക്ഷണിക്കാതെ ഒരു യാഗം നടത്തിയെന്നും ക്രുദ്ധനായ ശിവൻ യാഗം മുടക്കുന്നതിനായി എത്തിയപ്പോൾ യാഗം ഒരു മാൻവേഷത്തിൽ ഓടിക്കളഞ്ഞുവെന്നും, ഞാൺ പൂട്ടിയ വില്ലും ശരവുമായി ശിവൻ ആ മാനിനെ തുടർന്നു വധിച്ചുവെന്നും മഹാഭാരതപുരാണത്തിലെ കഥ.

ഈ പദ്യത്തിൽ അലങ്കാരം വിശേഷം.

രാജാ:—സൂത, ദൂരമമുനാ സാരങ്ഗേണ സമാകൃഷ്ടാ വയമ്.
അയമിദാനീമപി,

ഗ്രീവാഭങ്ഗാഭിരാമം മുഹുരനുപതതി സ്യന്ദനേ ബദ്ധദൃഷ്ടിഃ,
പശ്ചാർധേന പ്രവിഷ്ടഃ ശരപതനഭയാദ് ഭൂയസാ പൂർവകായമ്
ദർഭൈരർധാവലീഢൈഃ ശ്രമവിവൃതമുഖഭ്രംശിഭിഃ കീർണവർത്മാ
പശ്യോദഗ്രപ്ലുതത്വാദ്വിയതി ബഹുതരം സ്തോകമുർവ്യാം പ്രയാതി 7

കൃഷ്ണസാരം വളരെ ദൂരെയായതിനാൽ അതിന്റെ സ്വഭാവത്തെപ്പററി രാജാവു സൂതനോടു പറവാൻ ആരംഭിക്കുന്നു:—

സൂത!=അല്ലയോ സൂത. അമുനാ സാരങ്ഗേണ=ഈ സാരങ്ഗത്താൽ. വയം=നാം. ദൂരം സമാകൃഷ്ടാഃ=വളരെ ദൂരത്തേക്ക്, ദൂരദേശത്തിലേയ്ക്കു് സമാകൃഷ്ടന്മാരായിപ്പോയി. അയം=ഈ മാൻ. ഇദാനീം അപി=ഇപ്പോഴും.

അനു=പിൻവശത്ത്. പതതി=പതത്തായ, ചലിച്ചു് ഓടുന്നതായ. സ്യന്ദനേ=സ്യന്ദനത്തിൽ (രഥത്തിൽ) ഗ്രീവാഭങ്ഗാഭിരാമം=ഗ്രീവയുടെ, കഴുത്തിന്റെ ഭംഗംകൊണ്ടു് അഭിരാമമാകുംവണ്ണം. മുഹുഃ=കൂടെക്കൂടെ. ബദ്ധദൃഷ്ടിഃ=ബദ്ധദൃഷ്ടിയായും. (നോക്കിയും.)

ഭൂയസാ=വലുതായ. പശ്ചാർദ്ധേന=പശ്ചിമാർദ്ധശരീരത്താൽ. പൂർവകായം=ശരീരത്തിലെ പിൻഭാഗത്തെ. ശരപതനഭയാത്=ശരപതനംകൊണ്ടു ഭയംഹേതുവായി. പ്രവിഷ്ടഃ=പ്രവേശിച്ചതായും.

അർദ്ധാവലീഢൈഃ=അർദ്ധംമാത്രം അവലീഢങ്ങളായും, പകുതി ചവച്ചതുകളായും. ശ്രമവിവൃതമുഖഭ്രംശിഭിഃ=ശ്രമത്തോടെ ക്ലേശത്തോടെ വിവൃതമായ, തുറന്നതായ മുഖത്തിൽനിന്നു്, വായിൽനിന്നു് ഭ്രംശിച്ചതുകളായും, വീണുപോയവയായുമുള്ള. ദർഭൈഃ=ദർഭകളാൽ കീർണ്ണവർത്മാ=കീർണ്ണമായി, വ്യാപ്തമായ മാർഗ്ഗത്തോടുകൂടിയതായും.

ഉദഗ്രപ്ലുതത്വാത്=ഉദഗ്രമായി, അത്യന്തവേഗത്തിലുള്ള. പ്ലുതത്വം=ചാട്ടം ഹേതുവായി. വിയതി=ആകാശത്തിൽ. ബഹുതരം=അധികമായും. ഉർവ്യാം=ഭൂമിയിൽ. സ്തോകം=അല്പമായും. പ്രയാതി=ഓടുന്നു. പശ്യ=കണ്ടാലും.

പിന്നിൽ ഓടിവരുന്നതായ രഥത്തെ, കഴുത്തൊന്നു തിരിച്ചു മനോഹരമായവിധത്തിൽ കൂടെക്കൂടെ നോക്കിയും ശരം പുറത്തു് 'ഇപ്പോൾ കൊണ്ടുപോകും' എന്നുള്ള ഭയത്താൽ ശരീരത്തിന്റെ പിൻഭാഗം മുഴുവൻ മുൻഭാഗത്തോട്ടു വലച്ചും ഓടിയ കിതപ്പിനാൽ തുറന്ന വായിൽനിന്നും തഴകിവീണ പകുതിചവച്ച ദർഭപ്പുല്ലു് ഓടുന്നവഴി മുഴുവൻ വിതറിയും. ഈ മാൻ അതിന്റെ ഏറാവും പൊക്കത്തിലുള്ള ചാട്ടങ്ങളാൽ ആകാശത്തിൽ അധികമായും ഭൂമിയിൽ അല്പമാത്രമായും ഓടുന്ന ഓട്ടം നോക്കുക.

ബദ്ധദൃഷ്ടിഃ—ദത്തദൃഷ്ടിഃ എന്നു പാഠഭേദം ഉണ്ടു്.

പശ്ചാർദ്ധേന=പശ്ചമായ അർദ്ധത്താൽ. പശ്ചം=പശ്ചിമം. പശ്ചിമം, എന്ന പദം 'അർദ്ധം' എന്ന പദത്തിനു മുമ്പിലാകുമ്പോൾ 'പശ്ച' എന്നാകാം. 'പശ്ചാത്' എന്ന വാക്കുതന്നെയാണു് 'പശ്ച' ആയതെന്നും അഭിപ്രായമുണ്ടു്.

പൂർവ്വകായം=കായത്തിന്നു്. പൂർവ്വ=പൂർവ്വകായം. പ്രഥമാതത്പുരുഷസമാസം. പൂർവ്വമായ കായം എന്നും വരാം. പക്ഷേ ആദ്യത്തേതാണു് സ്വീകാര്യതരം.

കീർണ്ണവർത്മാ=കീർണ്ണമായ വർത്മാവോടുകൂടിയതു്. അല്ലാതെ താതൊന്നിനാലാണോ വർത്മാവു് കീർണ്ണമായതു് എന്നു വ്യാഖ്യാനിപ്പാൻ പാടില്ല. മാൻ പുല്ലു് അറിയാതെ വഴിയിൽ വിതറുകയാണു്.

ഉർവ്യാം - ഇവിടെ ഉർവ്വി എന്ന പദം അത്യന്തം ഔചിത്യത്തോടെ പ്രയോഗിച്ചിരിക്കുന്നു. ഉർവ്വി എന്നതിന്റെ അർത്ഥം വിപുലമായ എന്നാണല്ലോ. മാനിന്നു് വിപുലമായ ഭൂമിയിൽകൂടെ ഓടാൻ സ്ഥലം മതിയാകുന്നില്ലെന്നുള്ള സാരസ്യം.

അലങ്കാരങ്ങൾ: ഉൽപ്രേക്ഷയും സ്വഭാവോക്തിയും.

രസം—ഭയാനകം.

മാൻ മുൻവേഗത്തോടുകൂടിത്തന്നെ ഓടുന്നു. രഥം പിറകിൽ ആയിപ്പോകുന്നു. അതുകൊണ്ടു രഥവേഗം കൂട്ടണം എന്നു് രാജാവു് ഉദ്ദേശിക്കയാലാണു് ഇങ്ങിനെ മാനിനെ ചൂണ്ടിക്കാണിച്ചതു്.

രഥവേഗം കൂട്ടാത്തതിൽ സൂതൻ താഴെക്കാണുംപ്രകാരംസമാധാനംപറയുന്നു:-

സൂതഃ:—ഉത്ഘാതിനീ ഭൂമിരിതി മയാ രശ്മിസംയമനാദ്രഥസ്യ മന്ദീകൃതോ വേഗഃ തേന മൃഗ ഏഷ വിപ്രകൃഷ്ടാന്തരഃ സംവൃത്തഃ. സമ്പ്രതി സമദേശവർത്തിനസ്തേ ന ദുരാസദോ ഭവിഷ്യതി.

രാജാ:—തേന ഹി മുച്യന്താമഭീശവഃ

ഉത്ഘാതിനീ ഭൂമിഃ ഇതി=(ഉത്ഘാതം എന്നാൽ പാദസ്ഖലനം) ഭൂമി സമതലമല്ലായ്കകൊണ്ടു്. മയാ=എന്നാൽ. രശ്മിസംയമനാത്=രശ്മിയുടെ, കടിഞ്ഞാണിന്റെ സംയമനം, നിയന്ത്രണം ഹേതുവായി രഥസ്യ വേഗഃ=രഥത്തിന്റെവേഗം. മന്ദീകൃതഃ=മന്ദീഭവിച്ചു (പോയതാണു്.)

തേന=അക്കാരണത്താൽ. ഏഷ മൃഗഃ=ഈ മാൻ. വിപ്രകൃഷ്ടാന്തരഃ=വിപ്രകൃഷ്ടമായ, അതിദൂരമായ അന്തരത്തോടു്, ഇടയോടുകൂടിയതായി. സംവൃത്തഃ=തീർന്നു.

സമ്പ്രതി=ഇപ്പോൾ. സമദേശവർത്തിനഃ=സമദേശത്തിൽ, ഇടവില്ലാത്ത ഭൂമിയിൽ വർത്തിക്കുന്ന. തേ=അങ്ങയ്ക്കു്. (ആ മൃഗം) ദുരാസദഃ=ദുഷ്പ്രാപമായി. ന ഭവിഷ്യതി=ഭവിക്കയില്ല.

തേന ഹി=എന്നാൽ അങ്ങിനെ. അഭീശവഃ=അഭീശുക്കൾ, രശ്മികൾ അഥവാ കടിഞ്ഞാണുകൾ. മുച്യന്താം=മോചിക്കപ്പെടട്ടെ (സൂതൻ നിയന്ത്രിച്ചു പിടിച്ചിരുന്ന കടിഞ്ഞാൺ അയച്ചുവിട്ടു വേഗം കൂട്ടാൻ പറയുന്നു.)

രഥവേഗം കുറഞ്ഞതിനാൽ രാജാവിനു രോഷലേശമെങ്കിലും ഉണ്ടായേയോ എന്നുള്ള ഭയത്താൽ സൂതൻ സമാധാനം പറഞ്ഞതു്, ഭൂമി നിരപ്പില്ലാത്തതാകയാൽ കടിഞ്ഞാൺ അയച്ചുവിടാത്തതുകൊണ്ടെന്നായിരുന്നു. ക്രമേണ വേഗത്തിൽ സമതലത്തു് എത്തുകയും കടിഞ്ഞാൺ അയച്ചുവിട്ടു കുതിരകളുടെ വേഗം തെളിക്കാൻ രാജാവു് പറയുകയും ചെയ്യുന്നു.

ഉത്ഘാതിനീ=വിഷമം അഥവാ നിമ്നോന്നതമായ.

രശ്മി, അഭീശു, പ്രഗ്രഹ എന്ന മൂന്നുവാക്കു് കടിഞ്ഞാണിന്റെ പര്യായപദങ്ങളാകുന്നു.

രാജാവിന്റെ ആജ്ഞാപനത്തെ ആദരിച്ചു സൂതൻ താഴെ കാണുംപ്രകാരം രഥവേഗം കൂട്ടുന്നു.

സൂതഃ:—യദാജ്ഞാപയത്യായുഷ്മാൻ. (രഥവേഗം നിരൂപ്യ) ആയുഷ്മൻ! പശ്യ പശ്യ, ഏതേ—

മുക്തേഷു രശ്മിഷു നിരായതപൂർവ്വകായാ,
നിഷ്കമ്പചാമരശിഖാ നിഭൃതോർദ്ധ്വകർണ്ണാഃ,
ആത്മോദ്ധതൈരപി രജോഭിരലംഘനീയാ,
ധാവന്ത്യമീ മൃഗജവാക്ഷമയേവ രഥ്യാഃ 8

യദ് ആജ്ഞാപയതി ആയുഷ്മാൻ=ആയുഷ്മാൻ പറയുംപോലെ. രഥവേഗം നിരൂപ്യ=രഥവേഗം നിരൂപണം ചെയ്തു്. ആയുഷ്മൻ പശ്യ പശ്യ=കണ്ടാലും കണ്ടാലും. (അതിശയകരം!) ഏതേ=ഇവകൾ (പ്രകൃതത്തിൽ 'ഇതാ')

രശ്മിഷു മുക്തേഷു=രശ്മികൾ, കടിഞ്ഞാണുകൾ മുക്തങ്ങളാകെ, അയച്ചുവിടവെ അമീ=ഈ (അശ്വരത്നങ്ങൾ എന്ന ആ പ്രസിദ്ധിയെ ദ്യോതിപ്പിക്കാനാണു ഈ എന്ന പ്രയോഗം) രഥ്യാഃ=രഥ്യങ്ങൾ, അശ്വങ്ങൾ (രഥം വഹിക്കുന്നതു രഥ്യം) നിരായതപൂർവ്വകായാഃ=നിതരാം, ഏററവും ആയതങ്ങളായ, നീണ്ടതുകളായ പൂർവ്വകായങ്ങളോടു്, ശരീരത്തിന്റെ മുൻഭാഗങ്ങളോടുകൂടി. നിഷ്കമ്പചാമരശിഖാഃ=നിശ്ചലചാമരശിഖകളോടും. നിഭൃതോർദ്ധ്വകർണ്ണാഃ=ഏററവും ഉയർദ്ധ്വഭാഗത്തിലേയ്ക്കു നിവർത്തിയ ചെവികളോടുംകൂടി ആത്മോദ്ധതൈഃ അപി രജോഭിഃ=ആത്മോദ്ധതങ്ങളായ രജസ്സുകളാലുംകൂടി (തങ്ങൾ പറപ്പിക്കുന്ന പൊടിയിലുംകൂടി) അലംഘനീയാഃ=കടക്കപ്പെടുവാൻ സമ്മതിക്കാതെ. മൃഗജവാക്ഷമയാ ഇവ=മൃഗത്തിന്റെ, മാനിന്റെ ജവത്തോടു്, വേഗത്തോടു തോന്നിയ അക്ഷമതകൊണ്ടോ എന്നു തോന്നുമാറു്. ധാവന്തി=ഓടുന്നു.

കടിഞ്ഞാണുകൾ അയച്ചുവിട്ടതോടുകൂടി, മാനിന്റെ വേഗത്തിൽ അക്ഷമത തോന്നീട്ടോ, തങ്ങളുടെ ശരീരത്തിന്റെ മുൻഭാഗം നീട്ടി നിവൃത്തി ശിരസ്സുകളിലുള്ള കുഞ്ചങ്ങൾ നിശ്ചലമാകുംവണ്ണവും, ചെവികൾ നേരേ കൂർപ്പിച്ചുനിവർത്തിയും മുൻവശത്തുണ്ടാകുന്ന പൊടിയെപ്പോലും അതിക്രമിക്കുന്ന വേഗത്തോടുകൂടി ഇതാ ഈ അശ്വങ്ങൾ അതിവേഗത്തിൽ ധാവനംചെയ്യുന്നു. അലങ്കാരം—സ്വഭാവോക്തി, വൃത്തം വസന്തതിലകം.

രാജാ:—സത്യമ്; അതീത്യ ഹരിതോ ഹരീംശ്ച വർത്തന്തേ.

തഥാ ഹി:—

യദാലോകേ സൂക്ഷ്മം, വ്രജതി, സഹസാ, തദ്വിപുലതാം,
യദർദ്ധേ വിച്ഛിന്നം, ഭവതി, കൃതസന്ധാനമിവ, തത്,
പ്രകൃത്യാ, യദ്വക്രം, തദപി, സമരേഖം, നയനയോർ-
ന മേ ദൂരേ കിഞ്ചിത് ക്ഷണമപി ന പാർശ്വേ രഥജവാത്. 9

സത്യം=സൂതൻ പറഞ്ഞതു ശരിയാണ്. ഹരിതഃ=ഹരിത്തുകളേയും (സൂര്യാശ്വങ്ങളേയും) ഹരീൻ ച=ഇന്ദ്രാശ്വങ്ങളേയും. അതീത്യ=കടന്ന്. വർത്തന്തേ=വർത്തിക്കുന്നു (കുതിരകൾ), തഥാഹി=അങ്ങിനെയിതാ.

യത്=യാതൊന്ന് (ഗിരിശിഖരം മുതലായവ) ആലോകേ=ആലോകത്തിൽ, ദർശനസമയത്തിൽ. സൂക്ഷ്മം=അല്പമാത്രമായിരിക്കുന്നോ; തത്=അതു്. സഹസാ=പെട്ടെന്ന്. വിപുലതാം വ്രജതി=വിപുലതയെ പ്രാപിക്കുന്നു.

യത്=യാതൊന്ന്. (വനത്തിലുള്ള വള്ളികൾക്കിടയിൽതൊട്ടവ) അർദ്ധേ=രണ്ടുഭാഗമായി. (അർദ്ധം എന്ന പദത്തിന്റെ പ്രഥമാദ്വിവചനം) വിച്ഛിന്നം ഇവ=ഛേദിക്കപ്പെട്ടതുപോലെ (തോന്നിയതു്) കൃതസന്ധാനമിവ=പീയോജിപ്പിക്കപ്പെട്ടപോലെ. ഭവതി=ഭവിക്കുന്നു.

പ്രകൃത്യാ=സ്വാഭാവികമായിത്തന്നെ. യത്=യാതൊന്ന്. വക്രം=വക്രമായിരിക്കുന്നുവോ. തദപി=അതും. നയനയോഃ=നേത്രങ്ങൾക്കു്. സമരേഖം=ഋജുരേഖാവത്തു് ആയിത്തോന്നുന്നു.)

രഥജവാത്=രഥവേഗം ഹേതുവായി. ദൂരേ=ദൂരത്തിലോ. പാർശ്വേ=അടുത്തോ ആയി. ക്ഷണമപി ന കിഞ്ചിത് ദൃശ്യതേ=ക്ഷണനേരത്തേക്കു് ഏതെങ്കിലും കാഴ്ച ദൂരെയായിട്ടോ അടുത്തായിട്ടോ കാണപ്പെടുന്നില്ല.

കാഴ്ചയ്ക്കു് എത്രയോ സൂക്ഷ്മമായിരുന്നതു പെട്ടെന്നു വളരെ വലുതായും, രണ്ടായിക്കണ്ടതു ക്ഷണനേരംകൊണ്ടു ഒന്നായും, വക്രമായി കാണപ്പെട്ടതു വളവുതിരിവൊന്നും കൂടാത്തതായും കാണപ്പെടുന്നു. ചുരുക്കത്തിൽ രഥത്തിന്റെ അതിശയനീയമായ വേഗംനിമിത്തം ഇന്നതു ദൂരെ ഇന്നതു് അടുത്തു് എന്നു യാതൊന്നിനേയും പറവാൻപാടില്ലാത്തവിധം കാണപ്പെടുന്നുവെന്നുമാത്രം.

അലങ്കാരം —പര്യായോക്തം. വൃത്തം – ശിഖരിണി.

സൂതഃ:—ആയുഷ്മൻ, അസ്യ ഖലു തേ ബാണപാതവർത്തിനഃ കൃഷ്ണസാരസ്യാന്തരേ തപസ്വിന ആഗതാഃ

രാജാ:—തേന ഹി പ്രതിഗൃഹ്യന്താം വാജിനഃ.

സൂതഃ:—ആയുഷ്മാൻ യദാജ്ഞാപയതി.

(രഥം സ്ഥാപയതി)

(പ്രവിശ്യാത്മനാതൃതീയോ)

വൈഖാനസഃ:—രാജൻ, ആശ്രമമൃഗോഽയം ന ഹന്തവ്യോ ന ഹന്തവ്യഃ.

തേ=അങ്ങയുടെ. ബാണപാതവർത്തിനഃ=ബാണപാതദേശത്തിൽ, അമ്പു പതിക്കാവുന്ന സ്ഥലത്തിൽ വർത്തിക്കുന്ന. അസ്യ=ഈ. കൃഷ്ണസാരസ്യ അന്തരേ=കൃഷ്ണസാരത്തിനിടയ്ക്കു്. തപസ്വിനഃ=തപസ്വികൾ. ആഗതാഃ=ആഗതന്മാരായിരിക്കുന്നു.

തേന ഹി=അങ്ങിനെയാണെങ്കിൽ (ഓഹോ!) വാജിനഃ=അശ്വങ്ങൾ. പ്രതിഗൃഹ്യന്താം=പ്രതിഗ്രഹിക്കപ്പെടട്ടെ. അശ്വങ്ങളുടെ കടിഞ്ഞാൺ പിടിച്ചുനിറുത്തുക.

ആയുഷ്മാൻ യദ് ആജ്ഞാപയതി=അങ്ങുപറയുംപോലെ. രഥം സ്ഥാപയതി=രഥത്തെ നിറുത്തുന്നു പ്രവിശ്യ=പ്രവേശിച്ച്. ആത്മനാതൃതീയഃ=തന്നാൽ മൂന്നാമൻ. ആത്മനാതൃതീയഃ ഒറ്റപ്പദം. അലുക്‌സമാസം; താൻ മൂന്നാമനാകുന്നവൻ എന്നു അർത്ഥം. മററു രണ്ടുപേർകൂടെ ഉണ്ടായിരിക്കണമല്ലോ. ആകപ്പാടേ മൂന്നുപേർ പ്രവേശിക്കുന്നു. വൈഖാനസഃ=വൈഖാനസൻ, വാനപ്രസ്ഥാശ്രമിയായ താപസൻ. അഥവാ ഒരു പ്രത്യേകതരത്തിലുള്ള തപസ്വി. അഥവാ വിഖനസ്സ് എന്ന മുനിയാൽ പ്രോക്തമായ മാർഗ്ഗങ്ങൾ അനുസരിച്ചുജീവിക്കുന്നവൻ. രാജൻ=അല്ലയോ രാജാവേ! ആശ്രമമൃഗഃ അയം=ഇതു് ആശ്രമമൃഗമാണ്. ന ഹന്തവ്യഃ ന ഹന്തവ്യഃ=കൊല്ലരുതേ, കൊല്ലരുതേ. (ഹന്തവ്യഃ=കൊല്ലപ്പെടാൻയോഗ്യൻ, കൊലപ്പെടുത്തത്തക്കതു.)

രാജാവു മൃഗത്തിനെ കൊല്ലാൻ ഒരുങ്ങുന്നതായി സൂതനോടു പറയുന്നതായും അണിയറയിൽ, 'കൊല്ലരുതേ' 'കൊല്ലരുതേ' എന്നു നിലവിളിക്കുന്നതായും പാഠഭേദം ഉണ്ടു്.

തത്, സാധുകൃതസന്ധാനം, പ്രതിസംഹര, സായകമ്,
ആർത്തത്രാണായ, വഃ ശസ്ത്രം, ന, പ്രഹർത്തുമനാഗസി. 10

രാജാ:—ഏഷഃ പ്രതിസംഹൃതഃ.

(ഇതി യഥോക്തം കരോതി)

തത=അക്കാരണത്താൽ. സാധുകൃതസന്ധാനം=സാധുവായി, നല്ലപോലെ കൃതമായി, ചെയ്യപ്പെട്ട സന്ധാനത്തോടു്, തൊടുക്കലോടുകൂടിയ. സായകം=സായകത്തെ (സ്യതീതി സായകം. നശിപ്പിക്കുന്നതു് എന്ന അർത്ഥത്താലാണ് അമ്പിനു സായകം എന്നു പേരുവന്നതു്) പ്രതിസംഹര=പ്രതിസംഹരണം ചെയ്താലും, (പിൻവലിച്ചാലും) (അപ്രകാരം ബാണം പിൻവലിച്ചാൽ മാത്രമേ ഞങ്ങൾക്കു മനഃസമാധാനമുള്ളുവെന്നു ധ്വനിക്കുന്നു.) ഇൗ പറഞ്ഞതിനെ സമർത്ഥിക്കയാണ്— വഃ=നിങ്ങളുടെ അഥവാ നിങ്ങൾക്ക്. ശസ്ത്രം=ശസ്ത്രാദ്യായുധങ്ങൾ. ആർത്തത്രാണായ=ആർത്തന്മാരെ ത്രാണനംചെയ്യുന്നതിനായിട്ടാണ്. അനാഗസി=ആഗസ്സില്ലാത്തവനിൽ, നിരപരാധിയിൽ. ന പ്രഹർത്തും=പ്രഹരിക്കുന്നതിനല്ല; പ്രയോഗിച്ചു നശിപ്പിക്കുന്നതിനല്ല.

അല്ലയോ രാജാവേ, അങ്ങു വഴിയേ തൊടുത്തിരിക്കുന്ന ഇൗ ബാണം പിൻവലിച്ചാലും. അങ്ങയുടെ ശസ്ത്രം ആർത്തന്മാരെ രക്ഷിക്കുന്നതിനാണല്ലോ ഉപയോഗിക്കേണ്ടതു്. നിരപരാധിയെ ഉപദ്രവിക്കുന്നതിനല്ലല്ലോ രാജാക്കന്മാർക്കു ശസ്ത്രമുള്ളതു്.

അലങ്കാരം—അപ്രസ്തുതപ്രശംസയും കാവ്യലിങ്ഗവും.

ഏഷഃ പ്രതിസംഹൃതഃ=ഇ(തു)വൻ പ്രതിസംഹൃത(നാ)മായി; ഇതാ പിൻവലിച്ചുകഴിഞ്ഞുവല്ലോ. ഇതി=എന്നു്. യഥോക്തം=പറഞ്ഞതുപോലെ. കരോതി=ചെയ്യുന്നു.

രാജാവിന്റെ ശരസന്ധാനത്തിലുള്ള സാമർത്ഥ്യം പ്രതിസംഹരണത്തിലും കാണുന്നുണ്ടു്. അദ്ദേഹത്തിനു താപസാശ്രമങ്ങളോടും താപസന്മാരോടുമുള്ള ഭക്തിയും വിനയവും പ്രദർശിതമാകുന്നു. വൈഖാനസന്റെ അപേക്ഷയനുസരിച്ചു ഉടൻതന്നെ അസ്ത്രം പിൻവലിക്കുന്നു.

ഇൗ ഉചിതകൃത്യത്താൽ സന്തുഷ്ടനായ വൈഖാനസൻ രാജാവിനെ പ്രശംസിക്കുന്നതോടുകൂടി അദ്ദേഹത്തിനു് അഭിലഷിതവസ്തുലബ്ധിയെ ആശംസിക്കയും ചെയ്യുന്നു—

വൈഖാനസഃ:—

ജന്മ യസ്യ പുരോർവ്വംശേ യുക്തരൂപമിദം തവ
പുത്രമേവം ഗുണോപേതം ചക്രവർത്തിനമാപ്നുഹി. 11

ഉഭൌ :—(ബാഹൂ ഉദ്യമ്യ) ചക്രവർത്തിനം പുത്രമാപ്നുഹി.

രാജാ:—(സപ്രണാമം) പ്രതിഗൃഹീതാ ആശീഃ—

യസ്യ=യാതൊരാളിന്റെ. (പ്രകൃതത്തിൽ ദുഷ്ഷന്തന്റെ) പുരോഃ=പുരുവിന്റെ (പുരുവിനെ പൂരു എന്നു സാധാരണയായി ഉകാരം ദീർഘിച്ചു പറഞ്ഞുപോരുന്നു.) പൂരുമഹാരാജാവിന്റെ വംശേ=വംശത്തിൽ. ഇദം ജന്മ=ഈ ജനനം. യുക്തരൂപം=ഏററവും യുക്തമായിരിക്കുന്നുവോ. (പൂരു സ്വപിതാവിനുവേണ്ടി യൌവ്വനത്യാഗംചെയ്ത മഹാനാണല്ലോ. ഇവിടെ രാജാവു് അതുപോലെ അത്യുൽസുകനായി മാനിനെ അനുഗമിച്ചുപോയി. വൈഖാനസന്റെ അഭിമതമനുസരിച്ചു് തന്റെ ഔൽസുക്യം മുഴുവൻ പരിത്യജിച്ചാണല്ലോ അസ്ത്രം പിൻവലിച്ചതു്.)

ഏവം ഗുണോപേതം=ഇപ്രകാരമുള്ള ഗുണങ്ങളോടുകൂടിയ. ചക്രവർത്തിനം പുത്രം=ചക്രവർത്തിയായ പുത്രനെ. ആപ്നുഹി=പ്രാപിച്ചാലും. അങ്ങേയ്ക്കു ചക്രവർത്തിലക്ഷണമൊത്ത പുത്രൻ ലഭിക്കട്ടെ.

അല്ലയോ രാജാവേ, മഹാനിസ്വാർത്ഥപരനായ പൂരുമഹാരാജാവിന്റെ വംശത്തിലാണു് അങ്ങു ജനിച്ചുവെന്നുള്ളതു് വളരെ യോജിപ്പായിരിക്കുന്നു. അങ്ങേയ്ക്കു് ഇതുപോലുള്ള ഗുണങ്ങളോടുകൂടിയ ഒരു ചക്രവർത്തിലക്ഷണസമ്പന്നനായ പുത്രൻ ലഭിക്കട്ടെ.

യുക്തരൂപം - ഏററവും യുക്തം എന്ന അർത്ഥത്തിൽ 'രൂപ'പദം.

ചക്രവർത്തി—ചക്രത്തിൽ വർത്തിക്കുന്നവൻ. ഭുവനചക്രത്തിൽ ഏകാധിപതിയായി ഇരിക്കുന്ന രാജാധിരാജൻ.

ഉഭൌ=രണ്ടുപേരും. (വൈഖാനസനോടുകൂടെയുണ്ടായിരുന്നവർ) ബാഹൂ=രണ്ടു കൈകളും. ഉദ്യമ്യ=പൊക്കി. സപ്രണാമം=പ്രണാമപൂർവ്വം. പ്രതിഗൃഹീതാ ആശീഃ= ആശിസ്സ് പ്രതിഗൃഹീതയായി ഭവാന്മാരുടെ ആശിസ്സ് ഇതാ ഞാൻ സവിനയം സ്വീകരിക്കുന്നു. രാജാവിന്റെ ആദരാതിശയവും കൃതാർത്ഥതയും പ്രത്യേകം ശ്രദ്ധേയമാണു്.

വൈഖാനസഃ:—രാജൻ, സമിദാഹരണായ പ്രസ്ഥിതാ വയമ്. ഏഷ ഖലു കണ്വസ്യ മഹർഷേഃ കുലപതേരനു മാലിനീതീരമാശ്രമോ ദൃശ്യതേ, ന ചേദന്യകാര്യാതിപാതഃ പ്രവിശ്യാത്ര പ്രതിഗൃഹ്യതാമതിഥിസല്ക്കാരഃ

അപി ച,

"രമ്യാസ്തപോധനാനാമപഗതവിഘ്നാഃ ക്രിയാസ്സമവലോക്യ,
ജ്ഞാസ്യസി കിയദ് ഭുജോ മേ രക്ഷതി മൌർവീകിണാങ്ക ഇതി.

രാജൻ=അല്ലയോ രാജാവേ. വയം=ഞങ്ങൾ. സമിദാഹരണായ=സമിത്തു് ആഹരിക്കാനായി, ചമത കൊണ്ടുവരാനായി. പ്രസ്ഥിതാഃ=പുറപ്പെട്ടവരാണു്.

ഏഷഖലു=ഇതാ. കണ്വസ്യ മഹർഷേഃ കുലപതേഃ=കുലപതിയായ കണ്വമഹർഷിയുടെ (വക) മാലിനീതീരം അനു=മാലിനീനദിയുടെ തീരത്തിനടുത്തായി. ആശ്രമോ ദൃശ്യതേ=ആശ്രമം കാണപ്പെടുന്നു. അന്യകാര്യാതിപാതഃ ന ചേത്=മററു കാര്യങ്ങളിലേക്കുള്ള അതിപാതം ഇല്ലാത്തപക്ഷം (അതിപാതം=താമസം) പ്രവിശ്യ=പ്രവേശിച്ചു്. അതിഥിസത്കാരഃ=അതിഥിസല്ക്കാരം. പ്രതിഗൃഹ്യതാം=സ്വീകരിക്കപ്പെട്ടാലും (അതിഥിസല്ക്കാരം സ്വീകരിച്ചാലും)

അപി ച=കൂടാതെ.

തപോധനാനാം=തപോധനന്മാരുടെ. അപഗതവിഘ്നാഃ=നിർവിഘ്നങ്ങളായ. രമ്യാഃ ക്രിയാഃ സമവലോക്യ=രമ്യക്രിയകളെ കണ്ടു്.

മൌർവീകിണാങ്കഃ=ഞാൺതഴമ്പടയാളത്തോടുകൂടിയ. മേ=എന്റെ. ഭുജഃ=ഭുജം. കിയത് രക്ഷതി=എങ്ങനെ എത്രമാത്രം) രക്ഷിക്കുന്നു. (ലോകരക്ഷയ്ക്കു് ഉപകരിക്കുന്നുവെന്നു്) ജ്ഞാസ്യസി=അറിയാൻപോകുന്നു. അങ്ങേയ്ക്കു് അറിയുകയും ചെയ്യാമല്ലോ.

യഥാവിധിയുള്ള ധാർമ്മികനിഷ്ഠകൾ നിർവിഘ്നമായി നടത്തപ്പെടുന്നതുകണ്ടു ഞാൺതഴമ്പടയാളത്തോടുകൂടിയ സ ഭുജങ്ങൾ ഭൂസംരക്ഷണം എത്ര ആശാസ്യമായിട്ടാണ നിർവ്വിക്കുന്നതു് എന്നു് അറിവാനും ഈ അവസരത്തെ ഉപയോഗിച്ചാലും.

മാലിനി—ഗംഗയുടെ ഒരു പോഷകനദി. ഹസ്തിനപുരത്തിനടുത്തുകൂടെ ഒഴുകുന്നു. രമ്യാഃ='ധർമ്മ്യാഃ' എന്നു പാഠഭേദം.

മൌർവീ=ഞാൺ. മൂർവ്വ എന്ന ചെടിയിൽനിന്നും കിട്ടുന്ന നാരുകൊണ്ടു ചെയ്യപ്പെട്ടതു്.

രാജാ:—അപി സന്നിഹിതോ ഽത്ര കുലപതിഃ?

വൈഖാനസഃ:—ഇദാനീമേവ ദുഹിതരം ശകുന്തളാമതിഥിസത്കാരായാദിശ്യ ദൈവമസ്യാഃ പ്രതികൂലം ശമയിതും സോമതീർത്ഥം ഗതഃ.

രാജാ:—ഭവതു; താം ദ്രക്ഷ്യാമി. വിദിതഭക്തിം മാം സാ മഹർഷേഃ കരിഷ്യതി.

വൈഖാ:—സാധയാമസ്താവത്. (സശിഷ്യോ നിഷ്ക്രാന്തഃ)

അത്ര=ഇവിടെ. കുലപതിഃ=കുലപതി(യായ കണ്വൻ) അപി സന്നിഹിതഃ=സന്നിഹിതനാണോ? (കുലപതിയായ കണ്വമഹർഷി ഇവിടെയുണ്ടോ?)

ഇദാനീം ഏവ=ഇപ്പോൾതന്നെ. അതിഥിസൽക്കാരായ=അതിഥിസൽക്കാരത്തിനായി. ദുഹിതരം ശകുന്തളാം ആദിശ്യ=ദുഹിതാവായ ശകുന്തളയെ ആദേശിച്ചിട്ടു്, നിയോഗിച്ചിട്ടു്. അസ്യാഃ=ഇവളുടെ. പ്രതികൂലം ദൈവം=പ്രതികൂലമായ ദൈവത്തെ, ദൈവപ്രാതികൂല്യത്തെ. ശമയിതും=ശമിപ്പിക്കുന്നതിനു്. സോമതീർത്ഥം ഗതഃ=സോമതീർത്ഥത്തിലേയ്ക്കു് പോയിരിക്കുന്നു.

സോമതീർത്ഥം—കുരുക്ഷേത്രത്തിനും ഗാന്ധാരത്തിനും മദ്ധ്യേയുള്ള ഒരു പുണ്യസ്ഥലമെന്നു ചിലർ പറയുന്നു. പാനിപ്പട്ടിനു് അടുത്തു മറ്റുചിലരുടെ അഭിപ്രായത്തിൽ സോമനാഥക്ഷേത്രത്തിനടുത്തുള്ള പ്രവാസം എന്ന സ്ഥലമാണെന്നും കാണുന്നു. അതനുസരിച്ചു ഇന്ത്യയുടെ പടിഞ്ഞാറുവശത്തു കത്തിയവാർദ്വീപിനടുത്തുള്ള പ്രവാസദേശത്തിലായിരിക്കണം സോമതീർത്ഥം.

മഹർഷിയുടെ ഈ തീർത്ഥയാത്ര ദുഷ്ഷന്തൻ ആശ്രമത്തിൽ പ്രവേശിക്കുന്നതിനു ഏതാനും നാൾ മുമ്പു നടത്തിയതായിരിക്കണം. തീർത്ഥയാത്ര കഴിഞ്ഞു കണ്വൻ മടങ്ങിവരുന്നതോടുകൂടി ശകുന്തളയ്ക്കു് ഗർഭത്തിന്റെ പ്രത്യക്ഷലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതുകൊണ്ടു് ഈ തീർത്ഥയാത്രയ്ക്കായി കണ്വൻ ഒന്നുരണ്ടു മാസത്തിൽകൂടുതൽ സമയമെടുത്തിരിക്കണം.

ഭവതു=ആകട്ടെ. താം=അവളെ. ദ്രക്ഷ്യാമി=കാണാൻപോകുന്നു; കാണാം. സാ=അവൾ. മാം=എന്നെ. മഹർഷേഃ=മഹർഷിയുടെ (നികടത്തിൽ) വിദിതഭക്തിം=വിദിതമായ ഭക്തിയോടുകൂടിയവനാക്കി. കരിഷ്യതി=ചെയ്യും. (എന്റെ ഭക്തിയെ അവൾ മഹർഷിയെ അറിയിക്കും) സാധയാമഃ താവത്=എന്നാൽ ഞങ്ങൾ പോകട്ടെ. സശിഷ്യഃ=ശിഷ്യനോടുകൂടിയവനായി നിഷ്ക്രാന്തഃ=പോയി.

രാജാ:—സൂത, ചോദയാശ്വാൻ പുണ്യാശ്രമദർശനേന താവദാത്മാനം പുനീമഹേ.

സൂതഃ.—യദാജ്ഞാപയത്യായുഷ്മാൻ!

(ഭൂയോ രഥവേഗം രൂപയതി)

രാജാ:—(സമന്താദവലോക്യ) അകഥിതോഽപി വിജ്ഞായത ഏവ യഥാഽയമാഭോഗസ്തപോവനസ്യേതി.

സൂതഃ:—ആയുഷ്മൻ, കഥമിവ?

രാജാ:—കിം ന പശ്യതി ഭവാൻ? ഇഹ ഹി,

സൂത=അല്ലയോ സൂത! അശ്വാൻ=അശ്വങ്ങളെ. ചോദയ=ചോദനംചെയ്ക, പ്രേരണംചെയ്ക (തെളിക്കുക).

പുണ്യാശ്രമദർശനേന=പുണ്യാശ്രമദർശനത്താൽ. ആത്മാനം=ആത്മാവിനെ (തന്നെ) പുനീമഹേ താവത്=വിശുദ്ധി വരുത്താം.

ആയുഷ്മാൻ യദ് ആജ്ഞാപയതി=ആയുഷ്മാൻ ആജ്ഞാപിക്കുംപോലെ. ഭൂയഃ=വീണ്ടും. രഥവേഗം=രഥവേഗത്തെ. രൂപയതി=നടിക്കുന്നു.

സമന്താത്=ചുററും. അവലോക്യ=കണ്ടിട്ട് (നോക്കി.) അയം=ഇതു്. തപോവനസ്യ=തപോവനത്തിന്റെ. ആഭോഗഃ ഇതി യഥാ=ആഭോഗം, വിസ്തൃതസങ്കേതപ്രദേശം ആണെന്ന്. അകഥിതഃ അപി=പറയപ്പെട്ടതാകുന്നില്ല എങ്കിലും. വിജ്ഞായതേ ഏവ=അറിയപ്പെടുകതന്നെ ചെയ്യുന്നു. (ഇതു് തപോവനത്തിന്റെ സങ്കേതമാണെന്നു പറയാതെതന്നെ അറിയാം.)

ആയുഷ്മൻ=അല്ലയോ ആയുഷ്മൻ! കഥമിവ=എങ്ങിനെ? (അതെങ്ങിനെയാണ്?

ഭവാൻ=നിങ്ങൾ. കിം ന പശ്യതി=കാണുന്നില്ലയോ? ഇഹ ഹി=ഇവിടെയാകട്ടെ,

നീവാരാഃ ശുകഗർഭകോടരമുഖഭ്രഷ്ടാസ്തരൂണാമധഃ
പ്രസ്നിഗ്ദ്ധാഃ ക്വചിദിങ്ഗുദീഫലഭിദഃ സൂച്യന്ത ഏവോപലാഃ,
വിശ്വാസോപഗമാദഭിന്നഗതയഃ ശബ്ദം സഹന്തേ മൃഗാ-
സ്തോയാധാരപഥാശ്ച വല്കലശിഖാനിഷ്യന്ദരേഖാങ്കിതാഃ. 13

തരൂണാം=വൃക്ഷങ്ങളുടെ. അധഃ=അധോഭാഗത്തു്, താഴെയായി. ശുകഗർഭകോടരമുഖഭ്രഷ്ടാഃ=ശുകങ്ങൾ ഗർഭത്തിൽ (ഉള്ളിൽ) ഇരിക്കുന്ന കോടരങ്ങളുടെ, മരത്തിലെ പോടുകളുടെ മുഖത്തിൽ നിന്നു ഭ്രഷ്ടങ്ങളായി, പൊഴിഞ്ഞവയുകളായ. നീവാരാഃ=വരിനെല്ല് (കാണപ്പെടുന്നു.)

ക്വചിത്=ചില ദിക്കിൽ. ഇങ്ഗുദീഫലഭിദഃ=ഇങ്ഗുദീഫലങ്ങളെ, ഓടകായ്കളെ ഭേദനംചെയ്യുന്നവയായ, ഭേദനം ചെയ്യുന്നതിന് ഉപയോഗിച്ചുപോന്നതായ. ഉപലാഃ=കല്ലുകൾ. പ്രസ്നിഗ്ദ്ധാഃ=പ്രകർഷേണ സ്നിഗ്ദ്ധങ്ങളായി, (എണ്ണമയമുള്ളവയായിത്തന്നെയിരിക്കുന്നു) സൂച്യന്തേ=സൂചിക്കപ്പെടുന്നു, അറിയപ്പെടുന്നു.

വിശ്വാസോപഗമാത്=വിശ്വാസോപഗമംഹേതുവായി, വിശ്വാസപ്രാപ്തിമൂലം. അഭിന്നഗതയഃ=അഭിന്നമായ ഗതിയോടുകൂടിയ (പേടിച്ചിളകി ഓടാത്ത) മൃഗാഃ=മാനുകൾ. ശബ്ദം=രഥശബ്ദത്തെ. സഹന്തേ=സഹിക്കുന്നു.

തോയാധാരപഥാഃ=തോയാധാരത്തിന്റെ, ജലാശയത്തിന്റെ പന്ഥാക്കൾ, മാർഗ്ഗങ്ങൾ (സരസ്സുകളിലേക്കോ ആറുകളിലേക്കോ ഉള്ള വഴികൾ.) വല്കലശിഖാ

നിഷ്യന്ദരേഖാങ്കിതാഃ=വല്കലശിഖകളിൽനിന്നു്, വല്കലങ്ങളുടെ അഗ്രഭാഗങ്ങളിൽനിന്നുള്ള നിഷ്യന്ദരേഖകളാൽ, വെള്ളം വാൎന്നുണ്ടാക്കിയ രേഖകളാൽ. അങ്കിതാഃ ച=അടയാളപ്പെടുത്തപ്പെട്ടവയുമായിരിക്കുന്നു.

വൃക്ഷങ്ങളുടെ പൊത്തുകളിൽ ഉള്ള കിളികൾ പൊഴിക്കുന്ന വരിനെല്ലു് മരങ്ങളുടെ താഴത്തായും, ഓടൽക്കായകൾ ഇടിക്കുന്നതിനായി ഉപയോഗിച്ച കല്ലുകൾ എണ്ണമയമുള്ളവയായും, മാനുകൾ ആശ്രമമൃഗങ്ങളാകയാൽ അപായഭീതിയില്ലാതെ തേരൊലി കേട്ടിട്ടും വിരണ്ടോടാതെ നിൽക്കുന്നവയായും, ആററിലേക്കോ കുളങ്ങളിലേക്കോ ഉള്ള വഴികൾ മരവുരിയുടെ അററങ്ങളിൽനിന്നു വാൎന്നുവീണ വെള്ളത്താൽ രേഖപ്പെടുത്തിട്ടുള്ളവയായും ഇതാ ഇവിടങ്ങളിൽ കാണുന്നു.

സൂതഃ:—സർവമുപപന്നമ്.

രാജാ:—(സ്തോകമന്തരം ഗത്വാ) സൂത, തപോവനവാസിനാമുപരോധോ മാഭൂത്. തദേതാവത്യേവ രഥം സ്ഥാപയ, യാവദഹമവതരാമി.

സൂതഃ:—ധൃതാഃ പ്രഗ്രഹാഃ അവതരത്വായുഷ്മാൻ.

രാജാ:—(അവതീൎയ്യ) വിനീതവേഷപ്രവേശ്യാനി തപോവനാനി നാമ. ഇദം താവത് ഗൃഹ്യതാമ്. (ഇതി സൂതായാഭരണാനി ധനുശ്ചോപനീയ) യാവദാശ്രമവാസിനഃ പ്രത്യവേക്ഷ്യാഽഹമുപാവർതേ താവദാർദ്രപൃഷ്ഠാഃ ക്രിയന്താം വാജിനഃ.

സൂതഃ:—തഥാ കരോമി.

(ഇതി നിഷ്ക്രാന്തഃ)

സൎവം=എല്ലാം. ഉപപന്നം=യോജിക്കുന്നു.

സ്തോകം അന്തരം ഗത്വാ=സ്വല്പം അകത്തേക്കുചെന്നിട്ടു്. തപോവനവാസിനാം=തപോവനവാസികൾക്കു്. ഉപരോധഃ=തടസ്സം. മാഭൂത്=മാ. അഭൂത്=ഭവിക്കരുതു്. തദ്=അതുകൊണ്ടു്. ഏതാവതി ഏവ=ഇവിടെത്തന്നെ. രഥം=രഥത്തെ. സ്ഥാപയ=നിറുത്തുക. അഹം=ഞാൻ. അവതരാമി യാവത്=ഇറങ്ങിക്കളയാം.

ധൃതാഃ=ധൃതങ്ങൾ, ഉള്ളിലേക്കു് വലിച്ചവ. പ്രഗ്രഹാഃ=രശ്മികൾ=കടിഞ്ഞാണുകൾ.

അവതീൎയ്യ=ഇറങ്ങിയിട്ടു്. വിനീതവേഷപ്രവേശ്യാനി=വിനീതവേഷത്താൽ പ്രവേശിക്കത്തക്കതുകൾ. തപോവനാനി നാമ=തപോവനങ്ങൾ എന്നു പറയുന്നതു്. ഇദം താവത്=ഇതാകട്ടെ. ഗൃഹ്യതാം=സ്വീകരിക്കപ്പെട്ടാലും. (ഇതു വാങ്ങിക്കൊള്ളു) ഇതി=എന്നു്. സൂതായ=സൂതനു്. ആഭരണാനി=ആഭരണങ്ങളേയും. ധനുഃ ച=വില്ലിനേയും. ഉപനീയ=കൊടുത്തിട്ടു്. യാവത്=ഏതുവരെ. ആശ്രമവാസിനഃ=ആശ്രമവാസികളെ. പ്രത്യവേക്ഷ്യ=കണ്ടിട്ടു്. അഹം=ഞാൻ. ഉപാവർതേ=തിരിയെ വരുന്നു. താവത്=അതുവരെ. വാജിനഃ=കുതിരകൾ. ആർദ്രപൃഷ്ഠാഃ=നനയ്ക്കപ്പെട്ട പിൻഭാഗത്തോടുകൂടിയവകളായി. ക്രിയന്താം=ചെയ്യപ്പെടട്ടെ. കുതിരകളുടെ പിൻഭാഗം നനയ്ക്കുന്നതു് അവയ്ക്കു് ക്ഷീണശാന്തിയും ആരോഗ്യവുമുണ്ടാക്കുന്നു.

രാജാ:—ഇദമാശ്രമദ്വാരമ്.യാവത്‌ പ്രവിശാമി. (പ്രവിശ്യ നിമിത്തം സൂചയൻ)

ശാന്തമിദമാശ്രമപദം സ്ഫുരതി ച ബാഹുഃ കുതഃ ഫലമിഹാസ്യ
അഥവാ ഭവിതവ്യാനാം ദ്വാരാണി ഭവന്തി സൎവത്ര. 14

ഇദം ആശ്രമദ്വാരം=ഇതാ ആശ്രമദ്വാരം. (ആശ്രമത്തിലേയ്ക്കു പ്രവേശിക്കേണ്ട വാതിൽ) പ്രവിശാമി യാവത്=അകത്തേയ്ക്കു കടക്കാം.

പ്രവിശ്യ=പ്രവേശിച്ചിട്ട്. നിമിത്തം സൂചയൻ=ശുഭശകുനമുണ്ടായതായി നടിച്ചുകൊണ്ട്.

ഇദം ആശ്രമപദം=ഈ ആശ്രമപദം. ശാന്തം=ശാന്തരസപ്രധാനമായിരിക്കുന്നു. ബാഹുഃ=കൈയ്യ്. സ്ഫുരതി ച=സ്ഫുരിക്കയും ചെയ്യുന്നു=തുടിക്കയുംചെയ്യുന്നു. അസ്യ=ഈ തുടിപ്പിന്ന്. കുതഃ ഫലം=എവിടെനിന്നാണൊരുപ്രയോജനം.

അഥവാ=അല്ലെങ്കിൽ. ഭവിതവ്യാനാം=ഭവിക്കേണ്ടതുകൾക്ക്. ദ്വാരാണി=ദ്വാരങ്ങൾ (ഇട) സർവ്വത്ര ഭവന്തി=എല്ലായിടത്തും ഭവിക്കുന്നു.

ഈ ആശ്രമപദം വളരെ ശാന്തമായിരിക്കുന്നു. എന്റെ കൈയ്യോ ഏതോ ശുഭശകുനസൂചകമായി തുടിക്കുന്നു. ഈ തുടിപ്പിന്ന് ഇവിടെവച്ചു എന്തു പ്രയോജനമാണാവോ സിദ്ധിപ്പാൻപോകുന്നത്? അഥവാ വരാനുള്ളത് എങ്ങിനെയായാലും വന്നുതന്നെ തീരുമല്ലോ.

ഇവിടെ അഥവാ എന്നു മുൻപറഞ്ഞതായ കാര്യത്തെ പ്രതിഷേധിക്കുന്നതുകൊണ്ട് അലങ്കാരം ആക്ഷേപം. ഇവിടേയും ശുഭശകുനത്തിന്റെ ഫലം സിദ്ധിച്ചേക്കാം എന്നു സമർത്ഥിക്കുന്നതുകൊണ്ട് അർത്ഥാന്തരന്യാസവുമാകാം.

ഇപ്രകാരം രാജാവിന്റേയും ശകുന്തളയുടേയും ഭാഗധേയാനുകൂല്യങ്ങളെപ്പററി സൂചിപ്പിച്ച് ഇവരുടെ സങ്ഗമത്തിൽ ഉണ്ടാകാവുന്ന പരസ്പരാനുരാഗത്തെ പ്രദർശിപ്പിക്കാനായി ആ അനുരാഗത്തിന്റെ ഒരു അങ്ഗമായ പരസ്പരസന്ദർശനത്തിന്ന് ഇടയാക്കുന്നതിനായി ശകുന്തളയെ സഖിമാരോടുകൂടി അടുത്തതായി കവി അവതരിപ്പിക്കുന്നു

(നേപഥ്യേ)

ഇദോ സഹീ ഓ=ഇതഃ സഖ്യൗ.

രാജാ:—(കർണം ദത്വാ) അയേ ദക്ഷിണേന വൃക്ഷവാടികാമാലാപ ഇവ ശ്രൂയതേ. യാവദത്ര ഗച്ഛാമി (പരിക്രമ്യാവലോക്യ ച) ഏതാസ്തപസ്വികന്യാഃ സ്വപ്രമാണാനുരൂപൈഃ സേചനഘടൈഃ ബാലപാദപേഭ്യഃ പയോദാതുമിത ഏവാഭിവർത്തന്തേ. അഹോ! മധുരമാസാം ദർശനമ്.

നേപഥ്യേ=അണിയറയിൽ.

ഇതഃ സഖ്യൗ=തോഴിമാരേ ഇങ്ങോട്ടു്.

കർണം ദത്വാ=ചെവികൊടുത്തിട്ട്. അയേ=അല്ലാ. ദക്ഷിണേന വൃക്ഷവാടികാം=വൃക്ഷവാടികയുടെ തെക്കുഭാഗത്തായി. ആലാപ ഇവ=ആരുടെയോ വർത്തമാനംപോലെ. ശ്രൂയതേ=കേൾക്കപ്പെടുന്നു. അത്ര=അവിടേയ്ക്കു. യാവത് ഗച്ഛാമി=ചെല്ലാം. പരിക്രമ്യ=ചുററിനടന്ന്, അവലോക്യ ച=നോക്കിയും. ഏതാഃ=ഈ. തപസ്വികന്യാഃ=തപസ്വികന്യകകൾ. സ്വപ്രമാണാനുരൂപൈഃ=സ്വശരീരപ്രമാണങ്ങൾക്ക് അനുരൂപങ്ങളായ. സേചനഘടൈഃ=സേചനഘടങ്ങൾ—നനക്കുടങ്ങൾ വഴി. ബാലപാദപേഭ്യഃ=തൈമരങ്ങൾക്കായി. പയഃ ദാതും=വെള്ളംകൊടുക്കുന്നതിന്ന്. ഇതഃ ഏവ=ഇങ്ങോട്ടുതന്നെ. അഭിവർത്തന്തേ=വരികയാണ്. അഹോ!=ആശ്ചര്യം! ആസാം ദർശനം=ഇവരുടെ ദർശനം. മധുരം=മധുരംതന്നെ.

ഇവിടെ രാജാവ് പ്രഥമദർശനത്തിൽ മുനികന്യകമാരെ പൂർണ്ണകുംഭസമന്വിതകളായി കാണുന്നതുകൊണ്ട് ആ ദർശനം ശുഭപര്യവസായിയാണെന്നു സൂചിപ്പിക്കുന്നു

രാജാവ് ആദ്യമായി ശകുന്തളയെ കണ്ട് അവളം സംഭാഷണത്തിന് ഒരുങ്ങുന്നപക്ഷം അത് നായികാനുഗുണമായി കലാശിക്കാൻ ഇടയുണ്ട്. അത് രസവിച്ഛിത്തികരവുമാണ്. അതിനാൽ രണ്ടു മുനികന്യകമാരെക്കൂടെ അവളോടുകൂടെ അവതരിപ്പിച്ചിരിക്കുന്നു. ആ സഖിമാർ ഉണ്ടെങ്കിൽ മാത്രമല്ലേ, ആത്മഗതം എന്ന വിദ്യ പ്രയോഗിക്കാതെ ശകുന്തളയുടെ സ്വകാര്യമായ അഭിപ്രായങ്ങളം പുറമേ പ്രകാശിപ്പിക്കാനും ഇടയുള്ളൂ.

ശുദ്ധാന്തദുർലഭമിദം വപുരാശ്രമവാസിനോ യദി ജനസ്യ
ദൂരീകൃതാഃ ഖലു ഗുണൈരുദ്യാനലതാ വനലതാഭിഃ 15

യാവദേനാം ഛായാമാശ്രിത്യ പ്രതിപാലയാമി.
(വിലോകയൻ സ്ഥിതഃ)

ശുദ്ധാന്തദുർല്ലഭം=ശുദ്ധാന്തത്തിന്, അന്തഃപുരത്തിനു ദുർല്ലഭമായ, ലഭിക്കാൻ സാധിക്കാത്തതായ (അന്തഃപുരസ്ത്രീകൾക്കുപോലും ലഭിപ്പാൻ സാധിക്കാത്തതായ). ഇദം വപുഃ=ഈ വപുസ്സ്, ഈ ശരീരം അഥവാ ഈ ലാവണ്യം (വപുസ്സിന് ശരീരമെന്നും രൂപലാവണ്യമെന്നും അർത്ഥമുണ്ടെന്നു കേശവകോശം) ആശ്രമവാസിനഃ ജനസ്യ യദി=ആശ്രമവാസിയായ ജനത്തിന് ആണെങ്കിൽ.

ഉദ്യാനലതാഃ=ഉദ്യാനലതകൾ. വനലതാഭിഃ=വനലതകളെക്കൊണ്ട്. ഗുണൈഃ=ഗുണങ്ങളാൽ. ദൂരീകൃതാഃ ഖലു=ദൂരീകൃതങ്ങളായിപ്പോയിരിക്കുന്നല്ലോ.

സൗന്ദര്യോത്തേജകങ്ങളായ സാധനസാമഗ്രികളുടെ സഹായത്താൽ രൂപലാവണ്യത്തിൽ അദ്വിതീയകളായ അന്തഃപുരസ്ത്രീകൾക്കുപോലും ലഭിപ്പാൻ പ്രയാസമായ ഇമ്മാതിരി സൌന്ദര്യം ഈ മുനികന്യകമാർക്ക് കാണുന്നുവല്ലോ. നിശ്ചയമായി, ഈ സ്ഥിതിക്കു രമണീയങ്ങളായ ഉദ്യാനലതകളുടെ ശോഭ വെറും കാട്ടുലതകളാൽ അപഹരിക്കപ്പെട്ടുകതന്നെ ചെയ്യുന്നു.

ഇവിടെ മുനികന്യകമാരുടെ ലാവണ്യത്തിന് അന്തഃപുരസ്ത്രീജനലാവണ്യമപേക്ഷിച്ചും, വനലതയ്ക്കു് ഉദ്യാനലതയെയപേക്ഷിച്ചും ആധിക്യവർണ്ണനം കാണുന്നതുകൊണ്ട് രണ്ടുസ്ഥലത്തും അലങ്കാരം വ്യതിരേകം.

അപ്രകാരമുള്ള വപുസ്സിനും ഗുണത്തിനും അർത്ഥപരമായ ഐക്യാരോപമുള്ളതിനാൽ നിദർശനാലങ്കാരവുമാകാം.

അസംഭാവ്യതാദി സാധാരണധർമ്മത്തെ പുരസ്കരിച്ച് ഉപമയുമാവാം.

മററാരും ഇല്ലാത്ത ആശ്രമപ്പൂങ്കാവിൽ ശകുന്തള അനസൂയ പ്രിയംവദ എന്നീ മൂന്നുമുനികുമാരിമാരും ബാലപാദപങ്ങളം നനച്ചുകൊണ്ടുനില്ക്കുന്നു. ഇവരിൽ അനസൂയ തന്റെ സഖിയായ ശകുന്തളയോടു മേൽവരുന്നപ്രകാരം ഒരു നർമ്മസല്ലാപവും തുടങ്ങുന്നു

ശകുന്തളാ:—(തതഃ പ്രവിശതി യഥോക്തവ്യാപാരാ സഹ സഖീഭ്യാം ശകുന്തളാ) ഇത ഇതഃ സഖ്യൌ.

പ്രിയംവദാ:-ഹലാശകുന്തളേ,ത്വത്തോഽപി താതകാശ്യപസ്യാശ്രമവൃക്ഷകാഃ പ്രിയതരാ ഇതി തർക്കയാമി. യേന നവമാലികാകുസുമപേലവാ ത്വമപ്യേതേഷാമാലവാലപൂരണേ നിയുക്താ.

ശകുന്തളാ:—ഹലാ പ്രിയംവദേ, ന കേവലം താതനിയോഗ ഇതി; മമാപി സോദരസ്നേഹ ഏതേഷു.

(വൃക്ഷസേചനം രൂപയതി)

ഹലാ ശകുന്തളേ='ഹലാ' എന്ന സംബോധന നാടകങ്ങളിൽ സഖിമാരോട് അഭിസംബോധനംചെയ്യേണ്ട പദമാണ്. ശകുന്തളേ എന്ന് അൎത്ഥം.

താതകാശ്യപസ്യ=താതകാശ്യപന്റെ. ആശ്രമവൃക്ഷകാഃ=ആശ്രമവൃക്ഷങ്ങൾ. പ്രിയതരാഃ ഇതി=പ്രിയതരങ്ങൾ എന്ന്. തൎക്കയാമി=ഞാൻ ഊഹിക്കുന്നു. യേന=ഏതൊരു കാരണത്താൽ. നവമാലികാകുസുമപേലവാ=നവമായ മാലികാകുസുമം പോലെ, മുല്ലപ്പൂപോലെ കോമളയായ. ത്വം അപി=നീ കൂടെയും. ഏതേഷാം=ഇവയുടെ. ആലവാലപൂരണേ=തടത്തിന്റെ പൂരണത്തിന്നായി (നനയ്ക്കുവാൻ) നിയുക്താ=നിയുക്തയായിരിക്കുന്നുവോ.

ഹലാ പ്രിയംവദേ=അല്ലേ പ്രിയംവദേ. ന കേവലം താതനിയോഗഃ ഇതി=അച്ഛന്റെ ആജ്ഞയെന്നുമാത്രമല്ല. മമ അപി=എനിക്കും. ഏതേഷു=ഇവയിൽ. സോദരസ്നേഹഃ=സഹോദരനിൎവിശേഷമായ സ്നേഹം (ഉണ്ട്.)

വൃക്ഷസേചനം=വൃക്ഷത്തിന്റെ നന. രൂപയതി=നടിക്കുന്നു.

ഇവിടെ ശകുന്തളയെപ്പററി പ്രിയംവദ ആദ്യമായി പ്രസ്താവിക്കുന്നതിൽ കവിയുടെ ഉദ്ദേശ്യം ആ മൂന്നു മുനികന്യകമാരിൽ ഇന്നതാണു ശകുന്തള എന്നു ദുഷ്ഷന്തന്റെ മനസ്സിലാവട്ടേ എന്നുതന്നെയായിരിക്കണം. കണ്വനും ശകുന്തളയ്ക്കും തമ്മിലുള്ള ബന്ധവും ഇന്നമാതിരിയെന്നു രാജാവിന്ന് അറിവാൻ തരംവരുന്നു.

രാജാ:—കഥമിയം സാ കണ്വദുഹിതാ? അസാധുദൎശീ ഖലു തത്ര
ഭവാൻ കാശ്യപഃ യ ഇമാമാശ്രമധൎമ്മേ നിയുങ്‌ക്തേ.

ഇദം കിലാവ്യാജമനോഹരം വപു-
സ്തപഃക്ഷമം സാധയിതും യ ഇച്ഛതി
ധ്രുവം സ നീലോല്പലപത്രധാരയാ
സമില്ലതാം ഛേത്തുമൃഷിൎവ്യവസ്യതി. 16

സാ കണ്വദുഹിതാ=ആ കണ്വപുത്രി. കഥമിയം=ഇവളാണോ (ഇവളാണോ വൈഖാനസൻ പ്രസ്താവിച്ചതായ ആ കണ്വപുത്രി?) ഇയം എന്ന പദത്തിന്ന് ഇപ്രകാരമുള്ള രൂപലാവണ്യംതികഞ്ഞവൾ എന്നു ഭാവം. തത്ര ഭവാൻ കാശ്യപഃ=ആ കാശ്യപമഹൎഷി. അസാധുദൎശീ ഖലു=സാധുദൎശിയായിരിക്കുന്നില്ലല്ലോ; നല്ലപോലെ ആലോചിക്കുന്നതിന് ശക്തനല്ലാതെയിരിക്കുന്നല്ലോ. യഃ=യാതൊരു കാശ്യപൻ ഇമാം=ഇവളെ. ആശ്രമധൎമ്മേ=ആശ്രമധൎമ്മത്തിൽ. നിയുങ്‌ക്തേ=നിയോഗിക്കുന്നു(വോ) ശകുന്തളയുടെ രൂപാമൃതം പാനംചെയ്ത് അവളിൽത്തന്നെ ആസക്തമായ ചിത്തത്തോടുകൂടി, കാമകലാപരിശീലനത്തിന്ന് യോഗ്യയായ ആ യുവതിയെ ആശ്രമധൎമ്മത്തിന്നായി നിയോഗിച്ച കണ്വന്റെ ആലോചനക്കുറവിനെപ്പററി രാജാവ് അപഹസിക്കുന്നു.

യഃ=യാതൊരാൾ. അവ്യാജമനോഹരം=യഥാൎത്ഥസുന്ദരമായ. ഇദം വപുഃ=ഈ ശരീരത്തെ. തപഃക്ഷമം=തപസ്സിന്നു ശക്തിയുള്ളതാക്കി. സാധയിതും=തീൎക്കുന്നതിന്ന്. ഇച്ഛതി=ഇച്ഛിക്കുന്നുവോ? സഃ ഋഷിഃ=ആ മഹൎഷി. നീലോല്പലപത്രധാരയാ=നീലോല്പലത്തിന്റെ പത്രധാരകൊണ്ട് (ധാരയെന്നാൽ അററം) സമില്ലതാം=ചമതവള്ളിയെ. ഛേത്തും=ഛേദിക്കുന്നതിന്ന്. വ്യവസ്യതി=ശ്രമിക്കും. ധ്രുവം=നിശ്ചയം.

നിസൎഗ്ഗസുന്ദരമായ ഈ തനുവല്ലിയെ തപസ്സിനെസ്സംബന്ധിച്ച കൃത്യങ്ങൾക്കായി നിയോഗിച്ചിരിക്കുന്ന മഹൎഷി നീലോല്പലദളത്തിന്റെ അററംകൊണ്ട് കൊടുതായ ചമതവള്ളിയേയും മുറിക്കാൻ ഉദ്ദേശിക്കും.

നിദൎശനാലങ്കാരം.

ഭവതു; പാദപാന്തരിത ഏവ വിശ്വസ്താം താവദേനാം
പശ്യാമി. (തഥാ കരോതി)

ശകുന്തളാ:—അനസൂയേ, ആയതപിനദ്ധേന വല്കലേന പ്രിയംവദയാ യന്ത്രിതേവാസ്മി; ശിഥിലയ താവദേനം. (അനസൂയാ ശിഥിലയതി)

പ്രിയംവദാ:—അത്ര പയോധരവിസ്താരയിതൃകമാത്മനോ യൌവനമുപാലഭസ്വ.

ഭവതു=ആകട്ടെ. പാദപാന്തരിതഃ ഏവ=പാദപങ്ങളിൽ അന്തരിതനായിട്ടുതന്നെ, മറഞ്ഞിട്ടുതന്നെ. വിശ്വസ്താം ഏനാം താവത്=വിശ്വാസമായി സംഭാഷണം ചെയ്യുന്ന ഇവളെ. പശ്യാമി=നോക്കുന്നു (കാണാം)

തഥാ കരോതി=അപ്രകാരം ചെയ്യുന്നു.

അനസൂയേ, ആയതപിനദ്ധേന=ആയതമാംവണ്ണം, ദൃഢമാംവണ്ണം പിനദ്ധമായ=കെട്ടിയതായ. വല്കലേന=വല്കലത്താൽ പ്രിയംവദയാ=പ്രിയംവദയാൽ യന്ത്രിതാ ഇവ അസ്മി=യന്ത്രിതയായിത്തീൎന്നിരിക്കുന്നു. (എന്നെ പ്രിയംവദ അനങ്ങാൻപാടില്ലാത്തവിധമാക്കിയിരിക്കുന്നു.) ഏനം=ഈ വല്ക്കലത്തെ, ശിഥിലയ താവത്=ഒന്നു അയച്ചുതരണേ. ശിഥിലയതി=അയച്ചുകെട്ടുന്നു.

(രാജാവിന്റെ രാഗവൃദ്ധിയെ ഉദ്ദേശിച്ചാണ് ഇവിടെ ഈവിധം ശകുന്തളയുടെ വല്കലം കവി സഖിയെക്കൊണ്ടു് അഴിച്ചുകെട്ടിക്കുന്നതു്. വല്കലം അയയ്ക്കുന്നതോടുകൂടി യൌവനത്താൽ ജൃംഭിക്കുന്ന സ്തനങ്ങൾ രാജാവിന്നു കാണ്മാൻ ഇടകിട്ടുമല്ലോ.)

അത്ര=ഇക്കാര്യത്തിൽ. പയോധരവിസ്താരയിതൃകം=പയോധരങ്ങൾക്കു വിസ്താരത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന. ആത്മനഃ യൌവനം=തന്റെ യൌവനത്തെത്തന്നെ. ഉപാലഭസ്വ=ആക്ഷേപിച്ചാലും. (എന്നെയല്ല കുറ്റംപറയേണ്ടതു് നിന്റെ യൌവനത്തെത്തന്നെയാണ് എന്നു് പ്രിയംവദ മറുപടി പറയുന്നതോടുകൂടി ശകുന്തളയുടെ യൌവനോല്കൎഷം ശരിയായി സ്ഫുരിക്കുന്നു.)

രാജാ:—കാമമനനുരൂപമസ്യാ വയസോ വല്കലമ്; ന പുനരലങ്കാരശ്രിയം ന പുഷ്യതി. കുതഃ,

സരസിജമനുവിദ്ധം ശൈവലേനാഽപി രമ്യം
മലിനമപി ഹിമാംശോൎല്ലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാമ്. 17

അസ്യാഃ=ഇവളുടെ. വയസഃ=വയസ്സിന്നു്. വല്കലം കാമം അനനുരൂപം=ഏററവും അനനുരൂപമായിരിക്കുന്നു. (തീരെ യോജിച്ചതായിരിക്കുന്നില്ല.)

(എന്നാൽ) അലങ്കാരശ്രിയം=അലങ്കാരശ്രീയെ. ന പുനഃ പുഷ്യതി ന=പോഷിപ്പിക്കുന്നില്ലെന്നില്ല.

(ഈ വല്കലം ഇവൾക്കു് ഒട്ടും യോജിച്ചതല്ല എന്നു സമ്മതിക്കാം. പക്ഷെ ഇതും ഇവളുടെ അലങ്കാരശ്രീയെ വൎദ്ധിപ്പിക്കതന്നെ ചെയ്യുന്നു.) കുതഃ=എന്തുകൊണ്ടെന്നാൽ.

സരസിജം=താമരപ്പൂവു്. ശൈവലേന=ശൈവലത്താൽ, പായലിനാൽ. അനുവിദ്ധം അപി=ഇടകലൎന്നതാണ് എന്നാൽപോലും. രമ്യം=മനോഹരംതന്നെ.

ഹിമാംശോഃ=ചന്ദ്രന്റെ. ലക്ഷ്മ=അടയാളം (കളങ്കം). മലിനം അപി=മലിനമായാൽപോലും. ലക്ഷ്മീം തനോതി=ശോഭയെ വിസ്തരിപ്പിക്കുന്നുണ്ടു്.

അധികമനോജ്ഞാ=അധികമനോജ്ഞയായ. ഇയം തന്വീ=ഈ തന്വി. വല്കലേന അപി=വല്കലംകൊണ്ടായാൽപോലും. രമ്യാ=മനോഹാരിണിയത്രേ.

മധുരാണാം=മധുരങ്ങളായ. ആകൃതീനാം=ആകൃതികൾക്ക്. കിം ഇവ നഹി മണ്ഡനം=മണ്ഡനമാകാത്തതു്, ഭൂഷണമാകാത്തതു് എന്തുതന്നെയാണ്?

ഇവിടെ പ്രതിവസ്തൂപമ അർത്ഥാന്തരന്യാസം എന്നിവ യോജിച്ചുകാണുന്നതുകൊണ്ടലങ്കാരം സംസൃഷ്ടി.

ശകുന്തളാ:—ഏഷ വാതേരിതപല്ലവാംഗുലിഭിസ്ത്വരയതീവ മാം കേസരവൃക്ഷഃ യാവദേനം സംഭാവയാമി.

(പരിക്രാമതി)

പ്രിയംവദാ:—ഹലാ ശകുന്തളേ! അത്രൈവ മുഹൂർത്തം തിഷ്ഠ. യാവത് ത്വയോപനതയാ ലതാസനാഥ ഇവ കേസരവൃക്ഷഃ പ്രതിഭാതി

ശകുന്തളാ:—അതഃ ഖലു പ്രിയംവദാസി പ്രിയംവദാ.

രാജാ:—പ്രിയംവദാ തഥ്യമാഹ. ന പുനഃ പ്രിയമിതി; അസ്യാഃ ഖലു,

ഏഷഃ=ഈ. കേസരവൃക്ഷഃ=ഇലഞ്ഞിത്തൈ. വാതേരിതപല്ലവാംഗുലിഭിഃ=വാതംകൊണ്ട്, കാററുകൊണ്ട് ഈരിതമായ, പ്രേരിതമായ പല്ലവമാകുന്ന, തളിരാകുന്നഅംഗുലികളാൽ, വിരലുകളാൽ. മാം=എന്നെ. ത്വരയതി ഇവ=പരിഭ്രമിച്ചു കൈകാട്ടി വിളിക്കുന്നതുപോലെ തോന്നുന്നു. യാവത്=അതുകൊണ്ട്. ഏനം=ഇവനെ (ഇതിനെ.) സംഭാവയാമി=അങ്ങോട്ടുചെന്നു ഞാൻ ആദരിക്കട്ടെ (കേസരവൃക്ഷത്തിൽ ബാലത്വം ആരോപിച്ചിരിക്കുന്നു.) പരിക്രാമതി=അടുത്തുചെല്ലുന്നു.

അത്ര ഏവ=ഇവിടെത്തന്നെ. മുഹൂർത്തം=സ്വല്പനേരം. തിഷ്ഠ=നിന്നാലും. യാവത്=യാതൊരുകാരണത്താൽ. ഉപനതയാ=അടുത്തുവന്നവളായ. ത്വയാ=നിന്നാൽ. ലതാസനാഥഃ ഇവ=ഒരു ലതയോടു ഒത്തതുപോലെ. കേസരവൃക്ഷഃ=ഇലഞ്ഞിവൃക്ഷം. പ്രതിഭാതി=ശോഭിക്കുന്നു. (നിന്നെക്കൊണ്ട് ഈ വൃക്ഷത്തിനു ഒരു വള്ളിചുററിയ ശോഭയുണ്ടാകുന്നു.)

അതഃ ഖലു=ഇതുകൊണ്ടാണല്ലോ. പ്രിയംവദാ=പ്രിയംവദയായി. അസി=നീ ഇരിക്കുന്നു. ഇതുകൊണ്ടാണു നീ പ്രിയംവദയായതു്. ഇങ്ങനെയുള്ള പ്രിയഭാഷണംകൊണ്ടാണു നീ അന്വർത്ഥനാമയായിരിക്കുന്നതു്.

പ്രിയംവദാ, തഥ്യം=സത്യസ്ഥിതിയെ. ആഹ=പറയുന്നു. ന പുനഃ പ്രിയമിതി=പ്രിയമെന്നുമാത്രമല്ല. അസ്യാഃ ഖലു=ഇവൾക്കാകട്ടെ.

അധരഃ കിസലയരാഗഃ കോമളവിടപാനുകാരിണൌ ബാഹൂ
കുസുമമിവ ലോഭനീയം യൌവനമംഗേഷു സന്നദ്ധമ്. 18

അനസൂയാ:—ഹലാ ശകുന്തളേ, ഇയം സ്വയംവരവധൂഃ സഹകാരസ്യ ത്വയാ കൃതനാമധേയാ വനജ്യോത്സ്നേതി നവമാലികാ ഏനാം വിസ്മൃതാസി.

ശകുന്തളാ:—യദ്യാത്മാനം വിസ്മരിഷ്യാമി. ഹലാ രമണീയോഽസ്യ പാദപമിഥുനസ്യ വ്യതികരഃ സംവൃത്തഃ നവകുസുമയൌവനാ വനജ്യോത്സ്നാ ബദ്ധഫലതയാ ഉപഭോഗക്ഷമഃ സഹകാരഃ.

അധരഃ=അധരം (ചുണ്ട്.) കിസലയരാഗഃ=കിസലയത്തിന്റെപോലെയുള്ള രാഗത്തോട്, ചുവപ്പുനിറത്തോടുകൂടിയതായിരിക്കുന്നു. ബാഹൂ=രണ്ടുകൈകൾ. കോമളവിടപാനുകാരിണൌ=കോമളമായ വിടപത്തെ അനുകരിക്കുന്നവയായിരിക്കുന്നു. ലോഭനീയം=ഉപഭോഗത്തിനു യോഗ്യമായിരിക്കുന്നതുകൊണ്ട്, അഭിലഷണീയമായ. യൗവനം=താരുണ്യം. കുസുമമിവ=പൂവുപോലെ. അംഗേഷു=അംഗങ്ങളിൽ (ഇവളുടെ അംഗങ്ങളിൽ.) സന്നദ്ധം=സഞ്ജാതമായിരിക്കുന്നു—ഉണ്ടായതായിരിക്കുന്നു. (സന്നദ്ധം എന്ന പദംകൊണ്ടു സകല ഹൃദയങ്ങളേയും മഥനംചെയ്യുന്നുവെന്നുകൂടെ സിദ്ധിക്കുന്നു.)

സഹകാരസ്യ=തേന്മാവിന്റെ. ഇയം=ഈ. സ്വയംവരവധൂഃ=സ്വയംവരവധുവായി (തേന്മാവിൽ തനിയേ പടൎന്നു സ്വയംവരവധുവായി) സ്ഥിതാ=നിന്നാൽ. വനജ്യോത്സ്നാ ഇതി=വനജ്യോത്സ്നയെന്നു്. കൃതനാമധേയാ=കൃതമായ നാമധേയത്തോടുകൂടിയ. നവമാലികാ=മുല്ല ഇതാ നില്ക്കുന്നു. ഏനാം=ഇവളെ (ഈ മുല്ലയെ) അപി വിസ്മൃതാ അസി=മറന്നുപോയോ.

യദി=അങ്ങിനെയാണെങ്കിൽ. ആത്മാനം=തന്നേയും (എന്നേയും.) വിസ്മരിഷ്യാമി=ഞാൻ മറന്നേയ്ക്കും. ഹലാ=സഖീ. അസ്യ=ഈ. പാദപമിഥുനസ്യ=വൃക്ഷത്തിനും വള്ളിക്കും തമ്മിൽ (ഉള്ള) വ്യതികരഃ=സംശ്ലേഷം അഥവാ സമാഗമം രമണീയഃ സംവൃത്തഃ=രമണീയമായിത്തന്നെയിരിക്കുന്നു. വനജ്യോത്സ്നാ=വനജ്യോത്സ്നായെന്ന മുല്ലവള്ളി. നവകുസുമയൗവനാ=നവകുസുമങ്ങളുടെ യൗവനത്തോടു്, വികാസത്തോടുകൂടിയതു്. ബദ്ധഫലതയാ=ബദ്ധമായ, ചേൎന്നതായ ഫലതയോടു്, കുസുമപരിണാമത്തോടുകൂടിയിരിക്ക എന്ന സ്ഥിതിയാൽ, സഹകാരഃ=തേന്മാവു്. ഉപഭോഗക്ഷമഃ=ഉപഭോഗയോഗ്യമായ അവസ്ഥയോടുകൂടിയിരിക്കുന്നു.

പ്രിയംവദാ:—അനസൂയേ, ജാനാസി കിം ശകുന്തളാ വനജ്യോത്സ്നാമതിമാത്രം പശ്യതീതി.

അനസൂയാ:—ന ഖലു വിഭാവയാമി; കഥയ.

പ്രിയംവദാ:—യഥാ വനജ്യോത്സ്നാ ആത്മനഃ സദൃശേന പാദപേന സംഗതാ അപി നാമൈവം അഹമപ്യാത്മനോഽനുരൂപം വരം ലഭേയേതി.

ശകുന്തളാ:—ഏഷ നൂനം തവാന്തൎഗതോ മനോരഥഃ.

(കലശമാവൎജ്ജയതി)

വനജ്യോത്സ്നാം=വനജ്യോത്സ്നയെ. ശകുന്തളാ=ശകുന്തള. കിം അതിമാത്രം പശ്യതി ഇതി=എന്തിനായിട്ടാണ് ഇത്രയേറെ നോക്കുന്നതെന്നു്. ജാനാസി=അപി ജാനാസി=നീ അറിയുന്നുവോ? നിനക്കു് അറിയാമോ?

ന ഖലു വിഭാവയാമി=എനിക്കു് അറിഞ്ഞുകൂടാ. കഥയ=പറയൂ.

യഥാ=ഏപ്രകാരമാണോ. വനജ്യോത്സ്നാ, ആത്മനഃ സദൃശേന=തനിക്കു സദൃശനായ. പാദപേന=വൃക്ഷത്തോടു്. സംഗതാ=ചേൎന്നവളായോ. ഏവം=ഇപ്രകാരം. അഹം അപി=ഞാനും. ആത്മനഃ=തനിക്കു്. അനുരൂപം=അനുരൂപനായ. വരം=വരനെ. അപി നാമ ലഭേയ=ലഭിക്കാൻ ഇടയുള്ളവളാകുമോ? (എന്നാണു്.)

ഏഷഃ=ഇതു്. നൂനം=തീൎച്ചയായി. തവ=നിന്റെ. അന്തൎഗ്ഗതഃ മനോരഥഃ=അന്തൎഗ്ഗതമായ ആഗ്രഹമാണു്.

കലശം ആവൎജ്ജയതി=കുടത്തെ താഴ്ത്തി (ഒഴിക്കുന്നു.)

പ്രിയംവദയുടെ നൎമ്മഭാഷണത്താൽ അനസൂയയ്ക്കു കാൎയ്യം മനസ്സിലായി എങ്കി

[illegible] പറയട്ടെ എന്നു

ള്ള ഉദ്ദേശത്താലാണ് അനസൂയയ്ക്കു കാരണം അറിഞ്ഞുകൂടെന്നു കൌശലത്തോടെ പറയുന്നതു്. ഇതിലേക്കുള്ള പ്രിയംവദയുടെ മറുപടിയിൽ വരന്റെ കാര്യം അടങ്ങിയിരുന്നതിനാൽ ശകുന്തള ലജ്ജിക്കുന്നു. പ്രിയംവദ പറഞ്ഞതു് തന്നെസ്സംബന്ധിച്ചിടത്തോളം കേവലം ഒരു പരമാത്ഥംതന്നെയായിരുന്നെങ്കിലും അതങ്ങിനെയല്ല എന്നുള്ള ഉദ്ദേശ്യത്തിൽ തന്റെ സഖിയെ കുററപ്പെടുത്തിയതായിരുന്നു ശകുന്തള. എനിക്കു ഇവയുടെ അനുരൂപസംഗമത്തിലുള്ള ശോഭയെപ്പററിയുള്ള ആഹ്ളാദമാണ്. നിന്റെ മനസ്സിൽ അതല്ല, നീ പറഞ്ഞ വിചാരംതന്നെയാണ് എന്നു ശകുന്തള പറയുന്നതു് രാജാവിന്റെ അനുരാഗത്തെ പുഷ്ടിപ്പെടുത്തുന്നു.

രാജാ:—അപി നാമ കുലപതേരിയമസവണ്ണക്ഷേത്രസംഭവാ സ്യാത്

അഥവാ,

അസംശയം ക്ഷത്രപരിഗ്രഹക്ഷമാ
യദാര്യമസ്യാമഭിലാഷി മേ മനഃ
സതാം ഹി സന്ദേഹപദേഷു വസ്തുഷു
പ്രമാണമന്തഃകരണപ്രവൃത്തയഃ 19

തഥാപി തത്ത്വത ഏനാമുപലപ്സ്യേ.

ശകുന്തളാ:—(സസംഭ്രമം) സലിലസേകസംഭ്രാന്തോ നവമാലികാമുജ്ഝിത്വാ വദനം മേ മധുകരോഽഭിപതതി.

(ഭ്രമരബാധാം രൂപയതി)

കുലപതേഃ=കുലപതിക്കു്, കുലപതിയായ കണ്വന്നു്. ഇയം=ഇവൾ(ശകുന്തള) അസവണ്ണക്ഷേത്രസംഭവാ=സവണ്ണക്ഷേത്രത്തിൽ സമാനവണ്ണകളത്രത്തിൽ ('ക്ഷേത്രം പത്നീശരീരയോഃ—എന്നു് അമരം) സംഭവിച്ചവളല്ലാതെ. അപി നാമ സ്യാത്=ഇരിക്കുമോ? (ഇവൾ കുലപതിക്കു് അന്യജാതിസ്ത്രീയിൽ പിറന്നവളെന്നു വന്നെങ്കിൽ—ഇവൾ ഒരു തപസ്വിനിയുടെ മകൾ അല്ലെന്നുവന്നാൽ എത്ര നന്നായിരുന്നു!) അഥവാ,

അസംശയം=സംശയമില്ലാതെ. (ഇവൾ) ക്ഷത്രപരിഗ്രഹക്ഷമാ=ക്ഷത്രന്റെ, ക്ഷത്രിയന്റെ പരിഗ്രഹത്തിന്നു, സ്വീകരണത്തിന്നു ക്ഷമാ=ശക്താ, യോഗ്യ.

യത്=എന്തുകൊണ്ടെന്നാൽ. അസ്യാം=ഇവളിൽ. മേ=എന്റെ. ആര്യം മനഃ=ആര്യമായ മനസ്സ്. അഭിലാഷി=അഭിലാഷത്തോടുകൂടിയതായിരിക്കുന്നു. സന്ദേഹപദേഷു=സന്ദേഹസ്ഥാനത്തിലുള്ള. വസ്തുഷു=വസ്തുക്കളിൽ. സതാം=സത്തുകൾക്കു്. പ്രമാണം=പ്രമാണഭൂതമായിരിക്കുന്നതു്. അന്തഃകരണപ്രവൃത്തയഃ ഹി=അന്തഃകരണചോദനങ്ങൾ ആണല്ലോ.

അലങ്കാരം—അത്ഥാന്തരന്യാസം.

തഥാപി=എന്നാലും. ഏനാം=ഇവളെ. തത്ത്വതഃ=പരമാത്ഥസ്ഥിതികളെ സംബന്ധിച്ചിടത്തോളം. ഉപലപ്സ്യേ=അറിയണം. സസംഭ്രമം=സംഭ്രമത്തോടുകൂടി. സലിലസേകസംഭ്രാന്തഃ=സലിലസേകത്താൽ, വെള്ളമൊഴിപ്പിനാൽ, സംഭ്രാന്തനായ, ഇളകിയ. മധുകരഃ=(ഒരു)വണ്ടു്. നവമാലികാം=നവമാലികയെ, മുല്ലയെ. ഉജ്ഝിത്വാ=ഉപേക്ഷിച്ചു്. മേ=എന്റെ. വദനം അഭിപതതി=മുഖത്തിന്നു നേരേ പായുന്നു. ഭ്രമരബാധാം=വണ്ടിന്റെ ഉപദ്രവത്തെ. രൂപയതി=നടിക്കുന്നു.

രാജാ:—(വിലോക്യ സസ്പൃഹം)

ചലാപാംഗാം ദൃഷ്ടിം സ്പൃശസി ബഹുശോ വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദു കർണ്ണാന്തികചരഃ

കരം വ്യാധുന്വന്ത്യാഃ പിബസി രതിസർവ്വസ്വമധരം
വയം തത്ത്വാന്വേഷാന്മധുകര ഹതാസ്ത്വം ഖലു കൃതീ. 20

സസ്പൃഹം=ആശയോടുകൂടെ. വിലോക്യ=കണ്ടിട്ട്.

ഹേ മധുകര!=അല്ലയോ വണ്ടേ! ത്വം=നീ. (ഇവളിൽ) ചലാപാംഗം=ചഞ്ചലമായ അപാംഗത്തോട്, കടാക്ഷവീക്ഷണത്തോടുകൂടുംവണ്ണം. ദൃഷ്ടഃ=കാണപ്പെട്ടനവനായിട്ട് (ഇങ്ങനെ അവൾ നിന്നിൽ കടാക്ഷവിക്ഷേപം ചെയ്യുന്നുവെന്ന് അറിഞ്ഞ്) വേപഥുമതീം=വേപഥുവോടുകൂടിയ, സാത്വികവികാരത്തോടുകൂടിയ ഭയത്താൽ കമ്പിതമായ ശരീരത്തോടുകൂടിയ ഇവളെ. ബഹുശഃ=നല്ലപോലെ. സ്പൃശസി=നീ സ്പർശിക്കുന്നു.

കർണ്ണാന്തികചരഃ=കർണ്ണങ്ങളുടെ അന്തികത്തിൽ സഞ്ചരിക്കുന്നവനായിട്ട്. രഹസ്യാഖ്യായീ ഇവ=രഹസ്യംപറവാൻ ഒരുങ്ങുന്നവനെപ്പോലെ. മൃദു=മൃദുവാകുംവണ്ണം. സ്വനസി=(എന്തോ) ശബ്ദിക്കുന്നു; രഹസ്യം പറയുന്നു.

കരം=കൈയെ. വ്യാധുന്വന്ത്യാഃ=തല്ലുന്നവളായ അവളുടെ. രതിസർവ്വസ്വം=രതിക്കു സർവ്വസ്വമായ. അധരം=അധരത്തെ പിബസി=നീ പാനംചെയ്യുന്നു.

ഹേ മധുകര, തത്ത്വാന്വേഷാത്=തത്ത്വസ്ഥിതിയറിവാനുള്ള അന്വേഷണംകൊണ്ട്. (ശകുന്തള മഹർഷിപുത്രിയാണോ, അതോ പ്രാപിപ്പാൻ പാടില്ലാത്തവളല്ലയോ എന്നിത്യാദി വാസ്തവം അന്വേഷിച്ചു മനസ്സിലാക്കണമെന്നുള്ള ഉദ്ദേശ്യംകൊണ്ട്) ഹതാഃ=അധന്യനായിരിക്കുന്നു. ത്വം ഖലു കൃതീ=നീതന്നെയാണല്ലോ ധന്യൻ! ഞാൻ അവളുടെ കുലജന്മനാദികൾ അന്വേഷിച്ച് ഇവിടെ നിൽക്കുന്നു. നീയോ അവളെ അനുഭവിക്കുന്നു.

അലങ്കാരം—സ്വഭാവോക്തി; കാമുകവൃത്താന്തത്തിന്റെ ആരോപപ്രതീതികൊണ്ടു സമാസോക്തിയും.

ഒരു കാമുകനു കാമിനിയോടു കാട്ടാവുന്ന അനുരാഗചേഷ്ടകളൊക്കെ വണ്ടു നിർവ്വഹിക്കുന്നുവെന്നുകണ്ട് അവൾ ഗമ്യയാണോ അഗമ്യയാണോ എന്നിത്യാദി വാസ്തവസ്ഥിതി കണ്ടുപിടിപ്പാൻ ഒരുങ്ങിയ രാജാവ് തനിക്കു വലുതായ മോശം പററി എന്നു വിചാരിക്കുന്നു.

ശകുന്തളാ:—ഹലാ പരിത്രായേഥാം അമുനാ ദുർവ്വിനീതേന മാമഭിഭൂയമാനാമ്.

ഉഭേ:—(സസ്മിതം) കേ ആവാം പരിത്രാതും? ദുഷ്ഷന്തമാക്രന്ദ. രാജരക്ഷിതാനി തപോവനാനി നാമ.

രാജാ:—അവസരോഽയമാത്മാനം ദർശയിതുമ്. ന ഭേതവ്യം ന ഭേതവ്യമ്. (ഇത്യർദ്ധോക്തേ) രാജഭാവസ്ത്വഭിജ്ഞാതോ ഭവേത്, ഭവതേവം താവദഭിധാസ്യേ.

ശകുന്തളാ:—ഏഷ ദുഷ്ടോ ന വിരമതി തദന്യതോ ഗമിഷ്യാമി; കഥമിതോഽപി മാമനുസരതി!

ഹലാ=സഖിമാരേ. ദുർവ്വിനീതേന=ദുർവ്വിനീതനായ. അമുനാ=ഇവനാൽ. അഭിഭൂയമാനാം=ഉപദ്രവിക്കപ്പെടുന്ന. മാം=എന്നെ. പരിത്രായേഥാം=രക്ഷിക്കണേ.

സസ്മിതം=പുഞ്ചിരിയോടെ. പരിത്രാതും=രക്ഷിപ്പാൻ. ആവാം=ഞങ്ങൾ (രണ്ടുപേർ) കേ=ആരാണ്. ദുഷ്ഷന്തം=ദുഷ്ഷന്തനെ. ആക്രന്ദ=നിലവിളികൂട്ടൂ. തപോവനാനി=തപോവനങ്ങൾ. രാജരക്ഷിതാനി നാമ=രാജാവിനാൽ രക്ഷിക്കപ്പെടുന്നവയാണല്ലോ.

ആത്മാനം=തന്നെ (എന്നെ). ദർശയിതും=ദർശിപ്പിക്കുന്നതിന്ന്. അയം അവസരഃ=ഇതാ അവസരം. ന ഭേതവ്യം=പേടിക്കരുതേ. ന ഭേതവ്യം=ഭയപ്പെടേണ്ട. ഇതി=എന്ന്. അർദ്ധോക്തേ=അർദ്ധോക്തിയിൽ. രാജഭാവഃ തു=രാജാവാണെന്നുള്ള സ്ഥിതിയാവട്ടെ. അഭിജ്ഞാതഃ ഭവേത്=അഭിജ്ഞാതമായിത്തീരും (രാജാവാണെന്ന സംഗതി വെളിപ്പെട്ടുപോകുമല്ലോ. ഭവതു=ആട്ടേ. ഏവം താവത് അഭിധാസ്യേ=ഇങ്ങിനെ പറയാം.

ഏഷഃ ദുഷ്ടഃ=ഈ ദുഷ്ടൻ ന വിരമതി=വിരമിക്കുന്നില്ല; പിൻമാറുന്നില്ല. തത്=അതുകൊണ്ട്. അന്യതഃ=മറ്റൊരിടത്തേക്ക്. ഗമിഷ്യാമി=പോകാൻ പോകുന്നു. കഥം=എങ്ങിനെ. ഇതഃ അപി=ഇവിടേയും. മാം=എന്നെ. അനുസരതി=പിൻതുടരുന്നു.

ഇവിടെ ഒരു വണ്ടിനെ കവി അവതരിപ്പിച്ചിരിക്കുന്നതു ശകുന്തളയുടെ പീഡയിൽ അവൾ വിശേഷദർശനീയയായി ദുഷ്ഷന്തനു തോന്നണമെന്നുദ്ദേശിച്ചത്രേ.

രാജാ:—(സത്വരമുപേത്യ)

കഃ പൌരവേ വസുമതീം ശാസതി ശാസിതരി ദുർവ്വിനീതാനാമ്
അയമാചരത്യവിനയം മുഗ്ദ്ധാസു തപസ്വികന്യാസു. 21

(സർവ്വാ രാജാനം ദൃഷ്ട്വാ കിഞ്ചിദിവ സംഭ്രാന്താഃ)

അനസൂയാ:—ആര്യ്യ, ന ഖലു കിഞ്ചിദത്യാഹിതമ്. ഇയം നൌ പ്രിയസഖീ മധുകരേണാകുലീക്രിയമാണാ കാതരീഭൂതാ.

സത്വരം=വേഗത്തിൽ. ഉപേത്യ=അടുത്തുചെന്നിട്ട്.

ദുർവ്വിനീതാനാം=ദുർവ്വിനീതന്മാർക്ക്; മര്യ്യാദാലംഘകന്മാർക്ക്. ശാസിതരി=ശാസിതാവായിരിക്കുന്ന. പൌരവേ=പൌരവൻ, (പൂരുവംശത്തിൽ പിറന്നവൻ.) വസുമതീം=ഭൂമിയെ. ശാസതി=ശാസിക്കുമ്പോൾ; ഭരിക്കുമ്പോൾ. (അപ്രകാരം പൂരുവംശസംഭവനായ ദുഷ്ഷന്തനെ അനാദരിച്ച് എന്നർത്ഥം) മുഗ്ദ്ധാസു=മുഗ്ദ്ധകളായ; പ്രതിക്രിയയ്ക്കു കെല്പില്ലാത്തവരായ. തപസ്വികന്യാസു=തപസ്വികന്യകകളിൽ. കഃ അയം അവിനയം ആചരതി=ആരാണതു് ഈ മര്യ്യാദകേടു കാട്ടുന്നതു്?

മുൻപറഞ്ഞതുപോലെ രാജാവു തന്റെ പരമാർത്ഥസ്ഥിതി അറിയിക്കാതെയാണ് പ്രത്യക്ഷപ്പെടുന്നതു്. എന്നാലും അദ്ദേഹം സ്വഗൂഹനത്തിനായി അസത്യം യാതൊന്നും പറയുന്നില്ല എന്ന് ഇവിടെ ഒരു മെച്ചമുണ്ട്. ദുഷ്ഷന്തന്റെ ആജ്ഞാപുരുഷൻ എന്നനിലയിൽ മാത്രമേ അദ്ദേഹം സംസാരിക്കുന്നുള്ളു.

സർവ്വാഃ=എല്ലാസ്ത്രീകളും. രാജാനം=രാജാവിനെ. ദൃഷ്ട്വാ=കണ്ടിട്ട്. കിഞ്ചിദിവ=അല്പംപോലെ. സംഭ്രാന്താഃ=ഭ്രമിച്ചവരായിത്തീൎന്നു.

ആര്യ്യ, ന ഖലു കിഞ്ചിത് അത്യാഹിതം=ഇവിടെ വലിയ ആപത്തൊന്നുമില്ല. നൌ=ഞങ്ങളുടെ (രണ്ടുപേരുടെ.) ഇയം പ്രിയസഖീ=ഈ പ്രിയസഖി. മധുകരേണ=മധുകരനാൽ (ഒരു വണ്ടിനാൽ) ആകുലീക്രിയമാണാ=ഉപദ്രവിക്കപ്പെട്ടു. കാതരീഭൂതാ=പരവശയായിപ്പോയി. (എന്നുമാത്രം)

'പ്രിയസഖി' എന്നു പറഞ്ഞതു കേട്ടയുടൻതന്നെ അതേവരെ അവളെ നേരിട്ടു കണ്ടു രൂപലാവണ്യം ആസ്വദിക്കാൻ ത്വരിതപ്പെട്ടുകൊണ്ടിരുന്ന രാജാവു ശകുന്തളയെ നോക്കുന്നു.

രാജാ:—(ശകുന്തളാമഭിമുഖോ ഭൂത്വാ) അപി തപോ വർദ്ധതേ?

(ശകുന്തളാ സാധ്വസാദവചനാ തിഷ്ഠതി)

അനസൂയാ:—ഇദാനീമതിഥിവിശേഷലാഭേന ഹലാ ശകുന്തളേ ഗച്ഛോടജമ്. ഫലമിശ്രമർഘ്യമുപഹര. ഇദം പാദോദകം ഭവിഷ്യതി.

രാജാ:—ഭവതു; ഭവതീനാം സൂനൃതയൈവ ഗിരാ കൃതാമാതിഥ്യമ്.

പ്രിയംവദാ:—തേന ഹ്യസ്യാം താവത് പ്രച്ഛായശീതലായാം സപ്തപർണ്ണവേദികായാമാര്യ്യ ഉപവിശ്യ പരിശ്രമവിനോദനം കരോതു.

ശകുന്തളാം അഭിമുഖഃ ഭൂത്വാ=ശകുന്തളയ്ക്കു് അഭിമുഖമായി. അപി തപോ വർദ്ധതേ= തപസ്സവർദ്ധിക്കുന്നുണ്ടോ? (തപോനിഷ്ഠകൾ ശരിയായി നടക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു.)

സാധ്വസാത്=ഭയംഹേതുവായി. അവചനാ=ഒന്നുംപറയാതെ. തിഷ്ഠതി=നില്ക്കുന്നു.

ഇദാനീം=ഇപ്പോൾ. അതിഥിവിശേഷലാഭേന=അതിഥിയുടെ വിശേഷമായ ലാഭംകൊണ്ടു്. (തപസ്സു ശരിയായി നടക്കുന്നു. നിങ്ങളെപ്പോലുള്ള അതിഥികൾ കൂടെ ലഭിച്ചാൽ ചോദിപ്പാനുണ്ടോ?) ഗച്ഛ=പോവുക. ഉടജം=ഉടജത്തെ, ആശ്രമത്തിലേക്കു പോവുക. ഫലമിശ്രം=ഫലങ്ങളോടുകൂടിയ. അർഘ്യം=പൂജാദ്രവ്യത്തെ. ഉപഹര=കൊണ്ടുവരിക. ഇദം=ഇതു്. പാദോദകം=കാൽ ശുദ്ധിവരുത്താനുള്ള വെള്ളമായി. ഭവിഷ്യതി=ഭവിക്കും (തീരട്ടെ).

(ഈ രണ്ടു സഖിമാരും വേണ്ടവോളം അതിഥിസൽക്കാരത്തിൽ പരിചയം സിദ്ധിച്ചവരാണെന്നു് അവരുടെ പെരുമാററത്തിൽനിന്നു മനസ്സിലാക്കാം. അവർ ഈ കഥയിൽ അഭിനയിക്കുന്ന പ്രധാനഭാഗത്തെ ഇക്കാര്യം സൂചിപ്പിക്കയുംചെയ്യുന്നു.)

ഭവതു=ആട്ടെ. ഭവതീനാം=ഭവതിമാരുടെ. സൂനൃതയാ=മനോഹരമായ. ഗിരാ ഏവ=വാക്കിനാൽതന്നെ. ആതിഥ്യം കൃതം=അതിഥിസൽക്കാരം നിറവേറിക്കഴിഞ്ഞു. തേന ഹി=എന്നാൽ. പ്രച്ഛായശീതലായാം=തണൽകൊണ്ടു്; തണുപ്പുള്ള അസ്യാം=ഈ. സപ്തപർണ്ണവേദികായാം=പാലയുടെ തടത്തിൽ. ആര്യ്യഃ=ആര്യ്യൻ. ഉപവിശ്യ=ഇരുന്നു്. പരിശ്രമവിനോദനം=വിശ്രമം. കരോതു=ചെയ്താലും.

രാജാ:—നനു യൂയമപ്യനേന കർമ്മണാ പരിശ്രാന്താഃ.

പ്രിയംവദാ:—ഹലാ ശകുന്തളേ! ഉചിതം നഃ പര്യ്യുപാസനമതിഥീനാമ്. അത്രോപവിശാമഃ.

(സർവ്വേ ഉപവിശന്തി)

ശകുന്തളാ:—(സ്വഗതം) കിം നു ഖലു ഇമം ദൃഷ്ട്വാ തപോവനവിരോധിനോ വികാരസ്യ ഗമനീയാസ്മി സംവൃത്താ.

രാജാ:—(സർവ്വാ വിലോക്യ) അഹോ! സമവയോരൂപരമണീയം സൗഹാർദ്ദം ഭവതീനാമ്.

യൂയം അപി=(ബ: വ:) നിങ്ങളും. അനേന കർമ്മണാ=ഈ കർമ്മത്താൽ (വൃക്ഷസേചനം എന്ന പ്രവൃത്തിയാൽ) പരിശ്രാന്താഃ നനു=ക്ഷീണിച്ചവരായിരിക്കുന്നല്ലോ.

അതിഥീനാം=അതിഥികളുടെ. പര്യ്യുപാസനം=ശുശ്രൂഷ. നഃ ഉചിതം=നമുക്കു ഉചിതമാണല്ലോ. അത്ര=ഇവിടെ. ഉപവിശാമഃ=നമുക്കു് ഇരിക്കാം.

സർവ്വേ=എല്ലാവരും. ഉപവിശന്തി=ഇരിക്കുന്നു. സ്വഗതം=ആത്മഗതം *

അമും=ഇദ്ദേഹത്തെ. ദൃഷ്ട്വാ=കണ്ടിട്ട്. തപോവനവിരോധിനഃ=തപോവനത്തിനു വിരോധിയായ (തപോവനജീവിതത്തിനു യോജിക്കാത്തതായ.) വികാരസ്യ=വികാരത്തിന്ന്. ഗമനീയാ അസ്മി സംവൃത്താ=ഗമനീയയായി (അധീനയായി) ഞാൻ തീർന്നിരിക്കുന്നു. കിം നു ഖലു=എന്തുകൊണ്ടാണോ?

സർവ്വാഃ വിലോക്യ=എല്ലാ സ്ത്രീകളേയും നോക്കി. അഹോ!=ആശ്ചര്യം. ഭവതീനാം=ഭവതിമാരുടെ. സൌഹാർദ്ദം=സഖ്യം. സമവയോരൂപരമണീയം=സമമായ വയസ്സ് അഥവാ പ്രായം, രൂപം അഥവാ ആകൃതി, സ്വഭാവം, സൌന്ദര്യം എന്നിവകളാൽ രമണീയം=മനോഹരമായിരിക്കുന്നു.

പ്രിയംവദാ:—(ജനാന്തികം) അനസൂയേ, കോ നു ഖലു ചതുരഗംഭീരാകൃതിർമധുരം പ്രിയമാലപൻ പ്രഭവൻ ദാക്ഷിണ്യമപി കരോതി.

അനസൂയാ:—സഖി മമാപ്യത്ര കൌതൂഹലമ്. പ്രക്ഷ്യാമി താവദേനം. ആര്യ്യ, മധുരാലാപജനിതോ വിശ്വാസോ മാം മന്ത്രായതേ. കതമ ആര്യ്യേണ രാജർഷിവംശോഽലംക്രിയതേ? കതമോ വിരഹപര്യ്യുൽസുകഃ കൃതോ ദേശഃ? കിം നിമിത്തം വാ സുകുമാരസ്തപോവനപരിശ്രമസ്യാത്മാ പാത്രതാമുപനീതഃ.

ജനാന്തികം=കൂട്ടത്തിൽ ഉള്ള മററാളുകൾ കേൾക്കാതെ രണ്ടുപേർമാത്രം തമ്മിൽപറയുന്ന നാട്യാചാരത്തെ ജനാന്തികം എന്നുപറയും. (ജനാന്തികത്തിൽ തള്ളവിരലും ചെറുവിരലും ഒഴിച്ച ശേഷം മൂന്നുവിരലുകൊണ്ടു അധരം ആച്ഛാദനം ചെയ്താണ് പ്രത്യേകം ഒരാളോടു സംസാരിക്കേണ്ടതു്.) ചതുരഗംഭീരാകൃതിഃ=ചതുരവും, സമത്വവും ഗംഭീരവുമായ ആകൃതിയോടുകൂടിയവനും. മധുരം=മധുരമായിട്ടും. പ്രിയം=വളരെ ഇണക്കത്തോടും. ആലപൻ=സംസാരിക്കുന്ന ആളും. പ്രഭവൻ=പ്രഭുവായുമിരിക്കുന്ന. അയം=ഇദ്ദേഹം. കഃ നു ഖലു=ആരായിരിക്കാം. ദാക്ഷിണ്യമപി=ദാക്ഷിണ്യശീലത്തെയും. കരോതി=ചെയ്യുന്നുണ്ടു്.

സഖീ=തോഴീ. മമ അപി=എനിക്കും. അത്ര=ഇക്കാര്യത്തിൽ. കൌതൂഹലം=കൌതുകം ഉണ്ടു്. (അറിവാൻ ആഗ്രഹമുണ്ടു്) ഏനം=ഇദ്ദേഹത്തെ ഇദ്ദേഹത്തോടു്) പ്രക്ഷ്യാമി താവത്=ചോദിക്കതന്നെ. ആര്യ്യ=ആര്യ്യ! മധുരാലാപജനിതഃ=മധുരമായ ആലാപത്തിൽനിന്നു്, സംഭാഷണത്തിൽനിന്നു ജനിച്ചതായ. വിശ്വാസഃ=വിശ്വാസം. മാം=എന്നെ. മന്ത്രായതേ=ചോദിപ്പാൻ പ്രേരിപ്പിക്കുന്നു ആര്യ്യേണ=ഭവാനാൽ. കതമഃ=ഏതൊരു. രാജർഷിവംശഃ=രാജർഷിവംശമാണ്. അലംക്രിയതേ=അലങ്കരിക്കപ്പെടുന്നതു്. കതമഃ ദേശഃ=ഏതൊരുദേശമാണ്. ആര്യ്യേണ=ആര്യ്യനാൽ. വിരഹപര്യ്യുൽസുകഃ=വിരഹപരവശമായി. കൃതഃ=ചെയ്യപ്പെട്ടിരിക്കുന്നതു്? കിം നിമിത്തം വാ=എന്തുകാരണത്താലാണ്. സുകുമാരഃ=സുകുമാരനായ. ആത്മാ=താൻ തന്നെ. തപോവനപരിശ്രമസ്യ=തപോവനപരിശ്രമത്തിന്നു്. പാത്രതാം=പാത്രതയെ. ഉപനീതഃ=പ്രാപിച്ചിരിക്കുന്നതു്.

---

* ദർശനീയനായ രാജാവിനെ അഭിമുഖമായി കാണുന്നതോടുകൂടി പെട്ടെന്നു അങ്കുരിതമായ രതിഭാവത്താൽ ശകുന്തള ആത്മഗതം ചെയ്തതാണ്. രാജാവാകട്ടെ അവർ മൂന്നുപേരുടേയും മുഖപ്രസാദം കണ്ടാനന്ദിച്ച് അവരെ വശത്താക്കുന്നതിനായി ചില നർമ്മസംഭാഷണവും തുടങ്ങി.

ശകുന്തളാ:—ഹൃദയ! മാ ഉത്താമ്യ, ഏഷാ ത്വയാ ചിന്തിതം മന്ത്രയതേ ഽനസൂയാ.

രാജാ:—(സ്വഗതം) കഥമിദാനീമാത്മാനം നിവേദയേ, കഥം വാ ആത്മാനമപഹരാമി. ഭവതേ്വവം താവദേനാം വക്ഷ്യേ. (പ്രകാശം) ഭവതി, പൌരവേണ രാജ്ഞാ ധമ്മാധികാരേ നിയുക്തഃ സോ ഽഹമാശ്രമിണാമവിഘ്നക്രിയോപലംഭായ ധമ്മാരണ്യമിദമാഗതഃ.

ഹൃദയ!=അല്ലയോ ഹൃദയമേ. മാ ഉത്താമ്യ=ബദ്ധപ്പെടേണ്ട. ഏഷാ അനസൂയാ=ഈ അനസൂയ. ത്വയാ=നിന്നാൽ. ചിന്തിതം=ചിന്തിക്കപ്പെട്ടതിനെ. മന്ത്രയതേ=ഭംഗിയായി ചോദിക്കുന്നു. സ്വഗതം=ആത്മഗതം.

ഇദാനീം=ഇപ്പോൾ. ആത്മാനം=തന്നെ. (എന്നെ) എന്റെ യഥാത്ഥസ്ഥിതിയെ. കഥം നിവേദയേ=എങ്ങിനെയാണ് അറിയിക്കുന്നത്? കഥം വാ=എങ്ങിനെയാണ്. അപഹരാമി=മറയ്ക്കുന്നത്? ഭവതു=ഇരിക്കട്ടെ. ഏവം താവത്=ഇങ്ങിനെയായി. ഏനാം=ഇവളോട്. വക്ഷ്യേ=പറയാം. പ്രകാശം=പ്രത്യക്ഷമായി.

ഭവതി=ഭവതി. പൌരവേണ=പൂരുവംശസമുദ്ഭൂതനായ. രാജ്ഞാ=രാജാവിനാൽ (ദുഷ്ഷന്തനാൽ). ധാമ്മികാധികാരേ=ധമ്മാധികാരത്തിൽ. നിയുക്തഃ=നിയോഗിക്കപ്പെട്ടവനായ. സഃ അഹം=ആ ഞാൻ. ആശ്രമിണാം=ആശ്രമവാസികളുടെ. അവിഘ്നക്രിയോപലംഭായ=ക്രിയകൾ നിവ്വിഘ്നമായിത്തന്നെ നടക്കുന്നുവോ എന്നറിവാൻ. ഇദം ധമ്മാരണ്യം=ഈ ധമ്മാരണ്യത്തെ. ആഗതഃ=പ്രാപിച്ചവനായിരിക്കുന്നു

ദുഷ്ഷന്തമഹാരാജാവിന്റെ ധമ്മസചിവനാണ് താൻ എന്നു പറയുന്നതിനാൽ രാജാവിനു വേണ്ടുവോളം സൌകൎയ്യം കിട്ടുന്നുണ്ട്. വ്യാജപ്രസ്താവനയുമല്ല. ധമ്മാരണ്യത്തിലേയ്ക്കു ഇന്നസമയമെന്നില്ലാതെ എപ്പോഴും പ്രവേശിക്കയും ചെയ്യാമല്ലോ.

രാജാവിന്റെ ഈ വാക്കുകൾകേട്ട് അനസൂയ തന്നെത്താൻ സന്തുഷ്ടയായി പറയുകയാണ്.

അനസൂയാ:—സനാഥാ ഇദാനീം ധമ്മചാരിണഃ

(ശകുന്തളാ ശൃംഗാരലജ്ജാം നാടയതി)

സഖ്യൌ:—(ഉഭയോരാകാരം വിദിത്വാ ജനാന്തികം) ഹലാ ശകുന്തളേ യദ്യദ്യ താതഃ സന്നിഹിതോ ഭവേത്.

ശകു:—തതഃ കിം ഭവേത്?

സഖ്യൌ:—ഇമം ജീവിതസവ്വസ്വേനാപ്യതിഥിം കൃതാത്ഥംകുയ്യാത്.

ശകു:—അപേതം. കിമപി ഹൃദയേ കൃത്വാ മന്ത്രയേഥേ. ന യുവയോവ്വചനം ശ്രോഷ്യാമി.

ഇദാനീം=ഇപ്പോൾ. ധമ്മചാരിണഃ=ധാമ്മികപ്രവൃത്തിനിഷ്ഠർ, (തപസ്വികൾ) സനാഥാഃ=നാഥന്മാരോട്, രക്ഷിതാക്കളോടുകൂടിയവരായി. ധമ്മചാരികൾക്കു ഏകമായശരണം രാജാവുമാത്രമാണല്ലോ. രാജാവിനാൽ ശകുന്തള സനാഥയാകാം എന്ന അഭിപ്രായവും സൂചിതമായിരിക്കുന്നു.

ശൃംഗാരലജ്ജാം=ശൃംഗാരലജ്ജയെ. നാടയതി=നടിക്കുന്നു. ഉഭയോഃ=രണ്ടുപേരുടേയും—ദുഷ്ഷന്തന്റെയും ശകുന്തളയുടേയും. ആകാരം=ആകാരത്തെ, മാനസികവികാരം പ്രത്യക്ഷപ്പെടുത്തുന്ന മുഖഭാവത്തെ. വിദിത്വാ=അറിഞ്ഞിട്ട്.

ഹലാ ശകുന്തളേ, അദ്യ=ഇപ്പോൾ. താതഃ=കണ്വൻ. യദി സന്നിഹിതഃ ഭവേത്=സന്നിഹിതനായിരുന്നെങ്കിൽ. തതഃ കിം ഭവേത്=എന്നാൽ എന്താണ്. (ഹൊ!) എന്നാൽ എന്താണ്? ശകുന്തളയുടെ വികാരാധീനത്വംകണ്ട സഖികൾ അവളെ കളിയാക്കുകയായിരുന്നു. ഇതിനാൽ ശകുന്തള അല്പം ലജ്ജയോടും രോഷത്തോടും കൂടിയാണ് ഇങ്ങനെ പറയുന്നത്. അതുകേട്ട സഖിമാർ ഉത്തരം മാററുന്നു. ഇമം അതിഥിം=ഈ അതിഥിയെ. ജീവിതസർവ്വസ്വേന അപി=ജീവിതസർവ്വസ്വംകൊണ്ടു പോലും. അദ്ദേഹത്തിന് അത്യന്തം പ്രിയങ്ങളായ സാധനസാമഗ്രികൾകൊണ്ടും (ശകുന്തള കണ്വന്റെ ജീവിതസർവ്വസ്വമായതുകൊണ്ട് ശകുന്തളയെ പ്രദാനംചെയ്യും എന്നർത്ഥം ധ്വനിക്കുന്നു.) കൃതാർത്ഥം കുർയ്യാത്=കൃതാർത്ഥനാക്കി ചെയ്യുമായിരുന്നു.

സഖീവചനത്തിന്റെ വക്രാർത്ഥം മനസ്സിലാക്കി ശകുന്തള പറയുന്നു—

അപേതം=പോകുവിൻ. കിമപി=എന്തോ. ഹൃദയേ കൃത്വാ=മനസ്സിൽ വിചാരിച്ച്. മന്ത്രയേഥേ=നിങ്ങൾ പറകയാണ്. യുവയോർവ്വചനം=നിങ്ങൾ രണ്ടുപേരുടേയുംവാക്ക്. ന ശ്രോഷ്യാമി=ഞാൻ കേൾക്കുന്നില്ല; എനിക്കു കേൾക്കണ്ട.

രാജാ:—വയമപി താവദ്ഭവത്യോഃ കിഞ്ചിത് സഖീഗതം പൃച്ഛാമഃ

സഖ്യൗ:—അനുഗ്രഹ ഇവാഭ്യർത്ഥനാ.

രാജാ:—ഭഗവാൻ കാശ്യപഃ ശാശ്വതേ ബ്രഹ്മണി സ്ഥിത ഇതി പ്രകാശഃ, ഇയം ച വാം സഖീ തദാത്മജേതി കഥമേതത്?

അനസൂയാ:—ശൃണോത്വാര്യഃ അസ്തി കൗശിക ഇതി ഗോത്രനാമധേയോ മഹാപ്രഭാവോ രാജർഷിഃ

രാജാ:—അസ്തി ശ്രൂയതേ.

വയമപി=നാമും. ഭവത്യോഃ=നിങ്ങൾ രണ്ടുപേരുടേയും. സഖീഗതം=സഖിയെ സംബന്ധിച്ച് കിഞ്ചിത്=അല്പം. പൃച്ഛാമഃ താവത്=ചോദിക്കട്ടെ. നിങ്ങൾ എന്റെ കുലദേശാദികൾ അറിവാൻ ആഗ്രഹിച്ചപോലെ ഞാനും നിങ്ങളുടെ സഖിയെപ്പററി സ്വല്പം ചോദിച്ചുകൊള്ളട്ടെ.

അഭ്യർത്ഥനാ=ഈ അപേക്ഷ. അനുഗ്രഹഃ ഇവ=ഞങ്ങൾക്ക് ഒരു അനുഗ്രഹം പോലെയാണ്.

ഭഗവാൻ കാശ്യപഃ=കാശ്യപമഹർഷി. ശാശ്വതേ ബ്രഹ്മണി=ശാശ്വതമായ ബ്രഹ്മത്തിൽ, നിത്യബ്രഹ്മത്തിൽ അഥവാ ഉഗ്രമായ ബ്രഹ്മചര്യവ്രതത്തിൽ. സ്ഥിതഃ ഇതി=സ്ഥിതനാണ് എന്ന്. പ്രകാശഃ=പ്രസിദ്ധം. വാം=നിങ്ങൾ രണ്ടുപേരുടേയും. ഇയം സഖീ=ഈ പ്രിയസഖി. തദാത്മജേതി=അദ്ദേഹത്തിന്റെ ആത്മജയെന്നതു്. കഥം ഏതത്=ഇതു് എങ്ങിനെയാണ്?

ആര്യഃ ശൃണോതു=ആര്യൻ കേട്ടാലും.

കൗശികഃ ഇതി=കൗശികൻ എന്നു്. ഗോത്രനാമധേയഃ=ഗോത്രത്തിന്റെ നാമധേയത്തോടുകൂടിയവനായും. മഹാപ്രഭാവഃ=വലിയ പ്രഭാവവാനുമായ. രാജർഷിഃ= രാജർഷി.

അസ്തി=ഉണ്ടു്. ശ്രൂയതേ=കേൾക്കപ്പെടുന്നു. (കേട്ടിട്ടുണ്ടു് എന്നു സാരം.)

ബ്രഹ്മണി—ഇവിടെ ബ്രഹ്മപദം ബ്രഹ്മചര്യാർത്ഥത്തിലാണ്.

ആത്മജാ — ആത്മജാ എന്ന പ്രയോഗം അന്വർത്ഥമാണ്. കണ്വനിൽനിന്നു തന്നെയുണ്ടായവളാണോ എന്ന സംശയം സൂചിപ്പിക്കുന്നു.

കൗശികഃ—കുശികന്റെ മകൻ കുശനാഭൻ, കുശനാഭന്റെ മകൻ ഗാഥി, ഗാഥിയുടെ മകൻ വിശ്വാമിത്രൻ.

അനസൂയാ:—തം സഖ്യാ നൗ പ്രഭവമവഗച്ഛ. ഉജ്ഝിതശരീരായാ വർദ്ധനാദിഭിഃ പുനസ്താതകാശ്യപോ ഽസ്യാഃ പിതാ.

രാജാ:—ഉജ്ഝിതശബ്ദേന ജനിതകുതൂഹല ആമൂലാത് ശ്രോതുമിച്ഛാമി.

അനസൂയാ:—ശൃണോത്വാര്യ്യഃ, പുരാകില തസ്യ രാജഷേരുഗ്രേ തപസി വർത്തമാനസ്യ ജാതശങ്കൈർദ്ദേവൈർമ്മേനകാ നാമാപ്സരാ നിയമവിഘ്നകാരിണീ പ്രഹിതാ.

തം=അല്ലേഹാ‍ാത്തെ. നൗ=ഞങ്ങളുടെ (രണ്ടുപേരുടേയും) സഖ്യഃ=സഖിയുടെ. പ്രഭവം=ഉല്പത്തിസ്ഥാനമായി. അവഗച്ഛ=അറിഞ്ഞാലും.

ഉജ്ഝിതശരീരായാഃ=ഉപേക്ഷിക്കപ്പെട്ട ശരീരത്തോടുകൂടിയ. അസ്യാഃ=ഇവളുടെ. വർദ്ധനാദിഭിഃ=വളർത്തൽ മുതലായതുകളാൽ. താതകാശ്യപഃ=താതകാശ്യപൻ. പിതാ=അച്ഛൻ.

ഉജ്ഝിതശബ്ദേന=ഉജ്ഝിതം എന്ന വാക്കുകൊണ്ട്. ജനിതകുതൂഹലഃ=ജനിതമായ കുതൂഹലത്തോടു്, കൗതുകത്തോടുകൂടിയ (ഞാൻ) ആമൂലാത്=ആദ്യംമുതലേ. ശ്രോതും=കേൾക്കുന്നതിന്. ഇച്ഛാമി=ഇച്ഛിക്കുന്നു.

ആര്യ്യഃ=ആര്യ്യൻ. ശൃണോതു=കേൾക്കട്ടെ (കേട്ടാലും.)

പുരാ കില=പണ്ടാകട്ടെ. ഉഗ്രേ തപസി=ഉഗ്രമായ തപസ്സിൽ. വർത്തമാനസ്യ=വർത്തമാനനായ, ഇരിക്കുന്നവനായ ഇരുന്നവനായ) തസ്യ രാജർഷേഃ=ആ രാജർഷിയുടെ (രാജർഷിക്കു) നിയമവിഘ്നകാരിണീ=നിയമത്തിന്റെ, തപസ്സിന്റെ വിഘ്നകാരിണിയായി, തടസ്സംചെയ്യുന്നവളായി. മേനകാ നാമ=മേനക എന്നു പേരായ. അപ്സരാഃ=അപ്സരസ്സ്. പ്രഹിതാ=നിയോഗിക്കപ്പെട്ടു.

നിയമഃ മനഃസംയമനം. ആയതിനാൽ തപസ്സ്.

അപ്സരാഃ—'അപ്സരാഃ' എന്ന ഇവിടത്തെ പ്രയോഗം ഏകവചനമായിട്ടാണ്. അമരകോശം അനുസരിച്ച് "അപ്സരസഃ" എന്നു ബഹുവചനമായിട്ടേ പ്രയോഗമുള്ളുവെങ്കിലും 'അനചി ച' എന്ന സൂത്രത്തിൽ 'അപ്സരാഃ' എന്നു മഹാഭാഷ്യപ്രയോഗമുള്ളതുകൊണ്ട് ഏകവചനം പ്രയോഗിച്ചിരിക്കുന്നു.

രാജാ:—അസ്ത്യേതദന്യസമാധിഭീരുത്വം ദേവാനാം, തതഃ?

അനസൂയാ:—തതോ വസന്തോദാരസമയേ തസ്യാ ഉന്മാദയിതൃകം രൂപം ദൃഷ്ട്വാ—

(ഇത്യർദ്ധോക്തേ ലജ്ജയാ വിരമതി)

രാജാ:—ഭവത്വതഃ പരസ്താത് ഗമ്യത ഏവ. സർവ്വഥാപ്സരഃസംഭവൈഷാ.

അനസൂയാ:—അഥ കിമ്.

ദേവാനാം=ദേവന്മാർക്ക്. ഏതത് അന്യസമാധിഭീരുത്വം=ഈ അന്യസമാധിഭീരുത്വം, അന്യരുടെ സമാധിയിൽ, തപസ്സിൽ ഭീരുത്വം. അസ്തി=ഉണ്ട് (ഉണ്ടല്ലോ. ദേവന്മാർക്ക് ഇങ്ങിനെ വല്ലവരുടേയും തപസ്സിൽ ഭയംതോന്നുന്നതു് സാധാരണയാണല്ലോ.) തതഃ=അനന്തരം (പിന്നീടുള്ള കഥ എന്തായിരിക്കും?)

തതഃ=അനന്തരം. വസന്തോദാരസമയേ=സമ്പൂർണ്ണവസന്തസമയത്ത്. തസ്യാഃ=അവളുടെ (ആ മേനകയുടെ) ഉന്മാദയിതൃകം=ഉന്മാദിപ്പിക്കുന്നതായ. രൂപം=രൂപലാവണ്യത്തെ. ദൃഷ്ട്വാ=കണ്ടിട്ട്.

ഇതി=എന്ന്. അർദ്ധോക്തേ=അർദ്ധമായ ഉക്തിയിൽ, പകുതിപറഞ്ഞ്. ലജ്ജയാ=ലജ്ജയാൽ. വിരമതി=നിറുത്തുന്നു. ഭവതു=ആകട്ടെ. അതഃ പരസ്മാത്=ഇതിൽനിന്നും ശേഷം. ഗമ്യതേ ഏവ=ഗമിക്കുന്നുണ്ട്; ലഭിക്കുന്നുണ്ടല്ലോ; പറയാതെതന്നെ അറിയാമല്ലോ. സർവ്വഥാ=എല്ലാപ്രകാരത്തിലും. ഏഷാ=ഇവൾ (ശകുന്തള) അപ്സരഃസംഭവാ=അപ്സരസ്സിൽനിന്ന് സംഭവിച്ചവളാണ്. (ഇല്ലേ?) അഥകിമ്=അതേ.

വസന്തോദാരസമയേ—വസന്താവതാരസമയേ എന്നു പാഠഭേദം. വസന്തോദാരസമയേ എന്ന പാഠത്തിൽ വസന്തകാലത്തിന്റെ മൂർദ്ധന്യതയിൽ എന്ന് അർത്ഥം. കന്ദമാകന്ദമന്ദമാരുതൻ മുതലായവയാൽ അത്യുൽകൃഷ്ടമായി കാമവികാരോജ്ജ്വലകമായ സമയമദ്ധ്യത്തിൽ എന്ന് അർത്ഥം. ഉദാരവസന്തസമയത്തിൽ.

വസന്താവതാരസമയേ എന്ന പാഠത്തിൽ വസന്തത്തിന്റെ അവതാരസമയത്ത് എന്നു ഗ്രഹിക്കണം. 'വസന്തോദാരസമയേ' എന്ന പ്രാകൃതപദം രണ്ടുവിധത്തിലുമാവാം.

രാജാ:—ഉപപദ്യതേ.

> മാനുഷീഷു കഥം വാ സ്യാദസ്യ രൂപസ്യ സംഭവഃ
> ന പ്രഭാതരളം ജ്യോതിരുദേതി വസുധാതലാത്. 22

(ശകുന്തളാ ലജ്ജയാ അധോമുഖീ തിഷ്ഠതി)

രാജാ:—(സ്വഗതം) ലബ്ധാവകാശോ മേ മനോരഥഃ. കിന്തു, സഖ്യാ പരിഹാസോദാഹൃതാം വരപ്രാർത്ഥനാമസ്യാഃ ശ്രുത്വാ ദ്വൈധീഭാവകാതരം മേ മനഃ.

ഉപപദ്യതേ=യോജിക്കുന്നു(ണ്ട്.)

മാനുഷീഷു=മാനുഷസ്ത്രീകളിൽ. അസ്യ രൂപസ്യ=ഈ രൂപത്തിന്റെ (ഇതുപോലുള്ള രൂപലാവണ്യത്തിന്റെ) സംഭവഃ=സംഭവം. കഥം വാ സ്യാത്=എങ്ങിനെയാണ് ഭവിക്കുന്നത്?

പ്രഭാതരളം=പ്രഭാതരളമായ, പ്രഭകൊണ്ടു മിന്നുന്നതായ. ജ്യോതിഃ=ജ്യോതിസ്സ് (മിന്നൽ) വസുധാതലാത്=വസുധാതലത്തിൽനിന്നും, ഭൂമിയിൽനിന്നും. ന ഉദേതി=ഉണ്ടാകുന്നില്ലല്ലോ.

ശകുന്തളാ, ലജ്ജയാ=ലജ്ജയാൽ. അധോമുഖീ=അധോമുഖിയായിട്ട്. തിഷ്ഠതി=നില്ക്കുന്നു. സൌന്ദര്യത്തെപ്പററി പ്രശംസിക്കുന്നതു കേൾക്കുന്ന ഒരു യുവതി ലജ്ജ ഭാവിക്കാറുള്ളതു് സാധാരണയാണല്ലോ.

മേ=എന്റെ. മനോരഥഃ=മനോരഥം (ആഗ്രഹം) ലബ്ധാവകാശഃ=ലബ്ധമായ അവകാശത്തോടു്, ഇടയോടു്, കൂടിയതായി. കിന്തു=എന്നാൽ. സഖ്യാ=സഖിയാൽ. പരിഹാസോദാഹൃതാം=പരിഹാസത്താൽ പറയപ്പെട്ട. അസ്യാഃ=ഇവളുടെ. വരപ്രാർത്ഥനാം=വരപ്രാർത്ഥനയെ, ഭർത്തൃപ്രാർത്ഥനയെ. ശ്രുത്വാ=കേട്ടിട്ട്. മേ=എന്റെ. മനഃ=മനസ്സ്. ദ്വൈധീഭാവകാതരം=ദ്വൈധീഭാവത്താൽ, സംശയത്താൽ കാതരമായിരിക്കുന്നു. (ഇവൾക്കു് ഒരു വരനുണ്ടാകണമെന്നു സഖി മുൻപ് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അക്കാര്യത്തിൽ രാജാവിനു നിശ്ചയംവരാതെയുള്ള സംശയമാണ്.)

മാനുഷീഷു കഥം വാ എന്ന പദ്യത്തിൽ അലങ്കാരം പ്രതിവസ്തൂപമ. മാനുഷീഭ്യഃ എന്നു 'മാനുഷീഷു' എന്നതിന്റെ പാഠഭേദം. മാനുഷീഭ്യഃ എന്ന പാഠത്തിൽ മാനുഷികളിൽനിന്ന് എങ്ങിനെയാണ് ഇങ്ങിനെയുള്ള രൂപലാവണ്യോൽപത്തി എന്ന് അർത്ഥം.

പ്രിയംവദാ:—(സസ്മിതം ശകുന്തളാം വിലോക്യ നായകാഭിമുഖീ ഭൂതാ) കിം പുനരപി വക്തുകാമ ഇവാര്യഃ—

(ശകുന്തളാ സഖീമങ്ഗുല്യാ തർജയതി)

രാജാ:—സമ്യഗുപലക്ഷിതം ഭവത്യാ അസ്തി സച്ചരിതശ്രവണലോഭാദന്യദപി ദ്രഷ്ടവ്യം.

പ്രിയംവദാ:—അലം വിചാര്യ അനിയന്ത്രണനിയോഗസ്തപസ്വിജനോ നാമ.

രാജാ:—ഇതി സഖീം തേ വിജ്ഞാതുമിച്ഛാമി.

സസ്മിതം=പുഞ്ചിരിയോടുകൂടി. ശകുന്തളാം=ശകുന്തളയെ. വിലോക്യ=നോക്കിയിട്ട്. നായകാഭിമുഖീഭൂതാ=നായകന് അഭിമുഖമായി ഭവിച്ച് (നിന്ന്.)

കിം=എന്താണ്. പുനരപി=വീണ്ടും. ആര്യഃ=ആര്യൻ. വക്തുകാമഃ ഇവ= എന്തോ പറയുന്നതിന് ആഗ്രഹിക്കുംപോലെ. ശകുന്തളാ. സഖീം=സഖിയെ. അങ്ഗുല്യാ=വിരലാൽ. തർജയതി=പേടിപ്പെടുത്തുന്നു; നോക്കിക്കോ എന്ന ആംഗ്യം കാട്ടുന്നു.

ഭവത്യാ=ഭവതിയാൽ. സമ്യക്=നല്ലപോലെ, ശരിയായി. ഉപലക്ഷിതം= തോന്നപ്പെട്ടു. (ഭവതിക്ക് തോന്നിയതു് ശരിയാണ്.) സച്ചരിതശ്രവണലോഭാത്= സത്തായ ചരിതത്തെ ശ്രവിക്കുന്ന ആഗ്രഹം ഹേതുവായി. അന്യത്=മററൊന്ന് (കൂടി) ദ്രഷ്ടവ്യം അസ്തി=കാണേണ്ടതായുണ്ട്.

അലം=മതി. വിചാര്യ=വിചാരിച്ചിട്ട്. വിചാരിച്ചതുമതി (മടിക്കേണ്ട) തപസ്വിജനഃ നാമ=തപസ്വിജനം എന്നതു്. അനിയന്ത്രിതനിയോഗഃ=നിയന്ത്രിതമായ നിയോഗത്തോടുകൂടിയതല്ല. തടവുകൂടാതെ ചോദിക്കാമെന്നുള്ളവരാണ്.

ഇതി=എന്ന് (ഇങ്ങിനെ) തേ സഖീം=നിൻെറ സഖിയെ. വിജ്ഞാതും=അറിയിക്കുന്നതിന്. ഇച്ഛാമി=ഇച്ഛിക്കുന്നു.

സസ്മിതം—അനസൂയയുടെ പുഞ്ചിരിക്ക് കാരണം ശകുന്തളയുടെ അനുരാഗപരവശമായ നിലയും രാജാവിന് അവളെപ്പററി കൂടുതൽ അറിയേണ്ട ആവശ്യം നേരിടുന്നതിൽ തോന്നുന്ന രസവും ആണ്.

വക്തുകാമഃ—തുംപ്രത്യയാന്തമായ അവ്യയത്തോടുകൂടെ 'കാമ' എന്ന പദം ചേൎക്കുമ്പോൾ അനുസ്വാരം ലോപിച്ച് ഒററപ്പദമായിത്തീരുന്നു. ഗന്തും കാമഃ=ഗന്തുകാമഃ. ഭോക്തും കാമഃ=ഭോക്തുകാമഃ.

വൈഖാനസം കിമനയാ വ്രതമാപ്രദാനാ-
ദ്വ്യാപാരരോധി മദനസ്യ നിഷേവിതവ്യം
അത്യന്തമേവ മദിരേക്ഷണവല്ലഭാഭി-
രാഹോ നിവത്സ്യതി സമം ഹരിണാങ്ഗനാഭിഃ. 23

അനയാ=ഇവളാൽ, ഈ ശകുന്തളയാൽ. മദനസ്യ=മദനൻെറ, മദിപ്പിക്കുന്നവൻെറ (മന്മഥൻെറ.) വ്യാപാരരോധി=വ്യാപാരത്തെ നിരോധിക്കുന്ന—മനസ്സിൻെറ കാമസുഖോദ്ദേശ്യങ്ങളായ വ്യാപാരങ്ങളെ തടുക്കുന്ന. വൈഖാനസം വ്രതം=വൈഖാനസവ്രതം—തപസ്വിവൃത്തിപോലുള്ള ഒരു അനുഷ്ഠാനംകൊണ്ടുള്ള ജീവിതം. ആപ്രദാനാത്=പ്രദാനംവരെ, പ്രകർഷേണയുള്ള ദാനംവരെ—അതായതു് അനുരൂപനായ വരന് ഇവളെ ദാനംചെയ്യുന്നതുവരെ. കിം നിഷേവിതവ്യം=സേവിക്കപ്പെടേണ്ടതാണോ?

അനുരൂപനായ ഒരു വരന്ന് ഇവളെ നൽകുന്നതുവരെ മാത്രമേയുള്ളോ ഈ തപസ്വിജീവിതം?

ആഹോ=അഥവാ (അല്ലാത്തപക്ഷം) മദിരേക്ഷണവല്ലഭാഭിഃ=മദിരങ്ങളായ, ആഹ്ളാദകരങ്ങളായ ഈക്ഷണങ്ങൾകൊണ്ട്, ലോചനങ്ങൾകൊണ്ട് അഥവാ നോട്ടങ്ങൾകൊണ്ട് വല്ലഭകളായ (സാമാന്യമായി തപസ്വികളുടെ) പ്രിയകളായ. ഹരിണാങ്ഗനാഭിഃ സമം=ഹരിണാങ്ഗനകളോട്, മാൻപേടകളോടുകൂടി. ആത്യന്തം=ആത്യന്തം, ജീവാവസാനംവരെ. ആഹോ നിവത്സ്യതി=നിവസിക്കാൻ ഒരുങ്ങിയിരിക്കയാണോ?

അതോ ജീവാവസാനംവരെ, സ്വലോചനസാമ്യമുള്ള നോട്ടങ്ങളോടുകൂടിയ മാൻപേടകളുമായാണോ കഴിഞ്ഞുകൂടാൻ നിശ്ചയിച്ചിരിക്കുന്നത്?

ഇവിടെ രാജാവിന്ന് രണ്ടുസംഗതി അറിയേണ്ടിയിരിക്കുന്നു. ഒന്നാമതായി ശകുന്തള തപസ്വികന്യാജീവിതം അവലംബിച്ചിരിക്കുന്നത് ഒരു അനുരൂപവരപ്രാപ്തിവരേയുള്ളോ എന്നത്. രണ്ടാമത് ഇവൾ വല്ല താപസന്മാരുടേയും പ്രിയതമയാവാനാണോ ഉദ്ദേശിച്ചിരിക്കുന്നത് എന്നാണ്. ചുരുക്കത്തിൽ ക്ഷത്രിയപരിഗ്രഹത്തിന്ന സാധിക്കുന്നതാണോ എന്നേ രാജാവിന്ന് അറിയേണ്ടു.

അലങ്കാരം—പരികരം.

പ്രിയംവദാ:—ആര്യ്യ, ധർമ്മാചരണേ ऽപി പരവശോ ऽയം ജനഃ.
ഗുരോഃ പുനരനുരൂപവരപ്രദാനേ സങ്കല്പഃ.

രാജാ:—ദുരാപേയം ഖലു പ്രാർത്ഥനാ. (സ്വഗതം)
ഭവ ഹൃദയ! സാഭിലാഷം സമ്പ്രതി സന്ദേഹനിർണ്ണയോ ജാതഃ
ആശങ്കസേ യദഗ്നിം തദിദം സ്പർശക്ഷമം രത്നമ്. 24

ആര്യ്യ=ആര്യ്യ. ധർമ്മാചരണേ അപി=ധർമ്മാചരണത്തിൽക്കൂടിയും. അയം ജനഃ=ഈ ജനം (ശകുന്തളയും സഖിമാരും) പരവശഃ=അന്യാധീനമാണ്. ധർമ്മാചരണങ്ങളായ തപോനുഷ്ഠാനവിധാനങ്ങളിൽപ്പോലും ഞങ്ങൾക്കു സ്വാതന്ത്ര്യമില്ല. (പിന്നെയാണോ കാമാചരണത്തിൽ എന്നു സാരം.) ഗുരോഃ പുനഃ=ഗുരുവിന്നാകട്ടെ. അനുരൂപവരപ്രദാനേ= ഇ ശകുന്തളയ്ക്കു) അനുരൂപനായ വരനെ പ്രദാനംചെയ്യുന്നതിൽ. സങ്കല്പഃ=നിശ്ചയം (ഉണ്ട്). താതകണ്വന്റെ അഭിപ്രായം ഇവളെ അനുരൂപനായ വരനായിട്ട് ദാനംചെയ്യണമെന്നാണ്.

ഇയം പ്രാർത്ഥനാ=ഈ പ്രാർത്ഥന. (അനുരൂപവരനെ ലഭിക്കണമെന്നുള്ള ഈ ഉദ്ദേശ്യം.) ദുരാപാ ഖലു=ദുരാപയാണല്ലോ, സാധിക്കത്തക്കതല്ലല്ലോ. (ശകുന്തളയുടെ അനിതരസാധാരണമായ ഈ സൌന്ദര്യ്യസമൃദ്ധികണ്ട് അവൾക്കു അനുരൂപനായ വരനെ ലഭിക്കുന്നകാര്യ്യം കേവലം അസാദ്ധ്യമാണെന്ന് നിഷ്പക്ഷപാതിയുടെ നിലയിൽ രാജാവു് പറയുകയാണ്.) എന്നാലും അദ്ദേഹത്തിന്റെ മുൻപുള്ള സംശയങ്ങൾ തീർന്നതിനാൽ തന്നെത്താൻ പറയുന്നു:—

ഹൃദയ!=അല്ലയോ ഹൃദയമേ! സാഭിലാഷം ഭവ=അഭിലാഷത്തോടുകൂടിയതായി ഭവിച്ചാലും. സമ്പ്രതി=ഇപ്പോൾ. സന്ദേഹനിർണ്ണയഃ=സന്ദേഹം സംബന്ധിച്ച നിശ്ചയം. ജാതഃ=ഉണ്ടായി. യദ്=യാതൊന്നിനെയാണോ. അഗ്നിം=അഗ്നിയായി. ആശങ്കസേ=നി ശങ്കിക്കുന്നു. തത് ഇദം=ആ ഇതു്. സ്പർശക്ഷമം=തൊടാൻ സാധിക്കുന്നതായ. രത്നം=രത്നംതന്നെയാണ്.

മുനികന്യകയായതിനാൽ അഗമ്യയാണെന്നു വിചാരിച്ച ശകുന്തള ക്ഷത്രകന്യകയാണെന്നുതന്നെ മനസ്സിലായിരിക്കുന്നു.

അലംകാരം—അപ്രസ്തുതപ്രശംസാ.

പ്രിയംവദയുടെ വാക്കിനാൽ രസക്ഷയംഭാവിച്ച ശകുന്തള പറയുകയാണ്:—

ശകുന്തളാ:—അനസൂയേ, ഗമിഷ്യാമ്യഹമ്.

അന:—കിം നിമിത്തമ്?

ശകുന്തളാ:—ഇമാമസംബന്ധപ്രലാപിനീം പ്രിയംവദാം ആര്യ്യായൈ ഗൗതമ്യൈ നിവേദയിതുമ്.

അന:—സഖീ! ന യുക്തമകൃതസത്കാരമതിഥിവിശേഷമുജ്ഝിത്വാ ആശ്രമവാസിനോ ജനസ്യ സ്വച്ഛന്ദതോ ഗമനമ്.

(ശകുന്തളാ കുപിതാ പ്രസ്ഥിതാ)

അനസൂയേ, അഹം=ഞാൻ. ഗമിഷ്യാമി=പോകാൻപോകുന്നു.

കിം നിമിത്തം=കാരണം?

അസംബന്ധപ്രലാപിനീം=അസംബന്ധമായി പ്രലപിക്കുന്ന. ഇമാം പ്രിയംവദാം=ഈ പ്രിയംവദയെ. ആര്യ്യായൈ ഗൗതമ്യൈ=ആര്യ്യയായ ഗൗതമിക്കായിക്കൊണ്ട്. നിവേദയിതും=അറിയിക്കുന്നതിന് (ഈ പ്രിയംവദ അസംബന്ധം സംസാരിക്കുന്നതു് ആര്യ്യഗൗതമിയോടു ചെന്നറിയിക്കാൻ.)

[ഇവിടെ നായകനു് ഉണ്ടായിരുന്ന രതി (ശൃംഗാരരസത്തിന്റെ സ്ഥായീഭാവത്തെ) അത്യുൽകൃഷ്ടമായി കാണിച്ചതിനുശേഷം നായികയിലുള്ള രതിയെ കവി പ്രകാശിപ്പിക്കയാണു്. പ്രണയകോപം ശകുന്തളയ്ക്കു തോന്നാൻ കാരണം ഭർത്താവു വരേണ്ട കാര്യ്യങ്ങളെപ്പററി പ്രതിപാദിച്ചതിനാലുണ്ടായ ലജ്ജയാണു്. ഇപ്രകാരം ശകുന്തള പോകേണ്ടതിനുള്ള കാരണം നല്ലപോലെ അറിയാമായിരുന്നിട്ടും അനസൂയ കാരണമെന്തെന്നു ചോദിക്കുന്നു. ഗൗതമിയോടു പ്രിയംവദയെപ്പററി ആവലാതിപ്പെടാൻ എന്നു ശകുന്തളയും.]

ഗൗതമി—ശകുന്തള മാതൃസ്ഥാനത്തിൽ കരുതിയിരിക്കുന്നവളും കണ്വന്റെ സഹോദരിയുമായ ഒരു വൃദ്ധതപസ്വിനി.

സഖി, അകൃതസത്കാരം=കൃതസൽക്കാരനല്ലാത്ത (സൽക്കാരം വേണ്ടപോലെ ചെയ്യാത്ത). അതിഥിവിശേഷം=വിശിഷ്ടാതിഥിയെ. ഉജ്ഝിത്വാ=വിട്ടു്. സ്വച്ഛന്ദതഃ ഗമനം=തോന്നിയപോലുള്ള പോക്കു്. ആശ്രമവാസിനഃ ജനസ്യ=ആശ്രമവാസിയായ ജനത്തിനു്. ന യുക്തം=യുക്തമല്ല, യോജിച്ചതല്ല.

ശകുന്തളാ, കുപിതാ=കുപിതയായി. പ്രസ്ഥിതാ=പുറപ്പെട്ടു.

രാജാ:—(സ്വഗതം)കഥം ഗച്ഛതി? (ഗ്രഹീതുമിച്ഛന്നിഗ്രഹ്യാത്മാനം)
അഹോ! ചേഷ്ടാപ്രതിരൂപികാ കാമിനോ മനോവൃത്തിഃ.

തഥാ ഹി:—

അനുയാസ്യൻ മുനിതനയാം സഹസാ വിനയേന വാരിതപ്രസരഃ
സ്ഥാനാദനുച്ചലന്നപി ഗത്വേവ പുനഃ പ്രതിനിവൃത്തഃ. 25

കഥം ഗച്ഛതി=കിം ഗച്ഛതി=പോകുന്നോ? (വിഷാദത്തെയും സംഭ്രമത്തെയും ദ്യോതിപ്പിക്കുന്നു.) ശകുന്തളയുടെ രൂപാമൃതപാനം എന്ന മഹോത്സവത്തിനു തടസ്സം വരുന്നതിനാൽ അവൾ പോകുന്നതിൽ രാജാവിനു വിഷാദസംഭ്രമങ്ങൾ തോന്നുന്നതാണു്.

ഗ്രഹീതും=ശകുന്തളയെ ഗ്രഹിക്കുന്നതിനു് (തടഞ്ഞുനിർത്തുന്നതിനു്) ഇച്ഛൻ=ഇച്ഛിക്കുന്നവനായിട്ടു്. ആത്മാനം=മനസ്സിനെത്തന്നെ. നിഗ്രഹ്യ=പിടിച്ചുനിർത്തിയിട്ടു്.

അഹോ!=ആശ്ചര്യ്യം. കാമിനാം=കാമിജനങ്ങളുടെ. മനോവൃത്തിഃ=ചിത്തവൃത്തി. ചേഷ്ടാപ്രതിരൂപികാ=ചേഷ്ടയ്ക്കു്, ശരീരവ്യാപാരത്തിനു് പ്രതിരൂപികയാണു്, തുല്യമാ

ണ്ട്. (കാമികന്മാരുടെ മനസ്സ് പ്രവർത്തിച്ചാൽ അതനുസരിച്ച ദേഹവും പ്രവർത്തിച്ചതു പോലെ വിചാരിച്ചുപോകുന്നു.)

തഥാ ഹി=അങ്ങിനെതന്നെയാണല്ലോ.

മുനിതനയാം=മുനിതനയയെ (ശകുന്തളയെ) അനുയാസ്യൻ=അനുയാനം ചെയ്യാൻ ആഗ്രഹിച്ച ഞാൻ (ഇവിടെ മുനിതനയാം എന്ന പ്രയോഗം സാഭിപ്രായം ആണ്. മറ്റുവല്ല യുവതിമാരെയുമല്ല അഭിലാഷത്തിനു യോജിക്കാൻ പാടില്ലാത്ത മുനികന്യകയെ) സഹസാ=പെട്ടെന്ന്. വിനയേന=വിനയത്താൽ. വാരിത പ്രസരഃ=വാരിതമായ, തടുക്കപ്പെട്ടതായ പ്രസരത്തോട്, ചലനത്തോടുകൂടി. സ്ഥാനാത്=സ്വസ്ഥാനത്തിൽനിന്നും. അനുച്ചലൻ അപി=ഉച്ചലിച്ചവനായി രിക്കുന്നില്ല (ഇളകിയില്ല) എങ്കിലും. ഗത്വാ=പോയിട്ട്. പുനഃ=പിന്നെ. പ്രതി നിവൃത്തഃ ഇവ=തിരിച്ചു വന്നതുപോലെ (ആയിത്തീർന്നിരിക്കുന്നു.)

'ഗത്വൈവ' എന്നു 'ഗതേവ'യ്ക്കു പാഠാന്തരം.

അലങ്കാരം—അർത്ഥാന്തരന്യാസം. കാവ്യലിങ്ഗവും വിരോധാഭാസവും കൂടെ ഉണ്ട്.

പ്രിയംവദാ:— (ശകുന്തളാമുപരുധ്യ) ഹലാ ന യുക്തം ഗന്തുമ്.

ശകുന്തളാ:—(സഭ്രൂഭംഗം) കിം നിമിത്തമ്?

പ്രിയംവദാ:—വൃക്ഷസേചനേ മേ ദ്വേ ധാരയസി. സിഞ്ച. ഏഹി താവത്. ആത്മാനം മോചയിത്വാ തതോ ഗമിഷ്യസി.

(ഇതി ബലാദേനാം നിവർത്തയതി)

രാജാ:—ഭദ്രേ വൃക്ഷസേചനാദേവ പരിശ്രാന്താമത്രഭവതീം ലക്ഷയേ. തഥാ ഹി—

ശകുന്തളാം=ശകുന്തളയെ. ഉപരുധ്യ=ഉപരോധനം ചെയ്തു, തടുത്തു. ഹലാ=സഖീ. ന യുക്തം ഗന്തും=പോകാൻ പാടുള്ളതല്ല. സഭ്രൂഭംഗം=ഭ്രൂക്കളുടെ ഭംഗത്തോട്, വെട്ടോടുകൂടി. കിം നിമിത്തം=കാരണം?

വൃക്ഷസേചനേ=വൃക്ഷസേചനത്തിൽ. മേ=എനിക്കായിക്കൊണ്ട്. ദ്വേ= രണ്ടുകുടം വെള്ളം. ധാരയസി=നീ തരാനുണ്ട്. നീ എനിക്കു രണ്ടുകുടം വെള്ളം കടം വീട്ടേണ്ടതായുണ്ട്. സിഞ്ച=നനയ്ക്കു, ആ കടം വീട്ടു. ഏഹി താവത് = ഇങ്ങോട്ടു വരു. ആത്മാനം=തന്നെ. മോചയിത്വാ=വിടുവിച്ച് (കടത്തിൽ നിന്നും) തതഃ=അനന്തരം. ഗമിഷ്യസി=പൊയ്ക്കൊള്ളാം.

ഇതി=എന്ന്. ബലാത്=ബലാൽക്കാരമായി. ഏനാം=ഇവളെ. നിവർത്തയതി=പിൻതിരിപ്പിക്കുന്നു.

പ്രിയംവദയുടെ ഈ സൂത്രം ശകുന്തളയെ അവിടെ കുറേനേരംകൂടെ നിർത്തുന്നതിലേക്കായിരുന്നു. ഇതുമൂലം കവിക്കു നായികാരൂപത്തെ ആശ്രയിച്ചുനില്ക്കുന്ന നായകന്റെ അനുരാഗം വർദ്ധിപ്പിക്കുന്നതിനും നായകന്റെ മോതിരം കൊടുപ്പിക്കുന്നതിനും ഒരു സൗകര്യമായി ലഭിക്കുന്നു. പ്രിയംവദ പറഞ്ഞതു ശകുന്തള വകവയ്ക്കാതെ പോകാൻ ആരംഭിച്ചതുകൊണ്ടായിരിക്കണം തടഞ്ഞുനിർത്തിയതു്.

ഭദ്രേ!=അല്ലയോ ഭദ്രേ. വൃക്ഷസേചനാത് ഏവ=വൃക്ഷസേചനം ഹേതുവായിട്ടുതന്നെ പരിശ്രാന്താം=ക്ഷീണിച്ചവളായി. അത്രഭവതീം=ഈ മാന്യകന്യകയെ. ലക്ഷയേ=ലക്ഷണങ്ങൾകൊണ്ടു കാണുന്നു.

ആ ലക്ഷണങ്ങളാവട്ടെ താഴെക്കാണുന്ന പ്രകാരത്തിലാണ്:—

സ്രസ്താംസാവതിമാത്രലോഹിതതലൌ ബാഹൂ ഘടോത്ക്ഷേപണാ-
ദദ്യാപി സ്തനവേപഥും ജനയതി ശ്വാസഃ പ്രമാണാധികഃ
ബദ്ധം കർണ്ണശിരീഷരോധി വദനേ ഘർമ്മാംഭസാം ജാലകം
ബന്ധേ സ്രംസിനി ചൈകഹസ്തയമിതാഃ പര്യാകുലാ മൂർദ്ധജാഃ 26

ഘടോത്ക്ഷേപണാത്=ഘടത്തിൻെറ ഉത്ക്ഷേപണം ഹേതുവായി, പൊക്കിയെടുപ്പുകൊണ്ട്. ബാഹൂ=രണ്ടുകൈകളും. സ്രസ്താംസൌ=സ്രസ്തങ്ങളായ, താണവകളായ അംസങ്ങളോട്, തോളുകളോടും. അതിമാത്രലോഹിതതലൌ=അതിമാത്രം, ഏററവും ലോഹിതങ്ങളായ, ചുവന്നവകളായ തലങ്ങളോടും, ഉള്ളംകൈകളോടുംകൂടിയവയായിരിക്കുന്നു. അദ്യാപി=ഇപ്പോഴും. പ്രമാണാധികഃ=സാധാരണ അളവിനെ അതിക്രമിച്ചതായ. ശ്വാസഃ=ശ്വാസം. സ്തനവേപഥും=സ്തനങ്ങൾക്കു വേപഥുവിനെ, ഇളക്കത്തെ. ജനയതി=ഉണ്ടാക്കുന്നു. വദനേ=വദനത്തിൽ. ഘർമ്മാംഭസാം=ഘർമ്മാംഭസ്സുകളുടെ, വിയർപ്പുതുള്ളികളുടെ. ജാലകം=കൂട്ടം. കർണ്ണശിരീഷരോധി=കർണ്ണാലങ്കാരമായ ശിരീഷകുസുമത്തെ ആക്രമിക്കുന്നതായി. ബദ്ധം=കൂടിയിരിക്കുന്നു. (ഇനിയും) (കേശം) ബന്ധേ=ബന്ധം. (കാർകുഴൽക്കെട്ട്) സ്രംസിനി=സ്രംസിച്ചതായിരിക്കെ. അഴിഞ്ഞതായിരിക്കെ. മൂർദ്ധജാഃ=തലമുടികൾ. ഏകഹസ്തയമിതാഃ=ഏകഹസ്തത്താൽ, ഒററക്കരത്താൽ യമിതങ്ങളായി, കെട്ടപ്പെട്ടവകളായി. പര്യാകുലാഃ=ചിന്നിച്ചിതറിയവകളായുമിരിക്കുന്നു.

കുടം എടുത്തുപൊക്കുകയാൽ ഏററവും ചുവന്ന കൈത്തലങ്ങളോടുകൂടിയവയും, താണ തോളുകളോടുകൂടിയവയും ആയിരിക്കുന്ന ബാഹുക്കൾ, ഉള്ളിലെ വീർപ്പുകൊണ്ട് സ്തനങ്ങളെപ്പോലും തുടിപ്പിക്കുന്നതായ നെഞ്ചിടി, വിയർപ്പുകൊണ്ടുണ്ടായി കാതിൽ ഭൂഷണമാക്കിയിരിക്കുന്ന വാകപ്പൂവിനേയും തടയുന്നവയായ വേർപ്പുതുള്ളികൾ, ഒററക്കൈമാത്രംകൊണ്ടു കെട്ടുകയാൽ കെട്ടായ്കയാതെ ചിന്നിച്ചിതറിയിരിക്കുന്ന കാർകുഴൽ എന്നിവകൊണ്ട് (ഇവൾ ഏററവും ക്ഷീണിച്ചവളായി കാണപ്പെടുന്നു.)

ഇക്കാരണത്താൽ ദയാർദ്രനായ രാജാവാകട്ടെ അവളുടെ കടം വീട്ടുന്നതിന്ന് ഉദ്യമിച്ചു പറയുന്നു:—

തദഹമേനാമനൃണാം കരോമി.

(അംഗുലീയകം ദാതുമിച്ഛതി)

(ഉഭേ നാമമുദ്രാക്ഷരാണ്യനുവാച്യ പരസ്പരം വിലോകയതഃ)

രാജാ:—അലമസ്മാനന്യഥാ സംഭാവ്യ. രാജ്ഞഃ പരിഗ്രഹോഽയമ്.

പ്രിയംവദാ:—തേന ഹി നാർഹത്യേതദംഗുലീവിയോഗസ്യ. തവ വചനേനൈവാനൃണാ നാമൈഷാ. ഹലാ ശകുന്തളേ, മോചിതാസ്യനുകമ്പിനാര്യേണ, അഥവാ മഹാരാജേന, ഗച്ഛേദാനീമ്.

തത്=അതുകൊണ്ട്. (ഇങ്ങനെ ഇനിയും അവൾ സേചനകർമ്മത്തിന്ന അശക്തയാവുകകൊണ്ട്) ഏനാം=ഇവളെ. അനൃണാം=ഋണരഹിതയാക്കി, കടമില്ലാത്തവളാക്കി. കരോമി=ചെയ്യുന്നു, (ചെയ്യാം.) ഞാൻ ഇവളുടെ കടം വീട്ടാം.

അങ്ഗുലീയകം=മോതിരം. ദാതും=കൊടുക്കുന്നതിന്ന്. ഇച്ഛതി=ആഗ്രഹിക്കുന്നു.

ഉഭേ=രണ്ടുപേരും (സഖികൾ) നാമമുദ്രാക്ഷരാണി=നാമമുദ്രയിലുള്ള അക്ഷരങ്ങളെ. അനുവാച്യ=വായിച്ച്. പരസ്പരം=തമ്മിൽ. വിലോകയതഃ=നോക്കുന്നു.

അസ്മാൻ=ഞങ്ങളെ (നമ്മെ) അന്യഥാ=മറെറാരു പ്രകാരത്തിൽ. സംഭാവ്യ [illegible] പ്രകാരത്തിൽ വിചാരിക്കേണ്ട, ഞാൻ രാജ

നിയുക്തനായ ഒരുവൻതന്നെയാണ്.) അയം=ഈ മോതിരം. രാജ്ഞഃ=രാജാവിൽ നിന്നും(ലഭിച്ച) പരിഗ്രഹഃ=ദത്തം (ആണ്) രാജകീയപുരുഷൻ എന്ന അധികാരത്തിന്ന് രാജാവ് കല്പിച്ചതന്നതാണ് ഈ മോതിരം.

തേന ഹി=അതുകൊണ്ടുതന്നെയാണല്ലോ. ഏതത്=ഇത്. അംഗുലീവിയോഗസ്യ=വിരലുകളിൽനിന്ന് വേർപെടുന്നതിന്ന്. ന അർഹതി=യോജിക്കുന്നില്ല. ഏഷാ=ഇവൾ. തവ=അങ്ങയുടെ. വചനേന ഏവ=വാക്കിനാൽതന്നെ. അനൃണാ=കടം വീട്ടിയവളായി. ഹേ ശകുന്തളേ, അനുകമ്പിനാ=ദയാവാനായ. ആര്യേണ=ആര്യനാൽ. മോചിതാ അസി=നീ മോചിക്കപ്പെട്ടവളായിരിക്കുന്നു. അഥവാ=അല്ലെങ്കിൽ. മഹാരാജേന=മഹാരാജാവിനാൽ മോചിക്കപ്പെട്ടവളായി. ഉടജം=പർണ്ണശാലയെ. ഗച്ഛ=ഗമിച്ചാലും.

ശകുന്തളാ:—(സ്വഗതം) യദ്യാത്മനഃ പ്രഭവിഷ്യാമി. (പ്രകാശം) കാ
 ത്വം വിസ്രഷ്ടവ്യസ്യ വാ രോദ്ധവ്യസ്യ വാ?

രാജാ:—(ശകുന്തളാം വിലോക്യ സ്വഗതം) കിം നു ഖലു യഥാ വയമസ്യാം ഏവമിയമപ്യസ്മാൻ പ്രതി സ്യാത്. അഥവാ, ലബ്ധാവകാശാ മേ പ്രാർത്ഥനാ. കുതഃ,

ആത്മനഃ=മനസ്സിന്ന്. പ്രഭവിഷ്യാമി യദി=ശക്തിയുണ്ടാകുമായിരുന്നെങ്കിൽ (എന്റെ മനസ്സിന്ന് ഇവിടം വിട്ടുപോകുന്നതിന്നുതക്ക ശക്തിയുണ്ടായിരുന്നെങ്കിൽ പോകാമായിരുന്നു) നായകനിൽ സക്തചിത്തയായ ശകുന്തളയ്ക്ക് അവിടം വിട്ടുപോകുന്നതിന്ന് തീരെ മനസ്സില്ലാ എങ്കിലും, മുൻപേ പറഞ്ഞതനുസരിച്ച് പോകാതെയും നിവൃത്തിയില്ല. ഇതത്രേ ആത്മഗതത്താൽ പ്രകാശിക്കുന്നത്. എന്നാൽ ഈ വസ്തുത വെളിക്കു കാട്ടാതെ പറയുകയാണ്:—

വിസ്രഷ്ടവ്യസ്യ വാ=വിസൃഷ്ടമായി എന്ന നിലയ്ക്കോ. രോദ്ധവ്യസ്യ വാ=തടുത്തു നിറുത്തുക എന്ന നിലയ്ക്കോ. കാ ത്വം=നീ ആരാണ്? (നിൽക്കാനും പോവാനും പറയാൻ നീ ആരാണ്?)

ശകുന്തളാം=ശകുന്തളയെ. വിലോക്യ=കണ്ടിട്ട്, നോക്കിയിട്ട്. സ്വഗതം=ആത്മഗതം

യഥാ=ഏതൊരുപ്രകാരത്തിൽ (ഏതൊരു ആഗ്രഹത്താലാണോ) വയം=നാം. അസ്യാം=ഇവളിൽ. (ദൃഢാനുരാഗനായിത്തീർന്നിരിക്കുന്നുവോ) ഏവം=ഇപ്രകാരം. ഇയം അപി=ഇവളും. അസ്മാൻപ്രതി=നമ്മെക്കുറിച്ചും. കിം നു ഖലു സ്യാത്=ഇരിക്കുമെങ്കിലോ? (ഞാൻ ഇവളോടു അനുരാഗപരവശനായിത്തീർന്നിരിക്കുംപോലെ ഇവൾക്കും എന്നോടു തുല്യമായ അനുരാഗം ഉണ്ടായിരിക്കുമോ?)

അഥവാ=അല്ലെങ്കിൽ. മേ=എന്റെ. പ്രാർത്ഥനാ=അനുരാഗം. ലബ്ധാവകാശാ=ലബ്ധമായ അവകാശത്തോടുകൂടിയതായി, ഇടയുള്ളതായിത്തന്നെ ഇരിക്കും.

കുതഃ=എന്തുകൊണ്ടെന്നാൽ.

ശകുന്തളയ്ക്കു രാജാവിനോടു തുല്യമായ അനുരാഗം ഉണ്ടെന്ന് ഊഹിക്കുന്നതിന്നു തക്ക കാരണങ്ങൾ അല്ലേഹംതന്നെ കാണുകയാണ്:—

വാചം ന മിശ്രയതി യദ്യപി മേ വചോഭിഃ
കർണ്ണം ദദാത്യഭിമുഖം മയി ഭാഷമാണേ
കാമം ന തിഷ്ഠതി മദാനനസമ്മുഖീനാ
ഭൂയിഷ്ഠമന്യവിഷയാ ന തു ദൃഷ്ടിരസ്യാഃ. 27

(ഇയം) ഈ ശകുന്തള. മേ=എന്റെ. വചോഭിഃ=വചനങ്ങളോട്, വാക്കുകളോട്. വാചം=തന്റെ വാക്കിനെ. യദ്യപി ന മിശ്രയതി=കൂട്ടിക്കലർത്തുന്നില്ലെങ്കിലും.

മയി=(എന്നിൽ) ഞാൻ. ഭാഷമാണേ സതി=ഭാഷമാണനായിരിക്കുമ്പോൾ. അഭിമുഖം=അഭിമുഖമായി. കർണ്ണം ദദാതി=ചെവിയെ തരുന്നുണ്ടു്.

മദാനനസമ്മുഖീനാ=മദാനനത്തോടു്, എന്റെ മുഖത്തോടു് സമ്മുഖീനയായിട്ടു്, അഭിമുഖമായിട്ടു്. കാമം=ഏററവും (കുറേനേരത്തേക്കു്.) ന തിഷ്ഠതി=നിൽക്കുന്നില്ല. യദ്യപി=എങ്കിലും. അസ്യാഃ=ഇവളുടെ. ദൃഷ്ടിഃ=ദൃഷ്ടി അഥവാ നോട്ടം. ഭൂയിഷ്ഠം=ഏററവും; കുറെ അധികം നേരത്തേക്കു് (മിക്കസമയവും) ന തു അന്യവിഷയാ=അന്യവിഷയമായിരിക്കുന്നില്ലല്ലോ—മറെറാരു വിഷയത്തിലേക്കു പോകുന്നില്ലല്ലോ.

അവൾ ഞാൻ പറയുന്നതുകേട്ടു യാതൊന്നുംതന്നെ മറുപടി പറയുന്നില്ല എങ്കിലും ഞാൻ സംസാരിക്കുന്നതൊക്കെ അവൾ നല്ലപോലെ ശ്രദ്ധിക്കുന്നുണ്ടു്. അവൾ എന്റെ അഭിമുഖമായി കുറേ അധികംനേരം നിൽക്കുന്നില്ല എന്നുതന്നെ സമ്മതിക്കാം. എന്നാലും, മിക്കവാറും അവളുടെ നോട്ടം മററു യാതൊരുവിഷയത്തിലും പ്രവേശിക്കുന്നില്ല.

ഇവിടെ നായകന്റെ സംഭാഷണത്തിൽ നായിക ചെവികൊടുക്കുന്നതും, അവളുടെ നോട്ടം മറെറങ്ങും പതിക്കാതിരിക്കുന്നതും അനുരാഗപാരവശ്യത്താലാണു്. അതുകൊണ്ടത്രേ തനിക്കു ആശയ്ക്കു വകയുണ്ടെന്നു രാജാവു വിചാരിച്ചു സമാധാനപ്പെടുക.

ഇങ്ങിനെ നായികാനായകന്മാരുടെ അനുരാഗം വ്യക്തമായതിനുശേഷം നായകനു തിരിയെപ്പോകാനുള്ള സമയമായി എന്ന സംഗതി കവി പ്രസ്താവിക്കുന്നു:—

(ആകാശേ)

ഭോസ്തപസ്വിനസ്സന്നിഹിതാസ്തപോവനസത്വരക്ഷായൈ ഭവത. പ്രത്യാസന്നഃ കില മൃഗയാവിഹാരീ ദുഷ്ഷന്തഃ.

തുരഗഖുരഹതസ്തഥാ ഹി രേണു-
ർവിടപവിഷക്തജലാർദ്രവല്കലേഷു
പതതി പരിണതാരുണപ്രകാശ-
ശ്ശലഭസമൂഹ ഇവാശ്രമദ്രുമേഷു. 28

ആകാശേ=ആകാശത്തിൽ. "നൈപഥ്യേ" എന്നു പാഠഭേദം.

ഭോഃ=അല്ലയോ. തപസ്വിനഃ=തപസ്വികളേ, താപസന്മാരേ. തപോവനസത്വരക്ഷായൈ=തപോവനത്തിലെ സത്വങ്ങളുടെ, ജീവജന്തുക്കളുടെ രക്ഷയ്ക്കായി. സന്നിഹിതാഃ ഭവത=ശ്രദ്ധയുള്ളവരായിത്തീന്നാലും. മൃഗയാവിഹാരീ=നായാട്ടിൽ കൗതുകത്തോടുകൂടി. ദുഷ്ഷന്തഃ=ദുഷ്ഷന്തമഹാരാജാവു്. പ്രത്യാസന്നഃ കില=അടുത്തുവന്നിരിക്കുന്നുവല്ലോ.

തഥാ ഹി=അപ്രകാരം. തുരഗഖുരഹതഃ=തുരഗങ്ങളുടെ, കുതിരകളുടെ ഖുരങ്ങളാൽ, കുളമ്പുകളാൽ ഹതമായ, അടിക്കപ്പെട്ടതായ (കുളമ്പടിയിൽനിന്നുണ്ടായ) പരിണതാരുണപ്രകാശഃ=പരിണതനായ, അസ്തമിക്കാറായ അരുണന്റെ, സൂര്യന്റെ പ്രകാശംപോലുള്ള. രേണുഃ=പൊടി. വിടപവിഷക്തജലാർദ്രവല്കലേഷു=വിടപങ്ങളിൽ (വൃക്ഷങ്ങളിൽ വിഷക്തങ്ങളായി, വിശേഷേണസക്തങ്ങളായി, പററിച്ചേന്നു കളാന്തി (ഉണക്കാൻ ഇട്ടിരിക്കകൊണ്ടു്) ജലാർദ്രങ്ങളായ വൽക്കലങ്ങളോടുകൂടിയ. ആശ്രമദ്രുമേഷു=ആശ്രമവൃക്ഷങ്ങളിൽ. ശലഭസമൂഹഃ ഇവ=മിന്നാമിനുങ്ങുകളുടെ കൂട്ടംപോലെ. പതതി=പതിക്കുന്നു.

കുതിരകളുടെ കുളമ്പടിയിൽനിന്നുണ്ടായ രേണുക്കൾ അസ്തമയസൂര്യന്റെ ചെങ്കതിർപ്രഭയോടുകൂടി മരവുരിതോരാനായി ഇട്ടിട്ടുള്ള വൃക്ഷങ്ങളുടെ മേൽ മിന്നാമിനുങ്ങുകൾപോലെ അതാ പതിക്കുന്നു.

അലങ്കാരം— ഉപമാ.

പിന്നെ വർണ്ണിക്കുന്നു:—

അപി ച,

തീവ്രാഘാതപ്രതിഹതതരുഃ സ്കന്ധലഗ്നൈകദന്തഃ
പ്രൗഢാകൃഷ്ടവ്രതതിവലയാസംഗസംജാതപാശഃ
മൂർത്തോ വിഘ്നസ്തപസ ഇവ നോ ഭിന്നസാരംഗയൂഥോ
ധർമ്മാരണ്യം വ്രജതി ച ഗജഃ സ്യന്ദനാലോകഭീതഃ. 29

തീവ്രാഘാതപ്രതിഹതതരുഃ=തീവ്രമായ, കഠിനമായ ആഘാതത്താൽ, സംഘട്ടനത്താൽ, തട്ടിനാൽ പ്രതിഹതമായ, താഴെ വീഴ്ത്തപ്പെട്ട തരുവോടും സ്കന്ധലഗ്നൈകദന്തഃ=സ്കന്ധത്തിൽ ലഗ്നമായ ഏകദന്തത്തോട്, ഒററക്കൊമ്പോടു കൂടിയതും. പ്രൗഢാകൃഷ്ടവ്രതതിവലയാസംഗസംജാതപാശഃ=പ്രൗഢമായി ആകൃഷ്ടമായ, വലിക്കപ്പെട്ടതായ വ്രതതികളുടെ, വല്ലികളുടെ വലയത്തിൻെറ, വളവിൻെറ ആസംഗത്താൽ, ചുററലാൽ സംജാതമായ, ഉണ്ടാക്കപ്പെട്ട പാശത്തോട്, കയറോടു കൂടിയതും. ഭിന്നസാരംഗയൂഥഃ=ഭിന്നമായ, ഭിന്നിച്ചതായ സാരംഗയൂഥത്തോട്, മാൻകിടാങ്ങളുടെ കൂട്ടത്തോടുകൂടിയതും. സ്യന്ദനാലോകഭീതഃ=സ്യന്ദനത്തിൻെറ, തേരിൻെറ ആലോകത്താൽ, കാഴ്ചയാൽ ഭീതമായതും, ഭയപ്പെട്ടതുമായ. ഗജഃ=ആന. നഃ=നമ്മുടെ. തപസഃ=തപസ്സിന്. മൂർത്തഃ=പ്രത്യക്ഷമായ. വിഘ്നഃ ഇവ=വിഘ്നംപോലെ. ധർമ്മാരണ്യം=ധർമ്മാരണ്യത്തെ. വ്രജതി=പ്രവേശിക്കുന്നു.

തേരുകണ്ടതിനാൽ ഭയപ്പെട്ട് ഇളകി ഭയങ്കരങ്ങളായ തട്ടുകളാൽ മരങ്ങളുടെ കൊമ്പുകളെപ്പോലും ഭിന്നിപ്പിച്ചും, മരത്തിൻെറ കവരത്തിൽ തറച്ച ഒററക്കൊമ്പോടും, കാൽവഴി ചുററിക്കിടക്കുന്നതായ വളഞ്ഞ വല്ലിക്കൂട്ടത്താൽ ഉള്ള ഉപദ്രവം സഹിച്ചും മാൻകൂട്ടങ്ങളെ ആകെ കൂട്ടംവിട്ട് ഓടിക്കുന്നതിന് കാരണമാക്കിയും ഒരു ആന നമ്മുടെ തപോവിഘ്നം ഉടലാന്നപോലെ ഇതാ ധർമ്മാരണ്യത്തിൽ പ്രവേശിക്കുന്നു.

അലങ്കാരം—ഉൽപ്രേക്ഷ.

തീവ്രാഘാതപ്രതിഹതതരുസ്കന്ധലഗ്നൈകദന്തഃ എന്ന് ഒററപ്പദമായിട്ടും പാഠഭേദമുണ്ട്. ആ പാഠത്തിൽ അർത്ഥം, തീവ്രമായ ആഘാതത്താൽ പ്രതിഹതമായ തരുവിൻെറ സ്കന്ധത്തിൽ ലഗ്നമായ ഏകദന്തത്തോടു കൂടിയതും എന്നാകുന്നു.

(സർവ്വാഃ കർണ്ണം ദത്വാ കിഞ്ചിദിവ സംഭ്രാന്താഃ)

രാജാ:—(സ്വഗതം) അഹോ ധിക്! പൗരാ, മദന്വേഷിണസ്തപോവനമുപരുന്ധന്തി. ഭവതു; പ്രതിഗമിഷ്യാമസ്താവത്.

അനസൂയാ:—ആര്യ, അനേനാകർണ്ണിതവൃത്താന്തേന പര്യാകുലാഃ സ്മഃ. അനുജാനീഹി നഃ ഉടജഗമനായ.

രാജാ:—അസംഭ്രമം ഗച്ഛന്തു ഭവത്യഃ; വയമപ്യാശ്രമബാധാ യഥാ ന ഭവിഷ്യതി തഥാ പ്രയതിഷ്യാമഹേ.

സർവ്വാഃ=എല്ലാവരും (സ്ത്രീകളും മൂന്നുപേരും കർണ്ണം ദത്വാ=ചെവികൊടുത്ത്. കിഞ്ചിത് ഇവ=കുറച്ചൊക്കെ. സംഭ്രാന്താഃ=സംഭ്രമിച്ചവരായി. (കുറച്ചുമാത്രമുള്ള സംഭ്രമത്തിനു കാരണം രാജാവ് അടുത്തുനിൽക്കുന്നുവല്ലോ എന്നുള്ള ധൈര്യമാണ്.)

അഹോ ധിക്=കഷ്ടം. പൗരാഃ=പൌരന്മാർ. മദന്വേഷിണഃ=എന്നെ അന്വേഷിക്കുന്നവരായി. തപോവനം=തപോവനത്തെ. ഉപരുന്ധന്തി=പീഡിപ്പിക്കുന്നു. ഭവതു=ആകട്ടെ. പ്രതിഗമിഷ്യാമഃ താവത്=പോയിട്ടുവരാം.

ആര്യ=ആര്യ. അനേന=ഈ. ആകർണ്ണിതവൃത്താന്തേന=ആകർണ്ണിതമായ, കേട്ടതായ വൃത്താന്തത്താൽ (കാട്ടാനയുടെ കാര്യത്താൽ.) പര്യാകുലാഃ=പര്യാകുലകൾ.

ളായി. സ്മഃ=ഞങ്ങൾ ഭവിച്ചിരിക്കുന്നു. നഃ=ഞങ്ങളെ. ഉടജഗമനായ=പർണ്ണശാലയിലേക്കു പോകുന്നതിന്ന്. അനുജാനീഹി=അനുവദിക്കണം.

ഭവത്യഃ=ഭവതികൾ. അസംഭ്രമം=സംഭ്രമമൊന്നുംകൂടാതെ. (ഞാൻ ഇവിടെയുള്ളതുകൊണ്ടുള്ള ധൈര്യത്തോടെ) 'ഇവിടെത്തന്നെ ഞാൻ താമസിക്കുമെന്നതിനാൽ മറേറക്കാര്യത്തിൽ സംശയമൊന്നും കൂടാതെ എന്നു വ്യംഗ്യം) ഗച്ഛത=പോയാലും. വയം അപി=നാമും. യഥാ=ഏതുപ്രകാരത്തിലാണോ. ആശ്രമബാധാ=ആശ്രമബാധ. ന ഭവതി=ഭവിക്കുന്നില്ല, ഭവിക്കയില്ലയോ. തഥാ=അപ്രകാരം. പ്രയതിഷ്യാമഹേ=പ്രയത്നംചെയ്യാം

ആയതിനാൽ വിരഹവ്യാകുലതയില്ലാതെ സുഖമായി പോയാലും. ഇദ്ദേഹം രാജാവാണോ അല്ലയോ ശകുന്തളയിൽ, അനുരക്തനാണോ അല്ലയോ എന്നിത്യാദി യാതൊരു ശങ്കയുംകൂടാതെ ധൈര്യത്തോടും സമാധാനത്തോടു കൂടി പോയാലും എന്നു സാരം.

(സർവ്വാ ഉത്തിഷ്ഠന്തി)

അനസൂയാ:—ആര്യ്യ, അസംഭാവിതസത്കാരം ഭൂയോഽപി പ്രേക്ഷണനിമിത്തമുജ്ഝാമഃ.

രാജാ:—മാമൈവം ദർശനേനൈവ ഭവതീനാം സത്കൃതോഽസ്മി.

(ശകുന്തളാ സവ്യാജം വിളമ്ബ്യ സഖീഭ്യാംസഹ നിഷ്ക്രാന്താ)

സർവ്വാഃ=എല്ലാപേരും. ഉത്തിഷ്ഠന്തി=എഴുന്നേൽക്കുന്നു.

ആര്യ്യ=ആര്യ്യ. അസംഭാവിതസത്കാരം=അസംഭാവിതമായ സത്കാരത്തോടു കൂടിയ, പരസ്പരസല്ലാപാദികളാൽ അനിരൂപിതമായ സല്ക്കാരത്തോടുകൂടിയ ആര്യ്യനെ. പ്രേക്ഷണനിമിത്തം=പ്രേക്ഷണം ആകുന്ന, ദർശനമാകുന്ന നിമിത്തത്തോട്, കാരണത്തോടുകൂടി (വീണ്ടും അങ്ങയെ ഒന്നുകൂടെ കാണണമെന്നുള്ള ഉദ്ദേശ്യത്തിൽ) ഉദ്ധാമഃ=വിട്ടു ഞങ്ങൾ പോകുന്നു.

മാ=അരുത്. മാ ഏവം=ഇപ്രകാരം പറയരുത്. ഭവതീനാം=ഭവതികളുടെ. ദർശനേന ഏവ=ദർശനംകൊണ്ടുമാത്രംതന്നെ. സത്കൃതഃ=സൽകൃതനായിത്തീർന്നിരിക്കുന്നു. (ഞാൻ)

ശകുന്തളാ, സവ്യാജം=വ്യാജമായി, മനഃപൂർവ്വമായി (ഒരു കാരണംകൊണ്ടെന്നപോലെ.) വിളംബ്യ=അല്പം താമസിച്ചിട്ട്. സഖീഭ്യാം സഹ=സഖിമാരോടുകൂടി. നിഷ്ക്രാന്താ=പോയി.

ശകുന്തള മനഃപൂർവ്വം താമസിപ്പാനുണ്ടായ കാരണം 'ദർഭാംകുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ' എന്ന ശ്ലോകത്തിൽ പറയും. പോകുന്നവഴിക്കു ദുഷ്ഷന്തനെ കൂടെക്കൂടെ തിരിഞ്ഞുനോക്കിപ്പോയി എന്നർത്ഥം. ഇങ്ങിനെ നോക്കിയതു് അനുരാഗത്തിന്റെ പരമകാഷ്ഠയിൽ എത്തിയതുകൊണ്ടത്രെ. 'സവ്യാജമവലോകയന്തീ വിളംബ്യ' എന്നു പാഠഭേദം. ആ പക്ഷത്തിൽ സവ്യാജം അവലോകയന്തി സവ്യാജം വിളംബ്യ എന്നു രണ്ടിടത്തേക്കും 'സവ്യാജം' എന്ന പദം അദ്ധ്യാഹരിക്കണം.

ഇങ്ങിനെ നായികയ്ക്കു തന്നിൽ ഉള്ള അനുരാഗവിശേഷം മനസ്സിലാക്കി അവളിൽ അത്യന്തം ആസക്തനായ നായകൻ തന്റെ അവസ്ഥയെപ്പററി താഴെവരും പ്രകാരം ചിന്തിക്കുന്നു—

രാജാ:—മന്ദൌത്സുക്യോഽസ്മി നഗരഗമനം പ്രതി യാവദനുയാത്രികാൻ സമേത്യ നാതിദൂരേ തപോവനസ്യ നിവേശയേയമ്. ന ഖലു ശക്നോമി ശകുന്തളാവ്യാപാരാദാത്മാനം നിവർത്തയിതുമ്. മമ ഹി.

ഗച്ഛതി പുരഃ ശരീരം ധാവതി പശ്ചാദസംസ്തുതം ചേതഃ
ചീനാംശുകമിവ കേതോഃ പ്രതിവാതം നീയമാനസ്യ. 30

(നിഷ്ക്രാന്തഃ.)

നഗരഗമനം പ്രതി=നഗരഗമനത്തെസംബന്ധിച്ച്. മന്ദോൽസുകഃ അസ്മി=മന്ദമായി ഉൽസുകനായിരിക്കുന്നു. (ഞാൻ കേവലം അനുൽസുകനായിത്തീൎന്നിരിക്കുന്നു.)

അനുയാത്രികാൻ=അനുയാത്രചെയ്യുവരെ, അനുചരന്മാരെ. സമേത്യ=അന്വേഷിച്ചു കണ്ടുപിടിച്ച്. തപോവനസ്യ=തപോവനത്തിന്റെ. നാതിദൂരേ=അതിദൂരെയല്ലാത്ത സ്ഥലത്ത് (തപോവനത്തിന്നു അടുത്തുതന്നെ.) നിവേശയയം=നിവേശമുറപ്പിക്കാം. സേനയ്ക്കു വേണ്ട താവളമുറപ്പിക്കാം.

ശകുന്തളാവ്യാപാരാത്=ശകുന്തളയുടെ വ്യാപാരത്തിൽനിന്നും, അംഗപ്രത്യംഗദൎശനസുഖത്തിൽനിന്നും. ആത്മാനം=(തന്നെ) മനസ്സിനെ. നിവൎത്തയിതും=പിൻതിരിക്കുന്നതിന്ന്. ന ശക്നോമി ഖലു=ഞാൻ ശക്തനാകുന്നില്ലല്ലോ.

മമ ഹി=എനിക്കാകട്ടെ, എന്റെയാവട്ടെ. ശരീരം=ദേഹം. പുരഃ=മുൻഭാഗത്തേക്കു (മുന്നോട്ടു) ഗച്ഛതി=പോകുന്നു. വളരെ താഴ്ന്ന വേഗത്തോടുകൂടി കഷ്ടിച്ച് നിൎജ്ജീവമെന്നപോലെ പോകുന്നു. ചേതഃ=ചേതസ്സാകട്ടെ. അസംസ്തുതം=അപരിചിതമായിട്ട് (പ്രിയാവിരഹത്തിൽ അപരിചിതമായിട്ട് ചില വ്യാഖ്യാതാക്കൾ ശകുന്തളയോടു് അപരിചിതമായ ചേതസ്സ് എന്നുപറഞ്ഞ് അവളുടെ വീക്ഷണം മുതലായവ യഥാൎത്ഥാനുരാഗത്തെ സൂചിപ്പിക്കുന്നവയാണോ എന്നു മനസ്സിലാക്കി പരിചയം സമ്പാദിപ്പാനെന്നപോലെ എന്നു വ്യാഖ്യാനിക്കുന്നു.) പശ്ചാത്=പിന്നോട്ട്. ധാവതി=ഓടുന്നു. 'ഗച്ഛതി'ക്കും 'ധാവതി'ക്കും തമ്മിലുള്ള സാരമായ വ്യത്യാസം മനസ്സിലാക്കണം. ശരീരചേതസ്സുകളുടെ ഈ വൃത്തികളെ കേതുവിന്റെ ചീനാംശുകത്തോടു് ഉപമിക്കുന്നു.

പ്രതിവാതം=വാതത്തിന്നു്, കാററിന്നു്, എതിരെയായി. നീയമാനസ്യ=നയിക്കപ്പെടുന്ന. കേതോഃ=കേതുവിന്റെ; രഥത്തിൽ കൊടിക്കൂറ തൂക്കാനായി സ്ഥാപിച്ചിരിക്കുന്ന ധ്വജത്തിന്റെ. ചീനാംശുകം ഇവ=ചീനാംശുകംപോലെ, ചീനദേശത്തെ പട്ടുകൊണ്ടുണ്ടാക്കിയ കൊടിക്കൂറപോലെ.

ഇവിടെ മനോഭിലാഷത്തിന്നു പ്രതികൂലവാതത്തിന്റെ സ്ഥാനം.

കൊടിക്കൂറ — മനസ്സ്.

കേതു — ശരീരം.

ശരീരത്തെ ധ്വജത്തോടു് ഉപമിച്ചിരിക്കുന്നതിനാൽ ദേഹം കേവലം മനോശൂന്യമായി നിശ്ചേഷ്ടംപോലെ പോകുന്നുവെന്നു് ഗ്രഹിക്കണം. ഇവിടെ 'ശരീരം' എന്ന പദം പ്രയോഗിച്ചിരിക്കുന്നതു് ഔചിത്യത്തോടുകൂടെയാണ്. എന്തെന്നാൽ ശീൎയ്യതേ ഇതി ശരീരം. ക്രമേണ ക്ഷയിച്ചു—നശിച്ചുപോകുന്നതു് എന്നു് അൎത്ഥമാണല്ലോ ശരീരത്തിന്റെ അൎത്ഥം. ശകുന്തളയുടെ ആലിംഗനാദിസുഖങ്ങൾ ലഭിക്കാത്തതുകൊണ്ടു് ക്ഷീണപ്രായമായിത്തീൎന്നിരിക്കുന്ന ആ ശരീരവും.

ചീനാംശുകം—ചീനദേശത്തെ അംശുകം. നല്ല നേൎമ്മയുള്ളതും വെളുത്തതുമായിരിക്കും. നേൎമ്മയുള്ളതുകൊണ്ടു് കാററിനാൽ വളരെ എളുപ്പം ഇളകിപ്പാറുന്നു.

നിഷ്ക്രാന്തഃ—(രാജാവു) പോയി.

പ്രഥമോഽങ്കഃ

പ്രഥമഃ അങ്കഃ=ഒന്നാം അങ്കം.

# ദ്വിതീയോഽങ്കഃ.

### തതഃ പ്രവിശതി വിദൂഷകഃ.

ഒന്നാമങ്കത്തിൽ നായികാനായകന്മാൎക്ക് സംഗതിവശാൽ ലഭിച്ച പരസ്പര സന്ദൎശനത്തിൽനിന്നു ജാതമായ അനുരാഗം ഒരിടത്തു് അല്പനേരം ഇരുന്നു് സംഭാഷണം നടത്തിയതിനാൽ പുഷ്ടിയെ പ്രാപിച്ചിരിക്കയാണല്ലോ. വിപ്രലംഭം (വിയോഗം) കൂടാതെ സംഭോഗശൃംഗാരം പുഷ്ടിയെപ്രാപിക്കുന്നതല്ല എന്ന മതമനുസരിച്ചു് നായികാനായകന്മാൎക്ക് പെട്ടെന്നു വിയോഗം കല്പിച്ചു് നായകന്റെ രതിക്കു് ചിന്ത, വിഷാദം മുതലായ വ്യഭിചാരിഭാവങ്ങളാലും, ഗുണപ്രശംസ മുതലായ അനുഭാവഭാവങ്ങളാലും പരിപോഷണം നൽകുന്നതിനായി വിപ്രലംഭം വൎണ്ണിക്കുന്നതിനായി ഒരുങ്ങി അതിലേക്കും, കഥാബന്ധത്തിനനുസരിച്ചു് മററുസംഗതികളെപ്പററി പ്രസ്താവിക്കുന്നതിലേക്കുമായി മുൻഅങ്കത്തിൽ സൂചിപ്പിച്ച അനുയാത്രികന്മാരുടെ (അനുചരന്മാരുടെ) കൂട്ടത്തിൽ രാജസഖാവായ വിദൂഷകനെ കവി അവതരിപ്പിക്കുന്നു. തതഃ &c—

തതഃ=അനന്തരം. പ്രവിശതി=പ്രവേശിക്കുന്നു. വിദൂഷകഃ=വിദൂഷകൻ. വിശപ്പത്തെ വിമൎശനംചെയ്തു് ദൂഷിപ്പിക്കുന്നവൻ വിദൂഷകൻ.

വിദൂഷകൻ രാജാവിന്റെ നൎമ്മസല്ലാപസുഹൃത്തും വിശ്വസ്തനുമായ ഒരുവനാണ്. അയാളുടെ ധൎമ്മം വേഷവൈകൃത്യംകൊണ്ടും, നേരമ്പോക്കുമയമായ ഉത്തരങ്ങൾകൊണ്ടും ശരീരത്തിന്റെ ലാവണ്യഹീനതകൊണ്ടും രാജാവിനു് പ്രത്യേകം ആഹ്ളാദം ഉണ്ടാക്കുകയാണ്. നായകനെ നായികാസംഗമത്തിനു് ഉതകുന്ന സൂത്രപ്രയോഗങ്ങൾകൊണ്ടു് സഹായിക്കുക എന്നതും വിദൂഷകന്റെ കടമതന്നെ. വിദൂഷകൻ പ്രാകൃതഭാഷയിലാണ് സംസാരിക്കേണ്ടതു്.

ഇവിടെ വിദൂഷകൻ രാജാവിനോടുകൂടി കാട്ടിലേക്കു് എത്തി നായാട്ടിൽ ആസക്തനായ നായകന്റെ പുറകെ കാട്ടുമൃഗങ്ങളെ അന്വേഷിച്ചു പുറപ്പെട്ടു് വളരെ ക്ഷീണിച്ചും ഇഷ്ടഭോജനം ലഭിക്കാത്തതിനാൽ വളരെ കഷ്ടപ്പെട്ടുമാണ് പ്രത്യക്ഷപ്പെടുന്നതു്. അയാൾക്കു് ഏതുതരത്തിലെങ്കിലും തിരിയെ നഗരത്തിൽ ചെന്നുചേൎന്നാൽമതിയെന്നേ വിചാരമുള്ളു.

വിദൂഷകഃ:—(നിശ്വസ്യ) ഭോഃ ദൃഢമസ്മ്യേതസ്യ മൃഗയാശീലസ്യ രാജ്ഞോ വയസ്യഭാവേന നിൎവ്വിണ്ണഃ. അയം മൃഗോഽയം വരാഹോഽയം ശാൎദ്ദൂല ഇതി മദ്ധ്യംദിനേ ഗ്രീഷ്മവിരളപാദപച്ഛായാസു വനരാജിഷ്വാഹിണ്ഡ്യതേ, പത്രസംകരകഷായാണി കടൂഷ്ണാനി ഗിരിനദീജലാനി പീയന്തേ, അനിയതവേലം ശൂല്യമാംസഭൂയിഷ്ഠ ആഹാരോഽശ്യതേ.

ഭോഃ!=ഹയ്യോ! മൃഗയാശീലസ്യ=മൃഗയാശീലനായ, നായാട്ടുകാരനായ. ഏതസ്യ രാജ്ഞഃ=ഈ രാജാവിന്റെ. വയസ്യഭാവേന=വയസ്യൻ, സുഹൃത്തു് എന്ന ഭാവംകൊണ്ടു്. (സുഹൃത്തായിരുന്നു) ദൃഢം നിൎവ്വിണ്ണഃ അസ്മി=തീൎച്ചയായും ഞാൻ ക്ഷീണിച്ചു പരവശനായിരിക്കുന്നു.

അയം മൃഗഃ=ഇതാ ഒരു മൃഗം (മാൻ) വരാഹഃ (അയം)=ഇതാ ഒരു പന്നി. ശാൎദ്ദൂലഃ (അയം)=ഇതാ ഒരു കടുവ. ഇതി=എന്നു്. മദ്ധ്യംദിനേ=നട്ടുച്ചയ്ക്കു്. ഗ്രീഷ്മവിരളപാദപച്ഛായാസു=ഗ്രീഷ്മംകൊണ്ടു്, ഗ്രീഷ്മത്തിലെ വേനൽകൊണ്ടു വിരളമായി,

വളരെ ദുർല്ലഭമായ പാദപച്ഛായകളോട്, മരത്തണലുകളോടുകൂടിയ. വനരാജിഷു=വനക്കൂട്ടങ്ങളിൽ. ആഹിണ്ഡ്യതേ=അലഞ്ഞൊടുന്നു.

പത്രസങ്കരകഷായാണി=പത്രങ്ങളുടെ, ഇലകളുടെ സങ്കരത്താൽ, കലർപ്പിനാൽ കഷായങ്ങളായും, കവർപ്പുചുവയുള്ളതുകളായും. കടുപ്പാനി=അല്പം ചൂടുള്ളവയായുമുള്ള. ഗിരിനദീജലാനി=ഗിരിനദികളിലെ, കാട്ടുപുഴകളിലെ വെള്ളം. പീയന്തേ=പാനം ചെയ്യപ്പെടുന്നു.

അനിയതവേലം=നിയതവേലയോട്, ക്ലിപ്തകാലപരിധിയോടുകൂടാതെ (സമയംതെറ്റി) ശൂല്യമാംസഭൂയിഷ്ഠഃ=ശൂലത്തിൽവെച്ചു ചുട്ടതായ മാംസം മിക്കവാറും ഉള്ള. ആഹാരഃ=ആഹാരം. അശ്യതേ=ഭക്ഷിക്കപ്പെടുന്നു.

വയസ്യ=തുല്യമായ വയസ്സോടുകൂടിയവൻ എന്ന അർത്ഥത്തിൽ ഇഷ്ടൻ.

ശൂല്യമാംസഃ=ശൂലത്തിൽ കോർത്തു തീയിൽകാട്ടി ചുട്ടെടുക്കുന്ന മാംസം.

വിദൂഷകൻ ഭോജനപ്രിയനാണ്. ഭക്ഷണം രുചികരമാവാത്തതിൽ അവക്കു വലിയ അതൃപ്തിയുണ്ട്.

തുരഗാനുധാവനകണ്ഡകിതസക്ഥേഃ രാത്രാവപി മേ നികാമം ശയിതവ്യം നാസ്തി. തതോ മഹത്യേവ പ്രത്യൂഷേ ദാസ്യാഃ പുത്രൈഃ ശകുനിലുബ്ധകൈർവനഗ്രഹണകോലാഹലേന പ്രതിബോധിതോഽസ്മി. ഏതാവതൈവ ന പീഡാ നിഷ്ക്രാമതി. തതോ ഗണ്ഡസ്യോപരി പിടകാ സംവൃത്താ.

തുരഗാനുധാവനകണ്ഡകിതസക്ഥേഃ=തുരഗത്തെ, കുതിരയെ അനുധാവനം ചെയ്കയാൽ, തുടന്നോടുകയാൽ കണ്ഡകിതമായ, മുള്ളുതറച്ചായ സക്ഥിയോട്, തുടയോടുകൂടിയവനായ. മേ=എനിക്ക്. രാത്രൌ അപി=രാത്രിയിൽതന്നേയും. ശയിതവ്യം=കിടപ്പ് (ഉറക്കം) നികാമം=ധാരാളമായ്. നാസ്തി=ഇല്ല. കുതിരകളുടെ പിന്നാലെ ഓടിയോടി തുടകൾ അനക്കാൻവയ്യാതായിട്ട് എനിക്കു രാത്രിയിൽ പോലും നേരേ ഉറങ്ങാൻ സാധിക്കുന്നില്ല.

തതഃ=പിന്നീട്. മഹതി ഏവ പ്രത്യൂഷേ=പ്രത്യൂഷം (പ്രഭാതം) മഹത്തായിരിക്കുമ്പോൾതന്നെ (പുലച്ചയ്ക്കു വളരെമുമ്പുതന്നെ) ദാസ്യാഃ പുത്രൈഃ=ദേവിടിയാമക്കളായ. ശകുനിലുബ്ധകൈഃ=ശകുനികളായ, ശകുനിന്റെ ഗണത്തോടുകൂടിയവരായ ലുബ്ധകന്മാരാൽ, നായാട്ടുകാരാൽ. വനഗ്രഹണകോലാഹലേന=വനഗ്രഹണത്തിൽ, കാടിളക്കുന്നതിലുള്ള കോലാഹലംകൊണ്ട്. പ്രതിബോധിതഃ=ഉണന്നവനായി. അസ്മി=തീരുന്നു.

ഏതാവതാ ഏവ=ഇത്രയുംകൊണ്ടുമാത്രം. പീഡാ=ഉപദ്രവം. ന നിഷ്ക്രാമതി=നിഷ്ക്രമിക്കുന്നില്ല, പോകുന്നില്ല, നീങ്ങുന്നില്ല.

തതഃ=(ഇപ്പോൾ) ഗണ്ഡസ്യ=ഗണ്ഡത്തിന്റെ. ഉപരി=മുകളിൽ. പിടകാ സംവൃത്താ=കുരു പുറപ്പെട്ടിരിക്കുന്നു.

വിദൂഷകന്റെ ആവലാതിയാണ് ഇതു്. അയാൾക്കു ഭക്ഷണനിദ്രാദികൾ നേരേ ലഭിക്കുന്നില്ല. രാജാവിന്റെ കുതിരയുടെ പുറകേ ഓടി ഓടി കാലും അനക്കാൻവയ്യ. ഇനിയും തിരിയെ നഗരത്തിലെത്താനും ചെന്നുചേരാമെന്ന് ആശംസിച്ചപ്പോൾ കുനിന്മേൽ കുരു പുറപ്പെട്ടതുപോലെ ഒരു വലുതായ തടസ്സവും വന്നുചേന്നിരിക്കുന്നു.

ആ തടസ്സം എന്താണെന്നു പറയുന്നു—

ഹ്യഃ കിലാസ്മാസ്വവഹീനേഷു തത്രഭവതോ മൃഗാനുസാരേണാശ്രമപദം പ്രവിഷ്ടസ്യ താവച്ഛകുന്തളാ നാമ കന്യകാ മമോദരസ്യാധന്യതയാ ദർശിതാ; സാമ്പ്രതം നഗരഗമനസ്യ കഥാമപി ന കരോതി. അദ്യാപി താമേവ ചിന്തയതഃ പ്രഭാതമക്ഷ്ണോഃ കാ ഗതി? യാവദേനംകൃതാചാരപ്രതികർമ്മാണം വയസ്യം പശ്യാമി. ഏഷ ബാണാസനഹസ്താഭിർയവനികാഭിർവനപുഷ്പമാലാധാരിണീഭിഃ പരിവൃത ഇത ഏവാഗച്ഛതി വയസ്യഃ ഭവതു; അങ്ഗമാത്രവികലോ നാമ ഭൂത്വാ സ്ഥാസ്യാമി, യദ്യേവമപി നാമ വിശ്രമം ലഭേയ.

ഹ്യഃ കില=ഇന്നലെയല്ലേ ഇന്നലെ. അസ്മാസു=നാം. അവഹീനേഷു=ഒപ്പം എത്താൻ കഴിയാതെ പിന്നിലായപ്പോൾ. മൃഗാനുസാരേണ=ഒരു മാനിനെ പിൻതുടൎന്ന്. ആശ്രമപദം പ്രവിഷ്ടസ്യ=ആശ്രമപദം പ്രാപിച്ചവനായ. തത്രഭവതഃ=അദ്ദേഹത്തിനു്. ശകുന്തളാ നാമ=ശകുന്തളയെന്നു പേരായ. കന്യകാ=കന്യക. മമ ഉദരസ്യ=എന്റെ വയററിന്റെ. അധന്യതയാ=കഷ്ടകാലത്താൽ. ദർശിതാ=കാണിക്കപ്പെട്ടു. സാമ്പ്രതം=ഇപ്പോൾ. നഗരഗമനസ്യ=നഗരഗമനത്തിന്റെ. കഥാം അപി=കഥകൂടെ. ന കരോതി=ചെയ്യുന്നില്ല. (മിണ്ടുന്നില്ല.) അദ്യാപി=ഇപ്പോഴും. താം ഏവ=അവളെത്തന്നെ. ചിന്തയതഃ=ചിന്തിക്കുന്നവനായ രാജാവിനു്. അക്ഷ്ണോഃ=അക്ഷികളിൽ. പ്രഭാതം=പ്രഭാതമായി (അദ്ദേഹം ഉറങ്ങാതെ ചിന്തിച്ചുതന്നെ കിടന്നു നേരവും വെളുത്തു) കാ ഗതി=എന്താണു് ഇനിയൊരു നിവൃത്തി? ആചാരപ്രതികർമ്മാണം=ആചാരപ്രതികർമ്മാവായ— ദൈനംദിനകൃത്യങ്ങൾ യഥാവിധി അനുഷ്ഠിച്ചുവോ എന്നു്. വയസ്യം=വയസ്യനെ. പശ്യാമി യാവത്=കാണുകതന്നെ. ഏഷഃ=ഇദ്ദേഹം. ബാണാസനഹസ്താഭിഃ=ബാണാസനങ്ങൾ, വില്ലുകൾ ഹസ്തത്തിൽ, കൈയിൽ ധരിക്കുന്നവരും. വനപുഷ്പമാലാധാരിണീഭിഃ=വനപുഷ്പമാലകൾ ധരിക്കുന്നവരും ആയ. യവനീഭിഃ=യവനസ്ത്രീകളാൽ. പരിവൃതഃ=ചുററപ്പെട്ട. വയസ്യഃ=വയസ്യൻ. ഇതഃ ഏവ=ഇങ്ങോട്ടുതന്നെ. ആഗച്ഛതി=വരുന്നു. ഭവതു=ആകട്ടെ. അംഗമാത്രവികലഃ നാമ=അംഗവൈകല്യം സംഭവിച്ചവനെന്ന നാട്യത്തിൽ. സ്ഥാസ്യാമി=നില്ക്കാം. ഏവമപി=ഇങ്ങനെയെങ്കിലും. യദി വിശ്രമം ലഭേയ നാമ=അല്പം വിശ്രമം കിട്ടിയെങ്കിലോ!

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടപരിവാരോ രാജാ)

രാജാ:—

കാമം പ്രിയാ ന സുലഭാ, മനസ്തു തദ്ഭാവദർശനാശ്വാസി
അകൃതാർത്ഥേഽപി മനസിജേ രതിമുഭയപ്രാർത്ഥനാ കുരുതേ. 1

പ്രിയാ=പ്രിയതമ. സുലഭാ ന കാമം=അശേഷം ലഭിപ്പാൻ എളുപ്പമുണ്ടെന്നു തോന്നുന്നില്ല. മനഃ തു=എന്നാൽ മനസ്സോ. തദ്ഭാവദർശനാശ്വാസി=അവളുടെ ഭാവങ്ങളെ, ശൃംഗാരഭാവങ്ങളെ ദർശിച്ചു് ആശ്വസിക്കുന്നതായിരിക്കുന്നു.

മനസിജഃ=മന്മഥൻ. അകൃതാർത്ഥേ അപി=കൃതാർത്ഥനായില്ലെങ്കിലും (സുരതവിരുതു് ഫലിച്ചില്ലെങ്കിലും) ഉഭയപ്രാർത്ഥനാ=പരസ്പരാനുരാഗം. രതിം കുരുതേ=രതിയെ ചെയ്യുന്നു.

പ്രിയതമയെ ലഭിപ്പാൻ സാധിച്ചാൽ സാധിച്ചുവെന്നേയുള്ളു. പക്ഷേ മന്മഥകേളിക്കു സാധിച്ചില്ലെങ്കിലും ഇരുകൂട്ടർക്കും തമ്മിൽ അനുരാഗം ഉണ്ടെന്നുള്ള കാര്യം തന്നെ മനസ്സിനു് അനല്പമായ ആശ്വാസത്തെ നൽകുന്നു.

ദൈവാനുകൂല്യത്താൽ ദർശനത്തിനു സാധിച്ച് അനുരാഗപ്രകടനങ്ങളോടുകൂടി അന്തർദ്ധാനംചെയ്ത നായികയെ വിട്ടുപിരിഞ്ഞ് നായകനായ രാജാവ് തന്റെ അനുചരന്മാരോടുകൂടി തപോവനത്തിനടുത്ത് ഒരു സ്ഥലത്ത് താവളംഉറപ്പിച്ചിരിക്കുന്നു. അന്നേദിവസം രാത്രിമുഴുവൻ ശകുന്തളയെ വിചാരിച്ചുതന്നെ കഴിഞ്ഞുകൂടി. പ്രഭാതത്തിൽ എഴുന്നേറ്റ് നിത്യകർമ്മങ്ങൾ എല്ലാംകഴിഞ്ഞ് വിരഹജന്യമായ തന്റെ ദുഃഖാവസ്ഥയെപ്പറ്റി ചിന്തിച്ചാണ് ഇപ്രകാരം പറയുന്നത്.

ന സുലഭാ കാമം—സുലഭയല്ലെന്നുതന്നെ സമ്മതിച്ചേക്കാം. സുലഭയല്ലെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നാലും കാമം എന്ന ഈ അവ്യയത്തിന് അങ്ങിനെ സമ്മതിച്ചാലും.

തദ്ഭാവദർശനാശ്വാസി – തദ്ഭാവദർശനായാസി എന്ന് പാഠഭേദം. അതനുസരിച്ച് അർത്ഥം, തദ്ഭാവദർശനംകൊണ്ട് ആയാസത്തോടുകൂടിയത്. "എന്റെ മനസ്സ് അവളുടെ ഭാവംകണ്ട് ചിന്താജടിലമായിത്തീന്നിരിക്കുന്നു." എന്തെന്നാൽ അവളുടെ വിചാരചേഷ്ടാദികൾ രാജാവ് ദശിച്ചിട്ടുണ്ടല്ലോ.

(സ്മിതം കൃത്വാ) ഏവമാത്മാഭിപ്രായസംഭാവിതേഷ്ടജനചിത്തവൃത്തിഃ പ്രാത്ഥയിതാ വിഡംബ്യതേ. തഥാ ഹി:—

സ്നിഗ്ദ്ധം വീക്ഷിതമന്യതോഽപി നയനേ യത്പ്രേരയന്ത്യാ തയാ
യാതം യച്ച നിതംബയോർഗ്ഗുരുതയാ മന്ദം വിലാസാദിവ,
മാ ഗാ ഇത്യുപരുദ്ധയാ യദപി സാ സാസൂയമുക്താ സഖീ
സവ്വം തത് കില മത്പരായണമഹോ കാമീ സ്വതാം പശ്യതി. 2

സ്മിതം കൃത്വാ=അല്പമൊന്നു പുഞ്ചിരിയിട്ട്. ഏവം=ഇപ്രകാരം (ഇപ്രകാരമാണ്). പ്രാത്ഥയിതാ=പ്രാത്ഥയിതാവായ (കാമി). ആത്മാഭിപ്രായസംഭാവിതേഷ്ടജനചിത്തവൃത്തിഃ=ആത്മാഭിപ്രായം അനുസരിച്ച്. തന്റെ അഭിപ്രായത്തിനൊത്ത് സംഭാവിതമായ, കല്പിക്കപ്പെട്ടതായ ഇഷ്ടജനചിത്തവൃത്തിയോടുകൂടിയവനായി, വിഡംബ്യതേ=അന്യരാൽ അപഹസിക്കപ്പെടുക. തഥാ ഹി=അതങ്ങിനെയാണല്ലോ. (അതുപോലെ ഇവിടെ).

നയനേ=നയനങ്ങളെ. അന്യതഃ=മറ്റൊരുസ്ഥലത്തേക്കു്. പ്രേരയന്ത്യാ=പ്രേരിപ്പിക്കുന്നവളായ. തയാ=അവളാൽ. സ്നിഗ്ദ്ധം=പ്രേമസമ്പൂർണ്ണമാകുംവണ്ണം. വീക്ഷിതാ യത്=വീക്ഷിതമായി എന്നു യാതൊന്നോ,

നിതംബയോഃ=നിതംബങ്ങളുടെ. ഗുരുതയാ=ഗുരുത്വംമൂലം, ഘനവൈപുല്യംഹേതുവായി. തയാ=അവളാൽ. മന്ദം=മന്ദമായി. വിലാസാത് ഇവ=ശൃംഗാരലീലാവിലാസങ്ങൾകൊണ്ടോ എന്നു് തോന്നുമാറ്. യാതം യത് ച=പോയി എന്നു് യാതൊന്നോ,

മാ ഗാഃ=പോകരുത്. ഇതി=എന്ന്. ഉപരുദ്ധയാ=തടുക്കപ്പെട്ടവളായ. തയാ=അവളാൽ. സാ സഖീ=ആ സഖി(പ്രിയംവദ). സാസൂയം=അസൂയയാലോ അഥവാ കോപഭാവത്താലോ എന്നു് തോന്നുമാറ്. യത് ഉക്താ=പറയപ്പെട്ടു എന്നു് യാതൊന്നോ,

സവ്വം തത്=അതെല്ലാം. മത്പരായണം കില=എന്നെ ഉദ്ദേശിച്ചുതന്നെയായിരിക്കണം.

അഹോ!=ആശ്ചര്യം. കാമീ സ്വതാം=തന്നേത്തന്നെ. പശ്യതി=കാണുന്നു. അനുരാഗവതിയായോ അല്ലാതെയോ അഭിലഷിതയായ കാമിനിയുടെ ചേഷ്ടകൾ മുഴുവൻ തന്നെയുദ്ദേശിച്ചാണെന്നു് കാമികൾ അദ്ധ്യാരോപിച്ചുപോകുന്നു.

വിദൂഷകഃ:—(തഥാസ്ഥിത ഏവ) ഭോ വയസ്യ! ന മേ ഹസ്തൗ പ്രസരതഃ; വാങ്മാത്രേണ ജയീക്രിയതേ.

രാജാ:—(സസ്മിതം) കുതോഽയം ഗാത്രോപഘാതഃ?

വിദൂ:—കുത ഇതി ഭണസി. സ്വയം മേ അക്ഷിണീ ആകുലീകൃത്യാശ്രുകാരണം പൃച്ഛസി?

രാജാ:—ന ഖല്വവഗച്ഛാമി.

വിദൂ:—യദ്വേതസഃ കുബ്ജലീലാം വിഡംബയതി;തത് കിമാത്മനഃ പ്രഭാവേന ഉത നദീവേഗസ്യ?

തഥാസ്ഥിതഃ ഏവ=അങ്ങിനെ നില്ക്കുന്നവനായിത്തന്നെ. ഭോ വയസ്യ=അല്ലയോ സഖാവേ (വിദൂഷകൻ ബ്രാഹ്മണനായതിനാൽ രാജാവിന്റെ സഖാവാണ്.) മേ=എന്റെ. ഹസ്തൗ=കൈകൾ. ന പ്രസരതഃ=അനങ്ങുന്നില്ല (അനക്കാൻമേല.) വാങ്മാത്രേണ=വാക്കുമാത്രംകൊണ്ട്. ജയീക്രിയതേ=ആചാരംചെയ്യാം. (തോഴക്ക് വിജയം).

സസ്മിതം=പുഞ്ചിരിയോടെ. അയം=ഈ. ഗാത്രോപഘാതഃ=ശരീരാസ്വാസ്ഥ്യം. കുതഃ=എവിടെനിന്ന് (എങ്ങിനെ വന്നുചേർന്നു) കുതഃ ഇതി ഭണസി=എവിടെനിന്ന് എന്ന് പറയുന്നു(വോ?) സ്വയം=അങ്ങുതന്നെ (സ്വയമായി). മേ അക്ഷിണീ=എന്റെ കണ്ണുകളെ. ആകുലീകൃത്യ=വേദനപ്പെടുത്തി. അശ്രുകാരണം=കണ്ണീരിന്റെ കാരണം. പൃച്ഛസി=ചോദിക്കുന്നുവോ?

ന ഖലു അവഗച്ഛാമി=മനസ്സിലാകുന്നില്ല (നിങ്ങൾ ഇങ്ങിനെ പറയുന്നതിന് എന്താണ് ഞാൻ ചെയ്തതെന്നു മനസ്സിലാകുന്നില്ല.)

യത്=യാതൊന്നോ. വേതസഃ=ക്രുന്നത് വുല്ലിന്റെ. കുബ്ജലീലാം=വക്രലീലയെ. വിഡംബയതി=അനുകരിക്കുന്നുവോ. തത്=അതു്. കിം ആത്മനഃ പ്രഭാവേന=തന്റെ പ്രഭാവം(സാമർത്ഥ്യം കൊണ്ടോ? ഉത നദീവേഗസ്യ=അല്ല നദീവേഗത്തിന്റെ ഊക്കു കൊണ്ടോ?

ഇവിടെ വിദൂഷകന്റെ സ്വരം വളരെ ദൈന്യതയോടുകൂടിയാണ്. അയാൾ ക്ഷീണിച്ചു പരവശനായവന്റെ മട്ടിലാണ് വർത്തമാനം പറയുന്നതു്. ഇതിന്റെ കാരണം ഊഹിച്ചറിഞ്ഞ രാജാവു് അറിഞ്ഞുകൂടെന്നു വൃഥാ നടിക്കുകയുംചെയ്യുന്നു.

വിദൂ:—യേന ത്വയാ രാജ്യകാര്യാണ്യുജ്ഝിത്വാ താദൃശേ ആകുലദേശേ വനചരവൃത്തിനാ ഭവിതവ്യമ്. തത് സത്യം പ്രത്യഹംശ്വാപദസമുത്സാരണൈസ്സംക്ഷോഭിത സന്ധിബന്ധാനാംഗാത്രാണാമനീശോഽസ്മി സംവൃത്തഃ. തതഃ പ്രസാദയിഷ്യാമി വിസൃജതുമാമാപന്നമേകാഹമപി വിശ്രമിതും താവത്.

യേന=യാതൊരു കാരണത്താലോ. ത്വയാ=അങ്ങാൽ. രാജ്യകാര്യാണി=രാജ്യകാര്യങ്ങളെ. ഉജ്ഝിത്വാ=ഉപേക്ഷിച്ച്. താദൃശേ=അപ്രകാരമുള്ള. ആകുലദേശേ=ദുഷ്ടമൃഗവ്യാകുലഭൂമിയിൽ. വനചരവൃത്തിനാ=വനചരന്മാരുടെ, കാട്ടാളന്മാരുടെ ഉപജീവനസമ്പ്രദായത്തിൽ. ഭവിതവ്യം=ഭവിക്കപ്പെടുന്നുവോ. (രാജ്യകാര്യങ്ങളുപേക്ഷിച്ച് ഈ മട്ടിൽ കൊടുങ്കാട്ടിൽക്കിടന്ന് കാട്ടാളവൃത്തി അനുഷ്ഠിക്കണമെന്നാണല്ലോ അങ്ങേയ്ക്കു്.)

പ്രത്യഹം=ദിവസംതോറും. ശ്വാപദസമുത്സാരണൈഃ=ശ്വാപദങ്ങളെ, ദുഷ്ടജന്തുക്കളെ സമുത്സാരണംചെയ്തു്, ഓട്ടിച്ചു്. സംക്ഷോഭിതസന്ധിബന്ധാനാം=സംക്ഷോഭിതങ്ങളായ സന്ധിബന്ധങ്ങളോടുകൂടിയ. ഗാത്രാണാം=ശരീരാവയവങ്ങൾക്കു്. അനീശഃ അസ്മി സംവൃത്തഃ=അനീശഃ സംവൃത്തഃ അസ്മി=യാതൊന്നും ചെയ്യാൻ വയ്യാതായിത്തീർന്നിരിക്കുന്നു.

തത്=അതിനാൽ. ആപന്നം=ആപന്നനായ. മാം=എന്നെ. ഏകാഹം അപി=ഒററദിവസത്തേക്കെങ്കിലും. വിസൃജതു താവത്=ഒന്നു വിട്ടയയ്ക്കേണമേ. പ്രസാദയിഷ്യാമി=അതിലേക്കു് അങ്ങയുടെ മനസ്സുതെളിയണേ.

ആകുലദേശേ—ആകുലം, ദുഷ്ടമൃഗങ്ങൾ സഞ്ചരിക്കുന്നതു്. ഇവിടെ ശകുന്തളയെപ്പററി രാജാവു് ആകുലനായിച്ചമഞ്ഞിരിക്കുന്ന കഥയും ഒന്നു മന്ദമായി സൂചിപ്പിക്കുന്നുണ്ടു്.

വനചരവൃത്തിനാ—വനചരവൃത്തി എന്ന പദവും പ്രത്യേകം രാജാവിൻെറ ആനായികാഭിലാഷത്തിനു് പരിഹാസരൂപമായി സൂചിപ്പിക്കുന്നതാണു്.

ഗാത്രാണാം അനീശഃ—ഗാത്രങ്ങൾക്കു് അനീശൻ എന്നു ഷഷ്ഠിപ്രയോഗം. അധീഗർത്ഥദയേശാം കർമ്മണി എന്ന സൂത്രമനുസരിച്ചാണു്. 'ഈശ'ധാതുവിനു കർമ്മം ഷഷ്ഠിരൂപത്തിലായിരിക്കും.

രാജാ:—(സ്വഗതം) അയം ചൈവമാഹ. മമാപി കാശ്യപസുതമനുസ്മൃത്യ മൃഗയാവിക്ലവം ചേതഃ. കുതഃ,

> ന നമയിതുമധിജ്യമസ്മി ശക്തോ
> ധനുരിദമാഹിതസായകം മൃഗേഷു
> സഹവസതിമുപേത്യ യൈഃ പ്രിയായാഃ
> കൃത ഇവ മുഗ്ദ്ധവിലോകിതോപദേശഃ 3

അയം ച=ഇയ്യാളും. ഏവം=ഇപ്രകാരം. ആഹ=പറയുന്നു. മമ=എൻെറ. ചേതഃ അപി=ചേതസ്സും. കാശ്യപസുതാം=കാശ്യപസുതയെ (ശകുന്തളയെ) അനുസ്മൃത്യ=അനുസ്മരിച്ചു് മൃഗയാവിക്ലവം=മൃഗയയിൽ, നായാട്ടിൽ വിക്ലവമായി, പരാങ്മുഖമായി, തീർന്നിരിക്കുന്നു.) കുതഃ=എന്തുകൊണ്ടെന്നാൽ.

അധിജ്യം=ഞാൺ പൂട്ടിയതായ. ഇദം ധനുഃ=ഈ വില്ലിനെ. ആഹിതസായകം=ആഹിതമായി, തൊടുത്തതായ സായകത്തോടുകൂടിയതായി. മൃഗേഷു=മാനുകളിൽ—അവയുടെ നേക്കു്. നമയിതും=നമിപ്പിക്കുന്നതിനു്, കുനിയിക്കുന്നതിനു്. ന ശക്തഃ അസ്മി=ഞാൻ ശക്തനല്ല.

യൈഃ=യാതൊരു മാനുകളാൽ ആണോ. പ്രിയായാഃ=പ്രിയതമയുടെ. സഹവസതിം ഉപേത്യ=സഹവാസംപ്രാപിച്ചു്. മുഗ്ദ്ധവിലോകിതോപദേശഃ=മുഗ്ദ്ധമായ വിലോകിതങ്ങൾ, കൺനോട്ടം എങ്ങിനെയാണു് പഠിപ്പിക്കേണ്ടതു് എന്ന വിഷയത്തെപ്പററിയുള്ള ഉപദേശം, കൃതഃ ഇവ=ചെയ്യപ്പെട്ടതുപോലെ ഇരിക്കുന്നുവോ.

മനോഹരങ്ങളായ കൺനോട്ടങ്ങളെ പഠിപ്പിക്കേണ്ടമാതിരി പ്രിയയ്ക്കു് ഉപദേശിച്ചുകൊടുത്തു്, അവളുടെസമീപം നിവസിക്കുന്ന ഈ ഏണങ്ങളുടെനേക്കു് ഞാൺ പൂട്ടിയതായ എൻെറ വില്ലിൽ അമ്പുതൊടുത്തു പ്രയോഗിക്കുവാൻ എനിക്കു തീരെ മനസ്സുതോന്നുന്നില്ല.

ഇവിടെ മാനിൻെറ ശിഷ്യത്വം ശകുന്തള അഭ്യസിച്ചുവോ എന്നു ഉൽപ്രേക്ഷിച്ചിട്ടുണ്ടു്. ഈ ഉൽപ്രേക്ഷമൂലം പ്രിയാവിലോകനങ്ങൾക്കും മൃഗവിലോകനങ്ങൾക്കും തമ്മിൽ സാദൃശ്യം. അതിനാൽ മൃഗദർശനത്തോടുകൂടി പ്രിയാനുസ്മൃതിയും ഉണ്ടാകുന്നതാകയാൽ അലങ്കാരം സ്മൃതിമാൻ.

വിദൂ:—(രാജ്ഞോ മുഖം വിലോക്യ) അത്ര ഭവാൻ കിമപി ഹൃദയേ കൃത്വാ മന്ത്രയതേ. അരണ്യേ മയാ രുദിതമാസീത്.

രാജാ:—(സസ്മിതം) കിമന്യത്? അനതിലംഘനീയം സുഹൃദ്വാക്യമിതി സ്ഥിതോഽസ്മി.

വിദൂ:—ചിരം ജീവ.

(ഗന്തുമിച്ഛതി)

രാജാ:—തിഷ്ഠ, സാവശേഷം മദ്വചനമ്.

വിദൂ:—ആജ്ഞാപയതു ഭവാൻ.

രാജാ:—വിശ്രാന്തേന ഭവതാ മമാപ്യന്യസ്മിന്നനായാസേ കർമ്മണി സഹായേന ഭവിതവ്യമ്.

വിദൂ—കിം മോദകഖണ്ഡികായാമ്?

രാജ്ഞഃ മുഖം വിലോക്യ=രാജാവിൻെറ മുഖത്തുനോക്കി.

അത്രഭവാൻ=അങ്ങു്. കിമപി=എന്തോചിലതു്. ഹൃദയേ കൃത്വാ=മനസ്സിൽവെച്ചു്, മനസ്സിൽ വിചാരിച്ചു്. മന്ത്രയതേ=ആലോചിക്കയാണു്. മയാ=എന്നാൽ. അരണ്യേരുദിതം ആസീത്=കാട്ടിൽ വിളിക്കപ്പെട്ടുകയെന്നതു ചെയ്യപ്പെട്ടു. (ഞാൻ കാട്ടിൽക്കിടന്നു കരഞ്ഞതുപോലെ, പറഞ്ഞതു നിഷ്ഫലമായി.

കിം അന്യത്=മററെന്താണു് (മററെന്താണു ഞാൻ ആലോചിച്ചതു്.) സുഹൃദ്വാക്യം=സുഹൃത്തിൻെറ വാക്കു്. അനതിലംഘനീയം=തട്ടുക്കാൻ പാടില്ലാത്തതു്. ഇതി=എന്നു (വിചാരിച്ചു) സ്ഥിതഃ അസ്മി=നിന്നതാണു്. ചിരം ജീവ=ദീർഘായുസ്സായിരിക്കുക (സാക്ഷേപം) ഗന്തും ഇച്ഛതി=പോകാൻ ആഗ്രഹിക്കുന്നു.

തിഷ്ഠ=നില്ക്കൂ. മദ്വചനം=എൻെറ വാക്കു്. സാവശേഷം=അവശേഷത്തോടു്, ശിഷ്ടത്തോടുകൂടിയതാണു് (ഞാൻ പറഞ്ഞുതീൎന്നില്ല.) ഭവാൻ ആജ്ഞാപയതു=അങ്ങു് ആജ്ഞാപിച്ചാലും (പറയുകതന്നെ) വിശ്രാന്തേന ഭവതാ=വിശ്രാന്തനായ ഭവാനാൽ. അന്യസ്മിൻ അനായാസേ കർമ്മണി=മററൊരു ആയാസംകൂടാത്ത കർമ്മത്തിൽ. സഹായേന ഭവിതവ്യം=സഹായിയായി ഭവിക്കപ്പെടണം. (അദ്ധ്വാനംകൂടാതുള്ള ഒരു കാര്യത്തിൽ എന്നെ സഹായിക്കണം.)

കിം മോദകഖണ്ഡികായാം=മോദകത്തെ ഖണ്ഡിക്കുന്നതിലോ, മോദകത്തെ കണ്ടിച്ചു മിഴുങ്ങുന്നതിലോ.

വിദൂഷകനു പരമാർത്ഥമായി രാജാവിൻെറ മനോഗതി അറിയാം. എങ്കിലും അയാൾ പരിഹസിക്കാനായിട്ടാണു് ഇവ്വിധം ചോദിക്കുന്നതു്.

രാജാ:—യത്ര വക്ഷ്യാമി.

വിദൂ:—ഗൃഹീതഃ ക്ഷണഃ

രാജാ:—കഃ കോ ̕ത്ര ഭോഃ?

(പ്രവിശ്യ)

ദൌവാരികഃ—ആജ്ഞാപയതു ഭർതാ.

രാജാ:—രൈവതക, സേനാപതിസ്താവദാഹൂയതാമ്.

ദൌവാരികഃ—തഥാ (നിഷ്ക്രമ്യ സേനാപതിനാ സഹ പ്രവിശ്യ) ഏഷ ആജ്ഞാവചനോത്കണ്ഠ ഇതോ ദത്തദൃഷ്ടിസ്തിഷ്ഠതി ഉപസർപ്പതാര്യഃ.

യത്ര വക്ഷ്യാമി=വരട്ടെ, ഇന്നതിലെന്നു പറയാം.

ഗൃഹീതഃ ക്ഷണഃ=ക്ഷണം ഗൃഹീതമായി. (ക്ഷണം എന്നതിനു നിർവ്യാപാര സ്ഥിതി എന്നു് അർത്ഥം.) (ഇതാ ഞാൻ സന്നദ്ധനായി നില്ക്കുന്നു.)

കഃ കഃ അത്ര ഭോഃ=ആരവിടെ? പ്രവിശ്യ=പ്രവേശിച്ചു്.

ദൌവാരികഃ=ദ്വാരത്തിൽ, ഗേററിൽ നിയുക്തൻ=ദൌവാരികൻ.

ഭർതാ=സ്വാമി. ആജ്ഞാപയതു=ആജ്ഞാപിച്ചാലും.

രൈവതകഃ=(ദൌവാരികൻെറ പേരു്)

സേനാപതിഃ താവത്=സേനാപതിയാകട്ടെ. ആഹൂയതാം=വിളിക്കപ്പെടട്ടെ. (സേനാപതിയെ വിളിക്കു)

തഥാ=അങ്ങിനെതന്നെ (കല്പനപോലെ)

നിഷ്ക്രമ്യ=പോയിട്ടു്. സേനാപതിനാ സഹ=സേനാപതിയോടുകൂടി. പ്രവിശ്യ=പ്രവേശിച്ചിട്ടു്.

ഏഷഃ ആജ്ഞാവചനോത്കണ്ഠഃ=ഇതാ ആജ്ഞാവചനത്തിൽ, തിരുമനസ്സിലെ കല്പനകൊടുപ്പിൽ ഉത്കണ്ഠയോടു്, ആകാംക്ഷയോടുകൂടിയവനായി. ഇതഃ= ഇങ്ങോട്ടു്. ദത്തദൃഷ്ടിഃ=ദത്തമായ ദൃഷ്ടികളോടുകൂടി. തിഷ്ഠതി=നില്ക്കുന്നു. ആര്യഃ= ആര്യൻ. ഉപസർപ്പതു=അടുത്തുചെന്നാലും.

ഇതു സേനാപതിയോടു രാജാവിനെ ഉദ്ദേശിച്ചു പറയുകയാണു്.

"ശീലവാൻ ബലസമ്പന്നനനാലസ്യൻ പ്രിയംവദൻ
പരരന്ധ്രാന്തരാഭിജ്ഞൻ യാത്രാകാലവിശേഷവിത്
അസ്ത്രശസ്ത്രാദിതത്ത്വജ്ഞൻ" എന്നു് സേനാപതിലക്ഷണം.

സേനാപതിഃ—(രാജാനം വിലോക്യ) ദൃഷ്ടദോഷാപി മൃഗയാ സ്വാമിനി കേവലം ഗുണ ഏവ സംവൃത്തഃ. തഥാ ഹി ദേവഃ—

അനവരതധനുർജ്യാസ്ഫാലനക്രൂരപൂർവം
രവികിരണസഹിഷ്ണു സ്വേദലേശൈരഭിന്നമ്
അപചിതമപി ഗാത്രം വ്യായതത്വാദലക്ഷ്യം
ഗിരിചര ഇവ നാഗഃ പ്രാണസാരം ബിഭർതി.

രാജാനം=രാജാവിനെ. വിലോക്യ=കണ്ടിട്ട്.

മൃഗയാ=നായാട്ട്. ദൃഷ്ടദോഷാ അപി=ദൃഷ്ടമായ ദോഷത്തോടുകൂടിയതാണെങ്കിലും (സപ്തവ്യസനങ്ങളിൽ ഒന്നാണല്ലോ നായാട്ട്) സ്വാമിനി=സ്വാമിയിൽ (തമ്പുരാനിൽ) ഗുണഃ ഏവ കേവലം=ഗുണമായിട്ടുതന്നെ. സംവൃത്തഃ=ആയിത്തീന്നിരിക്കുന്നു.

തഥാഹി=അതനുസരിച്ച്. ദേവഃ=ദേവൻ.

അനവരതധനുർജ്യാസ്ഫാലനക്രൂരപൂർവം=അനവരതം, എല്ലായ്പ്പോഴും ധനുർജ്യയുടെ, ധനുസ്സിൻെറ ജ്യയുടെ, ഞാണിൻെറ ആസ്ഫാലനത്താൽ, ആഘാതത്താൽ ക്രൂരമായ, കല്ലിച്ചതായ പൂർവ്വത്തോട്, ഉള്ളംകൈയോടുകൂടിയതും. രവികിരണസഹിഷ്ണു=രവികിരണങ്ങളെ സഹിക്കാൻ കെല്പുള്ളതായും. സ്വേദലേശൈഃ=വിയർപ്പിൻെറ കണങ്ങളാൽപോലും അഭിന്നം=ഭേദിക്കാത്തതും, വ്യത്യാസം പ്രാപിക്കാത്തതും അഥവാ സ്പർശിക്കപ്പെടാത്തതും. അപചിതം അപി=സ്ഥൂലത ഒക്കെ പോയി ഉറച്ച് കൃശമായതും ആണെങ്കിലും. വ്യായതതാത്=മൃഗയാവ്യാപാരം ഹേതുവായി. അലക്ഷ്യം=ചടവ് ഇല്ലാത്തതും. പ്രാണസാരം=പ്രാണനോട്, ബലത്തോടു സാരമായും, സ്ഥിരമായും ഉള്ള. ഗാത്രം=ഗാത്രത്തെ. ഗിരിചരഃ=ഗിരിചരമായ. നാഗഃ ഇവ=നാഗംപോലെ, ഗജംപോലെ. ബിഭർത്തി=ഭരിക്കുന്നു, വഹിക്കുന്നു.

ഗജപക്ഷത്തിൽ, അനവരതധനുർജ്യാസ്ഫാലനക്രൂരപൂർവം=അനവരതം ധനുർജ്യയോട്, പ്രിയാലവൃക്ഷത്തോടുള്ള, ആസ്ഫാലനാൽ, കഠിനമായ കല്ലിച്ച പൂർവ്വത്തോട്, പൂർവഭാഗത്തോടുകൂടിയതു് എന്ന അർത്ഥം സ്വീകരിക്കണം.

ഈ ഉപമയാൽ രാജാവിൻെറ ജിതശ്രമത്വം, അനലസത്വം, അധൃഷ്യത്വം മുതലായവ ഗ്രഹിക്കേണ്ടതാണ്.

(ഉപഗമ്യ)—ജയതു സ്വാമീ; ഗൃഹീതശ്വാപദപ്രചാരമരണ്യമ്. കിമദ്യാപ്യവസ്ഥീയതേ?

രാജാ:—ഭഗ്നോത്സാഹഃ ഖലു കൃതോഽസ്മി മൃഗയാപരിവാദിനാ മാഢവ്യേന.

സേനാ:—(ജനാന്തികം) സഖേ! സ്ഥിരപ്രതിജ്ഞോ ഭവ. അഹം താവത് സ്വാമിനശ്ചിത്തവൃത്തിമനുവർത്തിഷ്യേ. (പ്രകാശം) പ്രലപതേഷ വൈധേയഃ നനു പ്രഭുരേവ നിദർശനം; പശ്യ:—

ജയതു സ്വാമീ=സ്വാമി (രാജാവു്) ജയിച്ചാലും. (ഇതു പ്രാചീനകാലങ്ങളിൽ ഉണ്ടായിരുന്ന ഒരു ആചാരവാക്യമാണ്.)

അരണ്യം=കാട്. ഗൃഹീതശ്വാപദപ്രചാരം=ഗൃഹീതമായ ശ്വാപദപ്രചാരത്തോട്, ദുഷ്ടജന്തുപ്രചാരത്തോടുകൂടിയതായിരിക്കുന്നു. (കാടിളക്കിയതിനാൽ ദുഷ്ടജന്തുക്കളെ ഇളകി ഓടുന്നുണ്ട്.)

കിം അദ്യാപി അവസ്ഥീയതേ=എന്താണ് ഇനിയും മിണ്ടാതിരിക്കുന്നതു്? (എഴുന്നെള്ളാൻ താമസമെന്താണ്?)

മൃഗയാപരിവാദിനാ=മൃഗയയുടെ ദോഷങ്ങളെ യുക്തിപൂർവം ചൂണ്ടിക്കാണിക്കുന്ന. മാഢവ്യേന=മാഢവ്യനാൽ (മാഢവ്യൻ എന്നു് വിദൂഷകൻെറ പേരു്) ഭഗ്നോത്സാഹഃ കൃതഃ ഖലു അസ്മി=ഭഗ്നോത്സാഹനായിത്തീൻപോയല്ലോ ഞാൻ.

സഖേ, സ്ഥിരപ്രതിജ്ഞഃ ഭവ=സ്ഥിരപ്രതിജ്ഞനായിട്ടിരിക്കുക. ("അങ്ങു പിടിച്ചപിടി വിടാതെ മുറുക്കിക്കൊള്ളണം.") അഹം+താവത്=ഞാനാകട്ടെ. സ്വാമിനഃ=സ്വാമിയുടെ. ചിത്തവൃത്തിം=ചിത്തവൃത്തിയെ. അനുവർത്തിഷ്യേ=അനുവത്തിക്കാൻ പോകുന്നു.

(പ്രകാശം) ഏഷഃ വൈധേയഃ=ഈ മൂർഖൻ. പ്രലപതു=എന്തോ പുലമ്പട്ടെ. പ്രഭുരേവ=അങ്ങുതന്നെ. നന്ദനിദൎശനം=ഇക്കാൎയ്യത്തിൽ (നായാട്ടുമൂലം പലഗുണങ്ങളും ശരീരമനസ്സുകൾക്കു് സിദ്ധിക്കാമെന്ന കാൎയ്യത്തിൽ) ഉദാഹരണമാണല്ലോ.

ഇവിടെ പരമാൎത്ഥത്തിൽ സേനാപതിയും നായാട്ടുമൂലം വളരെ വലഞ്ഞിരിക്കുകയാണു്. അയാൾക്കും അല്പം വിശ്രമം വേണമെന്നുണ്ടു്. പക്ഷേ അക്കാൎയ്യം രാജാവിനോടു മിണ്ടാൻ പാടില്ല. അതുകൊണ്ടു് അയാൾ ഒരു സൂത്രം പ്രയോഗിക്കയാണു്.

മേദശ്ഛേദകൃശോദരം ലഘു ഭവത്യുത്ഥാനയോഗ്യം വപുഃ-
സ്സത്വാനാമപി ലക്ഷ്യതേ വികൃതിമച്ചിത്തം ഭയക്രോധയോഃ
ഉത്കർഷസ്യ ച ധന്വിനാം യദിഷവസ്സിദ്ധ്യന്തി ലക്ഷ്യേ ചലേ
മിഥ്യാ ഹി വ്യസനം വദന്തി മൃഗയാം ഈദൃഗ്വിനോദഃ കുതഃ? 5

വപുഃ=വപുസ്സു്. മേദശ്ഛേദകൃശോദരം=മേദസ്സിന്റെ, മധുരാഹാരാദികളാൽ വൎദ്ധിക്കുന്ന അനാശാസ്യമാംസത്തിന്റെ, ഛേദത്താൽ, ഇല്ലായ്മചെയ്കയാൽ കൃശമായ, മെലിഞ്ഞതായ ഉദരത്തോടുകൂടിയതായും. ലഘു=ലാഘവസംയുക്തമായും. ഉത്ഥാനയോഗ്യം=ഉത്ഥാനത്തിനു്, എഴുന്നേൽക്കുന്നതിനു് (ചലിപ്പിക്കുന്നതിനു്) യോഗ്യമായും (എപ്പോഴും മടിപിടിച്ചു് ഒരിടത്തുതന്നെ ഇരിക്കുന്നതിനുള്ള ആസക്തിയെ കുറയ്ക്കുന്നതായും) തീരുന്നു. (നായാട്ടുകൊണ്ടുള്ള വ്യായാമംമൂലം എന്നൎത്ഥം.)

ഭയക്രോധയോഃ=ഭയക്രോധങ്ങളിൽ. ഭയം, ക്രോധം എന്നീ വികാരങ്ങളിൽ (ഉൾപ്പെട്ടിരിക്കുമ്പോൾ) സത്വാനാം അപി=സത്വങ്ങളുടെയും, വന്യജന്തുക്കളുടെയും വികൃതിമത്=വികാരത്തോടുകൂടിയ, ഭാവഭേദത്തോടുകൂടിയ. ചിത്തം=ചിത്തം, ചിത്തവൃത്തി. ലക്ഷ്യതേ=കാണപ്പെടാം. (ഭയക്രോധങ്ങളിൽ ജന്തുക്കളുടെ ചിത്തവൃത്തി ഏതുതരത്തിലാണെന്നുകണ്ടു് ആനന്ദിക്കാം.)

ചലേ=ചലത്തായ, ഇളകിക്കൊണ്ടിരിക്കുന്ന. ലക്ഷ്യേ=ലക്ഷ്യത്തിൽ. ഇഷവഃ സിദ്ധ്യന്തി (ഇതി യത്)=ഇഷുക്കൾ സിദ്ധിക്കുന്നു (ബാണംകൊള്ളുന്നു) എന്നു യാതൊന്നുണ്ടോ. തത്=അതു്. ധന്വിനാം=ധന്വികളുടെ, വില്ലാളികളുടെ. ഉത്കർഷസ്യ ച= ഉൽക്കർഷത്തിനായിട്ടുതന്നെ ഭവിക്കുന്നു. (ഓടിപ്പോകുന്ന ലക്ഷ്യത്തിൽ അമ്പേല്പിക്കുന്നതാണല്ലോ വില്ലാളിയുടെ സാമൎത്ഥ്യം.)

മൃഗയാം=നായാട്ടിനെ. വ്യസനം=വ്യസനമായിട്ടു് (സപ്തവ്യസനങ്ങളിൽ ഒന്നായിട്ടു്.) സപ്തവ്യസനങ്ങൾ:—നായാട്ടു്, സ്ത്രീസേവ, ചൂതുകളി, കള്ളുകുടി, അയോഗ്യൎക്കുദാനം, കടുത്തവാക്കു്, കൊടുംശിക്ഷ എന്നിവകളാണു്. വ്യസനം=ദോഷവ്യഗ്രത. മിത്ഥ്യാ ഹി വദന്തി=വെറുതെയാണല്ലോ ആളുകൾ പറയുന്നതു്.

ഈദൃക്=ഇപ്രകാരമുള്ള. വിനോദഃ=(മറെറാരു) വിനോദം. കുതഃ=എവിടെനിന്നു് (കാണ്മാൻകഴിയും.)

വിദൂഷകനു് ഈ വാദമുഖം തീരെ രസിച്ചില്ല. അയാൾ പറകയാണു്—

വിദൂ:—അത്രഭവൻ പ്രകൃതിമാപന്നഃ. ത്വം താവദടവീതോ ഽടവീമാ
ഹിണ്ഡ്യേദാനീം നാസികാലോലുപസ്യ ജീൎണ്ണൎക്ഷസ്യ മുഖേ
പതിതോ ഭവ

അത്രഭവാൻ=ഇവിടുന്നു്. പ്രകൃതിം ആപന്നഃ=പ്രകൃതിയെത്തന്നെ പ്രാപിച്ചവനായിരിക്കുന്നു. ഇവിടുന്നു സ്വാഭാവികചിത്തവൃത്തി അവലംബിച്ചിരിക്കുന്നു? നായാട്ടിൽനിന്നു വിരമിച്ചിരിക്കുന്നു 'എടോ ഉത്സാഹക്കാരാ! പോക്രമറയത്തു്' എന്നുള്ള ആശയത്തോടുകൂടിയാണു് ഇപ്രകാരം പറയുന്നതു്.

ത്വം താവത്=താനാകട്ടെ. അടവീതഃ അടവീം= ഒരു അടവിയിൽനിന്നു മറെറാരു അടവിയിലേക്കു്. ആഹിണ്ഡ്യ=അലഞ്ഞുതിരിഞ്ഞു്. ഇദാനീം=ഇപ്പോൾ. നാസികാലോലുപസ്യ=നാസികയിൽ ലോലുപമായ, ജീൎണ്ണ...

ന്റെ, കിഴട്ടുകരടിയുടെ. മുഖേ=മുഖത്തിൽ, വായിൽ. പതിതഃ=പതിതനായി. ഭവ=ഭവിക്കു.

('തിരുമനസ്സിനു പ്രകൃതിഭേദം ഉണ്ടായിരുന്നതുമാറി. താൻ കാട്ടനീളെ അലഞ്ഞു് മനുഷ്യരുടെ മൂക്കിൽ ചാടിക്കടിക്കുന്ന വല്ല കിഴട്ടുകരടിയുടേയും വായിൽ ചെന്നുവീഴും.)

പ്രകൃതി=സ്വാഭാവികാവസ്ഥ. വികൃതി=അസ്വാഭാവികം.

നാസികാലോലുപസ്യ—നാസികയിൽ ലോലുപമായ, കരടിയെന്നുപറയുന്നു. കരടി മനുഷ്യരെ കടിക്കുന്നപക്ഷം ആദ്യം നാസികമേലായിരിക്കും എന്നു ലോകവാദം. ലോലുപൻ=അതിശയേന ആഗ്രഹിക്കുന്നവൻ.

മുഖേ=വായിൽ. സംസ്കൃതഭാഷയിൽ വായ്ക്കും മുഖത്തിനും ഒററവാക്കാണു പ്രയോഗം ഉള്ളതു്. മുഖത്തിന്റെ പര്യായങ്ങൾ വായ്ക്കും വായുടെ പര്യായങ്ങൾ മുഖത്തിനും ചേരും. ഇതുപോലെ പക്ഷിയുടെ ചിറകു് എന്നതിനല്ലാതെ തൂവൽ എന്നതിനു പ്രത്യേകിച്ച വാക്കു പ്രസിദ്ധമല്ല.

ഭവ—പാഠഭേദം ഭവസി=നീ ഭവിക്കും. നീ വായിൽ ചെന്നുവീഴും. ഭവസി എന്ന പാഠഭേദത്തിൽ ഒരു ശാപംകൂടെയാണു് അർത്ഥം. ഭവ എന്നായാൽ 'വായിൽ ചെന്നുവീഴ്' എന്നു് അർത്ഥം.

രാജാ:—ഭദ്രസേന, ആശ്രമസന്നികൃഷ്ടേ സ്ഥിതാഃ സ്മഃ. അതസ്തേ
വചോ നാഭിനന്ദാമി. അദ്യതാവത്,

ഗാഹന്താം മഹിഷാ നിപാനസലിലം ശൃങ്ഗൈർമ്മുഹുസ്താഡിതം
ഛായാബദ്ധകദംബകം മൃഗകുലം രോമന്ഥമഭ്യസ്യതു,
വിസ്രബ്ധം ക്രിയതാം വരാഹതതിഭിർമുസ്താക്ഷതിഃ പല്വലേ
വിശ്രാമം ലഭതാമിദം ച ശിഥിലജ്യാബന്ധമസ്മദ്ധനുഃ 6

ഭദ്രസേന=അല്ലയോ സേനാപതി. ആശ്രമസന്നികൃഷ്ടേ=ആശ്രമങ്ങളുടെ സമീപത്തിൽ. സ്ഥിതാഃ സ്മഃ=നാം നില്ക്കുന്നവരാണല്ലോ, അഥവാ ഇരിക്കുന്നവരാണല്ലോ (ഇതു് ആശ്രമങ്ങൾക്കടുത്തുള്ള പ്രദേശങ്ങളല്ലേ?) അതഃ=ഇതുകൊണ്ടു്. തേ വചഃ=നിന്റെ വാക്കിനെ. ന അഭിനന്ദാമി=ഞാൻ അഭിനന്ദിക്കുന്നില്ല. അദ്യതാവത്=ഇന്നത്തേക്കു്.

മഹിഷാഃ=മഹിഷങ്ങൾ, പോത്തുകൾ. നിപാനസലിലം=നിപാനസലിലത്തെ=നിപാനത്തിൽ (സ്നാനത്തിനോ കന്നുകാലികൾക്കു കൊടുപ്പാനോ ആയി ശേഖരിച്ചിരിക്കുന്ന വെള്ളത്തോടുകൂടിയ വാപിയിൽ) ഉള്ള സലിലത്തെ=ജലത്തെ. ശൃങ്ഗൈഃ=കൊമ്പുകളാൽ. മുഹുഃ=കൂടെക്കൂടെ. താഡിതം=താഡിതമാക്കി. ഗാഹന്താം=മുഴങ്ങട്ടെ (പോത്തുകൾ കൊമ്പുലച്ചു വെള്ളത്തിൽ എത്രവേണമോ അത്രയും കിടന്നു സുഖിക്കട്ടെ.)

മൃഗകുലം=മൃഗങ്ങളുടെ കുലം (മാൻകൂട്ടം). ഛായാബദ്ധകദംബകം=ഛായയിൽ, തരുച്ഛായയിൽ ബദ്ധമായ, കൂടിയ കദംബകത്തോടു്, സംഘത്തോടുകൂടി. രോമന്ഥം=രോമന്ഥത്തെ=അയവിറക്കു എന്ന സ്ഥിതി. അഭ്യസ്യതു=അഭ്യസിക്കട്ടെ.

പല്വലേ=ചെളിയും വെള്ളവും ഇടകലന്നു കിടക്കുന്ന സ്ഥലത്തു്. വരാഹതതിഭിഃ=വരാഹതതികളാൽ, പന്നിക്കൂട്ടത്താൽ. മുസ്താക്ഷതിഃ=മുസ്തയുടെ, മുത്തങ്ങാപ്പുല്ലിന്റെ ക്ഷതി, നാശം(പന്നികൾ മുത്തങ്ങാപ്പുല്ലു വേരോടെ ഇളക്കിമറിക്കുന്നതു് ഒരു കേളിയാകുന്നു) വിസ്രബ്ധം=സ്വൈരമാകുംവണ്ണം. ക്രിയതാം=ചെയ്യപ്പെടട്ടെ.

ശിഥിലജ്യാബന്ധം=ശിഥിലമായ, അയച്ചതായ ജ്യാബന്ധത്തോടു്, ഞാൺകെട്ടോടുകൂടിയ ഇദം അസ്മദ്ധനുഃ=ഈ എന്റെ വില്ലു്. വിശ്രാമം ലഭതാം ച=വിശ്രമിക്കയും ചെയ്യട്ടെ. വിശ്രമം എന്നതിനു വിശ്രാമം എന്നു കാളിദാസനും ഭവഭൂതിയും പ്രയോഗിച്ചിട്ടുണ്ടു്.

സേനാ:—യത് പ്രഭവിഷ്ണവേ രോചതേ.

രാജാ:—തേന ഹി നിവത്തയ പൂവ്വഗതാൻ വനഗ്രാഹിണഃ. യഥാ ച സൈനികാസ്തപോവനം ദൂരാദേവ പരിഹരന്തി തഥാ നിഷേദ്ധവ്യാഃ. പശ്യ,

ശമപ്രധാനേഷു തപോധനേഷു
ഗൂഢം ഹി ദാഹാത്മകമസ്തി തേജഃ
സ്പശാനുകൂലാ ഇവ സൂയ്യകാന്താ-
സ്തദന്യതേജോഭിഭവാദ്വമന്തി. 7

പ്രഭവിഷ്ണവേ=പ്രഭവിഷ്ണുവിന്നായിക്കൊണ്ട് (പ്രഭുവിന്നു) യദ് രോചതേ=രുചിക്കുന്നതുപോലെ. (തിരുമനസ്സിലെ ഇഷ്ടം)

തേന ഹി=അതിനാൽ. പൂവ്വഗതാൻ=മുമ്പേ പോയവരായ. വനഗ്രാഹിണഃ= കാടു തെളിക്കുന്നവരെ. നിവത്തയ=തിരികെ വിളിക്ക. യഥാ=ഏതു പ്രകാരത്തിലായാൽ. സൈനികാഃ=പടയാളികൾ. തപോവനം ദൂരാത് ഏവ പരിഹരന്തി=തപോവനത്തിന്നു ഉപദ്രവമുണ്ടാക്കാതെയിരിക്കുമോ. തഥാ=അപ്രകാരം. നിഷേദ്ധവ്യാഃ= അവർ ചട്ടംകെട്ടപ്പെടണം. പശ്യ=നോക്കു, കണ്ടാലും. (ഇതു മനസ്സിലാക്കുക.)

ശമപ്രധാനേഷു=ശമം, യമനിയമാദ്യനുഷ്ഠാനങ്ങളാൽ സിദ്ധിച്ചിട്ടുള്ള ആത്മസംയമം, പ്രധാനന്മാരായിട്ടുള്ള. തപോധനേഷു=തപോധനന്മാരിൽ, താപസരിൽ. ദാഹാത്മകം തേജഃ=ദഹിപ്പിക്കുന്നതിന്നു്, അന്യരെപ്പോലും അസ്തശക്തികളാക്കുന്നതിന്നു പയ്യാപ്തമായ. തേജഃ=തേജസ്സ്. ഗൂഢം ഹി=ഗൂഢമായിട്ടാണല്ലോ. അസ്തി=ഇരിക്കുന്നു. (ഇതു്) സൂയ്യകാന്താഃ=സൂയ്യകാന്തക്കല്ലുകൾ തദന്യതേജോഭിഭവാത്= അവയിൽനിന്നു് അന്യമായ തേജസ്സുമായുള്ള അഭിഭവത്താൽ. ദാഹാത്മകം=ദഹനശീലമുള്ള. തേജഃ=തേജസ്സിനെയെന്നപോലെ (താപസർ) വമന്തി=വെളിയിൽ പുറപ്പെടുവിക്കുന്നു.

പ്രഭവിഷ്ണവേ രോചതേ—രുചിധാതുവിന്നു കത്താവോ കമ്മമോ ആയ പദം ചതുത്ഥിവിഭക്തിയിൽതന്നെ ആയിരിക്കണം.

സേനാപതിഃ:—യദാജ്ഞാപയതി സ്വാമീ.

വിദൂ:—ന്യസ്യതാം തവോത്സാഹവൃത്താന്തഃ.

(നിഷ്ക്രാന്തഃ സേനാപതിഃ)

രാജാ:—(പരിജനം വിലോക്യ) അപനയന്തു ഭവത്യോ മൃഗയാവേഷമ്. രൈവതക! ത്വമപി നിയോഗമശൂന്യം കുരു.

പരിജനഃ:—യദ്ദേവ ആജ്ഞാപയതി.

(നിഷ്ക്രാന്തഃ)

വിദൂഷകഃ:—കൃതം ഭവതാ നിമ്മക്ഷികമ്! സാമ്പ്രതം ഏതസ്യാം പാദപച്ഛായായാം ലതാവിതാനസനാഥ ആസനേ നിഷീദതു ഭവാൻ. യാവദഹമപി സുഖാസീനോ ഭവാമി.

യദ് ആജ്ഞാപയതി സ്വാമീ=സ്വാമിയുടെ കല്പനപോലെ. തവ=തന്റെ ഉത്സാഹവൃത്താന്തഃ=ഉത്സാഹവൃത്താന്തം, നായാട്ടിനെ സംബന്ധിച്ച ഉത്സാഹകഥകൾ. ന്യസ്യതാം=ന്യസിക്കപ്പെടട്ടെ (മറയത്തു പോകട്ടെ) ("തന്റെ ഉത്സാഹമെല്ലാം കുന്തമായി.")

പരിജനം=പരിവാരത്തെ. വിലോക്യ=കണ്ടിട്ടു്. (അംഗരക്ഷകരായ യവന സ്ത്രീകളോടു്) ഭവത്യഃ=നിങ്ങൾ. മൃഗയാവേഷം=നായാട്ടുകമ്പടിക്കു് അനുകൂലമായ ഈ വേഷങ്ങൾ. അപനയന്തു=മാററിക്കൊൾവിൻ.

രൈവതക!=എടോ രൈവതക. ത്വം അപി=നീയും. നിയോഗം=ആജ്ഞയെ. അശൂന്യംകുരു=ശൂന്യമല്ലാതാക്കിച്ചെയ്യുക (നീയും നിന്റെ ജോലിക്കു പൊയ്ക്കൊള്ളു്)

ഭവതാ=ഭവാനാൽ. നിർമ്മക്ഷികം കൃതം=ഇവിടെ ഈച്ചകളില്ലാത്ത സ്ഥലമായി തീക്കപ്പെട്ടു (അംഗരക്ഷകരും ദ്വാരപാലകനും മററും ഈച്ചകളെപ്പോലെ നിസ്സാരത്വം; എന്നാൽ ഉപദ്രവക്കാരുമെന്നാണു് വിദൂഷകന്റെ വിചാരം) സാമ്പ്രതം=ഇപ്പോൾ. ഏതസ്യാം=ഈ. പാദപച്ഛായായാം=വൃക്ഷത്തണലിൽ. ലതാവിതാനസനാഥേ=ലതാവിതാനത്തോടുകൂടിയതായ. ആസനേ=ആസനത്തിൽ. ഭവാൻ നിഷീദതു=അങ്ങു് ഇരുന്നാലും. അഹമപി=ഞാനും. സുഖാസീനഃ=നല്ലപോലെ ഒരു സ്ഥലത്തു് ഇരുന്നവനായി. യാവത് ഭവാമി=തീരട്ടെ (ഇരിക്കട്ടെ)

രാജാ:—ഗച്ഛാഗ്രതഃ.

വിദൂ:—എതേതു ഭവാൻ.

(ഉഭൗ പരിക്രമ്യോപവിഷ്ടൌ)

രാജാ:—മാഢവ്യ! അനവാപ്തചക്ഷുഃഫലോഽസി. യേന ത്വയാ ദർശനീയം ന ദൃഷ്ടമ്.

വിദൂ:—നനു ഭവാനഗ്രതോ മേ വർത്തതേ.

രാജാ:—സർവ്വഃ കാന്തമാത്മാനം പശ്യതി. താമാശ്രമലലാമഭൂതാം ശകുന്തളാമധികൃത്യ ബ്രവീമി.

വിദൂ:—(സ്വഗതം) ഭവതു; നാസ്യാവസരം ദാസ്യാമി. ഭോ അദ്യ തേ താപസകന്യകാഭ്യർത്ഥനീയാ ദൃശ്യതേ.

അഗ്രതഃ=മുമ്പേയായി. ഗച്ഛ=നടക്കു.

ഭവാൻ=അങ്ങു്. എതു എതു=വന്നാലും വന്നാലും.

ഉഭൌ=രണ്ടുപേരും. പരിക്രമ്യ=ചുററിനടന്നു്. ഉപവിഷ്ടൌ= ഇരിക്കുന്നു) ഉപവിഷ്ടന്മാരായി.

മാഢവ്യ അനവാപ്തചക്ഷുഃഫലഃ അസി=അനവാപ്തമായ, പ്രാപിക്കാത്തതായ ചക്ഷുഃഫലത്തോടു്, ദർശനഫലത്തോടുകൂടിയവനായി നിങ്ങൾ തീന്നിരിക്കുന്നു. ('തന്റെ കണ്ണിനു സാഫല്യം സിദ്ധിച്ചില്ല') അല്ലെങ്കിൽ കാണേണ്ടതു താൻ കണ്ടില്ലല്ലോ.

നനു ഭവാൻ അഗ്രതോ മേ വർത്തതേ=എന്റെ മുമ്പിൽത്തന്നെ അങ്ങു് ഇരിക്കുന്നല്ലോ.

സർവ്വഃ=എല്ലാവനും. ആത്മാനം=അവനവനെ. കാന്തഃ=മനോഹരനായി. പശ്യതി=കാണുന്നു. "എല്ലാപേക്കും അവനവന്റേതു് നല്ലതു് എന്നു തോന്നും."

താം=ആ. ആശ്രമലലാമഭൂതാം=ആശ്രമലലാമഭൂതയായ, ആശ്രമത്തിനു് അലങ്കാരമായ. ശകുന്തളാം അധികൃത്യ=ശകുന്തളയെപ്പററി (യാണു്) ബ്രവീമി=ഞാനിപ്പറയുന്നതു്.

ഭവതു=ഇരിക്കട്ടെ. അസ്യ=ഇദ്ദേഹത്തിനു്. അവസരം=തരം. ന ദാസ്യാമി=ഞാൻ കൊടുക്കാൻ നിശ്ചയിച്ചിട്ടില്ല. ഭോ=അല്ലയോ. അദ്യ=ഇന്നു് (ഇപ്പോൾ) തേ=ഭവാനു്. തപസ്വികന്യകാ=താപസകുമാരി. അഭ്യർത്ഥനീയാ=അപേക്ഷിക്കപ്പെടേണ്ടവളായി. ദൃശ്യതേ=കാണപ്പെടുന്നു. (ഹാസ്യരസം.)

രാജാ:—സഖേ, ന പരിഹാര്യേ വസ്തുനി പൗരവാണാം മനഃ പ്രവർത്തതേ.

സുരയുവതിസംഭവം കില മുനേരപത്യം തദുജ്ഝിതാധിഗതമ്
അർക്കസ്യോപരി ശിഥിലം ച്യുതമിവ നവമാലികാകുസുമമ്. 8

വിദൂ:—(വിഹസ്യ) ഭോ! യഥാ കസ്യാപി പിണ്ഡഖർജ്ജൂരൈരുദ്വേജിതസ്യ തിന്ത്രിണീയഫലാഭിലാഷോ ഭവേത്തഥാ സ്ത്രീരത്നപരിഭാവിനോ ഭവത ഇയമഭ്യർത്ഥനാ.

സഖേ=സഖാവേ! പരിഹാര്യേ വസ്തുനി=ഉപേക്ഷിക്കപ്പെടേണ്ടതായ, വസ്തുനി=വസ്തുവിൽ. പൗരവാണാം=പൗരവന്മാരുടെ, പൂരുവംശത്തിൽപ്പിറന്ന രാജാക്കന്മാരുടെ. മനഃ=മനസ്സ്. ന പ്രവർത്തതേ=പ്രവർത്തിക്കുന്നില്ല പ്രവർത്തിക്കയില്ല).

സുരയുവതിസംഭവം=സുരയുവതിയായ മേനകയിൽനിന്നുള്ള ജന്മത്തോടുകൂടിയതും. തദുജ്ഝിതാധിഗതം=അവളാൽ ഉജ്ഝിതമായി, ഉപേക്ഷിക്കപ്പെട്ടതായി അധിഗതമായതും, ലബ്ധമായതുമാണല്ലോ. മുനേഃ അപത്യം=മുനിയുടെ മകൾ, കണ്വന്റെ മകൾ ശകുന്തള. ഇവൾ, അർക്കസ്യ=എരിക്കിന്റെ. ഉപരി=മുകളിൽ. ശിഥിലം=ഞെട്ടററതായി. ച്യുതം=തഴുകിവീണ നവമാലികാകുസുമം=നവമായ, പുത്തൻ മുല്ലപ്പൂവാണ്.

ഇങ്ങിനെ പറയുന്നതുകൊണ്ട് രാജാവിന്ന് ശകുന്തളയുടെ ജനനത്തെപ്പററിയുള്ള കഥ പറയുന്നതുതന്നെ ഒരു വിനോദമായിട്ടു തീരുന്നു.

ഭോ=അല്ലയോ രാജാവേ! പിണ്ഡഖർജ്ജൂരൈഃ=ഈന്തപ്പഴത്താൽ. ഉദ്വേജിതസ്യ=വെറുപ്പുതോന്നിപ്പോയവന്ന്. യഥാ=ഏതുപ്രകാരമാണോ. തിന്ത്രിണീയഫലാഭിലാഷഃ ഭവേത്=തിന്ത്രിണീയഫലത്തിൽ, പുളിയിൽ അഭിലാഷം ജനിക്കുന്നതു്. തഥാ=അപ്രകാരംതന്നെയാണ്. സ്ത്രീരത്നപരിഭാവിനഃ=സ്ത്രീരത്നങ്ങളെ അനുഭവിച്ചു വിരക്തനായ. ഭവതഃ=അങ്ങയുടെ. ഇയം=ഈ. അഭ്യർത്ഥന =പ്രാർത്ഥന, അപേക്ഷ

ഇങ്ങിനെ പറഞ്ഞ വിദൂഷകൻ രാജാവിനെ അപഹസിപ്പാൻ ഒരുങ്ങുകയാണ്. രാജാവാകട്ടെ സങ്കല്പത്താൽ പുരോവർത്തിനിയായ നായികയുടെ രൂപത്തിൽ അത്യാഹ്ലാദഭരിതനായിപ്പറയുന്നു:—

രാജാ:—ന താവദേനാം പശ്യസി യേന ത്വമേവമവാദീഃ

വിദൂഷകഃ:—ന ഖലു രമണീയമേവ യദ്ഭവതോഽപി വിസ്മയം സമുത്പാദയതി.

രാജാ:—കിംബഹുനാ?

ചിത്രേ നിവേശ്യ പരികല്പിതസത്വയോഗാ
രൂപോച്ചയേന വിധിനാ മനസാ കൃതാ നു?
സ്ത്രീരത്നസൃഷ്ടിരപരാ പ്രതിഭാതി സാ മേ
ധാതുർവിഭുത്വമനുചിന്ത്യ വപുശ്ച തസ്യാഃ. 9

ഏനാം=ഇവളെ. ന താവത് പശ്യസി=നിങ്ങൾ കണ്ടില്ലല്ലോ യേന=യാതൊരു കാരണത്താലാണോ. ത്വം=അങ്ങ്. ഏവം=ഇപ്രകാരം. അവാദീഃ=വദിച്ചു (വദിച്ചതു്.)

ന ഖലു രമണീയം ഏവ=രമണീയമെന്നതു മാത്രമല്ല, മനോഹരിയെന്നതു മാത്രമല്ല. (അവൾ) യത്=യാതൊന്നുകൊണ്ട്. ഭവതഃ അപി=അങ്ങേയ്ക്കുംകൂടെ. വിസ്മയം=അൽഭുതത്തെ. സമുത്പാദയതി=ഉണ്ടാക്കുന്നു.

കിംബഹുനാ?=വളരെപ്പറയുന്നതെന്തിന്?

(ഉത്തരാർദ്ധം) സഃ=ആ നയനചകോരചന്ദ്രികയായ ശകുന്തള. അപരാ=അന്യയായ. സ്ത്രീരത്നസൃഷ്ടിഃ ഇതി=സ്ത്രീരത്നസൃഷ്ടി എന്ന്, പ്രാചീനസ്ത്രീരത്നങ്ങളായ സമസ്തമാനപേരുടേയും സൃഷ്ടിയിൽനിന്ന് വളരെവളരെ മാറ്റംകൂടിയവളെന്ന്. മേ=എനിക്ക് (ഉർവ്വശി മേനക മുതലായ സ്ത്രീരത്നങ്ങളെക്കണ്ടു നല്ല പരിചയമുള്ള എനിക്ക്) പ്രതിഭാതി=തോന്നുന്നു കാരണം പറയുന്നു:—ധാതുഃ=ധാതാവിന്റെ, ചതുർദ്ദശഭുവനനിർമ്മാണകർത്താവായ ബ്രഹ്മാവിന്റെ. വിഭുത്വം=അപരിച്ഛേദ്യമായ സൃഷ്ടികൗശലവും. തസ്യാഃ=അവളുടെ. വപുഃ=അനിതരസാധാരണമായ സൗന്ദര്യത്തോടുകൂടിയ ശരീരവല്ലിയും. അനുചിന്ത്യ=വിചാരിച്ചുവിചാരിച്ച്. മേൽപ്രകാരം തോന്നുന്നുവെന്നു സാരം. ഈ സൃഷ്ടിപ്രകാരം എങ്ങിനെയുള്ളതാണ്.

ചിത്രേ=ചിത്രഫലകത്തിൽ. നിവേശ്യ=സങ്കല്പമാത്രത്തിൽവെച്ച്. പരികല്പിതസത്വയോഗാ=പ്രതിഷ്ഠിതമായ ജീവന്റെ യോഗത്തോടുകൂടിയവളാക്കി. രൂപോച്ചയേന=രൂപത്തിന്റെ, സൗന്ദര്യസാരത്തിന്റെ ഉച്ചയംകൊണ്ട്, സാരസംഗ്രഹംകൊണ്ട് (ബ്രഹ്മാവ്) മനസാ കൃതാ നു=മനസ്സുകൊണ്ടുതന്നെയല്ലേ. ഇവളെ സൃഷ്ടിച്ചിരിക്കുന്നതു ?

അലങ്കാരം പൂർവ്വാർദ്ധത്തിൽ ഉൽപ്രേക്ഷ. ഉത്തരാർദ്ധത്തിൽ കാവ്യലിംഗവും ഭേദകാതിശയോക്തിയും.

വിദൂ:—യദ്യേവം പ്രത്യാദേശ ഇദാനീം രൂപവതീനാം സാ.

രാജാ:—ഇദം ച മേ മനസി വർത്തതേ—

അനാഘ്രാതം പുഷ്പം, കിസലയമലൂനം കരരുഹൈ-
രനാവിദ്ധം രത്നം മധു നവമനാസ്വാദിതരസമ്
അഖണ്ഡം പുണ്യാനാം ഫലമപി ച തദ്രൂപമനഘം
ന ജാനേ ഭോക്താരം കമിഹ സമുപസ്ഥാസ്യതി വിധിഃ. 10

ഏവം=ഇപ്രകാരം. സാ=ആ ശകുന്തള. രൂപവതീനാം=സുന്ദരികൾക്ക്. ഇദാനീം=ഇക്കാലത്ത്. പ്രത്യാദേശഃ യദി=ഒരു നിന്ദനം ആണെങ്കിൽ —

രാജാവിന്റെ ഈ ശകുന്തളാസൗന്ദര്യപ്രശംസയെ ഒട്ടൊന്നാദരിച്ചു നർമ്മസചിവനായ വിദൂഷകൻ ആ നായിക സകല സ്ത്രീകളെ അപേക്ഷിച്ചും ഉൽകൃഷ്ടയാണോ എന്നാണ് ചോദിക്കുന്നതു്.

എന്നാൽ രാജാവാകട്ടെ, ആ ശകുന്തളയ്ക്കു താൻ മുൻപുപറഞ്ഞപ്രകാരത്തിലുള്ള രൂപസമ്പത്തി മാത്രമല്ല, നിഖിലജനമനോഹരമായ യൗവനപ്രാപ്തിയുംകൂടെ സംപൂർണ്ണത പ്രാപിച്ചിരിക്കുന്നു. ആയതിനാൽ കിട്ടുമോ ഇല്ലയോ എന്ന കാര്യത്തെപ്പററി തന്റെ മനസ്സിനുതന്നെ ചാഞ്ചല്യമുണ്ട് എന്ന് സ്നേഹിതനെ ധരിപ്പിക്കുകയാണ്.

ഇദം ച=ഇതുകൂടെ. മേ മനസി=എന്റെ മനസ്സിൽ. വർത്തതേ=ഉണ്ട്. എനിക്കിങ്ങനെകൂടെ തോന്നുന്നു.

അനാഘ്രാതം പുഷ്പം=ആഘ്രാതമായിട്ടില്ലാത്ത, മണപ്പിച്ചിട്ടില്ലാത്ത പൂവ്. (മൂക്കിൽ ചേർക്കാത്തപുഷ്പം) നവമായമധു, ഒന്നാംതരം വാസന ഇവ ചേർന്നു വികസിച്ചുനിൽക്കെ ഒരു മനുഷ്യരും തൊട്ടൊന്നു ആസ്വദിച്ചിട്ടില്ലാത്ത പൊൻപൂവ്.

കരരുഹൈഃ=നഖങ്ങളാൽ. അലൂനം=ഒരു പാടുപോലും ഏൽക്കാത്തതായ. കിസലയം=ഓമനത്തളിര്. വിരലുകൊണ്ട്, വേണ്ടാ വിരലിലെ നഖംകൊണ്ടുപോലുമുള്ള യാതൊരു പാട്ടം ഏററിട്ടില്ലാത്ത ഒരു ഓമനത്തളിര്.

അനാവിദ്ധം=വേധനം ഏൽക്കാത്ത. ഒരു പോറൽപോലും തന്നിർമ്മാണസൗഷ്ഠവകർമ്മങ്ങളാൽ ഏൽക്കാത്ത ഒരു രത്നം. ഇവിടെ അനാമുക്തം രത്നം എന്നു പാഠഭേദം. ആ പാഠമനുസരിച്ച് അനാമുക്തം=ആമുക്തമല്ലാത്ത, ആഭരണമായി

അനാസ്വാദിതരസം=അനാസ്വാദിതമായ, ആരുമേ ആസ്വദിച്ചിട്ടില്ലാത്ത രസത്തോടുകൂടിയ. നവം മധു=നവമായ മധു=മകരന്ദദ്രവ്യം.

പുണ്യാനാം=പുണ്യങ്ങളുടെ, അനേകജന്മാർജ്ജിതങ്ങളായ പുണ്യങ്ങളുടെ. അഖണ്ഡം=സമ്പൂർണ്ണമായ. ഫലം അപി ച=ഫലം എന്നപോലെയും (ഉള്ള).

തദ്രൂപം അനഘം=അവളുടെ അനഘമായ, കേവലം നിർദ്ദോഷമായ ആ രൂപത്തിനെ, സൗന്ദര്യത്തിനെ.

ഭോക്താരം=ഭോക്താവായിട്ട്, അനുഭവിച്ചു പ്രിയതമപദവിയിൽ സുഖിക്കുന്നതിന്ന്. വിധിഃ=ബ്രഹ്മാവ്. കം ഇഹ സമുപസ്ഥാസ്യതി ഇതി=ആരെയാണ് ഇവിടെ നിശ്ചയിച്ചിട്ടുള്ളതെന്ന്. ന ജാനേ=ഞാൻ അറിയുന്നില്ല (എനിക്കറിഞ്ഞുകൂടാ).

അലങ്കാരം— മാലാരൂപകം.

ഇവിടെ ആദ്യത്തെ രൂപകമായ 'അനാഘ്രാതം പുഷ്പം' എന്നതുകൊണ്ടു നായികയുടെ സൗരഭ്യാതിരേകവും സ്തനമണ്ഡലാദി അവയവങ്ങളുടെ പരിപൂർണ്ണത്വവും അനുരാഗപരിപോഷകത്വവും സൂചിതം. 'കിസലയമലൂനം' എന്ന ഭാഗത്താൽ സൗകുമാര്യാതിശയവും 'അനാമുക്തം രത്നം' എന്നതിനാൽ ലാവണ്യസമൃദ്ധിയും വിശിഷ്ടജനങ്ങൾക്കു ഉപഭോഗക്ഷമത്വവും 'അനാസ്വാദിതമധു' എന്നതിനാൽ മനസ്സിനെ ഒന്നോടെ ഇളക്കിമറിക്കുന്നതെന്നും, 'അഖണ്ഡം പുണ്യാനാംഫലം' എന്നതിനാൽ ദുർല്ലഭത്വവും എങ്ങിനെയെങ്കിലും ആർക്കെങ്കിലും ലഭിപ്പാൻ ഇടവന്നാൽ അവന്ന് അത്യന്തകൃതാർത്ഥതയ്ക്കുള്ള അവകാശവും നല്ലപോലെ തെളിയിച്ചിരിക്കുന്നു. എന്നുമാത്രമല്ല ഈ അഞ്ചുവാക്യഖണ്ഡങ്ങൾകൊണ്ടു ക്രമേണ ശൃംഗാരവിധികളായ ചുംബനം, നഖക്രിയ, കണ്ഠാലിംഗനം, അധരപാനം, സുരതം എന്നിവ നായകന്റെ ഹൃദയത്തിൽ പ്രതിഫലിക്കുന്നുവെന്നും പണ്ഡിതന്മാർ പറയുന്നു. ഏതായാലും ഈ പദ്യരത്നത്താൽ നായികയുടെ സൗന്ദര്യത്തിന്റെ സൗരഭ്യം, സൗകുമാര്യം, ലാവണ്യം, മാധുര്യം. ആഹ്ളാദകത്വം എന്നീ അഞ്ച് ഉപാധികളും വ്യക്തമാകുന്നുണ്ടു്.

വിദൂ:— തേന ഹി ലഘു പരിത്രായതാമേനാം ഭവാൻ മാ കസ്യാപി തപസ്വിന ഇങ്ഗുദീതൈലമിശ്രചിക്കണശീർഷസ്യാരണ്യകസ്യ ഹസ്തേ നിപതതു.

രാജാ:— പരവതീ ഖലു തത്രഭവതീ; ന ച സന്നിഹിതോ ഗുരുജനഃ.

വിദൂ:— അഥ തത്രഭവന്തമന്തരേണ കീദൃശോഽസ്യാ ദൃഷ്ടിരാഗഃ?

രാജാ:— നിസർഗ്ഗാദേവാപ്രഗത്ഭസ്തപസ്വികന്യാജനഃ. തഥാപി തു—

തേന ഹി=അതൊക്കെക്കൊണ്ടു്. ഏനാം=ഇവളെ. ഭവാൻ=അങ്ങു്. ലഘു=എളുപ്പം. പരിത്രായതാം=രക്ഷിക്കണം.

ഇങ്ഗുദീതൈലമിശ്രചിക്കണശീർഷസ്യ=ഇങ്ഗുദീതൈലത്താൽ, ഓടലെണ്ണയാൽ, മിശ്രചിക്കണ=പുരട്ടപ്പെട്ടു് മെഴുമെഴായിരിക്കുന്ന ശീർഷത്തോടു്, ശിരസ്സോടുകൂടിയ. കസ്യാപി=ഏതെങ്കിലുമൊരു. ആരണ്യകസ്യ=വനവാസിയായ. തപസ്വിനഃ=തപസ്വിയുടെ. ഹസ്തേ=കൈയിൽ. (ഈ ശകുന്തള) മാ നിപതതു=വീഴാതിരിക്കട്ടെ.

തത്രഭവതീ=അവൾ. പരവതീ ഖലു=അസ്വതന്ത്രയാണല്ലോ. ഗുരുജനഃ=ഗുരുജനം (അച്ഛനോ തൽസ്ഥാനയോഗ്യരോ ആയവർ) അസന്നിഹിതഃ ഖലു=ഇല്ലാതാണല്ലോയിരിക്കുന്നതു്.

അസ്യാഃ=ഇവളുടെ. ദൃഷ്ടിപാതഃ=നോട്ടം. തത്ര ഭവന്തമന്തരേണ അഥ കീദൃശഃ=അങ്ങേക്കുറിച്ചു് എങ്ങിനെയായിരുന്നു?

നിസർഗ്ഗാത്

സ്വികന്യക (കൾ). അപ്രഗത്ഭഃ=സാമർത്ഥ്യമില്ലാത്തവരാണ്. മദനചേഷ്ടാവിലാസങ്ങൾകൊണ്ടു പുരുഷന്മാരെ വശീകരിക്കാൻ കെല്പില്ലാത്ത കൂട്ടമാണ്.

തഥാപി തു=എന്നാലും (ഇക്കാര്യത്തിൽ)

അഭിമുഖേ മയി സംഹൃതമീക്ഷിതം
ഹസിതമന്യനിമിത്തകൃതോദയമ്;
വിനയവാരിതവൃത്തിരതസ്തയാ
ന വിവൃതോ മദനോ, ന ച സംവൃതഃ. 11

വിദൂ:—കിം നു സാ ദൃഷ്ടമാത്രസ്യ തവാങ്ഗം ആരോഹതി?

മയി=എന്നിൽ. (ഞാൻ) അഭിമുഖേ സതി=അഭിമുഖമായിരുന്നപ്പോൾ (ഞാൻ അവളെ അനുരാഗപരവശനായി നോക്കവേ) ഈക്ഷിതം=എന്റെ ഈ ദർശനം. തയാ സംഹൃതം=അവളാൽ സംഹൃതമായി. ഞാൻ അവളെ നോക്കുമ്പോളൊക്കെ അവൾ ദൃഷ്ടികൾ പിൻവലിച്ചുകളഞ്ഞു.

അന്യനിമിത്തകൃതോദയം=അന്യമായ നിമിത്തത്താൽ കൃതമായ ഉദയംപോലെയുള്ള, മറ്റെന്തോ കാരണംകൊണ്ടുണ്ടായതുപോലെ. ഹസിതം=അവളാൽ ചിരിക്കപ്പെട്ടു. മറ്റെന്തു കാരണത്താലോ എന്നു തോന്നുമാറ് അവൾ പുഞ്ചിരിതൂകുന്നുമുണ്ടായിരുന്നു.

അതഃ=ഇക്കാരണത്താൽ. വിനയവാരിതവൃത്തിഃ=വിനയംകൊണ്ട്, കന്യാജനസാധാരണമായ വിനയലജ്ജാദികളാൽ വാരിതമായ, തടുക്കപ്പെട്ടതായ വൃത്തിയോട്, വ്യാപാരത്തോട്—ദർശനാഭിനന്ദനമന്ദഹാസസ്വീകരണചേഷ്ടാപ്രകാരങ്ങളോടുകൂടിയ. മദനഃ=മന്മഥൻ. (മന്മഥവികാരം) തയാ=അവളാൽ. ന വിവൃതഃ=വിവരിക്കപ്പെട്ടവനായില്ല. ന ച സംവൃതഃ=സംവരിക്കപ്പെട്ടവനുമായില്ല. (പ്രകാശിതവുമായില്ല, ഗൂഹിതവുമായില്ല.)

ഞാൻ അങ്ങോട്ടു നോക്കുമ്പോൾ അവൾ മുഖം പിൻവലിച്ചതും എന്തോ കാരണത്താൽ ഹസിച്ചതുമാലോചിക്കുമ്പോൾ അവളുടെ കാമവികാരം പ്രത്യക്ഷമല്ലെന്നു തോന്നും. എന്നാൽ ഞാൻ നോക്കാതിരിക്കുമ്പോൾ എന്നെ നോക്കിയതും, തക്ക അവസരങ്ങളിൽ മന്ദഹസിച്ചതും ആലോചിക്കുമ്പോൾ അവൾക്ക് എന്നോടുള്ള അനുരാഗം വ്യഞ്ജിതമാവുന്നില്ലെന്നും പറവാൻ വയ്യ.

അലങ്കാരം—കാവ്യലിംഗവും വിരോധാഭാസവും.

സാ=അവൾ. ദൃഷ്ടമാത്രസ്യ തവ=കണ്ടപ്പോൾതന്നെ അങ്ങയുടെ. അങ്ഗം ആരോഹതി കിം നു=മടിയിൽക്കയറി ഇരിക്കുമോ?

അങ്ങയുടെ അനുരാഗത്തിന്റെ നില ഏതു തരത്തിലാണെന്ന് അറിയാഞ്ഞതുകൊണ്ടായിരിക്കാം അവൾ തന്റെ അനുരാഗം ഇങ്ങിനെ മറച്ചത് എന്നാണു വിദൂഷകന്റെ വാക്യത്തിനു സാരം.

രാജാ:—മിഥഃ പ്രസ്ഥാനേ പുനശ്ശാലീനതയാപി കാമമാവിഷ്കൃതോ
ഭാവസ്തത്ര ഭവത്യാ മയി—

ദർഭാങ്കുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ
തന്വീ സ്ഥിതാ കതിചിദേവ പദാനി ഗത്വാ,
ആസീദ്വിവൃത്തവദനാ ച വിമോചയന്തീ,
ശാഖാസു വല്കലമസക്തമപി ദ്രുമാണാമ്. 12

മിഥഃ=തമ്മിൽ. (രഹസ്യമായി ഒരു വിജനസ്ഥലത്ത് എന്റെ അടുത്തുതന്നെ ... പുനഃ=വീണ്ടും.

ശാലീനതയാ അപി=ശാലീനതയോടുകൂടിയാണെങ്കിലും, ലജ്ജിത എന്നസ്ഥിതിയോടുകൂടെയാണെങ്കിലും. തത്രഭവത്യാഃ=ആ സുന്ദരിയുടെ. ഭാവഃ=അനുരാഗം. മയി=എന്നിൽ. കാമം=ഏററവും. ആവിഷ്കൃതഃ=പ്രകാശിതമായി.

ദർഭാങ്കുരേണ=ദർഭയുടെ അങ്കുരത്താൽ, സൂചീസദൃശമായ അഗ്രഭാഗത്താൽ. ചരണഃ=സുകുമാരമോഹനമായ ആ കാലു് ക്ഷതഃ ഇതി=ക്ഷതമായി എന്നു് (ഉള്ള വ്യാജത്താൽ) അകാണ്ഡേ=അനവസരത്തിൽ. അഥവാ യാതൊരു ദർഭയും ഉണ്ടാകാൻ ഇടയില്ലെന്നു വിചാരിക്കപ്പെടാവുന്ന സ്ഥലത്തു്. തന്വീ=സുകുമാരകോമളയായ ആ നതാംഗി. സ്ഥിതാ=സ്ഥിതയായി. (നടപ്പുനിറുത്തി അവിടെ നിന്നുവെന്നു സാരം.) കതിചിത് ഏവ പദാനി=ഏതാനും പദങ്ങൾ (അടികൾ) ഗത്വാ=പോയിട്ടു. വിവൃത്തവദനാ=വിവൃത്തമായ, തിരിച്ചതായ വദനത്തോടുകൂടി. ദ്രുമാണാം=വൃക്ഷങ്ങളുടെ (ചെടികളുടെ) ശാഖാസു=ശാഖകളിൽ. അസക്തമപി=തൊട്ടുപിടിക്കാത്തതായിരുന്നെങ്കിലും. വല്കലം=വല്കലത്തെ – വസ്ത്രമായി ഉപയോഗിച്ചിരുന്ന മരവുരിയെ, വിമോചയന്തീ=മോചിപ്പിക്കുന്നവളോ എന്നപോലെ. സ്ഥിതാ=സ്ഥിതമായി. ഇവിടെ കാലിൽ ദർഭതറച്ചതു വിടുവിക്കാൻ എന്ന ഭാവത്തിൽ തിരിഞ്ഞുനോക്കിയതും, മരവുരി ചെടികളിൽ തടഞ്ഞതു വിടുവിക്കാനെന്നുള്ള കപടത്തോടെ വീണ്ടും രാജാവിനെ നോക്കിയതും നായികയുടെ ലജ്ജ, ഔൽസുക്യം എന്നിവയെ കാണിക്കുന്നു. ഇങ്ങിനെയുള്ള വിശിഷ്ടഭാവങ്ങളിൽ സ്ത്രീകളുടെ സ്വാഭാവികമായ ബുദ്ധിശക്തിയെപ്പററി ആലോചിച്ചു് രാജാവു വിസ്മയഭരിതനാവുന്നുമുണ്ടു്.

വിദൂ:—യദ്യേവം ഗൃഹീതപാഥേയോ ഭവസി കൃതം ത്വയാ അനുപസർഗം തപോവനം ഇതി പശ്യാമി.

രാജാ:—സഖേ, തപസ്വിഭിഃ കൈശ്ചിത് പരിജ്ഞാതോഽസ്മി; ചിന്തയ താവത്. കേനാപദേശേന സകൃദപ്യാശ്രമേ വസാമഃ?

വിദൂ:—കോഽപരോഽപദേശഃ? ത്വം രാജാ. നീവാരഷഡ്ഭാഗം മേ ഉപഹരന്ത്വിതി.

ഏവം=ഇപ്രകാരം. യദി=എങ്കിൽ (ഇപ്രകാരം ശകുന്തള സ്വകാമത്തെ പ്രകാശിപ്പിച്ചിട്ടുണ്ടെന്നുള്ളപക്ഷം) ഗൃഹീതപാഥേയഃ=ഗൃഹീതമായ പാഥേയത്തോടുകൂടിയവനായി. പാഥേയം=പൊതിച്ചോറു്. (ഏതെങ്കിലും ഒരു സ്ഥലത്തേയ്ക്കു പോകുമ്പോൾ വഴിമദ്ധ്യത്തിൽവെച്ചു കഴിക്കേണ്ട എന്തെങ്കിലും ആഹാരം. ഇവിടെ ആശ്വാസസാധനമെന്നർത്ഥം). അവളുടെ പ്രേമരൂപമായ ആശ്വാസസാധനം ലഭിച്ചുവെന്നു വിദൂഷകൻ രാജാവിനെ ധൈര്യപ്പെടുത്തുന്നു.

ത്വയാ=നിന്നാൽ, അങ്ങാൽ. തപോവനം=ഈ തപോവനം. അനുപസർഗ്ഗം=ഉപദ്രവരഹിതം. ഇതി=എന്നു്. പശ്യാമി=ഞാൻ കാണുന്നു. ഇങ്ങിനെ അങ്ങു് അവളുടെ പ്രേമത്തിനു പാത്രമായപക്ഷം ഇവിടെത്തന്നെ കുറേനാൾ താമസിക്കുമല്ലോ. അതുമൂലം ഈ തപോവനത്തെ ഏതുതരത്തിലുള്ള ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കയും ചെയ്യുമല്ലോ.

സഖേ, തപസ്വിഭിഃ കൈശ്ചിത്=തപസ്വികളായ ചിലരാൽ. പരിജ്ഞാതഃ അസ്മി=ഞാൻ അറിയപ്പെട്ടുപോയി. (തപസ്വികളിൽ ചിലർ എന്നെ കണ്ടറിഞ്ഞുപോയി.) ചിന്തയ താവത്=ഒന്നാലോചിച്ചു കണ്ടുപിടിക്കു. കേന അപദേശേന=എന്തൊരു വ്യാജത്താലാണ്. സകൃത് അപി=ഒരിക്കൽക്കൂടെ. ആശ്രമേ=ഈ ആശ്രമപ്രദേശങ്ങളിൽ. വസാമഃ=നാം വസിക്കുന്നതു്.

കഃ അപരഃ അപദേശഃ=മറേറു് എന്തു വ്യാജം ആണു്? ത്വം രാജാ=അങ്ങു രാജാവാണ്. നീവാരഷഡ്ഭാഗം=വരിനെല്ലിൻെറ ആറിൽ ഒരുഭാഗം. മേ=എനിക്കായി. ഉപഹരന്തു ഇതി=കൊണ്ടുതരിക എന്നു (പറഞ്ഞുകൊണ്ടു താമസിക്കാമല്ലോ)

രാജാ:—മൂഢ! അന്യത് ഭാഗധേയമേതേഷാം രക്ഷണേ നിപതതി, യത് രത്നരാശീനാമപി വിഹായാഭിനന്ദ്യമ്. പശ്യ:—

യദുത്തിഷ്ഠതി വർണേഭ്യോ നൃപാണാം ക്ഷയി തത് ഫലമ്
തപഃഷഡ്ഭാഗമക്ഷയ്യം ദദത്യാരണ്യകാ ഹി നഃ. 13

(നേപഥ്യേ) ഹന്ത സിദ്ധാർത്ഥൗ സ്വഃ.

രാജാ:—(കർണം ദത്വാ) അയേ, ധീരപ്രശാന്തഃ സ്വരഃ തപസ്വിഭിർഭവിതവ്യമ്.

മൂഢ=എടോ മടയ. ഏതേഷാം=ഈ തപോവനങ്ങളുടെ. രക്ഷണേ=രക്ഷണത്തിൽ. ഭാഗധേയം അന്യത്=മറെറാരു പുണ്യം. നിപതതി=വീഴുന്നു (ഭവിക്കുന്നു.) (തപസ്വികൾ തരുന്ന കരം വേറെയാണ്.) യത്=യാതൊന്നാണോ. രത്നരാശീനാം അപി വിഹായ=രത്നരാശികളെപ്പോലും വിട്ടിട്ട്. അഭിനന്ദ്യം=സന്തോഷപുരസ്സരം സ്വീകരിക്കേണ്ടതാണ്. പശ്യ=നോക്കു.

വർണ്ണേഭ്യഃ=വർണ്ണവിഭാഗാന്തർഗ്ഗതമായ മനുഷ്യരിൽ നിന്നും. നൃപാണാം=രാജാക്കന്മാൎക്ക്. യത് ഫലം=യാതൊരു ഫലമാണോ. ഉത്തിഷ്ഠതി=നില്ക്കുന്നു (ഉണ്ടാകുന്നു.) തത്=ആ ഫലം. ക്ഷയി=നാശത്തോടുകൂടിയതാണ്. (ഒരുനാൾ നശിക്കും എന്നു സാരം.) നഃ=നമുക്കായി.

ആരണ്യകാഃ ഹി=അരണ്യവാസികളായ തപസ്വികളാകട്ടെ. അക്ഷയ്യം=ഒരു വിധത്തിലും ക്ഷയിക്കാത്തതായ. തപഃഷഡ്ഭാഗം=തപസ്സിന്റെ ആറിലൊരു ഭാഗമായ (ഫലം) ദദതി=തരുന്നു.

നേപഥ്യേ=അണിയറയിൽ.

ഹന്ത!=ആശ്ചര്യം. സിദ്ധാർത്ഥൗ=സിദ്ധമായ അർത്ഥത്തോടുകൂടിയവരായി. സ്വഃ=നാം തീർന്നിരിക്കുന്നു. (ഞങ്ങളുടെ കാര്യം സാധിച്ചു.)

കർണ്ണം ദത്വാ=ചെവികൊടുത്തിട്ട്.

അയേ=അല്ലാ. ധീരപ്രശാന്തഃ സ്വരഃ=ധീരപ്രശാന്തമായ സ്വരം. തപസ്വിഭിഃ=തപസ്വികളാൽ. ഭവിതവ്യം=ഭവിക്കപ്പെടുന്നതാണ്. (ധീരശാന്തമായ സ്വരം കൊണ്ടു തപസ്വികളാണെന്നു തോന്നുന്നു.)

ദുഷ്ഷന്തമഹാരാജാവു തപോവനത്തിൽ താമസമുണ്ടെന്നു അറിഞ്ഞ മഹർഷിമാർ യാഗവിഘ്നനിവാരണത്തിനായി അദ്ദേഹത്തിന്റെ സഹായം അപേക്ഷിപ്പാൻ അയച്ച താപസകുമാരന്മാർ ഇനി പ്രവേശിപ്പാൻ പോകുന്നു.

(പ്രവിശ്യ)

ദൗവാരികഃ:—ജയതു ഭർത്താ. ഏതൗ ദ്വാവൃഷികുമാരൗ പ്രതിഹാരഭൂമിമുപസ്ഥിതൗ.

രാജാ:—തേന ഹ്യവിലംബം പ്രവേശയ തൗ.

ദൗവാരികഃ:—അയം പ്രവേശയാമി.

(നിഷ്ക്രമ്യ ഋഷികുമാരാഭ്യാം സഹ പ്രവിശ്യ)

ഇതോ ഭഗവന്തൗ.

(ഉഭൗ രാജാനം വിലോകയതഃ)

പ്രഥമഃ—അഹോ ദീപ്തിമതോഽപി വിശ്വസനീയതാ വപുഷഃ
അഥവാ ഉപപന്നമേതദൃഷിഭ്യോ നാതിഭിന്നേ രാജനി. കുതഃ—

പ്രവിശ്യ=പ്രവേശിച്ച്. ജയതു ഭർത്താ=നാഥൻ ജയിച്ചാലും. ഏതൌ=ഇൗ (ഇതാ) ദ്വൌ=രണ്ട്. ഋഷികുമാരൌ=ഋഷികുമാരന്മാർ. പ്രതിഹാരഭൂമിം=പ്രതിഹാരഭൂമിയെ. ഉപസ്ഥിതൌ=അടുത്തു നില്ക്കുന്നവരായിരിക്കുന്നു.

തേന ഹി=അതിനാൽ (ഇവിടെ വിശേഷിച്ച് അർത്ഥമില്ല) അവിലംബം=താമസിപ്പിക്കാതെ. തൌ=അവരെ. പ്രവേശയ=പ്രവേശിപ്പിക്കൂ.

അയം പ്രവേശയാമി=ഇതാ പ്രവേശിപ്പിക്കുന്നു.

നിഷ്ക്രമ്യ=പോയിട്ട്. ഋഷികുമാരാഭ്യാം സഹ=ഋഷികുമാരന്മാരോടുകൂടെ പ്രവിശ്യ=പ്രവേശിച്ച്.

ഇതോ (തഃ) ഭഗവന്തൌ=ഇതാ ആ രണ്ടു ഭഗവാന്മാർ. ഉഭൌ=രണ്ടുപേരും. രാജാനം=രാജാവിനെ. വിലോകയതഃ=നോക്കുന്നു. പ്രഥമഃ=ഒന്നാമൻ.

അഹോ=ആശ്ചര്യം. ദീപ്തിമതഃ അപി=ദീപ്തിമത്താണെങ്കിലും, രാജപ്രഭാവസഹിതമാണെങ്കിലും. വപുഷഃ=ശരീരത്തിന്റെ. വിശ്വസനീയതാ=വിശ്വസനീയത, സൌമ്യത (ആശ്ചര്യകരം!)

അഥവാ=അല്ലെങ്കിൽ. ഏതത്=ഇതു് (ഈ ഗാംഭീര്യവും സൌമ്യതയും) ഋഷിഭ്യഃ=ഋഷികളിൽനിന്നു്. നാതിഭിന്നേ=ഏറ്റവും ഭിന്നിച്ചിട്ടില്ലാത്ത, ധർമ്മാചരണത്തിൽ വ്യത്യസ്തനല്ലാത്ത. രാജനി=രാജാവിൽ. ഉപപന്നം=യുക്തംതന്നെ. കുതഃ=എന്തുകൊണ്ടെന്നാൽ,

അധ്യാക്രാന്താ വസതിരമുനാപ്യാശ്രമേ സർവ്വഭോഗ്യേ
രക്ഷായോഗാദയമപി തപഃ പ്രത്യഹം സഞ്ചിനോതി,
അസ്യാപി ദ്യാം സ്പൃശതി വശിനശ്ചാരണദ്വന്ദ്വഗീതഃ
പുണ്യഃ ശബ്ദോ മുനിരിതി മുഹുഃ കേവലം രാജപൂർവ്വഃ. 14

അമുനാ അപി=ഈ രാജാവിനാലും. സർവ്വഭോഗ്യേ=സമസ്തഭോഗ്യമായ. ആശ്രമേ=ആശ്രമത്തിൽ (രാജ്യാശ്രമത്തിൽ) വസതിഃ=വാസം. അധ്യാക്രാന്താ=അധ്യാക്രാന്തമായിരിക്കുന്നു (സ്വീകൃതമായിരിക്കുന്നു) എല്ലാ ആശ്രമങ്ങൾക്കും ആശ്രയമായിരിക്കുന്ന ആശ്രമമാണല്ലോ ഗൃഹസ്ഥാശ്രമം. ഗൃഹസ്ഥാശ്രമികളിൽവെച്ചു ശ്രേഷ്ഠൻ രാജാവുമാണല്ലോ.

അയം അപി=ഇദ്ദേഹവും. രക്ഷായോഗാത്=രക്ഷയുടെ യോഗത്താൽ, ഉദ്യോഗത്താൽ—ഇതരരക്ഷാപ്രകാരങ്ങളാൽ. തപഃ=തപസ്സിനെ (ആറിലൊരുഭാഗം തപസ്സിനെ.) പ്രത്യഹം=പ്രതിദിവസം. സഞ്ചിനോതി=സമ്പാദിക്കുന്നു.

വശിനഃ=വശിയായ (ഇന്ദ്രിയസംയമനം സാധിച്ച എന്നോ, ലോകരഞ്ജകനായ എന്നോ അർത്ഥം) ഈ രാജാവിന്റെ. രാജപൂർവ്വഃ=രാജ എന്ന ശബ്ദം മുൻപു് വഹിക്കുന്ന. മുനിഃ ഇതി=മുനി എന്നു് (രാജർഷി എന്നുള്ള ശബ്ദം) ചാരണദ്വന്ദ്വഗീതഃ=ചാരണദ്വന്ദ്വങ്ങളാൽ, ചാരണന്മാരുടെ, വിദ്യാധരവിഭാഗത്തിൽപ്പെട്ട വ്യോമചാരികളുടെ ദ്വന്ദ്വങ്ങളാൽ, കാമിനീകാന്തന്മാരാൽ. ഗീതഃ=പാടപ്പെട്ടു. അദ്യാപി=ഇന്നും. ദ്യാം=സ്വർഗ്ഗലോകത്തെ. സ്പൃശതി=സ്പർശിക്കുന്നു.

സകലാപേക്ഷം രക്ഷാനിദാനമായ ഒരാശ്രമത്തിലാണ് അദ്ദേഹം സ്ഥിതിചെയ്യുന്നതു്. പ്രജാരക്ഷണത്തിൽ ഇദ്ദേഹവും ദിവസംതോറും തപഃഫലം സഞ്ചയിക്കുന്നുണ്ടു്. ഇന്ദ്രിയനിഗ്രഹം സാധിച്ച ഈ രാജർഷിയുടെ പുണ്യകാരിയായ നാമധേയം ഇപ്പോഴും കിന്നരമിഥുനങ്ങളാൽ പാടപ്പെട്ടു് സ്വർഗ്ഗലോകത്തിൽ പ്രചരിക്കുന്നുണ്ടു്.

**ആശ്രമം—ആശ്രമങ്ങൾ നാലാണ്. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സംന്യാസം എന്നിങ്ങനെയാണ് നാല്. ഇവയിലൊക്കെവെച്ച് ഗൃഹസ്ഥാശ്രമംതന്നെയാണ് ശ്രേഷ്ഠമെന്ന് സ്മൃതികാരന്മാർ വിധിക്കുന്നു. മററു ആശ്രമത്തിൽ ഉൾപ്പെട്ടവൎക്ക് സന്താനോല്പത്തി സാദ്ധ്യമല്ലാത്തതിനാൽ ഗൃഹസ്ഥാശ്രമം തന്നെയാണ് ശ്രേഷ്ഠം എന്നു ഗൌതമധൎമ്മസൂത്രം.**

ദ്വിതീയഃ—ഗൌതമ, അയം സ ബലഭിത്സഖഃ പാർത്ഥിവോ ദുഷ്ഷന്തഃ?

പ്രഥമഃ—അഥകിമ്.

ദ്വിതീയഃ—തേന ഹി,

നൈതച്ചിത്രം യദയമുദധിശ്യാമസീമാം ധരിത്രീ-
മേകഃ കൃത്സ്നാം നഗരപരിഘപ്രാംശുബാഹുർഭുനക്തി;
ആശംസന്തേ സുരസമിതയസ്സക്തവൈരാ ഹി ദൈത്യൈ-
രസ്യാധിജ്യേ ധനുഷി വിജയം പൌരുഹൂതേ ച വജ്രേ. 15

**ഗൌതമ!=അല്ലയോ ഗൌതമ! ബലഭിത്സഖഃ പാർത്ഥിവഃ=ബലഭിത്തിന്റെ സഖാവായ പാർത്ഥിവൻ. സഃ അയം ദുഷ്ഷന്തഃ=ആ ദുഷ്ഷന്തനാണ്. അയം=ഇദ്ദേഹം.**

**പ്രഥമഃ—അഥ കിം=അതേ. ദ്വിതീയഃ തേന—ഹി=എന്നാൽ.**

**അയം=ഇദ്ദേഹം. ഏകഃ=ഏകനായിട്ട്. ഉദധിശ്യാമസീമാം=ഉദധിയെന്ന ശ്യാമമായ, കറുത്ത സീമയോട്, അതിരോടുകൂടിയതായ. കൃത്സ്നാം ധരിത്രീം=സമസ്തഭൂവിനേയും. നഗരപരിഘപ്രാംശുബാഹുഃ=നഗരത്തിന്റെ പരിഘങ്ങൾപോലെ, ഇരിമ്പുദണ്ഡംപോലെ, പ്രാംശുക്കളായ, നീണ്ടതുകളായ ബാഹുക്കളോടുകൂടിയവനായി ഭുനക്തി ഇതി യത്=രക്ഷിക്കുന്നുവെന്നു യാതൊന്നുണ്ടോ. ഏതത്=ഇതു്. ന ചിത്രം=അത്ഭുതമല്ല. ഹി=എന്തുകൊണ്ടെന്നാൽ. ദൈത്യൈഃ=ദൈത്യന്മാരോട്. സക്തവൈരാ ഹി=സക്തമായ വൈരത്തോടുകൂടിയ. സുരസമിതയഃ=ദേവസമിത്തുകൾ. ദേവസദസ്സുകൾ (സുരയുവതയഃ എന്നു പാഠഭേദം.) അസ്യ=ഈ രാജാവിന്റെ. അധിജ്യേ=അധിജ്യയായ, ഞാണേററിയതായ. ധനുഷി=ധനുസ്സിലും. പൌരുഹൂതേ=പുരുഹൂതനെ സംബന്ധിച്ച. വജ്രേ ച=വജ്രായുധത്തിലും. ആശംസന്തേ=ആശംസയെ ചെയ്യുന്നു.**

**നായകൻ കേവലം ഒരു ശൃംഗാരിക്കുഴമ്പനല്ലെന്നും ദേവേന്ദ്രനുപോലും അസുരരണത്തിൽ അതിയായ സഹായംചെയ്യുന്ന ഒരു യോദ്ധൃവീരനാണെന്നും ഈ പദ്യം തെളിയിക്കുന്നു.**

ഉഭൗ:—(ഉപഗമ്യ) വിജയസ്വ രാജൻ!

രാജാ:—(ആസനാദുത്ഥായ) അഭിവാദയേ ഭഗവന്തൌ.

ഉഭൗ:—സ്വസ്തി ഭവതേ.

(ഫലാന്യുപഹരതഃ)

രാജാ:—(സപ്രണാമം പ്രതിഗൃഹ്യ) ആജ്ഞാപയതുമിച്ഛാമി.

ഉഭൗ:—വിദിതോ ഭവാനാശ്രമവാസിനാമിഹസ്ഥഃ. തേന ഭവന്തം പ്രാർത്ഥയന്തേ.

രാജാ:—കിമാജ്ഞാപയന്തി?

ഉഭൗ:—തത്രഭവതഃ കണ്വസ്യ മഹർഷേരസാന്നിധ്യാദ്രക്ഷാംസി ന
ഇഷ്ടിവിഘ്നമുത്പാദയന്തി. തത് കതിപയരാത്രം സാരഥി
ദ്വിതീയേന ഭവതാ സനാഥീക്രിയതാമാശ്രമ ഇതി.

ഉപഗമ്യ=അടുത്തുചെന്നിട്ട്. രാജൻ=അല്ലയോ രാജാവേ.

വിജയസ്വ=ജയിച്ചാലും.

ആസനാത്=പീഠത്തിൽനിന്നും. ഉത്ഥായ=എണീററ്.

ഭഗവതൌ=ഭഗവാന്മാരെ. അഭിവാദയ=വന്ദിക്കുന്നു. ഭവതേ=അങ്ങേയ്ക്കായിക്കൊണ്ട്. സ്വസ്തി=മംഗളം (ഭവിക്കട്ടെ) ഫലാനി=ഫലങ്ങളെ. ഉപഹരതഃ=കൊടുക്കുന്നു. സപ്രണാമം=നമസ്കാരപൂർവം. പ്രതിഗൃഹ്യ=സ്വീകരിച്ച്. ആജ്ഞാപയിതും=ആജ്ഞാപിക്കുന്നതിന്. ഇച്ഛാമി=ആഗ്രഹിക്കുന്നു (ഭഗവാന്മാർ എന്താണ് ആജ്ഞാപിക്കാൻ ഉദ്ദേശിക്കുന്നതെന്നു അറിയിക്കണം.)

ഭവാൻ=അങ്ങ്. ആശ്രമവാസിനാം=ആശ്രമവാസികൾക്ക്. ഇഹസ്ഥഃ=ഇവിടെയുള്ളവനായി. വിദിതഃ=അറിയപ്പെട്ടു. തേന=അതിനാൽ. ഭവന്തം=അങ്ങയോട്. പ്രാർത്ഥയന്തേ=അവർ ഇങ്ങിനെ പ്രാർത്ഥിക്കുന്നു (അപേക്ഷിക്കുന്നു) കിം ആജ്ഞാപയന്തി=എന്താണ് അവർ ആജ്ഞാപിക്കുന്നത്? തത്ര ഭവതഃ കണ്വസ്യ മഹർഷേഃ=കണ്വമഹർഷി (തിരുവടികളുടെ) അസാന്നിധ്യാത്=സാന്നിധ്യമിവിടെയില്ലാത്തതുകൊണ്ട്. രക്ഷാംസി=രക്ഷസ്സുകൾ, രാക്ഷസന്മാർ. നഃ=ഞങ്ങൾക്ക്. ഇഷ്ടിവിഘ്നം=യാഗവിഘ്നം ഉത്പാദയന്തി=ഉണ്ടാക്കുന്നു. തത്=അതിനാൽ. കതിപയരാത്രം=ഏതാനും രാത്രി. സാരഥിദ്വിതീയേന=സാരഥിയുമൊന്നിച്ച്. ഭവതാ=അങ്ങയാൽ. ആശ്രമഃ=ആശ്രമം. സനാഥീക്രിയതാം=നാഥനുള്ളതാക്കിച്ചെയ്യപ്പെടട്ടെ.

രാജാ:—അനുഗൃഹീതോഽസ്മി.

വിദൂ:—ഇയമിദാനീം തേഽനുകൂലതരാ അഭ്യർത്ഥനാ.

രാജാ:—(സ്മിതം കൃത്വാ) രൈവതക, മദ്വചനാദുച്യതാം സാരഥിഃ
സബാണകാർമുകം രഥമുപസ്ഥാപയേതി.

ദൗവാരികഃ:—യദ്ദേവ ആജ്ഞാപയതി. (നിഷ്ക്രാന്തഃ)

അനുഗൃഹീതഃ അസ്മി=ഞാൻ അനുഗൃഹീതനായിരിക്കുന്നു. ഇയം=ഇതു്. ഇദാനീം=ഇപ്പോൾ. തേ=അങ്ങേയ്ക്കു്. അനുകൂലതരാ=ഏററവും അനുകൂലമായ. അഭ്യർത്ഥനാ=അപേക്ഷതന്നെ. സ്മിതം കൃത്വാ=ചിരിച്ച്.

മദ്വചനാത്=എന്റെ വാക്കിൽനിന്നും (എന്റെവാക്കായി) സാരഥിഃ=സാരഥി. സബാണകാർമുകം=ബാണകാർമുകങ്ങളോടുകൂടിയ. രഥം=രഥത്തെ. ഉപസ്ഥാപയ ഇതി=വരുത്തുക എന്ന്. ഉച്യതാം=പറയപ്പെടട്ടെ. വേണ്ട ഒരുക്കങ്ങളോടുകൂടി രഥം തയ്യാർചെയ്യാൻ ഞാൻ പറഞ്ഞതായി പറയുക.

യത് ദേവഃ ആജ്ഞാപയതി=ദേവൻ ആജ്ഞാപിക്കുന്നതുപോലെ.

നിഷ്ക്രാന്തഃ=(അയാൾ) പോയി.

ഉഭൗ:—(സഹർഷം)

അനുകാരിണി പൂർവേഷാം യുക്തരൂപമിദം ത്വയി
ആപന്നാഭയസത്രേഷു ദീക്ഷിതാഃ ഖലു പൗരവാഃ.

രാജാ:—ഗച്ഛന്തു ഭവന്തൗ. അഹമപ്യനുപദമാഗത ഏവ.

ഉഭൌ:—വിജയസ്വ. (ഇതി നിഷ്ക്രാന്തൗ)

രാജാ:—മാഢവ്യ, അസ്തി ശകുന്തളാദർശനേ കുതൂഹലമ്?

വിദൂ:—പ്രഥമം സപരിവാഹ ആസീത്. ഇദാനീം രാക്ഷസവൃത്താന്തേനാസ്യ ബിന്ദുരപി ന ശേഷിതഃ.

രാജാ:—മാ ഭൈഷീഃ; നനു മത്സമീപേ വർതിഷ്യസേ.

വിദൂ:—ഏഷ രാക്ഷസാദ്രക്ഷിതോ ഽസ്മി.

സഹർഷം=സന്തോഷത്തോടുകൂടി.

പൂർവേഷാം=പൂർവ്വന്മാരായ, പൂരുവംശരാജാക്കന്മാരുടെ. അനുകാരിണി=അനുകാരിയായ. ത്വയി=അങ്ങിൽ. ഇദം=ഈ (ഒരുക്കം). യുക്തരൂപം=ഏററവും യോജിച്ചതുതന്നെ.

ആപന്നാഭയസത്രേഷു=ആപന്നന്മാൎക്ക് അഭയംകൊടുക്കുന്ന സത്രങ്ങളിൽ. പൌരവാഃ=പൌരവന്മാർ. ദീക്ഷിതാഃ ഖലു=ദീക്ഷിതന്മാരാണല്ലോ.

ഭവന്തൌ=ഭവാന്മാർ. പുരഃ=മുമ്പേ ഗച്ഛതാം=പോയാലും. അഹമപി=ഞാനും. അനുപദം ഏവ=ഉടൻതന്നെ. ആഗതഃ ഏവ=വന്നുകഴിഞ്ഞു.

വിജയസ്വ=വിജയീഭവിക്ക.

മാഢവ്യ, ശകുന്തളാദർശനേ=ശകുന്തളാദർശനത്തിൽ. അസ്തി കുതൂഹലം=കുതൂഹലമുണ്ടോ? (ശകുന്തളയെ കാണണമെന്നുണ്ടോ.) പ്രഥമം=ആദ്യം. സപരിവാഹഃ=പ്രവാഹത്തോടുകൂടിയതു്. ആസീത്=ആയിരുന്നു. ആ ആശ പ്രവഹിക്കയായിരുന്നു. ഇദാനീം=ഇപ്പോൾ. രാക്ഷസവൃത്താന്തേന=രാക്ഷസന്മാരുടെ കാൎയ്യം കേട്ടതിനാൽ. അസ്യ=ആ കൌതുഹലത്തിന്റെ. ബിന്ദുരപി=ഒരുതുള്ളിപോലും. ന ശേഷിതഃ=ശേഷിച്ചിട്ടില്ല. (മാഢവ്യന്റെ വിനോദഭാഷണരസികത്വം നോക്കുക.)

മാ ഭൈഷീഃ=ഭയപ്പെടരുതു്. നനു മത്സമീപേ=എന്റെ സമീപത്തിലല്ലേ. വർതിഷ്യതേ=നില്ക്കാൻപോകുന്നതു്.

ഏഷഃ=(ഞാൻ)ഇവൻ. രാക്ഷസാത്=രാക്ഷസനിൽനിന്നും. രക്ഷിതഃ=രക്ഷിക്കേണ്ടവനായി. അസ്മി=ഇരിക്കുന്നു.

(പ്രവിശ്യ)

ദൌവാരികഃ:—ദേവ, സജ്ജോ രഥോ ഭർതൃവിജയപ്രസ്ഥാനമവേക്ഷതേ. ഏഷ പുനർനഗരാദ്ദേവീനാമാജ്ഞപ്തിഹാരകഃ കരഭക ആഗതഃ.

രാജാ:—(സാദരം) കിമംബാഭിഃ പ്രേഷിതഃ?

ദൌവാരികഃ:—അഥ കിമ്.

രാജാ:—നനു പ്രവേശ്യതാമ്.

ദൌവാരികഃ:—തഥാ (ഇതി നിഷ്ക്രമ്യ കരഭകേണ സഹ പ്രവിശ്യ) ഏഷ ഭർതാ ഉപസർപ.

പ്രവിശ്യ=പ്രവേശിച്ചിട്ട്.

ദേവ, രഥഃ=തേര്. സജ്ജഃ=തയ്യാറാക്കപ്പെട്ടതായി.

ഭർത്തുഃ=ദേവൻെറ. വിജയപ്രസ്ഥാനം=വിജയയാത്രയെ. അപേക്ഷതേ=കാത്തുനില്ക്കുന്നു. ഏഷഃ പുനഃ=ഇതാ. നഗരാത്=നഗരത്തിൽനിന്നും. ദേവീനാം=ദേവിമാരുടെ (മാതാക്കളുടെ). ആജ്ഞപ്തിഹാരകഃ=ആജ്ഞാപനം കൊണ്ടുവന്നിരിക്കുന്നു. കരഭകഃ=കരഭകൻ. ആഗതഃ=ആഗതനായിരിക്കുന്നു (വന്നിരിക്കുന്നു).

സാദരം=ആദരവോടെ.

കിം അജ്ജൂഭിഃ പ്രേഷിതാ=അജ്ജുക്കളാൽ (പൂജകബഹുവചനാൎത്ഥം) അയയ്ക്കപ്പെട്ടവനോ. അജ്ജുക്കൾ=അമ്മമാർ. അഥ കിം=അതേ.

നനു പ്രവേശ്യതാം=പ്രവേശിപ്പിക്കപ്പെടട്ടെ. (അവനെ വരാൻ പറയൂ) തഥാ=അങ്ങിനെതന്നെ.

ഇതി നിഷ്ക്രമ്യ=എന്നു് അന്തൎദ്ധാനംചെയ്തു. കരഭകേണ സഹ=കരഭകനോടുകൂടി. പ്രവിശ്യ=പ്രവേശിച്ചു്.

ഏഷഃ ഭർത്താ=ഇതാ ദേവൻ.

ഉപസർപ=അടുത്തുചെല്ലുക.

കരഭകഃ—(ഉപേത്യ) ജയതു ഭർതാ; ദേവ്യാജ്ഞാപയതി ചതുൎത്ഥേ ദിവസേ നിവൃത്തപാരണോ മേ ഉപവാസോ ഭവിഷ്യതി. തത്ര ദീർഘായുഷാവശ്യം സംഭാവയിതവ്യമിതി.

രാജാ:—ഇതസ്തപസ്വികാൎയ്യം, ഇതോ ഗുരുജനാജ്ഞപ്തമ്. ദ്വയമപ്യനതിക്രമണീയമ്. കിമത്ര പ്രതിവിധേയമ്?

വിദൂ:—ത്രിശംകുരിവാന്തരാ തിഷ്ഠ. A.N.

രാജാ:—സത്യമിത്ഥമാകുലീഭൂതോഽസ്മി.

ഉപേത്യ=അടുത്തുചെന്നിട്ട്.

ജയതു ഭർതാ=ദേവൻ ജയിക്കട്ടെ.

ദേവീ ആജ്ഞാപയതി=ദേവി ആജ്ഞാപിക്കുന്നു. (ഇങ്ങിനെ) ചതുൎത്ഥേ ദിവസേ=നാലാംദിവസത്തിൽ. മേ=എൻെറ. നിവൃത്തപാരണഃ=നിവൃത്തമായ പാരണം എന്ന അംഗത്തോടുകൂടിയ. ഉപവാസഃ=വ്രതം. ഭവിഷ്യതി=നടക്കാൻപോകുന്നു.

തത്ര=അതിൽ, ആ ഉപവാസദിനത്തിൽ.

ദീർഘായുഷാ=ദീർഘായുസ്സിനാൽ, ദീർഘായുസ്സായ ഉണ്ണിയാൽ. സംഭാവയിതവ്യം=സംഭാവനയുണ്ടാകപ്പെടണം. അന്നേദിവസം ഉണ്ണി ഇവിടെ ഉണ്ടായിരിക്കണം.

ഇതഃ=(ഇതാ) ഇവിടെ. തപസ്വികാൎയ്യം=തപസ്വികൾ വന്നു പറഞ്ഞതായ കാൎയ്യം. ഇതഃ=മററിതാ. ഗുരുജനാജ്ഞപ്തം=ഗുരുജനങ്ങളാൽ ആജ്ഞപ്തമായകാൎയ്യം. ദ്വയം അപി=രണ്ടും അനതിക്രമണീയം=അതിക്രമണീയമല്ല, അതിക്രമിക്കത്തക്കതല്ല. ആദരിക്കേണ്ട കാൎയ്യങ്ങൾതന്നെയാണ് രണ്ടും.

അത്ര=ഇവിടെ. കിം=എന്താണ്. പ്രതിവിധേയം=പ്രതിവിധാനംചെയ്യേണ്ടതു്?

ത്രിശംകുഃ ഇവ=ത്രിശംകുവിനെപ്പോലെ. അന്തരാ=ഇടയ്ക്കു്. തിഷ്ഠ=നില്ക്കണം.

സത്യം=വാസ്തവം. ഇത്ഥം=ഇപ്രകാരം. (മുൻചൊന്നപ്രകാരം) വ്യാകുലീഭൂതഃ=കുഴങ്ങിയവനായി. അസ്മി=ഇരിക്കുന്നു.

കൃത്യയോർഭിന്നദേശത്വാദ്ദ്വൈധീഭവതി മേ മനഃ,
പുരഃ പ്രതിഹതം ശൈലേ സ്രോതഃ സ്രോതോവഹോ യഥാ. 17

(വിചിന്ത്യ) സഖേ, ത്വമജ്ജൂഭിഃ പുത്ര ഇവ പരിഗൃഹീതഃ. തതോ ഭവാനിതഃ പ്രതിനിവൃത്തോ മേ തപസ്വികാര്യവ്യഗ്രതാമാവേദ്യ തത്രഭവതീനാം പുത്രകൃത്യമനുഷ്ഠാതുമർഹതി.

വിദൂഷകഃ:—ന ഖലു മാം രക്ഷോഭീരും ഗണയസി.

രാജാ:—കഥമേതത് ഭവതി സംഭാവ്യതേ?

കൃത്യയോഃ=(ഈ രണ്ടു) കൃത്യങ്ങളുടെ. ഭിന്നദേശത്വാത്=ഭിന്നദേശത്വംഹേതുവായി. മേ=എന്റെ. മനഃ=മനസ്സ്. ദ്വൈധീഭവതി=ദ്വൈധീഭവിക്കുന്നു, രണ്ടായിത്തീരുന്നു. ഏതുപോലെയെന്നു പറയുന്നു—പുരഃ=മുമ്പിൽ. ശൈലേ=ശൈലത്തിൽ. പ്രതിഹതം=തട്ടിയതായ. സ്രോതോവഹഃ=സ്രോതോവഹസ്സിന്റെ, നദിയുടെ. സ്രോതഃ ഇവ=പ്രവാഹംപോലെ.

അലങ്കാരം—ഉപമ.

വിചിന്ത്യ=വിചാരിച്ച്. സഖേ!=ഹേ സഖേ! ത്വം=അങ്ങ്. അജ്ജൂഭിഃ=അജ്ജുക്കളാൽ (മാതാവിനാൽ) പുത്രഃ ഇവ=പുത്രൻ എന്നപോലെ. പരിഗൃഹീതഃ=സ്വീകരിക്കപ്പെട്ടവനാണ്. തതഃ=അക്കാരണത്താൽ. ഭവാൻ=അങ്ങ്. ഇതഃ=ഇവിടെനിന്നും. പ്രതിനിവൃത്തഃ=പ്രതിനിവൃത്തനായിട്ട് (മടങ്ങി) മേ=എന്റെ. തപസ്വികാര്യവ്യഗ്രതാം=തപസ്വികാര്യത്തിലുള്ള വ്യഗ്രതയെ. ആവേദ്യ=അറിയിച്ച്. തത്രഭവതീനാം=തത്രഭവതിയുടെ. പുത്രകൃത്യം=പുത്രൻ നിർവ്വഹിക്കേണ്ട കൃത്യത്തെ. അനുഷ്ഠാതും=അനുഷ്ഠിക്കുന്നതിന്. അർഹതി=യോഗ്യനാകുന്നു.

മാം=എന്നെ. രക്ഷോഭീരും=രക്ഷസ്സുകളിൽ ഭീരുവാക്കി. ന ഖലു ഗണയസി=ഗണിക്കയില്ലല്ലോ; കരുതുകയില്ലല്ലോ; ഞാൻ പോകുന്നതു രാക്ഷസഭയംകൊണ്ടാണെന്നു വിചാരിക്കയില്ലല്ലോ.

ഏതത്=ഇതു, ഈ രക്ഷോഭയം എന്ന സംഗതി. ഭവതി=അങ്ങിൽ. കഥം സംഭാവ്യതേ=എങ്ങിനെയുണ്ടാകുന്നു?

ഇങ്ങിനെയൊരുകുററം അങ്ങയെപ്പററി എങ്ങിനെയാണ പറയാവുന്നതു്?

രാജാ:—നനു തപോവനോപരോധഃ പരിഹരണീയ ഇതി സർവ്വമാനുയാത്രികം ത്വയാ സഹ പ്രസ്ഥാപയാമി.

വിദൂ:—തേന ഹി യുവരാജ ഇദാനീം സംവൃത്തഃ.

രാജാ:—(ആത്മഗതം) ചപലോഽയം വടുഃ. കദാചിദിമാമസ്മത്പ്രാർത്ഥനാമന്തഃപുരേഭ്യഃ കഥയേത്. ഭവതേ്വവം താവദ്വക്ഷ്യേ. (വിദൂഷകം ഹസ്തേ ഗൃഹീത്വാ) വയസ്യ, ഋഷിഗൗരവാദാശ്രമം ഗച്ഛാമി. ന ഖലു സത്യമേവ താപസകന്യകായാം ശകുന്തളായാം മമാഭിലാഷഃ.

തപോവനോപരോധഃ=തപോവനത്തിനു വരാവുന്ന ഉപദ്രവം. പരിഹരണീയം ഇതി=പരിഹരിക്കേണ്ടതാണല്ലോ എന്നു (ഉദ്ദേശിച്ച്) സർവ്വം ആനുയാത്രികം=സകലപരിവാരത്തേയും. ത്വയാ സഹ=അങ്ങോടുകൂടി. പ്രസ്ഥാപയാമി=പുറപ്പെടുവിക്കാം.

തേന ഹി=അതുമായാൽ. ഇദാനീം=ഇപ്പോൾ. യുവരാജഃ സംവൃത്തഃ=ഞാൻ ഒരു യുവരാജാവുകൂടെയായിക്കഴിഞ്ഞു.

അയം വടുഃ=ഈ വടു. (ബ്രാഹ്മണബാലൻ) ചപലഃ=പ്രകൃത്യാ ചപലനാണ്. കദാചിത്=എപ്പോഴെങ്കിലുമൊരിക്കൽ. ഇമാം=ഈ. അസ്മത് പ്രാർത്ഥനാം=എന്റെ മനോഭിലാഷത്തെ (ശകുന്തളാപരമായ അഭിനിവേശത്തെ). അന്തഃപുരേഭ്യഃ=അന്തഃപുരങ്ങൾക്കായി (അന്തഃപുരത്തിലെ സ്ത്രീകളോട്.) കഥയേത്=പറഞ്ഞേക്കും. ഭവതു=ആകട്ടെ. ഏവം=ഇങ്ങിനെ. വക്ഷ്യേ താവത്=പറയാം.

വിദൂഷകം=വിദൂഷകനെ. ഹസ്തേ=ഹസ്തത്തിൽ. ഗൃഹീത്വാ=സ്വീകരിച്ച്.

വയസ്യ=ഹേ സ്നേഹിതാ! ഋഷിഗൗരവാത്=ഋഷിമാരിലുള്ള ഗുരുത്വം പ്രമാണിച്ച്. ഋഷിമാരുടെ കാര്യമാണല്ലോ എന്നുള്ള മഹനീയത വിചാരിച്ച്. ആശ്രമം ഗച്ഛാമി=ആശ്രമത്തിലേയ്ക്കു പോകുന്നു. താപസകന്യകായാം ശകുന്തളായാം=താപസകന്യകയായ ശകുന്തളയിൽ. ന ഖലു സത്യമേവ മേ അഭിലാഷഃ=മേ അഭിലാഷഃ ന ഖലു സത്യം ഏവ=എനിക്ക് യാതൊരു ആഗ്രഹവും സത്യമായി ഇല്ല.

പശ്യ,

ക്വ വയം ക്വ പരോക്ഷമന്മഥോ,
മൃഗശാവൈഃ സമമേധിതോ ജനഃ,
പരിഹാസവിജല്പിതം സഖേ!
പരമാർത്ഥേന ന ഗൃഹ്യതാം വചഃ. 18

വിദൂ:—അഥ കിമ്.

(ഇതി നിഷ്ക്രാന്താഃ സർവേ)

വയം ക്വ?=നാം എവിടെയാണ്?

പരോക്ഷമന്മഥഃ=പരോക്ഷമായ മന്മഥനോട്, മന്മഥവികാരങ്ങളോടുകൂടിയ (മന്മഥവികാരമെന്നാൽ എന്തെന്നു അറിവാൻ പാടില്ലാതെ). മൃഗശാവൈഃ സമം=മൃഗശാബങ്ങളോടുകൂടെ, മാൻകുട്ടികളോടുകൂടി. ഏധിതഃ=വർദ്ധിതമായ, വളർത്തപ്പെട്ടതായ. ജനഃ ക്വ?=ജനം എവിടെ?

ഞാൻ എവിടെ? മാൻകുട്ടികളുമായിവളൎന്നു മന്മഥവികാരം എന്നാൽ എന്തെന്നുപോലുമറിഞ്ഞുകൂടാത്ത ഒരു ആള് എവിടെ?

സഖേ, പരിഹാസവിജല്പിതം=പരിഹാസമായി വിജല്പിതമായ (വെറും നേരമ്പോക്കായിമാത്രം പറഞ്ഞതായ). വചഃ=വാക്കുകൾ. പരമാർത്ഥേന=പരമാർത്ഥത്തിൽ (വാസ്തവമാണെന്നു) ന ഗൃഹ്യതാം=ഗണിക്കപ്പെടരുതേ.

വിദൂഷകൻ ഇതോടുകൂടി തിരോഹിതനാകുന്നു. പിന്നെ അയാൾ ആറാമങ്കത്തിൽമാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. വിദൂഷകന്റെ സാന്നിദ്ധ്യം കഥയുടെ മുന്നോട്ടുള്ള ഗമനത്തിനു പ്രതിബന്ധമെന്നു കരുതിയായിരിക്കണം കവി അയാളെമാത്രം തപോവനത്തിൽനിന്നു തുരത്തുവാനെന്നപോലെ ദേവീവൃത്താന്തത്തെ അവതരിപ്പിച്ചതു്. പക്ഷേ അയാളോടുകൂടി രാജാവിന്റെ മററു അകമ്പടിക്കാരും പോകുന്നു. എന്നാൽ രാജാവിന്റെ നായികാലബ്ധിയേക്കാൾ ഉദരംഭരിയായ വിദൂഷകനു മഹത്തായ ഒരു അനുഗ്രഹമായി കരുതിയിരുന്നതു നഗരഗമനം മാത്രമായിരുന്നു. വേഗത്തിൽ വേട്ടയ്ക്കു തിരിച്ച രാജാവിന്റെ പുറകേനടന്നു് അയാൾ വല്ലാതെ ക്ഷീണിച്ചുവെന്നു് അങ്കാരംഭത്തിൽത്തന്നെ പറഞ്ഞിട്ടുമുണ്ടായിരുന്നു.

അതിനാൽ രാജാവിനോടുകൂടി കാട്ടിൽ താമസിച്ച് ഇനിയും അധികം ക്ലേശങ്ങൾ സഹിക്കുന്നതിനേക്കാൾ എത്രയോ നല്ലതു് പടപണ്ടാരസൈന്യങ്ങളാൽ അകമ്പടി സേവിക്കപ്പെട്ടവൻ എന്നോണം രാജാനുമതിയോടുകൂടി തിരികെ നഗരത്തിൽ ചെന്നുചേരുകതന്നെയാണെന്നു് അയാൾ വിചാരിച്ചതിൽ അതിശയിപ്പാനുമില്ലല്ലോ.

# തൃതീയോഽങ്കഃ

(തതഃ പ്രവിശതി കുശാനാദായ യജമാനശിഷ്യഃ)

ശിഷ്യഃ:—അഹോ! മഹാനുഭാവഃ പാർത്ഥിവോ ദുഷ്ഷന്തഃ. പ്രവിഷ്ട മാത്ര ഏവാശ്രമപദം തത്രഭവതി രാജനി നിരുപദ്രവാണി നഃ കർമ്മാണി പ്രവൃത്താനി.

കഴിഞ്ഞ അങ്കത്തിൽ അവതരിപ്പിച്ചിരുന്ന മഹർഷികുമാരന്മാരുടെ വിജ്ഞാപനം അനുസരിച്ച് ദുഷ്ഷന്തൻ തപോവനവാസികളുടെ യാഗങ്ങൾ നിർവിഘ്നമായി നടത്തുന്നതിനു രക്ഷസ്സുകളുടെ ബാധയെ ഒഴിപ്പാൻ വനത്തിൽതന്നെ താമസിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യംമാത്രംകൊണ്ടു യാതൊരു വിഘ്നവുംകൂടാതെ യാഗകർമ്മങ്ങൾ നിർവ്വഹിക്കപ്പെട്ടുപോന്നു. ഇവയിൽ ഒരു യാഗത്തിനായി ദർഭകൊണ്ടുവരുന്നതിനു നിയുക്തനായ ഒരു മഹർഷിശിഷ്യൻ രാജപ്രഭാവത്തെപ്പററി മാർഗ്ഗമദ്ധ്യേ ചിന്തിക്കുകയാണ്:—

അഹോ=ആശ്ചര്യം. പാർത്ഥിവഃ ദുഷ്ഷന്തഃ=പാർത്ഥിവനായ ദുഷ്ഷന്തൻ; പ്രഭുശക്തിസമ്പന്നനായ ദുഷ്ഷന്തമഹാരാജാവ്. മഹാനുഭാവഃ=മഹാനുഭാവൻ (തന്നേയാണ്) മഹത്തായ അനുഭവത്തോട്, പ്രഭാവത്തോടുകൂടിയവൻതന്നേയാണ്.

(എന്തെന്നാൽ)

തത്രഭവതി രാജനി=ആ രാജാവ്. ആശ്രമപദം=ആശ്രമപദത്തെ. പ്രവിഷ്ട മാത്രേ ഏവ=പ്രവിഷ്ടമാത്രനായപ്പോൾതന്നെ. (പ്രവേശിച്ചതുകൊണ്ടുമാത്രം) നഃ= നമ്മുടെ. കർമ്മാണി=കർമ്മങ്ങൾ, യാഗാനുഷ്ഠാനങ്ങൾ. നിരുപദ്രവാണി=ഉപദ്രവരഹിതങ്ങളായി. പ്രവൃത്താനി=പ്രവൃത്തങ്ങളായി. യാതൊരു ഉപദ്രവം തട്ടാതെ നടക്കുന്നതിന് ഇടയായി.

കുശാനാദായ—ഒരു ഗുരുവിന്റെ ആശ്രമത്തിൽ താമസിക്കുന്ന ബ്രഹ്മചാരിയുടെ പ്രധാനകൃത്യം കുശസംഭരണമാണ്.

നിരുപദ്രവാണി—നിരുപപ്ലവാനി എന്നു പാഠാന്തരം. ഉപപ്ലവം=തടസ്സം അഥവാ ഉപദ്രവം.

കാ കഥാ ബാണസന്ധാനേ  
ജ്യാശബ്ദേനൈവ ദൂരതഃ  
ഹുങ്കാരേണേവ ധനുഷഃ  
സ ഹി വിഘ്നാനപോഹതി. 1

യാവദിമാൻ വേദിസംസ്തരണാർത്ഥാൻ ദർഭാനൃത്വിഗ്ഭ്യ ഉപനയാമി. (പരിക്രമ്യാവലോക്യ ച)

രാജപ്രഭാവത്തെ സമർത്ഥിക്കുന്നു—

ബാണസന്ധാനേ=ബാണത്തിന്റെ സന്ധാനത്തിൽ, തൊടുക്കലിൽ. കാ കഥാ= എന്തു കഥ. (ബാണംതൊടുക്കുന്ന കാര്യത്തെപ്പററിത്തന്നെ എന്തിനാണുപറയുന്നത്?) (എന്തെന്നാൽ) ധനുഷഃ=വില്ലിന്റെ. ഹുംകാരേണ ഇവ=ഹുംകാരംപോലുള്ള. ജ്യാശബ്ദേന ഏവ=ജ്യാശബ്ദംകൊണ്ടുതന്നെ, ഞാണൊലികൊണ്ടുതന്നെ. (മഹർഷിമാരുടെ നിഗ്രഹസൂചകമായ മന്ത്രശബ്ദമാണ് 'ഹും.' ഞാണൊലി ഈ ഹുംശബ്ദംപോലിരിക്കുന്നുവെന്ന് ഇവിടെ ഉപമിക്കുന്നു. അഥവാ വില്ലിന്റെ ഹുംകാരമാകുന്ന ജ്യാശബ്ദം എന്നു രൂപകവുമാവാം.) സഃ=ആ രാജാവ്. വിഘ്നാൻ=വിഘ്നങ്ങളെ. ദൂരതഃ=ദൂരെ. അപോഹതി=ദൂരത്താക്കുന്നുണ്ടല്ലോ. ജ്യാശബ്ദംമാത്രം യാതൊരു ശ്രമ

വ്യംക്രടാതെ വിഘ്നങ്ങളെ ദൂരത്താക്കുന്ന സ്ഥിതിക്ക് അഭ്യേഷത്തിന്റെ മററ ക്രമങ്ങളെപ്പററി പറയുകക്രൂടെ വേണ്ടല്ലോ എന്നു സാരം.

അലങ്കാരം—ഉൽപ്രേക്ഷ, കാവ്യലിംഗം.

വിഘ്നനിവാരണപ്രകാരങ്ങളിൽ 'ഹും' മന്ത്രത്തിനുള്ള സ്ഥാനം ലോകപ്രസിദ്ധമാണു്.

വേദിസംസ്കരണാർത്ഥാൻ=വേദികൾ—യാഗശാലയിൽ ബലിപൂജാപ്പണത്തിനായി നിർമ്മിച്ചിട്ടുള്ള മൺതിട്ടകൾ—സംസ്കരിക്കുക എന്ന അർത്ഥത്തോടു്, പ്രയോജനത്തോടുക്രടിയവയായ. ഇമാൻ ദർഭാൻ=ഈ ദർഭകളെ. ഋത്വിഗ്ഭ്യഃ=ഋത്വിക്കുകൾക്കായി. ഉപനയാമി യാവത്=കൊണ്ടുചെന്നു കൊടുക്കാം.

പരിക്രമ്യ=ചുററിനടന്നു്. അവലോക്യ=നോക്കി. (ചുററും നോക്കി.)

(ആകാശേ)

പ്രിയംവദേ, കസ്യേദമുശീരാനുലേപനം മൃണാലവന്തി ച നളിനീപത്രാണി നീയന്തേ? കിം ബ്രവീഷി? ആതപലംഘനാത് ബലവദസ്വസ്ഥാ ശകുന്തളാ, തസ്യാഃ ശരീരനിർവ്വാപണായേതി. തത് ത്വരിതതരമുപഗമ്യതാം സഖീ. സാ ഖലു ഭഗവതഃ കുലപതേരുച്ഛ്വസിതമ്. അഹമപി വൈതാനികം ശാന്ത്യുദകമസ്യൈ ഗൗതമീഹസ്തേ വിസജ്ജയിഷ്യാമി. (നിഷ്ക്രാന്തഃ)

(വിഷ്കംഭഃ)

ആകാശേ=ആകാശത്തിൽ.

പ്രിയംവദേ=ഹേ പ്രിയംവദേ! ഇദം ഉശീരാനുലേപനം=ഈ ഉശീരാനുലേപനവും (രാമച്ചം അരച്ചതും) മൃണാളവന്തി നളിനീപത്രാണി ച=മൃണാളവത്തുകളായ നളിനീപത്രങ്ങളും (താണ്ടോടുക്രടിയ താമരയിലകളും) കസ്യ നീയന്തേ=ആക്കാണു കൊണ്ടുപോകപ്പെടുന്നതു്? കിം ബ്രവീഷി=എന്തുപറയുന്നു?

ആതപലംഘനാത്=ആതപത്തിന്റെ, വേനലിന്റെ ലംഘനത്താൽ, പ്രാപ്തിമൂലം (വേനൽമൂലം) ശകുന്തളാ=ശകുന്തള. ബലവത്=ഏററവും. അസ്വസ്ഥാ=അസ്വസ്ഥയായിരിക്കുന്നു. തസ്യാഃ=അവളുടെ. ശരീരനിർവ്വാപണായ ഇതി=ശരീരത്തിന്റെ നിർവ്വാപണത്തിനു്, സുഖപ്രാപ്തിക്കു് എന്നോ?

തത്=അങ്ങിനെയാണെങ്കിൽ. സഖീ=സഖി. ത്വരിതം=വേഗം. ഉപഗമ്യതാം=പോയാലും. സാ=ആ ശകുന്തള. ഭഗവതഃ കുലപതേഃ=ഭഗവാനായ കുലപതിയുടെ (ഭഗവാൻകണ്വന്റെ) ഉച്ഛ്വസിതം ഖലു=ഉച്ഛ്വസിതമാണല്ലോ (പ്രാണനാണല്ലോ). അതിനാൽ നാം എല്ലാവരും അവളെ പ്രാണനെപ്പോലെതന്നെ വിചാരിക്കണം.

അഹം അപി=ഞാനും. വൈതാനികം=യാഗസംബന്ധമായ. ശാന്ത്യുദകം=ശാന്തിമന്ത്രത്താൽ പരിശുദ്ധമാക്കപ്പെട്ട ജലം. അസ്യൈ=ഇവൾക്കായി. ഗൗതമീഹസ്തേ=ഗൗതമിയുടെ കൈയിൽ. വിസജ്ജയിഷ്യാമി=വിട്ടുകൊടുക്കാം.

(തതഃ പ്രവിശതി കാമയമാനാവസ്ഥോ രാജാ)

രാജാ:—

ജാനേ തപസോ വീര്യം
സാ ബാലാ പരവതീതി മേ വിദിതമ്,
അലമസ്മി തതോ ഹൃദയം
തഥാപി നേദം നിവർത്തയിതുമ്.

തന്റെ നർമ്മസചിവനായ മാധവ്യനേയും മൃഗയാനുചരന്മാരേയും നഗരത്തിലേയ്ക്കു് അയച്ചതിനുശേഷം താപസാപേക്ഷയനുസരിച്ചു് യാഗവിഘ്നദൂരീകരണത്തിനായി തപോവനത്തിൽ പ്രവേശിച്ച ദുഷ്ഷന്തൻ മുറയ്ക്കു് സ്വസാന്നിദ്ധ്യപ്രഭാവത്താൽ യാഗവിഘ്നങ്ങളെ ഒതുക്കിവരവെ, ഒരുദിവസം അദ്ദേഹത്തിനു വിശ്രമം ലഭിക്കുന്നു. കേവലം വിജനമായ ഒരു സ്ഥലത്തെത്തി തന്റെ ഏററവും വർദ്ധിച്ച അഭിലാഷമായ ശകുന്തളാലബ്ധിയെപ്പററിത്തന്നെ വിചാരിച്ചു് അദ്ദേഹം മന്മഥാനലജ്വാലാസന്തപ്തനായിരിക്കുന്നു.

തതഃ=അനന്തരം. പ്രവിശതി=പ്രവേശിക്കുന്നു. കാമയമാനാവസ്ഥഃ=കാമയമാനമായ അവസ്ഥയോടുകൂടിയ (കാമാവസ്ഥയിൽ) രാജാ=രാജാവു്.

വിജനസ്ഥലത്തുവെച്ചു് ദുഷ്ഷന്തന്റെ പ്രധാനവിചാരം, ഏതു തരത്തിലായാൽ ശകുന്തളയെ ലഭിപ്പാൻ സാധിക്കും എന്നതാണു്. ഒന്നാമതായി, അവളെ അപഹരിച്ചുകൊണ്ടുപോയാലോ?—

തപസഃ=തപസ്സിന്റെ. വീര്യം=വീര്യത്തെ. ജാനേ=അറിയുന്നു. (എനിക്കറിയാം) നിഗ്രഹാനുഗ്രഹസമർത്ഥമായ പ്രഭാവത്തോടുകൂടിയവരാണു് മഹർഷികൾ എന്നു എനിക്കറിയാം. അതുകൊണ്ടു് അപഹരണമായാൽ അവർ ശപിപ്പാൻ ഇടയുണ്ടു്.

എന്നാൽ, ശകുന്തള സ്വയമേ രാജാവിനോടുകൂടി പൊയ്ക്കളയാൻ ഉദ്യമിക്കുമോ എന്നായാൽ—

സാ=അവൾ. ബാലാ=ബാലയാണു്. പരവതീ=പരവതിയുമാണു്. സ്വാതന്ത്ര്യമില്ലാത്ത ബാലപ്പെൺകൊടിയാണു് ശകുന്തള. ഇതി=(എന്നു്) മുൻപറഞ്ഞതൊക്കെ. മേ വിദിതം=എനിക്കറിയാം. എന്നാൽ പിന്നെ അവളിൽ ഉള്ള ആശ വിട്ടുകളയരുതോ? സാധിക്കയില്ല. തഥാപി=എന്നാലും. തതഃ=ആ ശകുന്തളാനുരാഗത്തിൽനിന്നു്. ഇദം ഹൃദയം=ഈ ഹൃദയത്തെ. നിവർത്തയിതും=നിവർത്തിപ്പിക്കുന്നതിനു്. ന അലം അസ്മി=ഞാൻ തീരെ സമർത്ഥനല്ല. (അവളിൽനിന്നു് ഹൃദയം പിൻതിരിക്കുന്നതിനു് എനിക്കു ലവലേശം സാധിക്കുന്നുമില്ല.)

(മദനബാധാം നിരൂപ്യ) ഭഗവൻ, കുസുമായുധ, ത്വയാ ചന്ദ്രമസാ ച വിശ്വസനീയാഭ്യാമതിസന്ധീയതേ കാമിജനസാർത്ഥഃ. കുതഃ,

തവ കുസുമശരത്വം ശീതരശ്മിത്വമിന്ദോർ-
ദ്വയമിദമയഥാർത്ഥം ദൃശ്യതേ മദ്വിധേഷു,
വിസൃജതി ഹിമഗർഭൈരഗ്നിമിന്ദുർമയൂഖൈ-
സ്ത്വമപി കുസുമബാണാൻ വജ്രസാരീകരോഷി. 3

മദനബാധാം=മദനബാധയെ. നിരൂപ്യ=നിരൂപണംചെയ്തു്. ഭഗവൻ കുസുമായുധ, വിശ്വസനീയാഭ്യാം=വിശ്വസനീയന്മാരായ. ത്വയാ=നിന്നാലും ചന്ദ്രമസാ ച=ചന്ദ്രമസ്സിനാലും (ചന്ദ്രനാലും). കാമിജനസാർത്ഥഃ=കാമിജനങ്ങളുടെ സംഘം. അതിസന്ധീയതേ=വഞ്ചിക്കപ്പെടുന്നു. (നിങ്ങൾ രണ്ടുപേരും കാമികളെ വഞ്ചിക്കുകയാണു്.) കുതഃ=എന്തുകൊണ്ടെന്നാൽ,

തവ=നിന്റെ (അങ്ങയുടെ) കുസുമശരത്വം=കുസുമശരൻ. മൃദുമനോഹരങ്ങളായ പുഷ്പങ്ങളെ ശരങ്ങളാക്കിയിട്ടുള്ളവൻ എന്ന അവസ്ഥയും. ഇന്ദോഃ=ചന്ദ്രന്റെ. ശീതരശ്മിത്വം=ശീതമായ രശ്മിയോടുകൂടിയവൻ. ശീതളസുഖപ്രദങ്ങളായ മനോമോഹനപ്പുങ്കതിരുകളോടുകൂടിയവൻ എന്ന സ്ഥിതിയും. ദ്വയമിദം=ഈ രണ്ടും. മദ്വിധേഷു=എന്നെപ്പോലുള്ളവരിൽ (കാമതാപം അനുഭവിക്കുന്നവരിൽ) അയഥാർത്ഥം=യഥാർത്ഥമല്ലാതെ. ദൃശ്യതേ=കാണപ്പെടുന്നു. എന്തെന്നാൽ, ഇന്ദുഃ=ചന്ദ്രൻ.

ഹിമഗർഭൈഃ=ഹിമഗർഭങ്ങളായ; മഞ്ഞ് ഉള്ളിൽ അടങ്ങിയിരിക്കുന്ന. മയൂഖൈഃ=മയൂഖങ്ങളാൽ, രശ്മികളാൽ. അഗ്നിം=അഗ്നിയെ. വിസൃജതി=പുറപ്പെടുവിക്കുന്നു. ത്വം അപി=നീയും (നീയാകട്ടെ കുസുമബാണാൻ=കുസുമബാണങ്ങളെ. വജ്രസാരീകരോഷി=വജ്രസാരങ്ങളാക്കിച്ചെയ്യുന്നു.

പ്രഥമേ ശൈത്യം കാണിക്കുന്ന രശ്മികൾ വർഷിക്കുന്ന ചന്ദ്രൻ പരമാർത്ഥത്തിൽ അഗ്നിയെ ആണ് വർഷിക്കുന്നത്. അതുപോലെ പുഷ്പമാണ് ശരമെന്നു വച്ചിരിക്കുന്ന നീ വജ്രമാണ് പ്രയോഗിക്കുന്നത്. ഇങ്ങിനെ നിങ്ങൾ രണ്ടുപേരും കാമിജനങ്ങളെ സംബന്ധിച്ചിടത്തോളം വജ്രശരനെന്നും അഗ്നിരശ്മിയെന്നും വേണം പറവാനുള്ളത്. പരമാർത്ഥത്തിൽ നാമധേയംകൊണ്ടു നിങ്ങൾ കാമികളെ വഞ്ചിക്കുന്നു.

(പരിക്രമ്യ) ക്വ നു ഖലു സംസ്ഥിതേ കർമണി സദസ്യൈരഭ്യനുജ്ഞാതവിശ്രമഃ ക്ലാന്തമാത്മാനം വിനോദയാമി? (നിശ്വസ്യ) കിം കില മേ പ്രിയാദർശനാദൃതേ ശരണമന്യത്? യാവദേനാമന്വിച്ഛാമി. (സൂര്യമവലോക്യ) ഇമാമുഗ്രാതപാം വേലാം പ്രായേണ ലതാവലയവത്സു മാലിനീതീരേഷു സസഖീജനാ ശകുന്തളാ ഗമയതി. തത്രൈവ ഗച്ഛാമി. (പരിക്രമ്യ സ്പർശം രൂപയിത്വാ) അഹോ! പ്രവാതസുഭഗോഽയമുദ്ദേശഃ.

പരിക്രമ്യ=ചുററിനടന്നു്.

മന്മഥവ്യഥയെ സഹിക്കുന്നതിനു അശക്തനായ രാജാവു് എന്തെങ്കിലും വിനോദനോപായത്തെപ്പററി ചിന്തിക്കുന്നു:—

കർമണി സംസ്ഥിതേ=കർമ്മം പരിസമാപ്തമായപ്പോൾ, യാഗാനുഷ്ഠാനത്തിന്റെ ഒരുപടി സമാപ്തമായപ്പോൾ. സദസ്യൈഃ=സദസ്യരാൽ. അഭ്യനുജ്ഞാതവിശ്രമഃ=അഭ്യനുജ്ഞാതമായ വിശ്രമത്തോടുകൂടിയ (ഞാൻ) ക്ലാന്തം ആത്മാനം=ക്ലാന്തമായ ആത്മാവിനെ. ക്വനു ഖലു വിനോദയാമി=വിനോദിപ്പിക്കേണ്ടതു് എവിടെയാണ്? നിശ്വസ്യ=ദീർഘശ്വാസം വിട്ടു്.

മേ=എനിക്കു്. പ്രിയാദർശനാൽ ഋതേ=പ്രിയയുടെ ദർശനത്തെ ഒഴിച്ചു്. അന്യത് ശരണം=മറെറാരു വിനോദമാർഗ്ഗം കിം കില=എന്താണ്? ഏനാം=ഇവളെ. അന്വിച്ഛാമി യാവത്=അന്വേഷിക്കതന്നെ.

സൂര്യം അവലോക്യ=സൂര്യനെ നോക്കി.

ഇമാം=ഈ. ഉഗ്രാതപാം വേലാം=ഉഗ്രതപമായ വേലയെ. (കൊടുംവേനൽ സമയത്തെ) പ്രായേണ=മിക്കവാറും. ലതാവലയവത്സു=ലതാവലയങ്ങളോടു്, വള്ളിക്കുടിലുകളോടുകൂടിയ. മാലിനീതീരേഷു=മാലിനീനദീതീരങ്ങളിൽ. സസഖീജനാ=സഖീജനങ്ങളോടുകൂടിയ. ശകുന്തളാ=ശകുന്തള. ഗമയതി=പോകുന്നു. (പോകുന്നുണ്ടായിരിക്കും) തത്ര ഏവ=അവിടെത്തന്നെ. ഗച്ഛാമി=പോകുന്നു. (പോകാം.)

സ്പർശം രൂപയിത്വാ=സ്പർശം സുഖം) നടിച്ചു്.

അഹോ=ആശ്ചര്യം. അയം=ഈ. ഉദ്ദേശഃ=ഉദ്ദേശം. പ്രവാതസുഭഗഃ=പ്രകർഷേണയുള്ള മാരുതനാൽ മനോഹരമായിരിക്കുന്നു.

തഥാഹി,—

ശക്യമരവിന്ദസുരഭിഃ കണവാഹീ മാലിനീതരംഗാണാമ്
അംഗൈരനംഗതപ്തൈരവിരലമാലിംഗിതും പവനഃ. 4

(പരിക്രമ്യാവലോക്യ ച) അസ്മിൻ വേതസപരിക്ഷിപ്തേ ലതാമണ്ഡപേ സന്നിഹിതയാ തയാ ഭവിതവ്യമ്. തഥാ ഹി—

അഭ്യുന്നതാ പുരസ്താദവഗാഢാ ജഘനഗൗരവാത് പശ്ചാത്
ദ്വാരേഽസ്യ പാണ്ഡുസികതേ പദപങ്ക്തിർദൃശ്യതേഽഭിനവാ.

തഥാഹി=അപ്രകാരംതന്നെ.

അരവിന്ദസുരഭിഃ=അരവിന്ദങ്ങളിൽ തട്ടിവരുന്നതാകയാൽ സൗരഭ്യത്തോടുകൂടിയതും. മാലിനീതരങ്ഗാണാം=മാലിനീതരംഗങ്ങളുടെ. കണവാഹീ=കണങ്ങളെ വഹിക്കുന്നതും. (ആയ, പവനഃ=പവനൻ=സൗരഭ്യശീതളിമകളോടുകൂടി വീശുന്ന മന്ദമാരുതൻ. അനംഗതപ്തൈഃ=അനംഗനാൽ തപ്തങ്ങളായ. അംഗൈഃ=അംഗങ്ങളാൽ. അനവരതം=നിരന്തരം. ആലിംഗിതും=ആലിംഗനം ചെയ്യുന്നതിന്ന്. ശക്യം=ശക്യമാണ്. (മന്മഥജ്വരസന്തപ്തമായ അംഗങ്ങൾക്ക് ഈ വീശുന്ന ചെന്താർമണവും, മാലിനിയിലെ തിരമാലകളിലെ നീർത്തുള്ളിയുംചേർന്ന മനോഹരമായ മന്ദമാരുതൻ ഏല്ക്കാൻ നല്ലതാണ്.)

അസ്മിൻ=ഈ വേതസപരിക്ഷിപ്തേ=വേതസങ്ങളാൽ, ആറ്റുവഞ്ചിപ്പുല്ലുകളാൽ, പരിക്ഷിപ്തമായ=ചുററപ്പെട്ട. ലതാമണ്ഡപേ=ലതാമണ്ഡപത്തിൽ. തയാ=അവളാൽ. സന്നിഹിതയാ ഭവിതവ്യം=സന്നിഹിതയാക എന്നതു ഭവിച്ചിരിക്കണം. (അവൾ സന്നിഹിതയായിരിക്കണം.)

തഥാഹി=അതേ.

പുരസ്താത്=മുൻഭാഗത്തിൽ. അഭ്യുന്നതാ=അല്പം പൊങ്ങിയതും. പശ്ചാത്=പിൻഭാഗത്തിൽ. ജഘനഗൗരവാത്=ജഘനത്തിന്റെ ഘനം ഹേതുവായി. അവഗാഢം=അല്പം താഴ്ന്നതുമായ. പദപംക്തിഃ=പദപംക്തി (കാൽച്ചുവട്ടടി) അസ്യ=ഈ ലതാഗൃഹത്തിന്റെ. പാണ്ഡുസികതേ=വെള്ളമണലോടുകൂടിയ. ദ്വാരേ=പ്രവേശനദേശത്തിൽ. അഭിനവാ=പുതുതായി ദൃശ്യതേ=കാണപ്പെടുന്നു. വള്ളിക്കുടിലിലേയ്ക്കു പ്രവേശിക്കേണ്ട സ്ഥലത്തു് വെണ്മണലിൽ ശകുന്തളയുടെ ഓമനക്കാലടി പതിഞ്ഞിരിക്കുന്നതുകണ്ടു് രാജാവു് നിശ്ചയിക്കുന്നു.

യാവദ്വിടപാന്തരേണാവലോകയാമി. (പരിക്രമ്യ തഥാ കൃത്വാ)

അയേ, ലബ്ധം നേത്രനിർവ്വാണമ്. ഏഷാ മേ മനോരഥപ്രിയതമാ സകുസുമാസ്തരണം ശിലാപട്ടമധിശയാനാ സഖീഭ്യാമന്വാസ്യതേ. ഭവതു; ശ്രോഷ്യാമി താവദാസാം വിസ്രംഭകഥിതാനി.

(വിലോകയൻ സ്ഥിതഃ)

വിടപാന്തരേണ=വിടപം ഇടയ്ക്കാകുംവണ്ണം (വൃക്ഷത്തിന്റെ പുറകിൽ മറഞ്ഞുനിന്നു്) അവലോകയാമി യാവത്=നോക്കാം. പരിക്രമ്യ തഥാ കൃത്വാ=ഒന്നുചുററി അപ്രകാരം ചെയ്തിട്ടു്.

അയേ=അല്ലല്ലാ. ലബ്ധം=കിട്ടിപ്പോയി നേത്രനിർവ്വാണം=നയനസായൂജ്യം. മുമ്പൊരിക്കൽ കണ്ടതിൽപിന്നീടു് ലഭിക്കാതെയിരുന്ന നയനസായൂജ്യം ഇതാ ലഭിച്ചുവെന്നു രാജാവു് ആഹ്ലാദിക്കുന്നു. ലബ്ധം നേത്രനിർവ്വാണമ്, എന്നു 'ലബ്ധം' ആദ്യമായി പ്രയോഗിച്ചിരിക്കുന്ന ഔചിത്യം നോക്കുക.

ഏഷാ മേ മനോരഥപ്രിയതമാ=ഇതാ എന്റെ മനോരഥപ്രിയതമ. സകുസുമാസ്തരണം=നവപുഷ്പങ്ങൾകൊണ്ടുള്ള വിരിപ്പോടുകൂടിയ ശിലാപട്ടം=ശിലാപട്ടത്തെ, ശിലാശയ്യയെ. അധിശയാനാ=കിടക്കുന്നവളായിട്ടു്, (ശയ്യയിൽ ശയിക്കുന്നവളായി.) സഖീഭ്യാം=രണ്ടു സഖികളാലും. അന്വാസ്യതേ=സേവിക്കപ്പെടുന്നു.

ഇവിടെ നേത്രനിർവ്വാണം ലഭിച്ചുവെന്നതിൽനിന്നു താമസിയാതെ മററിന്ദ്രിയങ്ങൾക്കും നിർവ്വാണം ലഭിക്കാൻ വകയുണ്ടെന്നുള്ള സംഗതി സൂചിതമായിരിക്കുന്നു.

മനോരഥപ്രിയതമ—വിവാഹത്തിനുശേഷമാണല്ലോ. ഇവിടെ മനോരഥമായി വിവാഹം കഴിഞ്ഞുവെന്നു് രാജാവു നിശ്ചയിക്കുന്നു. സുകുസുമാസ്തരണം—പുഷ്പങ്ങൾ ശയ്യയിൽ വിതറിയിരിക്കുന്നു. ശിലാപട്ടം - കരിങ്കൽശയ്യയെന്നു പറഞ്ഞതു കാഠിന്യത്തെയല്ല തണുപ്പിനെ ഉദ്ദേശിച്ചാണു്. ശകുന്തള പുഷ്പാസ്തരണത്തോടുകൂടിയ ശയ്യമേൽ കിടക്കുന്നു. പ്രിയംവദയും അനസൂയയും അടുത്തുനിന്നു് ശുശ്രൂഷിക്കുന്നു.

ഭവതു=ആട്ടേ. ആസാം=ഇവരുടെ. വിസ്രംഭകഥിതാനി=രഹസ്യസംഭാഷണം. ശ്രോഷ്യാമി താവത്=ഒന്നുകേൾക്കാം.

(തതഃ പ്രവിശതി യഥോക്തവ്യാപാരാ സഹസഖീഭ്യാം ശകുന്തളാ)

സഖ്യൗ:—(ഉപവീജ്യ) ഹലാ, ശകുന്തളേ, അപി സുഖായ തേ നളിനീപത്രവാതഃ?

ശകുന്തളാ:—കിം വീജയതോ മാം സഖ്യൗ?

(സഖ്യൗ വിഷാദം നാടയിത്വാ പരസ്പരമവലോകയതഃ)

രാജാ:—അഹോ! ബലവദസ്വസ്ഥാ ശകുന്തളാ ദൃശ്യതേ; തത് കിമയമാതപദോഷഃ സ്യാത്? ഉത മദനദോഷഃ? ഉഭയഥാ മേ മനസി വർത്തതേ. അഥവാ കൃതം സന്ദേഹേന.

ഉപവീജ്യ=വീശിയിട്ടു്.

ഹലാ ശകുന്തളേ, അപി സുഖായ തേ നളിനീപത്രവാതഃ=താമരയിലയിൽനിന്നുള്ള ഈ കാററു് നിനക്കു് സുഖംതരുന്നുണ്ടോ? സഖ്യൗ=സഖിമാർ. കിം മാം വീജയതഃ=എന്നെ വീശുന്നുണ്ടോ? സഖ്യൗ=രണ്ടു സഖിമാരും. വിഷാദം നാടയിത്വാ=വിഷാദംനടിച്ചു്. പരസ്പരം=തമ്മിൽത്തമ്മിൽ. അവലോകയതഃ=നോക്കുന്നു.

അഹോ=കഷ്ടം. ശകുന്തളാ, ബലവത്=ഏററവും. അസ്വസ്ഥാ=അസ്വസ്ഥയായി. ദൃശ്യതേ=കാണപ്പെടുന്നു. തത്=അതിനാൽ.

അയം=ഈ അസ്വസ്ഥത(യ്ക്കു കാരണം.)

കിം ആതപദോഷഃ=ആതപദോഷമാണോ? വേനലിൻെറ ചൂടുകൊണ്ടാണോ ഇപ്രകാരം സങ്കടമനുഭവിക്കുന്നതു്? ഉത=അതോ. കിം മദനദോഷഃ സ്യാത്=മദനദോഷമായിരിക്കുമോ, മന്മഥപീഡകൊണ്ടാണോ ഇവൾക്കു് ഈ അസ്വാസ്ഥ്യം കാണുന്നതു്?

മേ മനസി=എൻെറ മനസ്സിൽ. ഉഭയഥാ=രണ്ടു പ്രകാരത്തിലും. വർത്തതേ=ഇരിക്കുന്നു. ഒന്നുകിൽ, വേനൽ കടുത്തതായതുകൊണ്ടു് ഉഷ്ണം സഹിപ്പാൻ മേലാതെയാണു്. അല്ലെങ്കിൽ യൗവനമായതുകൊണ്ടു് കാമപീഡ ദുസ്സഹമായി തോന്നുന്നതുകൊണ്ടുതന്നെ. അഥവാ=അല്ലെങ്കിൽ. കൃതം സന്ദേഹേന=സംശയിച്ചതുമതി. ആതപബാധകൊണ്ടല്ല മദനബാധകൊണ്ടുതന്നെയാണു് ശകുന്തളയ്ക്കു് ഈ അസ്വാസ്ഥ്യമെന്നു ലക്ഷണങ്ങൾകണ്ടു രാജാവു നിശ്ചയിക്കുന്നു. അവയാകട്ടെ:—

സ്തനന്യസ്തോശീരം പ്രശിഥിലമൃണാളൈകവലയം,
പ്രിയായാസ്സാബാധം സദപി, കമനീയം വപുരിദമ്;
സമസ്താപഃ കാമം, മനസിജനിദാഘപ്രസരയോർ-
ന തു ഗ്രീഷ്മസ്യൈവം സുഭഗമപരാദ്ധം യുവതിഷു. 6

സ്തനന്യസ്തോശീരം=സ്തനങ്ങളിന്മേൽ ന്യസ്തമായ (പൂശപ്പെട്ടതായ ഉശീരത്തോടു്, രാമച്ചച്ചാറോടുകൂടിയതും. പ്രശിഥിലമൃണാളൈകവലയം = പ്രശിഥിലമായ,

പ്രകർഷേണ ശിഥിലമായ, അനുനിമിഷം വാടിക്കൊണ്ടിരിക്കുന്നതായ മൃണാളത്തിന്റെ, താമരത്തണ്ടാകുന്ന ഏകവലയത്തോടുകൂടിയതും (ഇതിനാൽ മററ യാതൊരാഭരണങ്ങളും ശകുന്തള ധരിച്ചിട്ടില്ലെന്നു സിദ്ധിക്കുന്നു.) സാബാധം=ചുററും (ശരീരം മുഴുവൻ) സാബാധം സദപി=ഇങ്ങനെ ബാധയോടു്, ക്ഷീണമെന്നുള്ള പീഡയോടുകൂടിയതാണെങ്കിലും. പ്രിയായാഃ=പ്രിയയുടെ. ഇദം വപുഃ=ഈ വപുസ്സ്. കമനീയം=മനോഹരംതന്നെയായിരിക്കുന്നു.

മനസിജനിദാഘപ്രസരയോഃ=മനസിജന്റേയും നിദാഘ (ഗ്രീഷ്മത്തിന്റേയും പ്രസരങ്ങൾക്ക്. (ഈ ശരീരത്തിലെ) താപഃ=താപം. സമഃ=തുല്യംതന്നെയാണു്. മന്മഥപീഡകൊണ്ടും വേനലിന്റെ കട്ടപ്പംകൊണ്ടും ശരീരസ്ഥിതിക്ക് ഇമ്മാതിരിയുള്ള വ്യത്യാസം ഉണ്ടാവാം.

എന്നാൽ, ഗ്രീഷ്മസ്യ=ഗ്രീഷ്മത്തിനു്, യുവതീഷു=യുവതികളിൽ. ഏവം=ഇപ്രകാരം. സുഭഗം=മനോഹരമായി. ന അപരാധം=അപരാധം ഇല്ല.

മന്മഥാനലനും, ഗ്രീഷ്മതാപവും ഒരുപോലെ ശകുന്തളയെ പീഡിപ്പിക്കുന്നതിനു കാരണങ്ങളാണെന്നുതന്നെ വിചാരിക്കാം. എന്നാൽ ഇവയിൽ വെറും വേനൽക്കട്ടപ്പംകൊണ്ടു ശരീരത്തിനുണ്ടാവുന്ന ക്ഷീണത്തിനിടയ്ക്കു ഇമ്മാതിരി ഒരു ദേഹകാന്തി ദൃശ്യമല്ലതന്നെ. ആയതിനാൽ കേവലം മന്മഥപീഡയാണ് ഇവളുടെ ഈ ശരീരച്ചടവിനും ക്ഷീണത്തിനും കാരണമെന്ന് രാജാവു് ഊഹിക്കുന്നു.

ഈ ഊഹത്തെ ബലപ്പെടുത്തുമാറ പ്രിയംവദ അനസൂയയോടു ഈവിധം പറയുന്നു:—

പ്രിയംവദാ:—(ജനാന്തികം) അനസൂയേ, തസ്യ രാജർഷേഃ പ്രഥമദർശനാദാരഭ്യ പര്യുൽസുകമാനസാ ആപന്നേവ ശകുന്തളാ. കിം നു ഖലുസ്യാസ്തന്നിമിത്ത ഏവായമാതങ്കോ ഭവേത്.

അനസൂയാ:—സഖീ, മമാപീദൃശ്യാശങ്കാ ഹൃദയസ്യ. ഭവതു, പ്രക്ഷ്യാമി താവദേനാമ്. സഖീ, പ്രഷ്ടവ്യാസീ. കിമപി ബലീയാൻ ഖലു തേ സന്താപഃ.

ശകുന്തളാ:—ഹലാ, കിം വക്തുകാമാ ഽസി.

തസ്യ രാജർഷേഃ=ആ രാജർഷിയുടെ. പ്രഥമദർശനാത് ആരഭ്യ=പ്രഥമദർശനംതൊട്ടു് (ആ രാജർഷിയെ കണ്ടതുമുതൽ) പര്യുൽസുകമാനസാ=പര്യുൽസുകമായ, ഉൽക്കണ്ഠാസഹിതമായ മാനസത്തോടുകൂടിയവളായി. ശകുന്തളാ=ശകുന്തള. ആപന്നാ ഇവ=ആപന്നയെപ്പോലെയായിരിക്കുന്നു.

അസ്യാഃ=ഇവളുടെ. അയം ആതങ്കഃ=ഈ രോഗം (പീഡ) തന്നിമിത്തഃ ഏവ=അദ്ദേഹംനിമിത്തമായതുതന്നെ (എന്നു്) കിം നു ഖലു ഭവേത്=ഭവിക്കുമോ (ആയിരിക്കുമോ?)

സഖീ, മമ അപി=എന്റേയും. ഹൃദയസ്യ=ഹൃദയത്തിന്നു്. ഈദൃശീ=ഇപ്രകാരമുള്ള. ആശങ്കാ=സംശയം (ഉണ്ടു്) ഭവതു=ആകട്ടെ. ഏനാം=ഇവളോടു്. പ്രക്ഷ്യാമി താവത്=ചോദിക്കാം.

സഖീ, പ്രഷ്ടവ്യാ അസി=ചോദിക്കപ്പെടേണ്ടവളായിത്തന്നെയിരിക്കുന്നു. (ഇനി നിന്നോടുതന്നെ ചോദിച്ചറിയേണ്ടതായിരിക്കുന്നു.) തേ=നിന്റെ. സന്താപഃ=സന്താപം. കിമപി=എന്തിനെയോപററി. ബലീയാൻ ഖലു=ബലവത്തുതന്നേയാണല്ലോ, (ഏതോ കാര്യം സംബന്ധിച്ചു നിനക്കു തോന്നുന്ന സന്താപം വളരെ വല്ലാത്തതുതന്നെയായിരിക്കുന്നല്ലോ.)

ഹലാ=സഖീ. കിം=എന്താണ്. വക്തുകാമാ അസി=പറയുന്നതിന്ന് ആഗ്രഹിക്കുന്നതുപോലെ തോന്നുന്നതു്. നീ എന്തോ പറയണമെന്ന് ഉഴലശിക്കുന്നു. അതെന്താണെന്ന് എന്നോടു പറക.

ശകുന്തളയിൽനിന്ന് ഈവിധം അനുകൂലമായ ഒരു ചോദ്യം ഉണ്ടായതുകേട്ട് അനസൂയ വീണ്ടും പറയുന്നു:—

അനസൂയാ:—ഹലാ ശകുന്തളേ, അനഭ്യന്തരാ ഖലു വയം മദനഗതസ്യ വൃത്താന്തസ്യ. കിന്തു യാദൃശീ ഇതിഹാസനിബന്ധേഷു കാമയമാനാനാം സമവസ്ഥാം ശ്രൂയതേ, താദൃശീം തേ ലക്ഷയാമി. കഥയ; കിം നിമിത്തോ ऽയം തേ ആയാസഃ? വികാരം, ഖലു പരമാർത്ഥതോ ऽജ്ഞാത്വാനാരംഭഃ പ്രതികാരസ്യ.

രാജാ:—അനസൂയാമപ്യനുഗതസ്തർകോ മദീയഃ. നഹി മേ സ്വാഭിപ്രായേണ ദർശനമ്.

ഹലാ ശകുന്തളേ, വയം=ഞങ്ങൾ. മദനഗതസ്യ=മദനഗതമായ മന്മഥസംബന്ധിയായ വൃത്താന്തസ്യ=വൃത്താന്തത്തിന്ന്, കാര്യത്തിന്ന്. അനഭ്യന്തരാഖലു=അനഭ്യന്തരർ ആണല്ലോ, അജ്ഞാതരാണല്ലോ. കാമയമാനാനാം=കാമയമാനന്മാരുടെ. സമവസ്ഥാം=സമവസ്ഥയെ, സ്ഥിതിഗതികൾ ഒന്നൊഴിയാതെ. ശ്രൂയതേ=കേൾക്കപ്പെടുന്നുണ്ട്. താദൃശീം=അപ്രകാരമുള്ള സ്ഥിതിഭേദത്തെ. തേ=നിനക്ക്. ലക്ഷയാമി=ഞാൻ കാണുന്നു. കഥയ=പറയുക. തേ=നിന്റെ. അയം ആയാസഃ=ഈ ആയാസം, പീഡ. കിം നിമിത്തഃ=എന്തുകാരണത്താലാണ്. വികാരം=ഭാവഭേദത്തെ (സ്ഥിതിഭേദത്തെ) യഥാർത്ഥമായ രോഗനിദാനത്തെ പരമാർത്ഥതഃ=പരമാർത്ഥമായി. അജ്ഞാത്വാ=അറിയാതെ. പ്രതികാരസ്യ=പ്രതിവിധിയുടെ. അനാരംഭഃ ഖലു=അനാരംഭമാണല്ലോ ചെയ്യുന്നതു്. (പ്രതിവിധിയുടെ ആരംഭം രോഗനിദാനമാണ്.)

ഇതുകേട്ട് സന്തുഷ്ടനായ രാജാവു വിചാരിക്കയാണ്:—

മദീയഃ=എന്റേതായ. തർക്കഃ=ഊഹം (സന്താപകാരണം, അനസൂയാം അപി=അനസൂയയേയും. അനുഗതഃ=പ്രാപിച്ചതായിരിക്കുന്നു. എനിക്കുണ്ടായ സംശയം തന്നെ അനസൂയയ്ക്കും ഉണ്ടായിരിക്കുന്നു. മേ=എന്റെ. സ്വാഭിപ്രായേണ=സ്വാഭിപ്രായം. നഹി ദർശനം=ദർശനമായതല്ല (കാമപാരവശ്യത്താൽ എനിക്കുമാത്രം തോന്നിയതല്ല).

ശകുന്തളാ:—(ആത്മഗതം) ബലീയാൻ ഖലു മേ അഭിനിവേശഃ. ഏതയോരപി സഹസാ ന ശക്നോമി നിവേദയിതുമ്.

പ്രിയംവദാ:—സഖീ! സുഷ്ഠു ഏഷാ ഭണതി. കിമാത്മന ആതങ്കമുപേക്ഷസേ, അനുദിവസം ഖലു പരിഹീയസേ അങ്ഗൈഃ കേവലം ലാവണ്യമയീ ഛായാ ത്വാം ന മുഞ്ചതി.

രാജാ:—അവിതഥമാഹ പ്രിയംവദാ. തഥാഹി:—

മേ=എന്റെ. അഭിനിവേശഃ=അഭിലാഷം അഥവാ അനുരാഗം. ബലീയാൻ ഖലു=വളരെ ശക്തിമത്തായിരിക്കുന്നല്ലോ. ഏതയോഃ അപി=ഇവർക്കുകൂടിയും സഹസാ=പെട്ടെന്ന്. നിവേദയിതും=അറിയിക്കുന്നതിന്ന്. ന ശക്നോമി=എനിക്കു സാധിക്കുന്നില്ല (എന്റെ വികാരം വളരെ ശക്തിമത്തായിരുന്നിട്ടും അക്കഥ ഇവരെക്കൂടെ അറിയിപ്പാൻ തോന്നുന്നില്ല).

സഖി, ഏഷഃ=ഇവൾ സുഷ്ഠു=നല്ലപോലെ. ഭണതി=പറയുന്നു (ഇവൾ പറയുന്നകാര്യം ശരിയാണ്.) ആത്മനഃ=തന്റെ (നിന്റെ) ആതങ്കം=അവശതയെ. കിം ഉപേക്ഷസേ=ഉപേക്ഷിക്കുന്നുവോ. (നീ ഈ പീഡയിൽനിന്നു മുക്തയാവാൻ ഉദ്ദേശിക്കുന്നോ?) അനുദിവസം=ദിവസംപ്രതി. അങ്ഗൈഃ=അംഗങ്ങളാൽ. പരിഹീയസേ ഖലു=ഉപേക്ഷിക്കപ്പെടുന്നല്ലോ. ദിവസവും നിന്റെ ശരീരാവയവങ്ങൾ ചടച്ചുവരുന്നല്ലോ. ലാവണ്യമയീ=ലാവണ്യമയിയായ. ഛായാ കേവലം=ഒരു ഛായമാത്രം ത്വാം=നിന്നെ. ന മുഞ്ചതി=വിടുന്നില്ല. (നീ ദിവസംപ്രതി ശോഷിച്ചുപോകുന്നു. സൗന്ദര്യത്തിന്റെ ഛായമാത്രം നിന്നെ ഉപേക്ഷിച്ചിട്ടില്ല എന്നൊരുഭേദം.)

തന്നെ ഉദ്ദേശിച്ചു ശകുന്തളയ്ക്കു തോന്നിയ ഈ അനുരാഗപാരവശ്യത്തെ കണ്ടു സന്തുഷ്ടനായ നായകൻ അവളുടെ സ്ഥിതിയെ ചക്ഷുഃശ്രോത്രങ്ങളാൽ കണ്ടാനന്ദിച്ച് ആസ്വദിച്ചു പറയുന്നു:—

പ്രിയംവദാ=പ്രിയംവദ. അവിതഥം=സത്യം. ആഹ=പറയുന്നു. പ്രിയംവദ പറഞ്ഞതു പരമാർത്ഥമാണ്. തഥാഹി=അങ്ങിനെതന്നെ (അവൾ പറഞ്ഞതുപോലെതന്നെ)—

ക്ഷാമക്ഷാമകപോലമാനനമുരഃ കാഠിന്യമുക്തസ്തനം,
മധ്യഃ ക്ലാന്തതരഃ പ്രകാമവിനതാവംസൌ ഛവിഃ പാണ്ഡുരാ
ശോച്യാ ച പ്രിയദർശനാ ച മദനക്ലിഷ്ടേയമാലക്ഷ്യതേ,
പത്രാണാമിവ ശോഷണേന മരുതാ സ്പൃഷ്ടാ ലതാ മാധവീ. 7

ആനനം=മുഖം. ക്ഷാമക്ഷാമകപോലം=ക്ഷാമക്ഷാമങ്ങളായ, ഏററവും ക്ഷീണിച്ചതുകളായകപോലങ്ങളോടും,കവിൾത്തടങ്ങളോടുകൂടിയതായിരിക്കുന്നു. (കപോലങ്ങൾ ഏററവും ക്ഷീണിച്ചാലും അവയ്ക്കു വിശേഷിച്ചു വെള്ളിക്കണ്ണാടിയുടേതുപോലുള്ള ഒരു പ്രഭയുണ്ടെന്നു സൂചിപ്പിച്ചിരിക്കുന്നു) ഉരഃ=ഉരസ്സ് (മാറ്.) കാഠിന്യമുക്തസ്തനം=കാഠിന്യമുക്തമായ, കാഠിന്യം ഇല്ലാത്തവയായ സ്തനങ്ങളോടുകൂടിയതായിരിക്കുന്നു. (ഒന്നാമങ്കത്തിൽ സഖിയോടു വൽക്കലം അഴിച്ചുകെട്ടുന്നതിനു ശകുന്തള ആവശ്യപ്പെട്ടപ്പോൾ രാജാവിനു കാണ്മാൻ സാധിച്ച പ്രതിക്ഷണവിജൃംഭണസ്വഭാവവത്തുകളായ സ്തനങ്ങളല്ല ഇപ്പോൾ കാണുന്നത് എന്നു താല്പര്യം.) മധ്യഃ=മധ്യഭാഗം. ക്ലാന്തതരഃ=ഏററവും ക്ലാന്തമായിരിക്കുന്നു. മുമ്പ് സ്തനമണ്ഡലങ്ങളുടെ ആക്രമണത്താൽതന്നെ അല്പം ക്ലാന്തമായിരുന്നു. ഇപ്പോഴാകട്ടെ അതിനേക്കാൾ വാട്ടംതട്ടിയതായിരിക്കുന്നു. അംസൗ=തോളുകൾ. പ്രകാമവിനതൌ=ഏററവും വളഞ്ഞവയായിരിക്കുന്നു. (സുന്ദരിമാരുടെ തോളുകൾ സ്വതേതന്നെ അല്പം വളഞ്ഞ് ഇരിക്കും. ഇപ്പോൾ ഏററവും വളഞ്ഞിരിക്കുന്നു.) ഛവിഃ=ആകപ്പാടേയുള്ള) ദേഹകാന്തി. പാണ്ഡുരാ=വിളറിയ നിറത്തോടുകൂടിയതായിരിക്കുന്നു. (ഇങ്ങിനെ എന്റെ പ്രിയതമ) ശോച്യാ=ശോചനീയമായ സ്ഥിതിയിലും (എന്നാൽ) പ്രിയദർശനാ ച=പ്രിയദർശനയായിട്ടും (മദനപീഡകൊണ്ടു ദയനീയയായിരിക്കുന്നുവെങ്കിലും അംഗലാവണ്യംകൊണ്ടു കാണ്മാൻ വളരെ കൗതുകമുള്ളവളായും)

പത്രാണാം=പത്രങ്ങളുടെ. ശോഷണേന=ശോഷണത്താൽ. മരുതാ=മരുത്തിനാൽ (കാററിനാൽ) സ്പൃഷ്ടാ=സ്പർശിക്കപ്പെട്ടവളായ (അടിച്ചിളക്കപ്പെട്ട) മാധവീലതാ ഇവ=മുല്ലവള്ളിപോലെ. ആലക്ഷ്യതേ=കാണപ്പെടുന്നു.

അലങ്കാരം — കാവ്യലിങ്ഗം, സ്വഭാവോക്തി, ഉപമ.

**ശകുന്തളാ:**—കസ്യ വാന്യസ്യ കഥയിഷ്യാമി. ആയാസയിത്രീദാനീം യുവയോർഭവിഷ്യാമി.

**ഉദേ:**—തത ഏവ ഖലു നിർബന്ധഃ. സംവിഭക്തം ഖലു ദുഃഖം സഹ്യവേദനം ഭവതി.

രാജാ:—

പൃഷ്ടാ ജനേന സമദുഃഖസുഖേന ബാലാ
നേയം ന വക്ഷ്യതി മനോഗതമാധിഹേതുമ്;
ദൃഷ്ടോ വിവൃത്യ ബഹുശോഽപ്യനയാ സതൃഷ്ണ-
മത്രാന്തരേ ശ്രവണകാതരതാം ഗതോഽസ്മി. 8

അന്യസ്യ കസ്യ വാ കഥയാമി=മററാരോടാണ ഞാൻ പറയുന്നതു്. (മററാരോടാണ ഞാൻ പറയുന്നതു്?) യുവയോഃ=നിങ്ങൾ രണ്ടുപേരും. ആയാസയിത്രീഭവിഷ്യാമി=ആയാസംചെയ്യുന്നവളായിഭവിക്കുന്നു. (എന്റെ പീഡാകാരണം പറഞ്ഞാലും അതിന്റെ നിവൎത്തനത്തിൽ നിങ്ങൾക്കു സാദ്ധ്യത ശക്യമല്ലായിരിക്കാമെന്നു് എനിക്കു് ഭയമായിരിക്കുന്നു.)

തത ഏവ ഖലു=അക്കാൎയ്യംകൊണ്ടുതന്നെയാണു്. നിൎബന്ധഃ=നിൎബന്ധം. ദുഃഖം, സംവിഭക്തം ഖലു സഹ്യവേദനം ഭവതി=വിഭജിക്കപ്പെടുമ്പോൾ മാത്രമല്ലേ സഹിക്കാവുന്നതാകയുള്ളു?

സമദുഃഖസുഖേന=സുഖദുഃഖങ്ങൾ പങ്കിട്ടെടുക്കുന്ന. ജനേന=ജനത്താൽ (സഖിയാൽ) പൃഷ്ടാ=ചോദിക്കപ്പെട്ട ഇയം ബാലാ=ഈ ബാല. ആധിഹേതും=ആധിക്കു ഹേതുവായ, മനോഗതം=മനോഗതത്തെ. ന വക്ഷ്യതി ന=പറയാതിരിക്കയില്ല.

അനയാ = ഇവളാൽ ബഹുശഃ=അനേകനേരം. വിവൃത്യ = 'വിസ്തരിച്ചു്.' സതൃഷ്ണം=തൃഷ്ണയോടുകൂടുംവിധത്തിൽ. ദൃഷ്ടഃ=കാണപ്പെട്ടിട്ടുണ്ടു. (ഞാൻ) എന്നാലും, അത്രാന്തരേ=ഈ അവസരത്തിൽ. ശ്രവണകാതരതാം=ശ്രവണങ്ങൾക്കു കാതരതയെ, ഭയപ്പാടിനെ. ഗതഃ അസ്മി=ഗതനായിരിക്കുന്നു

ശകുന്തള തന്റെ പീഡയ്ക്കു കാരണം എന്താണു പറയുന്നതു് എന്നു് അറിവാൻ രാജാവിന്റെ അത്യുൽക്കണ്ഠയെ അദ്ദേഹം പ്രദൎശിപ്പിക്കുന്നു. ശകുന്തള അദ്ദേഹത്തെ ഏററവും ആഗ്രഹത്തോടെ നോക്കിയിട്ടുണ്ടു് എങ്കിലും ഈ ഉത്തരം പറയുന്നതു് അക്കാൎയ്യംതന്നെയോ അല്ലയോ എന്നു രാജാവിനു തോന്നുന്ന സംശയത്താൽ അദ്ദേഹത്തിനുള്ള അത്യുൽക്കണ്ഠ അനുഭവവേദ്യം മാത്രമായിരിക്കുന്നു.

ശകുന്തളാ:—സഖീ,യദാപ്രഭൃതി മമ ദൎശനപഥമാഗതസ്തപോവനരക്ഷിതാ സ രാജൎഷിഃ, തത ആരഭ്യ തദ്ഗതേനാഭിലാഷേണൈതദവസ്ഥാസ്മി സംവൃത്താ.

രാജാ:—(സഹൎഷം) ശ്രുതം ശ്രോതവ്യമ്.

സ്മര ഏവ താപഹേതുൎന്നിൎവ്വാപയിതാ സ ഏവ മേ ജാതഃ;
ദിവസ ഇവാഭ്രശ്യാമസ്തപാത്യയേ ജീവലോകസ്യ. 9

സഖീ, തപോവനരക്ഷിതാ=തപോവനരക്ഷിതാവായ. സഃ രാജൎഷിഃ=ആ രാജൎഷി. യദാപ്രഭൃതി=എപ്പോൾമുതൽ. മമ=എന്റെ. ദൎശനപഥം ആഗതഃ=ദൎശനപഥത്തെ ആഗതനായി (ആ രാജൎഷിയെ എപ്പോൾ ഞാൻ കണ്ടുവോ) തതഃ ആരഭ്യ=അക്കാലംതുടങ്ങി. തദ്ഗതേന=അദ്ദേഹത്തെ ഗമിച്ചതായ, അദ്ദേഹത്തെ സംബന്ധിച്ച. അഭിലാഷേണ=അഭിലാഷത്താൽ. ഏതദവസ്ഥാ=ഈ അവസ്ഥയോടു്, ഈ ദയനീയസ്ഥിതിയോടുകൂടിയവളായി. സംവൃത്താ=തീൎന്നിരിക്കുന്നു.

ശകുന്തള പറഞ്ഞതു കേട്ടതിൽ രാജാവിനുതോന്നിയ സന്തോഷം ഇന്നപ്രകാരത്തിലെന്നു വൎണ്ണിപ്പാൻ പ്രയാസം. അദ്ദേഹം പറയുകയാണു്:

ശ്രുതം ശ്രോതവ്യം=കേൾക്കേണ്ടതു കേട്ടുകഴിഞ്ഞു.

മേ=എനിക്ക്. താപഹേതുഃ=സന്താപത്തിനു്, ശകുന്തളാഗതമായ അനുരാഗപാരവശ്യത്താലും ആ പാരവശ്യം ഇതേവരെ സഫലമാകാത്തതിനാലും ഉണ്ടായിരുന്ന സന്താപത്തിനു ഹേതുവായതു്. സ്മരഃ=മന്മഥൻ(ആണ്.) നിർവ്വാപയിതാ=പരമമായ നിർവൃതി, ഈ സന്താപത്തിൽനിന്നു നേടുന്നതിനു കാരണവും. സഃ ഏവ ജാതഃ=ആ മന്മഥൻതന്നേയാണ്. ഏതുപോലെയെന്നു പറയുന്നു:—

തപാത്യയേ=തപാത്യയത്തിൽ, വേനൽക്കാലത്തിൻെറ അവസാനത്തിൽ. ഘനശ്യാമഃ=ഘനംശ്യാമമായ. (പകുതിഭാഗവും കാർമേഘങ്ങളാൽ ഇരുണ്ടിരുന്ന) ദിവസഃ=ദിവസം ജീവലോകസ്യ=ജീവലോകത്തിനു് ഏതുപ്രകാരം നിർവ്വാപയിതാവായി ഭവിക്കുന്നോ അതുപോലെ.

അലങ്കാരം—ഉപമാ.

ശകുന്തളാ:—തദ്യദി യുവയോരനുമതം തഥാ വൎത്തേഥാം യഥാ തസ്യ രാജൎഷേരനുകമ്പനീയാ ഭവാമി.

രാജാ:—സംശയച്ഛേദിവചനമ്.

പ്രിയംവദാ:—(ജനാന്തികം) അനസൂയേ, ദൂരഗതമന്മഥാ അക്ഷമേയം കാലഹരണസ്യ. യസ്മിൻ ബദ്ധഭാവൈഷാ സ ലലാമഭൂതഃ പൗരവാണാമ്. യദ്യുക്തമസ്യാ അഭിലാഷോഽഭിനന്ദിതുമ്.

അനസൂയാ:—തഥാ യഥാ ഭണസി. സഖീ, ദിഷ്ട്യാ തേഽനുരൂപോഽഭിനിവേശഃ. സാഗരം വൎജ്ജയിത്വാ കുത്ര വാ മഹാനദ്യവതരതി?

തത്=അതിനാൽ. യുവയോഃ=നിങ്ങൾ രണ്ടുപേൎക്കും. അനുമതം യദി=സമ്മതമുള്ളപക്ഷം. യഥാ=ഏതുപ്രകാരത്തിലായാൽ. തസ്യ രാജൎഷേഃ=ആ രാജൎഷിക്കു്. അനുകമ്പനീയാ ഭവാമി=ഞാൻ അനുകമ്പനീയയായി, അനുകമ്പാപാത്രമായി ഭവിക്കുമോ. തഥാ=ആപ്രകാരം. വൎത്തേഥാം=വൎത്തിക്കുവിൻ (പ്രവൎത്തിക്കണം.)

സംശയച്ഛേദി=സംശയത്തെ ഛേദിക്കുന്നതായ. വചനം=വാക്കു്.

അനസൂയേ, ദൂരഗതമന്മഥാ=ദൂരംഗതനായ മന്മഥനോടുകൂടിയവളായ. ഇയം=ഇവൾ. മന്മഥാവസ്ഥയുടെ മൂൎദ്ധന്യത്തിലെത്തിയ ഇവൾ. കാലഹരണസ്യ=കാലതാമസത്തിനു്. അക്ഷമാ=അശക്തയാണു്. യസ്മിൻ=യാതൊരാളിലാണോ ഏഷാ=ഇവൾ. ബദ്ധഭാവാ=ബദ്ധമായ ഭാവത്തോടു്, മനോഭാവത്തോടുകൂടിയിരിക്കുന്നു. സഃ=അദ്ദേഹം. പൗരവാണാം=പൂരുവംശത്തിൽ പിറന്ന രാജാക്കന്മാൎക്കു്. ലലാമഭൂതഃ=തൊടുകുറിയായ ആളാണു്. തത്=അതുകൊണ്ടു്. അസ്യാഃ=ഇവളുടെ. അഭിലാഷഃ=അഭിലാഷം. അഭിനന്ദിതും=അഭിനന്ദിക്കുന്നതിനു്. യുക്തം=യോഗ്യം തന്നെ.

യഥാ ഭണസി=എങ്ങിനെ നീ പറയുന്നുവോ. തഥാ=അതു് അങ്ങിനെതന്നെ. സഖീ (ശകുന്തളയോടു്) തേ=നിൻെറ. അഭിനിവേശം=അഭിലാഷം. ദിഷ്ട്യാ=ഭാഗ്യത്താൽ. അനുരൂപഃ=അനുരൂപംതന്നെ. സാഗരം വൎജ്ജയിത്വാ=സമുദ്രത്തെ ഉപേക്ഷിച്ചു്. മഹാനദീ=വലിയ നദി(കൾ.) കുത്ര വാ അവതരതി=എവിടെയാണു അവതരിക്കുന്നതു്? (ചെന്നു പതിക്കുന്നതു്?)

പ്രിയംവദാ:—ക ഇദാനീം സഹകാരമന്തരേണ അതിമുക്തലതാം പല്ലവിതാം ലഭതേ?

രാജാ:—കിമത്ര ചിത്രം? യദി വിശാഖേ ശശാങ്കലേഖാമനുവർത്തേതേ?

അനസൂയാ:—കഃ പുനരുപായോ ഭവേത്? യേനാവിലംബിതം നിഭൃതം ച സഖ്യാ മനോരഥം സമ്പാദയാവഃ.

പ്രിയംവദാ:—നിഭൃതം കർത്തവ്യമിതി കിമപി ചിന്താ ഭവേത്. ശീഘ്രമിതി സുകരം.

അനസൂയാ:—കഥമിവ?

ഇദാനീം=ഇപ്പോൾ സഹകാരം അന്തരേണ=സഹകാരത്തെ ഒഴിച്ച് കഃ=ആര്. (ആരാണ്) അതിമുക്തലതാം=അതിമുക്തലതയെ. പല്ലവിതാം=പല്ലവിതയായിട്ട്. ലഭതേ=ലഭിക്കുന്നത്?

ഇപ്രകാരം സഖികൾ ശകുന്തളയുടെ അഭിലാഷം അനുരൂപവരനിൽതന്നെ ചെന്നുചേർന്നുവെന്നും അതുകൊണ്ട് ഇക്കാര്യത്തിൽ ലജ്ജയ്ക്കോ സങ്കോചത്തിനോ അവകാശമില്ലെന്നും പറഞ്ഞു സഖിയെ ധൈര്യപ്പെടുത്തുകയാണ്.

വിശാഖേ=വിശാഖനക്ഷത്രങ്ങൾ (രണ്ടും) ശശാംകലേഖാം=ചന്ദ്രലേഖയെ. അനുവർത്തേതേ യദി=അനുവർത്തിക്കുന്നപക്ഷം. കിം അത്ര ചിത്രം?=ഇതിലെന്താണ് അതിശയിപ്പാനുള്ളത്?

കഃ പുനഃ=ഏതൊന്നാണ്. ഉപായഃ=ഉപായമായി. ഭവേത്=ഭവിക്കും. (ഭവിക്കുക) യേന=യാതൊന്നിലാണോ. അവിലംബിതം=വിലംബം കൂടാതെയും. (താമസമെന്യേ) നിഭൃതം ച=ഗൂഢമായും. സഖ്യാഃ=സഖിയുടെ. മനോരഥം=മനോരഥത്തെ, അഭിലാഷത്തെ. സമ്പാദയാവഃ=നമുക്കു സാധിക്കാവുന്നത്?

നിഭൃതം=ഗൂഢമായി. കർത്തവ്യം ഇതി=ചെയ്യേണ്ടതാണെന്ന്. (അതേസംബന്ധിച്ച്) കിമപി=കുറഞ്ഞൊന്ന്. ചിന്താ ഭവേത്=ചിന്തിക്കേണ്ടതായിരിക്കും ശീഘ്രം ഇതി=വേഗം എന്നത്. സുകരം=എളുപ്പമാണ്. ഇവിടെ ഗൂഢം എന്നുദ്ദേശിക്കുന്നതു ഗാന്ധർവ്വവിവാഹമായാലെന്തെന്നു വിചാരിച്ചായിരിക്കാം.

കഥമിവ=അതെങ്ങിനെ?

പ്രിയംവദാ:—നനു സ രാജർഷിരസ്യാം സ്നിഗ്ദ്ധദൃഷ്ടിസൂചിതാഭിലാഷ ഇമാനി ദിവസാനി പ്രജാഗരകൃശോ ലക്ഷ്യതേ.

രാജാ:—സത്യമിത്ഥംഭൂതോഽസ്മി. തഥാ ഹി—

ഇദമശിശിരൈരന്തസ്താപാദ്വിവർണ്ണമണീകൃതം,
നിശി നിശി ഭുജന്യസ്താപാംഗപ്രസർപ്പിഭിരശ്രുഭിഃ,
അനതിലുളിതജ്യാഘാതാംകം മുഹുർമ്മണിബന്ധനാത്
കനകവലയം സ്രസ്തം സ്രസ്തം മയാ പ്രതിസാര്യതേ. 10

സഃ രാജർഷിഃ=ആ രാജർഷി. അസ്യാം=ഇവളിൽ. സ്നിഗ്ദ്ധദൃഷ്ടിസൂചിതാഭിലാഷഃ=സ്നിഗ്ദ്ധമായ, സ്നേഹപൂർണ്ണാകുലമായ ദൃഷ്ടികളാൽ സൂചിതമായ അഭിലാഷത്തോടുകൂടിയവനായിട്ട്. ഇമാനി ദിവസാനി=ഈ ദിവസങ്ങളെ. (ദിവസങ്ങളിൽ) പ്രജാഗരകൃശഃ=പ്രകർഷേണയുള്ള ജാഗരംകൊണ്ട്, ഉറക്കമില്ലായ്കയാൽ കൃശനായി, ചടച്ചവനായി. നൂനം ലക്ഷ്യതേ=കാണാറുണ്ട്.

സത്യം=വാസ്തവമാണ്. ഇത്ഥംഭൂതഃ അസ്മി=ഞാൻ ഇങ്ങനെയായിത്തീന്നിരിക്കുന്നു. തഥാഹി=അതേ.

അന്തസ്താപാത്=അന്തസ്താപം ഹേതുവായി. നിശിനിശി=രാത്രികാലങ്ങളിൽ. ശകുന്തളയെ ആദ്യമായി കണ്ട ദിവസംതൊട്ടേ ഉള്ള എല്ലാ രാത്രികളിലും. ഭുജന്യസ്താപാംഗപ്രസപ്പിഭിഃ=ഭുജങ്ങളിൽ ന്യസ്തമായ അപാംഗങ്ങളിൽനിന്നു പ്രസപ്പത്തുകളായ, പ്രസരിക്കുന്നവയായ. അശിശിരൈഃ=അത്യുഷ്ണങ്ങളായ. അശ്രുഭിഃ=അശ്രുക്കളാൽ (കണ്ണുനീരാൽ) വിവണ്ണമണീകൃതം=വിവണ്ണമായ, വണ്ണവ്യത്യാസം സംഭവിച്ച മണികളോട്ട്. രത്നങ്ങളോടുകൂടിയതും. അനതിലുളിതജ്യാഘാതാംകം=അനതിലുളിതമായ, സ്വല്പമായ ചെസ്റ്റിട്ടില്ലാത്ത ഞാൺതഴമ്പടയാളത്തോടുകൂടിയതും ആയ. ഇദം കനകവലയം=ഈ പൊൻകാപ്പ്. മുഹുഃ=കൂടെക്കൂടെ. മണിബന്ധനാത്=മണിക്കെട്ടിൽനിന്നു. സ്രസ്തം സ്രസ്തം=ഊരിയതായി. മയാ=എന്നാൽ. പ്രതിസായ്യതേ=വീണ്ടും സ്വസ്ഥാനത്തിൽ ധരിക്കപ്പെടുന്നു.

ശകുന്തളയെ സംബന്ധിച്ച കാമതാപത്താൽ രാജാവു് ദുഃഖിച്ചു ശോഷിക്കയാൽ കൈവള അറിയാതെതന്നെ ഊരിപ്പോകുന്നുപോൽ.

പ്രിയംവദാ:—ഹലാ മദനലേഖോഽസ്യൈ ക്രിയതാമ്. തം സുമനോഗുപ്തം ദേവശേഷാപദേശേന തസ്യ രാജ്ഞോ ഹസ്തം പ്രാപയിഷ്യാമി.

അനസൂയാ—രോചതേ മേ സുകുമാരഃ പ്രയോഗഃ. കിം വാ ശകുന്തളാ ഫണതി?

ശകുന്തളാ:—കിം നിയോഗോ വാം വികല്പ്യതേ?

പ്രിയംവദാ:—തേന ഹ്യാത്മന ഉപന്യാസപൂവം ചിന്തയ കിമപി ലളിതപദബന്ധനമ്.

ശകുന്തളാ:—ഹലാ ചിന്തയാമ്യഹമ്. അവധീരണാഭീരുകം പുനവേ്പതേ മേ ഹൃദയമ്.

ഹലാ=സഖീ. അസ്യൈ=ഇവൾക്കുവേണ്ടി. മദനലേഖഃ=കാമലേഖം. ക്രിയതാം=ചെയ്യപ്പെടട്ടേ. (ഒരു കാമലേഖം എഴുതുക) തം=ആ കാമലേഖത്തെ സുമനോഗുപ്തം=സുമനസ്സുകളാൽ, പുഷ്പങ്ങളാൽ, ഗുപ്തമാക്കി=ഗോപനംചെയ്യപ്പെട്ടതാക്കി (പുഷ്പങ്ങളുടെ അടിയിൽവെച്ചുമറച്ചു) ദേവശേഷാപദേശേന=ദേവശേഷം എന്നുള്ള, 'പ്രസാദം' എന്നുള്ള അപദേശത്താൽ, വ്യാജത്താൽ. തസ്യ രാജ്ഞഃ=ആ രാജാവിൻെറ. ഹസ്തം=ഹസ്തത്തെ. പ്രാപയിഷ്യാമി=എത്തിക്കാം.

സുകുമാരഃ പ്രയോഗഃ=അസ്സലായ ഈ പ്രയോഗം. മേ രോചതേ=എനിക്കായിരുചിക്കുന്നു. (എനിക്കു പിടിച്ചു.) കിം വാ ശകുന്തളാ ഫണതി?=ശകുന്തള എന്താണാവോ പറയുന്നതു്?

വാം=നിങ്ങൾ രണ്ടുപേരുടെയും. നിയോഗഃ=നിയോഗം. കിം വികല്പ്യതേ വാ=അങ്ങിനെയല്ലെന്നു അനാദരിക്കപ്പെടുമോ?

തേന ഹി=എന്നാൽ. ആത്മനഃ ഉപന്യാസപൂവം=സ്വോപന്യാസപൂവമായി. കിമപി=എന്തെങ്കിലുമൊരു. ലളിതപദബന്ധനം=ലളിതമായ പദ്യം. ചിന്തയ=ആലോചിക്കു.

ചിന്തയാമി അഹം=ഞാൻ ആലോചിക്കുന്നു. അവധീരണാഭീരുകം=അവലേഹത്താൽ ആ ലേഖനം തള്ളപ്പെടുമോ എന്നു ഭയപ്പെടുന്ന. മേ ഹൃദയം=എൻെറ ഹൃദയം. വേപതേ=വിടയ്ക്കുന്നു.

രാജാ:—അയം സ തേ തിഷ്ഠതി സംഗമോൽസുകോ
വിശങ്കസേ ഭീരു, യതോ ƒവധീരണാം,
ലഭേത വാ പ്രാൎത്ഥയിതാ ന വാ ശ്രിയം,
ശ്രിയാ ദുരാപഃ കഥമീപ്സിതോ ഭവേത്? 11

സഖ്യൗ:—ആത്മഗുണാവമാനിനി ക ഇദാനീം ശരീരനിൎവ്വാപയിത്രീം ശാരദീം ജ്യോൽസ്നാം പടാന്തേന വാരയിഷ്യതി?

ശകുന്തളാ:—(സസ്മിതം) നിയുക്താ ഇദാനീമസ്മി.

(ഉപവിഷ്ടാ ചിന്തയതി)

ഭീരു=ഹേ ഭയശീലേ. യതഃ=യാതൊരുവനിൽനിന്നാണോ. അവധീരണാം=അവധീരണയെ, നിരസനത്തെ. വിശങ്കസേ=നീ സംശയിക്കുന്നതു്. സഃ=ആ. അയം=ഈ (ഞാൻ) തേ=നിന്റെ സംഗമോൽസുകഃ=സംഗമത്തിൽ ഉൽസുകനായി. തിഷ്ഠതി=നില്ക്കുന്നു. (നിന്റെ വിയോഗവ്യഥ അരനിമിഷംപോലും സഹിക്കാൻ അശക്തനായ ആ ഞാൻ ഇതാ വൃക്ഷാന്തരത്തിൽ മറഞ്ഞു് ലോകാഭിരാമയായ നിന്റെ മനോമോഹനശരീരവല്ലിയുടെ ഒരു സ്പൎശനസുഖം ഏല്ക്കുന്നതും കൊതിച്ചു് ഇതാ ഇവിടെ നില്ക്കുന്നു.)

പ്രാൎത്ഥയിതാ=അപേക്ഷകൻ. ശ്രിയം=ശ്രീയെ. ലഭേത വാ ന വാ=ലഭിച്ചേക്കാം; അല്ലാതെയും വരാം. ശ്രീ ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തിൽ ശ്രമിക്കുന്ന ഒരുവന്നു് അവൾ പക്ഷേ ലഭിക്കാം അല്ലെങ്കിൽ ഇല്ലെന്നുംവരാം. എന്നാൽ, ശ്രിയാ=ശ്രീയാൽ. ഈപ്സിതഃ=അഭിലഷിക്കപ്പെട്ടവൻ തയാ=അവളാൽ. ദുരാപഃ=ദുഷ്പ്രാപനായി. കഥം വാ ഭവേത്=എങ്ങിനെയാണു് ഭവിക്കുക? ശ്രീ ലഭിക്കണേ എന്നുദ്ദേശിച്ചിറങ്ങുന്നവന്നു് പക്ഷേ ലഭിക്കാം ലഭിക്കാതെയും വരാം. എന്നാൽ ശ്രീതന്നെ എനിക്കു് ഇന്ന പുരുഷനെ ലഭിക്കണമെന്നു് ആഗ്രഹിച്ചാൽ എങ്ങിനെയാണാവോ ആ പുരുഷൻ അവളുടെ കൈവശമാകാൻ പ്രയാസം!) അലങ്കാരം—ദൃഷ്ടാന്തം.

ആത്മഗുണാവമാനിനി=സ്വഗുണത്തെ സാരമില്ലെന്നു അവമാനിക്കുന്ന ഹേ സഖി! ശരീരനിൎവ്വാപയിത്രീ=ശരീരത്തിന്നു പരമസുഖംകൊടുക്കുന്ന. ശാരദീം ജ്യോൽസ്നാം=ശരത്കാലചന്ദ്രികയെ. കഃ പടാന്തേന വാരയിഷ്യതി?=ആരാണു് മുണ്ടിന്റെ തുമ്പുകൊണ്ടു് മറയ്ക്കുന്നതു്?

നിയുക്താ ഇദാനീം അസ്മി=നിങ്ങളുടെ വരുതിപോലെ.

രാജാ:—സ്ഥാനേ ഖലു വിസ്മൃതനിമേഷേണ ചക്ഷുഷാ പ്രിയാമവലോകയാമി.

ഉന്നമിതൈകഭ്രൂലതമാനനമസ്യാഃ പദാനി രചയന്ത്യാഃ
കണ്ടകിതേന പ്രഥയതി മയ്യനുരാഗം കപോലേന. 12

ശകുന്തളാ:—ഹലാ, ചിന്തിതം മയാ ഗീതവസ്തു. അസന്നിഹിതേ പുനർലേഖനസാധനേ.

പ്രിയംവദാ:—അസ്മിൻ ശുകോദരസുകുമാരേ നളിനീപത്രേ നഖൈർനിക്ഷിപ്തവർണ്ണം കുരു.

ശകുന്തളാ:—ഹലാ ശൃണുതാം താവദേതത് സംഗതാൎത്ഥം ന വേതി.

വിസ്മൃതനിമേഷേണ=നിമേഷം, ഇമവെട്ടൽ വിസ്മൃതമായിട്ടുള്ള ചക്ഷുഷാ=ചക്ഷുസ്സിനാൽ. പ്രിയാം=പ്രിയതമയെ. അവലോകയാമി=ഞാൻ നോക്കിക്കൊണ്ടിരിക്കുന്നു (എന്നതു്, സ്ഥാനേ ഖലു=യുക്തംതന്നല്ലോ.

പദാനി=കാമലേഖത്തിനു യോഗ്യതയുള്ള പദങ്ങളെ. രചയന്ത്യാഃ=രചിക്കുന്നവളായ. അസ്യാഃ=ഇവളുടെ. ഉന്നമിതൈകഭ്രൂലതം=ഉന്നമിതമായ, ഉയർത്തപ്പെട്ടതായ ഏകഭ്രൂലതയോടു്, ഒററപ്പുരികക്കൊടിയോടുകൂടിയ. ആനനം=മുഖം. കണ്ടകിതേന=രോമാഞ്ചത്തോടുകൂടിയ. (പ്രിയതമനെ നിശ്ചലമായി വിചാരിച്ചു ധ്യാനിച്ചുണ്ടായ ആനന്ദാതിരേകത്താൽ രോമാഞ്ചം) കപോലേന=കവിൾത്തടത്തിനാൽ. മയി=എന്നിൽ. അനുരാഗം=അനുരാഗത്തെ. പ്രഥയതി=വിസ്താരമാക്കിച്ചെയ്യുന്നു.

അലങ്കാരം — അനുമാനവും സ്വഭാവോക്തിയും.

സഖീ, മയാ=എന്നാൽ. ഗൃഹീതവസ്തു=ഗൃഹീതമായ വസ്തുവോടു്. (പദ്യാന്തർഗ്ഗതമാകേണ്ട ആശയത്തോടുകൂടുംവണ്ണം.) ചിന്തിതം=ചിന്തിക്കപ്പെട്ടു (എന്നാൽ) ലേഖനസാധനേ=എഴുതാനുള്ള സാധനങ്ങൾ. അസന്നിഹിതേ പുനഃ=അസന്നിഹിതങ്ങളാണല്ലോ. (ഇവിടെ എഴുത്തുസാമാനങ്ങളൊന്നുമില്ലല്ലോ.)

അസ്മിൻ=ഇൗ. ശുകോദരസുകുമാരേ=കിളിയുടെ വയറുപോലെ മനോഹരമായ. നളിനീപത്രേ=താമരയിലയിൽ. നഖൈഃ=നഖങ്ങളാൽ. നിക്ഷിപ്തവർണ്ണം കുരു=ചാർത്തപ്പെട്ട അക്ഷരങ്ങളാക്കുക.

ഏതത്=ഇതു്. സംഗതാർത്ഥം (വാ) ന വാ ഇതി=അർത്ഥമേച്ഛ്വയോടുകൂടിഇരിക്കുന്നോ എന്നു്. ശ്രൂയതാം=കേൾക്കുവിൻ.

ശകുന്തളാ:—(വാചയതി)

തവ ന ജാനേ ഹൃദയം മമ പുനർമ്മദനോ ദിവാപി രാത്രിമപി
നിർഘൃണ! തപതി ബലീയസ്ത്വയി യുക്തമനോരഥം ഹൃദയമ്. 13

രാജാ:—(സഹസോപസൃത്യ)

തപതി തനുഗാത്രി, മദനസ്ത്വാമനിശം മാം പുനർദഹത്യേവ;
ഗ്ലപയതി യഥാ ശശാങ്കം ന തഥാ ഹി കുമുദ്വതീം ദിവസഃ. 14

തവ=അങ്ങയുടെ. ഹൃദയം=ഹൃദയത്തെ. ന ജാനേ=ഞാൻ അറിയുന്നില്ല. ബലീയഃ=അതിബലവാനായ. മദനഃ=മന്മഥൻ. ത്വയി=അങ്ങിൽ. യുക്തമനോരഥം=യുക്തമായ, യോജിച്ചതായ മനോരഥത്തോടുകൂടിയ. മമ ഹൃദയം=എന്റെ ഹൃദയത്തെ. ദിവാപി രാത്രിം അപി=പകലും രായും. നിർഘൃണ=ഹേ നിർദ്ദയ. തപതി=തപിപ്പിക്കുന്നു. (അങ്ങയുടെ പ്രഥമദർശനത്തിൽ എനിക്കു് അത്യന്തം ആഹ്ലാദമേകിയ മന്മഥൻ ഇതാ ഇപ്പോൾ രാപകലില്ലാതെ എന്നെ തപിപ്പിക്കുന്നു. അങ്ങയുടെ സമാഗമം കൊതിച്ചുകൊതിച്ചു ഞാൻ അനുഭവിക്കുന്ന ഇൗ ദുരവസ്ഥ നിർദ്ദയനായ അങ്ങു് അറിയുന്നില്ല. ഇതാ അതിശക്തിയോടെ മന്മഥൻ എന്നെ തപിപ്പിച്ചുകൊണ്ടേയിരിക്കുന്നു.)

സഹസാ ഉപസൃത്യ=പെട്ടെന്നു അടുത്തുചെന്നു്. രാജാവു് — തനുഗാത്രി=ഹേ തന്വംഗി. (സ്വതേതന്നെ സ്ഥൂലത ലവലേശം ബാധിക്കാത്തതും വിശേഷിച്ചു മദനപീഡയാൽ ചടച്ചതുമായ ശരീരവല്ലിയോടുകൂടിയ അല്ലേ പ്രിയതമേ!) മദനഃ=മന്മഥൻ. ത്വാം=നിന്നെ തപതി=തപിപ്പിക്കുന്നു. മാം പുനഃ=എന്നെയാകട്ടെ (ആ മദനൻ) അനിശം=സദാപി. ദഹതി ഏവ=ദഹിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ദിവസഃ=ദിവസം. യഥാ=ഏതൊരുപ്രകാരത്തിലാണോ. ശശാങ്കം=ചന്ദ്രനെ. ഗ്ലപയതി=ക്ലാന്തിപ്പെടുത്തുന്നു. തഥാ=അതേപ്രകാരത്തിൽ. കുമുദ്വതീം=ആമ്പൽപൊയ്കയെ. നഗ്ലപയതി ഹി=ക്ലമപ്പെടുത്തുകയില്ലല്ലോ. (അല്ലേ തന്വംഗി, നിന്നെ മദനൻ തപിപ്പിക്കുന്നുണ്ടായിരിക്കാം. ഇതാ എന്നെ അവൻ അനുക്ഷണം

മോഹിപ്പിക്കയാണ്. പകലാവട്ടെ ചന്ദ്രനെ നീറമന്നപോലെ ആമ്പൽപൊയ്കയെ ദുഃഖിപ്പിക്കാറുണ്ടോ?)

സഖ്യൌ:—(സഹർഷം) സ്വാഗതം അവിലംബിനോ മനോരഥസ്യ.

(ശകുന്തളാ അഭ്യുത്ഥാതുമിച്ഛതി)

രാജാ:—അലമലമായാസേന,

സന്ദഷ്ടകുസുമശയനാന്യാശുക്ലാന്തബിസഭംഗസുരഭീണി,
ഗുരുപരിതാപാനി ന തേ ഗാത്രാണ്യുപചാരമർഹന്തി. 15

അനസൂയാ:—ഇതഃ ശിലാതലൈകദേശമലംകരോതു വയസ്യഃ.

(രാജാ ഉപവിശതി. ശകുന്തളാ, സലജ്ജാ തിഷ്ഠതി)

അവിലംബിനഃ=കാലതാമസം കൂടാതെ (വന്നുചേർന്ന) ഇങ്ങോട്ട് എഴുന്നള്ളിയ മനോരഥസ്യ=മനോരഥത്തിന്ന്. (ഞങ്ങളുടെ മനോരഥം മൂർത്തീകരിച്ചപോലെ ആഗതനായ അങ്ങേയ്ക്കു) സ്വാഗതം.

ശകുന്തളാ അഭ്യുത്ഥാതും=എഴുന്നേല്ക്കാൻ. ഇച്ഛതി=ഇച്ഛിക്കുന്നു

അലം അലം ആയാസേന=വേണ്ട വേണ്ട; ബുദ്ധിമുട്ടപ്പെടരുതേ.

സന്ദഷ്ടകുസുമശയനാനി=സന്ദഷ്ടങ്ങളായ, പററിച്ചേർന്നുകളായ കുസുമങ്ങളാകുന്ന ശയ്യയോടുകൂടിയതുകളും. ആശുക്ലാന്തബിസഭംഗസുരഭീണി=വേഗത്തിൽ വാടിയവയായ താമരത്തണ്ടിന്റെ കഷണങ്ങൾകൊണ്ട് സൌരഭ്യം വഹിക്കുന്നവയും. ഗുരുപരിതാപാനി=ഗുരുവായ, മഹത്തായ പരിതാപത്തോടുകൂടിയവയും ആയ. തേ ഗാത്രാണി=നിന്റെ ശരീരാവയവങ്ങൾ. ഉപചാരം=ഉപചാരത്തെ(സാധാരണ നിറവേററാറുള്ള ആചാരോപചാരങ്ങൾ) ന അർഹന്തി=ഇപ്പോൾ അർഹിക്കുന്നില്ല.

(വാടിയ താമരത്തണ്ടിന്റെ സൌരഭ്യം ചേർന്നവയും, ശയ്യയിൽ വിരിച്ചിരുന്ന പുഷ്പങ്ങൾ പററിയവയും, ഏററവും ദയനീയമായ സ്ഥിതിയിൽ ക്ഷീണിച്ചവയുമായ നിന്റെ ശരീരത്തിലെ അംഗങ്ങൾക്ക് ക്ലേശം തട്ടുന്നതായ യാതൊരു മാമൂൽച്ചടങ്ങുകളും നീ നിർവ്വഹിക്കുന്നതിന്ന് ഇപ്പോൾ ശക്തയല്ല.)

ഇതഃ ശിലാതലൈകദേശം=ഇവിടെ ശിലാതലത്തിന്റെ ഒരററം. വയസ്യഃ=സഖാവ്. അലങ്കരോതു=അലങ്കരിച്ചാലും. രാജാവിനെ 'സഖാവ്' എന്നു സംബോധന ചെയ്യുന്നതു് രസകരമാണ്.

പ്രിയംവദാ:—വയസ്യ, ദ്വയോർവാമന്യോന്യാനുരാഗഃ പ്രത്യക്ഷഃ. തഥാപി സഖീസ്നേഹോ മാം പുനരുക്തവാദിനീം കരോതി.

രാജാ:—ഭദ്രേ! നൈവ തത് പരിഹാര്യമ്.

പ്രിയംവദാ:—ആപന്നസ്യ വിഷയവാസിനോ ജനസ്യാർത്തിഹരേണ രാജ്ഞാ ഭവിതവ്യമിതി നന്വേഷ വോ ധർമ്മഃ?

രാജാ:—നാസ്മാത് പരമ്.

പ്രിയംവദാ:—തേന ഹിയം നൌ സഖീ ത്വാമേവോദ്ദിശ്യ ഇമമവസ്ഥാന്തരം ഭഗവതാ മദനേനാരോപിതാ. തദർഹത്യഭ്യുപപത്യാ ജീവിതമസ്യാ അവലംബിതുമ്.

വയസ്യ=സഖാവേ! വാം ഉഭയോഃ=നിങ്ങൾ രണ്ടുപേക്കും. അന്യോന്യാനുരാഗഃ=അന്യോന്യാനുരാഗം പ്രത്യക്ഷഃ=പ്രത്യക്ഷമായിട്ടുള്ളതാണ്. തഥാപി=എന്നാലും. സഖീസ്നേഹഃ=എന്റെ സഖിയോടുള്ള സ്നേഹം. മാം=എന്നെ. പുനരുക്തവാദിനീം=വീണ്ടും എടുത്തുപറയുന്നവളാക്കി. കരോതി=ചെയ്യുന്നു.

ഭദ്ര, ഏതത്=ഇതു്. ന പരിഹാര്യം=പരിഹരിക്കത്തക്കതല്ല. (ഇതു തടുക്കാവുന്നതല്ല.)

വിഷയവാസിനഃ=വിഷയങ്ങളിൽ, രാജ്യത്തിന്റെ വാസിയായിരിക്കുന്ന (രാജ്യത്തിൽ നിവസിക്കുന്ന) ആപന്നസ്യ ജനസ്യ=ആപത്തുവന്നിരിക്കുന്ന ഒരാളിന്നും. രാജ്ഞാ =രാജാവിനാൽ. ആർത്തിഹരേണ=ആർത്തിഹാരിയായി. ഭവിതവ്യം=ഭവിക്കപ്പെടണം. ഇതി=എന്നും നനു ഏഷഃ വഃ ധർമ്മഃ=ഇതു നിങ്ങളുടെ ധർമ്മമാണല്ലോ.

അസ്മാത്=ഇതിൽനിന്നു. പരം=അന്യമായി. ന=മറെറാന്നില്ല

തേന=അങ്ങിനെയാണെങ്കിൽ. നൌ=ഞങ്ങളുടെ. ഇയം സഖീ=ഈ സഖി താം ഏവ ഉദ്ദിശ്യ=അങ്ങയെത്തന്നെ ഉദ്ദേശിച്ചു്. ഇമം അവസ്ഥാന്തരം=ഈ അവസ്ഥാന്തരത്തെ, സ്ഥിതിവ്യത്യാസത്തെ. ഭഗവതാ മദനേന=ഭഗവാനായ മന്മഥനാൽ. ആരോപിതാ=ആരോപിക്കപ്പെട്ടവളായിരിക്കുന്നു. തത്=അതുകൊണ്ടു്. അഭ്യുപപത്ത്യാ=അഭ്യുപപത്തിയാൽ, എന്തെങ്കിലും യുക്തിപ്രകാരത്താൽ. അസ്യാഃ=ഇവളുടെ ജീവിതം=ജീവിതത്തെ. അവലംബിതും=അവലംബിക്കുന്നതിന്നു്. അർഹതി=അങ്ങു് അർഹനാകുന്നു.

രാജാ:—ഭദ്രേ, സാധാരണോയം പ്രണയഃ; സർവ്വഥാ അനുഗൃഹീതോഽസ്മി.

ശകുന്തളാ:—(പ്രിയംവദാം വിലോക്യ) ഹലാ, അലമന്തഃപുരവിരഹപര്യുത്സുകസ്യ രാജർഷേരുപരോധേന.

രാജാ:— ഇദമനന്യപരായണമന്യഥാ
ഹൃദയസന്നിഹിതേ ഹൃദയം മമ
യദി സമർത്ഥയസേ മദിരേക്ഷണേ
മദനബാണഹതോഽപി ഹതഃ പുനഃ. 16

ഭദ്രേ=അല്ലയോ ഭദ്രേ. അയം പ്രണയഃ=ഈ പ്രണയം. സാധാരണഃ=ഞങ്ങൾ രണ്ടുപേക്കും തുല്യമാണു്. (ആയതിനാൽ വിശേഷിച്ചു് ഇക്കാര്യത്തിൽ ഞാൻ ഇന്നതു ചെയ്യണമെന്നു് യാതൊന്നും അപേക്ഷിക്കേണ്ട ആവശ്യമില്ല.) സർവ്വഥാ=എല്ലാ പ്രകാരത്തിലും. അനുഗൃഹീതഃ അസ്മി=ഞാൻ അനുഗൃഹീതനായിരിക്കുന്നു.

പ്രിയംവദാം വിലോക്യ=പ്രിയംവദയെ നോക്കി. ഹലാ=സഖീ. അന്തഃപുരവിരഹപര്യുത്സുകസ്യ=അന്തഃപുരസ്ത്രീകളുമായുള്ള വിരഹത്താൽ ക്ലേശിക്കുന്ന. രാജർഷേഃ=രാജർഷിക്കു്. ഉപരോധേന അലം=തടസ്സമായി തീർന്നതുമതി. (ഇദ്ദേഹം അന്തഃപുരസ്ത്രീജനങ്ങളിൽ ദത്തപ്രണയനാണു്. അങ്ങിനെയുള്ള അദ്ദേഹത്തെ ഒരു വെറും താപസികന്യകയുടെ പ്രണയകഥ പറഞ്ഞു് നീ എന്തിനാണു മുഷിപ്പിക്കുന്നതു് എന്നു് സാരം.) രാജാവിന്റെ ഹൃദയം ശകുന്തളയിൽത്തന്നെ പ്രണയപരവശമാണോ എന്നു് അറിവാൻ സ്ത്രീജനസാധാരണമായ പ്രണയകലഹപാടവത്തോടെ നായിക സഖിയെ ശാസിക്കയായിരുന്നു. ഇതുകേട്ടു രാജാവാകട്ടെ പറയുന്നു: —

ഹൃദയസന്നിഹിതേ=ഹൃദയത്തിൽ നല്ലപോലെ ചേക്കപ്പെട്ട. ഹേ മദിരേക്ഷണേ!=അല്ലയോ മദിരേക്ഷണേ. അനന്യപരായണം=അന്യപരായണമല്ലാത്ത (മറെറാരു സ്ത്രീയേയുംപററിത്തന്നെ തെല്ലുമ വിചാരംപോലുമില്ലാത്ത) ഇദം മമ ഹൃദയം=ഈ എന്റെ ഹൃദയത്തെ യദി അന്യഥാ സമർത്ഥയസേ=നീ മറെറാരുപ്രകാരത്തിൽ ശങ്കിക്കുന്നപക്ഷം. മദനബാണഹതഃ അപി=ഞാൻ മന്മഥബാണങ്ങളാൽ ഒരിക്കൽ കൊല്ലപ്പെട്ടവനായിരിക്കുന്നു എങ്കിലും. പുനഃ=വീണ്ടും. ഹതഃ=ഇതാ കൊല്ലപ്പെടുന്നു. [illegible] പററി ചിന്തിക്കാതെ നിന്നെ

തന്നെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന എന്നെ നീ മറെറാരുപ്രകാരം വിചാരിക്കുന്നപക്ഷം ഇതാ മന്മഥാസ്ത്രങ്ങളാൽ ഹതനായ ഞാൻ വീണ്ടും ഹതനാകുന്നു.)

അനസൂയാ:—വയസ്യ, ബഹുവല്ലഭാ രാജാനശ്ശ്രൂയന്തേ. യഥാ നൌ പ്രിയസഖീ ബന്ധുജനശോചനീയാ ന ഭവതി, തഥാ നിവ്വഹ.

രാജാ:—ഭദ്രേ! കിം ബഹുനാ?

പരിഗ്രഹബഹുത്വേഽപി ദ്വേ പ്രതിഷ്ഠേ കുലസ്യ മേ,
സമുദ്രവസനാ ചോവ്വീ സഖീ ച യുവയോരിയമ്. 17

ഉഭേ:—നിർവൃതേ സ്വഃ.

വയസ്യ=സഖേ. രാജാനഃ=രാജാക്കന്മാർ. ബഹുവല്ലഭാഃ=ബഹുഭാൎയ്യമാരോടുകൂടിയവരായി. ശ്രൂയന്തേ=കേൾക്കപ്പെടുന്നു. (രാജാക്കന്മാർ അനേകം ഭാൎയ്യമാരോടുകൂടിയവരാണു എന്നു ഞങ്ങൾ കേട്ടിട്ടുണ്ട്.)

യഥാ=ഏതുപ്രകാരത്തിലായാൽ. നൌ=ഞങ്ങളുടെ. പ്രിയസഖീ=പ്രിയസഖി. ബന്ധുജനശോചനീയാ=ബന്ധുജനങ്ങൾക്ക്, അവളുടെ ഇഷ്ടബന്ധുക്കൾക്ക് ശോചനീയയായി, ദയനീയയായി. ന ഭവതി=ഭവിക്കയില്ലയോ. തഥാ=അപ്രകാരത്തിലൊക്കെ. നിവ്വഹ=നിവ്വഹിക്കണേ. (ഏതു വിധത്തിലായാൽ ഇവളെപ്പററി ബന്ധുക്കൾക്കു യാതൊരു ക്ലേശവും തോന്നാതെയിരിക്കുമോ, ഏതുപ്രകാരത്തിലായാൽ അനുരൂപനായ വരനോടുകൂടി രാജ്ഞീപദപ്രൌഢിയിൽ ശകുന്തള താമസിക്കുന്നുവെന്നു അവളുടെ ബന്ധുക്കൾക്കു വിചാരിച്ചു ആശ്വാസപ്പെടാനും ആഹ്ലാദിപ്പാനും തരമാകുമോ ആ വിധത്തിൽ ഇവളെ വല്ലഭയായി സ്വീകരിച്ചാലും.)

ഭദ്രേ കിം ബഹുനാ?=ഞാൻ വളരെയൊക്കെപ്പറയുന്നതെന്തിനു?

പരിഗ്രഹബഹുത്വേ അപി=അനേകം പരിഗ്രഹങ്ങൾ (ദാരങ്ങൾ) ഉണ്ടായിരുന്നാലും. മേ=എന്റെ. കുലസ്യ=കുലത്തിന്നു. പ്രതിഷ്ഠേ=പ്രതിഷ്ഠകൾ. ദ്വേ=രണ്ടാണു. (എനിക്കു അനേകം ഭാൎയ്യമാരുണ്ടായിരിക്കാം. പക്ഷേ അവയിലൊക്കെവെച്ചു എന്റെ കുലപ്രതിഷ്ഠകളായി കരുതുന്നതു താഴെ പറയുന്നവരെയാണു.)

ഒന്നു, സമുദ്രവസനാ ഉവ്വീ=സമുദ്രമാകുന്ന വസ്ത്രത്തോടുകൂടിയ ഭൂമി (സമുദ്രം ഭൂമിയെ ചുററിക്കിടക്കുന്നല്ലോ. രണ്ടാമത്തതു, യുവയോഃ=നിങ്ങളുടെ. ഇയം സഖീ ച=ഇൗ സഖിയും.

നിർവൃതേ സ്വഃ=ഞങ്ങൾക്കു പരമസന്തോഷമായി.

പ്രിയംവദാ:—(സദൃഷ്ടിക്ഷേപം)യഥൈഷ ഇതസ്തതോ ദത്തദൃഷ്ടിരുത്സുകോ മൃഗപോതഃ മാതരമന്വിച്ഛതി. ഏഹി സംയോജയാവ ഏനമ്.

(ഉഭേ പ്രസ്ഥിതേ)

ശകുന്തളാ:—ഹലാ, അശരണാസ്മി. അന്യതരാ വാം ഗച്ഛതു.

ഉഭേ:—പൃഥിവ്യാശ്ശരണം സ തവ സമീപേ.

(നിഷ്ക്രാന്തേ)

ശകുന്തളാ:—ഹം ഗതേ ഏവ?

സദൃഷ്ടിക്ഷേപം=ദൃഷ്ടിക്ഷേപത്തോടുകൂടി, പൊയ്ക്കളയാം എന്നു കണ്ണുകൊണ്ടു് നിർദ്ദേശിച്ച്.

ഔചിത്യബോധവതികളിൽ അഗ്രേസരയായ പ്രിയംവദ ഈ അവസരത്തിൽ സഖി അനസൂയയുമൊന്നിച്ച് അവിടെനിന്നു മറഞ്ഞു. ശേഷം രംഗം നായികാനായകന്മാർക്കായി ഒഴിച്ചുകൊടുക്കുന്നതിനു ഒരു യുക്തി കണ്ടുപിടിക്കുന്നു.

ഏഷഃ മൃഗപോതഃ=ഈ മാൻകിടാവു്. ഇതസ്തതഃ=അവിടെയുമിവിടെയും. ദത്തദൃഷ്ടിഃ=ദത്തദൃഷ്ടിയായി, നോക്കുന്നതായി. മാതരം=അമ്മയെ. അന്വിച്ഛതി=അന്വേഷിക്കുന്നു. (മാൻകുഞ്ഞിനു പാലു കുടിക്കുന്നതിനായി അതു് അതിന്റെ തള്ളയെ അവിടെയുമിവിടെയും നോക്കുന്നു.)

ഏഹി=വരൂ. ഏനം=ഇവനെ. സംയോജയാവഃ=അതിന്റെ തള്ളയുടെ അടുക്കൽ കൊണ്ടുചെന്നുവിടാം.

ഉഭേ=രണ്ടുപേരും. പ്രസ്ഥിതേ=പുറപ്പെട്ടു.

സഖിമാർ പോകാൻ ആരംഭിക്കയും നായകൻ അടുത്തുനില്ക്കയും ചെയ്യുന്നതു കണ്ടു ഭയലജ്ജാദികളാൽ ആക്രമിക്കപ്പെട്ട ശകുന്തള പറകയാണു്:—

ഹലാ=സഖിമാരേ. അശരണാ അസ്മി=ഞാൻ അശരണയായി തീർന്നിരിക്കുന്നു. എനിക്കിവിടെ ആരാണൊരു തുണ? വാം അന്യതരാ=നിങ്ങളിൽ ആരെങ്കിലും ഒരാൾ. ഗച്ഛതു=പോകുക. (ഒരാൾ ഇവിടെത്തന്നെ നിൽക്കുക.)

തവ സമീപേ=നിന്റെ അടുത്തു്. പൃഥിവ്യാഃ ശരണം=ഭൂമിക്കു ശരണമായ. സഃ=അദ്ദേഹം (അല്ലേ നില്ക്കുന്നതു? ഹം ഗതേ ഏവ=അല്ല പൊയ്ക്കളഞ്ഞോ?

രാജാ:—അലമാവേഗേന; നന്വയമാരാധയിതാ ജനസ്തവ സമീപേ വർത്തതേ,

കിം ശീതലൈഃ ക്ലമവിനോദിഭിരാർദ്രവാതാൻ
സഞ്ചാരയാമി നളിനീദലതാലവൃന്തൈഃ?
അങ്കേ നിധായ കരഭോരു! യഥാസുഖം തേ
സംവാഹയാമി ചരണാവുത പത്മതാമ്രൗ? 18

ശകുന്തളാ:—ന മാനനീയേഷ്വാത്മാനമപരാധയിഷ്യാമി.

(ഉത്ഥായ ഗന്തുമിച്ഛതി)

അലം ആവേഗേന=പരിഭ്രമിക്കേണ്ട. ആരാധയിതാ ജനഃ=ആരാധന ചെയ്വാൻ തയാറുള്ള ആൾ - ശുശ്രൂഷചെയ്വാൻ തയാറുള്ള ആൾ. സമീപേ വർത്തതേ=അടുത്തുതന്നെ ഉണ്ടു്.

ശീതലൈഃ=ശീതളങ്ങളും. ക്ലമവിനോദിഭിഃ=സന്താപഹരങ്ങളുമായ. നളിനീദലതാലവൃന്തൈഃ=താമരയിലകളെന്ന താലവൃന്തങ്ങളാൽ. ആർദ്രവാതാൻ=നനവോടുകൂടിയ കാററിനെ. കിം സഞ്ചാരയാമി=ഞാൻ നിന്റെ തനുവല്ലിയിൽ ഏല്പിച്ചുസുഖിപ്പിക്കട്ടേ? ഉത=അതല്ലാപക്ഷം. ഹേ കരഭോരു!=കരഭംപോലെ, മണിബന്ധംതൊട്ടു് ചെറുവിരലററംവരെയുള്ള കൈത്തലാഗ്രംപോലെ മൃദുമിനുസമായ തുടകളോടുകൂടിയ അല്ലേ സുന്ദരി! പത്മതാമ്രൗ=ചെന്താമരപോലെ, ഇളംചുവപ്പുനിറമുള്ള. ചരണൗ=നിന്റെ പാദങ്ങളെ. അങ്കേ നിധായ=മടിമേൽവെച്ച്. യഥാസുഖം=സുഖമാകുംവണ്ണം. സംവാഹയാമി കിം=സംവാഹനചെയ്യട്ടേ, തലോടട്ടേ!

മാനനീയേഷു=മാന്യന്മാരായുള്ളവരിൽ (മാന്യന്മാരെ സംബന്ധിച്ച കാര്യങ്ങളിൽ) ആത്മാനം=തന്നെ (എന്നെ) ന അപരാധയിഷ്യാമി=അപരാധിയാക്കിത്തീർക്കാൻ എനിക്കു ആഗ്രഹമില്ല.

(എഴുന്നേററുപോകാൻ ആഗ്രഹിക്കുന്നു.)

രാജാ:—സുന്ദരി! അപരിനിർവ്വാണോ ദിവസഃ. ഇയം ച തേ സമവസ്ഥാ.

ഉത്സൃജ്യ കുസുമശയനം നളിനീദലകല്പിതസ്തനാവരണാ
കഥമാതപേ ഗമിഷ്യസി പരിബാധാപേലവൈരംഗൈഃ? 19

(ബലാദേനാം നിവർത്തയതി)

ശകുന്തളാ:—പൗരവ, രക്ഷ വിനയം; മദനപ്രതപ്താപി ഖലു നാത്മനഃ പ്രഭവാമി.

സുന്ദരി, ദിവസഃ=ദിവസം. അപരിനിർവ്വാണഃ=അപ്രശാന്തമായ താപത്തോടുകൂടിയതായിരിക്കുന്നു. (ഇനിയും വെയിൽ ആറിട്ടില്ല) തേ=നിന്റെ സമവസ്ഥാ=അവസ്ഥ, സ്ഥിതി (ശരീരസ്ഥിതി) ഇയം ച=ഇതാണുതാനും.

നളിനീദലകല്പിതസ്തനാവരണാ=നളിനീദലംകൊണ്ടു്, താമരയിലകൊണ്ടു് കല്പിതമായ സ്തനാവരണത്തോടുകൂടിയ (നീ) പരിബാധാപേലവൈഃ=പരിബാധയാൽ. പരിതഃ=ചുററും. ബാധയാൽ, കൊടുംവേനലാൽ പേലവങ്ങളായ, ദുർബ്ബലങ്ങളായ അംഗങ്ങളോടുംകൂടെ. കുസുമശയനം=കുസുമശയനത്തെ. ഉത്സൃജ്യ=ഉപേക്ഷിച്ചു്. ആതപേ=(ഈ) വെയിലിൽ. കഥം ഗമിഷ്യസി?=എങ്ങിനെയാണു പോകുന്നതു്? നിസർഗ്ഗമേ സുകുമാരകോമളമായ ശരീരവല്ലിയോടുകൂടിയിരിക്കുന്നു. എന്നാലോ വേനലോ? അതു കഠിനം. ആ സ്ഥിതിക്കു് ഇപ്പോൾ പോകുന്നതിനു ഒരുങ്ങുന്നതു സാഹസമാണു്. നിന്റെ സഖികൾ കണ്ടാൽ ഇതു് ഒരിക്കലും സമ്മതിക്കയില്ല. അതുകൊണ്ടു പോകരുതേ. ഇവിടെ അല്പം കൂടെ ഇരുന്നു വിശ്രമിച്ചു സുഖിക്കു.)

ബലാത്=ബലാല്ക്കാരമായി. ഏനാം=ഇവളെ. നിവർത്തയന്തി=തടയുന്നു.

പൗരവ=ഹേ പുരുവംശസംഭവനായ മഹാനുഭാവ! വിനയം രക്ഷ=വിനയത്തെ രക്ഷിക്കണേ. മദനപ്രതപ്താ അപി=മദനനാൽ ഞാൻ പീഡിതതന്നെയെങ്കിലും. ആത്മനഃ ന പ്രഭവാമി=സ്വാതന്ത്ര്യശീലമുള്ളവളല്ല. (ഞാൻ യഥേഷ്ടം എന്തും ചെയ്യുന്നതിന്നു ശക്തിയുള്ളവളല്ല. അതുകൊണ്ടു വിട്ടയയ്ക്കണം; പോകട്ടെ.)

രാജാ:—ഭീരു, അലം ഗുരുജനഭയേന. ദൃഷ്ട്വാ ന തേ ഗൃഹീതധർമ്മസ്തത്രഭവാനത്ര ദോഷം ഗ്രഹീഷ്യതി കുലപതിഃ. അപി ച,

ഗാന്ധർവ്വേണ വിവാഹേന ബഹ്വ്യോ രാജർഷികന്യകാഃ
ശ്രൂയന്തേ പരിണീതാസ്താഃ പിതൃഭിശ്ചാഭിനന്ദിതാഃ. 20

ശകുന്തളാ:—അയി മുഞ്ച താവത്. ഭൂയോऽപി സഖീജനമാനയിഷ്യാമി.

ഭീരുഃ=ഹേ ഭയശീലേ! ഗുരുജനഭയേന അലം=ഗുരുജനങ്ങൾ നിന്നെ അപരാധിയാക്കുമല്ലോ എന്നു ഭയപ്പെട്ടതുമതി. ദൃഷ്ട്വാ=ദിവ്യചക്ഷുസ്സിനാൽ അറിഞ്ഞിട്ടു്. ഗൃഹീതധർമ്മഃ=ധർമ്മജ്ഞനായ. തത്രഭവാൻ കുലപതിഃ=ഭഗവാൻ കണ്വൻ. അത്ര=ഇക്കാര്യത്തിൽ (നമ്മുടെ ഗാന്ധർവ്വവിവാഹകാര്യത്തിൽ) ദോഷം ന ഗ്രഹീഷ്യതി=ദോഷത്തെ ഗ്രഹിക്കയില്ല. (നിന്റെ ഈ സമാഗമത്തിൽ യാതൊരു കുററവും കാണുകയില്ല.)

ഗാന്ധർവ്വേണ വിവാഹേന=ഗാന്ധർവ്വവിവാഹത്താൽ (വിവാഹം എട്ടുവിധം. അവയാകട്ടെ, ബ്രാഹ്മം, പ്രാജാപത്യം, ദൈവം, ആർഷം, ആസുരം, രാക്ഷസം, ഗാന്ധർവ്വം, പൈശാചം എന്നു് എട്ടാണു്. അവയിൽ ഗാന്ധർവ്വമെന്നതു് സ്വയം അനുരക്തയായ കാമിനിയെ സ്വയം അനുരക്തനായ കാമുകൻ രഹസ്യമായി സ്വീകരിക്കുകയെന്നതാണു്.) ബഹ്വ്യഃ രാജർഷികന്യകാഃ=അനേകം രാജർഷികന്യകമാർ. പരിണീതാഃ=പരിണീതകളായി. ശ്രൂയന്തേ=കേൾക്കപ്പെടുന്നുണ്ടു്. (അവർ) പിതൃഭിഃ=പിതാക്കളാൽ. അഭിനന്ദിതാഃ ച=അഭിനന്ദിതകളുമാണു്. (അവരുടെ പിതാക്കന്മാർ യാതൊരു കുറവും ആ കന്യകകളിൽ ഗാന്ധർവ്വവിവാഹംസംബന്ധിച്ചു ചുമത്തിയിട്ടില്ല)

അയി=അല്ലേ. മുഞ്ച താവതു്=വിടണം. ഭൂയഃ അപി=ഒരിക്കൽകൂടി. സഖീജനം അനുനയിഷ്യാമി=സഖീജനങ്ങളുടെ അനുമതി വരുത്തിക്കൊള്ളട്ടെ (പിതാവു് ഇല്ലാത്തസ്ഥിതിക്കു് സഖികളുടെ അനുവാദമെങ്കിലും ചോദിച്ചുകൊള്ളട്ടെ.) ശകുന്തള ലജ്ജിതയാകയാൽ അവിടംവിട്ടുപോകാൻ ഉദ്യമിക്കുന്നതല്ലാതെ പരമാർത്ഥം മറ്റൊന്നല്ല.

രാജാ:—ഭവതി മോക്ഷ്യാമി.

ശകുന്തളാ:—കദാ?

രാജാ:— അപരിക്ഷതകോമളസ്യ യാവത്
കുസുമസ്യേവ നവേന ഷട്പദേന,
അധരസ്യ പിപാസതാ മയാ തേ
സദയം സുന്ദരി! ഗൃഹ്യതേ രസോഽസ്യ. 21

(മുഖമസ്യാഃ സമുന്നമയിതുമിച്ഛതി; ശകുന്തളാ പരിഹരതി നാട്യേന)

ഭവതി, മോക്ഷ്യാമി=വിട്ടയയ്ക്കാമല്ലോ

കദാ=എപ്പോൾ?

സുന്ദരി=അല്ലയോ പരമസുന്ദരീരത്നമേ! അപരിക്ഷതകോമളസ്യ=അപരിക്ഷതമായി, അല്പമായ ഒരു പോറൽപോലും പറ്റാത്തതായും മൃദുകോമളമായും ഇരിക്കുന്ന. കുസുമസ്യ=കുസുമത്തിന്റെ. രസഃ=രസം. നവേന ഷട്പദേന ഇവ=നവമായ ഷട്പദത്താൽ എന്നപോലെ. അപരിക്ഷതകോമളസ്യ=ദന്തക്ഷതാദികളാൽ ശോഭയ്ക്കു് യാതൊരു വൈകല്യശകലംപോലും തട്ടിയിട്ടില്ലാതെ. കുസുമസ്യ ഇവ=കുസുമത്തിന്റെപോലെയിരിക്കുന്ന. തേ=നിന്റെ. അസ്യ അധരസ്യ=ഈ അധരത്തിന്റെ. രസഃ=രസം. പിപാസതാ=പാനംചെയ്യാൻ ഏറ്റവും ആഗ്രഹത്തോടുകൂടിയ. മയാ=എന്നാൽ. യാവത് ഗൃഹ്യതേ=ആസ്വാദനീയമാകുന്നതോടുകൂടി. മോക്ഷ്യാമി=ഞാൻ നിന്നെ വിട്ടയയ്ക്കാം. (നവകുസുമമോഹനമായ നിന്റെ ഈ അധരം അത്യാർത്തനായ ഞാൻ ഒന്നു പാനംചെയ്തു ആസ്വാദിച്ചശേഷം നിന്നെ ഇതാ ഇപ്പോൾതന്നെ വിട്ടയച്ചേക്കാം.)

അലങ്കാരം—ശ്ലേഷവും കാവ്യലിംഗവും.

അസ്യാഃ=ഇവളുടെ. മുഖം=മുഖത്തെ. സമുന്നമയിതും=പൊക്കുന്നതിനു്. ഇച്ഛതി=ഇച്ഛിക്കുന്നു. ശകുന്തളാ=ശകുന്തള. നാട്യേന=നാട്യത്താൽ. പരിഹരതി=തടുക്കുന്നു.

(ഈ ശൃംഗാരരസപരിപൂർത്തിക്കു് പോഷകമാകാവുന്ന ഒരു വിപ്രലംഭതാപം അടുത്തതായി ഉണ്ടാകാൻപോകുന്നു. സഖിമാർ ഗൗതമിയുടെ വരവു സൂചിപ്പിക്കുന്നു:—)

(നൈപഥ്യേ)

ചക്രവാകവധൂകേ, ആമന്ത്രയസ്വ സഹചരം. ഉപസ്ഥിതാ രജനീ.

ശകുന്തളാ:—(കണ്ഠം ദത്വാ) പൗരവ, അസംശയം മമ ശരീരവൃത്താന്തോപലംഭായാര്യാ ഗൗതമീത ഏവാഗച്ഛതി; തദ്വിടപാന്തരിതോ ഭവ.

(തതഃ പ്രവിശതി പാത്രഹസ്താ താപസീ സഖ്യൗ ച)

സഖ്യൗ:—ഇത ആര്യാ ഗൗതമീ!

ഗൗതമീ:—ജാതേ! അപി ലഘുസന്താപാനി തേ അംഗാനി?

ശകുന്തളാ:—അസ്തി മേ വിശേഷഃ.

ചക്രവാകവധൂഃ=അല്ലയോ ചക്രവാകവധുവേ. സഹചരം ആമന്ത്രയസ്വ=സഹചരനുമായി വേർപിരിയാൻ ആലോചിച്ചുകൊള്ളു. രജനീ=രാത്രി. ഉപസ്ഥിതാ=ഇതാ അടുത്തുവരുന്നു (ഗൗതമി വരുന്നതിനാൽ, നായികാനായകന്മാർ കാമാസക്തചിത്തരായി നില്ക്കുന്നപക്ഷം വേഗം പിരിഞ്ഞുകൊള്ളണം എന്നു ധ്വനിസവിശേഷം പ്രകാശിക്കുന്ന ഈ വാചകം ശകുന്തളയെ ഉദ്ദേശിച്ചായിരുന്നു.)

പൗരവ, മമ=എന്റെ. ശരീരവൃത്താന്തോപലംഭായ=ശരീരവൃത്താന്തത്തിന്റെ ഉപലംഭത്തിനായി അറിവിന്നായി (ശരീരസ്ഥിതി എങ്ങിനെ ഇരിക്കുന്നുവെന്നറിവാൻ) ആര്യാഗൗതമീ=ഗൗതമി. ഇതഃ ഏവ=ഇങ്ങോട്ടുതന്നെ. ആഗച്ഛതി=വരുന്നു. അസംശയം=സംശയമില്ല. തത്=അതുകൊണ്ട്. വിടപാന്തരിതഃ=വിടപങ്ങളിൽ, വൃക്ഷങ്ങളിൽ അന്തരിതനായി=മറഞ്ഞവനായി. ഭവ=ഭവിക്കുക.

(താപസിയും സഖിമാരും പ്രവേശിക്കുന്നു)

ജാതേ=കുഞ്ഞേ! തേ അംഗാനി=നിന്റെ അവയവങ്ങൾ (ശരീരം) അപി ലഘുസന്താപാനി=ക്ഷീണക്കുറവോടുകൂടിയതുതന്നെയോ? (നിന്റെ ക്ഷീണത്തിനു കുറവുണ്ടോ?)

അസ്തി മേ വിശേഷഃ=ഭേദമുണ്ട്.

ഈ ഉത്തരം സാഭിപ്രായമായിരുന്നു. ശിശിരോപചാരവിധികൾകൊണ്ടും വിശിഷ്യ സ്വകാമുകനുമായി അഭിമുഖസംഭാഷണം ലഭിച്ചതിനാലും ശകുന്തള തെളിഞ്ഞിരിക്കയാണ്.

താപസീ:—അമുനാ ശാന്തിദർഭോദകേന നിരാബാധമേവ തേ ശരീരം ഭവിഷ്യതി. (ശിരസി ശകുന്തളാമഭ്യുക്ഷ്യ) വത്സേ, പരിണതോ ദിവസഃ; ഏഹ്യുടജം ഗച്ഛാമഃ. (പ്രസ്ഥിതാ)

ശകുന്തളാ:—(സ്വഗതമ്) ഹൃദയ, പ്രഥമമേവ സുഖോപനതേ മനോരഥേ കാതരഭാവം ന മുഞ്ചസി, സാനുശയവിഘടിതസ്യ കഥം തേ സമ്പ്രതി? ലതാഗൃഹ, സന്താപഹാരക, ആമന്ത്രയേ ത്വാം ഭൂയോഽപി പരിഭോഗായ.

(ദുഃഖേന ശകുന്തളാ നിഷ്ക്രാന്താ സഹേതരാഭിഃ)

അമുനാ ശാന്തിദർഭോദകേന=ഈ ശാന്തിദർഭോദകത്താൽ, ശാന്തിമന്ത്രം ജപിച്ചു പവിത്രമായിട്ടുള്ള ഈ ജലത്താൽ. തേ=നിന്റെ ശരീരം. നിരാബാധം ഏവ ഭവിഷ്യതി=സകല ചടവുകളുംവിട്ടു നല്ലപോലെ തെളിയും.

ശിരസി=ശിരസ്സിൽ. ശകുന്തളാം=ശകുന്തളയെ. അഭ്യുക്ഷ്യ=തളിച്ചിട്ട്.

വത്സേ=കുഞ്ഞേ! ദിവസഃ പരിണതഃ=ദിവസം അവസാനിക്കാറായി. (നേരം സന്ധ്യയാകാറായി) ഏഹി=വരൂ ഉടജം ഗച്ഛാമഃ=ആശ്രമത്തിലേയ്ക്കു പോകാം. ശകുന്തളയ്ക്കു് ആ രംഗം വിടാൻ തീരെ മനസ്സില്ല.

ഹൃദയ!=അല്ലയോ ഹൃദയമേ! മനോരഥേ=നീ ഉദ്ദേശിക്കുന്ന അഭിലാഷം. സുഖോപനതേ=വളരെ സൗകര്യമായി സാധിപ്പാൻ തരംവന്നപ്പോൾ. കാതരഭാവം=ഭീരുതയെ. ന മുഞ്ചസി=നീ വിട്ടില്ല സാനുശയവിഘടിതസ്യ=അനുശയത്തോടും, പശ്ചാത്താപത്തോടും വിഘടിതത്വത്തോടും, വ്യാകുലതയോടും കൂടിയിരിക്കുന്ന (നിനക്കു്) കഥം സംപ്രതി=ഇനി എന്താണു്?

സന്താപഹാരക=സന്താപഹാരിയായ ലതാഗൃഹ=അല്ലയോ ലതാഗൃഹമേ. ഭൂയഃ അപി=വീണ്ടും. പരിഭോഗായ=സുഖാനുഭൂതിക്കായി. ആമന്ത്രയേ=യാത്ര ചോദിക്കുന്നു. താമസിയാതെ കാണാം. ഈ വാചകം രാജപക്ഷത്തിലുള്ള ധ്വനിയാണു്.

ഇതരാഭിഃ സഹ=മററുള്ളവരോടുകൂടി. നിഷ്ക്രാന്താ=പോയി.

രാജാ:—(പൂർവസ്ഥാനമുപേത്യ സനിശ്വാസം) അഹോ, വിഘ്നവത്യഃ പ്രാർത്ഥിതാർത്ഥസിദ്ധയഃ. മയാ ഹി—

മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമമ്
മുഖമംസവിവർത്തി പക്ഷ്മലാക്ഷ്യാഃ
കഥമപ്യുന്നമിതം, ന ചുംബിതം തത്. 22

ക്വ നു ഖലു സമ്പ്രതി ഗച്ഛാമി? അഥവാ ഇഹൈവ പ്രിയാപരിഭുക്തമുക്തേ ലതാവലയേ മുഹൂർത്തം സ്ഥാസ്യാമി.

(സർവതോ വിലോക്യ)

പൂർവസ്ഥാനം ഉപേത്യ=മുമ്പിലത്തെ സ്ഥാനത്തിൽ എത്തി. സനിശ്വാസം=ദീർഘശ്വാസത്തോടുകൂടി.

അഹോ=കഷ്ടം. പ്രാർത്ഥിതാർത്ഥസിദ്ധയഃ=ഉദ്ദേശിച്ചിരിക്കുന്ന കാര്യസിദ്ധികൾ. വിഘ്നവത്യഃ=വിഘ്നങ്ങളോടുകൂടിയവയാണു്. മയാ ഹി=എന്നാലാകട്ടെ. (ഞാൻ ആകട്ടെ.)

മുഹുരംഗുലിസംവൃതാധരോഷ്ഠം=മുഹുഃ അംഗുലികളാൽ, കൂടെക്കൂടെ അഥവാ ഇടവിട്ടിടവിട്ടു് വിരലുകളാൽ സംവൃതമായി, മറയ്ക്കപ്പെട്ടതായ അധരോഷ്ഠങ്ങളോടുകൂടിയതും. (ദുഷ്ഷന്തൻ അധരചുംബനത്തിന്നു് ഒരുങ്ങുന്നു. ശകുന്തള വിരൽകൊണ്ടു മറയ്ക്കുന്നു. വിരലുകൾ അകററി വീണ്ടും ഒരുങ്ങുന്നു. വീണ്ടും മറയ്ക്കുന്നു. ഇങ്ങിനെ മറയ്ക്കപ്പെട്ട അധരോഷ്ഠങ്ങളോടുകൂടിയതും) പ്രതിഷേധാക്ഷരവിക്ലബാഭിരാമം=പ്രതിഷേധാക്ഷരങ്ങളുടെ, അരുതേ ങ്ഹ, ങ്ഹു, അരുതേ, എന്നുള്ള അക്ഷരങ്ങളാൽ വിക്ലബവും, അല്പമൊന്നു തളൎന്നതും എന്നാൽ അഭിരാമവും ആയ. പക്ഷ്മലാക്ഷ്യാഃ അംസവിവർത്തിമുഖം=പക്ഷ്മലാക്ഷിയുടെ അംസങ്ങളിലേയ്ക്കു വിവർത്തിയായ മുഖം. കഥമപി=ഒരുവിധത്തിലൊക്കെ ഉന്നമിതം=പിടിച്ചുപൊക്കി (ഒന്നു പിടിച്ചുയർത്തുന്നതിനു സാധിച്ചു പക്ഷേ,) ന ചുംബിതം തത്=അതു ചുംബിതമായില്ല. ആ വദനകമലത്തിൽ ഒന്നു ചുംബനം ചെയ്യുന്നതിനു സാധിച്ചില്ല.

ക്വ നു ഖലു സമ്പ്രതി ഗച്ഛാമി?=ഇനിയിപ്പോൾ എങ്ങോട്ടാണു പോകുന്നതു്? അഥവാ പ്രിയാപരിഭുക്തമുക്തേ ഇഹ ഏവ ലതാവലയേ മുഹൂർത്തം സ്ഥാസ്യാമി=പ്രിയ അനുഭവിച്ചതിനുശേഷം വിട്ടുപോയ ഈ ലതാവലയത്തിൽ തന്നെ അല്പനേരം നിൽക്കാം.

തസ്യാഃ പുഷ്പമയീ ശരീരലുളിതാ ശയ്യാ ശിലായാമിയം
ക്ലാന്തോ മന്മഥലേഖ ഏഷ നളിനീപത്രേ നഖൈരർപ്പിതഃ
ഹസ്താദ് ഭ്രഷ്ടമിദം വിസാഭരണമിത്യാസജ്യമാനേക്ഷണോ
നിർഗ്ഗന്തും സഹസാ ന വേതസ്ഗൃഹാച്ഛക്നോമി ശൂന്യാദപി.

തസ്യാഃ=അവളുടെ. ശരീരലുളിതാ=ശരീരംകൊണ്ട്, ശരീരപരിവർത്തനംകൊണ്ടു ലുളിതയായ, പർയ്യാകുലീകൃതമായി. ശിലായാം=ശിലയിൽ. ഇയം പുഷ്പമയീ ശയ്യാ=ഇതാ പുഷ്പമയമായ ശയ്യ കാണുന്നു

നളിനീപത്രേ=താമരയിലയിൽ. നഖൈഃ=നഖങ്ങളാൽ. അർപ്പിതഃ=ചാർത്തപ്പെട്ടതായ. ക്ലാന്തഃ ഏഷഃ മന്മഥലേഖഃ=ക്ഷീണിച്ച മന്മഥലേഖം ഇതാ.

ഹസ്താത്=ഹസ്തത്തിൽനിന്നു. ഭ്രഷ്ട=ഭ്രംശിച്ചതായ വിസാഭരണം=താമരവലയംകൊണ്ടുള്ള ആഭരണം. ഇദം=ഇതാ കാണാകുന്നു.

ഇതി=ഇങ്ങനെ. ആസജ്യമാനേക്ഷണഃ=ആസജ്യമാനങ്ങളായ, ക്രമെക്കൂടെ മുൻപറഞ്ഞവയിലൊക്കെയായി തറച്ചിരിക്കുന്ന നേത്രങ്ങളോടുകൂടിയവനായ ഞാൻ. ശൂന്യാത് അപി=ശൂന്യമാണെങ്കിലും (പ്രിയതമയുടെ സാന്നിദ്ധ്യംകൊണ്ടുകൂടെ മനോഹരമാക്കപ്പെടുന്നതല്ല എങ്കിലും) ഈ, വേതസഗൃഹാത്=വള്ളിക്കുടിലിൽനിന്നു്. സഹസാ ഗന്തും=പെട്ടെന്നു് ഉപേക്ഷിച്ചുപോകുന്നതിന്നു്. ന ശക്നോമി=ഞാൻ കെല്പുള്ളവനായിരിക്കുന്നില്ല.

ശകുന്തള ശയിച്ചതായ സ്ഥലത്തോടുള്ള ഒരു പ്രത്യേകബഹുമതിയാൽ ആ സ്ഥലത്തിലെ സാധനങ്ങളെ ഓരോന്നായി കണ്ടു്, തൽക്ഷണം തന്നെ ഉപേക്ഷിച്ചുപോയ ആ പ്രിയതമയുടെ സാന്നിദ്ധ്യം രാജാവു് മനസ്സിൽ ഭാവനയാൽ പ്രത്യക്ഷമാക്കി സുഖിക്കുന്നതിനാൽ ആ ലതാഗൃഹം പെട്ടെന്നു വിട്ടുപോകുന്നതിന്നു സാധിക്കാത്തതു കേവലം സ്വാഭാവികമായിരിക്കുന്നു.

അലങ്കാരം - വിശേഷോക്തി, കാവ്യലിങ്ഗം.

(ആകാശേ)

രാജൻ,
സായന്തനേ സവനകർമ്മണി സംപ്രവൃത്തേ
വേദിം ഹുതാശനവതീം പരിതഃ പ്രവൃത്താഃ
ഛായാശ്ചരന്തി ബഹുധാ ഭയമാദധാനാഃ
സന്ധ്യാപയോദകപിശാഃ പിശിതാശനാനാം. 24

രാജാ:—അയമയമാഗച്ഛാമി. (ഇതി നിഷ്ക്രാന്തഃ)

രാജൻ=അല്ലയോ രാജാവേ (മുനിശിഷ്യന്മാർ പറയുന്നു.)

സായന്തനേ സവനകർമ്മണി=വൈയ്യുന്നേരം ചെയ്യേണ്ടതായ യാഗകർമ്മം. സംപ്രവൃത്തേ=പ്രവർത്തിതമായിരിക്കവേ (അങ്ങു് ഉണ്ടെന്നുള്ള ധൈര്യത്തോടുകൂടി സന്ധ്യായാഗകർമ്മനിർവ്വഹണത്തിന്നായി ഇവിടെ ഋത്വിക്കുകൾ കർമ്മം ആരംഭിക്കെ) ഹുതാശനവതീം=അഗ്നിയോടുകൂടിയ. വേദിം പരിതഃ പ്രവൃത്താഃ=വേദിക്കുചുററും എത്തിയിരിക്കുന്ന പിശിതാശനാനാം=മാംസഭുക്കുകളുടെ (രാക്ഷസന്മാരുടെ) സന്ധ്യാപയോദകപിശാഃ=സന്ധ്യാപയോദങ്ങൾപോലെ, സന്ധ്യാമേഘങ്ങൾപോലെ കപിശങ്ങളായ=ചുവപ്പുനിറം കലൎന്നവയായ. ഛായാഃ=നിഴലുകൾ. ഭയം ആദധാനാഃ=ഞങ്ങൾക്കു ഭയമുണ്ടാക്കുന്നവയായി. ബഹുധാ ചരന്തി=വളരെ ഇതാ അങ്ങുമിങ്ങും സഞ്ചരിക്കുന്നു.

അയം അയം ആഗച്ഛാമി=ഇതിതാ ഞാൻ വന്നു കഴിഞ്ഞു.

(ഇതി നിഷ്ക്രാന്തഃ=എന്നു പോയി.)

# ചതുൎത്ഥാങ്കഃ

(തതഃ പ്രവിശതി കുസുമാപചയമഭിനയന്ത്യൌ സഖ്യൌ)

ഏകാ:—ഹലാ പ്രിയംവദേ, യദ്യപി ഗാന്ധൎവ്വേണ വിവാഹവിധിനാ നിവൃത്തകല്യാണാ ശകുന്തളാ അനുരൂപഭൎത്തൃഗാമിനീ സംവൃത്തേതി നിൎവൃതം മേ ഹൃദയം, തഥാപ്യേതാവച്ചിന്തനീയമ്.

പ്രിയംവദാ:—അനസൂയേ, കഥമിവ?

ദുഷ്ഷന്തമഹാരാജാവുമായി ഗാന്ധൎവ്വവിവാഹം കഴിഞ്ഞ സ്വസഖിയായ ശകുന്തളയോടുള്ള സ്നേഹാധിക്യംനിമിത്തം അവളുടെ യോഗക്ഷേമങ്ങളെപ്പററി പൎയ്യാലോചിക്കുന്നവരായ പ്രിയംവദയും അനസൂയയും പ്രവേശിക്കുന്നു.

കുസുമാപചയം=കുസുമത്തിൻെറ അപചയം. അപചയം=ഇറുത്തു ശേഖരിപ്പ്. അഭിനയന്ത്യൌ=അഭിനയിക്കുന്നവരായ സഖ്യൌ=സഖിമാർ.

ഗാന്ധൎവ്വേണ വിവാഹവിധിനാ=ഗാന്ധൎവ്വമായ, ദമ്പതിമാരുടെ പരസ്പരാനുരാഗാതിപ്രസരത്താൽ രഹസ്യമായി നടത്തിയ വിവാഹവിധികൊണ്ടു്. ശകുന്തളാ=ശകുന്തള. നിവൃത്തകല്യാണാഅനുരൂപഭൎത്തൃഗാമിനീ സംവൃത്താ=നിവൃത്തമായ നിവൎത്തിച്ചതായ കല്യാണത്തോടു്. വിവാഹമംഗളത്തോടുകൂടിയവളായി, അനുരൂപനായ ഭൎത്താവിനെ ഗമിച്ചവളായി (പ്രാപിച്ചവളായി) ഭവിക്കുന്നു എന്നതിനാൽ. യദ്യപി മേ ഹൃദയം നിൎവൃതം=എൻെറ ഹൃദയം നിൎവൃതമാണെങ്കിലും, പരമസമാധാനത്തോടുകൂടിയതാണെങ്കിലും. തഥാപി= സംസ്കൃതരീതിയനുസരിച്ചു്) എന്നാലും. ഏതാവത്=ഇത്രയും. ചിന്തനീയം=ആലോചിക്കേണ്ടതായിട്ടുണ്ടു. (ആലോചിക്കേണ്ട സംഗതി അടുത്തതായി പ്രസ്താവിപ്പാൻ പോകുന്നു.)

പ്രിയംവദയോളംതന്നെ ലോകകാൎയ്യങ്ങളിൽ പ്രാഗത്ഭ്യമില്ലാത്ത അനസൂയ ചോദിക്കയാണു്:—

കഥമിവ?=എന്താണു് എന്താണു്. നീ ആലോചിപ്പാനുണ്ടെന്നു പറഞ്ഞതു് എന്താണു്?

അനസൂയാ:—അദ്യ സ രാജൎഷിരിഷ്ടിം പരിസമാപ്യ ഋഷിഭിൎവ്വിസൎജിതഃ ആത്മനോ നഗരമുപവിശ്യാന്തഃപുരസമാഗത ഇതോ ഗതം സ്മരതി വാ ന വേതി.

പ്രിയംവദാ:—വിസ്രബ്ധാ ഭവ. ന താദൃശാ ഗുണവിരോധിന ആകൃതിവിശേഷാ ഭവന്തി. കിന്തു, താത ഇദാനീമേതം വൃത്താന്തം ശ്രുത്വാ ന ജാനേ കിം പ്രതിപത്സ്യതീതി.

അദ്യ=ഇന്നു് ('അജ്ജ' എന്നു പാഠഭേദം. അതനുസരിച്ചു്, ആൎയ്യഃ=ആ ആൎയ്യൻ എന്നൎത്ഥം.)

സഃ രാജൎഷിഃ=ആ രാജൎഷി. ഇഷ്ടിം പരിസമാപ്യ=യാഗത്തെ പരിസമാപിച്ചു്. ഋഷിഭിഃ=ഋഷികളാൽ. വിസൎജിതഃ=വിസൎജ്ജിതനായി. (മോചനദാന

മേററവനായി) സ്വന്തരാജ്യത്തിലേയ്ക്കു പൊയ്ക്കൊള്ളുവാൻ അനുമതി ലഭിച്ചവനായി. ആത്മനഃ=തന്റെ. നഗരം ഉപവിശ്യ=നഗരത്തെ ഉപവേശിച്ചു് (നഗരത്തിൽ ചെന്നെത്തി, അന്തഃപുരസമാഗതഃ=അന്തഃപുരത്തിൽ സമാഗതനായി ഇരിക്കയാണല്ലോ. ഈ അവസരത്തിൽ) ഇതോ ഗതം=ഇവിടെ നടന്നതു്. സ്മരതി വാ ന വാ (സ്മരതി) ഇതി=സ്മരിക്കുന്നുണ്ടോ അഥവാ ഇല്ലയോ എന്നു്. (എനിക്കു സംശയമായിരിക്കുന്നു.) അനസൂയ മുമ്പു സൂചിപ്പിച്ച ആലോചനയാണു് ഈവിധം പ്രകാശിതമായിരിക്കുന്നതു്. അതിലേയ്ക്കു പ്രിയംവദ മതിയായ സമാധാനം പറയുന്നു—

വിസ്രബ്ധാ ഭവ=വിസ്രബ്ധയായി ഭവിക്കുക, വിശ്വാസമുള്ളവളായിരിക്കുക. (സമാധാനപ്പെട്ടിരിക്കുക) താദൃശാഃ=അപ്രകാരമുള്ള. ആകൃതിവിശേഷാഃ=ആകൃതിവിശേഷങ്ങൾ (സാമുദ്രികശാസ്ത്രമനുസരിച്ചു് ഉത്തമപുരുഷലക്ഷണത്തോടുകൂടിയ അമ്മാതിരി ആകൃതിവിശേഷങ്ങൾ.) ഗുണവിരോധിനഃ=സത്ഗുണങ്ങൾക്കു വിരോധികളായിട്ടു്. ന ഭവന്തി=ഭവിക്കുന്നില്ല. കിന്തു=പിന്നെയോ? എന്നാൽ (എന്റെ സംശയമാകട്ടെ) ഇദാനീം=ഇപ്പോൾ താതഃ=താതകാശ്യപൻ. ഏതം വൃത്താന്തം ശ്രുത്വാ=ഈ ഗാന്ധർവ്വവിവാഹവാർത്ത കേട്ടു്. കിം പ്രതിപത്സ്യതി ഇതി=എന്താണു് കല്പിക്കാൻ പോകുന്നതെന്നു്. ന ജാനേ=എനിക്കറിഞ്ഞുകൂടാ. (എന്റെ ആലോചന മുഴുവൻ അതുസംബന്ധിച്ചേ ഉള്ളു.)

അനസൂയാ:—യഥാ ഽഹം പശ്യാമി തഥാ താതസ്യാനുമതമ്.

പ്രിയംവദാ:—കഥമിവ?

അനസൂയാ:—ഗുണവതേ കന്യകാ പ്രതിപാദിനീയേതി അയം താവത്താതസ്യ പ്രഥമസ്സങ്കല്പഃ. തദ്യദി ദൈവമേവ സമ്പാദയതി, നന്വപ്രയാസേന കൃതാർത്ഥോ ഗുരുജനഃ.

പ്രിയംവദാ:—ഏവമേതത്. (പുഷ്പഭാജനം വിലോക്യ) സഖീ, അപചിതാനി ബലികർമ്മപര്യാപ്താനി കുസുമാനി.

അനസൂയാ:—നനു ശകുന്തളായാസ്സൗഭാഗ്യദേവതാ ഽർച്ചനീയാ?

പ്രിയംവദാ:—യുജ്യതേ.

(തദേവ കർമ്മാരഭതേ)

യഥാ അഹം പശ്യാമി=ഞാൻ എങ്ങനെ കാണുന്നുവോ (വിചാരിക്കുന്നുവോ.) തഥാ താതസ്യ അനുമതം=അങ്ങിനെതന്നെയാണു് താതന്റെയും അനുമതം.

കഥമിവ=എങ്ങിനെ? (നീ എന്തു വിചാരിക്കുന്നു?) ഗുണവതേ=ഗുണവാനായി, സൽഗുണസമ്പന്നനായി. കന്യകാപ്രതിപാദനീയാ=കന്യക പ്രതിപാദനീയയാണു്. (കൊടുക്കപ്പെടേണ്ടതാണു്.) ഇതി അയം=എന്നിങ്ങനെ ഇതു്. താതസ്യ=താതന്റെ. പ്രഥമഃ സങ്കല്പഃ താവത്=ഒന്നാമത്തെ സങ്കല്പമാണല്ലോ. തത്=ആ സങ്കല്പാനുസാരിയായ ഫലം യദി ദൈവം ഏവ സമ്പാദയതി=ദൈവം (ദിഷ്ടം അഥവാ ഭാഗ്യം) തന്നെ സമ്പാദിക്കുന്ന പക്ഷം, ഭാഗ്യവശാൽ അതുപോലെതന്നെ സംഭവിക്കുന്നപക്ഷം. അപ്രയാസേന=പ്രയാസംകൂടാതെതന്നെ. ഗുരുജനഃ=ഗുരുജനം. നനു കൃതാർത്ഥഃ=കൃതാർത്ഥനാകുന്നതല്ലേ?

ഏതത് ഏവം=അതങ്ങിനെതന്നെ. (പുഷ്പഭാജനം=പൂപ്പാത്രം. വിലോക്യ=നോക്കി) സഖി, ബലികർമ്മപര്യാപ്താനി=ബലികർമ്മത്തിനു പര്യാപ്തങ്ങളായ. കുസുമാനി=കുസുമങ്ങൾ. അപചിതാനി=അപചിതങ്ങളായി.

നനു ശകുന്തളായാഃ സൌഭാഗ്യദേവതാ അർച്ചനീയാ?=(നമുക്കു്) ശകുന്തളയുടെ സൌഭാഗ്യദേവതയെ അർച്ചിക്കണ്ടേ?

യുജ്യതേ=യോജിക്കുന്നു. (ശരിതന്നെ.)

(നൈപഥ്യേ):— അയമഹം ഭോഃ!

അനസൂയാ:—അതിഥീനാമിവ നിവേദിതമ്.

പ്രിയംവദാ:—നനൂടജസന്നിഹിതാ ശകുന്തളാ? അദ്യ പുനർഹൃദയേ നാസന്നിഹിതാ.

അനസൂയാ:—ഭവതു, അലമേതാവദ്ഭിഃ കുസുമൈഃ.

(പ്രസ്ഥിതേ.)

ഈ നാടകകഥയിൽ അതിപ്രാധാന്യം അർഹിക്കുന്ന ഒരു സംഭവത്തിന്റെ ആരംഭമാണ് അടുത്തതായി കാണുന്നത്. ശകുന്തളയെ രാജാവ് വിസ്മരിച്ചുപോകുന്നതിന് ഇടയാക്കിയ ദുർവാസസ്സിന്റെ ശാപം എന്ന കാരണം സമ്പാദിപ്പാനായി കവി ഇവിടെ ദുർവാസസ്സ്മഹർഷിയെ അവതരിപ്പിച്ചിരിക്കുന്നു.

അയം അഹം ഭോഃ=ഏയ്! ഇതാ ഞാൻ ഇവിടെ (എത്തിയിരിക്കുന്നു.)

കണ്വാശ്രമത്തിൽ എത്തിയതിനുശേഷവും അതിഥിസൽക്കാരത്തിനായി ആരേയും കാണാതെ ദുർവാസസ്സ്മഹർഷി വളരെ കുപിതനായിട്ടുണ്ടെന്ന് ഈ വാക്യഖണ്ഡം നമ്മെ ധരിപ്പിക്കുന്നു. ഈ വാക്യംകേട്ട് അനസൂയ പറയുന്നു —

അതിഥീനാം ഇവ നിവേദിതം=അതിഥികളുടെപോലിരിക്കുന്നു ഈ നിവേദനം (ഈ അറിയിപ്പ്.)

നനു ശകുന്തളാ ഉടജസന്നിഹിതാ=അല്ല ശകുന്തളയില്ലേ ഉടജത്തിൽ? സൽക്കരിപ്പാൻ ശകുന്തളയുള്ളതുകൊണ്ട് അതിഥിസ്വീകരണം വഴിപോലെ നടത്തുമല്ലോ എന്നു താല്പര്യം.)

അദ്യ പുനഃ=ഇപ്പോഴാകട്ടെ. ഹൃദയേന=ഹൃദയംകൊണ്ട്. അസന്നിഹിതാ=അസന്നിഹിതയുമാണ്. (അവൾ ഉടജത്തിൽ ഉണ്ടെങ്കിലും അവളുടെ ഹൃദയം അവിടെ കാണ്മാനിടയില്ല തന്റെ പ്രിയതമനെത്തന്നെ ആലോചിച്ച് ശൂന്യഹൃദയയായിപ്പോയിരിക്കുമെന്ന് ഗ്രഹിക്കണം.) (ഈ വാക്യം അനസൂയ പറഞ്ഞതായി പാഠഭേദമുണ്ട്.)

ഭവതു=ആട്ടെ ഏതാവദ്ഭിഃ കുസുമൈഃ അലം=ഇത്രയും കുസുമം മതിയാകും പ്രസ്ഥിതേ=രണ്ടുപേരും പുറപ്പെടുന്നു.

പുനർനേപഥ്യേ:—ആഃ അതിഥിപരിഭാവിനി!

വിചിന്തയന്തീ യമനന്യമാനസാ
തപോധനം വേത്സി ന മാമുപസ്ഥിതമ്
സ്മരിഷ്യതി ത്വാം ന സ ബോധിതോഽപി സൻ
കഥാം പ്രമത്തഃ പ്രഥമം കൃതാമിവ. 1

ആഃ=കോപസ്വരദ്യോതകമായ ശബ്ദവിശേഷം.) അതിഥിപരിഭാവിനി=അതിഥികളിൽ പരിഭവം കാണിക്കുന്നവളേ!. അതിഥികളോട് അനാദരവ് കാണിക്കുന്നവളേ, (എന്നോടു കാണിച്ച ആദരവില്ലായ്മയുടെ ഫലം നീ അനുഭവിക്കുമെന്ന് ഓർമ്മിച്ചുകൊള്ളുക എന്നു സാരം.)

യം=യാതൊരുത്തനെയാണോ (നീ) അനന്യമാനസാ=അന്യവിഷയങ്ങളിൽ പ്രവൃത്തിക്കാത്ത മനോവ്യാപാരത്തോടുകൂടിയവളായിട്ട് വിചിന്തയന്തീ=വിവിധമായി ചിന്തിക്കുന്നവളായി. ഉപസ്ഥിതം=അടുത്തുവന്നിരിക്കുന്ന മാം=എന്നെ. തപോധനം ന വേത്സി=തപോധനനായി അറിയുന്നില്ലയോ. സഃ=അവൻ (നിന്നാൽ ഇങ്ങനെ വിചാരിക്കപ്പെടുന്ന ആ ആൾ) പ്രമത്തഃ=ഇളകിയവൻ, അസ്വാധീനപ്പെട്ടവൻ. പ്രഥമം=ആദ്യമായി. കൃതാം=ചെയ്യപ്പെട്ട. കഥാം ഇവ=കഥയെ എന്നപോലെ. ബോധിതഃ അപി=ബോധിക്കപ്പെട്ടവനായാലുംകൂടെ (നീ വിവരമൊക്കെ അറിയിച്ചാലുംകൂടെ.) ത്വാം=നിന്നെ. ന സ്മരിഷ്യതി=ഓർമ്മിക്കാതെ പോകട്ടെ.

അലങ്കാരം—കാവ്യലിംഗം.

ദുഷ്ഷന്തൻ കാരണമൊന്നുംകൂടാതെ ശകുന്തളയെ വിസ്മരിച്ചുപോയി എന്നുള്ള പൌരാണികകഥാഭാഗത്തിന് രസഭംഗിയില്ലാത്തതിനാൽ അദ്ദേഹത്തിന്റെ മറവിക്ക് കാരണമുണ്ടായി എന്നു കാണിക്കുന്ന ഈ ശാപം കാളിദാസമഹാകവിയുടെ കഥാഘടനാസംബന്ധമായ സ്വകപോലകല്പിതപ്രഭാവത്തെ ദ്യോതിപ്പിക്കുന്നു. മേൽ അഞ്ചാമങ്കത്തിൽ നടപ്പാൻപോകുന്ന സംഭവങ്ങൾക്ക് ഈ ശാപം ഒരു ബീജമായിരിക്കുന്നതുമാണ്.

പ്രിയംവദാ:—ഹാ ധിക്! തദേവ സംവൃത്തമ്. കസ്മിന്നപി പൂജാർഹേ അപരാദ്ധാ ശകുന്തളാ ശൂന്യഹൃദയാ. ന ഖലു യസ്മിൻ കസ്മിന്നപി. ഏഷ ദുർവാസാസ്സുലഭകോപോ മഹർഷിസ്തഥാ ശപ്ത്വാ ചടുലോത്ഫുല്ലദുർവാരയാ ഗത്യാ സന്നിവൃത്തഃ. കോന്യോ ഹുതവഹാത് ദഗ്ധും പ്രഭവിഷ്യതി?

അനസൂയാ:—ഗച്ഛ പാദയോഃ പ്രണമ്യ നിവർത്തയൈനമ്. യാവദർഘോദകമുപകല്പയാമി.

പ്രിയംവദാ:—തഥാ. (നിഷ്ക്രാന്താ)

ഹാ ധിക്=ഹാ! കഷ്ടം.

തത് ഏവ സംവൃത്തം=അതുതന്നെ വന്നുചേർന്നു (ആ ഉദ്ദേശിച്ച അബദ്ധംതന്നെ പിണഞ്ഞു.) ശൂന്യഹൃദയാ=ശൂന്യഹൃദയയായ. ശകുന്തളാ=ശകുന്തള. കസ്മിൻ അപി പൂജാർഹേ=ഏതോ പൂജാർഹനായ (ആളിൽ) അപരാദ്ധാ=അപരാധയായി, അപരാധംചെയ്തവളായി. (വന്ദ്യന്മാരായ ആരെയോ അവൾ അതിഥിസൽക്കാരനിർവ്വഹണത്തിന് ഒരുങ്ങാതെ അനാദരിച്ചിരിക്കും.)

ന ഖലു യസ്മിൻ കസ്മിൻ അപി=മറ്റേതെങ്കിലും ഒരുവനിൽ എന്നല്ല.

സുലഭകോപഃ=സുലഭകോപനായ. എളുപ്പം കോപംവരുന്നവനായ. ഏഷഃ ദുർവാസാഃ മഹർഷിഃ=ഈ ദുർവാസസ്സ് മഹർഷി. തഥാ=അപ്രകാരം. ശപ്ത്വാ=ശപിച്ചു. ചടുലോത്ഫുല്ലദുർവാരയാ=ചടുലയായും അതിവേഗത്താൽ എളുപ്പമെളുപ്പം നിവർത്തിപ്പിക്കുന്നതായും. ഉത്ഫുല്ലമായും=വികസിച്ചതായും, നിലത്തു പതിപ്പിച്ചതായും, ദുർവാരയായും=തടുക്കപ്പെടുവാൻ പാടില്ലാത്തതായുമുള്ള. ഗത്യാ=ഗതിയോടു്. സന്നിവൃത്തഃ=ഇതാ മടങ്ങുന്നു.

ഹുതവഹാത് അന്യഃ കഃ=ഹുതവാഹനിൽനിന്ന്, അഗ്നിയിൽനിന്ന് അന്യനായ ആരാണ്. ദഗ്ധും പ്രഭവിഷ്യതി=ദഹിപ്പിക്കുന്നതിന് സമർത്ഥനാകുന്നതു്?

ഗച്ഛ=പോവുക. പാദയോഃ പ്രണമ്യ=പാദങ്ങളിൽ നമസ്കരിച്ച്. ഏനം നിവർത്തയ=ഇദ്ദേഹത്തെ നിവർത്തിപ്പിക്കുക. അർഘോദകം യാവത് ഉപകല്പയാമി=ഞാൻ പൂജാപുഷ്പവും ജലവും തയ്യാർചെയ്യട്ടെ.

അനസൂയാ:—(പദാന്തരേ സ്ഖലിതം നിരൂപ്യ)

അഹോ! ആവേഗസ്ഖലിതയാഃ പ്രഭ്രഷ്ടം മേ അഗ്രഹസ്താത് പുഷ്പഭാജനമ്.

(പ്രവിശ്യ)

പ്രിയംവദാ:—സഖീ, പ്രകൃതിവക്രഃ കസ്യ സോഽനുനയം പ്രതിഗൃഹ്ണാതി? കിഞ്ചിത് പുനഃ സാനുക്രോശോ മയാ കൃതഃ.

അനസൂയാ:—തസ്മിൻ ബഹുതരം തദപി കഥയ.

പ്രിയംവദാ:—യദാനുനീതോ നിവത്തിതും നേച്ഛതി തദാ വിജ്ഞാപിതോ മയാ:—“ഭഗവൻ, പ്രഥമഭക്തിം പ്രേക്ഷ്യാവിജ്ഞാതപരമാത്ഥസ്യ ദുഹിതൃജനസ്യ മർഷിതവ്യ ഏകോऽപരാധ” ഇതി.

അനസൂയാ:—തതസ്തതഃ.

പദാന്തരേ=കാലിൽ (പോകുന്നവഴിയിൽ) സ്ഖലിതം=ഇടറി വീഴുക (എന്നതു്) നിരൂപ്യ=നടിച്ചു്.

അഹോ!=അയ്യോ! ആവേഗസ്ഖലിതയാഃ=ആവേഗംകൊണ്ടു്, പരിഭ്രമംകൊണ്ടു് സ്ഖലിച്ച, കാലിടറിപ്പോയ. മേ=എന്റെ. അഗ്രഹസ്താത്=കൈയിലുനിന്നും. പുഷ്പഭാജനം പ്രഭ്രഷ്ടം=പുഷ്പപാത്രം (പൂക്കൂട) (ഇതാ) വീണുപോയല്ലോ.

സഖി, പ്രകൃതിവക്രഃ=പ്രകൃത്യാ കുടിലനായ (അദ്ദേഹം) കസ്യ അനുനയം പ്രതിഗൃഹ്ണാതി=ആരുടെ സമാധാനവാക്കാണു് സ്വീകരിക്കുന്നതു്? മയാ പുനഃ=എന്നാൽ ആകട്ടെ. കിഞ്ചിത് സാനുക്രോശഃ കൃതഃ=അദ്ദേഹം ഒരല്പം ദയാലുവാക്കിച്ചെയ്യപ്പെട്ടു. (അദ്ദേഹത്തെ ഒരല്പം ദയാലുവാക്കുന്നതിനു് എനിക്കു സാധിച്ചു.)

തസ്മിൻ=അദ്ദേഹത്തിൽ. തദപി=അതുതന്നെയും. ബഹുതരം=വളരെ വലിയ കാൎയ്യമാണു്. കഥയ=പറയൂ.

യദാ=എപ്പോഴാണോ. നിവത്തിതും അനുനീതഃ ന ഇച്ഛതി=തിരിയെ വരാൻ മനസ്സുകാണിച്ചില്ല. (അപ്പോൾ) മയാ വിജ്ഞാപിതഃ=എന്നാൽ വിജ്ഞാപിതനായി. (ഇങ്ങനെ—ഭഗവൻ, പ്രഥമഭക്തിം പ്രേക്ഷ്യ=മുമ്പിൽ പ്രകാശിപ്പിച്ചിട്ടുള്ള ഭക്തിയെ കണ്ടു് (ഓത്തു്) അവിജ്ഞാതപരമാത്ഥസ്യ=പരമാത്ഥസ്ഥിതി ഗ്രഹിക്കാത്ത. ദുഹിതൃജനസ്യ=പുത്രിയുടെ. ഏകഃ അപരാധഃ=ഒരു അപരാധം. മർഷിതവ്യഃ=ക്ഷമിക്കപ്പെടാവുന്നതാകണേ.

പ്രിയംവദാ:—തതോ, മേ വചനം അന്യഥാ ഭവിതും നാഹതി. കിന്തു, “അഭിജ്ഞാനാഭരണദശ്നേന ശാപോ നിവത്തിഷ്യതേ ഇതി മന്ത്രയന്നേവ അന്തഹിതഃ.

അനസൂയാ:—ശക്യമിദാനീമാശ്വസിതുമ്. അസ്തി തേന രാജഷിണാ സംപ്രസ്ഥിതേന സ്വനാമധേയാങ്കിതം അംഗുലീയകം സ്മരണീയമിതി സ്വയം പിനദ്ധമ്. തസ്മിൻ സ്വാധീന ഉപായോ ഭവിഷ്യതി.

പ്രിയംവദാ:—ഏഹി, ദേവകാൎയ്യം നിവത്തയാവഃ.

(പരിക്രാമതഃ)

തതഃ=പിന്നീടു് (അദ്ദേഹം പറഞ്ഞതെന്തെന്നാൽ) മേ വചനം=എന്റെവാക്കു്. അന്യഥാ ഭവിതും=മറെറാരുപ്രകാരത്തിലാകുന്നതിനു്. ന അർഹതി=അർഹിക്കുന്നില്ല.

കിന്തു=പിന്നെയോ? അഭിജ്ഞാനാഭരണദശ്നേന=അടയാളമായ വല്ല ആഭരണത്തിന്റെയും ദശ്നംകൊണ്ടു്. ശാപഃ=ശാപം. നിവത്തിഷ്യതേ=നിവത്തിക്കപ്പെടാം. ഇതി=ഇങ്ങനെ. മന്ത്രയൻ ഏവ=മുരമുരത്തുംകൊണ്ടുതന്നെ. അന്തർഹിതഃ=മറഞ്ഞു.

ഇദാനീം=ഇപ്പോൾ. ആശ്വാസിതും ശക്യം=ആശ്വാസത്തിന്ന വകയായി.

സംപ്രസ്ഥിതേന=യാത്രപുറപ്പെട്ട. തേന രാജർഷിണാ=ആ രാജർഷിയാൽ. സ്വനാമധേയാംകിതം=തൻെറ നാമധേയംകൊണ്ട് അടയാളപ്പെട്ടത്തപ്പെട്ട. അംഗുലീയകം=മോതിരം. സ്മരണീയം ഇതി=എപ്പോഴും ഓക്കേണ്ടതാണെന്നു്. സ്വയം പിനദ്ധം അസ്തി=ഇടപ്പെട്ടിട്ടുണ്ടല്ലോ.

തസ്മിൻ=അതിൽ (അക്കാര്യത്തിൽ) ഉപായഃ=ഉപായം. സ്വാധീനഃ ഭവിഷ്യതി=സ്വാധീനമായി ഭവിക്കും.

ഏഹി=വരിക.

ദേവകാര്യം=തേവാരം.

നിവർത്തയാവഃ=നിവർത്തിക്കാം.

പരിക്രാമതഃ=(രണ്ടുപേരും) ചുററിനടക്കുന്നു.

**പ്രിയംവദാ:—**അനസൂയേ, പശ്യ താവദ്വാമഹസ്തോപനിഹിതവദനാമാലിഖിതാമിവ ശകുന്തളാമ്. ഭർതൃഗാമിന്യാ ചിന്തയാത്മാനാമപ്യേഷാ ന വിഭാവയതി. കിം പുനരാഗന്തുകമ്?

**അനസൂയാ:—**ദ്വയോരേവ നൗ മുഖേ ഏഷ വൃത്താന്തസ്തിഷ്ഠതു. രക്ഷണീയാ പ്രകൃതിപേലവാ പ്രിയസഖീ.

**പ്രിയംവദാ:—**ക ഇദാനീമുഷ്ണോദകേന നവമാലികാം സിഞ്ചതി?

അനസൂയേ, പശ്യ താവത്=കണ്ടാലും. (ആരെ) വാമഹസ്തോപനിഹിതവദനാം=വാമഹസ്തത്തിൽ, ഇടതുകരത്തിൽ ഉപനിഹിതമായ, താങ്ങിപ്പിടിച്ചിരിക്കുന്ന വദനത്തോടുകൂടി ആലിഖിതാം ഇവ=ചിത്രത്തിൽ എഴുതപ്പെട്ടപോലെ. (നിശ്ചേഷ്ടമായിരിക്കുന്ന) ശകുന്തളാം=ശകുന്തളയെ.

ഭർതൃഗാമിന്യാ=ഭർത്താവിൽ ഗമിച്ചതായ (ഭർത്താവിനെപ്പററിയുള്ള) ചിന്തയാ=ചിന്തയാൽ. ഏഷാ=ഇവൾ. ആത്മാനം അപി=തന്നെക്കൂടെ ന വിഭാവയതി=അറിയുന്നില്ല. കിം പുനഃ ആഗന്തുകം=പിന്നെയാണോ ആഗന്തുകനെ (അതിഥിയെ) മനസ്സിലാക്കുന്നതു്?

ഏഷ വൃത്താന്തഃ=ഈ വർത്തമാനം (ദുർവാസസ്സിൻെറ ശാപരൂപമായ സംഗതി.) ദ്വയോഃ ഏവ നൗ മുഖേ=നാം രണ്ടുപേരുടേയും മുഖത്തിൽതന്നെ. തിഷ്ഠതു=നില്ക്കട്ടെ. പ്രകൃതിപേലവാ=പ്രകൃത്യാ പേലവയായ, മൃദുസ്വഭാവമായ. പ്രിയസഖീ=പ്രിയസഖി. രക്ഷണീയാ=രക്ഷിക്കപ്പെടേണ്ടവളാണേ.

ഉഷ്ണോദകേന=ചൂടുവെള്ളത്താൽ. നവമാലികാം=നവമാലികയെ, പുത്തൻ മുല്ലവള്ളിയെ. (ഇളംമുല്ലയെ) കഃ ഏവ ഇദാനീം സിഞ്ചതി?=ഇപ്പോൾ ആരാണ് നനയ്ക്കുന്നതു്?

(മുല്ലവള്ളിക്കു ചൂടുവെള്ളം ഒഴിക്കാൻ ആരെങ്കിലും ഒരുങ്ങുമോ? അതുപോലെ ഞാൻ ഈ വൃത്താന്തം ശകുന്തളയോടു പറകയില്ല പേടിക്കേണ്ട എന്നു സാരം.)

(പ്രവേശകഃ)

(തതഃ പ്രവിശതി സുപ്തോത്ഥിതശ്ശിഷ്യഃ)

**ശിഷ്യഃ:—**വേലോപലക്ഷണാർത്ഥമാദിഷ്ടോ/സ്മി തത്രഭവതാ പ്രവാസാദുപാവൃത്തേന കാശ്യപേന. തത് പ്രകാശേ നിർഗത

സ്താവദവലോകയാമി, കിയദവശിഷ്ടം രജന്യാ ഇതി. (പരിക്രമ്യാവലോക്യ ച) ഹന്ത! പ്രഭാതമ്. തഥാഹി—

യാത്യേകതോഽസ്തശിഖരം പതിരോഷധീനാ-
മാവിഷ്കൃതാരുണപുരസ്സര ഏകതോഽർക്കഃ
തേജോദ്വയസ്യ യുഗപദ്വ്യസനോദയാഭ്യാം
ലോകോ നിയമ്യത ഇവാത്മദശാന്തരേഷു. 2

സുപ്തോത്ഥിതഃ=ഉറങ്ങി എഴുന്നേററ (ഭാവത്തിൽ)
ശിഷ്യഃ=കണ്വ മഹർഷിയുടെ ഒരു ശിഷ്യൻ.

പ്രവാസാത്=ദൂരദേശവാസത്തിൽനിന്നു. ഉപാവൃത്തഃ=തിരിയെ മടങ്ങിയ. തത്ര ഭവതാ കാശ്യപേന=കാശ്യപമഹർഷിയാൽ. വേലോപലക്ഷണാർത്ഥം=സമയം അറിഞ്ഞു വരുന്നതിന്നായി. ആദിഷ്ടഃ അസ്മി=ഞാൻ ആജ്ഞപ്തനായിരിക്കുന്നു. (മഹർഷി എന്നെ ആജ്ഞാപിച്ചിരിക്കുന്നു.) തത്=അതിനാൽ. പ്രകാശേ=വെളിസ്ഥലത്ത്. നിർഗതഃ താവത്=ഇറങ്ങിയവനായിട്ട്. രജന്യാഃ=രാത്രിയുടെ. അവശിഷ്ടം കിയത് ഇതി=ശേഷിപ്പ് എത്രയാണെന്നു്. അവലോകയാമി താവത്=നോക്കാം. പരിക്രമ്യ=ചുററിനടന്നു്. അവലോക്യ ച=നോക്കിയും. ഹന്ത=ആശ്ചര്യം. പ്രഭാതം=വെളുപ്പാൻകാലം. തഥാ ഹി=അങ്ങിനെ.

ഏകതഃ=ഒരുസ്ഥലത്ത്. ഓഷധീനാം പതിഃ=ഓഷധികളുടെ പതി (ചന്ദ്രൻ) അസ്തശിഖരം=അസ്തമയപർവ്വതശിഖരം. യാതി=പ്രാപിക്കുന്നു ഏകതഃ=മറെറാരിടത്ത്. അർക്കഃ=സൂര്യൻ ആവിഷ്കൃതാരുണപുരസ്സരഃ=ആവിഷ്കൃതനായ. അരുണനോടുകൂടിയവനായി (കാണപ്പെടുന്നു.) ഇതുകണ്ടു ഉൽപ്രേക്ഷിക്കുന്നു—തേജോദ്വയസ്യ=രണ്ടു തേജസ്സിൻേറയും, സൂര്യചന്ദ്രന്മാരുടെ. യുഗപദ്വ്യസനോദയാഭ്യാം=ഒരേകാലത്തുള്ള ഈ അസ്തമയം ഉദയം എന്നിവയാൽ. ആത്മദശാന്തരേഷു=തൻെറ (ഒരു ജീവിയുടെ) സുഖദുഃഖങ്ങളിൽ. ലോകഃ=ലോകം. നിയമ്യതേ ഇവ=നിയമനം ചെയ്യപ്പെടുന്നോ എന്നുതോന്നും.

അപി ച,

അന്തർഹിതേ ശശിനി സൈവ കുമുദ്വതീ മേ
ദൃഷ്ടിം ന നന്ദയതി സംസ്മരണീയശോഭാ
ഇഷ്ടപ്രവാസജനിതാന്യബലാജനസ്യ
ദുഃഖാനി നൂനമതിമാത്രസുദുസ്സഹാനി. 3

(പ്രവിശ്യാപടക്ഷേപേണാനസൂയാ)

ഏവം ച നാമ. വിഷയപരാങ്മുഖസ്യാപി ജനസ്യൈതന്നിവേദിതമ്. തഥാപി, തേന രാജ്ഞാ ശകുന്തളായാമനാര്യ്യമാചരിതമ്.

സാ സംസ്മരണീയശോഭാ കുമുദ്വതീ=ആ സംസ്മരണീയശോഭയായ കുമുദ്വതീ (ചന്ദ്രോദയസമയത്ത് ആമ്പൽപ്പൊയ്ക ഏററവും ശോഭയോടുകൂടിയതായിരുന്നു. ഇപ്പോഴാകട്ടെ മങ്ങിപ്പോയിരിക്കുന്നു) ശശിനി=ചന്ദ്രൻ. അന്തർഹിതേ=മറഞ്ഞപ്പോൾ; (മറഞ്ഞ കാരണത്താൽ ഇപ്പോൾ) മേ ദൃഷ്ടിം=എൻെറ ദൃഷ്ടിയെ. ന നന്ദയതി=ആനന്ദിപ്പിക്കുന്നില്ല.

അബലാജനസ്യ=അബലാജനത്തിൻെറ. ഇഷ്ടപ്രവാസജനിതാനി=ഇഷ്ടൻെറ പ്രവാസത്തിൽനിന്നു ജനിക്കുന്നതായ. ദുഃഖാനി=ദുഃഖങ്ങൾ. നൂനം=തീർച്ചയായും,

അതിമാത്രസുദുഃസഹാനി=അതിമാത്രം (ഏററവും) സുദുഃസഹങ്ങൾതന്നെയാണ് (സഹിക്കാൻ ഒരുവിധത്തിലും നിവൃത്തിയില്ലാത്തതുതന്നെയാണ്.)

അലങ്കാരം — അർത്ഥാന്തരന്യാസം.

പ്രകൃതത്തിൽ ദുഷ്ഷന്തവിയോഗാർത്തയായ ശകുന്തളയുടെ മനോദുഃഖം വ്യഞ്ജിപ്പിച്ചിരിക്കയാൽ സമാസോക്തിയും.

അപടക്ഷേപേണ=പടക്ഷേപംക്രൂടാതെതന്നെ, സംഭ്രമംകൊണ്ടു യവനിക (കർട്ടൻ) നീക്കാതെതന്നെ. അനസൂയാ=അനസൂയ. പ്രവിശ്യ=പ്രവേശിച്ചു്.

ഏവം ച നാമ=അതങ്ങിനെതന്നെ. വിഷയപരാങ്മുഖസ്യ അപി ജനസ്യ=ലൌകികവിഷയങ്ങളിൽ പ്രവേശമില്ലാത്ത ആളുകൾക്കുകൂടി. ഏതത്=ഇക്കാൎയ്യം. നിവേദിതം=അറിയപ്പെട്ടതാണ്. തഥാപി=എന്നാലും. തേന രാജ്ഞാ=ആ രാജാവിനാൽ. ശകുന്തളായാം=ശകുന്തളയിൽ. അനാൎയ്യം=ആൎയ്യമല്ലാത്തതു്. ആചരിതം=ആചരിക്കപ്പെട്ടിരിക്കുന്നു. (ആ രാജാവു് അയോഗ്യത കാണിച്ചിരിക്കുന്നു.)

അനസൂയാ:—പ്രതിബുദ്ധാഽപി കിം കരിഷ്യാമി? ന ഖലു മേ ഉചിതേഷ്വപി കരണീയേഷു ഹസ്തപാദാഃ പ്രവൎത്തന്തേ. സകാമ ഇദാനീം കാമോ ഭവതു. യേനാസത്യസന്ധേ ജനേഽനന്യഹൃദയാ സഖീ പദം കാരിതാ. അഥവാ ദുൎവ്വാസസഃ കോപ ഏഷ വികാരയതി. അന്യഥാ കഥം സ രാജൎഷിസ്താദൃശം മന്ത്രയിത്വാ ഏതാവതഃ കാലസ്യ ലേഖമാത്രമപി ന വിസൃജതി. തദിതോഭിജ്ഞാനം അംഗുലീയകമസ്മൈ വിസൃജാമി.

പ്രതിബുദ്ധാ അപി=ഉണൎന്നു് എഴുന്നേററവളായാലും. കിം കരിഷ്യാമി=എന്തുചെയ്യാൻകഴിയും? ഉചിതേഷു അപി കരണീയേഷു=ചെയ്യത്തക്ക പ്രവൃത്തികളിൽപോലും. മേ=എന്റെ. ഹസ്തപാദാഃ=കൈയും കാലും. ന പ്രവൎത്തന്തേ=പ്രവൎത്തിക്കുന്നില്ല. ഇദാനീം=ഇപ്പോൾ. കാമഃ=കാമദേവൻ. സകാമഃ ഭവതു=ഏററവും തൃപ്തിപ്പെട്ടുകൊള്ളട്ടെ. യേന=യാതൊരു കാമനാലാണോ. അസത്യസന്ധേ ജനേ=സത്യസന്ധനല്ലാത്ത ഒരുവനിൽ. അനന്യഹൃദയാ സഖീ=അനന്യഹൃദയയായ സഖി. പദം കാരിതാ=വിശ്വാസപദമാക്കിച്ചെയ്യപ്പെട്ടുവല്ലോ. അഥവാ=അല്ലെങ്കിൽ. ദുൎവ്വാസസഃ=ദുൎവ്വാസസ്സിന്റെ. കോപഃ ഏഷഃ വികാരയതി=ഈ കോപം വികാരത്തെ പ്രാപിച്ചിരിക്കയായാം (മൂൎച്ഛിച്ചിരിക്കുന്നതിന്റെ ഫലമാവാം). അന്യഥാ=അല്ലാത്തപക്ഷം. സഃ രാജൎഷിഃ=ആ രാജൎഷി. താദൃശം മന്ത്രയിത്വാ=അങ്ങിനെയൊക്കെ പറഞ്ഞിട്ടു്. ഏതാവതഃ കാലസ്യ=ഇത്രയുമായ കാലത്തിനു (ഇത്രകാലംവരെയായിട്ടും) ലേഖമാത്രമപി ന വിസൃജതി=ഒരു എഴുത്തുപോലും അയയ്ക്കുന്നില്ലല്ലോ. തത്=അതുകൊണ്ടു്. ഇതഃ=ഇവിടെനിന്നു. അഭിജ്ഞാനം=അടയാളമായ. അംഗുലീയകം=മോതിരത്തെ. അസ്മൈ=ഇദ്ദേഹത്തിന്നായി. വിസൃജാമി=വിടാം; കൊടുത്തയയ്ക്കാം.

ദുഃഖശീലേ തപസ്വിജനേ കോഽഭ്യൎത്ഥ്യതേ? ന സഖീഗാമീ ദോഷ ഇതി വ്യവസിതാപി ന പാരയാമി പ്രവാസപ്രതിനിവൃത്തായ താതകാശ്യപായ ദുഷ്ഷന്തപരിണീതാം ശകുന്തളാമാപന്നസത്വാം നിവേദയിതുമ്. ഇത്ഥം ഗതേഽസ്മാഭിഃ കിന്നു ഖലു കരണീയമ്.

(പ്രവിശ്യ)

പ്രിയംവദാ:—ത്വരതാം സഖീ ശകുന്തളായാഃ പ്രസ്ഥാനകൌതുകം നിവൎത്തയിതും.

അനസൂയാ:—സഖി കഥമേതത്?

ദുഃഖശീലേ=ദുഃഖശീലമായ. തപസ്വിജനേ=തപസ്വിജനത്തിൽ (തപസ്വികളും ശകുന്തളയുടെ ദയനീയസ്ഥിതിയോർത്ത് ഏററവും വിഷണ്ണരായിരിക്കുന്നു) കഃ=ആരാണ്. അഭ്യർഥ്യതേ=അഭ്യർത്ഥിക്കപ്പെടുന്നതു്? (ഈ അംഗുലീയകം കൊണ്ടു കൊടുക്കാൻ ആരോടാണ് പറയുന്നതു്?) സഖീഗാമീദോഷഃ ന ഇതി=സഖീഗാമിയായ ദോഷമല്ലെന്നു (സഖിയായ ശകുന്തള വല്ല തകരാറും കാണിച്ചതുകൊണ്ടുണ്ടായ തെററല്ലെന്ന്) വ്യവസിതാ അപി=ഞാൻ നിശ്ചയമുള്ളവളാണെങ്കിലും,

പ്രവാസപ്രതിനിവൃത്തായ=യാത്രയിൽനിന്നു മടങ്ങിയ. താതകാശ്യപായ=താതകാശ്യപന്നായിട്ട്. ദുഷ്ഷന്തപരിണീതാം=ദുഷ്ഷന്തനാൽ പരിണയിക്കപ്പെട്ട. ശകുന്തളാം=ശകുന്തളയെ. ആപന്നസത്വാം=ആപന്നസത്വയായി (ഗർഭവതിയായി) നിവേദയിതും=അറിയിക്കുന്നതിന്ന്. ന പാരയാമി=എന്നാൽ സാധിക്കുന്നതല്ല. ഇത്ഥം ഗതേ=ഇങ്ങനെയിരിക്കെ (കാര്യങ്ങളും എല്ലാം ഇപ്രകാരമിരിക്കെ) അസ്മാഭിഃ=നമ്മാൽ. കിം നു ഖലു കരണീയം=എന്താണിനി ചെയ്യപ്പെടേണ്ടതായിട്ടുള്ളതു?

പ്രവിശ്യ=പ്രവേശിച്ച്.

സഖീ=സഖി (അനസൂയേ, നീ) ശകുന്തളായാഃ=ശകുന്തളയുടെ. പ്രസ്ഥാനകൗതുകം=പ്രസ്ഥാനകൗതുകത്തെ. നിവർത്തയിതും=നിവർത്തിക്കുന്നതിന്ന് (ശകുന്തളയെ ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രഅയയ്ക്കുവാൻ പോകുന്നു. അക്കാര്യത്തിൽ) ത്വരതാം=ധൃതിയായി ഒരുങ്ങുക.

കഥം ഏതത്=ഏ! ഇതെങ്ങിനെ?

പ്രിയംവദാ:—ശൃണുഷ്വേദാനീമ്. സുഖശയിതപൃച്ഛികാ ശകുന്തളാസകാശം ഗതാസ്മി.

അനസൂയാ:—തതഃ?

പ്രിയംവദാ:—യാവദേനാം ലജ്ജാവനതവദനാം ശകുന്തളാം പരിഷ്വജ്യ താതകാശ്യപേനൈവമഭിനന്ദിതം—ദിഷ്ട്യാ ധൂമാവരുദ്ധദൃഷ്ടേർയജമാനസ്യ പാവക ഏവാഹുതിഃ പതിതാ. വത്സേ, സുശിഷ്യപരിദത്താ വിദ്യേവാശോചനീയാസി മേ സംവൃത്താ. അദ്യൈവ ഋഷിപരിഗൃഹീതാം ത്വാം ഭർത്തുസ്സകാശം വിസൃജാമീതി.

ശൃണുഷ്വ ഇദാനീം=ഇപ്പോഴ് കേട്ടാലും (ഇതു കേൾക്കുക.) സുഖശയിതപൃച്ഛികാ=സുഖമായി ശയിക്കുന്നുവോ എന്നു ചോദിക്കുന്ന(തിനായി ഞാൻ) ശകുന്തളാസകാശം=ശകുന്തളയുടെ അടുത്തു്. ഗതാ അസ്മി=പോയിരുന്നു.

തതഃ=എന്നിട്ടോ?

യാവത്=ഏതൊരുസമയത്തു് (അപ്പോൾ) ഏനാം=ഈ. ലജ്ജാവനതവദനാം=ലജ്ജകൊണ്ട് അല്പം കുനിച്ച വദനത്തോടുകൂടിയ. ശകുന്തളാം=ശകുന്തളയെ. പരിഷ്വജ്യ=ആലിംഗനംചെയ്തു്. താതകാശ്യപേന=താതകാശ്യപനാൽ. ഏവം=ഇപ്രകാരം. അഭിനന്ദിതം=അഭിനന്ദിക്കപ്പെട്ടു.

ധൂമാവരുദ്ധദൃഷ്ടേഃ=ധൂമംകൊണ്ട് അവരുദ്ധമായ (തടുക്കപ്പെട്ട) ദൃഷ്ടികളോടു

ത്താൽ. പാവകേ ഏവ=അഗ്നിയിൽതന്നെ. പതിതം=പതിതമായി. വത്സേ=കുഞ്ഞേ! സുശിഷ്യപരിദത്താ=നല്ല ശിഷ്യനിൽ കൊടുക്കപ്പെട്ട. വിദ്യാ ഇവ=വിദ്യയെന്നപോലെ. അദ്യ=ഇപ്പോൾ. മേ=എനിക്ക്. അശോചനീയാ സംവൃത്താ അസി=ശോചനീയയല്ലാതെ തീൎന്നിരിക്കയാണ്. (നീ) അദ്യ ഏവ=ഇന്നുതന്നെ ഋഷിപരിഗൃഹീതാം=ഋഷികളാൽ കൂട്ടിന് അനുഗമിക്കപ്പെടുന്ന. ത്വാം=നിന്നെ. ഭൎത്തുഃ സകാശം=ഭൎത്താവിന്റെ അടുക്കലേക്ക്. വിസൃജാമി=വിടാം. (അയയ്ക്കാം.) ഇതി=എന്ന്. (താതകാശ്യപൻ അരുളിച്ചെയ്തു.)

അനസൂയാ:—അഥ കേനാഖ്യാതസ്താതകാശ്യപസ്യായം വൃത്താന്തഃ?

പ്രിയംവദാ:–അഗ്നിശരണം പ്രവിഷ്ടസ്യ ശരീരം വിനാ ഛന്ദോവത്യാ വാചാ.

അനസൂയാ:—കഥയ.

പ്രിയംവദാ:—ദുഷ്ഷന്തേനാഹിതം തേജോ ദധാനാം ഭൂതയേ ഭുവഃ
അവേഹി തനയാം ബ്രഹ്മന്നഗ്നിഗൎഭാം ശമീമിവ. 4

അനസൂയാ:—(പ്രിയംവദാമാശ്ലിഷ്യ) സഖീ, പ്രിയം മേ. കിന്തു, അദ്യൈവ ശകുന്തളാ നീയത ഇത്യുൽക്കണ്ഠാ സാധാരണം ഇദാനീം പരിതോഷമനുഭവാമി.

അഥ=എന്നാൽ. അയം വൃത്താന്തഃ=ഈ വൎത്തമാനം. കേന ആഖ്യാതഃ=ആരാൽ പറയപ്പെട്ടു? ആരാണ് ഈ വൎത്തമാനം താതകാശ്യപനോടു പറഞ്ഞതു്?

അഗ്നിശരണം=അഗ്നിഹോത്രഗൃഹത്തെ. പ്രവിഷ്ടസ്യ=പ്രവേശിച്ചവനായ (താതകാശ്യപന്റെ) ശരീരം വിനാ=ശരീരത്തോടുകൂടാത്തതായ. ഛന്ദോവത്യാ വാചാ=ഛന്ദോമയിയായ വചസ്സിനാൽ (ശ്ലോകരൂപമായ ഒരു അശരീരിവാക്കിനാൽ) പറയപ്പെട്ടു.)

കഥയ=പറയൂ (ആ വാക്ക് എങ്ങിനെയാണ്? പറയുക).

ഭുവഃ=ഭൂമിയുടെ. ഭൂതയേ=ഭൂതിക്കായി, ഐശ്വൎയ്യത്തിന്നായി. ദുഷ്ഷന്തേന=ദുഷ്ഷന്തനാൽ. ആഹിതം=ന്യസ്തമായ. തേജഃ=തേജസ്സിനെ. ദധാനാം=ധരിക്കുന്നവളായി തനയാം=തനയയെ (സ്വപുത്രിയെ. അവേഹി=അറിഞ്ഞാലും. ഏതുപോലെയെന്നു ഉപമിക്കുന്നു—അഗ്നിഗൎഭാം=അഗ്നിഗൎഭമായ (അഗ്നി ഉള്ളിൽ ഇരിക്കുന്ന) ശമീം ഇവ=ശമീലതയെപ്പോലെ. (ശമീലതയ്ക്കുള്ളിൽ അഗ്നി ആവസിക്കുന്നുവെന്നു പൌരാണികകാലത്തേയുള്ള കവിസങ്കേതം).

സഖീ, മേ പ്രിയം=എനിക്കും ഇതു് വളരെ കൌതുകകരമായിരിക്കുന്നു. കിന്തു=എന്നാൽ. അദ്യ ഏവ=ഇന്നുതന്നെ ശകുന്തളാ=ശകുന്തള. നീയതേ ഇതി=കൂട്ടിക്കൊണ്ടുപോകപ്പെടുന്നല്ലോ എന്ന്. ഉത്കണ്ഠാസാധാരണം=കുണ്ഠിതത്തോടുകൂടിയതായി. ഇദാനീം=ഇപ്പോൾ. പരിതോഷം=പരിതോഷത്തെ. അനുഭവാമി=അനുഭവിക്കുന്നു. (ഞാൻ)

പ്രിയംവദാ:—സഖീ, ആവാം താവദുത്കണ്ഠാം വിനോദയിഷ്യാവഃ, സാ താവത്തപസ്വിനീ നിൎവൃതാ ഭവതു.

അനസൂയാ:—സഖീ, തേന ഹി ഏതസ്മിൻ ചൂതശാഖാവലംബിതേ നാളികേരസമുദ്ഗകേ തന്നിമിത്തമേവ കാലാന്തരക്ഷമാ

നിക്ഷിപ്താ മയാ കേസരമാലികാ. താം ത്വം ഹസ്തസന്നിഹിതാം കുരു. യാവദഹമപി അസ്യൈ ഗോരോചനാം തീർത്ഥമിശ്രിതാം ദൂർവാകിസലയാനി മങ്ഗലസമാലംഭനാനി വിരചയാമി.

സഖീ, ആവാം താവത്=നാമാകട്ടെ. ഉൾക്കണ്ഠാം=കുണ്ഠിതത്തെ. വിനോദയിഷ്യാവഃ=ഏതുതരത്തിലും (പോക്കാം.) സാ തപസ്വിനീ താവത്=ആ തപസ്വിനി യാവട്ടെ. നിർവൃതാ ഭവതു=പരമസുഖത്തോടുകൂടിയിരിക്കട്ടെ.

സഖീ, തേന ഹി=അതിനാലാവട്ടെ അഥവാ എന്നാൽ. ഏതസ്മിൻ=ഈ. ചൂതശാഖാവലംബിതേ=ചൂതശാഖയിൽ, (മാവിൻെറ കൊമ്പിൽ) അവലംബിക്കുന്ന =തൂങ്ങുന്ന തൂക്കിയിരിക്കുന്ന). നാളികേരസമുദ്ഗകേ=ചിരട്ടക്കൂട്ടയിൽ. തന്നിമിത്തം ഏവ=അതേ കാര്യത്തിനായിത്തന്നെ. കാലാന്തരക്ഷമാ=കാലാന്തരത്തേക്ക് (കുറേക്കാലത്തേക്ക്) നിൽക്കുന്നതാണല്ലോ എന്നുള്ളതായ. കേസരമാലികാ=ഒരു ഇലഞ്ഞിപ്പൂമാല. മയാ നിക്ഷിപ്താ=എന്നാൽ നിക്ഷിപ്തയായി. ഞാൻതന്നെനിക്ഷേപിച്ചിട്ടുണ്ടായിരുന്നു. (ഞാൻതന്നെ സൂക്ഷിച്ചിരുന്നു. ത്വം=നീ. താം=ആ മാലയെ. ഹസ്തസന്നിഹിതാം കുരു=ഹസ്തത്തിൽ സന്നിഹിതയാക്കിച്ചെയ്യുക. അതു് നീ കൈയിൽ എടുത്തുകൊള്ളുക. യാവത്=എപ്പോഴം (ഇതോടുകൂടി. അഹമപി=ഞാനും. അസ്യൈ=ഇവൾക്കായി. തീർത്ഥമിശ്രിതഃ=തീർത്ഥമിശ്രിതയായ. ഗോരോചനാം=ഗോരോചനയും. ദൂർവാകിസലയാനി=ദൂർവ്വയുടെ (കറുകയുടെ.) കിസലയാനി=നാമ്പുകളും, (കൂട്ടിയ) മങ്ഗലസമാലംഭനാനി=മംഗളക്കുറിക്കൂട്ട്. വിരചയാമി=രചിക്കാം.

യാവത് വിരചയാമി=രചിക്കട്ടെ, രചിക്കാൻപോകുന്നു.

പ്രിയംവദാ:—തഥാ ക്രിയതാമ്.

(നിഷ്ക്രാന്താ അനസൂയാ)

(പ്രിയംവദാ നാട്യേന സുമനോ ഗൃഹ്ണാതി)

നൈപഥ്യേ:—ഗൗതമി, ആദിശ്യന്താം ശാർങ്ഗരവമിശ്രാശ്ശകുന്തളാനയനായ.

പ്രിയംവദാ:—(കർണ്ണം ദത്വാ) അനസൂയേ, ത്വര്യതാമ്. ഏതേ ഖലു ഹസ്തിനപുരഗാമിന ഋഷയശ്ശബ്ദാപ്യന്തേ.

(പ്രവിശ്യ സമാലംഭനഹസ്താ അനസൂയാ)

സഖീ, ഏഹി (പരിക്രാമതഃ)

തഥാ=അപ്രകാരം. ക്രിയതാം=ചെയ്യപ്പെടട്ടെ, അങ്ങിനെ ചെയ്യുക. നിഷ്ക്രാന്താ അനസൂയാ=അനസൂയ പോയി.

നാട്യേന=നാട്യത്താൽ. സുമനഃ=പുഷ്പത്തെ. ഗൃഹ്ണാതി=എടുക്കുന്നു. (കൂട്ടയിൽനിന്നു ഇലഞ്ഞിപ്പൂമാല എടുക്കുന്നു.)

നൈപഥ്യേ=അണിയറയിൽ.

ആദിശ്യന്താം=ആജ്ഞാപിക്കപ്പെടട്ടെ. ശാർങ്ഗരവമിശ്രാഃ=ശാർങ്ഗരവൻ. ശകുന്തളാനയനായ=ശകുന്തളയെ അനയാനംചെയ്യുന്നതിനായി.

കണ്ഠം ദത്വാ=ചെവികൊടുത്തിട്ട്.

ത്വരിതാം=(വേഗം) ധിറുതിപ്പെടുക. ഹസ്തിനപുരഗാമിനഃ=ഹസ്തിനപുരത്തേക്കു പോകുന്ന. ഋഷയഃ=ഋഷിമാർ. ശബ്ദായ്യന്തേ=വിളിക്കുന്നു.

സമാലംഭനഹസ്താ=ഹസ്തത്തിൽ സമാലംഭനത്തോടു (കുറിക്കൂട്ടോടു)കൂടി. അനസൂയാ=അനസൂയാ. പ്രവിശ്യ=പ്രവേശിച്ച്.

സഖീ=അല്ലയോ സഖീ, ഏഹി=വന്നാലും.

ശാർങ്ഗരവമിശ്രാഃ—ശാർങ്ഗരവനോടു കൂടിയവർ എന്നോ ശാർങ്ഗരവൻ മാത്രമെന്നോ അർത്ഥം സ്വീകരിക്കാം. 'ശാർങ്ഗരവൻ' എന്ന അർത്ഥത്തിൽ മിശ്രശബ്ദം ബഹുമാനസൂചകമാണ്.

ശകുന്തളയുടെ യാത്രയ്ക്കു് പ്രത്യേകമായ ശുഭമുഹൂർത്തം നിശ്ചയിച്ചിട്ടുണ്ട്. സൂര്യോദയത്തോടുകൂടിയായിരിക്കണം പുറപ്പെടേണ്ടതു് എന്നുള്ളതുകൊണ്ടുതന്നെയാണ് അനസൂയയോടു് ധിറുതികൂട്ടാൻ പ്രിയംവദ പറയുക.

തലമൂടി

പ്രിയംവദാ:—(വിലോക്യ) ഏഷാ സൂര്യോദയേ ഏവ ശിഖാമജ്ജ്ജിതാ പ്രതീഷ്ടനീവാരസ്വസ്തിവാചനികാഭിസ്താപസീഭിരഭിനന്ദ്യമാനാ ശകുന്തളാ തിഷ്ഠതി. ഉപസർപാവ ഏനാമ്.

(ഉപസർപതഃ)

(തതഃ പ്രവിശതി ആസനസ്ഥാ യഥോദ്ദിഷ്ടവ്യാപാരാ ശകുന്തളാ)

താപസീനാമന്യതമാ—ജാതേ, ഭർതൃബഹുമാനസൂചകം മഹാദേവീശബ്ദം ലഭസ്വ.

ദ്വിതീയാ:—വീരപ്രസവിനീ ഭവ.

തൃതീയാ:—ജാതേ, ഭർതുർബഹുമതാ ഭവ.

(ആശിഷോ ദത്വാ ഗൗതമീവർജം നിഷ്ക്രാന്താഃ)

സഖ്യൌ:—സഖീ, സുമങ്ഗലം തേ ഭവതു.

ഏഷാ=ഇവൾ, (ഈ ശകുന്തള) സൂര്യോദയേ ഏവ=സൂര്യോദയത്തിൽതന്നെ. ശിഖാമജ്ജിതാ=മുങ്ങിക്കുളികഴിഞ്ഞ്. പ്രതീഷ്ടനീവാരസ്വസ്തിവാചനികാഭിഃ=പ്രതീഷ്ടങ്ങളായ (പ്രതിഗ്രഹങ്ങളായ) നീവാരത്തോടു (വരിനെല്ലോടു)കൂടി. സ്വസ്തിവാചനികകളായ, മംഗളവചസ്സോതുന്നവരായ, ആശിസ്സ് അനുഗ്രഹിക്കുന്നവരായ. താപസീഭിഃ=താപസികളാൽ. അഭിനന്ദ്യമാനാ=അഭിനന്ദിക്കപ്പെടുന്നവളായിട്ട്. ശകുന്തളാ തിഷ്ഠതി=ശകുന്തള നിൽക്കുന്നു. ഏനാം=ഇവളെ. ഉപസർപ്പാവ=അടുത്തു ചെല്ലാം.

ഉപസർപതഃ=അടുത്തുചെല്ലുന്നു (രണ്ടുപേരും) ആസനസ്ഥാ=ആസനത്തിൽ (പീഠത്തിൽ) ഇരിക്കുന്നവളായി. യഥോദ്ദിഷ്ടവ്യാപാരാ=യഥാക്രമം ഉദ്ദിഷ്ടമായ വ്യാപാരത്തോടുകൂടിയ. ശകുന്തളാ=ശകുന്തള. പ്രവിശതി=പ്രവേശിക്കുന്നു.

താപസീനാം=താപസികളിൽവെച്ച്. അന്യതമാ=ഒരുത്തി. ജാതേ=കുഞ്ഞേ! ഭർതൃബഹുമാനസൂചകം=ഭർത്താവിന്റ് ബഹുമാനത്തെ സൂചിപ്പിക്കുന്ന. മഹാദേവീശബ്ദം=മഹാദേവീപദം. ലഭസ്വ=ലഭിച്ചാലും.

വീരപ്രസവിനീഭവ=വീരപുത്രനെ പ്രസവിക്കുന്നവളായി ഭവിക്കുക. ഭർത്തുഃ=ഭർത്താവിന്ന്. ബഹുമതാ=മാനനീയയായി ആശിഷഃ ദത്വാ=ആശിസ്സുകളെക്കൊടുത്തിട്ട്. ഗൌതമീവർജ്ജം=ഗൌതമി ഒഴിച്ചുള്ളവർ.

ശകുന്തളാ:—സ്വാഗതം മേ സഖ്യോഃ.

ഉഭേ:—(മങ്ഗലപാത്രാണ്യാദായോപവിശ്യ) ഹലാ ശകുന്തളേ! സജ്ജാഭവ. യാവത്തേ ആവാം മങ്ഗലസമാലംഭനാനി വിരചയാവഃ.

ശകുന്തളാ:—ഉചിതമപി ബഹുമന്തവ്യമിദാനീമ്. ഇതഃ പരം ദുർലഭം മേ പ്രിയസഖീമണ്ഡനം ഭവിഷ്യതി.

(ഇതി ബാഷ്പം വിസൃജതി)

ഉഭേ:—സഖീ, നഹി തേ ഉചിതം മങ്ഗലകാലേ രോദിതുമ്.

(അശ്രൂണി പരിമൃജ്യ നാട്യേന പ്രസാധയതഃ)

മേ=എന്റെ. സഖ്യോഃ=സഖികൾക്കായി. സ്വാഗതം. ഉഭേ=രണ്ടുപേരും (പ്രിയംവദയും അനസൂയയും) മങ്ഗലപാത്രാണ്യാദായ=മംഗലോപകരണങ്ങൾ മുതലായവ എടുത്തുംകൊണ്ട്. ഉപവിശ്യ=ഇരുന്നിട്ട്.

ഹലാ ശകുന്തളേ=അല്ലേ സഖീ, ശകുന്തളേ. സജ്ജാഭവ=(യാത്രയ്ക്കു) തയ്യാറായവളായി ഭവിച്ചാലും.

തേ=നിനക്കായി. ആവാം=ഞങ്ങൾ രണ്ടുപേരും. മങ്ഗലസമാലംഭനാനി=മംഗളക്കുറിക്കൂട്ടുകളെ. വിരചയാവഃ=ഉണ്ടാക്കാം.

ഉചിതം അപി=ഇതു് ഈ അവസരത്തിനു യോജിച്ചതാണെങ്കിലും. ഇദാനീം=ഇപ്പോൾ. ബഹുമന്തവ്യം=ബഹുമാനിക്കപ്പെടേണ്ടതാണ്. (എന്തുകൊണ്ടെന്നാൽ) ഇതഃപരം=ഇനിമേൽ. മേ=എനിക്ക്. പ്രിയസഖീമണ്ഡനം=പ്രിയസഖികൾ ചെയ്യുന്ന അലങ്കാരം. ദുർലഭം ഭവിഷ്യതി=ദുർല്ലഭമായി ഭവിച്ചേക്കാം.

ഇതി=എന്ന്. ബാഷ്പം വിസൃജതി=കണ്ണുനീർ പൊഴിക്കുന്നു.

സഖീ=ഹേ സഖി! മങ്ഗലകാലേ=മംഗളസമയത്ത്. രോദിതും=കരയുന്നതു് തേ നഹി ഉചിതം=നിനക്കു യോജിച്ചതല്ലല്ലോ.

അശ്രൂണി=കണ്ണുനീർത്തുള്ളികളെ. പരിമൃജ്യ=തുടച്ചിട്ട്. നാട്യേന പ്രസാധയതഃ=അലങ്കരിക്കുന്നതായി നാട്യംകൊണ്ടു കാണിക്കുന്നു

പ്രിയംവദാ:—ആഭരണോചിതം രൂപം ആശ്രമസുലഭൈഃ പ്രസാധനൈഃ വിപ്രക്രിയതേ.

(പ്രവിശ്യോപായനഹസ്താവൃഷികുമാരകൌ)

ഇദമലങ്കാരജാതമലംക്രിയതാമത്രഭവതീ.

(സർവാഃ വിലോക്യ വിസ്മിതാഃ)

ഗൌതമീ:—വത്സ, നാരദ, കുത ഏതല്ലബ്ധമ്?

പ്രഥമഃ:—താതകാശ്യപപ്രഭാവാത്.

ഗൗതമീ:—കിം മാനസീസൃഷ്ടിഃ?

ദ്വിതീയഃ:—ന ഖലു. ശ്രൂയതാമ്. തത്ര ഭവതാ വയമാജ്ഞപ്താഃ ശകുന്തളാഹേതോർവനസ്പതിഭ്യഃ കുസുമാന്യുപഹരതേതി. തത ഇദാനീമ്,

ആഭരണോചിതം രൂപം=രത്നാഭരണങ്ങൾ അണിയാൻതക്കതായ ഈ ആകൃതിസൗന്ദര്യം. ആശ്രമസുലഭൈഃ=ആശ്രമത്തിന്ന സുലഭങ്ങളായ. പ്രസാധനൈഃ=അലങ്കാരങ്ങളാൽ. വിപ്രക്രിയതേ=അവമാനിക്കപ്പെടുന്നു.

ഉപായനഹസ്തൗ=വിശേഷപ്പെട്ട കാഴ്ചദ്രവ്യങ്ങളോടുകൂടിയ. ഋഷികുമാരകൗ=രണ്ടു ഋഷികുമാരന്മാർ. പ്രവിശ്യ=പ്രവേശിച്ച്.

ഇദം അലങ്കാരജാതം=ഈ അലങ്കാരങ്ങളെ. അത്രഭവതീ=അവിടുന്ന്. അലംക്രിയതാം=അലങ്കരിക്കപ്പെട്ടാലും.

വിലോക്യ=കണ്ടിട്ട്. സർവാഃ=എല്ലാപേരും. വിസ്മിതാഃ=അതിശയിച്ചവരായി.

വത്സ, നാരദ=അല്ലയോ നാരദ! ഏതത്=ഇത്. കുതഃ ലബ്ധം=എവിടുന്നാണ് ലഭിച്ചതു്?

താതകാശ്യപപ്രഭാവാത്=താതകാശ്യപന്റെ പ്രഭാവത്തിൽനിന്നും.

കിം മാനസീസൃഷ്ടിഃ?=സങ്കല്പശക്തികൊണ്ടു സൃഷ്ടിച്ചതാണോ?

ന ഖലു=അല്ലല്ലോ. ശ്രൂയതാം=കേട്ടാലും.

ശകുന്തളാഹേതോഃ=ശകുന്തളയ്ക്കായി. വനസ്പതിഭ്യഃ=വന്യവൃക്ഷങ്ങളിൽനിന്നും. കുസുമാനി=പൂക്കളെ. ഉപഹരത=പോയി കൊണ്ടുവരിൻ. ഇതി=എന്നു്. വയം=ഞങ്ങൾ. തത്രഭവതാ=അവിടുത്താൽ. ആജ്ഞപ്താഃ=ആജ്ഞാപിക്കപ്പെട്ടവരായി. തതഃ ഇദാനീം=അതിന്നശേഷം ഇപ്പോൾ.

ക്ഷൗമം കേനചിദിന്ദുപാണ്ഡു തരുണാ മംഗല്യമാവിഷ്കൃതം
നിഷ്ഠ്യൂതശ്ചരണോപഭോഗസുഭഗോ ലാക്ഷാരസഃ കേനചിത്
അന്യേഭ്യോ വനദേവതാകരതലൈരാപർവഭാഗോത്ഥിതൈഃ
ദത്താന്യാഭരണാനി തത് കിസലയോദ്ഭേദപ്രതിദ്വന്ദ്വിഭിഃ. 5

കേനചിത് തരുണാ=ഒരു വൃക്ഷത്താൽ. ഇന്ദുപാണ്ഡു=ഇന്ദുവിനെപ്പോലെ (ചന്ദ്രനെപ്പോലെ) പാണ്ഡുവായ(വെളുപ്പായ) നിറത്തോടുകൂടിയ. ക്ഷൗമം=വെൺപട്ട്. മംഗല്യം=മംഗളം എന്ന പ്രയോജനം സാധിക്കുന്നതായി. ആവിഷ്കൃതം=ആവിഷ്കരിക്കപ്പെട്ടു.

കേനചിത്=ഇനിയൊരു തരുവിനാൽ. ചരണോപഭോഗസുഭഗഃ=ചരണത്തിന്റെ ഉപഭോഗത്താൽ (വിനിയോഗത്താൽ) സുഭഗമാകുന്ന. ലാക്ഷാരസഃ=ലാക്ഷാരസം (കോലരക്കിൻചാറ്.) നിഷ്ഠ്യൂതഃ=പ്രകാശിതമായി (തരപ്പെട്ടു.)

അന്യേഭ്യഃ=മററുചില വൃക്ഷങ്ങളിൽനിന്നും. തത്കിസലയോദ്ഭേദപ്രതിദ്വന്ദ്വിഭിഃ=അതുകളുടെ കിസലയോദ്ഭേദത്തോടു് (വിടർന്നുവരുന്ന ഇളംതളിരുകളോടു്) പ്രതിദ്വന്ദ്വികളായും (തുല്യങ്ങളായും.) ശാഖാഗ്രഭാഗോത്ഥിതൈഃ=ശാഖകളുടെ, കൊമ്പുകളുടെ അഗ്രഭാഗങ്ങളിൽനിന്നു് ഉത്ഥിതങ്ങളായും, ഉണ്ടായവയായും (ഇരിക്കുന്ന) വനദേവതാകരതലൈഃ=വനദേവതമാരുടെ കരതലങ്ങളാൽ. ആഭരണാനി=ആഭരണങ്ങൾ. ദത്താനി=ദത്തങ്ങളായി

അലങ്കാരം - ദീപകം.

ഇവിടെ അചേതനങ്ങളായ വൃക്ഷങ്ങളും സചേതനങ്ങളുംപോലെ ആഭരണങ്ങളും നൽകിഎന്നുപറയുന്നതു് കണ്വമഹർഷിയുടെ തപഃപ്രാഭവത്തെ കാണിക്കുന്നു.

വൃക്ഷങ്ങളും അടിതൊട്ടു മേൽവരെയുള്ള ഭാഗങ്ങളിൽനിന്നു് ക്രമേണ ഓരോ ആഭരണങ്ങളും നൽകിയതായി പറയപ്പെട്ടിരിക്കുന്നു

ഇങ്ങിനെ വൃക്ഷങ്ങളിൽനിന്നു് മനോഹരങ്ങളായ അലങ്കാരസാധനങ്ങളും ലഭിച്ചതിനാൽ അത്യന്തം സന്തുഷ്ടയായ പ്രിയംവദ ശകുന്തളാവിരഹത്തിൽനിന്നുണ്ടാകാൻപോകുന്ന ശോകഭാരം മറന്നു് അതിസന്തുഷ്ടയായി പറയുന്നു: —

പ്രിയംവദാ:—(ശകുന്തളാം വിലോക്യ) ഹലാ, അനയാ അഭ്യുപപത്ത്യാ സൂചിതാ തേ ഭർത്തുർഗൃഹേ ऽനുഭവിതവ്യാ രാജലക്ഷ്മീഃ.

(ശകുന്തളാ ലജ്ജാം രൂപയതി)

പ്രഥമഃ:—ഗൗതമ, ഏഹി അഭിഷേകാവതീർണ്ണായ കാശ്യപായ വനസ്പതിസേവാം നിവേദയാവഃ.

ദ്വിതീയഃ:—തഥാ. (നിഷ്ക്രാന്തൗ)

അനസൂയാ:—അനുപയുക്തഭൂഷണോ ऽയം ജനഃ ചിത്രകർമ്മപരിചയേന തേ അംഗേഷ്വാഭരണവിനിയോഗം കരോതി.

ശകുന്തളാ:—ജാനേ വോ നൈപുണം.

(ഉഭേ നാട്യേനാലംകുരുതഃ)

ശകുന്തളാം=ശകുന്തളയെ. വിലോക്യ=നോക്കി.

ഹലാ=സഖി. അനയാ=ഈ. അഭ്യുപപത്ത്യാ=അനുഗ്രഹലാഭത്താൽ. (ആഭരണങ്ങളും കിട്ടുകനിമിത്തം) തേ=നിനക്കു്. ഭർത്തുഃ ഗൃഹേ=ഭർത്താവിന്റെ ഗൃഹത്തിൽ. അനുഭവിതവ്യാ=അനുഭവിക്കാനിരിക്കുന്ന. രാജലക്ഷ്മീഃ=രാജൈശ്വര്യം. സൂചിതാ=സൂചിക്കപ്പെട്ടിരിക്കുന്നു.

ലജ്ജാം രൂപയതി=ലജ്ജയെ നടിക്കുന്നു.

ഏഹി=വരു. അഭിഷേകാവതീർണ്ണായ=അഭിഷേകം കഴിഞ്ഞു് അവതരിച്ചിരിക്കുന്ന (എത്തിയിരിക്കാവുന്ന) കാശ്യപായ=കാശ്യപഗുരുവിന്നായി വിന്നെ. വനസ്പതിസേവാം=വനസ്പതികളുടെ സേവാമാർഗ്ഗം. നിവേദയാവഃ=അറിയിക്കാം.

തഥാ=അങ്ങനെതന്നെ. നിഷ്ക്രാന്തൗ=പോയി.

അയം ജനഃ=ഈ ജനം. (ഞങ്ങളും) അനുപയുക്തഭൂഷണഃ=അനുപയുക്തങ്ങളായ ഭൂഷണങ്ങളോടുകൂടിയവരാണു്. ചിത്രകർമ്മപരിചയേന=ചിത്രകർമ്മങ്ങളിൽ (ചിത്രങ്ങളുംകളള) ഉള്ള പരിചയേന (പരിചയത്താൽ.) തേ=നിന്റെ. അംഗേഷു=അംഗങ്ങളിൽ. ആഭരണവിനിയോഗം=ആഭരണങ്ങളുടെ വിനിയോഗത്തെ. കരോതി=ചെയ്യുന്നു (ചെയ്യാം.)

വഃ=നിങ്ങളും രണ്ടുപേരുടേയും. നൈപുണം=സാമർത്ഥ്യം. ജാനേ=ഞാൻ അറിയുന്നു (എനിക്കറിയാം.)

(തതഃ പ്രവിശതി സ്നാതോത്തീർണ്ണഃ കാശ്യപഃ)

കാശ്യപഃ:—

യാസ്യത്യദ്യ ശകുന്തളേതി ഹൃദയം സംസ്പൃഷ്ടമുത്കണ്ഠയാ
കണ്ഠഃ സ്തംഭിതബാഷ്പവൃത്തികലുഷശ്ചിന്താജഡം ദർശനമ്
വൈക്ലബ്യം മമ താവദീദൃശമഹോ സ്നേഹാദരണ്യൌകസഃ
പീഡ്യന്തേ ഗൃഹിണഃ കഥം ന തനയാവിശ്ലേഷദുഃഖൈർനവൈഃ

(പരിക്രാമതി)

സഖ്യൗ:—ഹലാ ശകുന്തളേ, അവസിതമണ്ഡനാഽസി. പരിധേഹി സാമ്പ്രതം പവിത്രം ക്ഷൌമയുഗളമ്.

(ശകുന്തളാ ഉത്ഥായ പരിധത്തേ)

സ്നാതോത്തീർണ്ണഃ=കുളികഴിഞ്ഞ. കാശ്യപഃ=കാശ്യപമഹർഷി.

അദ്യ=ഇന്ന്. ശകുന്തളാ=ശകുന്തള (മകൾ എന്നല്ല ഇവിടത്തെ വാക്ക്; അതു സൂക്ഷിക്കണം) (ശകുന്തങ്ങൾ ലാളിച്ചുവളർത്തിയ ഒരു പെൺകുട്ടി) യാസ്യതി ഇതി=പോകാൻപോകുന്നുവെന്ന (എന്ന സംഗതിയോർത്ത്) ഹൃദയം =(എന്റെ) ഹൃദയം. ഉത്കണ്ഠയാ=വിരഹവേദനയാൽ. സംസ്പൃഷ്ടം=നല്ലപോലെ സ്പർശിക്കപ്പെട്ടതായിരിക്കുന്നു. (ഹൃദയത്തിൽ വല്ലാത്ത ശോകഭാരം തോന്നുന്നു) കണ്ഠഃ=കണ്ഠം. സ്തംഭിതബാഷ്പവൃത്തികലുഷഃ=സ്തംഭിതമായ, തടുക്കപ്പെട്ടതായ ബാഷ്പവൃത്തിയാൽ (കണ്ണുനീർ അടക്കുകനിമിത്തം) കലുഷമായിരിക്കുന്നു. ദർശനം=കണ്ണ്. ചിന്താജഡം=ചിന്തമൂലം (ശകുന്തളയെ ഇനിയെന്നാണു കാണ്മാൻ സാധിക്കുന്നതു് എന്ന വിചാരംമൂലം) ജഡമായിരിക്കുന്നു. (ചുറ്റും കാണുന്ന വസ്തുക്കളെ ഗ്രഹിപ്പാൻ അസമർത്ഥമായിരിക്കുന്നു.)

അരണ്യൌകസഃ=അരണ്യവാസിയായ. മമ=എനിക്ക്. സ്നേഹാത്=സ്നേഹംമൂലം. ഈദൃശം വൈക്ലബ്യം=ഇമ്മാതിരിയുള്ള വിക്ലവത=അസ്വാസ്ഥ്യം. അഹോ=ആശ്ചര്യം. (അങ്ങിനെയാണെങ്കിൽ) ഗൃഹിണഃ=ഗൃഹസ്ഥാശ്രമപ്രവിഷ്ടന്മാർ. നവൈഃ=നൂതനമായ. തനയാവിശ്ലേഷദുഃഖൈഃ=പുത്രിയുടെ വേർപാടുമൂലമുള്ള ദുഃഖത്താൽ. കഥം ന പീഡ്യന്തേ=എങ്ങിനെ പീഡിപ്പിക്കപ്പെടുന്നു.

അവസിതമണ്ഡനാ അസി=നിന്നെ ആഭരണമെല്ലാം അണിയിച്ചുവല്ലോ. സാമ്പ്രതം=ഇപ്പോൾ. പവിത്രം=പരിശുദ്ധമായ. ക്ഷൌമയുഗളം=ഇരു വെൺപട്ടുരണ്ടും. പരിധേഹി=ഉടുത്താലും. (പരിധത്തേ=ധരിക്കുന്നു)

(ശകുന്തളാ ഉത്ഥായ പരിധത്തേ)

ഗൌതമീ:—ജാതേ, ഏഷ തേ ആനന്ദപരിവാഹിനാ ചക്ഷുഷാ പരിഷ്വജന്നിവ ഗുരുരുപസ്ഥിതഃ. ആചാരം താവത് പ്രതിപദ്യസ്വ.

ശകുന്തളാ:—(സവ്രീളം) താത! വന്ദേ.

കാശ്യപഃ:—വത്സേ,

യയാതേരിവ ശർമിഷ്ഠാ ഭർത്തുർബഹുമതാ ഭവ,
സുതം ത്വമപി സമ്രാജം സേവ പൂരുമവാപ്നുഹി. 7

ഗൗതമീ:—ഭഗവൻ, വരഃ ഖല്വേഷഃ ന ആശീഃ.

കാശ്യപഃ:—വത്സേ! ഇതഃ സദ്യോഹുതാനഗ്നീൻ പ്രദക്ഷിണീ കുരുഷ്വ.

(സർവേ പരിക്രാമന്തി)

ഉത്ഥായ=എണീറ്റ്. പരിധത്തേ=ധരിക്കുന്നു.

ജാതേ=വത്സേ. ആനന്ദപരിവാഹിനാ=ആനന്ദപരിവാഹിയായ. ചക്ഷുഷാ=ചക്ഷുസ്സിനാൽ. പരിഷ്വജൻ ഇവ=ആലിംഗനം ചെയ്യുന്നവനെപ്പോലെ. തേ=നിന്റെ. ഗുരുഃ ഏഷഃ ഉപസ്ഥിതഃ=ഗുരു ഇതാ വന്നിരിക്കുന്നു. ആചാരം താവത് പ്രതിപദ്യസ്വ=ആചാരപ്രതിപാദനം ചെയ്താലും (വന്ദിക്കുക).

സവ്രീളം=ലജ്ജയോടുകൂടി. താത, വന്ദേ=ഞാൻ വന്ദിക്കുന്നു. വത്സേ, ശർമിഷ്ഠാ=ശർമിഷ്ഠ. യയാതേഃ ഇവ=യയാതിമഹാരാജാവിനു എന്നപോലെ. ഭർത്തുഃ=ഭർത്താവിന്ന്. ബഹുമതാ=ബഹുമതിതോന്നുന്നവളായി. ഭവ=ഭവിക്കുക. സാ=ആ ശർമിഷ്ഠ പൂരും ഇവ=പൂരുവിനെപ്പോലെ സമ്രാജം=സമ്രാട്ടായ. സുതം=സുതനെ. ത്വം അപി=നീയും. അവാപ്നുഹി=പ്രാപിക്കുമാറാകട്ടെ.

ഭഗവൻ=അല്ലയോ ഭഗവാനേ. ഏഷഃ=ഇതു്. വരഃ ഖലു=ഒരു വരമാണല്ലോ. ന ആശീഃ=ആശിസ്സ് (മാത്രം) അല്ല.

വത്സേ=കുഞ്ഞേ. സദ്യഃ ഹുതാൻ=ഇപ്പോഴംതന്നെ ഹോമം കഴിഞ്ഞിരിക്കുന്ന. അഗ്നീൻ=അഗ്നികളെ (ത്രേതാ, ദക്ഷിണാ, ഗാർഹപത്യ, ആഹവനീ എന്നീ അഗ്നികളെ) പ്രദക്ഷിണീകുരുഷ്വ=പ്രദക്ഷിണംവയ്ക്കുക.

സർവേ=എല്ലാവരും. പരിക്രാമന്തി=ചുററിനടക്കുന്നു

കാശ്യപഃ:—

അമീ വേദിം പരിതഃ ക്ലുപ്തധിഷ്ണ്യാഃ
സമിദ്വന്തഃ പ്രാന്തസംസ്തീർണ്ണദർഭാഃ
അപഘ്നന്തോ ദുരിതം ഹവ്യഗന്ധൈ-
ർവൈതാനാസ്ത്വാം വഹ്നയഃ പാലയന്തു. 8

പ്രതിഷ്ഠസ്വേദാനീമ്. (സദൃഷ്ടിക്ഷേപം) ക്വ, തേ, ശാർങ്ഗരവമിശ്രാഃ?

(പ്രവിശ്യ ശിഷ്യാഃ)

ഭഗവൻ ഇമേ സ്മഃ.

കാശ്യപഃ:—ശാർങ്ഗരവ! ഭഗിന്യാസ്തേ മാർഗമാദേശയ.

ശാർങ്ഗരവഃ:—ഇത ഇതോ ഭവതീ.

(പരിഷ്ക്രാമന്തി)

വേദിം പരിതഃ=വേദിക്കു ചുററും. ക്ലിപ്തധിഷ്ണ്യാഃ=ക്ലിപ്തങ്ങളായ (ക്ലിപ്തപ്പെടുത്തീട്ടുള്ളവയായ) ധിഷ്ണ്യങ്ങളോടു (സ്ഥാനങ്ങളോടു)കൂടിയവയും. സമിദ്വന്തഃ=സമിത്തോടുകൂടിയവയും. പ്രാന്തസംസ്തീർണ്ണദർഭാഃ=പ്രാന്തദേശങ്ങളിൽ (അടുത്തായി) ത്തന്നെ, സംസ്തീർണ്ണങ്ങളായ(വിരിച്ചതുകളായ)ദർഭകളോടും, ദർഭപ്പുല്ലുകളോടുകൂടിയവയും. ഹവ്യഗന്ധൈഃ=ഹവ്യ (ഹോമദ്രവ്യ)ത്തിൻെറ ഗന്ധങ്ങളാൽ. ദുരിതം=പാപത്തെ. അപഘ്നന്തഃ=നിശ്ശേഷം നശിപ്പിക്കുന്നവയും ആയ. അമീ വൈതാനാഃ=ഈ യാഗസംബന്ധികളായ. വഹ്നയഃ=അഗ്നികൾ. ത്വാം പാലയന്തു=നിന്നെ രക്ഷിക്കുമാറാകട്ടെ.

അലങ്കാരം—സ്വഭാവോക്തിയും, പരികരവും.

പ്രതിഷ്ഠസ്വ ഇദാനീം=ഇനി പുറപ്പെടാം.

സദൃഷ്ടിക്ഷേപം=ദൃഷ്ടിക്ഷേപത്തോടുകൂടി. (ചുററിനോക്കി)

ശാർങ്ഗരവമിശ്രാഃ=ശാർങ്ഗരവനോടുകൂടിയ ശിഷ്യന്മാർ. ക്വ=എവിടെ?

ശിഷ്യാഃ=ശിഷ്യന്മാർ. പ്രവിശ്യ=പ്രവേശിച്ച്.

ഭഗവൻ=അല്ലയോ ഭഗവൻ. ഇമേ സ്മഃ=ഞങ്ങൾ ഇതാ ഇവിടെയുണ്ട്.

ശാർങ്ഗരവ, തേ ഭഗിന്യാഃ=നിൻെറ സഹോദരിക്ക്. മാർഗ്ഗം=മാർഗ്ഗത്തെ. ആദേശയ=ആദേശിക്കു. (വഴികാട്ടുക)

ഇതഃ ഇതഃ ഭവതീ=ഭവതി ഇതിലെ ഇതിലെ. പരിഷ്ക്രാമന്തി=ചുററിനടക്കുന്നു.

കാശ്യപഃ—ഹംഹോ! സന്നിഹിതദേവതാസ്തപോവനതരവഃ—

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവമ്,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം സർവ്വൈരനുജ്ഞായതാമ്. 9

ഹം ഹോഃ=ഹേ, ഹേ. സന്നിഹിതദേവതാഃ=സന്നിഹിതകളായ, അടുത്തുള്ള വനദേവതമാരോടുകൂടിയ തപോവനതരവഃ=തപോവനതരു(വൃക്ഷ)ക്കളേ.

യുഷ്മാസു=നിങ്ങൾ. അപീതാസു=പീതകളല്ലാതിരിക്കെ (നിങ്ങൾ ജലം കുടിച്ചിട്ടില്ലെന്നവരികിൽ) യാ=യാതൊരുത്തിയാണോ. പ്രഥമം=ആദ്യമായി. ജലം പാതും=വെള്ളം കുടിക്കുന്നതിന്. വ്യവസ്യതി ന=ശ്രമിക്കാതിരിക്കുന്നതു്.

യാ=യാതൊരുത്തിയാണോ പ്രിയമണ്ഡനാ അപി=പൂവു്, തളിരു് എന്നിവ കൊണ്ടുള്ള അലങ്കാരങ്ങളിൽ ഏററവും കൌതുകമുള്ളവളാണ് എങ്കിലും സ്നേഹേന=നിങ്ങളോടുള്ള സ്നേഹത്താൽ. ഭവതാം=നിങ്ങളുടെ. പല്ലവം=തളിരു്. ന ആദത്തേ=എടുക്കാതിരിക്കുന്നുവോ?

വഃ=നിങ്ങളുടെ. ആദ്യേ=ആദ്യത്തേതായ. കുസുമപ്രസൂതിസമയേ=കുസുമങ്ങളുടെ (പുഷ്പങ്ങളുടെ) പ്രസൂതിസമയത്തിൽ (നിങ്ങൾ പൂക്കുമ്പോൾ) യസ്യാഃ=യാതൊരുത്തിക്കാണോ. ഉത്സവഃ ഭവതി=അത്യന്താഹ്ലാദം ഭവിക്കുന്നു.

സാ ഇയം ശകുന്തളാ=ആ ഈ ശകുന്തള. പതിഗൃഹം=ഭർത്താവിൻെറ ഗൃഹത്തിലേക്കു്. യാതി=പോകുന്നു.

സർവ്വൈഃ=എല്ലാവരാലും. അനുജ്ഞായതാം=അനുഗമിക്കപ്പെടട്ടെ. നിങ്ങൾ എല്ലാവരും സമ്മതമേകിയാലും.

(പ്രഥമപാദത്തിൽ അലങ്കാരം കാവ്യലിംഗം, ദ്വിതീയപാദത്തിൽ വിശേഷോക്തി; തൃതീയപാദത്തിൽ ദീപകം.)

(നായികാനായകന്മാരുടെ പ്രഥമദർശനംതൊട്ട് അതേവരെയുള്ള സകല സംഭവങ്ങൾക്കും സാക്ഷികളായ ആശ്രമവൃക്ഷങ്ങളോട് ഈവിധം യാത്രയ്ക്കു സമ്മതം ചോദിക്കുന്നതു് അത്യന്തം യുക്തവും ഹൃദ്യവുമായിരിക്കുന്നു.)

(കോകിലരുതം സൂചയിത്വാ)

അനുമതഗമനാ ശകുന്തളാ
തരുഭിരിയം വനവാസബന്ധുഭിഃ
പരഭൃതവിരുതം കലം യഥാ
പ്രതിവചനീകൃതമേഭിരീദൃശമ്. 10

(ആകാശേ)

രമ്യാന്തരഃ കമലിനീഹരിതൈഃ സരോഭിഃ
ഛായാദ്രുമൈർന്നിയമിതാർക്കമരീചിതാപഃ
ഭൂയാത്, കുശേശയരജോമൃദുരേണുരസ്യാഃ
ശാന്താനുകൂലപവനശ്ച ശിവശ്ച പന്ഥാഃ. 11

(സർവേ സവിസ്മയമാകർണയന്തി)

വനവാസബന്ധുഭിഃ=വനവാസംകൊണ്ടു് ബന്ധുക്കളായ. തരുഭിഃ=തരുക്കളാൽ. ഇയം ശകുന്തളാ=ഈ ശകുന്തള. അനുമതഗമനാ=അനുമതമായ (സമ്മതിക്കപ്പെട്ടതായ) ഗമനത്തോടുകൂടിയവളായിരിക്കുന്നു. (ഈ സംഗതി ഉത്തരാർദ്ധംകൊണ്ടു് ഊഹിക്കയാണ്.) യഥാ=ഏതൊരുപ്രകാരത്തിലാണോ. ഏഭിഃ=ഈ വൃക്ഷങ്ങളാൽ. ഈദൃശം=ഇപ്രകാരമുള്ള. കലം=അവ്യക്തമധുരമായ. പരഭൃതവിരുതം=പരഭൃതത്തിന്റെ (കുയിലിന്റെ) സ്വനവിശേഷം. പ്രതിവചനീകൃതം=മറുപടിയാക്കപ്പെട്ടു.

ആകാശേ=ആകാശത്തിൽ.

അസ്യാഃ=ഇവളുടെ. പന്ഥാഃ=മാർഗ്ഗം. കമലിനീഹരിതൈഃ=കമലിനിയാൽ (താമരക്കൂട്ടത്താൽ) ഹരിതങ്ങളായ (പച്ചവർണ്ണത്തോടുകൂടിയ.) സരോഭിഃ=സരസ്സുകളാൽ. രമ്യാന്തരഃ=രമ്യമായ (മനോഹരമായ) അന്തരത്തോടുകൂടിയതായും.

ഛായാദ്രുമൈഃ=തണൽവൃക്ഷങ്ങളാൽ. നിയമിതാർക്കമരീചിതാപഃ=നിയമിതമായ (തടുക്കപ്പെട്ടതായ) അർക്കമരീചിതാപത്തോടു് (സൂര്യകിരണതാപത്തോടു) കൂടിയതായും.

കുശേശയരജോമൃദുരേണുഃ=കുശേശയത്തിന്റെ (താമരയുടെ) രജസ്സുപോലെ (പൂമ്പൊടിപോലെ) മൃദുവായ രേണുവോടു് (മണൽപ്പൊടിയോടു) കൂടിയതായും. ശാന്താനുകൂലപവനഃ=പ്രശാന്തവും അനുകൂലവുമായ കാറ്റോടുകൂടിയതായും. ശിവഃ ച=മംഗളവത്തായും. ഭൂയാത്=ഭവിക്കും, ഭവിക്കട്ടെ. ആകർണയന്തി=കേൾക്കുന്നു.

ഗൗതമീ:—ജാതേ, ജ്ഞാതിജനസ്നിഗ്ദ്ധാഭിരനുമതഗമനാസി തപോവനദേവതാഭിഃ. പ്രണമസ്വ ഭഗവതീഭ്യഃ.

ശകുന്തളാ:—(സപ്രണാമം പരിക്രമ്യ ജനാന്തികം) ആര്യപുത്രദർശനോൽസുകായാ അപ്യാശ്രമം പരിത്യജന്ത്യാ, ദുഃഖദുഃഖേന മേ ചരണൗ പുരതോ മുഖൗ വർതേതേ.

പ്രിയംവദാ:—ന കേവലം തപോവനവിരഹകാതരാ സഖ്യേ വാ ത്വയോപസ്ഥിതവിയോഗസ്യ തപോവനസ്യാപ്യേഷാ സമവസ്ഥാ ദൃശ്യതേ—

ജാതേ=വത്സേ! ജ്ഞാതിജനസ്നിഗ്ദ്ധാഭിഃ=ജ്ഞാതിജനങ്ങളോട് (ബന്ധുവർഗ്ഗത്തോട്) സ്നിഗ്ദ്ധങ്ങളായ (സ്നേഹമുള്ളവരായ) തപോവനദേവതാഭിഃ=തപോവനദേവതകളാൽ. അനുമതഗമനാ=അനുമതയായ (സമ്മതിക്കപ്പെട്ട) ഗമനത്തോടുകൂടിയവളായി. അസി=നീ ഇരിക്കുന്നു. (വനദേവതമാർ നിനക്കു പോകാൻ അനുമതി നൽകിയിരിക്കുന്നു) ഭഗവതിഭ്യഃ=ആ ദേവതമാർക്കായി. പ്രണമസ്വ=നമസ്കരിക്കുക.

സപ്രണാമഃ=പ്രണാമത്തോടുകൂടി. പരിക്രമ്യ=ചുററി. ജനാന്തികം=പ്രത്യേകമായി ഒരാളോട്.

ആര്യപുത്രദർശനോത്സുകായാഃ അപി=ആര്യപുത്രനെ ദർശിക്കുന്നതിൽ ഉത്സുകതയുള്ളവളായാലും. ആശ്രമഃ=ഈ തപോവനത്തെ. പരിത്യജന്ത്യാഃ=ഉപേക്ഷിക്കുന്നവളായ. മേ=എൻെറ ചരണൌ=രണ്ടുകാലും. ദുഃഖദുഃഖേന=ഏററവും ദുഃഖംകൊണ്ടു്. പുരതോമുഖൌ=മുമ്പോട്ടു മുഖങ്ങളായി. വർത്തതേ=വർത്തിക്കുന്നു.

സഖീ=ശകുന്തള. തപോവനവിരഹകാതരാ=തപോവനവിരഹഭീരു. ന കേവലമേവ=എന്നതു മാത്രമല്ല. (നിനക്കു മാത്രമല്ല വ്യസനം) ത്വയാ=നിന്നാൽ. ഉപസ്ഥിതവിയോഗസ്യ=പ്രാപ്തവിയോഗമായ. തപോവനസ്യ അപി ഏഷാ സമവസ്ഥാ ദൃശ്യതേ=തപോവനത്തിനുംകൂടിയും ഈ അവസ്ഥ സമമായിക്കാണപ്പെടുന്നു. ഈ തപോവനവിരഹത്തിൽ നിനക്കു ദുഃഖമെത്രയോ അതുപോലെ നിന്നെ പിരിയുന്നതിൽ ഈ തപോവനവും ദുഃഖിക്കുന്നുണ്ടു്.

അടുത്ത പദ്യത്താൽ അതു വെളിവാക്കുന്നു.

ഉദ്ഗലിതദർഭകബലാ മൃഗ്യഃ പരിത്യക്തനർത്തനാ മയൂരാഃ
അപസൃതപാണ്ഡുപത്രാ മുഞ്ചന്ത്യശ്രൂണീവ വനലതാഃ. 12

ശകുന്തളാ:—താത ലതാഭഗിനീം വനജ്യോൽസ്നാം താവദാമന്ത്രയിഷ്യാമി.

കാശ്യപഃ:—അവൈമി തേ തസ്യാം സോദര്യസ്നേഹമ്. ഇയം താവദ്ദക്ഷിണേന.

ശകുന്തളാ:—(ലതാമുപേത്യ) വനജ്യോൽസ്നി, ചൂതസംഗതാഽപി പ്രത്യാലിംഗ മാമിതോഗതാഭിശ്ശാഖാബാഹാഭിഃ അദ്യപ്രഭൃതി ദൂരവർത്തിനീ ഭവിഷ്യാമി.

ശകുന്തളാവിയോഗത്താൽ തപോവനത്തിലുള്ള സ്ഥാവരജംഗമങ്ങൾക്കു് ഒരുപോലെ ദുഃഖാവസ്ഥ സംഭവിക്കുന്നതു വർണ്ണിക്കുന്നു.

മൃഗ്യഃ=മൃഗികൾ, മാൻപേടകൾ. ഉദ്ഗലിതദർഭകബലാഃ=ഉദ്ഗലിതങ്ങളായ (പുറമേ വീണുപോയതായ) ദർഭകബലങ്ങളോടു് (ദർഭപ്പുല്ലുകളോടു)കൂടിയതായിരിക്കുന്നു.

മയൂരാഃ=മയിലുകൾ. പരിത്യക്തനർത്തനാഃ=ഉപേക്ഷിച്ച നർത്തനത്തോടുകൂടിയവയായിരിക്കുന്നു.

വനലതാഃ=വനലതകൾ. അപസൃതപാണ്ഡുപത്രാഃ=അപസൃതങ്ങളായ (കൊഴിഞ്ഞതുകളായ) പാണ്ഡുപത്രങ്ങളോട് (വെള്ളിലകളോട്) കൂടി. അശ്രൂണി=കണ്ണുനീർത്തുള്ളികളെ. മുഞ്ചന്തി ഇവ=പുറമേ പ്രകാശിപ്പിക്കുന്നുവോ എന്നു തോന്നും.

താത=അച്ഛ! ലതാഭഗിനീം=ലതാഭഗിനിയായ. വനജ്യോത്സ്നാം=വനജ്യോൽസ്നയെന്ന മുല്ലവള്ളിയോട്. ആമന്ത്രയിഷ്യാമി താവത്=യാത്രചോദിച്ചുകൊള്ളട്ടെ.

തേ=നിനക്ക്. തസ്യാം=അവളിൽ (വനജ്യോത്സ്നയിൽ) സോദര്യസ്നേഹം=സഹോദരസ്നേഹം (ഉണ്ടെന്നു) അവൈമി=എനിക്കറിയാം. ഇയം താവത് ദക്ഷിണേന=ഇതാ അതു വലതുവശത്തു (കാണപ്പെടുന്നു.)

ലതാം ഉപേത്യ=ലതയെ സമീപിച്ച്.

വനജ്യോത്സ്നി=അല്ലേ വനജ്യോത്സ്നി. ചൂതസംഗതാ അപി=തേന്മാവോടു സംഗതയാണെങ്കിലും. മാം=എന്നെ (നിന്നെ ആലിംഗനംചെയ്യുന്ന എന്നെ) പ്രത്യാലിംഗ=തിരിയെ തഴുകുക. ഇതോഗതാഭിഃ ശാഖാബാഹാഭിഃ=ഇങ്ങോട്ടു വന്നിട്ടുള്ള ശാഖകളാൽ. അദ്യപ്രഭൃതി=ഇന്നുതൊട്ട്. ദൂരവർത്തിനീ ഭവിഷ്യാമി=ഞാൻ ദൂരദേശത്തു വസിക്കാൻപോകുകയാണ്.

കാശ്യപഃ:—

സങ്കല്പിതം പ്രഥമമേവ മയാ തവാർഥേ
ഭർത്താരമാത്മസദൃശം സുകൃതൈർഗതാ ത്വമ്
ചൂതേന സംശ്രിതവതീ നവമാലികേയ-
മസ്യാമഹം ത്വയി ച സമ്പ്രതി വീതശോകഃ. 13

ഇതഃ പന്ഥാനം പ്രതിപദ്യസ്വ.

ശകുന്തളാ:—ഹലാ! ഏഷാ ദ്വയോരപി വാം ഹസ്തനിക്ഷേപഃ.

ഉഭേ:—അയം ജന ഇദാനീം കസ്യ ഹസ്തേ അർപ്പിതഃ?

(ബാഷ്പം വിസൃജതഃ)

മയാ=എന്നാൽ. പ്രഥമം ഏവ=ആദ്യമായിത്തന്നെ, മുൻപായിത്തന്നെ. സങ്കല്പിതം=സങ്കല്പിക്കപ്പെട്ട. ആത്മസദൃശം=ആത്മാനുരൂപനായ. ഭർത്താരം=ഭർത്താവിനെ. സുകൃതൈഃ=സുകൃതങ്ങളാൽ (പുണ്യവിശേഷത്താൽ) ത്വം=നീ. ഗതാ=പ്രാപിച്ചവളായി.

ഇയം നവമാലികാ=ഈ പുത്തൻമുല്ലവള്ളിയും. ചൂതേന=തേന്മാവോട്. സംശ്രിതവതീ=യോജിച്ചതായി.

അഹം=ഞാൻ. സമ്പ്രതി=ഇപ്പോൾ. അസ്യാം ത്വയി ച=ഈ മല്ലികാലതയിലും നിന്നിലും. വീതശോകഃ=അപഗതശോകനാണ്. (നിങ്ങൾ രണ്ടുപേരെയും പററി എനിക്കുണ്ടായിരുന്ന ക്ലേശമെല്ലാം തീർന്നു.)

ഇതഃ=ഇങ്ങോട്ട്. പന്ഥാനം=മാർഗ്ഗത്തെ. പ്രതിപദ്യസ്വ=പ്രാപിക്കൂ (നേർവഴിക്കുവരൂ.)

ഹലാ=സഖിമാരേ. ഏഷാ=ഇവൾ (ഈ വനജ്യോത്സ്ന) വാം ദ്വയോഃ അപി=നിങ്ങൾ രണ്ടുപേരുടെയും. ഹസ്തനിക്ഷേപഃ=ഹസ്തനിക്ഷേപമാണ് (ഞാൻ നിങ്ങൾ

അയം ജനഃ=ഈ ജനം (ഞങ്ങൾ രണ്ടുപേരും) ഇദാനീം=ഇപ്പോൾ. കസ്യ ഹസ്തേ=ആരുടെകൈയിൽ (ആണ്) അർപ്പിതഃ=അർപ്പിക്കപ്പെടുന്നതു്?

ബാഷ്പം വ്യ് സൃജതഃ=ബാഷ്പജലം ഒഴുക്കുന്നു.

ശകുന്തളാവിരഹത്തിൽ സഖിമാരുടെ ഈ വ്യസനം അവൎക്കു നായികയോടുള്ള അതിപാവനമായ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നു.

കാശ്യപഃ:—അനസൂയേ! അലം രുദിത്വാ. നനു ഭവതീഭ്യാമേവ സ്ഥിരീകൎത്തവ്യാ ശകുന്തളാ.

(സൎവ്വേ പരിക്രാമന്തി)

ശകുന്തളാ:—താത, ഏഷാ ഉടജപൎയ്യന്തചാരിണീ ഗൎഭമന്ഥരാ മൃഗവധൂൎയ്യദാ അനഘപ്രസവാ ഭവതി, തദാ മഹ്യം കഞ്ചിത് പ്രിയനിവേദയിതാരം വിസൃജ.

കാശ്യപഃ:—വത്സേ, ശകുന്തളേ! നേദം വിസ്മരിഷ്യാമഃ.

ശകുന്തളാ:—(ഗതിഭംഗം രൂപയിത്വാ) കിം നു ഖലു വിടപിവിടപാന്ത ഇവ നിവസനേ മേ സജ്ജതി.

അനസൂയ, രുദിത്വാ അലം=കരഞ്ഞതുമതി. ശകുന്തളാ=ശകുന്തള. നനു ഭവതീഭ്യാം ഏവ=നിങ്ങൾ രണ്ടുപേരാലുമല്ലേ. സ്ഥിരീകൎത്തവ്യാ=സ്ഥിരീകരിക്കപ്പെടുവാൻ, ആശ്വസിക്കപ്പെടുവാൻ? സൎവ്വേ=എല്ലാപേരും. പരിക്രാമന്തി=ചുററിനടക്കുന്നു.

താത=അച്ഛ. ഉടജപൎയ്യന്തചാരിണീ=ഉടജത്തിൻെറ (ആശ്രമത്തിൻെറ) പൎയ്യന്തങ്ങളിൽ (അടുത്ത സ്ഥലങ്ങളിൽ) ചാരിണിയും (സഞ്ചരിക്കുന്നതും) ഗൎഭമന്ഥരാ=ഗൎഭത്താൽ മന്ദനായരയും അബലയുമായ. ഏഷാ മൃഗവധൂഃ=ഈ മാൻപേട. യദാ=എപ്പോളാണ്. അനഘപ്രസവാ ഭവതി=പ്രസവിക്കുന്നതു്? (സുഖമായി പ്രസവിക്കുന്നതു്) തദാ=അപ്പോൾ മഹ്യം=എനിക്കായിക്കൊണ്ടു്. കഞ്ചിത്=ഒരു. പ്രിയനിവേദയിതാരം=നല്ലവാൎത്ത അറിയിക്കുന്ന ആളിനെ. വിസൃജ=അയയ്ക്കുണേ.

വത്സേ ശകുന്തളേ=കുഞ്ഞേ ശകുന്തളേ. ഇദം=ഇതു് (ഇക്കാൎയ്യം) ന വിസ്മരിഷ്യാമഃ=നാം മറന്നുപോകയില്ല. ഗതിഭംഗം രൂപയിത്വാ=ഗതി തടഞ്ഞതായി നടിച്ചിട്ടു്.

വിടപിവിടപാന്തേ ഇവ=വിടപികളുടെ വിടപാന്തത്തിലെന്നപോലെ. (വൃക്ഷങ്ങളുടെ അഥവാ ചെടികളുടെ ശാഖാഗ്രത്തിലെന്നപോലെ.) മേ=എൻെറ. നിവസനേ=വസ്ത്രത്തിൽ. കിം നു ഖലു സജ്ജതി=എന്താണ് ഉടക്കുന്നതു്? (ചെടികളിൽ ഉടക്കിയതുപോലെ എൻെറ പുടക തടയുന്നതെന്താണ്?)

കാശ്യപഃ:—

യസ്യ ത്വയാ വ്രണവിരോപണമിംഗുദീനാം
തൈലം ന്യഷിച്യത മുഖേ കുശസൂചിബദ്ധേ,
ശ്യാമാകമുഷ്ടിപരിവൎദ്ധിതകോ ജഹാതി,

ശകുന്തളാ:—വത്സ, കിം സഹവാസപരിത്യാഗിനീം മാമനുഗച്ഛസി, അചിരപ്രസൂതയാ ജനന്യാ വിനാ വർദ്ധിത ഏവ, ഇദാനീം ത്വാം മയാ വിരഹിതം താതശ്ചിന്തയിഷ്യതി; നിവർത്തസ്വ താവത്. (രുദതീ പ്രസ്ഥിതാ)

യസ്യ=യാതൊരു മാൻകുട്ടിയുടെ വായുടെ. കുശസൂചിബദ്ധേ=കുശസൂചിയാൽ (ദർഭസൂചിയാൽ) ബദ്ധമായ. മുഖേ=മുഖത്തിൽ. വ്രണവിരോപണം=വ്രണത്തിന്റെ വിരോപണമായ (ശോഷകമായ) ഇംഗുദീനാം തൈലം=ഇംഗുദികളുടെ എണ്ണ (ഓടലെണ്ണ) ന്യഷിച്യത=നിന്നാൽ പുരട്ടപ്പെട്ടുവോ,

ശ്യാമാകമുഷ്ടിപരിവർദ്ധിതകഃ=ശ്യാമകത്തിന്റെ, ചാമയരിയുടെ മുഷ്ടിയാൽ, പിടിയാൽ (പിടി ചാമയരിയാൽ) പരിവർദ്ധിതനായ (വളർത്തപ്പെട്ടതായ.) പുത്രകൃതകഃ=വളർത്തുപുത്രനായ. തേ സഃ അയം മൃഗഃ=നിന്റെ ആ മാൻകുട്ടി. തേ=നിന്റെ. പദവീം=മാർഗ്ഗത്തെ. ന ജഹാതി=ഉപേക്ഷിക്കുന്നില്ല. (ആ മാൻകുട്ടി നിന്നെ പിൻതുടർന്നുകൊണ്ടിരിക്കുന്നതാണ് ഈ തടസ്സത്തിനു കാരണം.)

വത്സ=പ്രിയപ്പെട്ട (മാൻകുട്ടി) സഹവാസപരിത്യാഗിനീം=സഹവാസം, കൂട്ടുകെട്ട് ഉപേക്ഷിച്ചുപോകുന്ന. മാം=എന്നെ. കിം അനുഗച്ഛസി=പിൻതുടരുകയാണോ?

അചിരപ്രസൂതയാ=നിന്നെ പ്രസവിച്ച് അധികം താമസിയാതെ മറ്റൊരു പ്രസവവും നിർവ്വഹിച്ച. ജനന്യാ വിനാ=നിന്റെ തള്ളയെക്കൂടാതെ. വർദ്ധിതഃ ഏവ=നീ (എന്നാൽ) വളർത്തപ്പെട്ടു.

ഇദാനീം=ഇപ്പോൾ. മയാ വിരഹിതം=എന്നോടു പിരിഞ്ഞിരിക്കുന്ന. ത്വാം=നിന്നെ. താതഃ=താതൻ. ചിന്തയിഷ്യതി=നോക്കിക്കൊള്ളും. നിവർത്തസ്വ താവത്=പൊയ്ക്കൊള്ളു.

രുദതീ പ്രസ്ഥിതാ=കരഞ്ഞുകൊണ്ടു നടക്കുന്നു.

കാശ്യപഃ:—ഉത്പക്ഷ്മണോർനയനയോരുപരുദ്ധവൃത്തിം
ബാഷ്പം കുരു സ്ഥിരതയാ വിഹിതാനുബന്ധം
അസ്മിന്നലക്ഷിതനതോന്നതഭൂമിഭാഗേ
മാർഗ്ഗേ പദാനി ഖലു തേ വിഷമീഭവന്തി. 15

ശാർങ്ഗരവഃ—ഭഗവൻ ഓദകാന്താത് സ്നിഗ്ദ്ധോ ജനോഽനുഗന്തവ്യ ഇതി ശ്രൂയതേ. തദിദം സരസ്തീരമ്. അത്ര സന്ദിശ്യ നഃ പ്രതിഗന്തുമർഹസി.

കാശ്യപഃ:—തേന ഹീമാം ക്ഷീരവൃക്ഷച്ഛായാമാശ്രയാമഃ.

(സർവേ പരിക്രമ്യ സ്ഥിതാഃ)

ഉത്പക്ഷ്മണോഃ=മേലോട്ടുള്ള നേത്രരോമങ്ങളോടുകൂടിയ നയനയോഃ=നയനങ്ങളുടെ. ഉപരുദ്ധവൃത്തിം=വൃത്തിയെ (വ്യാപാരത്തെ) ഉപരുദ്ധമാക്കിയതായ, തടസ്സപ്പെടുത്തിയതായ. ബാഷ്പം=ബാഷ്പജലത്തെ. വിഹിതാനുബന്ധം=വിഹിതമായ, ചെയ്യപ്പെട്ടതായ അനുബന്ധത്തോടുകൂടിയതാക്കി (അവിച്ഛിന്നപ്രസരമാക്കി.)

അലക്ഷിതനതോന്നതഭൂമിഭാഗേ=അലക്ഷിതവും നതോന്നതവും (പൊങ്ങിയും താണും ആയ ഭൂമിഭാഗത്തോടുകൂടിയ. അസ്മിൻ മാർഗ്ഗേ=ഈ വഴിയിൽ. തേ പദാനി=നിന്റെ കാലടികൾ.

വിഷമീഭവന്തി=ഇടറുന്നതായി ഭവിക്കുന്നു. (കരയാതിരിക്കുക. കണ്ണുനീർ കൊണ്ടു ദൃഷ്ടികൾ പ്രതിബന്ധിക്കുന്നപക്ഷം കുണ്ടും കുഴിയുമായ ഈ വഴിയിൽ നീ കാൽതെററാൻ ഇടയായേക്കും.)

ഭഗവൻ=അല്ലയോ ഭഗവാനേ. സ്നിഗ്ദ്ധഃ ജനഃ=ഇഷ്ടബന്ധുവായ ആൾ. ആ ഉദകാന്താത്=ഉദകം കാണുന്നതുവരെ (മാത്രമേ) അനുഗന്തവ്യഃ= യാത്രപോകുന്നതുവരെ) അനുഗമിക്കേണ്ടതുള്ളു. ഇതി=എന്നു്. ശ്രൂയതേ=കേൾക്കപ്പെടുന്നു. (പറയപ്പെടുന്നു) തത്=അതിനാൽ. ഇദം=ഇതു്. സരസ്തീരം=സരസ്സിന്റെ തീരം (ഇതാ സരസ്സിന്റെ തീരമായി) അത്ര=ഇവിടെ നഃ=ഞങ്ങളെ. സന്ദിശ്യ=സന്ദേശം എന്തെന്നാൽ അതു് അറിയിച്ചു്. പ്രതിഗന്തും=തിരിയെ ആശ്രമത്തിലേക്കുപോകാൻ. അർഹസി=അങ്ങു യോഗ്യനായി ഭവിക്കുന്നു.

തേന ഹി=അതിനാൽ. ഇമാം=ഈ. ക്ഷീരവൃക്ഷച്ഛായാം=പാലുള്ള വൃക്ഷത്തിന്റെ തണലിനെ. ആശ്രയാമഃ=ആശ്രയിക്കാം. സർവേ പരിക്രമ്യ സ്ഥിതാഃ=എല്ലാവരും ചുററിനില്ക്കുന്നു.

കാശ്യപഃ:—(സ്വഗതം) കിം നു ഖലു തത്രഭവതോ ദുഷ്ഷന്തസ്യ യുക്തരൂപമസ്മാഭിസ്സന്ദേഷ്ടുമ്. (ചിന്തയതി)

ശകുന്തളാ—(ജനാന്തികം)ഹലാ! പശ്യ നളിനീപത്രമാത്രാന്തരിതാഽപി സഹചരമപശ്യന്തി ആതുരാ ചക്രവാക്യാരസതി. ദുഷ്കരം ഖലുഹം കരോമീതി തർകയാമി.

അനസൂയാ:—സഖീ, മൈവം മന്ത്രയസ്വ.

ഏഷാഽപി പ്രിയേണ വിനാ ഗമയതി രജനീം വിരഹദീർഘാമ്.
ഗുരുതരമപി ദുഃഖം ആശാബന്ധസ്സാഹയതി. 16

സ്വഗതം=ആത്മഗതം. തത്രഭവതഃ ദുഷ്ഷന്തസ്യ=മാന്യനായ ദുഷ്ഷന്തനു്. യുക്തരൂപം=ഏററവും അനുയോജിച്ചവിധത്തിൽ. കിം നു ഖലു അസ്മാഭിഃ സന്ദേഷ്ടും=നമ്മാൽ സന്ദേശം തരത്തക്കതായി എന്താണുള്ളതു്? (ചിന്തയതി=ആലോചിക്കുന്നു.)

ഹലാ=സഖി! പശ്യ=നോക്കൂ. നളിനീപത്രമാത്രാന്തരിതാ അപി=ഒരൊററത്താമരയിലകൊണ്ടു മാത്രമാണു മറവുള്ളതു് എന്ന നിലയിൽ ഇരിക്കുന്നതായിട്ടുംകൂടി. സഹചരം=തന്റെ ഇണയെ. അപശ്യന്തീ=കാണാത്തവളും ആതുരാ=പരവശയുമായ. ചക്രവാകീ=പെൺചക്രവാകപ്പക്ഷി. ആരസതി=നിലവിളിക്കുന്നു. അഹം=ഞാൻ. ദുഷ്കരം ഖലു കരോമി ഇതി=കഠിനമല്ലേ ചെയ്യുന്നതെന്നു്. തർക്കയാമി=വിചാരിക്കുന്നു.

സഖീ, ഏവം=ഇപ്രകാരം. മാ മന്ത്രയസ്വ=വിചാരിക്കേണ്ട. (പറയേണ്ട.)

ഏഷാ അപി=ഈ ചക്രവാകപ്പക്ഷിയും. വിരഹദീർഘാം=വിരഹംകൊണ്ടു ദീർഘമായ രജനീം=രാത്രിയെ (കാമിനീകാമുകന്മാരെ പരസ്പരം രഞ്ജിപ്പിക്കുന്നതു രജനി) പ്രിയേണ വിനാ=പ്രിയനോടുകൂടാതെ. ഗമയതി=പോക്കുന്നു.

ദുഃഖം ഗുരുതരമപി=വിരഹദുഃഖം ഏററവും മഹത്തായിരുന്നാലും (അതിനെ) ആശാബന്ധഃ= പിന്നെ പരസ്പരസംഗമം ഉണ്ടാകുമല്ലോ എന്നുള്ള വിശ്വാസം. സാഹയതി—സഹിപ്പിക്കുന്നു...

ശകുന്തളയ്ക്കു് ഇനിമേൽ ഉണ്ടാകാവുന്ന വിരഹവും ഇവ്വിധം സഹിക്കേണ്ടതാണെന്ന കാര്യം സൂചിതമായിരിക്കുന്നു.

കാശ്യപഃ:—ശാർങ്ഗരവ, ഇതി ത്വയാ മദ്വചനാത് സ രാജാ ശകുന്തളാം പുരസ്കൃത്യ വക്തവ്യഃ.

ശാർങ്ഗരവഃ:—ആജ്ഞാപയതു ഭഗവാൻ.

കാശ്യപഃ:—

അസ്മാൻ സാധു വിചിന്ത്യ സംയമധനാനുച്ചൈഃ കുലം ചാത്മന-
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം സ്നേഹപ്രവൃത്തിം ച താം,
സാമാന്യപ്രതിപത്തിപൂർവകമിയം ദാരേഷു ദൃശ്യാ ത്വയാ,
ഭാഗ്യായത്തമതഃ പരം, ന ഖലു തദ്വാച്യം വധൂബന്ധുഭിഃ. 17

ശാർങ്ഗരവ, ഇതി=ഇങ്ങിനെ. ത്വയാ=നിന്നാൽ. മദ്വചനാത്=എന്റെ വാക്കിൽനിന്നും (എന്റെ വാക്കായി) ശകുന്തളാം പുരസ്കൃത്യ=ശകുന്തളയെ പുരസ്കരിച്ചു്. സഃ രാജാ=ആ രാജാവു്. വക്തവ്യഃ=പറയപ്പെടേണ്ടവനാണു്. (ശകുന്തളയെപ്പററി ഞാൻ ഇങ്ങിനെ പറയുന്നുവെന്നു് നീ ആ രാജാവിനോടു പറയണം.)

ഭഗവാൻ=ഭഗവാൻ. ആജ്ഞാപയതു=ആജ്ഞാപിച്ചാലും.

അസ്മാൻ=നമ്മെ. (ശകുന്തളയുടെ പിതൃത്വംകൊണ്ടു് ബന്ധുവർഗ്ഗത്തിൽ ഏററവും മുമ്പലയുള്ള എന്നെ) സംയമധനാൻ=സമയംതന്നെ, യമനിയമാദിതപോനിഷ്ഠകൾതന്നെയാണു് ധനമെന്നു കരുതിയിരിക്കുന്നവനായി എന്നെ. (സാരമില്ല, ഒരു മുനിയല്ലേ? എന്തൊരു ലൌകികപ്രഭാവമാണു് ആ മുനിക്കുള്ളതെന്നു യാതൊന്നും മതിച്ചു വിചാരിക്കരുതു്. ഞാൻ തപസ്സുതന്നെയാണു് ധനമെന്നു വിചാരിക്കുന്നവനാണു്. വേണ്ടിവന്നാൽ തപഃശക്തിയാൽ രാജത്വത്തെപ്പോലും ഭസ്മീകരിപ്പാൻ എനിക്കു സാധിച്ചേക്കുംഎന്നതു ഇവിടെവ്യഞ്ജിപ്പിച്ചിരിക്കുന്നു) സാധു=നല്ലപോലെ. വിചിന്ത്യ=വിചാരിച്ചു്, വിചാരിച്ചും. ആത്മനഃ=തന്റെ, നിങ്ങളുടെ. ഉച്ചൈഃ=ഉന്നതമായ കുലീനതാ മഹാപ്രഭാവം എന്നിവകൊണ്ടു് ഉത്തരോത്തരം മഹത്വമേറിയതായ. കുലം ച=വംശത്തെയും. സാധു വിചിന്ത്യ=നല്ലപോലെ ഓർത്തും.

ത്വയി=നിന്നിൽ, എല്ലാപ്രകാരത്തിലും അനുരൂപനായ നിന്നിൽ. അസ്യാഃ=ഇവളുടെ. (നീതന്നെയാണു് ഏകശരണമെന്നു വിചാരിക്കുന്ന തപസ്വികന്യകയായ ഇവളുടെ) കഥമപി=പണിപ്പെട്ടെങ്കിലും (നിന്റെ അഭിലാഷത്തിനു അനുസരണമായി ഗാന്ധർവവിവാഹത്തിനു തീരെ സമ്മതമില്ലാതെ വിഷമിച്ചെങ്കിലും) അബാന്ധവകൃതാം=ബാന്ധവകൃതയല്ലാത്ത, (ബന്ധുക്കളും കന്യാദാനത്തിനു് അധികൃതന്മാരുമായ ഞാൻമുതൽപേർ കൂടാതെ നിന്നിൽത്തന്നെ പതിക്കാൻ ഇടയാക്കിയ.) താം സ്നേഹപ്രവൃത്തിം ച=ആ സ്നേഹപ്രവൃത്തിയോടുകൂടിയ(അകൃത്രിമമായ ആ സ്നേഹത്തിന്റെപ്രവൃത്തിയോടു്, സ്നേഹവ്യാപാരത്തോടുകൂടിയ.)താം ച=അവളെയും. (നിന്നാൽ അനുഭവിക്കപ്പെട്ട ആ കന്യകയേയും) സാധു വിചിന്ത്യ=നല്ലപോലെ വിചാരിച്ചു്.

ഇയം=ഇവളെ (എന്റെ പുത്രിയും നിന്റെ ധർമ്മദാരങ്ങളുമായ ഈ ശകുന്തള) സാമാന്യപ്രതിപത്തിപൂർവകം=സാമാന്യമായ മററവരെ അപേക്ഷിച്ചു വിശേഷമായ പ്രതിപത്തിയോടുകൂടി. ദാരേഷു=സ്വഭാര്യമാരിൽവച്ചു്. ത്വയാ=നിന്നാൽ. ദൃശ്യാ=കാണപ്പെടേണ്ടവളാണു്. (അന്തഃപുരസ്ത്രീകൾ എത്രയോ ഉള്ളവരിൽ ഒന്നായിക്കരുതിയാൽ പോരാ. മുനികന്യകയാണെന്നുള്ള വിചാരത്താൽ അശേഷം ഉപേക്ഷ

അതഃ പരം=അതിനുമേലുള്ളവ. ഭാഗ്യായത്തം=ഭാഗ്യത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ആയതിനാൽ അക്കാര്യങ്ങളും (ഇവളുടെ പുത്രൻതന്നെയാണോ രാജ്യാവകാശം എന്നിത്യാദി കാര്യങ്ങളും) വധൂബന്ധുഭിഃ=വധുവിൻെറ ബന്ധുക്കളാൽ. ന ഖലു വാച്യം=പറയപ്പെടേണ്ടവയായില്ലല്ലോ. (വധൂബന്ധുക്കൾക്ക് വധുവോടുള്ള വാത്സല്യംനിമിത്തം പല അഭിലാഷങ്ങളും ഉണ്ടാകാം. അക്കഥയൊക്കെ സാദ്ധ്യമാവുമോ ഇല്ലയോ എന്നതു വധൂഭാഗ്യത്തെ ആശ്രയിച്ചിരിക്കുന്നു. ആയതിനാൽ അതൊന്നും ഞങ്ങളും പറയേണ്ടതായിട്ടില്ല.)

അലങ്കാരം – സാമാന്യനിബന്ധനയായ അപ്രസ്തുതപ്രശംസ. കാവ്യലിംഗവുമുണ്ട്.

ഈ പദ്യം നായികാനായകസ്തുതിപരമായും നിന്ദാപരമായും ഇങ്ങനെ രണ്ടുവിധത്തിൽ വ്യാഖ്യാനിക്കപ്പെടാം. ശാകുന്തളത്തിൽ എത്രയും പ്രധാനപ്പെട്ട ഈ ശ്ലോകം ഈ നാടകത്തിലുള്ള പദ്യങ്ങളിൽവെച്ചു അത്യന്തം ശ്രേഷ്ഠമായിട്ടുള്ളതാണ്.

ശാർങ്ഗരവഃ—ഗൃഹീതസ്സന്ദേശഃ.

കാശ്യപഃ:—വത്സേ, ത്വമിദാനീമനുശാസനീയാ. പശ്യ വനൌകസോഽപി സന്തോ ലോകജ്ഞാ വയമ്.

ശാർങ്ഗരവഃ:—ന ഖലു ധീമതാമവിഷയോ നാമ കശ്ചിത്.

കാശ്യപഃ—വത്സേ! തഥാ ത്വമിതഃ പതികുലം പ്രാപ്യ,

ശുശ്രൂഷസ്വ ഗുരൂൻ; കുരു പ്രിയസഖീവൃത്തിം സപത്നീജനേ,
ഭർത്തുർവിപ്രകൃതാഽപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ,
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ വാമാഃ കുലസ്യാധയഃ. 18

കഥം വാ ഗൗതമീ മന്യതേ?

സന്ദേശഃ=സന്ദേശം. (മുൻപറഞ്ഞ സന്ദേശവാക്യം) ഗൃഹീതഃ=ഗൃഹീതമായി. (ഞാൻ മഹാരാജാവിനെ ഉണർത്തിക്കാം.)

വത്സേ, ത്വം=നീ. ഇദാനീം=ഇപ്പോൾ. അനുശാസനീയാ=അനുശാസനീയയായിരിക്കുന്നു. നിന്നോടു് അല്പം ഉപദേശിപ്പാനുണ്ട്. വയം=നാം. വനൌകസഃ അപി, സന്തഃ=വനത്തിൽതന്നെ വസിക്കുന്നവരാണ് (എങ്കിലും) ലോകജ്ഞാഃ=ലോകപരിചയം സിദ്ധിച്ചിട്ടുള്ളവരാണ്. (ഞാൻ ലോകപരിചയം ഉള്ളവനാണ്.)

ധീമതാം=ധീമാന്മാർക്ക്. അവിഷയഃ നാമ=അവിഷയം എന്നതു്, ജ്ഞാനമില്ലാത്തതു്. ന കശ്ചിത്=ഒന്നുംതന്നെയില്ല. വത്സേ, തഥാ=അപ്രകാരം. ത്വം=നീ. ഇതഃ= ഇവിടെനിന്നു. പതികുലം=ഭർത്തൃകുലത്തെ പ്രാപ്യ=പ്രാപിച്ച്.

ഗുരൂൻ=ഗുരുക്കളെ (ഗുരുജനങ്ങളെ) ശുശ്രൂഷസ്വ=യാതൊരു മടിയും കൂടാതെ വേണ്ട പരിചര്യകളും ചെയ്യുക. (ഇവിടെ 'ഗുരുജനങ്ങളെ' എന്നു പറയുന്നതു് ഭർത്താവിൻെറ മാതാപിതാക്കളും തുടങ്ങിയുള്ളവരെ ശുശ്രൂഷിക്ക എന്നു താല്പര്യം.) ഗുരുശുശ്രൂഷയാണ് ഒരു വധുവിൻെറ ധർമ്മങ്ങളിൽവച്ച് ഏററവും പ്രധാനപ്പെട്ടതു് എന്നതിനാലാണ് ഇവിടെ ആദ്യമായി ഗുരുശുശ്രൂഷയെപ്പററിത്തന്നെ പറഞ്ഞിരിക്കുന്നതു്.

ഈ ഗുരുശുശ്രൂഷയെക്കാൾ അല്പം കുറഞ്ഞ പടിയുള്ള രണ്ടാമത്തെ ധർമ്മത്തെപ്പററി പറയുന്നു:—

സപത്നീജനേ=സപത്നീജനത്തിൽ, ഭർത്താവിൻെറ മററു ഭാര്യമാരിൽ. (പ്രാചീ

പ്രിയസഖീവൃത്തിം=പ്രിയസഖിയോടുള്ളതുപോലുള്ള പെരുമാറ്റത്തെ. കുരു=ചെയ്യുക. സ്നേഹബഹുമാനവിശ്വാസാദികളോടുകൂടി ഭർത്താവിന്റെ മററു ദാരങ്ങളേയും സഖികളായി കരുതുക. (ഇവിടെ പ്രിയസഖീ 'വൃത്തിം' എന്നു പറഞ്ഞിരിക്കുന്നതിൽ ആന്തരാൽ വല്ല മാത്സര്യവും തോന്നിപ്പോയാലും പുറമെ ഒരു പ്രിയസഖിയെപ്പോലുള്ള പെരുമാററങ്ങളേ പാടുള്ളുവെന്നു് ചിലർ വ്യാഖ്യാനിക്കുന്നു.)

മൂന്നാമത്തെ സംഗതി—

വിപ്രകൃതാ അപി=വിപ്രകൃതയാണെങ്കിലും (ഭർത്താവിനാൽ അവമാനിക്കപ്പെട്ടാൽപോലും) രോഷണതയാ=രോഷണതയാൽ, കോപത്താൽ. ഭർത്തുഃ=ഭർത്താവിനു്. പ്രതീപം=പ്രാതികൂല്യമായി. മാ സ്മ ഗമഃ=പോകരുതു്. (പക്ഷെ ഭർത്താവു് അന്യദാരാസക്തനായി സ്നേഹബഹുമാനങ്ങൾക്കു അല്പം കുറവു വരുത്തിയാൽപോലും അക്കാര്യത്താൽ കോപിച്ചു് അദ്ദേഹത്തിനു എതിരായി എന്തെങ്കിലും പറകയോ പ്രവർത്തിക്കയോ അരുതു്.)

നാലാമത്തെ തത്വം—

പരിജനേ=പരിജനത്തിൽ, പരിചര്യകൾക്കായുള്ള ജനങ്ങളുടെ കാര്യത്തിൽ (ഭൃത്യാദികളിൽ) ഭൂയിഷ്ഠം=ഏററവും. ദക്ഷിണാ ഭവ=ദക്ഷിണയായി ഭവിക്കുക, (ദാക്ഷിണ്യശീലമുള്ളവളായിരിക്കുക.) (ഏതുപ്രകാരത്തിലായാൽ അനുചരന്മാരും ഭൃത്യന്മാരും നിന്നോടു അധികം ഭയഭക്തിബഹുമാനങ്ങളോടുകൂടിയിരിക്കുമോ ആ വിധത്തിൽ നീ അവരോടു വേണ്ട ദാക്ഷിണ്യശീലം കാണിക്കുക.)

അഞ്ചാമതു്—

ഭാഗ്യേഷു=ഭാഗ്യങ്ങളിൽ. അനുത്സേകിനീ=അനഹങ്കാരിയായി. ഭവ=ഭവിക്കുക

ഏവം=ഇപ്രകാരമെല്ലാമാണു്. യുവതയഃ=യുവതികൾ ഗൃഹിണീപദം=ഗൃഹനായികാപദം. യാന്തി=പ്രാപിക്കുന്നതു്. വാമാഃ=മേൽ പറയപ്പെട്ടവയ്ക്കു വിപരീതമായി വർത്തിക്കുന്നവർ. കുലസ്യ=വംശത്തിനു്. ആധയഃ=ആധികളാണു്. നീ ഒരു ഉത്തമ ഗൃഹനായികയായിരിക്കുവാൻ വളരെ ശ്രദ്ധിക്കുക.

ഗൌതമീ=ഗൌതമി. കഥം വാ മന്യതേ=എങ്ങിനെയാണു് വിചാരിക്കുന്നതു്?

ഗൌതമീ:—ഏതാവാൻ വധൂജനസ്യോപദേശഃ. പുത്രി ഏതത് ഖലു സർവമവധാരയ.

കാശ്യപഃ:—വത്സേ, ഏഹി, പരിഷ്വജസ്വ മാം സഖീജനം ച.

ശകുന്തളാ:—താത, കിം പ്രിയംവദാമിശ്രേ ഇത ഏവ നിവർതിഷ്യതഃ.

കാശ്യപഃ:—നനു വത്സേ, ഇമേ അപി പ്രദേയേ? ന യുക്തമനയോസ്തത്ര ഗന്തുമ്. ത്വയാ സഹ ഗൌതമീ യാസ്യതി.

ശകുന്തളാ:—കഥമിദാനീം താതസ്യാംകാത് പരിഭ്രഷ്ടാ മലയതടോന്മൂലാ ചന്ദനലതേവ ദേശാന്തരേ ജീവിതം ധാരയിഷ്യാമി?

ഏതാവാൻ=ഇത്രയും (മാത്രമേ) വധൂജനസ്യ=വധൂജനത്തിനു്. ഉപദേശഃ=ഉപദേശമാകേണ്ടതുള്ളു. പുത്രി, ഏതത് സർവം=ഇതെല്ലാം. അവധാരയ=മാർത്തു ധരിച്ചു

വത്സ, ഏഹി=വരിക. മാം=എന്നെയും. സഖീജനം ച=സഖീജനത്തേയും. പരിഷ്വജസ്വ=ആലിംഗനംചെയ്താലും. താത=അച്ഛ. പ്രിയംവദാമിശ്രേ=പ്രിയംവദയും അനസൂയയും. ഇതഃ ഏവ നിവർതിഷ്യതഃ=ഇവിടെവെച്ചുതന്നെ നിവൎത്തിക്കയാണോ? (പിരിഞ്ഞുപോവുകയാണോ?)

വത്സേ=കുഞ്ഞേ. ഇമേ അപി=ഇവർ രണ്ടുപേരുംകൂടി. നനു പ്രദേയേ=കൊടുക്കപ്പെടേണ്ടവരല്ലേ? ഇവരേയും വേളികഴിച്ചുകൊടുക്കേണ്ടതല്ലേ? അനയോഃ=ഇവൎക്ക് (ഇവർ) തത്ര ഗന്തും=അവിടെ വരുന്നതിന്ന്, (വരുന്നതു്.) ന യുക്തം=യോജിച്ചതല്ല. ത്വയാ സഹ=നിന്നോടുകൂടി. ഗൌതമീ=ഗൌതമി. യാസ്യതി=ഇതാ വരുന്നു. (വരുന്നുണ്ട്.)

താതസ്യ=അച്ഛന്റെ. അങ്കാത്=അങ്കത്തിൽനിന്നും, മടിയിൽനിന്നും. പരിഭ്രഷ്ടാ=ഭ്രംശിച്ചവളായി, (പിരിഞ്ഞു) മലയതടോൻമൂലാ=മലയതടത്തിൽനിന്ന്. (ചന്ദനതടത്തിൽനിന്ന്) വേരോടെ പിഴുപ്പെട്ട. ചന്ദനലതാ=ചന്ദനവല്ലി. ഇവ=പോലെ. കഥം ഇദാനീം=ഇപ്പോൾ എങ്ങിനെയാണ്. ദേശാന്തരേ=മറ്റൊരു ദേശത്തു്. ജീവിതം ധാരയിഷ്യാമി=ഞാൻ ജീവിക്കുന്നതു്?

കാശ്യപഃ:—വത്സേ, കിമേവം കാതരാസി? അസി.

അഭിജനവതോ ഭർത്തുഃ ശ്ലാഘ്യേ സ്ഥിതാ ഗൃഹിണീപദേ,
വിഭവഗുരുഭിഃ കൃത്യൈസ്തസ്യ പ്രതിക്ഷണമാകുലാ,
തനയമചിരാത് പ്രാചീവാർകം പ്രസൂയ ച പാവനം,
മമ വിരഹജാം ന ത്വം വത്സേ ശുചം ഗണയിഷ്യസി. 19

(ശകുന്തളാ പിതുഃ പാദയോഃ പതതി)

വത്സേ!=കുഞ്ഞേ. ഏവം=ഇപ്രകാരം. കിം=എന്തുകൊണ്ടാണ്. കാതരാ=ഭയപ്പെട്ടവളായി. അസി=നീ ഭവിക്കുന്നു?

അഭിജനവതഃ=അഭിജനവാനായ (കുലീനനായ) ഭർത്തുഃ=ഭൎത്താവിന്റെ. ശ്ലാഘ്യേ=സ്തുത്യമായ. ഗൃഹിണീപദേ=ഗൃഹിണീപദത്തിൽ. സ്ഥിതാ=സ്ഥിതിചെയ്യുന്നവളായി.

വിഭവഗുരുഭിഃ=വിഭവങ്ങളാൽ (അതാതിന്നു വേണ്ടതായ ദ്രവ്യസമൃദ്ധിയാൽ) ഗുരുക്കളായ=മഹത്തുക്കളായ. തസ്യ=അദ്ദേഹത്തിന്റെ. കൃത്യൈഃ=കൃത്യങ്ങളാൽ. പ്രതിക്ഷണം=ക്ഷണംതോറും. ആകുലാ=വ്യഗ്രയായി.

അചിരാത്=അധികം താമസിയാതെ. പ്രാചീ=കിഴക്കുദിക്ക്. അർക്കം ഇവ=അൎക്കനെപ്പോലെ. പാവനം=പവിത്രനായ. തനയം=പുത്രനെ. പ്രസൂയ=പ്രസവിച്ച്. (ഇങ്ങിനെയൊക്കെ ലോകവ്യാപാരവ്യഗ്രയായിത്തീരുമ്പോൾ നീ)

വത്സേ=കുഞ്ഞേ മമ=എന്റെ. വിരഹജാം=വിരഹത്തിൽനിന്നു ജനിച്ചതായ. ശുചം=ശോകത്തെ. ന ഗണയിഷ്യസി=ഗണിക്കുകയില്ല.

അലങ്കാരം—കാവ്യലിംഗം.

ദുഷ്ഷന്തന്റെ ദേവീപദപ്രാപ്തിയാൽ അദ്ദേഹത്തിന്നു സഹധൎമ്മചാരിണിയായി ലോകവ്യാപാരവ്യഗ്രയായ നീ താമസിയാതെ സൂര്യസമനായ ഒരു പുത്രനെ പ്രസവിച്ച് അങ്ങിനെ സൗഭാഗ്യത്തോടുകൂടിയിരിക്കുന്നകാലത്തു് എന്റെ വേർപാടിലുള്ള വ്യസനം കൂട്ടാക്കുകയില്ല. ശകുന്തളയുടെ വ്യസനം ഇല്ലാതാക്കുന്നതിന്നു ലോകകാര്യചതുരനായ കാശ്യപൻ പറഞ്ഞതാണ്.

പിതുഃ=അച്ഛന്റെ. പാദയോഃ=പാദങ്ങളിൽ. പതതി=പതിക്കുന്നു.

കാശ്യപഃ:—യദിച്ഛാമി തേ തദസ്തു.

ശകുന്തളാ:—(സഖ്യാവുപേത്യ) ഹലാ, ദ്വേ അപി മാം സമമേവ പരിഷ്വജേഥാം.

ഉഭേ:—(തഥാ കൃത്വാ) സഖി യദി സ രാജാ പ്രത്യഭിജ്ഞാനമന്ഥരോ ഭവേത്തദാസ്മൈ ഇമം ആത്മനാമധേയാങ്കിതമംഗുലീയകം ദർശയ.

ശകുന്തളാ:—ഹലാ, അനേന സന്ദേഹേന വാം ആകമ്പിതാസ്മി.

ഉഭേ:—മാ ഭൈഷീഃ. സ്നേഹഃ പാപശങ്കീ. A.N.

ശാർങ്ഗരവഃ:—യുഗാന്തരമതിരൂഢസ്സവിതാ ത്വരതാം ഭവതി.

ശകുന്തളാ—(ആശ്രമാഭിമുഖീസ്ഥിത്വാ) താത! കദാ നു ഖലു ഭൂയസ്തപോവനം ദ്രക്ഷ്യാമി?

യദ് ഇച്ഛാമി=യാതൊന്നു ഞാൻ ഇച്ഛിക്കുന്നുവോ. തത്=അതു്. തേ=നിനക്കു് (നിനക്കായി) അസ്തു=ഭവിക്കട്ടെ. ("എന്റെ ആഗ്രഹംപോലെയൊക്കെ നിനക്കുവരട്ടെ")

(സഖ്യൗ=സഖിമാരെ. ഉപേത്യ=അടുത്തുചെന്നു്.) ഹലാ=സഖിമാരേ. ദ്വേ അപി=രണ്ടുപേരും. മാം=എന്നെ. സമം ഏവ=തുല്യമായിട്ടുതന്നെ. പരിഷ്വജതം=ആലിംഗനംചെയ്യുക. തഥാ കൃത്വാ=അപ്രകാരംചെയ്തിട്ടു്.

സഖി, സഃ രാജാ=ആ രാജാവു്. യദി പ്രത്യഭിജ്ഞാനമന്ഥരഃ ഭവേത്=പ്രത്യഭിജ്ഞാനത്തിൽ മന്ഥരനായി ഭവിക്കുമെങ്കിൽ (തിരിച്ചു മനസ്സിലാക്കാൻ വിഷമിക്കുമെങ്കിൽ.) തദാ=അപ്പോൾ. അസ്മൈ=ഇദ്ദേഹത്തിനായി. ഇമം=ഈ. ആത്മനാമധേയാങ്കിതം=സ്വന്തംപേരു് അടയാളമുള്ള. അംഗുലീയകം=മോതിരം. ദർശയ=കാണിക്കണേ.

ഹലേ=സഖിമാരേ. അനേന=ഈ. വാം=നിങ്ങളുടെ. സന്ദേഹേന=സംശയത്താൽ. ആകമ്പിതാ അസ്മി=ആകമ്പിതയായിത്തീർന്നിരിക്കുന്നു. (എന്റെ മനസ്സു തുടിക്കുന്നു.)

മാ ഭൈഷീഃ=പേടിക്കരുതു്. സ്നേഹഃ=സ്നേഹം. പാപശങ്കീ=പാപത്തെ ശങ്കിക്കുന്നതാണു്. (സ്നേഹമുള്ളവക്കു് എന്തെങ്കിലും ആപത്തു് വന്നേയ്ക്കാമെന്നുവിചാരിക്കുക സാധാരണയാണു്.)

സവിതാ=സൂര്യൻ. യുഗാന്തരമതിരൂഢഃ=മറ്റൊരു യുഗത്തിൽ കയറി. ഭവതീ ത്വരതാം=ധൃതിപ്പെടുക.

താത! കദാ നു ഖലു ഭൂയഃ തപോവനം ദ്രക്ഷ്യാമി=അച്ഛാ ഇനി ഞാൻ എപ്പോഴാണു് തപോവനത്തെ ദർശിപ്പാൻ പോവുന്നതു്?

കാശ്യപഃ:—ശ്രൂയതാമ്;

ഭൂത്വാ ചിരായ ചതുരന്തമഹീസപത്നീ
ദൗഷ്ഷന്തിമപ്രതിരഥം തനയം നിവേശ്യ,
ഭർത്രാ തദർപ്പിതകുടുംബഭരേണ സാർധം

ഗൌതമീ:—ജാതേ, പരിഹീയതേ ഗമനവേലാ, നിവൎത്തയ പിതരമ്. അഥവാ, ചിരേണാऽപി പുനരേഷാ ഏവം മന്ത്രയിഷ്യതി. നിവൎത്തതാം ഭവാൻ.

കാശ്യപഃ:—വത്സേ, ഉപരുദ്ധ്യതേ മേ തപോऽനുഷ്ഠാനമ്.

ശ്രൂയതാം=കേട്ടുകൊണ്ടാലും.

ചിരായ=ചിരകാലമായി. ചതുരന്തമഹീസപത്നീ=ചതുരന്തയായ, ചതുഃസാഗരാന്തയായ മഹിക്കു് (ഭൂമിക്കു്) സപത്നിയായി. ഭൂത്വാ=ഭവിച്ചിട്ടു്. അപ്രതിരഥം=അപ്രതിരഥനായ വീരാഗ്രഗണ്യനായ. ദൌഷ്ഷന്തിംതനയം=ദുഷ്ഷന്തനു ജനിക്കുന്ന പുത്രനെ. നിവേശ്യ=യുവരാജാവാക്കി അഭിഷേകം കഴിച്ചു്. തദൎപ്പിതകുടുംബഭരണേ=ആ തനയനിൽ അൎപ്പിതമായ കുടുംബഭാരത്തോടുകൂടിയ. ഭൎത്രാസാൎദ്ധം=ഭൎത്താവിനോടുകൂടി. ശാന്തേ=ഹേ ശാന്തശീലേ! പുനഃ=വീണ്ടും. അസ്മിൻ ആശ്രമേ=ഈ ആശ്രമത്തിൽ. പദം കരിഷ്യസി=കാലെടുത്തുവെക്കും (വന്നുചേരും) ശാന്തേ അസ്മിൻ ആശ്രമേ=ശാന്തമായ ഈ ആശ്രമത്തിൽ എന്നും വ്യാഖ്യാനഭേദം.

ജാതേ=കുഞ്ഞേ. ഗമനവേലാ=പോകേണ്ട സമയം. പരിഹീയതേ=അടുത്തു (കഴിഞ്ഞുപോയിത്തുടങ്ങുന്നു.) പിതരം=അച്ഛനെ. നിവൎത്തയ=നിവൎത്തിപ്പിക്കു. അഥവാ=അല്ലെങ്കിൽ. ചിരേണ അപി=എത്ര കാലം ആയിരുന്നാലും പുനഃ=വീണ്ടും ഏഷാ=ഇവൾ. ഏവം മന്ത്രയിഷ്യതി=ഇങ്ങനെ പറഞ്ഞുകൊണ്ടുതന്നെയിരിക്കും. നിവൎത്തതാം ഭവാൻ=അങ്ങുതന്നെ തിരിയെ പോകാൻ നോക്കണം.

വത്സേ, മേ=എന്റെ. തപോऽനുഷ്ഠാനം=തപസ്സിന്റെ അനുഷ്ഠാനം. ഉപരുദ്ധ്യതേ=തടസ്സപ്പെടുന്നു.

ശകുന്തളാ:—(ഭൂയഃ പിതരമാശ്ലിഷ്യ)തപോനുഷ്ഠാനപീഡിതം താതസ്യ ശരീരമ്. തന്ന്യുക്തം മമ കൃതേ താതേന ഉത്കണ്ഠിതുമ്.

കാശ്യപഃ:—(സനിശ്വാസം)

ശമമേഷ്യതി മേ ശോകഃ കഥം നു വത്സേ, ത്വയാ രചിതപൂൎവ്വാമ്,
ഉടജദ്വാരവിരൂഢം നീവാരബലിം വിലോകയതഃ? 21

ഗച്ഛ, ശിവാസ്തേ പന്ഥാനസ്സന്തു.

(നിഷ്ക്രാന്താഃ ശകുന്തളാ സഹയായിനശ്ച)

സഖ്യൌ—(ശകുന്തളാം വിലോക്യ)അന്തരിതാ ശകുന്തളാ വനരാജ്യാ.

ഭൂയഃ=വീണ്ടും. പിതരം=പിതാവിനെ. ആശ്ലിഷ്യ=ആലിംഗനംചെയ്തു്. താതസ്യശരീരം=അച്ഛന്റെ ശരീരം. തപോനുഷ്ഠാനപീഡിതം=തപോനുഷ്ഠാനംകൊണ്ടു ക്ഷീണിച്ചതാണു്. തത്=അതുകൊണ്ടു്. മത്കൃതേ=എന്റെ കാൎയ്യത്തിൽ. താതേന=അച്ഛനാൽ. ഉത്കണ്ഠിതും=കണ്ഠിതപ്പെടുന്നതിനു്. ന യുക്തം=യോജിച്ചതല്ല.

സനിശ്വാസം=നിശ്വാസത്തോടുകൂടി.

വത്സേ=കുഞ്ഞേ! ത്വയാ=നിന്നാൽ. രചിതപൂൎവ്വാം=മുമ്പേതന്നെ രചിച്ചതായ.

ഉടജദ്വാരത്തിൽ (ആശ്രമത്തിന്റെ വാതിൽപ്രദേശത്തിൽ) മുളച്ചുവന്നതായിരിക്കുന്നതിനെ. വിലോകയതഃ=കാണുന്നവനായ. മേ=എന്റെ. ശോകഃ=ശോകം. കഥം നു ശമം ഏഷ്യതി=എങ്ങിനെയാണു ശാന്തിയെ പ്രാപിക്കുന്നതു്? (ശകുന്തളയുടെ കരങ്ങളാൽ ബലിതൂകപ്പെട്ട നീവാരകണങ്ങൾ ആശ്രമത്തിനടുത്തു വളർന്നുനിൽക്കുന്നതു കാണുമ്പോൾ കാശ്യപനു പുത്രീസ്മരണ ക്ലേശകാരണമായിരിക്കുമെന്നു സാരം) ഗച്ഛ=പോകാം. തേ പന്ഥാനഃ=നിന്റെ മാർഗ്ഗം(ങ്ങൾ) ശിവാഃ സന്തു=മംഗളകരങ്ങളായി ഭവിക്കട്ടെ.

സഹായായിനഃ=കൂടെപ്പോയവരും. ശകുന്തളാ ച=ശകുന്തളയും. നിഷ്ക്രാന്താഃ=പോയിമറഞ്ഞു.

ശകുന്തളാം വിലോക്യ=ശകുന്തളയെ നോക്കി. ശകുന്തളാ, വനരാജ്യാ=വനരാജിയാൽ (വനരാജിയുടെ.) അന്തരിതാ=മറയ്ക്കപ്പെട്ടവളായി. വനപംക്തിയിൽ അതാ ശകുന്തള മറഞ്ഞുപോയി.

കാശ്യപഃ:—ഗതാ വാം സഹചരീ. നിഗൃഹ്യ ശോകം മാം അനുഗച്ഛതമ്.

സഖ്യൗ:—താത, ശകുന്തളാവിരഹിതം ശൂന്യമിവ തപോവനം കഥം പ്രവിശാമഃ?

കാശ്യപഃ:—സ്നേഹപ്രവൃത്തിരേവം ദർശയതി. (സവിമർശം) ഹന്ത! ഭോഃ ശകുന്തളാം പ്രതിവിസൃജ്യ ലബ്ധമിദം മേ സ്വാസ്ഥ്യമ് കുതഃ,

അർത്ഥോ, ഹി കന്യാ പരകീയ, ഏവ,
താമദ്യ, സംപ്രേഷ്യ, പരിഗ്രഹീതുഃ,
ജാതോ, മമായം, വിശദഃ പ്രകാമം,
പ്രത്യർപ്പിതന്യാസ ഇവാന്തരാത്മാ. 22

(ഇതി നിഷ്ക്രാന്താഃ സർവേ)

വാം=നിങ്ങളുടെ. (രണ്ടുപേരുടെ) സഹചരീ=കൂട്ടുകാരി. ഗതാ=പോയി. ശോകം നിഗൃഹ്യ=വ്യസനത്തെ അടക്കി. മാം=എന്നെ. അനുഗച്ഛതം=അനുഗമിക്കുവിൻ. (എന്റെകൂടെ വരിൻ.)

താത, ശകുന്തളാവിരഹിതം=ശകുന്തളയെ വേർപെട്ടിരിക്കുന്ന. തപോവനം=തപോവനത്തെ. കഥം പ്രവിശാമഃ=എങ്ങിനെയാണു പ്രവേശിക്കുന്നതു്?

സ്നേഹപ്രവൃത്തിഃ=സ്നേഹവ്യാപാരം. ഏവം=ഇപ്രകാരം. ദർശയതി=കാണിക്കുന്നു. (സവിമർശം=ആലോചിച്ചു്) ഹന്ത! ഭോഃ=ആറ്റ്! ശകുന്തളാം=ശകുന്തളയെ. പ്രതിവിസൃജ്യ=ഭർത്തൃഗൃഹത്തിലേക്കയച്ചു. മേ=എനിക്കു്. ഇദം സ്വാസ്ഥ്യം ലബ്ധം=ഇതാ സ്വാസ്ഥ്യം ലഭിക്കപ്പെട്ടതായി. ഭർത്തൃഗൃഹത്തിലേക്കയച്ചതിനാൽ എനിക്കു് ആശ്വാസമായി.

കന്യാ=കന്യക (എന്നു പറയുന്നതു്) പരകീയഃ അർത്ഥഃ ഏവ=അന്യന്റെ വക

പരിഗ്രഹണകർത്താവിന് (വരന്) സംപ്രേഷ്യ=അയച്ചു്. മമ=എനിക്കു്. അന്തരാത്മാ=ആത്മാവു്. പ്രത്യർപ്പിതന്യാസഃ ഇവ=തിരിച്ചേൽപ്പിച്ച മുതൽപോലെ. പ്രകാമം=ഏററവും. അയം വിശദഃ=ഈ ദുഃഖാദിമാലിന്യത്തിൽനിന്നു നിർമ്മലമായി. ജാതഃ=തീർന്നിരിക്കുന്നു.

ഇതി=എന്നു്. സർവേ=എല്ലാവരും. നിഷ്ക്രാന്താഃ=പോയി.

---

# പഞ്ചമോƒങ്കഃ

---

(തതഃ പ്രവിശതി ആസനസ്ഥോ രാജാ വിദൂഷകശ്ച)

തതഃ=അനന്തരം. ആസനസ്ഥഃ=ആസനസ്ഥനായ. രാജാ=രാജാവു്. വിദൂഷകഃ ച=വിദൂഷകനും. പ്രവിശതി=പ്രവേശിക്കുന്നു.

യഥാക്രമം കഥാഗതി മുന്നോട്ടു പോകുന്നു. മൂന്നാമങ്കത്തിൻെറ അവസാനത്തിൽ നായികാപ്രാപ്തിയാൽ ഏററവും സന്തുഷ്ടനായ നായകൻ ആശ്രമദേശങ്ങളിൽനിന്നു്, മഹർഷിമാരുടെ യാഗപരിസമാപ്തിയോടുകൂടി നഗരത്തിലേയ്ക്കു മടങ്ങിയതായിട്ടാണല്ലോ നാലാമങ്കം ആരംഭിക്കുന്നതു്. നാലാമങ്കത്തിൻെറ അവസാനത്തിൽ ശകുന്തള ചില കണ്വശിഷ്യന്മാരും ഗൗതമിയുമൊന്നിച്ചു രാജസന്നിധിയിലേക്കു തിരിച്ചിരിക്കുന്നു. ആ രാജസന്നിധിയെപ്പററിയത്രേ ഈ അങ്കം ആരംഭിക്കുന്നതു്.

നായികാനായകന്മാർ ഈ അങ്കത്തിൽ പരസ്പരസമാഗമം ലഭിക്കുന്നവരായിരിക്കുന്നെങ്കിലും നാം ഉദ്ദേശിക്കുന്നതുപോലെ സംഭോഗശൃംഗാരത്തിൻെറ പ്രസക്തിപോലും കാണുന്നില്ല; കാരണം സ്പഷ്ടമാണല്ലോ. മാലിനീതീരപ്രദേശം വെടിഞ്ഞതോടുകൂടി ദുഷ്ഷന്തൻ ശകുന്തളയുടെ കഥ പാടേ മറന്നു. അക്കഥ തീരെ ഓർമ്മിക്കാതിരിപ്പാൻ ദുർവാസസ്സിൻെറ ശാപവും കാരണമായി ഭവിക്കുന്നു. ആദ്യത്തെ മൂന്നു് അങ്കങ്ങളിൽ നായകനിഷ്ഠവും നായികാശ്രിതവുമായി കാണിച്ചിരുന്ന ശൃംഗാരരസം ഈ അങ്കത്തോടുകൂടി കരുണമായി കലാശിക്കുന്നു.

മുറയ്ക്കു് രാജ്യകാര്യങ്ങളിലും അന്തഃപുരസ്ത്രീസമാഗമങ്ങളിലുമായി രാജാവിൻെറ സമയം പോകുന്നു. ഇങ്ങിനെയിരിക്കെ ഒരിക്കൽ വിശ്രമാവസരത്തിൽ രാജാവു തൻെറ നർമ്മസുഹൃത്തായ വിദൂഷകനുമൊന്നിച്ചു സംഗീതശാലയിൽ കേട്ടുകൊണ്ടിരുന്ന ഒരു ഗാനത്തെ ശ്രദ്ധിക്കുകയായിരുന്നു. ഈ ഗാനത്തിലേക്കു മഹാരാജാവിനെ ആകർഷിപ്പാനായി വിദൂഷകൻ താഴെക്കാണിക്കുന്നപ്രകാരം പ്രസ്താവിക്കുന്നു:—

വിദൂഷകഃ:—(കർണ്ണം ദത്വാ) ഭോ വയസ്യ! സംഗീതശാലാന്തരേ അവധാനം ദേഹി. കലവിശുദ്ധായാ ഗീതേഃ സ്വരയോഗഃ ശ്രൂയതേ. ജാനേ തത്രഭവതീ ഹംസപദികാ വർണ്ണപരിചയം കരോതി.

രാജാ:—തൂഷ്ണീംഭവ; യാവദാകർണ്ണയാമി.

(ആകാശേ ഗീയതേ)

അഭിനവമധുലോലുപസ്ത്വം തഥാ പരിചുംബ്യ ചൂതമഞ്ജരീം

ഭോഃ വയസ്യ!=ഹേ സഖാവേ! സംഗീതശാലാന്തരേ=സംഗീതശാലയ്ക്കുള്ളിൽ. അവധാനം ദേഹി=ശ്രദ്ധകൊടുക്കുക (ശ്രദ്ധിക്കുക.) കലവിശുദ്ധായാഃ=കലമായും, മധുരമായും വിശുദ്ധമായും, സംഗീതശാസ്ത്രരീതിക്കു് ലേശം ഭംഗംവരാത്ത വിധത്തിലും ഉള്ള. ഗീതേഃ=പാട്ടിന്റെ. സ്വരസംയോഗഃ=സ്വരച്ചേർച്ച. ശ്രൂയതേ=കേൾക്കപ്പെടുന്നു. തത്രഭവതീ ഹംസപദികാ=ഹംസപദികയെന്ന കെട്ടിലമ്മ. വർണ്ണപരിചയം=സ്വരസാധകം. കരോതി ഇതി=ചെയ്യുന്നുവെന്നു്. ജാനേ=അറിയുന്നു. (തോന്നുന്നു.)

തൂഷ്ണീംഭവ=മിണ്ടാതിരിക്കു (ശബ്ദിക്കാതിരിക്കു.) യാവത് ആകർണ്ണയാമി=കേൾക്കട്ടെ.

(ആകാശേ=ആകാശത്തിൽ. ഗീയതേ=ഗാനംചെയ്യപ്പെടുന്നു.)

ഹേ മധുകര!=അല്ലയോ മധുകരമേ! (വണ്ടേ) അഭിനവമധുലോലുപഃ ത്വം=അഭിനവമായ (പുത്തനായ) മധുവിൽ ലോലുപനായ (അത്യാസക്തനായ) നീ. ചൂതമഞ്ജരീം=ചൂതമഞ്ജരിയെ. തഥാ പരിചുംബ്യ=അനന്യസാധാരണമായവിധം പരിചുംബനംചെയ്തിട്ടു്. (ഇപ്പോൾ) കമലവസതിമാത്രനിർവൃതഃ=കമലങ്ങളിലുള്ള വസതിയിൽ, വാസത്തിൽമാത്രം സുഖംനേടുന്നവനായി. ഏനാം=ഇവളെ, ചൂതമഞ്ജരിയെ. കഥം വിസ്മൃതഃ അസി=എങ്ങിനെ മറന്നവനായിരിക്കുന്നു?

ഇതു് ഹംസപദികയുടെ പക്ഷത്തിൽ യോജിക്കുന്നതാണെങ്കിലും കവി പ്രധാനമായി ശകുന്തളാകഥയെയാണു് വ്യഞ്ജിപ്പിക്കുന്നതു്.

അലങ്കാരം—അപ്രസ്തുതപ്രശംസ.

രാജാ.—അഹോ! രാഗപരിവാഹിനീ ഗീതിഃ.

വിദൂഷകഃ—കിംതാവത് ഗീതേരക്ഷരാർത്ഥോഽവഗതോ ഭവതാ?

രാജാ:—(സസ്മിതം) സകൃത് കൃതപ്രണയോഽയം ജനഃ, തദസ്യാം വസുമതീമന്തരേണ മദ്ഉപാലംഭമവഗതോഽസ്മി. സഖേ മാഢവ്യ! മദ്വചനാദുച്യതാം ഹംസപദികാ നിപുണതരമുപാലബ്ധാഃ സ്മ ഇതി.

വിദൂഷകഃ—യത് ഭവാനാജ്ഞാപയതി. (ഉത്ഥായ) ഗൃഹീതസ്യ തയാ പരകീയൈർഹസ്തൈഃ ശിഖണ്ഡാഞ്ചലേ അപ്സരസാ വീതരാഗസ്യേവ നാസ്തി മേ മോക്ഷഃ.

അഹോ=ആശ്ചര്യം. ഗീതിഃ=പാട്ടു്. രാഗപരിവാഹിനീ=രാഗധാരയെ അവിച്ഛിന്നമായി വഹിക്കുന്നതായിരിക്കുന്നു.

ഗീതേഃ=പാട്ടിന്റെ. അക്ഷരാർത്ഥഃ=അക്ഷരാർത്ഥം. കിം താവത്=എന്താണെന്നു്. കിം ഭവതാ അവഗതഃ=അങ്ങയാൽ അവഗതമായോ?

(സസ്മിതം=പുഞ്ചിരിയോടെ)

സകൃത്=ഒരിക്കൽ. അയം ജനഃ=ഈ ആൾ (ഞാൻ) കൃതപ്രണയഃ=കൃതമായ പ്രണയത്തോടുകൂടിയവനാണു്. (ഞാൻ ഒരിക്കലും ഇവളെ സ്നേഹിച്ചിരുന്നു.) തത്=അതുകൊണ്ടു്. അസ്യാം=ഇവളിൽ. വസുമതീം അന്തരേണ=വസുമതിയെ ഒഴിച്ചു്. മദുപാലംഭഃ=എന്റെ നിന്ദനം. അവഗതഃ അസി=അറിയുന്നവനായിരിക്കുന്നു. സഖേ മാഢവ്യ!=ഹേ തോഴരേ. ഹംസപദികാ=ഹംസപദിക. മദ്വചനാത്=എന്റെ വചനത്തിൽനിന്നും ഉച്യതാം=പറയപ്പെടട്ടെ. അതാവിതു്—നിപുണതരം=വളരെ

യായി) ഇതി=എന്ന്. യത് ഭാവൻ ആജ്ഞാപയതി=അങ്ങ് ആജ്ഞാപിക്കുംപോലെ. ഉത്ഥായ=എണീററ്. തയാ=ആ ഹംസപദികയാൽ. പരഃകരകൈഃ=പരകീയങ്ങളായ. അത്ഥൈഃ=അത്ഥങ്ങളാൽ (പ്രയോജനങ്ങളാൽ) ശിഖണ്ഡാഞ്ചലേ=ശിഖാഗ്രത്തിൽ. അപ്സരസാ=അപ്സരസ്സിനാൽ. വീതരാഗസ്യ ഇവ=തപസ്വിക്ക് എന്നപോലെ. മേ=എനിക്ക്. നാസ്തി മോക്ഷഃ=മോക്ഷം ഇല്ല (വിട്ടുതലിന്നളുദയില്ല.) (ദേവകാൎയ്യത്തിന്ന അപ്സരസ്സുവന്ന പിടികൂടിയാൽ മുനിക്കു മോക്ഷം കിട്ടാത്തതു പോലെ.)

രാജാ:—ഗച്ഛ നാഗരികവൃത്ത്യാ സംജ്ഞാപയൈനാമ്.

വിദൂഷകഃ:—കാ ഗതിഃ?

(നിഷ്ക്രാന്തഃ)

രാജാ:—(ആത്മഗതം) കിം നു ഖലു ഗീതമേവംവിധാത്ഥമാകർണ്ണ്യ ഇഷ്ടജനവിരഹാദൃതേഽപി ബലവദുൽകണ്ഠിതോഽസ്മി. അഥവാ,

രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യ ശബ്ദാൻ,
പൎയ്യുൽസുകോ ഭവതി യത് സുഖിതോഽപി ജന്തുഃ
തച്ചേതസാ സ്മരതി നൂനമബോധപൂൎവ്വം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി. 2

(പൎയ്യാകുലസ്തിഷ്ഠതി)

ഗച്ഛ=പോവുക. നാഗരികവൃത്ത്യാ=നഗരമാത്രസാധാരണമായ വൃത്തിയാൽ (കൌശലത്താൽ) ഏനാം=ഇവളെ. സംജ്ഞാപയ=അറിയിക്കുക.

കാ ഗതിഃ=എന്താണിനിനിവൃത്തി (പോകാതെ തരമില്ല) കിം നു ഖലു=എന്താണ്? ഏവംവിധാത്ഥം=ഇപ്രകാരമുള്ള അത്ഥത്തോടുകൂടിയ. ഗീതം=ഗീതത്തെ. ആകർണ്ണ്യ=കേട്ട്. ഇഷ്ടജനവിരഹാത് ഋതേ അപി=ഇഷ്ടജനവിരഹം ഇല്ലാതിരുന്നിട്ടുംകൂടി. ബലവത്=ഏററവും. ഉത്കണ്ഠിതഃ അസ്മി=ഉൽക്കണ്ഠാപരനായിരിക്കുന്നു. അഥവാ=അല്ലെങ്കിൽ.

രമ്യാണി=രമ്യങ്ങളായ വസ്തുക്കളെ. വീക്ഷ്യ=കണ്ടിട്ടും. മധുരാൻ=മധുരങ്ങളായ. ശബ്ദാൻ=ശബ്ദങ്ങളെ. നിശമ്യ=കേട്ടിട്ടും. യത്=യാതൊരു കാരണംകൊണ്ടാണോ. സുഖിതഃ അപി ജന്തുഃ=സ്വതേ സുഖവാനായിരിക്കുന്ന ജീവി. പൎയ്യുൽസുകഃ ഭവതി=പൎയ്യുൽസുകനായി ഭവിക്കുന്നു. തത്=അതു്. അബോധപൂൎവ്വം=ബോധപൂൎവ്വമല്ലാത്ത, മുമ്പു അറിഞ്ഞിട്ടില്ലാത്തവിധം. ഭാവസ്ഥിരാണി=ഭാവത്താൽ (മനസ്സിൽ വാസനാരൂപത്തിൽ സ്ഥിരങ്ങളായ) ജനനാന്തരസൗഹൃദാനി=ജന്മാന്തരസ്നേഹങ്ങാം (കൊണ്ടു) മാത്രമാണ്. ഇവയുടെ ഫലമായിട്ടാണ്. സുഖമില്ലായ്മയ്ക്കു യാതൊരു കാരണവുമില്ലാതിരിക്കുമ്പോഠ അപ്രകാരം തോന്നുന്നതു് പൂൎവ്വജന്മത്തിലുള്ള എന്തെങ്കിലും ബന്ധത്തിന്റെ ഫലമായിരിക്കാം.

അലങ്കാരം—അപ്രസ്തുതപ്രശംസാ.

(തതഃ പ്രവിശതി കാഞ്ചുകീയഃ)

കാഞ്ചുകീയഃ:—അഹോ നു ഖലു ഈദൃശീമവസ്ഥാം പ്രപന്നോഽസ്മി.

ആചാര ഇത്യവഹിതേന മയാ ഗൃഹീതാ,

കാലേ ഗതേ ബഹുതിഥേ മമ സൈവ ജാതാ
പ്രസ്ഥാനവിക്ലവഗതേരവലംബനാർത്ഥാ. 3

കാമം ധർമകാര്യ്യമനതിപാത്യം ദേവസ്യ. തഥാപീദാനീമേവ ധർമാസനാദുത്ഥിതായ പുനരുപരോധകാരി ശിഷ്യാഗമനമസ്മൈ നോത്സഹേ വക്തുമ്. അഥവാ അവിശ്രമോ ലോകതന്ത്രാധികാരഃ.

കാഞ്ചുകീയഃ=കഞ്ചുകി.

അഹോ!=കഷ്ടം. ഈദൃശീം അവസ്ഥാം=ഈ സ്ഥിതിയെ. ന ഖലു പ്രപന്നഃ അസ്മി=ഞാൻ പ്രാപിച്ചവനായല്ലോ.

ആചാരഃ ഇതി=ഒരു അധികാരത്തിന്റെ അടയാളമാണെന്ന്. അവഹിതേന=ശ്രദ്ധാലുവായ. മയാ=എന്നാൽ. രാജ്ഞഃ=രാജാവിന്റെ. അവരോധഗൃഹേഷു=അവരോധഗൃഹങ്ങളിൽ. യാ=യാതൊരു. വേത്രയഷ്ടിഃ=വേത്രയഷ്ടി (പിരമ്പ്) ഗൃഹീതാ=ഗൃഹീതയായോ, സ്വീകരിക്കപ്പെട്ടുവോ.

ബഹുതിഥേ=അനേകം തീയതികളിൽ അടങ്ങിയ. കാലേ=കാലം. ഗതേ (സതി)=പോയ ഇപ്പോൾ. സാ ഏവ=ആ വേത്രയഷ്ടിതന്നെ. പ്രസ്ഥാനവിക്ലവഗതേഃ=പ്രസ്ഥാനത്തിൽ (ഗമനത്തിൽ) വിക്ലവമായ (ഇടറുന്ന) ഗതിയോടുകൂടിയ. മമ=എനിക്ക്. അവലംബനാർത്ഥാ ജാതാ=ഒരു താങ്ങായിട്ടുമാത്രം ഇപ്പോൾ വന്നുചേർന്നിരിക്കുന്നു.

ദേവസ്യ=ദേവന്റെ. ധർമ്മകാര്യ്യം, കാമം=ഏററവും. അനതിപാത്യം=അതിപാതംകൂടാത്തതാണ്, കാലതാമസം പാടില്ലാത്തതാണ്. തഥാപി=എങ്കിലും. ഇദാനീം ഏവ=ഇപ്പോൾതന്നെ. ധർമ്മാസനാത്=ധർമ്മാസനത്തിൽനിന്ന്. ഉത്ഥിതായ=എണീക്കുന്ന. അസ്മൈ=ഇദ്ദേഹത്തിനായി. ശിഷ്യാഗമനം=കണ്വശിഷ്യാഗമനം. വക്തും=പറയാൻ. ന ഉത്സഹേ=എനിക്കു മനസ്സില്ലാ. അഥവാ=അല്ലെങ്കിൽ. ലോകതന്ത്രാധികാരഃ=ലോകഭരണതന്ത്രാധികാരം. അവിശ്രമഃ=ഒരു വിശ്രമവുമില്ലാത്തതാണല്ലോ.

ഭാനുസ്സകൃദ്യുക്ത തുരങ്ഗ ഏവ,
രാത്രിന്ദിവം ഗന്ധവഹഃ പ്രയാതി,
ശേഷസ്സദൈവാഹിതഭൂമിഭാരഃ,
ഷഷ്ഠാംശവൃത്തേരപി ധർമ്മ ഏഷഃ. 4

യാവത് കണ്വശിഷ്യനിയോഗമനുതിഷ്ഠാമി. (പരിക്രമ്യാവലോക്യ ച) ഏഷ ദേവഃ—

പ്രജാഃ പ്രജാസ്സ്വാ ഇവ തന്ത്രയിത്വാ
നിഷേവതേ ശാന്തമനാ വിവിക്തമ്,
യൂഥാനി സഞ്ചാര്യ്യ രവിപ്രതപ്ത-
ശ്ശീതം ദിവാ സ്ഥാനമിവ ദ്വിപേന്ദ്രഃ. 5

ഭാനുഃ=സൂര്യ്യൻ. സകൃത്=ഒരിക്കൽ. യുക്തതുരംഗഃ=യുക്തമായ (രഥത്തിൽ യോജിപ്പിച്ചതായ) തുരംഗങ്ങളോടുകൂടിയവനായി (എപ്പോഴും സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു) ഗന്ധവഹഃ=മാരുതൻ. രാത്രിന്ദിവം=രാപകൽ. പ്രവാതി=വീശുന്നു. ശേഷഃ=

ഭൂമിദേവത്തോടുകൂടിയവൻ. ഏവ=തന്നെ. ഷഷ്ഠാംശവൃത്തേഃ അപി=ഷഷ്ഠാംശവൃത്തിയായവനും (രാജാവിന്നു് അക്കാലത്തു പ്രജകളുടെ ആദായത്തിന്റെ ആറിലൊന്നാണു കരം) രാജാവിനും. ഏഷഃ ധർമ്മഃ=ഇതു (തന്നെയാണു) ധർമ്മമായിട്ടുള്ളതു്.

കണ്വശിഷ്യനിയോഗം=കണ്വശിഷ്യന്മാരുടെ നിയോഗത്തെ അനുതിഷ്ഠാമി യാവത്=അനുഷ്ഠിക്കാം; തിരുമനസ്സുണർത്തിക്കാം.

(പരിക്രമ്യ=ചുററിനടന്നു്. അവലോക്യ ച=നോക്കിയും.) ഏഷ ദേവഃ=ഇതാ ദേവൻ.

പ്രജാഃ=ജനങ്ങളെ. സ്വാഃ പ്രജാഃ ഇവ=സ്വപ്രജകളെപ്പോലെ. തന്ത്രയിത്വാ=അതാതുകൃത്യങ്ങൾചെയ്യിച്ചു്. ശാന്തമനാഃ=ശാന്തമനസ്സനായി യൂഥാനി=യൂഥങ്ങളെ (ആനക്കൂട്ടങ്ങളെ) സഞ്ചാര്യ=സഞ്ചരിപ്പിച്ചു്. രവിപ്രതപ്തഃ=രവിയാൽ (സൂര്യനാൽ) പരിതപ്തനായ. ദ്വിപേന്ദ്രഃ=ദ്വിപേന്ദ്രൻ (യൂഥപനായ ആന) ദിവാ=പകൽ. ശീതം സ്ഥാനമിവ=തണുപ്പുള്ള സ്ഥാനത്തെപ്പോലെ. വിവിക്തം=വിശ്രമാനുകൂലമായ വിജനസ്ഥലത്തെ. (രാജാവു്) നിഷേവതേ=സേവിക്കുന്നു.

(ഉപഗമ്യ) ജയതു ദേവഃ. ഏതേ ഖലു ഹിമവതോ ഗിരേരുപത്യകാരണ്യവാസിനഃ കാശ്യപസന്ദേശമാദായ സസ്ത്രീകാസ്തപസ്വിനഃ സംപ്രാപ്താഃ. ശ്രുത്വാ ദേവഃ പ്രമാണമ്.

രാജാ:—(സാദരം) കിം കാശ്യപസന്ദേശഹാരിണഃ?

കാഞ്ചുകീയഃ:—അഥ കിമ്.

രാജാ:—തേന ഹി മദ്വചനാദ്വിജ്ഞാപ്യതാമുപാദ്ധ്യായസ്സോമരാതഃ. അമൂനാശ്രമവാസിനഃ ശ്രൌതേന വിധിനാ പുരസ്കൃത്യ സ്വയമേവ പ്രവേശയിതുമർഹതി. അഹമപ്യേതാംസ്തപസ്വിജനദർശനയോഗ്യേ ദേശേ പ്രതിപാലയാമി.

ഉപഗമ്യ=അടുത്തുചെന്നു്. ജയതു ദേവഃ=ദേവൻ ജയിക്കട്ടെ. ഹിമവതഃ ഗിരേഃ=ഹിമവത്പർവ്വതത്തിന്റെ ഉപത്യകാരണ്യവാസിനഃ=താഴ്വരയിലുള്ള അരണ്യത്തിൽ വസിക്കുന്ന. സസ്ത്രീകാഃ=സ്ത്രീകളോടുകൂടി. തപസ്വിനഃ=തപസ്വികൾ. കാശ്യപസന്ദേശം ആദായ=കാശ്യപസന്ദേശം വഹിച്ചു്. ഏതേ ഖലു സംപ്രാപ്താഃ=ഇതാ വന്നിരിക്കുന്നു. ശ്രുത്വാ=കേട്ടു്. ദേവഃ പ്രമാണം=ദേവൻതന്നെ പ്രമാണം. (ശേഷം കല്പനപോലെ.)

സാദരം=ആദരത്തോടുകൂടി. കിം=എന്തു്? (ആശ്ചര്യത്തിൽ) കാശ്യപസന്ദേശഹാരിണഃ=കാശ്യപന്റെ സന്ദേശവുംകൊണ്ടു് വന്നവരോ?

അഥ കിമ്=അതേ.

തേന ഹി=എന്നാൽ. മദ്വചനാത്=എന്റെ വാക്കിൽനിന്നും (എന്റെ വാക്കായിട്ടു്) ഉപാധ്യായഃ സോമരാതഃ=പുരോഹിതനായ സോമരാതൻ. ഉച്യതാം=പറയപ്പെട്ടാലും. (പുരോഹിതൻസോമരാതനോടു് ഞാൻ പറഞ്ഞതായി ഇങ്ങിനെ പറയുക):—

അമൂൻ ആശ്രമവാസിനഃ=ഈ ആശ്രമവാസികളെ. ശ്രൌതേന വിധിനാ=ശ്രുതിസംബന്ധമായ, വേദസംബന്ധമായ വിധിയാൽ. പുരസ്കൃത്യ=പുരസ്കരിച്ചു (കൂട്ടിക്കൊണ്ടുവന്നു്) സ്വയമേവ പ്രവേശയിതും=സ്വയമേ പ്രവേശിക്കുന്നതിന്നു്. അർഹതി=യോഗ്യനാവുന്നു (നിങ്ങൾ കൂട്ടിക്കൊണ്ടുവരണം)

അഹമപി=ഞാനും. തപസ്വിജനദർശനയോഗ്യേ=തപസ്വികളെ കാണേണ്ടുന്ന സ്ഥാനത്തിൽ. ഏതാൻ=ഇവരെ. പ്രതിപാലയിഷ്യാമി=

കാഞ്ചുകീയഃ:— യദാജ്ഞാപയതി ദേവഃ. (നിഷ്ക്രാന്തഃ)

രാജാ:—(ഉത്ഥായ) വേത്രവതി, അഗ്നിശരണമാൎഗ്ഗമാദേശയ.

പ്രതീഹാരീ:— ഇതോ ദേവഃ.

രാജാ:—(പരിക്രാമൻ അധികാരഖേദം നിരൂപ്യ) സൎവ്വഃ പ്രാർത്ഥിതമധിഗമ്യ സുഖീ സമ്പദ്യതേ ജന്തുഃ. രാജ്ഞാം തു ചരിതാർത്ഥതാ ദുഃഖോത്തരൈവ. കുതഃ—

ഔൽസുക്യമാത്രമവസായയതി പ്രതിഷ്ഠാ,
ക്ലിശ്നാതി ലബ്ധപരിപാലനവൃത്തിരേവമ്,
നാതിശ്രമാപനയനായ യഥാ ശ്രമായ
രാജ്യം സ്വഹസ്തധൃതദണ്ഡമിവാതപത്രമ്. 6

ദേവഃ=ദേവൻ. യത് ആജ്ഞാപയതി=യാതൊന്ന് ആജ്ഞാപിക്കുന്നുവോ. (കല്പനപോലെ) (നിഷ്ക്രാന്തഃ=പോയി.)

(ഉത്ഥായ=എണീറ്റ്) വേത്രവതി, അഗ്നിശരണമാൎഗ്ഗ=അഗ്നിശരണത്തിലേക്ക് (അഗ്നിഹോത്രഗൃഹത്തിലേയ്ക്കു) (ഉള്ള) മാൎഗ്ഗം. ആദേശയ=ആദേശിക്കുക (കാണിച്ചുതരിക.)

ഇതഃ ദേവഃ=ദേവൻ ഇങ്ങട്ട്.

(പരിക്രമ്യ=ചുററിനടന്ന്. അധികാരഖേദം=രാജാധികാരത്തിലുള്ള ക്ലേശം. നിരൂപ്യ=നടിച്ച്)

സൎവ്വഃ ജന്തുഃ=എല്ലാ ജന്തുവും. പ്രാൎത്ഥിതം=അഭിലാഷം. അധിഗമ്യ=പ്രാപിച്ച്. സുഖീ സമ്പദ്യതേ=സുഖിയായിത്തീരുന്നു. രാജ്ഞാം തു=രാജാക്കന്മാൎക്കാകട്ടെ. ചരിതാർത്ഥതാ=ചാരിതാൎത്ഥ്യം. ദുഃഖോത്തരാ ഏവ=ദുഃഖത്തോടു കൂടിയതുതന്നെ (അഭിലാഷം സാധിച്ചാലും ദുഃഖത്തിനു കുറവില്ല).

പ്രതിഷ്ഠാ=രാജ്യാധിപതിയെന്നുള്ള പ്രതിഷ്ഠ. ഔൽസുക്യമാത്രം=അതിലേയ്ക്കുള്ള ഒരു ഉൽസുകതയെമാത്രമേ. അവസായയതി=അവസാനിപ്പിക്കുന്നുള്ളു. (ക്ലേശങ്ങളെ തീൎക്കാൻ അതുകൊണ്ടാവുകയില്ല എന്നു സാരം.) ലബ്ധപരിപാലനവൃത്തിഃ=ലഭിച്ചതിനെ പരിപാലിക്കുന്നതിലുള്ള പ്രവൃത്തി. ക്ലിശ്നാതി=ക്ലേശിപ്പിക്കുന്നു. രാജ്യം=രാജ്യാധികാരപദവി. യഥാ=ഏതുപ്രകാരത്തിലാണോ. ശ്രമായ=ശ്രമത്തിനായിഭവിക്കുന്നു (അതുപോലെ) സ്വഹസ്തധൃതദണ്ഡം=സ്വഹസ്തത്താൽ ധരിക്കപ്പെട്ട കാലോടുകൂടിയ. ആതപത്രം ഇവ=കുടപോലെ. ന അതിശ്രമാപനയനായ=അതിക്ലേശങ്ങളെ ദൂരീകരിപ്പാൻ (മതിയാകുന്നില്ല.)

(ആകാശേ)

വൈതാളികൌ:—വിജയതാം ദേവഃ.

പ്രഥമഃ:—

സ്വസുഖനിരഭിലാഷഃ ഖിദ്യസേ ലോകഹേതോഃ
പ്രതിദിനമഥവാ തേ വൃത്തിരേവംവിധൈവ;
അനുഭവതി ഹി മൂൎദ്ധ്നാ പാദപസ്തീവ്രമുഷ്ണം,
[illegible] സംശ്രിതാനാം. 7

ദ്വിതീയഃ:—

നിയമയസി വിമാർഗ്ഗപ്രസ്ഥിതാനാത്തദണ്ഡഃ,
ശമയസി ച വിവാദം, കല്പസേ രക്ഷണായ;
അതനുഷു വിഭവേഷു ജ്ഞാതയസ്സന്തു നാമ
ത്വയി തു പരിസമാപ്തം ബന്ധുകൃത്യം പ്രജാനാമ്. 8

ആകാശേ=ആകാശത്തിൽ (ഇവിടെ അണിയറയിൽ) വൈതാളികാഃ=വൈതാളികന്മാർ (സ്തുതിപാഠകന്മാർ)

ദേവഃ=ദേവൻ. വിജയതാം=വിജയിച്ചാലും.

സ്വസുഖനിരഭിലാഷഃ=സ്വസുഖത്തിൽ അഭിലാഷമില്ലാത്തവനായിട്ട്. ലോകഹേതോഃ=ലോകഹേതുവിന് (ലോകത്തിന്നായി) പ്രതിദിനം=ദിവസംപ്രതി. ഖിദ്യസേ=ഖേദിക്കപ്പെടുന്നു. അഥവാ=അല്ലെങ്കിൽ. തേ=അങ്ങയുടെ. വൃത്തിഃ=പ്രവൃത്തി. ഏവംവിധാ ഏവ=ഇപ്രകാരമുള്ളതുതന്നെയാണ്. (എന്തെന്നാൽ) മൂർധ്നാ=ശിരസ്സുകൊണ്ട്. പാദപഃ=വൃക്ഷം. തീവ്രം ഉഷ്ണം=കഠിനമായ ഉഷ്ണത്തെ. അനുഭവതി=അനുഭവിക്കുന്നു. ഛായയാ=തണലാൽ. ആശ്രിതാനാം=ആശ്രിതന്മാരുടെ. പരിതാപം=പരിതാപത്തെ. ശമയതി ച=ശമിപ്പിക്കുകയും ചെയ്യുന്നു.

ആത്തദണ്ഡഃ=സ്വീകൃതമായ ദണ്ഡത്തോടു് (ചെങ്കോലോടോ, ദണ്ഡനീതിയോടോ കൂടി) വിമാർഗ്ഗപ്രസ്ഥിതാൻ=മാർഗ്ഗം തെറ്റി നടക്കുന്നവരെ. നിയമയസി=അങ്ങു നിയന്ത്രിക്കുന്നു. വിവാദം=ശണ്ഠയെ. ശമയസി ച=ശമിപ്പിക്കുന്നു. രക്ഷണായ=രക്ഷണത്തിന്നായി. കല്പസേ=കല്പിക്കുന്നു. വിഭവേഷു അതനുഷു=വിഭവങ്ങൾ മഹത്തായിരിക്കുമ്പോൾ. ജ്ഞാതയഃ=ബന്ധുക്കൾ. സന്തു നാമ=ഇരുന്നുകൊള്ളട്ടെ. ത്വയി തു=അങ്ങിലാവട്ടെ. പ്രജാനാം=പ്രജകളുടെ. ബന്ധുകൃത്യം=ബന്ധുവിന്റെയും ധർമ്മം. പരിസമാപ്തം=പരിസമാപ്തമായിരിക്കുന്നു.

രാജാ:—ഏതേ ക്ലാന്തമനസഃ പുനർന്നവീകൃതാഃ സ്മഃ
(പരിക്രാമതി)

പ്രതീഹാരീ:-ഏഷോ ഽഭിനവസമ്മാർജ്ജനസശ്രീകസ്സന്നിഹിതഹോമധേനുരഗ്നിശരണാലിന്ദഃ. ആരോഹതു ദേവഃ.

രാജാ:—(ആരുഹ്യ പരിജനാംസാവലംബീ തിഷ്ഠതി) വേത്രവതി, കിമുദ്ദിശ്യ തത്രഭവതാ കാശ്യപേന മത്സകാശമൃഷയഃ പ്രേഷിതാഃ സ്യുഃ?

കിം താവദ്വ്രതിനാമുപോഢതപസാം വിഘ്നൈസ്തപോ ദൂഷിതം?
ധർമ്മാരണ്യചരേഷു കേനചിദുത പ്രാണിഷ്വസച്ചേഷ്ടിതം,
ആഹോസ്വിത് പ്രസവോ മമാപചരിതൈർവിഷ്ടംഭിതോ വീരുധാ?-
മിത്യാരൂഢബഹുപ്രതർക്കമപരിച്ഛേദാകുലം മേ മനഃ. 9

ക്ലാന്തമനസഃ=ക്ഷീണിച്ച ചിത്തത്തോടുകൂടിയ. ഏതേ=ഇവർ (നാം) പുനഃ=

ഏഷഃ = ഇതാ. അഭിനവസമ്മാർജ്ജനസശ്രീകഃ = അഭിനവമായ സമ്മാർജ്ജനത്താൽ, അടിച്ചുതളിപ്പിനാൽ ശ്രീയോടുകൂടിയതും. സന്നിഹിതഹോമധേനുഃ = സന്നിഹിതമായ ഹോമധേനുവോടുകൂടിയതും ആയ. അഗ്നിശരണാലിന്ദഃ = അഗ്നിഹോത്രഗൃഹത്തിലെ ഇറയം. ദേവഃ ആരോഹതു = കയറിയാലും.

ആരുഹ്യ = കയറി. പരിജനാംസാവലംബീ = പരിജനത്തിന്റെ അംസത്തെ അവലംബിക്കുന്നവനായി. തിഷ്ഠതി = നില്ക്കുന്നു. (ഇവിടെ മുനിമാരോടുള്ള പ്രത്യേകബഹുമാനത്താൽ രാജാവു് നില്ക്കുന്നതേയുള്ളൂ)

നിന്നിട്ടു ഋഷിമാർ വരുന്നതിനുള്ള കാരണം എന്തായിരിക്കുമെന്നു ചിന്തിച്ചു് വേത്രവതിയോടു ചോദിക്കുന്നു:—

വേത്രവതി = ഹേ വേത്രവതി! കിം ഉദ്ദിശ്യ = എന്തുദ്ദേശിച്ചാണു്. തത്രഭവതാ കാശ്യപേന = വന്ദ്യനായ കാശ്യപഗുരുവിനാൽ. മത്സകാശം = എന്റെ അടുക്കൽ. ഋഷയഃ = ഋഷികൾ. പ്രേഷിതാഃ സ്യുഃ? = അയയ്ക്കപ്പെട്ടവരായി ഭവിക്കും?

ഇങ്ങിനെ ഋഷിമാർ വരുവാനുണ്ടായിരിക്കാവുന്ന കാരണങ്ങളെ രാജാവു് ഊഹിക്കയാണു്:—

ഉപോഢതപസാം = ഉപോഢമായ (സഞ്ചിതമായ തപസ്സോടുകൂടിയവരായ. വ്രതിനാം = വ്രതികളുടെ, ഋഷിമാരുടെ തപഃ = തപസ്സ്, തപോനുഷ്ഠാനങ്ങൾ. വിഘ്നൈഃ = വിഘ്നങ്ങളാൽ. കിം താവത് ദൂഷിതം = ദുഷിപ്പിക്കപ്പെട്ടതായിരിക്കുമോ? (മഹർഷിമാരുടെ തപോനുഷ്ഠാനങ്ങൾ വല്ല വിഘ്നങ്ങളാലും പ്രതിബന്ധിക്കപ്പെട്ടിരിക്കുന്നുവോ?)

ധർമ്മാരണ്യചരേഷു = ധർമ്മാരണ്യങ്ങളിൽ, തപോവനപ്രദേശങ്ങളിൽ ചരിക്കുന്നവയായ (സഞ്ചരിക്കുന്നവയായ.) പ്രാണിഷു = പ്രാണികളിൽ (ജന്തുക്കളിൽ) കേനചിത് = ആരെങ്കിലും. അസത് = അസത്തായിട്ടുള്ള കർമ്മം (ഉപദ്രവം) ഉത ചേഷ്ടിതം? = ചേഷ്ടിക്കപ്പെട്ടതായിരിക്കുന്നുവോ?

(അതോ നിരുപദ്രവികളായ തപോവനജീവികളെ ആരെങ്കിലും വല്ലതും ഉപദ്രവിച്ചിരിക്കുന്നതുകൊണ്ടായിരിക്കുമോ?).

ആഹോസ്വിത് = അഥവാ. വീരുധാം = വള്ളികളുടെ, ലതാവൃക്ഷാദികളുടെ. പ്രസവഃ = പ്രസവം (പുഷ്പഫലാദ്യങ്ങൾ) മമ = എന്റെ. അപചരിതൈഃ = അപചരിതങ്ങളാൽ (വല്ല ദുരാചാരങ്ങളാലും. വിഷ്ടംഭിതഃ = വിഷ്ടംഭിതമായോ, തടസ്സപ്പെട്ടതായോ?

(അതോ, എന്റെ വല്ല ഭരണവിക്രിയമൂലം തപോവനത്തിലെ തരുലതാദികളിൽ യഥാകാലം പൂവു്, കായ് മുതലായവ ഉണ്ടാകുന്നില്ലയോ?)

ഇതി = ഇങ്ങിനെ. മേ = എന്റെ. മനഃ = മനസ്സ്. ആരൂഢബഹുപ്രതർക്കം = ആരൂഢമായ, വന്നുകയറിയതായ ബഹുവായി, വളരെ, (വിധത്തിലുള്ള) പ്രതർക്കത്തോടുകൂടിയതും സംശയങ്ങൾ ഊഹങ്ങൾ എന്നിവയോടുകൂടിയതും.) അപരിച്ഛേദാകുലം = അപരിച്ഛേദമായ, പരിച്ഛേദിപ്പാൻ കഴിയാത്ത, ഇന്നതെന്നു വ്യക്തമായി കണ്ടുപിടിപ്പാൻ നിവൃത്തിയില്ലാത്തവിധം, ആകുലമായും (വ്യാകുലതയോടുകൂടിയതായും) (തീർന്നിരിക്കുന്നു.)

രാജാവിന്റെ ഈ സംശയങ്ങൾകൊണ്ടു് അല്ലലത്തിന്റെ കലുഷമായ ചിത്തത്തിനു് ഒട്ടൊരു ആശ്വാസം വരാനായി പ്രതീഹാരി ഈവിധം പറയുന്നു —

പ്രതീഹാരീ:—സുചരിതാഭിനന്ദിന ഋഷയോ ദേവം സംഭാവയിതുമാഗതാ ഇതി തർക്കയാമി.

(തതഃ പ്രവിശന്തി ഗൗതമീസഹിതാം ശകുന്തളാം പുരസ്കൃത്യ

കാഞ്ചുകീയഃ:—ഇത ഇതോ ഭവന്തഃ.

ശാർങ്ഗരവഃ:—ശാരദ്വത,

മഹാഭാഗഃ കാമം നരപതിരഭിന്നസ്ഥിതിരസൗ
ന കശ്ചിദ്വർണ്ണാനാമപഥമപകൃഷ്ടോഽപി ഭജതേ;
തഥാപീദം ശശ്വത് പരിചിതവിവിക്തേന മനസാ
ജനാകീർണ്ണം മന്യേ ഹുതവഹപരീതം ഗൃഹമിവ. 10

സുചരിതാഭിനന്ദിനഃ=സുചരിതത്തെ അഭിനന്ദിക്കുന്നവരായ. ഋഷയഃ=ഋഷിമാർ. ദേവം=ദേവനെ (തിരുമനസ്സിനെ) സംഭാവയിതും=ബഹുമാനിക്കുന്നതിന്. ആഗതാഃ=വന്നവരാണ്. ഇതി=എന്ന്. തർക്കയാമി=ഞാൻ ഊഹിക്കുന്നു.

(ഗൌതമീസഹിതാം=ഗൌതമിയോടുകൂടിയ. ശകുന്തളാം=ശകുന്തളയെ. പുരസ്കൃത്യ=മുമ്പിൽ നടത്തി. മുനയഃ=മുനിമാർ. ഏഷാം=ഇവരുടെ. പുരഃ ഏവ=മുമ്പിലായ്ത്തന്നെ. പുരോഹിതഃ ച=പുരോഹിതനും)

ഇതഃ ഇതഃ ഭവന്തഃ=ഭവാന്മാർ ഇതിലെ ഇതിലെ.

അഭിന്നസ്ഥിതിഃ=ഭിന്നസ്ഥിതിയല്ലാത്ത, അചഞ്ചലധർമ്മാനുഷ്ഠാനത്തോടുകൂടിയ അസൗ നരപതിഃ=ഈ നരപതി. കാമം മഹാഭാഗഃ=ഏററവും മഹാഭാഗനാണ്

അപകൃഷ്ടഃ അപി=താഴ്ന്നതരത്തിലുള്ളവനായാലുംകൂടി. വർണ്ണാനാം=വർണ്ണങ്ങളാക്ക്. അപഥം=നേർവഴിയല്ലാത്തതു്. ന കശ്ചിത് അപി ഭജതേ=യാതൊരുത്തനുംതന്നെ ഭജിക്കുന്നില്ല.

തഥാപി=ഇങ്ങിനെയൊക്കെയാണെങ്കിലും. ജനാകീർണ്ണം ഇദം ഗൃഹം=ജനസംകുലമായ ഈ രാജഗൃഹം. ശശ്വത്=ഇപ്പോഴും. പരിചിതവിവിക്തേന മനസാ=പരിചിതമായ വിജനപ്രദേശത്തോടുകൂടിയ മനസ്സിനാൽ (എന്റെ മനസ്സിനാൽ) ഹുതവഹപരീതം=അഗ്നിപരീതമായ. ഗൃഹം ഇവ=ഗൃഹംപോലെ. മന്യേ=ഞാൻ വിചാരിക്കുന്നു.

ശാരദ്വതഃ:—സ്ഥാനേ ഖലു ഭവാൻ പുരപ്രവേശാദിത്ഥംഭൂതഃ. അഹമപി—

അഭ്യക്തമിവ സ്നാതഃ ശുചിരശുചിമിവ പ്രബുദ്ധ ഇവ സുപ്തമ്
ബദ്ധമിവ സ്വൈരഗതിർജ്ജനമിഹ സുഖസംഗിനമവൈമി 11

ശകുന്തളാ:—(നിമിത്തം സൂചയിത്വാ) അമ്മഹേ കിമിതി വാമേതരം നയനം വികുരുതേ?

ഗൌതമീ:—ജാതേ, പ്രതിഹതമമംഗലമ്. സുഖാനി തേ ഭർത്തൃകുലദേവതാ വിതരന്തു. (പരിക്രാമന്തി)

പുരോഹിതഃ:—(രാജാനം നിർദ്ദിശ്യ) ഭോസ്തപസ്വിനഃ, അസാവത്ര ഭവാൻ വർണ്ണാശ്രമാണാം രക്ഷിതാ പ്രാഗേവ മുക്താസനഃ പ്രതിപാലയതേ വഃ. പശ്യതൈനമ്.

ഭവാൻ=അങ്ങ്. പുരപ്രവേശാത്=രാജപുരപ്രവേശം ഹേതുവായി. ഇത്ഥംഭൂതഃ=ഇങ്ങിനെയായിരിക്കുന്നത്. സ്ഥാനേ ഖലു=സ്ഥാനത്തിലാണല്ലോ (യുക്തം തന്നല്ലോ) അഹമപി=ഞാനും.

സ്നാതഃ=സ്നാനംകഴിച്ചവൻ. അഭ്യക്തം ഇവ=(തൈലംകൊണ്ട്) അഭ്യക്തനെ (എണ്ണതേച്ചിരിക്കുന്നവനെ) എന്നപോലെയും. ശുചിഃ=നിർമ്മലൻ. അശുചിം ഇവ=വൃത്തികെട്ടവനെ എന്നപോലെയും. പ്രബുദ്ധഃ=ഉണൎന്നിരിക്കുന്നവൻ (ഉണർവോടുകൂടിയവൻ) സുപ്തംഇവ=ഉറങ്ങിയവനെ എന്നപോലെയും. സൈരഗതിഃ=യഥേഷ്ടഗതിയായവൻ ബദ്ധം ഇവ=കെട്ടപ്പെട്ടവനെ എന്നപോലെയും. ഇഹ=ഇവിടെ. സുഖസംഗിനം=സുഖവാനായ. ജനം=ജനത്തെ (അഹം) അവൈമി=ഞാൻ അറിയുന്നു.

അമ്മഹേ=അയ്യേ! വാമേതരം=വലത്തെ. നയനം=കണ്ണ്. കിം ഇതി വിക്ഷുരതേ=എന്താണു തുടിക്കുന്നത്?

ജാതേ, അമംഗലം=അശുഭം. പ്രതിഹതം=പ്രതിഹതമാവട്ടെ (നീങ്ങട്ടെ) തേ=നിനക്കായി. ഭർതൃകുലദേവതാഃ=നിന്റെ ഭർതൃകുലദേവതകൾ. സുഖാനി=സുഖങ്ങളെ (സുഖം) വിതരന്തു=തരട്ടെ.

ഭോഃ തപസ്വിനഃ=ഹേ തപസ്വികളേ! അസൌ=ഇതാ. അത്രഭവാൻ വൎണ്ണാശ്രമാണാം രക്ഷിതാ=വൎണ്ണാശ്രമരക്ഷിതാവായ തിരുമേനി. പ്രാക് ഏവ=മുൻകൂട്ടിത്തന്നെ. മുക്താസനഃ=രാജപീഠംവിട്ട്. വഃ=നിങ്ങളെ. പ്രതിപാലയതേ=കാക്കുന്നു. ഏനം=ഇദ്ദേഹത്തെ. പശ്യത=കാണുവിൻ.

ശാർങ്ഗരവഃ—ഭോ മഹാബ്രാഹ്മണ, കാമമേതദഭിനന്ദനീയമ്. തഥാപി വയമത്ര മധ്യസ്ഥാഃ. കുതഃ—

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ-
നവാംബുഭിർദ്ദൂരവിലംബിനോ ഘനാഃ
അനുദ്ധതാസ്സത്പുരുഷാസ്സമൃദ്ധിഭി-
സ്സ്വഭാവ ഏവൈഷ പരോപകാരിണാമ്. 12

പ്രതീഹാരീ—ദേവ, പ്രസന്നമുഖവൎണ്ണാ, ദൃഷയോ ദൃശ്യന്തേ. തദവിശങ്കസ്തകാൎയ്യാ ഏതേ.

ഭോഃ മഹാബ്രാഹ്മണ=അല്ലേ മഹാബ്രാഹ്മണ! ഏതത്=ഇതു് (രാജാവു മുൻകൂട്ടിത്തന്നെ ഞങ്ങളെ കാണ്മാനായി കാത്തുനിൽക്കുന്നുവെന്നതു്) കാമം=ഏററവും. അഭിനന്ദനീയം=അഭിനന്ദിക്കപ്പെടേണ്ടതാണു്. തഥാപി=എന്നാലും. വയം=നാം. അത്ര=ഇക്കാൎയ്യത്തിൽ. മധ്യസ്ഥാഃ=മദ്ധ്യസ്ഥന്മാരാണു് (ഞങ്ങൾ ഇതു് ഒരു സാധാരണയായിട്ടേ വിചാരിക്കുന്നുള്ളൂ.) കുതഃ=എന്തുകൊണ്ടെന്നാൽ—

തരവഃ=തരുക്കൾ (വൃക്ഷങ്ങൾ) ഫലാഗമൈഃ=ഫലാഗമങ്ങളാൽ, കായേൽക്കുന്നതിനാൽ. നമ്രാഃ=നമ്രങ്ങളായി (ചാഞ്ഞതുകളായി) (പ്രകൃതത്തിൽതാണതുകളായി) ഭവന്തി=ഭവിക്കുന്നു.

ഘനാഃ=മേഘങ്ങൾ. നവാംബുഭിഃ=നവങ്ങളായ, പുതുതായ അംബുക്കളാൽ=ജലകണങ്ങളാൽ. ദൂരവിലംബിനഃ=ദൂരം ഏററവും വിലംബികളായി, തൂങ്ങുന്നവകളായി (കാണപ്പെടുന്നു)

സത്പുരുഷാഃ=മഹാത്മാക്കൾ. സമൃദ്ധിഭിഃ=ഐശ്വൎയ്യങ്ങളാൽ. അനുദ്ധതാഃ=

പരോപകാരിണാം=പരോപകാരികൾക്ക്. ഏഷഃ സ്വഭാവഃ=ഇതു സ്വഭാവമാണ്. (ഇവ പ്രകൃതം സ്വഭാവസിദ്ധമാണ്.)

ദേവ=രാജാവേ. പ്രസന്നമുഖവർണ്ണാഃ=പ്രസന്നങ്ങളായ മുഖവർണ്ണത്തോടുകൂടിയ. ഋഷയഃ=ഋഷിമാർ. ദൃശ്യന്തേ=കാണപ്പെടുന്നു. തത്=അതിനാൽ. ഏതേ=ഇവർ. വിശ്വസ്തകാര്യാഃ=കാര്യ(സിദ്ധിയിൽ) വിശ്വാസമുള്ളവരാണ് (എന്നു തോന്നുന്നു.)

രാജാ:—(ശകുന്തളാം ദൃഷ്ട്വാ) അഥാത്ര ഭവതീ.

കാ സ്വിദവകുണ്ഠനവതീ നാതിപരിസ്ഫുടശരീരലാവണ്യാ,
മധ്യേ തപോധനാനാം കിസലയമിവ പാണ്ഡുപത്രാണാമ്. 13

പ്രതീഹാരീ:—ദേവ, കുതൂഹലഗർഭോ വിഹിതോ മേ തർക്കോ ന പ്രസരതി. ദർശനീയാ പുനരസ്യാ ആകൃതിർലക്ഷ്യതേ.

രാജാ:—ഭവതു അനിർവ്വർണ്ണനീയം പരകളത്രമ്.

ശകുന്തളാ:—(ഹസ്തമുരസി കൃത്വാ സ്വഗതം) ഹൃദയ, കിമേവം വേപസേ? ആര്യ്യപുത്രസ്യ ഭാവസ്ഥമവധാര്യ്യ ധീരം താവത് ഭവ.

ശകുന്തളാം ദൃഷ്ട്വാ=ശകുന്തളയെക്കണ്ടിട്ട്. അഥ അത്ര ഭവതീ=അല്ല ഇവ മാന്യ (ആരെന്നുള്ള ചോദ്യവും ആശ്ചര്യ്യവും സംശയവും.)

അവകുണ്ഠനവതീ=അവകുണ്ഠനത്തോട് (മൂടുപടത്തോടു കൂടിയവളും. നാതിപരിസ്ഫുടശരീരലാവണ്യാ=അതിപരിസ്ഫുടമല്ലാത്ത ശരീരലാവണ്യത്തോടുകൂടിയവളും ആയി.

പാണ്ഡുപത്രാണാം=വെള്ളിലകളുടെ. മധ്യേ=മദ്ധ്യത്തിൽ. കിസലയം ഇവ=തളിരുപോലെ. തപോധനാനാം മധ്യേ=തപോധനമദ്ധ്യത്തിൽ. കാ സ്വിത്=ഇതാരാണ്?

മേ=എന്റെ. തർക്കഃ=സംശയം. കുതൂഹലഗർഭഃ=കുതൂഹലത്തോടു് (തപോധനന്മാരുടെകൂടെ ഒരു പരമസുന്ദരിയായ സ്ത്രീ എന്നുള്ള ആശ്ചര്യ്യാഹ്ലാദങ്ങളോടു, കൂടിയതായി. വിഹിതഃ=വിഹിതമായി (ഇന്നവിധത്തിലാണെന്നു പ്രസ്താവിക്കത്തക്കതായി.) ന പ്രസരതി=പ്രസരിക്കുന്നില്ല. അസ്യാഃ=ഇവളുടെ. ആകൃതിഃ പുനഃ=ആകൃതിയാവട്ടെ, രൂപസൗന്ദര്യ്യമാകട്ടെ ദർശനീയാ=കാണത്തക്കതായി. ലക്ഷ്യതേ=കാണപ്പെടുന്നു.

ഭവതു=ആകട്ടെ. പരകളത്രം=അന്യരുടെ) ഭാര്യ്യ(മാർ) അനിർവ്വർണ്ണനീയം=നോക്കപ്പെടുവാൻ യോഗ്യമല്ല.

ഹസ്തം=കൈ. ഉരസി=നെഞ്ചിൽ. കൃത്വാ=ചെയ്തു് (വെച്ചു്.) ഹൃദയ=അല്ലയോ മനസ്സേ! കിം ഏവം വേപസേ=എന്തിനിങ്ങനെ പരിഭ്രമിക്കുന്നു? ആര്യ്യപുത്രസ്യ=ആര്യ്യപുത്രന്റെ. ഭാവസ്ഥം=മനോഗതം. അവധാര്യ=ഓർത്തു്. അധീരം ഭവ=അധൈര്യ്യപ്പെടുക.

പുരോഹിതഃ:—(പുരോ ഗത്വാ) ദേവ, ഏതേ വിധിവദർച്ചിതാസ്തപസ്വിനഃ. കശ്ചിദേഷാമുപാധ്യായസന്ദേശഃ. തം ദേവഃ ശ്രോതുമർഹതി

രാജാ:—അവഹിതോ ഽസ്മി.

ഋഷയഃ:—(ഹസ്തമുദ്യമ്യ) വിജയസ്വ രാജൻ.

രാജാ:—സർവാനഭിവാദയേ വഃ.

ഋഷയഃ:—സ്വസ്തി ഭവതേ.

രാജാ:—അപി നിർവിഘ്നതപസോ മുനയഃ?

ഋഷയഃ:—

കുതോ ധർമ്മക്രിയാവിഘ്നസ്സതാം രക്ഷിതരി ത്വയി?
തമസ്തപതി ഘർമ്മാംശൗ കഥമാവിർഭവിഷ്യതി? 14

പുരഃ=മുമ്പിൽ. ഗത്വാ=ചെന്നിട്ട്. ദേവ=ഹേ രാജാവേ. ഏതേ തപസ്വിനഃ=ഈ തപസ്വികൾ. വിധിവത്=വിധിയാംവണ്ണം. അർച്ചിതാഃ=പൂജിക്കപ്പെട്ടവരായി. ഇവർക്ക് വിധിയാംവണ്ണം അതിഥിസൽക്കാരങ്ങൾ നടത്തി. ഏഷാം=ഇവർക്ക്. ഉപാധ്യായസന്ദേശഃ കശ്ചിത്=ഒരു ഗുരുസന്ദേശം (അറിയിപ്പാൻ ഉണ്ട്.) തം=ആ സന്ദേശത്തെ. ദേവഃ=ദേവൻ. ശ്രോതും അർഹതി=കേൾക്കുവാൻ യോഗ്യനാകുന്നു (ആ സന്ദേശം തിരുമനസ്സുകൊണ്ടു കേൾക്കണം.)

അവഹിതഃ അസ്മി=ഇതാ സശ്രദ്ധനായിരിക്കുന്നു.

(ഹസ്തം ഉദ്യമ്യ=കൈപൊക്കി). രാജൻ=ഹേ രാജാവേ. വിജയസ്വ=വിജയീഭവിച്ചാലും.

വഃ സർവാൻ=നിങ്ങളെ എല്ലാവരേയും. അഭിവാദയേ=ഞാൻ അഭിവാദനം ചെയ്യുന്നു.

ഭവതേ=അങ്ങേക്കായി. സ്വസ്തി=മംഗളം (ഭവിക്കട്ടെ).

മുനയഃ=മുനിമാർ. അപി നിർവിഘ്നതപസഃ=നിർവിഘ്നമായ തപസ്സോടുകൂടിയവരാണോ? (മുനിമാരുടെ തപസ്സുകൾക്ക് വിഘ്നങ്ങൾ ഒന്നും ഇല്ലെന്നു വിശ്വസിക്കുന്നു.)

ത്വയി=(അങ്ങിൽ) അങ്ങ്. സതാം=സജ്ജനങ്ങളുടെ. രക്ഷിതരി=രക്ഷിതാവായിരിക്കുമ്പോൾ. ധർമ്മക്രിയാവിഘ്നഃ=ധർമ്മക്രിയകൾക്കു വിഘ്നം. കുതഃ=എവിടെനിന്നാണ്? ഘർമ്മാംശൗ=ഘർമ്മാംശുവായ സൂര്യൻ. തപതി=തപിക്കുമ്പോൾ (ജ്വലിക്കുമ്പോൾ.) തമഃ=ഇരുട്ട്. കഥം=എങ്ങിനെയാണ്. ആവിർഭവിഷ്യതി=ആവിർഭവിപ്പാൻപോകുന്നു?

അലങ്കാരം—ദൃഷ്ടാന്തമോ, പ്രതിവസ്തൂപമയോ ആകാം.

രാജാ:—അർത്ഥവാൻ ഖലു മേ രാജശബ്ദഃ. അഥ ഭഗവാൻ ലോകാനുഗ്രഹായ കുശലീ കാശ്യപഃ?

ശാർങ്ഗരവഃ:—സ്വാധീനകുശലാസ്സിദ്ധിമന്തഃ. സ ഭവന്തമനാമയപ്രശ്നപൂർവകമിദമാഹ.

രാജാ:—കിമാജ്ഞാപയതി ഭഗവാൻ?

ശാർങ്ഗരവഃ:—യന്മിഥസ്സമവായാദിമാം മദീയാം ദുഹിതരം ഭവാനുപായംസ്ത തന്മയാ പ്രീതിമതാ യുവയോരനുജ്ഞാതമ്.

തമർഹതാം പ്രാഗ്രസരഃ സ്മൃതോഽസി നഃ
ശകുന്തളാ മൂർത്തിമതീവ സത്ക്രിയാ;
സമാനയംസ്തുല്യഗുണം വധൂവരം
ചിരസ്യ വാച്യം ന ഗതഃ പ്രജാപതിഃ. 15

തദിദാനീമാപന്നസത്വാ പ്രതിഗൃഹ്യതാം സഹധർമ്മാചരണായേതി.

മേ=എന്റെ. രാജശബ്ദഃ=രാജാവെന്ന ശബ്ദം (പേരു്.) അർത്ഥവാൻ ഖലു=സാർത്ഥമായി കലാശിച്ചല്ലോ. ഭഗവാൻ കാശ്യപഃ=ഭഗവാൻ കാശ്യപൻ. ലോകാനുഗ്രഹായ = ലോകാനുഗ്രഹത്തിനായി. അഥ കുശലീ = കുശലത്തോടുകൂടിയിരിക്കുന്നുവോ?

സിദ്ധിമന്തഃ=അഷ്ടൈശ്വര്യസിദ്ധിയോടുകൂടിയ (മഹർഷിമാർ) സ്വാധീനകുശലാഃ=സ്വാധീനമായ കുശലത്തോടുകൂടിയവരാണല്ലോ. സഃ=അദ്ദേഹം. ഭവന്തം=അങ്ങയോടു്. അനാമയപ്രശ്നപൂർവ്വകം=അനാമയംതന്നെയോ എന്നുള്ള, സുഖംതന്നെയോ എന്നുള്ള ചോദ്യത്തോടുകൂടി. ഇദം ആഹ=ഇങ്ങിനെ പറയുന്നു.

ഭഗവാൻ കിം ആജ്ഞാപയതി?=എന്താണ് ഭഗവാൻ ആജ്ഞാപിക്കുന്നതു്?

മിഥസ്സമവായാത്=അന്യോന്യസമയപ്രകാരം. ഇമാം=ഈ. മദീയാം=എന്റെ. ദുഹിതരം=പുത്രിയെ. ഭവാൻ=അങ്ങു്. ഉപായംസ്ത ഇതി യത്=പരിഗ്രഹിച്ചുവെന്നു് യാതൊന്നുണ്ടോ. തത്=അതു്. പ്രീതിമതാ മയാ=പ്രീതിമാനായ എന്നാൽ. യുവയോഃ=നിങ്ങളുടെ കാര്യത്തിൽ. അനുജ്ഞാതം=സമ്മതമായിട്ടുള്ളതുതന്നെ. കുതഃ=എന്തുകൊണ്ടെന്നാൽ.

ത്വം=അങ്ങു്. നഃ=ഞങ്ങൾക്കു്. അർഹതാം=യോഗ്യന്മാൎക്കു്. പ്രാഗ്രസരഃ=ഏററവും അഗ്രേസരനായി. സ്മൃതഃ അസി=സ്മൃതനായിരിക്കുന്നു. ശകുന്തളാ മൂർത്തിമതീ ഇവ സത്ക്രിയാ=ശോഭനക്രിയ മൂർത്തിമത്തായതുപോലെയാണ്. തുല്യഗുണം വധൂവരം=തുല്യമായ ഗുണത്തോടുകൂടിയ വധൂവരരെ. സമാനയൻ=ഇണക്കുന്ന. പ്രജാപതിഃ=ബ്രഹ്മാവു്. ചിരസ്യ വാച്യം ന ഗതഃ=അനേകകാലമായിട്ടുള്ള പഴി തീൎത്തിരിക്കുന്നു.

തത്=അതുകൊണ്ടു്. ഇദാനീം=ഇപ്പോൾ. ആപന്നസത്വാ=ഗർഭിണിയായ (ഇവൾ) സഹധർമ്മാചരണായ=സഹധർമ്മാചരണത്തിന്നായി. പ്രതിഗൃഹ്യതാം ഇതി=സ്വീകരിക്കപ്പെട്ടാലും എന്നു്.

ഗൗതമീ:—ആര്യ, കിമപി വക്തുകാമാസ്മി. ന മേ വചനാവകാശോഽസ്തി. കഥമിതി—

നാവേക്ഷിതോ ഗുരുജനോഽനയാ ത്വയാഽപി ന പൃഷ്ടോ ബന്ധുഃ
ഏകൈകമേവ ചരിതേ ഭണാമി കിമേകമേകസ്യ? 16

ശകുന്തളാ:—കിം നു ഖല്വാര്യപുത്രോ ഭണതി?

രാജാ:—കിമുപന്യസ്തമ്?

ശകുന്തളാ:—(ആത്മഗതം) പാവകഃ ഖലു വചനോപന്യാസഃ.

ആര്യ!=അല്ലയോ മഹാരാജാവേ! കിംഅപി=സ്വല്പം. വക്തുകാമഃ=പറവാൻ ആഗ്രഹത്തോടുകൂടിയവളായി. അസ്മി=ഇരിക്കുന്നു. (എന്നാൽ) മേ=എനിക്കു്.

അനയാ=ഇവളാൽ. ഗുരുജനഃ=ഗുരുജനം (മാതാപിതാക്കളാദിയായ ബന്ധുക്കൾ) ന അവേക്ഷിതഃ=അപേക്ഷിക്കപ്പെട്ടവരായില്ല.

ത്വയാ അപി=അങ്ങാലും. ബന്ധുഃ=പരിണയിപ്പാൻപോകുന്ന കന്യകയുടെ ബന്ധു. ന പൃഷ്ടഃ=ചോദിക്കപ്പെട്ടില്ല.

ഏകൈകമേ ഏവ കൃതേ=ഏകൈകക്രമത്തിൽതന്നെ, രണ്ടുപേരും ഒരേരീതിയിൽതന്നെ ചെയ്ത കാൎയ്യത്തിൽ. ഏകസ്യ=നിങ്ങളിൽ ഒരാളിനു്. കിം ഏകം ഭണാമി=ഒന്നിനെപ്പററി എന്താണു പറയുന്നതു്? ഇവിടെ വധൂവരന്മാർ രണ്ടുപേരും ഒരുപോലെ രാഗാന്ധരായി ആചാരവിലംഘനംചെയ്തതിൽ രണ്ടുപേരെപ്പററിയും എനിക്കു ഒന്നും പറവാനില്ലതന്നെ.

ആൎയ്യപുത്രഃ=ആൎയ്യപുത്രൻ. കിം ന ഖലു ഭണതി?=എന്താണു പറയുന്നതു്?

കിം ഉപന്യസ്തം=എന്താണു് പ്രസംഗിച്ചതു്?

വചനോപന്യാസഃ=ഈ വാക്കു്. പാവകഃ ഖലു=തീയാണല്ലോ.

ശാർങ്ഗരവഃ:—കഥം കിം നാമ? നനു ഭവന്ത ഏവ സുതരാം ലോകവൃത്താന്തനിഷ്ണാതാഃ.

സതീമപി ജ്ഞാതികുലൈകസംശ്രയാം
ജനോऽന്യഥാ ഭർത്തൃമതീം വിശങ്കതേ;
അതസ്സമീപേ പരിണേതുരിഷ്യതേ
തദപ്രിയാऽപി പ്രമദാ സ്വബന്ധുഭിഃ. 17

രാജാ:—കിഞ്ചാത്രഭവതീ മയാ പരിണീതപൂൎവ്വാ?

ശകുന്തളാ:—(സവിഷാദമാത്മഗതം) ഹൃദയ, സാമ്പ്രതം ഉചിതാ തേ ആശങ്കാ.

കഥം കിം നാമ=എന്തു് എങ്ങിനെയെന്നു് (എന്താണെന്നോ?) നനു ഭവന്തഃ ഏവ=ഭവാന്മാർതന്നല്ലോ. സുതരാം=ഏററവും. ലോകവൃത്താന്തനിഷ്ണാതാഃ=ലൗകികകാൎയ്യങ്ങളിൽ അധികം പരിജ്ഞാനമുള്ളവർ.

ജനഃ=ജനം (ആളുകൾ). ജ്ഞാതികുലൈകസംശ്രയാം=ജ്ഞാതികുലത്തിൽതന്നെ (സ്വബന്ധുഗൃഹത്തിൽതന്നെ) താമസിക്കുന്നവളായ. ഭർത്തൃമതീ=ഭർത്തൃമതിയായ ഒരു സ്ത്രീയെ. സതീം അപി=സതിയാണെങ്കിലുംകൂടി. അന്യഥാ=മറെറാരു പ്രകാരത്തിൽ (പതിവ്രതയല്ലാതെയെന്നു) വിശങ്കതേ=ശങ്കിക്കുന്നു.

അതഃ=ഇക്കാരണത്താൽ. തദപ്രിയാ അപി=അയാളാൽ, ആ ഭൎത്താവാൽ ഉപേക്ഷിക്കപ്പെട്ടാൽപോലും. പ്രമദാ=സ്ത്രീ. പരിണേതുഃ=ഭൎത്താവിൻെറ. സമീപേ=സമീപത്തിൽ (വധു സ്വഭൎത്താവോടുകൂടിത്തന്നെ താമസിക്കണമെന്നു) സ്വബന്ധുഭിഃ=വധൂബന്ധുക്കളാൽ. ഇഷ്യതേ=ആഗ്രഹിക്കപ്പെടുന്നു.

കിഞ്ച=അല്ല. അത്രഭവതീ=ഇവർ. മയാ=എന്നാൽ. പരിണീതപൂൎവ്വാ കിം=പരിണീതപൂൎവ്വയാണോ (ഞാൻ ഇവരെ പരിണയംകഴിച്ചിട്ടുണ്ടോ?)

(സവിഷാദം=വിഷാദത്തോടുകൂടി ഹൃദയ!=ഹൃദയമേ! തേ=നിൻെറ. ആശങ്കാ=സംശയം. സാമ്പ്രതം=ഇപ്പോൾ. ഉചിതാ=ശരിയായി.

ശാർങ്ഗരവഃ:— കിംകൃതകാൎയ്യദ്വേഷോ,
ധൎമ്മം പ്രതി വിമുഖതാ, കൃതാവജ്ഞാ?

രാജാ:—(കുതോ ഽയമസത്കല്പനാപ്രശ്നഃ?)

ശാർങ്ഗരവഃ:—

മൂർച്ഛന്ത്യമീ വികാരാഃ
പ്രായേണൈശ്വര്യമത്തേഷു. 18

രാജാ:—വിശേഷേണാ ഽധിക്ഷിപ്തോ ഽസ്മി.

ഗൌതമീ:—ജാതേ, മുഹൂർത്തം മാ ലജ്ജസ്വ. അപനേഷ്യാമി തവാ വഗുണ്ഠനം. തതോ ഭർത്താ ത്വാം പ്രത്യഭിജ്ഞാസ്യതി.

(യഥോക്തം കരോതി)

കിംകൃതകാര്യദ്വേഷഃ=കൃതകാര്യദ്വേഷമോ; കൃതമായ, ചെയ്യപ്പെട്ടതായ കാര്യത്തോടു (ഗാന്ധർവവിവാഹം എന്ന വീഴ്ച തനിക്കു വന്നുപോയല്ലോ എന്നു നിനച്ചുണ്ടായ ദ്വേഷമോ?)

(അതോ) ധർമ്മംപ്രതി=ധർമ്മത്തെക്കുറിച്ചുള്ള. വിമുഖതാ കിം?=വിമുഖതയാണോ.?

(അതോ) കൃശാവജ്ഞാ?=കൃശന്മാരോടുള്ള അവജ്ഞയോ? (മഹർഷിമാരാണല്ലോ സാരമില്ല എന്നുള്ള നിന്ദയോ?)

(അയം=ഇൗ. അസത്കല്പനാപ്രശ്നഃ=അസത്തായ കല്പനയിൽ (ഇല്ലാത്തതായ സങ്കല്പത്തിൽ) ചോദ്യം. കുതഃ=എന്തുകാരണത്താലാണ്?)

അമീ വികാരാഃ=ഇൗ വികാരങ്ങൾ. പ്രായേണ=മിക്കവാറും. ഐശ്വര്യമത്തേഷു=ഐശ്വര്യമത്തന്മാരിൽ. മൂർച്ഛന്തി=മൂർച്ഛിക്കുന്നു. (അഥവാ, അധികാരപ്രമത്തന്മാരും ഐശ്വര്യദാംഭികന്മാരുമായ ആളുകൾക്ക് ഇങ്ങനെയൊക്കെ തോന്നാം.)

വിശേഷേണ=വളരെ വിശേഷമായി. അധിക്ഷിപ്തഃ അസ്മി=ഞാൻ അധിക്ഷിപ്തനായിരിക്കുന്നു. (എനിക്കു നല്ല ശകാരം കിട്ടി.)

ജാതേ=കുഞ്ഞേ. മുഹൂർത്തം=ക്ഷണനേരം. മാ ലജ്ജസ്വ=ലജ്ജിക്കാതിരിക്കൂ. തവ=നിന്റെ. അവഗുണ്ഠനം=മൂടുപടത്തെ. അപനേഷ്യാമി=ഞാൻ മാററാം. തതഃ=അപ്പോൾ. ഭർത്താ=ഭർത്താവ്. ത്വാം=നിന്നെ. പ്രത്യഭിജ്ഞാസ്യതി=തിരിച്ചു മനസ്സിലാക്കും.

യഥോക്തം=പറഞ്ഞതുപോലെ. കരോതി=ചെയ്യുന്നു.

രാജാ:—(ശകുന്തളാം നിർവർണ്ണ്യാത്മഗതം)

ഇദമുപനതമേവം രൂപമക്ലിഷ്ടകാന്തി
പ്രഥമപരിഗൃഹീതം സ്യാന്ന വേത്യവ്യവസ്യൻ
ഭ്രമര ഇവ വിഭാതേ കുന്ദമന്തസ്തുഷാരം
ന ച ഖലു പരിഭോക്തും നൈവ ശക്നോമി ഹാതുമ്. 19

(വിചാരയൻ സ്ഥിതഃ)

പ്രതീഹാരീ:—(ജനാന്തികം) അഹോ, ധർമ്മാപേക്ഷിതാ ഭർത്തുഃ. യദീദൃശം നാമ സുഖോപനതം രൂപം ദൃഷ്ട്വാ കോ ഽന്യോ വിചാരയതി?

ശാർങ്ഗരവഃ:—രാജൻ കിമിദം ജോഷമാസ്യതേ?

(ശകുന്തളാം=ശകുന്തളയെ. നിർവ്വർണ്ണ്യ=സൂക്ഷിച്ചുനോക്കി.)

ഇദം=ഈ (ഇപ്രകാരം പ്രത്യക്ഷപ്പെട്ടു കാണുന്നതും) അക്ലിഷ്ടകാന്തി=ക്ലിഷ്ടമല്ലാത്ത കാന്തിയോടുകൂടിയതും, അകൃത്രിമമായ സൌന്ദൎയ്യവിലാസത്തോടുകൂടിയതും. ഉപനതം=അടുത്തു വന്നുചേൎന്നിരിക്കുന്നതുമായ. രൂപം=സൌന്ദൎയ്യസാരസൎവ്വസ്വം. പ്രഥമപരിഗൃഹീതം=പ്രഥമം, മുൻപുതന്നെ പരിഗ്രഹിക്കപ്പെട്ടതായി. സ്യാത് വാ ന വാ ഇതി=ഭവിക്കുമോ ഇല്ലയോ എന്നു് (ഇതു ഞാൻ വിവാഹംകഴിച്ചിട്ടുള്ള ഒരു സുന്ദരിയാണോ അല്ലയോ എന്നു്) അവ്യവസ്യൻ=സന്ദേഹിക്കുന്നവനായി ഞാൻ,

വിഭാതേ=പ്രഭാതത്തിൽ. അന്തസ്തുഷാരം=അന്തൎഭാഗത്തു തുഷാരത്തോടു (മഞ്ഞുകണത്തോടു)കൂടിയ. കുന്ദം=മുല്ലപ്പൂവിനെ കണ്ട. ഭ്രമരഃ ഇവ=വണ്ടുപോലെ.

പരിഭോക്തും=അനുഭവിക്കുന്നതിനോ. ഹാതും=ഉപേക്ഷിക്കുന്നതിനോ. ന ച ഖലു ശക്നോമി ഏവ=ഏതും ശക്തനായിരിക്കുന്നില്ലല്ലോ.

ഭൎത്തുഃ=ഭൎത്താവിന്റെ (അധീശന്റെ) ധൎമ്മാപേക്ഷിതാ=ധൎമ്മപ്രസക്തി. അഹോ=ആശ്ചൎയ്യം. യത്=യാതൊന്നുകൊണ്ടാണോ. ഈദൃശം നാമ=ഇങ്ങിനെയുള്ള. സുഖോപനതം=സുഖമേ വന്നുചേൎന്ന. രൂപം ദൃഷ്ട്വാ=രൂപലാവണ്യവതിയെ കണ്ടിട്ടു്. കഃ അന്യഃ വിചാരയതി?=മററാരാണാലോചിച്ചുനില്ക്കുക?

രാജൻ=രാജാവേ. കിം ഇദം ജോഷം ആസ്യതേ?=ഇങ്ങനെ മിണ്ടാതിരിക്കുന്നതെന്താണു്?

**രാജാ:—** ഭോസ്തപോധന, ചിന്തയന്നപി സ്വീകാരമത്രഭവത്യാ ന ഖലു സ്മരാമി. തതഃ കഥമിമാമഭിവ്യക്തസത്വലക്ഷണാം പ്രത്യാത്മാനമക്ഷേത്രിണമാശങ്കമാനഃ പ്രതിപത്സ്യേ?

**ശകുന്തളാ:—** (സവിഷാദമപവാൎയ്യ) പരിണയേ ഏവ സന്ദേഹഃ. കുത ഇദാനീം മേ ദൂരാധിരോഹിണ്യാശാ?

**ശാൎങ്ഗരവഃ:—** മാ താവത്—

കൃതാഭിമൎശാമനുമന്യമാനഃ
സ്സുതാം, ത്വയാ, നാമ, മുനിൎവ്വിമാന്യഃ,
മുഷ്ടം, പ്രതിഗ്രാഹയിതാ, സ്വമൎത്ഥം
പാത്രീകൃതോ, ദസ്യുരിവാസി, യേന. 20

ഭോഃ തപോധന!=അല്ലയോ തപോധന! ചിന്തയൻ അപി=ഞാൻ എത്രമേൽ ആലോചിച്ചുനോക്കിയിട്ടും. അത്രഭവത്യാഃ=അത്രഭവതിയുടെ. സ്വീകാരം=സ്വീകരണത്തെ. ന ഖലു സ്മരാമി=ഓൎക്കുന്നതേയില്ല. തതഃ=ആ സ്ഥിതിക്കു്. കഥം=എങ്ങിനെയാണു്. അഭിവ്യക്തസത്വലക്ഷണാം=അഭിവ്യക്തമായ ഗൎഭിണീലക്ഷണത്തോടുകൂടിയ. ഏനാം=ഇവളെ. പ്രതി=കുറിച്ചു്. ആത്മാനം=തന്നെ (എന്നെ) അക്ഷേത്രിണം=ക്ഷേത്രിയല്ലാതെ. ക്ഷേത്രി=സ്വഭാൎയ്യയിൽ സന്താനോല്പത്തിചെയ്യുന്നവൻ. അക്ഷേത്രി=അന്യൻ സന്താനോല്പാദനംചെയ്ത ഭാൎയ്യയോടുകൂടിയവൻ. ആശങ്കമാനഃ=ആശങ്കിക്കുന്നവനായി. ഇവളെ, പ്രതിപത്സ്യേ=സ്വീകരിക്കുന്നതു?

പരിണയേ ഏവ സന്ദേഹഃ=പരിണയത്തിൽതന്നെ സന്ദേഹം. ഇദാനീം=ഇപ്പോഴം (ആ സ്ഥിതിക്കു്) മേ ആശാ=എന്റെ ആശ. കുതഃ ദൂരാധിരോഹിണീ=എവിടെന്നാണു് വലുതായ മനോരഥത്തിൽ ഒക്കെ ഏറുന്നതു്?

മാ താവത്=അരുതു്. (രാജാവിനോടു്)

സുതാം=തന്റെ പുത്രിയെ. ത്വയാ=അങ്ങാൽ. കൃതാഭിമൎശാം=കൃതമായ അഭിമൎശത്തോടു് (ബലാത്സ്വീകാരത്തോടു്) കൂടിയവളായി. അനുമന്യമാനഃ=അനുവദിക്കുന്നവനായ. മുനിഃ=മുനി (കാശ്യപമഹൎഷി) യേന=യാതൊരാളിനാലാണോ.

പ്രതിഗ്രാഹയിതാ=പ്രതിഗ്രാഹയിതാവിനാൽ. ദൃഷ്ടം അർത്ഥം=കണ്ടെടുക്കപ്പെട്ട വസ്തുവിനെ. പാത്രീകൃതഃ=പാത്രീകൃതനായ. ദസ്യുഃ ഇവ=കള്ളനെപ്പോലെ. അസി=അങ്ങു ഭവിക്കുന്നു.

ശാരദ്വതഃ:—ശാർങ്ഗരവ, വിരമ ത്വമിദാനീമ്. ശകുന്തളേ, വക്തവ്യമുക്തമസ്മാഭിഃ; സോ ഽയമത്രഭവാനേവമാഹ. ദീയതാമസ്മൈ പ്രത്യയപ്രതിവചനമ്.

ശകുന്തളാ:—ഇദമവസ്ഥാന്തരം ഗതേ താദൃശേ ഽനുരാഗേ കിം വാ സ്മാരിതേന? ആത്മാ ഇദാനീം മേ ശോചനീയ ഇതി വ്യവസിതമേതത്. ആര്യ്യപുത്ര, (അഥവാ സംശയിതേ ഇദാനീം നൈഷ സമുദാചാരഃ.) പൗരവ, യുക്തം നാമ തേ പുരാ ആശ്രമപദേ സ്വഭാവോത്താനഹൃദയമേനം ജനം സമയപൂർവ്വം പ്രതാര്യ്യ സാമ്പ്രതമീദൃശൈരക്ഷരൈഃ പ്രത്യാഖ്യാതുമ്?

ശാർങ്ഗരവ, ത്വം=നീ. ഇദാനീം=ഇപ്പോൾ. വിരമ=വിരമിക്കുക. ശകുന്തളേ, വക്തവ്യം=പറയപ്പെടേണ്ടതു്. അസ്മാഭിഃ=ഞങ്ങളാൽ. ഉക്തം=പറയപ്പെട്ടു. സഃ അയം അത്ര ഭവാൻ=യോഗ്യനായ (ഇദ്ദേഹം) ഏവം=ഇപ്രകാരമാണു്. ആഹ=പറയുന്നതു്. അസ്മൈ=ഇദ്ദേഹത്തിന്നായി. പ്രത്യയപ്രതിവചനം=വിശ്വാസം വരുന്ന മറുപടി. ദീയതാം=കൊടുക്കപ്പെട്ടാലും.

താദൃശേ അനുരാഗേ=അപ്രകാരമുള്ള അനുരാഗം. ഇദം=ഈ. അവസ്ഥാന്തരം ഗതേ=അവസ്ഥാവ്യത്യാസത്തെ പ്രാപിച്ചിരിക്കുമ്പോൾ (പ്രാപിച്ചിരിക്കുന്ന സ്ഥിതിക്കു്) സ്മാരിതേന=ഓർമ്മിപ്പിച്ചതിനാൽ. കിം വാ=എന്തുഫലമാണു. മേ ആത്മാ=എന്റെ ആത്മാവു്. ശോചനീയഃ=ശോചനീയമായിരിക്കുന്നു. ഇതി=എന്നു്. വ്യവസിതം ഏതത്=ഇ കാര്യ്യംമാത്രം സിദ്ധിച്ചു. ആര്യ്യപുത്ര!=അല്ലയോ ആര്യ്യപുത്ര. (ഈ സംബോധന ഉപയോഗിപ്പാൻ താൻ അർഹയല്ലെന്നു വിചാരിച്ചു്) അഥവാ സംശയിതേ=സംശയമായിരിക്കുന്ന സ്ഥിതിക്കു്. ഏഷഃ=ഇതു്. ന സമുദാചാരഃ=ആചാരയോഗ്യമല്ല. പൌരവ!=ഹേ, പൂരുവംശസമുദ്ഭൂതനായ മഹാരാജാവേ! പുരാ=പണ്ടു്. ആശ്രമപദേ=ആശ്രമപദത്തിൽവെച്ചു്. സ്വഭാവോത്താനഹൃദയം=സ്വാഭാവികമായിത്തന്നെ ഉത്താനമായ, ആർജ്ജവയുക്തമായ, നേരെവരണമെന്നുള്ളതായ ഹൃദയത്തോടുകൂടിയ. ഏനം ജനം=ഈ ജനത്തെ. സമയപൂർവ്വം=പ്രതിജ്ഞയോടുകൂടി. പ്രതാര്യ്യ=വഞ്ചിച്ചു്. സാമ്പ്രതം=ഇപ്പോൾ. ഈദൃശൈഃ=ഇപ്രകാരമുള്ള. അക്ഷരൈഃ=അക്ഷരങ്ങളാൽ. പ്രത്യാഖ്യാതും=എതിർത്തുപറയുന്നതു്. തേ=അങ്ങേയ്ക്കു്. യുക്തം നാമ=യോജിച്ചതാണു്. (ആക്ഷേപസ്വരം!)

രാജാ:—ശാന്തം പാപം!

വ്യപദേശമാവിലയിതും കിമീഹസേ ജനമിമം ച പാതയിതുമ്
കൂലംകഷേവ സിന്ധുഃ പ്രസന്നമംഭസ്തടതരും ച? 21

ശകുന്തളാ:—ഭവതു; യദി പരമാർത്ഥതഃ പരപരിഗ്രഹശങ്കിനാ ത്വയാ ഏവം പ്രയുക്തം അഭിജ്ഞാനേന താവദാശങ്കാമപനേഷ്യാമി.

രാജാ:—ഉദാരഃ കല്പഃ.

ശകുന്തളാ:—(മുദ്രാസ്ഥാനം പരാമൃശ്യ) ഹാ ധിക്! അങ്ഗുലീയകശൂ

ശാന്തം പാപം=അഹോ കഷ്ടം!

വ്യപദേശം=വംശത്തെ. ആവിലയിതും=ദൂഷിക്കുന്നതിനും. ഇമം ജനം പാതയിതും ച=ഈ ജനത്തെ നരകത്തിൽ പതിപ്പിക്കുന്നതിനും.

കൂലംകഷാ സിന്ധുഃ=കരയിടിച്ചു തകർക്കുന്ന പ്രവാഹം. പ്രസന്നമംഭഃ=പ്രസന്നമായ അംഭസ്സിനേയും. തടതരും ച=തീരത്തിൽ നിൽക്കുന്ന വൃക്ഷത്തേയും. ഇവ=എന്നപോലെ. കിം ഈഹസേ=നീ ഇച്ഛിക്കുന്നുവോ?

ഭവതു=ആകട്ടെ. പരമാർത്ഥതഃ=സത്യമായിട്ട്. പരപരിഗ്രഹശങ്കിനാ=അന്യന്റെ പരിഗ്രഹമെന്നുള്ള ശങ്കയോടുകൂടിയ. ത്വയാ=അങ്ങാൽ. ഏവം പ്രയുക്തം യദി=ഇപ്രകാരം (വാക്കു)പ്രയോഗിക്കപ്പെട്ടുവെങ്കിൽ. അഭിജ്ഞാനേന=ഒരു അടയാളത്താൽ. ആശങ്കാം=സംശയത്തെ. അപനേഷ്യാമി താവത്=ഞാൻ ഇല്ലാതാക്കാം.

കല്പഃ ഉദാരഃ=ഉത്തമപക്ഷംതന്നെ (ഞാൻ അതു സമ്മതിക്കാം. ആ അടയാളം കാണട്ടെ.)

(മുദ്രാസ്ഥാനം=മോതിരമിടുന്ന വിരലിന്റെസ്ഥാനം. പരാമൃശ്യ=തടവിനോക്കി)

ഹാ ധിക്=ഹാ കഷ്ടം! മേ അങ്ഗുലിഃ=എന്റെ വിരൽ. അങ്ഗുലീയകശൂന്യാ=അങ്ഗുലീയകമില്ലാത്തതായിരിക്കുന്നു. സവിഷാദം=വ്യാകുലതയോടെ. ഗൌതമീം=ഗൌതമിയെ. അവേക്ഷതേ=നോക്കുന്നു.

**ഗൌതമീ:—നൂനം തേ ശക്രാവതാരാഭ്യന്തരേ ശചീതീർത്ഥസലിലം വന്ദമാനായാ പ്രഭ്രഷ്ടമങ്ഗുലീയകമ്.**

**രാജാ:—(സസ്മിതം) ഇദം തത് പ്രത്യുത്പന്നമതി സ്ത്രൈണമിതി യദുച്യതേ.**

**ശകുന്തളാ:—അത്ര താവദ്വിധിനാ ദർശിതം പ്രഭുത്വം, അപരം തേ കഥയിഷ്യാമി.**

**രാജാ:—ശ്രോതവ്യമിദാനീം സംവൃത്തമ്.**

**ശകുന്തളാ:—നന്വേകദിവസേ നവമാലികാമണ്ഡപേ നളിനീപത്രഭാജനഗതമുദകം തവ ഹസ്തേ സന്നിഹിതമാസീത്.**

ശക്രാവതാരാഭ്യന്തരേ=‘ശക്രാവതാരം’ എന്നു പേരായ തീർത്ഥത്തിന്റെ അഭ്യന്തരത്തിൽ (അടുത്ത്) ശചീതീർത്ഥസലിലം=“ശചീതീർത്ഥ”ത്തിലെ സലിലത്തെ. വന്ദമാനായാഃ തേ=വന്ദിക്കുന്നവളായ നിന്റെ (നീ വന്ദിച്ചുകൊണ്ടിരിക്കവേ) അങ്ഗുലീയകം=മോതിരം. പ്രഭ്രഷ്ടം=ഊരിപ്പോയിരിക്കണം.

സസ്മിതം=പുഞ്ചിരിയോടെ.

സ്ത്രൈണം=സ്ത്രീജനങ്ങളെ സംബന്ധിച്ച. പ്രത്യുത്പന്നമതി=പ്രത്യുത്പന്നമായ (അവസരോചിതമായി തോന്നുന്നതായ മതിയോടു) ബുദ്ധിയോടുകൂടിയിരിക്കുന്നു. യത് ഉച്യതേ=യാതൊന്നു പറയപ്പെടുന്നുവോ. തത് ഇദം=അതാണിതു്.

അത്ര താവത്=ഇക്കാര്യത്തിൽ. വിധിനാ=വിധിയാൽ. പ്രഭുത്വം ദർശിതം=പ്രാഭവം കാണിക്കപ്പെട്ടതായി. അപരം=മറ്റൊരുകാര്യം (തെളിവായി) തേ=അങ്ങയ്ക്കായിക്കൊണ്ട്. കഥയിഷ്യാമി=ഞാൻ പറയാം.

~~ശ്രോതവ്യം=കേൾക്കപ്പെ~~ടേണ്ടതായി. സംവൃത്തം=വന്നു

ഏകദിവസേ=ഒരുദിവസം. നവമാലികാമണ്ഡപേ=നവമാലികാമണ്ഡപത്തിൽ. നളിനീപത്രഭാജനഗതം ഉദകം=താമരയിലകൊണ്ടുള്ള പാത്രത്തിൽ ഇരുന്ന വെള്ളം. തവ=അങ്ങയുടെ. ഹസ്തേ=ഹസ്തത്തിൽ. സന്നിഹിതം ആസീത്=വെയ്ക്കപ്പെട്ടതായി ഭവിച്ചു. നനു=(നിശ്ചയത്തെ കാണിക്കുന്നു)വല്ലോ.

രാജാ:—ശൃണുമസ്താവത്.

ശകുന്തളാ:—തത്ക്ഷണം തു മമ കൃതകപുത്രോ ദീർഘാപാംഗോ നാമ ഹരിണപോത ഉപസ്ഥിതഃ. ത്വയാപ്യയം താവത് പിബത്വിത്യനുകമ്പിതാ ഉപച്ഛന്ദിതേ ഉദകേ സ ന പുനസ്തേ അപരിചയാദ്ധസ്താഭ്യാശമുപഗതഃ. പശ്ചാത്തസ്മിന്നേവ മയാ ഗൃഹീതേ സലിലേ കൃതസ്തേന പ്രണയഃ ഇത്ഥം തദാ ത്വമപഹസിതഃ—"സർവ്വസ്സഗന്ധേഷു വിശ്വസിതി. ദ്വാവപ്യത്രാരണ്യകാ"വിതി.

രാജാ:—ഏവമാദിഭിരാത്മകാര്യ്യനിവർത്തിനീനാമമൃതവാങ്മധുധാരാഭിരാകൃഷ്യന്തേ വിഷയിണഃ.

ശൃണുമഃ താവത്=കേൾക്കട്ടെ (പുച്ഛരസം)

തത്ക്ഷണം തു=അപ്പോഴാകട്ടെ. മമ=എന്റെ. കൃതകപുത്രഃ=പുത്രനെപ്പോലെ ഭാവിച്ചുപോന്നതായ. ദീർഘാപാംഗഃ നാമ=ദീർഘാപാംഗൻ എന്നു പേരുള്ള. ഹരിണപോതഃ=മാൻകുട്ടി. ഉപസ്ഥിതഃ=അടുത്തുവന്നു. ത്വയാ അപി=അങ്ങയാലാവട്ടെ. അയം താവത് പിബതു=ഇവൻ (ഇതു്) കുടിക്കട്ടെ. ഇതി=എന്നു്. അനുകമ്പിതാ=ദയാലുവായി. ഉപച്ഛന്ദിതേ ഉദകേ=ഉദകം ഉപച്ഛന്ദിതമായപ്പോൾ, നേക്കു കാണിക്കപ്പെട്ടപ്പോൾ. സഃ പുനഃ=അവനാകട്ടെ. അപരിചയാത്=പരിചയമില്ലായ്കയാൽ. തേ=അങ്ങയുടെ ഹസ്താഭ്യാശം=ഹസ്തസമീപത്തെ. ന ഉപഗതഃ=പ്രാപിച്ചവനായില്ല. പശ്ചാത്=പിന്നീടു്. തസ്മിൻ ഏവ സലിലേ=ആ വെള്ളംതന്നെ. മയാ=എന്നാൽ. ഗൃഹീതേ=സ്വീകരിക്കപ്പെട്ടപ്പോൾ. തേന=അവനാൽ. പ്രണയഃ=സ്നേഹം. കൃതഃ=കൃതമായി. ഇത്ഥം=ഇപ്രകാരം. തദാ=അപ്പോൾ. ത്വം=അങ്ങു്. അപഹസിതഃ=അപഹസിച്ചു. സർവ്വഃ=എല്ലാവരും. സഗന്ധേഷു=അവരവരുടെകൂട്ടുകാരിൽ. വിശ്വസിതി=വിശ്വസിക്കുന്നു. ദ്വൗ അപി=രണ്ടുപേരും. അത്ര=ഇവിടെ. ആരണ്യകൗ=കാട്ടിൽവളൎന്നവരാണല്ലോ.

ഏവമാദിഭിഃ=ഈവിധമൊക്കെയുള്ള. അമൃതവാങ്മധുധാരാഭിഃ=അമൃതവാക്കുകളുടെ ധാരകളാൽ (ആരുടെ) ആത്മകാര്യ്യനിവർത്തിനീനാം=തൻകാര്യ്യം നേടാൻ തുടങ്ങുന്നവരുടെ. വിഷയിണഃ=വിഷയാസക്തന്മാർ. ആകൃഷ്യന്തേ=ആകർഷിക്കപ്പെടുന്നു.

ഗൗതമീ:—മഹാഭാഗ! നാർഹസ്യേവം മന്ത്രയിതുമ്. തപോവനസംവർദ്ധിതോഽനഭിജ്ഞോഽയം ജനഃ കൈതവസ്യ.

രാജാ:—താപസവൃദ്ധേ,

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു,
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യഃ
പ്രാഗന്തരീക്ഷഗമനാത്, സ്വമപത്യജാത-
മന്യൈർദ്വിജൈഃ പരഭൃതാഃ ഖലു പോഷയന്തി.

ശകുന്തളാ:—അ്നാൎയ്യ, അത്തനോ ഹൃദയാനമാനേന സവ്വം പശ്യസി. ക ഇദാനീ മന്യോധമ്മകഞ്ചുകപ്രവിഷ്ടസ്യ തൃണ ച്ഛന്നകൂപോപമസ്യ തവാനകൃതിർഭവിഷ്യസി?

മഹാഭാഗഃ=അല്ലയോ മഹാനഭാവൻ! ഏവം മന്ത്രയിതും=ഇങ്ങിനെ പറയുന്നതിന്ന്. ന അർഹസി=അങ്ങുയോഗ്യനല്ല. തപോവനസംവർദ്ധിതഃ=തപോവനത്തിൽ തന്നെ വളൎത്തപ്പെട്ട. അയം ജനഃ=ഈ ജനം (ഇവൾ) കൈതവസ്യ=കാപട്യത്തിന്ന്. അനഭിജ്ഞഃ=അനഭിജ്ഞ(മാ)യാണ്. കാപട്യം എന്നാൽ എന്തെന്നു പോലും അറിഞ്ഞുകൂടാത്തവളാണ് ഇവൾ.

താപസവൃദ്ധേ!=വൃദ്ധതാപസി!

സ്ത്രീണാം=സ്ത്രീകൾക്ക്. അശിക്ഷിതപടുത്വം=അശിക്ഷിതമായ (അഭ്യാസം യാതൊന്നും ആവശ്യമില്ലാതെതന്നെ ഉണ്ടാകുന്നതായ.) പടുത്വം=പാടവം. (കൈതവപ്രയോഗങ്ങൾ അവസരോചിതങ്ങളായ മറുപടികൾ എന്നിവ) അമാനുഷീഷു=മാനുഷികളല്ലാത്തവയിലും, തിൎയ്യക്ജന്തുക്കളിലുംകൂടെ. സംദൃശ്യതേ=കാണപ്പെട്ടുന്നുണ്ട്. യാഃ=യാതൊരുത്തരാണോ. പ്രതിബോധവത്യഃ=പ്രതിബോധത്തോടുകൂടിയവരായിരിക്കുന്നു. ബുദ്ധിശക്തിയോടുകൂടിയവർ (മാനുഷികൾ) അവരുടെ കാൎയ്യത്തിൽ. കിമുത=ചോദിപ്പാനുമില്ലല്ലോ. അന്തരീക്ഷഗമനാത് പ്രാക്=ആകാശത്തിൽ പറക്കാൻ ശക്തിയുണ്ടാകുന്നതിന്നുമുമ്പ്. സ്വം=തന്റെ. അപത്യജാതം=അപത്യജാതത്തെ, സന്താനങ്ങളെ. അന്യൈഃ ദ്വിജൈഃ=അന്യപക്ഷികളോടൊത്ത്. പരഭൃതാഃ=കുയിലുകൾ. പോഷയന്തി ഖലു=വളൎത്തുന്നുണ്ടല്ലോ.

തവ=അങ്ങേയ്ക്ക്. കഃ അന്യഃ അനകൃതിഃ ഭവിഷ്യതി=മററാരാണ് ഒരു അനുകരണമായി ഭവിക്കുക! അനാൎയ്യ=ഹേ അനാൎയ്യ! ആത്മനഃ=തന്റെ. (അങ്ങയുടെ) ഹൃദയാനമാനേന=ഹൃദയം അനുമിക്കുന്നതനുസരിച്ച്. സവ്വം പശ്യസി=എല്ലാം കാണുന്നു. ധമ്മകഞ്ചുകപ്രവിഷ്ടസ്യ=ധമ്മം എന്ന ചട്ടയിൽ പ്രവേശിച്ചവനും. തൃണച്ഛന്നകൂപോപമസ്യ=പുല്ലാൽ മറഞ്ഞ കിണറുപോലുള്ളവനുമായ. തവ=അങ്ങേയ്ക്ക്. ക അന്യഃ അനകൃതിഃ? ഭവിഷ്യതി=മറേറതാണ് ഒരു അനുകരണമായി ഭവിക്കുക?

രാജാ:—(ആത്മഗതം) സന്ദിഗ്ദ്ധബുദ്ധിം മാം കുവന്നകൈതവ ഇവാസ്യാം കോപോ ലക്ഷ്യതേ. തഥാ ഹ്യനയാ—

മയ്യേവ വിസ്മരണദാരുണചിത്തവൃത്തൗ
വൃത്തം രഹഃപ്രണയമപ്രതിപദ്യമാനേ,
ഭേദാദ് ഭ്രുവോഃ കുടിലയോരതിലോഹിതാക്ഷ്യാ
ഭഗ്നം ശരാസനമിവാതിരുഷാ സ്മരസ്യ. 23

(പ്രകാശം)

ഭദ്രേ! പ്രഥിതം ദുഷ്ഷന്തചരിതം. തഥാപീദം ന ലക്ഷ്യതേ.

ശകുന്തളാ:—സുഷ്ഠു താവദാത്മച്ഛന്ദചാരിണീ കൃതാസ്മി. യാഹമസ്യ പുരുവംശപ്രത്യയേന മുഖമധോർഹൃദയസ്ഥവിഷസ്യ ഹസ്താഭ്യാശമുപഗതാ.

മാം=എന്നെ. സന്ദിഗ്ദ്ധബുദ്ധിം കുവൻ=സന്ദിഗ്ദ്ധബുദ്ധിയാക്കി, സംശയമുള്ളവനാക്കി കുവൻ(ചെയ്യുന്നതായി.)അകൈതവഃ ഇവ=കൈതവം കൂടാത്തതുപോലെ. അസ്യാം=ഇവളിൽ. കോപഃ=കോപം. ലക്ഷ്യതേ=കാണപ്പെടുന്നു. തഥാഹി=അപ്രകാരം. അനയാ=ഇവളാൽ.

വിസ്മരണദാരുണചിത്തവൃത്തൗ=വിസ്മരണത്താൽ ദാരുണമായ (ക്രൂരമായ)

ചിത്തവൃത്തിയോടുകൂടിയ. മയി=എന്നിൽ. (ഞാൻ) രഹഃപ്രണയം=രഹസ്യപ്രണയമായ. വൃത്തം=ചരിത്രത്തെ. അപ്രതിപദ്യമാനേ സതി=പ്രതിപദ്യമാനനല്ലാതിരിക്കുമ്പോൾ (സമ്മതിക്കാതിരിക്കുമ്പോൾ.) ലോഹിതാക്ഷ്യാഃ=ലോഹിതമായ, ചുവന്ന അക്ഷികളോടുകൂടിയ (ഇവളുടെ) കുടിലയോഃ=വളഞ്ഞ. ഭ്രുവോഃ=പുരികങ്ങളുടെ. ഭേദാത്=വ്യത്യാസത്താൽ. സ്മരസ്യ=മന്മഥന്റെ. ശരാസനം=വില്ല്. ഭഗ്നമിവ=പൊട്ടിയതുപോലെ (തോന്നുന്നു.)

ഭദ്രേ=ഹേ ഭദ്രേ! ദുഷ്ഷന്തചരിതം=ദുഷ്ഷന്തപ്രവൃത്തികൾ. പ്രഥിതം=സർവ്വലോകപ്രസിദ്ധമാണ്. തഥാപി=എന്നാലും. ഇദം ന ലക്ഷ്യതേ=ഇങ്ങിനെ ഒന്നു കാണപ്പെട്ടിട്ടില്ല.

സുഷ്ഠു=കൊള്ളാം. (ഭംഗിയായി.) ആത്മച്ഛന്ദചാരിണീ=തോന്ന്യാസക്കാരിയായി. കൃതാ അസ്മി=ഞാൻ ചെയ്യപ്പെട്ടിരിക്കുന്നു. യാ അഹം=യാതൊരുത്തനാണോ. പൂരുവംശപ്രത്യയേന=പൂരുവംശത്തോടുള്ള വിശ്വാസത്താൽ. മുഖമധോഃ=വായിൽ തേൻവെച്ചിരിക്കുന്നയാളും. ഹൃദയസ്ഥവിഷസ്യ=ഹൃദയത്തിൽ വിഷത്തോടുകൂടിയ ആളുമായ (ഇദ്ദേഹത്തിന്റെ) ഹസ്താഭ്യാശം ഉപഗതാ=കൈയിൽ അകപ്പെട്ടുപോയിരുന്നല്ലോ.

(പടാന്തേന മുഖമാവൃത്യ രോദിതി)

ശാർങ്ഗരവഃ:—ഇത്ഥമാത്മകൃതം പ്രതിഹതം ചാപലം ദഹതി.

അതഃ പരീക്ഷ്യ കർത്തവ്യം വിശേഷാത് സംഗതം രഹഃ,
അജ്ഞാതഹൃദയേഷ്വേവം വൈരീഭവതി സൗഹൃദമ്. 25

രാജാ:—കിമത്രഭവതീപ്രത്യയാദേവാസ്മാനസംഭൃതദോഷാൻ വാക്ക്ഷാരേണ ക്ഷിണുഥ?

ശാരദ്വതഃ:—ശ്രുതം ഭവദ്ഭിരധരോത്തരമ്?

ആജന്മനശ്ശാഠ്യമശിക്ഷിതോ യ-
സ്തസ്യാപ്രമാണം വചനം ജനസ്യ;
പരാതിസന്ധാനമധീയതേ യൈ-
ർവിദ്യേതി തേ സന്തു കിലാപ്തവാചഃ. 26

പടാന്തേന=പടത്തിന്റെ (വസ്ത്രത്തിന്റെ) അന്തംകൊണ്ട്, അററംകൊണ്ട്. മുഖം=മുഖത്തെ. ആവൃത്യ=മറച്ചിട്ട്. രോദിതി=കരയുന്നു.

ഇത്ഥം=ഇങ്ങിനെയാണ്. ആത്മകൃതം = താൻതന്നെ ചെയ്തുവെക്കുന്നതായ. ചാപലം=ചാപല്യം. (സ്വയംകൃതാനർത്ഥം) പ്രതിഹതം = തിരിഞ്ഞടിക്കുന്നതായി. ദഹതി=ദഹിപ്പിക്കുന്നതു്.

അതഃ=ഇക്കാരണത്താൽ. പരീക്ഷ്യ=നല്ലതുപോലെ സൂക്ഷിച്ച്. കർത്തവ്യം=ചെയ്യപ്പെടേണ്ടതു്. അതിനാൽ ഏതും നല്ലപോലെ സൂക്ഷിച്ചും ആലോചിച്ചും വേണം ചെയ്യുവാൻ.

വിശേഷാത്=വിശേഷിച്ച്. രഹഃ=രഹസ്യമായിട്ടുള്ള. സംഗതം=വേഴ്ച. (വിശേഷിച്ചു രഹസ്യമായി വല്ല വിവാഹബന്ധത്തിലും ഏർപ്പെടുന്നതായാൽ അക്കാര്യത്തെപ്പററി വളരെ കൂടുതലായി സൂക്ഷിക്കണം.) ഇപ്രകാരമല്ലാത്തപക്ഷം,

അജ്ഞാതഹൃദയേഷു=അജ്ഞാതമായ, അറിയപ്പെടാത്തതായ ഹൃദയത്തോടുകൂടിയവരിൽ. (ഏർപ്പെടുന്നതായ) സൗഹൃദം=സ്നേഹം. ഏവം=ഇപ്രകാരം. വൈരീഭവതി=വൈരമായി ഭവിക്കുന്നു (ഭവിക്കും.)

അത്രഭവതീപ്രത്യയാത് ഏവ=അത്രഭവതിയിൽ ഉള്ള വിശ്വാസംഹേതുവായി മാത്രം (ഈ സ്ത്രീ പറഞ്ഞതുമാത്രം ആധാരമാക്കി) കിം=എന്തിനായിട്ടാണ്? അസംഭൃതദോഷാൻ=ദോഷം യാതൊന്നും സംഭവിച്ചിട്ടില്ലാത്ത. അസ്മാൻ=നമ്മെ. വാക്ക്ഷാരേണ=വാക്ക്ഷാരംകൊണ്ട്. ക്ഷിണഥ?=ഹിംസിക്കുന്നതു്?

ഭവദ്ഭിഃ=നിങ്ങളാൽ. അധരോത്തരം=കീഴ്മേലായി ഇങ്ങനെ പറയുന്നതു്. ശ്രുതം=കേൾക്കപ്പെട്ടുവോ? (കേട്ടില്ലേ കീഴമേലാക്കി പറയുന്നതു്?)

യഃ=യാതൊരു ജനമാണോ. ആജന്മനഃ=ജനനംതൊട്ടേ. ശാഠ്യം=ശഠതയ. അശിക്ഷിതഃ=അശിക്ഷിതമായി (അനഭ്യസ്തമായിരിക്കുന്നു) തസ്യ ജനസ്യ=അങ്ങിനെയുള്ള ജനത്തിന്റെ. വചനം=വാക്കു്. അപ്രമാണം=പ്രമാണമല്ലപോലും!

യൈഃ=യാതൊരുത്തരാലാണോ. വിദ്യാ ഇതി=വിദ്യയെന്നു് അഥവാ പഠിത്തമെന്നു പേരുപറഞ്ഞു്. പരാതിസന്ധാനം=പരപീഡാകരമായ (കൗടില്യന്റെ അർത്ഥശാസ്ത്രം തുടങ്ങിയവ) അധീയതേ തു=പഠിക്കപ്പെട്ടുന്നുവോ. തേ=അങ്ങിനെയുള്ളവർ. ആപ്തവാചഃ സന്തു കില=ആപ്തവാക്കുകളായി ഭവിക്കയും ചെയ്യട്ടെ. അതികലശലായ നിന്ദയും പുച്ഛരസവും ദ്യോതിക്കുന്നു.

**രാജാ:—ഭോസ്സത്യവാദിൻ, അഭ്യുപഗതം താവദസ്മാഭിരേവമ്. കിം പുനരിമാമതിസന്ധായ ലഭ്യതേ?**

**ശാർങ്ഗരവഃ:—വിനിപാതഃ.**

**രാജാ:—വിനിപാതഃ പൗരവൈഃ പ്രാർത്ഥ്യത ഇതി ശ്രദ്ധേയമേതത്!**

**ശാരദ്വതഃ:—ഭോശ്ശാർങ്ഗരവ, കിമുത്തരോത്തരേണ? അനുഷ്ഠിതോ ഗുരുസന്ദേശഃ. പ്രതിനിവർത്താമഹേ വയമ്.**

ഭോഃ സത്യവാദിൻ=അല്ലയോ സത്യവാദി! ഏവം=ഇപ്രകാരം. (നിങ്ങൾ പറഞ്ഞതു്) അസ്മാഭിഃ=നമ്മാൽ. അഭ്യുപഗതം ഏവ=ഉപഗതമായി (സമ്മതിക്കപ്പെട്ടു.) ഇമാം=ഈ സ്ത്രീയെ. അഭിസന്ധായ=ചതിച്ചിട്ടു്. കിം പുനഃ ലഭ്യതേ?=എന്താണ് കിട്ടപ്പെടുന്നതു്?

വിനിപാതഃ=അധോഗതി.

വിനിപാതഃ=അധോഗതി. പൗരവൈഃ=പൂരുവംശരാജാക്കന്മാരാൽ. പ്രാർത്ഥ്യതേ ഇതി=പ്രാർത്ഥിക്കപ്പെട്ടുന്നുവെന്നു്. ഏതത്=ഇതു് (ഈ പ്രസ്താവന) ശ്രദ്ധേയം=ശ്രദ്ധിക്കേണ്ടതുതന്നെ. (ആക്ഷേപസ്വരത്തിൽ)

ഭോഃ ശാർങ്ഗരവ!=ഹേ ശാർങ്ഗരവ! കിം ഉത്തരോത്തരേണ=എന്തിനു മേൽമേൽ പറയുന്നു? ഗുരുസന്ദേശഃ=ഗുരുസന്ദേശം. അനുഷ്ഠിതഃ=അനുഷ്ഠിതമായി. വയം=നാം. പ്രതിനിവർത്താമഹേ=പോകാം.

**ശാർങ്ഗരവഃ:—രാജൻ,**

> തദേഷാ ഭവതഃ കാന്താ ത്യജ വൈനാം ഗൃഹാണ വാ;
> ഉപപന്നാ ഹി ദാരേഷു പ്രഭുതാ സർവ്വതോമുഖീ. 27

**ഗൗതമീ ഗച്ഛാഗ്രതഃ (പ്രസ്ഥിതാഃ)**

**ശകുന്തളാ:—ഹം അമുനാ താവത് കിതവേന വിപ്രലബ്ധാസ്മി. യൂയമപി മാം പരിത്യജഥ. (അനുപ്രതിഷ്ഠതേ)**

**ഗൗതമീ:—വത്സ ശാർങ്ഗരവ, അനുഗച്ഛതി ഖലു നഃ കരുണപരിദേവിനീ ശകുന്തളാ പ്രത്യാദേശപരുഷേ ഭർത്തരി കിം വാ മമ പുത്രീ കരോതു?**

രാജൻ=അല്ലയോ രാജാവേ?

ഏഷാ=ഇവൾ. ഭവതഃ=അങ്ങയുടെ. കാന്താ=കാന്തയാണ്. ഏനാം=ഇവളെ. ത്യജ വാ=ഉപേക്ഷിക്കുകയോ. ഗൃഹാണ വാ=സ്വീകരിക്കുകയോ ചെയ്യുക.

ദാരേഷു=ഭാര്യമാരിൽ. സർവ്വതോമുഖീ=സർവ്വതോമുഖിയായ (ഏതുപ്രകാരത്തിലുമുള്ള) പ്രഭുതാ=അധികാരം. ഉപപന്നാ ഹി=സിദ്ധമാണല്ലോ.

ഗൌതമീ, അഗ്രതഃ=മുമ്പിൽ. ഗച്ഛ=പോവുക.

പ്രസ്ഥിതാഃ=പുറപ്പെട്ടവരായി (പുറപ്പെട്ടു.)

അമുനാ=ഇൗ. കിതവേന=ധൂർത്തനാൽ (അഹം) വിപ്രലബ്ധാ അസി=ഉപേക്ഷിക്കപ്പെട്ടവളായിരിക്കുന്നു. യൂയം അപി=നിങ്ങളും. മാം=എന്നെ. പരിത്യജഥ=ഉപേക്ഷിക്കുവിൻ (ഉപേക്ഷിക്കുന്നോ?) അനുപ്രതിഷ്ഠതേ=കൂടെ പുറപ്പെടുന്നു.

വത്സ ശാർങ്ഗരവ, കരുണപരിദേവിനീ=കരുണമാകുംവണ്ണം, ദയനീയമാകുംവണ്ണം പരിദേവനംചെയ്യുന്നവളായി (രോദനംചെയ്യുന്നവളായി.) ശകുന്തളാ=ശകുന്തള. നഃ=നമ്മെ. അനുഗച്ഛതി ഖലു=അനുഗമിക്കുന്നുവല്ലോ. പ്രത്യാദേശപരുഷേ=പ്രത്യാദേശംകൊണ്ടു (നിരസനംകൊണ്ടു) പരുഷനായ. പാരുഷ്യംഭാവിച്ചിരിക്കുന്ന. ഭർത്തരി=ഭർത്താവിൽ (ഭർത്താവു പരുഷനായിരിക്കുന്ന സ്ഥിതിക്കു) മമ പുത്രീ=എന്റെ മകൾ. കിം വാ കരോതു?=എന്തുചെയ്യും?

**ശാർങ്ഗരവഃ:—(സരോഷം പരാവൃത്യ) പുരോഭാഗേ, കിം സ്വാതന്ത്ര്യമവലംബ്യതേ? (ശകുന്തളാ ഭീതാ വേപതേ)**

**ശാർങ്ഗരവഃ:—ശകുന്തളേ,**

**യദി യഥാ വദതി ക്ഷിതിപസ്തഥാ,**
**ത്വമസി, കിം പിതുരുത്കുലയാ ത്വയാ?**
**അഥ തു വേത്സി ശുചിവ്രതമാത്മനഃ,**
**പതികുലേ തവ ദാസ്യമപി ക്ഷമമ്. 28**

**തത് തിഷ്ഠ. സാധയാമോ വയമ്.**

**രാജാ:—ഭോസ്തപസ്വിൻ, കിമത്രഭവതീം വിപ്രലപസി?**

**കുമുദാന്യേവ ശശാങ്കസ്സവിതാ ബോധയതി പങ്കജാന്യേവ,**
**വശിനാം ഹി പരപരിഗ്രഹസംശ്ലേഷപരാങ്മുഖീ വൃത്തിഃ. 29**

സരോഷം=കോപത്തോടെ. പരാവൃത്യ=തിരിഞ്ഞുനിന്ന്. പുരോഭാഗേ=കുററം കണ്ടുപിടിക്കുന്നവളേ! കിം=എന്തു്? സ്വാതന്ത്ര്യം അവലംബ്യതേ=സ്വാതന്ത്ര്യത്തെ അവലംബിക്കുന്നുവോ? ശകുന്തളാ ഭീതാ വേപതേ=ശകുന്തള പേടിച്ചു വിറയ്ക്കുന്നു.

യഥാ=ഏതൊരുവിധത്തിലാണോ. ക്ഷിതിപഃ=രാജാവു്. വദതി=പറയുന്നു. തഥാ=ആ പ്രകാരം. ത്വം അസി യദി=നീ ആകുന്നുവെങ്കിൽ. ഉത്കുലയാ=കുലഭ്രംശംഭവിച്ച. ത്വയാ=നിന്നാൽ. പിതുഃ=പിതാവിന്നു്. കിം=എന്താണ്...

അഥ തു=എന്നാൽ. ആത്മനഃ=ആത്മാവിൻെറ. ശുചിവ്രതം=ശുചിവ്രതത്തെ. യദി വേത്സി=നീ അറിയുന്നുവെങ്കിൽ (നീ സദാചാരഭ്രംശം ചെയ്തിട്ടില്ലെങ്കിൽ) പതികുലേ=ഭർത്തൃഗൃഹത്തിൽ. തവ=നിനക്കു്. ദാസ്യം അപി=ദാസ്യംപോലും. ക്ഷമം=തക്കതാണു്.

തത്=അതിനാൽ. തിഷ്ഠ=നില്ക്കു്. വയം=ഞങ്ങൾ. സാധയാമഃ=പോകുന്നു.

ഭോഃ തപസ്വിൻ!=അല്ലയോ താപസ! കിം അത്ര ഭവതീം വിപ്രലഭസി?=എന്തിനാണിവളെ ചതിക്കുന്നതു്?

ശശാങ്കഃ=ചന്ദ്രൻ. കുമുദാനി ഏവ ബോധയതി=കുമുദങ്ങളെത്തന്നെയാണു് ഉണർത്തുന്നതു്. സവിതാ=സൂര്യൻ. പങ്കജാനി ഏവ=കമലങ്ങളെത്തന്നെയാണു്. വശിനാം=വശികളുടെ. വൃത്തിഃ=പ്രവൃത്തി അഥവാ വ്യാപാരം. പരപരിഗ്രഹസംശ്ലേഷപരാങ്മുഖീ=പരപരിഗ്രഹത്തിൻെറ (അന്യഭാര്യയുടെ) സംശ്ലേഷത്തിൽ (സ്വീകരണത്തിൽ) പരാങ്മുഖമാണു്.

അലങ്കാരം:—അപ്രസ്തുതപ്രശംസ.

**ശാർങ്ഗരവഃ:—യദി പൂർവ്വവൃത്തമന്യസംഗാദ്വിസ്മൃതോ ഭവാൻ തദാ കഥമധർമ്മഭീരുതാ?**

**രാജാ:—ഭവന്തമേവ ഗുരുലാഘവജ്ഞം പൃച്ഛാമി.**

**മൂഢഃ സ്യാമഹമേഷാ വാ വദേന്മിഥ്യേതി സംശയേ**
**ദാരത്യാഗീ ഭവാമ്യാഹോ! പരസ്ത്രീസ്പർശപാംസുലഃ.** 30

**പുരോഹിതഃ:—(വിചാര്യ) യദി താവദേവം ക്രിയതാമ്.**

**രാജാ:—അനുശാസ്തു മാമ്.**

പൂർവ്വവൃത്താന്തം=പൂർവ്വമായിട്ടുള്ള വൃത്താന്തം മുമ്പുനടന്നകാര്യം) അന്യസംഗാത്=അന്യ (കാര്യ)ങ്ങളുടെ സംഗം ഹേതുവായി (അന്യകാര്യങ്ങൾകൊണ്ടുള്ള ബദ്ധപ്പാടുകൾക്കിടയിൽ) യദി വിസ്മൃതഃ ഭവാൻ=ഭവാൻ വിസ്മൃതനായിട്ടുള്ളപക്ഷം (അങ്ങു മറന്നുപോയതാണെന്നു വരുന്നപക്ഷം ) തദാ=അപ്പോൾ. കഥം=എങ്ങിനെയാണു്. അധർമ്മഭീരുതാ=ധർമ്മഭീരുത ഇല്ലാത്തതു്. (അധർമ്മംചെയ്കയാണെന്നുള്ള ഭയം എങ്ങിനെയാണു് തോന്നാതിരിക്കുന്നതു്?)

ഭവന്തം ഏവ=ഭവാനോടുതന്നെ. ഗുരുലാഘവജ്ഞം=ഗുരുത്വം, ലാഘവം ഇവയെ അറിയുന്നവനായിരിക്കുന്ന (ഭവാനോടുതന്നെ) പൃച്ഛാമി=ചോദിക്കുന്നു. (ചോദിക്കട്ടെ) രാജാവു് ഇക്കാര്യത്തിൽ സ്വപുരോഹിതൻെറ അഭിപ്രായം ചോദിക്കയാണു്.

ഏഷാ=ഇവൾ. മിഥ്യാ=വൃഥാവായി. വദേത്=പറയും. ഇതി=എന്നുള്ള. സംശയേ=സംശയത്തിൽ. മൂഢഃ സ്യാം=(ഒന്നുകിൽ) ഞാൻ മൂഢനായി (മറവിയുള്ളവനായി) ഭവിക്കുമോ? (ഇവൾ പറയുന്നതു കളവാണെന്നു വിചാരിക്കുന്നതു് എൻെറ മറവിമൂലമാണോ?) ആയിരിക്കാം.

ദാരത്യാഗീ ഭവാമി=ധർമ്മദാരങ്ങളെ ത്യജിച്ചവനാകുന്നുവോ? (ത്യജിച്ച പാപം എനിക്കു ഏൽക്കുമോ?) (അതോ) പരസ്ത്രീസ്പർശപാംസുലഃ=പരസ്ത്രീയുടെ സ്പർശത്താൽ കളങ്കിതനായിരിക്കുമോ? (ഞാൻ പരിഗ്രഹിച്ചവളെന്നുവച്ചു ഇവളെ ഇപ്പോൾ കൈക്കൊൾകയോ വേണ്ടതു്? അതോ, പരസ്ത്രീയാണെന്നുള്ള ബോധത്താൽ നിരാകരിക്കയോ? ഏതാണു് ഞാൻ പ്രവർത്തിക്കേണ്ടതു്?)

**പുരോഹിതഃ:—അത്രഭവതീ താവദാപ്രസവാദസ്മദ്ഗൃഹേ തിഷ്ഠതു. കുത ഇദമുച്യത ഇതി ചേത്, ത്വം സാധുഭിരാദിഷ്ടപൂർവ്വഃ**

പ്രഥമമേവ ചക്രവർത്തിനം പുത്രം ജനയിഷ്യതീതി. സ ചേന്മുനിദൌഹിത്രസ്തല്ലക്ഷണോപപന്നോ ഭവിഷ്യതി, അഭിനന്ദ്യ ശുദ്ധാന്തമേനാം പ്രവേശയിഷ്യസി വിപര്യയേ ച പിതുരസ്യാസ്സമീപനയനമവസ്ഥിതമേവ.

**രാജാ:—യഥാ ഗുരുഭ്യോ രോചതേ.**

**പുരോഹിതഃ:—വത്സേ, അനുഗച്ഛ മാം.**

അത്രഭവതീ താവത്=ഇവ മാന്യയാകട്ടെ. ആപ്രസവാത്=പ്രസവപര്യന്തം. അസ്മത്ഗൃഹേ=നമ്മുടെ ഗൃഹത്തിൽ. തിഷ്ഠതു=നിൽക്കട്ടെ (താമസിക്കട്ടെ). കുതഃ= എന്തുകൊണ്ടാണ്. ഇദം ഉച്യതേ ഇതി ചേത്=ഇങ്ങിനെ പറയുന്നതു് എന്നാണെങ്കിൽ.

ത്വം=അങ്ങു്. ചക്രവർത്തിനം=ചക്രവർത്തിയായ. പുത്രം=പുത്രനെ. ജനയിഷ്യതി ഇതി=ജനിപ്പിക്കുമെന്ന്. സാധുഭിഃ=സജ്ജനങ്ങളാൽ (മഹർഷിമാരാൽ) ആദിഷ്ടപൂർവ്വഃ=മുമ്പുതന്നെ ആശിസ്സുനൽകപ്പെട്ടിട്ടുള്ളവനാണ്.

സഃ മുനിദൌഹിത്രഃ=ആ മുനികന്യകാസുതൻ. തല്ലക്ഷണോപപന്നഃ=ആ ചക്രവർത്തിലക്ഷണങ്ങളോടുകൂടിയവനായി. ഭവിഷ്യതി ചേത്=ഭവിക്കുമെങ്കിൽ. അഭിനന്ദ്യ=അഭിനന്ദിച്ചു്. ഏനാം=ഇവളെ. ശുദ്ധാന്തം=അന്തഃപുരത്തെ (പുരത്തിലേക്കു്) പ്രവേശയിഷ്യസി=അങ്ങു പ്രവേശിപ്പിക്കണം. വിപര്യയേ ച=വിപരീതകാര്യത്തിലോ, അങ്ങിനെയല്ലാത്തപക്ഷം (പുത്രന് ചക്രവർത്തിലക്ഷണങ്ങളില്ലാത്തപക്ഷം) അസ്യാഃ=ഇവളുടെ. പിതുഃ=അച്ഛന്റെ. സമീപനയനം=സമീപത്തേയ്ക്കു കൊണ്ടുപോവുക എന്നതു്. അവസ്ഥിതമേവ=സിദ്ധിച്ചതുമാണല്ലോ.

ഗുരുഭ്യഃ=ഗുരുക്കന്മാൎക്കായി. യഥാ രോചതേ=രുചിക്കുംപോലെ.

വത്സേ=കുഞ്ഞേ! മാം=എന്നെ. അനുഗച്ഛ=അനുഗമിക്കുക (എന്റെകൂടെ വരിക.)

**ശകുന്തളാ:—ഭഗവതി വസുധേ, ദേഹി മേ വിവരമ്.**

**(രുദതീ നിഷ്ക്രാന്താ പുരോധസാ സഹ തപസ്വിഭിശ്ച)**

**(രാജാ ശാപവ്യവഹിതസ്മൃതിശ്ശകുന്തളാഗതമേവ ചിന്തയതി)**

**നൈപഥ്യേ:—ആശ്ചര്യ്യമ്!**

**രാജാ:—(ആകർണ്യ) കിം നു ഖലു സ്യാത്?**

**(പ്രവിശ്യ പുരോഹിതസ്സവിസ്മയഃ)**

**ദേവ! അത്ഭുതം ഖലു സംവൃത്തമ്.**

**രാജാ:—കിമിവ?**

ഭഗവതി വസുധേ!=അല്ലയോ വസുധാദേവി (ഭൂദേവി.) മേ=എനിക്കായി. വിവരം=ഇട. ദേഹി=തരണേ.

രുദതീ=കരയുന്നവളായി. നിഷ്ക്രാന്താ=പോയി. പുരോധസാ സഹ=പുരോഹിതനോടുകൂടി. തപസ്വിഭിഃ ച=തപസ്വികളോടും. (തപസ്വികളോടും പുരോഹിതനോടുംകൂടി, ശകുന്തള വിലപിച്ചുകൊണ്ടു പോകുന്നു.)

ശാപവ്യവഹിതസ്മൃതിഃ=ശാപത്താൽ, (ദുർവ്വാസസ്സിന്റെ ശാപത്താൽ) വ്യവഹിതമായ (മറയ്ക്കപ്പെട്ടതായ) സ്മൃതിയോടു് (ഓൎമ്മശക്തിയോടു)കൂടിയ. രാജാ=രാജാ

നൈപഥ്യേ=അണിയറയിൽ.

ആശ്ചര്യം=ആശ്ചര്യകരമായിരിക്കുന്നു. ആകർണ്യ=ശ്രവിച്ച്. കിംനു ഖലു സ്യാത്=എന്തായിരിക്കും?

പ്രവിശ്യ=പ്രവേശിച്ച്. പുരോഹിത:=പുരോഹിതൻ. സവിസ്മയ:=വിസ്മയസഹിതനായി.

ദേവ!=ഹേ മഹാരാജാവേ! അത്ഭുതം ഖലു സംവൃത്തം=അത്ഭുതമാണല്ലോ സംഭവിച്ചതു്.

കിം ഇവ=എന്താണ്? (ഇവിടെ ശകുന്തളയെ മേനക എന്ന അപ്സരസ്സായ അവളുടെ മാതാവു കൂട്ടിക്കൊണ്ടുപോകുന്നതായി പുരോഹിതൻ കണ്ടതാണ് ആശ്ചര്യമെന്നു പറയുന്നതു്.)

**പുരോഹിതഃ:—പുരോവൃത്തേഷു കണ്വശിഷ്യേഷു,**

**നിന്ദന്തീ സാ സ്വാനി ഭാഗ്യാനി ബാലാ**
**ബാഹൂത്ക്ഷേപം ക്രന്ദിതും ച പ്രവൃത്താ;**

**രാജാ:—കിമന്യത്?**

**പുരോഹിതഃ.—**

**സ്ത്രീസംസ്ഥാനം ചാപ്സരസ്തീർത്ഥമാരാ-**
**ദാക്ഷിപ്യൈനാം ജ്യോതിരേകം തിരോഭൂത്.** 31

**(സർവേ വിസ്മയം രൂപയന്തി)**

**രാജാ:—പ്രാഗപി സോ ഽസ്മാഭിരർത്ഥഃ പ്രത്യാദിഷ്ട ഏവ. കിം വൃഥാ തർക്കേണാന്വിഷ്യതേ? വിശ്രാമ്യതു ഭവാൻ.**

**പുരോ:—വിജയസ്വ.** **(ഇതി നിഷ്ക്രാന്തഃ)**

കണ്വശിഷ്യേഷു=കണ്വശിഷ്യന്മാർ. പുരോവൃത്തേഷു=തിരോഹിതന്മാരായപ്പോൾ.

സാ ബാലാ=ആ ബാല. സ്വാനി ഭാഗ്യാനി=സ്വഭാഗ്യങ്ങളെ. നിന്ദന്തീ=നിന്ദിക്കുന്നവളായി. ബാഹൂത്ക്ഷേപം=രണ്ടു കൈകളും പൊക്കി. ക്രന്ദിതും=കരയുന്നതിന്. പ്രവൃത്താ ച=പ്രവൃത്തിക്കയും ചെയ്തു. (കരയുന്നതിനാരംഭിച്ചു.) ഉടനെ—

സ്ത്രീസംസ്ഥാനം=സ്ത്രീയുടെ വടിവോടുകൂടിയ. ഏകം ജ്യോതിഃ=ഒരു ജ്യോതിസ്സ്. ഏനാം=ഇവളെ. ആക്ഷിപ്യ=ക്ഷേപണംചെയ്തു. (എടുത്തുംകൊണ്ട്) അപ്സരസ്തീർത്ഥം=അപ്സരസ്തീർത്ഥത്തെ ലക്ഷ്യമാക്കി. തിരോഭൂത്=തിരോധാനം ചെയ്കയും ചെയ്തു.

(സർവേ=എല്ലാപേരും. വിസ്മയം രൂപയന്തി=അതിശയം നടിക്കുന്നു.)

പ്രാക് അപി=മുമ്പേതന്നെ. സഃ അർത്ഥഃ=ആ കാര്യം. അസ്മാഭിഃ=നമ്മാൽ. പ്രത്യാദിഷ്ട ഏവ=തള്ളിക്കളഞ്ഞതാണല്ലോ. വൃഥാ=വെറുതേ. തർക്കേണ=ഊഹം കൊണ്ടു്. കിം അന്വിഷ്യതേ?=എന്തിനാണ് അന്വേഷിക്കപ്പെടുന്നതു്? ഭവാൻ=അങ്ങു്. വിശ്രാമ്യതു=പോയി വിശ്രമിക്കുക.

വിജയസ്വ=വിജയീഭവിക്കുക. ഇതി നിഷ്ക്രാന്തഃ=എന്നു പോയി.

**രാജാ:—വേത്രവതി, പര്യാകുലോ ഽസ്മി ശയനഗൃഹമാർഗ്ഗമാദേശയ.**

**പ്രതീഹാരീ:—ഇതോ ദേവഃ!**

രാജാ:—(സ്വഗതം)

കാമം പ്രത്യാദിഷ്ടാം സ്മരാമി ന പരിഗ്രഹം മുനേസ്തനയാമ്;
ബലവത്തു ദൂയമാനം പ്രത്യായയതീവ മേ ഹൃദയമ്. 32

(നിഷ്ക്രാന്തൗ.)

വേത്രവതി=അല്ലയോ വേത്രവതി! പര്യാകുലഃ അസ്മി=ഞാൻ പര്യാകുലനായിരിക്കുന്നു. മനഃസുഖമില്ലാത്തവനായിരിക്കുന്നു. ശയനഗൃഹമാർഗ്ഗം=ശയനഗൃഹത്തിലേക്കുള്ള വഴിയെ. ആദേശയ=കാണിച്ചുതരു.

ദേവഃ=ദേവൻ! ഇതഃ=ഇതിലെ.

(പരിക്രാമതഃ=രണ്ടുപേരും ചുററിനടക്കുന്നു.)

കാമം=ഏററവും. പ്രത്യാദിഷ്ടാം=നിരസിക്കമൂലം ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞ. മുനേഃ തനയാം=മുനികന്യകയെ. പരിഗ്രഹം=എൻെറ പരിഗ്രഹമായി. ന സ്മരാമി=ഓർമ്മിക്കുന്നില്ല. (ഞാൻ ആ മുനികന്യകയെ പരിഗ്രഹിച്ചിട്ടുള്ളതായി യാതൊരു ഓർമ്മയും തോന്നുന്നില്ല.)

എന്നാൽ, മേ ഹൃദയം=എൻെറ ഹൃദയം. ബലവത്=ശക്തിമത്താകുംവണ്ണം. ദൂയമാനം=ക്ലേശിക്കുന്നതായി. പ്രത്യായയതി ഇവ=അക്കാര്യം വാസ്തവമാണെന്ന് എന്നെ മനസ്സിലാക്കിക്കുന്നുവോ എന്നു തോന്നും.

---

## ഷഷ്ഠോഽങ്കഃ

---

(തതഃ പ്രവിശതി നാഗരികഃ സ്യാലഃ പശ്ചാദ്ബദ്ധം പുരുഷമാദായ രക്ഷിണൗ ച)

രക്ഷിണൗ:—(താഡയിത്വാ) ഹംഹോ! കുംഭീലക, കഥയ, കസ്മിം സ്ത്വയാ ഏതത് മണിബന്ധനോത്കീർണ്ണനാമധേയാങ്കിതം രാജകീയമംഗുലീയകം സമാസാദിതമ്?

പുരുഷഃ:—പ്രസീദന്തു ഭാവമിശ്രാഃ. ഞാഹം നേദൃശകർമ്മകാരീ.

ഈ ആറാമങ്കത്തിൽ നായകൻ, നായികാപരിഗ്രഹണം മുമ്പു ഉണ്ടായതു് നിഃശ്ശേഷം വിസ്മൃതമായിരുന്നു കഥ മനസ്സിലാക്കി പശ്ചാത്തപിക്കാൻ ഇടവരുന്നു. വിപ്രലംഭശൃംഗാരത്തിൻെറ പൂർവ്വരംഗഭൂതമായ ശാപനിവൃത്തിയെപ്പററി കാണിക്കു

തതഃ=അനന്തരം. പ്രവിശതി=പ്രവേശിക്കുന്നു. നാഗരികഃ=നഗരസംബന്ധിയായ, നഗരാധികാരിയായ. സ്യാലഃ=സ്യാലൻ (രാജകാര്യനിർവാഹകനും ഹീനജാതിയിൽ ഉൾപ്പെട്ടവനുമായ ഒരു ഇടത്തരം ഉദ്യോഗസ്ഥൻ) പശ്ചാദ്ബദ്ധം=പുറകിൽ കെട്ടിയ (കൈകളോടുകൂടിയ) പുരുഷം=പുരുഷനെ. ആദായ=കൊണ്ടുവന്നിട്ട്. രക്ഷിണൗ ച=രണ്ടു രക്ഷികളും, (രണ്ടു പോലീസ്സുകാരും.)

താഡയിത്വാ=അടിച്ചിട്ട് അഥവാ ഇടിച്ച്.

ഹംഹോ!=എടാ! (നീചജനങ്ങളെ സംബോധനചെയ്യുന്നവിധം) കുംഭീലക=കള്ളാ! കഥയ=പറ. മണിബന്ധനോത്കീർണ്ണനാമധേയാങ്കിതം=മണിബന്ധത്താൽ, രത്നങ്ങളുടെ യോജിപ്പിനാൽ ഉത്കീർണ്ണമായ, പ്രകാശിതമായ (പേരുകൊത്തിയിരിക്കുന്നതും.) രാജകീയം=രാജാവിന്റെ വകയുമായ. അംഗുലീയകം=മുദ്രമോതിരം. കസ്മിൻ ത്വയാ സമാസാദിതം=ആരിൽ നിന്നാൽ പ്രാപിക്കപ്പെട്ടു. (നിനക്കു് എവിടെനിന്നു കിട്ടി?)

ഭാവമിശ്രാഃ=യേമാന്മാരേ! പ്രസീദന്തു=പ്രസാദിക്കണേ. അഹം=ഞാൻ. ഈദൃശകർമ്മകാരീ ന=ഈദൃശമായ (ഇപ്രകാരമുള്ള) കർമ്മകാരിയല്ല. (തൊഴിലിനുനടക്കുന്നവനല്ല.)

**പ്രഥമഃ:—**കിം ഖലു ശോഭനഃ ബ്രാഹ്മണ ഇതി കൃത്വാ രാജ്ഞാ പ്രതിഗ്രഹോ ദത്തഃ?

**പുരുഷഃ:—**ശൃണുതേദാനീം. അഹം ശക്രാവതാരവാസീ ധീവരഃ.

**ദ്വിതീയഃ:—**പാടച്ചര, കിമസ്മാഭിർജാതിഃ പൃഷ്ടാ?

**സ്യാലഃ:—**സൂചക! കഥയതു സർവ്വമനുക്രമേണ. മാ ഏനമന്തരാ പ്രതിബധ്നീതമ്.

**ഉഭൗ:—**യദാവുത്ത ആജ്ഞാപയതി.

ശോഭനഃ ബ്രാഹ്മണഃ ഇതി കൃത്വാ=യോഗ്യനായ ബ്രാഹ്മണൻ എന്നുവെച്ച്. രാജ്ഞാ=രാജാവിനാൽ. കിം ഖലു പ്രതിഗ്രഹഃ ദത്തഃ=പ്രതിഗ്രഹമായി ദത്തമായതാണോ?

ശൃണുത ഇദാനീം=ഇപ്പോൾ കേൾക്കണേ, (ഇതൊന്നുകേൾക്കണേ) അഹം=ഞാൻ. ശക്രാവതാരവാസീ=ശക്രാവതാരതീരത്തിൽ വസിക്കുന്നവനായ. ധീവരഃ=ഒരു ധീവരനാണ്, (മുക്കുവനാണ്.)

പാടച്ചര!=പടുചോര, (എടാ കള്ളാ.) അസ്മാഭിഃ=ഞങ്ങളാൽ. കിം ജാതിഃ പൃഷ്ടാ?=ജാതി പൃഷ്ടയായോ? ഞങ്ങൾ നിന്റെ ജാതി ഏതാണെന്നു ചോദിച്ചുവോ?

സൂചക!=ഹേ സൂചകാ! സർവ്വം=എല്ലാം. അനുക്രമേണ=അനുക്രമത്താൽ. (ഓരോ പടിയായി) കഥയതു=പറയട്ടെ. അവൻ നേരെല്ലാം തുടർച്ചയോടെ പറയട്ടെ. ഏനം=ഇവനെ. അന്തരാ=ഇടയ്ക്കു്. മാ പ്രതിബധ്നീതം=തടയരുതു്.

ആവുത്തഃ=ആവുത്തൻ (ഭഗിനീപതിയാണ് ആവുത്തനെങ്കിലും പ്രകൃതത്തിൽ മേലുദ്യോഗസ്ഥനെന്നർത്ഥം.)

യത് ആവുത്തഃ ആജ്ഞാപയതി=അങ്ങു് ആജ്ഞാപിക്കുംപോലെ.

**സ്യാലഃ:—**കഥയ.

**പുരുഷഃ:—**അഹം ജാലോദ്ഗാരാദിഭിർമത്സ്യബന്ധനോപായൈഃ

സ്യാലഃ—വിശുദ്ധ ഇദാനീം തേ ആജീവഃ.

പുരുഷഃ:—ഭർത്തഃ, മൈവമ്,

സഹജം കില യദ് വിനിന്ദിതം,
ന ഖലു തത് കർമ്മ വിവർജ്ജനീയം,
പശുമാരണകർമ്മദാരുണഃ
അനുകമ്പാമൃദുരേവ ശ്രോത്രിയഃ. വൈദികൻ. 1

കഥയ=പറ.

അഹം=ഞാൻ. ജാലോദ്ഗാരാദിഭിഃ=ജാലം (വല) ഉദ്ഗാരം (ചൂണ്ടൽ) മുതലായ. മത്സ്യബന്ധനോപായൈഃ=മത്സ്യബന്ധനോപായങ്ങളാൽ. കുടുംബഭരണം കരോമി=കുടുംബഭരണംചെയ്യുന്നവനാണ്. (കാലക്ഷേപംചെയ്യുന്നവനാണ്.)

തേ ആജീവഃ=നിന്റെ കാലക്ഷേപം. വിശുദ്ധഃ ഇദാനീം=പരിശുദ്ധംതന്നെ. ഭർത്തഃ=ഭർത്താവേ, (അല്ലേ, യജമാനനേ) മാ ഏവം=ഇങ്ങിനെ അരുത്. (ഇങ്ങിനെ ഉത്തരവാകരുത്.)

സഹജം=സഹജമായ (കുലപാരമ്പര്യംകൊണ്ടു അഭ്യസിച്ചുപോന്നതായ.) യത് കർമ്മ തത്=യാതൊരു പ്രവൃത്തിയുണ്ടോ. (ജീവിതോപായംഉണ്ടോ അതു്) വിനിന്ദിതം=നിന്ദിക്കത്തക്കതാണെങ്കിലും. (പൊതുവെ ആക്ഷേപകരമാണെങ്കിലും) ന ഖലു വിവർജ്ജനീയം=വിവർജ്ജനീയമാകുന്നതല്ലല്ലോ. (വിട്ടുകളവാൻ പാടുള്ളതല്ലല്ലോ.)

പശുമാരണകർമ്മദാരുണഃ=പശുവിന്റെ (യാഗത്തിൽ ഹിംസിച്ച് വപ എടുക്കുന്നതിനായി നിർദ്ദേശിക്കപ്പെടുന്ന ജന്തുവിന്റെ) മാരണത്താൽ (കൊലയാൽ—കൊലപ്പെടുത്തലാൽ) ദാരുണനായ, ക്രൂരനായ. ശ്രോത്രിയഃ=ശ്രോത്രിയൻ. (വൈദികൻ) അനുകമ്പാമൃദുഃ ഏവ=അനുകമ്പാമൃദുതന്നെ (ശ്രോത്രിയൻ പരമദയാലുവാണെങ്കിലും പശുമാരണത്തിനു മടിക്കുന്നില്ലല്ലോ.)

അലങ്കാരം—അർത്ഥാന്തരന്യാസം.

സ്യാലഃ:—തതഃ?

പുരുഷഃ.—അഥ ഏകദിവസേ ഖണ്ഡശോ രോഹിതമത്സ്യോ മയാ കല്പിതഃ. യാവത്തസ്യോദരാഭ്യന്തരേ രത്നഭാസുരമംഗുലീയകം ദൃഷ്ട്വാ പശ്ചാദഹമസ്യ വിക്രയായ ദർശയൻ ഗൃഹീതോ ഭാവമിശ്രൈഃ; മാരയത വാ മുഞ്ചത വാ. ഇയമസ്യാഗതിഃ.

സ്യാലഃ:—ജാനുക, വിസ്രഗന്ധീ ഗോധാദീ മത്സ്യബന്ധ ഏവ താവന്നിസ്സംശയമ്. അംഗുലീയകദർശനമസ്യ വിമർശിതവ്യമ്. രാജകുലമേവ ഗച്ഛാമഃ.

തതഃ=എന്നിട്ട്?

അഥ=അങ്ങിനെയിരിക്കെ. ഏകദിവസേ=ഒരുദിവസം. മയാ=എന്നാൽ. രോഹിതമത്സ്യഃ=രോഹിതം എന്ന മത്സ്യം (ഒരു ചെമ്മീൻ)ഖണ്ഡശഃ കല്പിതഃ=ഖണ്ഡമായി കല്പിതമായി, (ഒരു രോഹിതമത്സ്യത്തെ ഞാൻ കീറിനോക്കി.) യാവത്=എപ്പോഴാണോ (കീറിയസമയത്തു്.) തസ്യ=ആ മത്സ്യത്തിന്റെ. ഉദരാഭ്യന്തരേ=വയററിനകത്തു്. രത്നഭാസുരം=രത്നങ്ങളെക്കൊണ്ടു് ഭാസുരമായ, ശോഭിക്കുന്നതായ. അംഗുലീയകം=മോതിരത്തെ. ദൃഷ്ട്വാ=കണ്ടിട്ടു്. പശ്ചാത്=പിന്നീട്. അഹം=ഞാൻ. അസ്യ=ഈ മോതിരത്തിന്റെ. വിക്രയായ=വില്പനയ്ക്കായി.

ക്കപ്പെട്ടവനായി (പിടിക്കപ്പെട്ടവനായി.) മാരയത വാ=കൊല്ലുകയോ. മുഞ്ചത വാ= വിടുകയോ ചെയ്താലും. ഇയം=ഇതാണ്. അസ്യ=ഈ മോതിരത്തിന്റെ. ആഗതിഃ= ആഗമം. (ഇങ്ങനെയാണ മോതിരം എനിക്ക കിട്ടിയതു്.)

ജാനക!=ഹേ ജാനക! വിസ്രഗന്ധീ=ദുർഗ്ഗന്ധവാനും. ഗോഖാദീ=ഗോവിനെ ഖാദനം ചെയ്യുന്നവനും (മാംസഭുക്കും) ആയ ഇവൻ. മത്സ്യബന്ധഃ ഏവ താവത്= മത്സ്യബന്ധൻതന്നെയാണ്; മുക്കുവൻതന്നെയായിരിക്കണം. നിസ്സംശയം=സംശയമില്ല. അസ്യ=ഇവന്റെ. അംഗുലീയകദർശനം=ആ മോതിരംകണ്ടെട്ടപ്പ്. വിമർശിതവ്യം=ആലോചിക്കേണ്ടതാണ്. (അതിനാൽ) രാജകുലം ഏവ ഗച്ഛാമഃ= രാജകുലത്തിലേക്കുതന്നെ പോകാം.

**രക്ഷിണൗ:—തഥാ.**

**സ്യാലഃ:—ഗച്ഛ, അരേ, ഗണ്ഡഭേദക!**

**(സർവേ പരിക്രാമന്തി)**

**സ്യാലഃ:—സൂചക, ഇമം ഗോപുരദ്വാരേ അപ്രമത്തഃ പ്രതിപാലയ. യാവദിമമംഗുലീയകം യഥാഗമനം ഭർത്തുർനിവേദ്യ തതോ രാജശാസനം പ്രതിഗൃഹ്യ നിർഗ്ഗച്ഛാമി.**

**ഉഭൗ:—പ്രവിശത്വാവുത്തസ്സ്വാമിപ്രസാദായ.**

**(നിഷ്ക്രാന്തഃ സ്യാലഃ)**

**പ്രഥമഃ;—ജാനക, ചിരായതേ ഖല്വാവുത്തഃ**

**ദ്വിതീയഃ:—നനാവസരോപസർപ്പണീയാ രാജാനഃ?**

**പ്രഥമഃ:—ജാനക, സ്ഫുരതോ മേ ഹസ്താവസ്യ വധ്യസുമനസ്സം പിനദ്ധും. (പുരുഷം നിർദ്ദിശതി)**

തഥാ=അങ്ങിനെതന്നെ.

അരേ ഗണ്ഡഭേദക!=എടാ ഗണ്ഡഭേദക! (ഗണ്ഡഭേദം അഥവാ ചെകിട്ടതല്ലിപ്പൊളിപ്പ് അർഹിക്കുന്നവൻ ഗണ്ഡഭേദകൻ) (മുന്തിയറുക്കുന്നവനേ എന്നും അർത്ഥമാക്കപ്പെടുന്നുണ്ട്.) ഗച്ഛ=നട.

(സർവേ=എല്ലാരും. പരിക്രാമന്തി=നടകൊള്ളുന്നു.)

സൂചക, ഇമം=ഇവനെ. ഗോപുരദ്വാരേ=ഗോപുരവാതിലിൽ. അപ്രമത്തഃ പ്രതിപാലയ=ജാഗ്രതയായി സൂക്ഷിച്ചുകൊള്ളുക. യാവത്=എപ്പോൾ (ഈ സമയത്തു്) അംഗുലീയകം യഥാഗമനം=ഈ മോതിരം കണ്ടുകിട്ടിയ വർത്തമാനം. ഭർത്തുഃ=ഭർത്താവിന്നായി, (മഹാരാജാവിന്നായി.) നിവേദ്യ=അറിയിച്ചു്. തതഃ= അനന്തരം. രാജശാസനം പ്രതിഗൃഹ്യ=കല്പനവാങ്ങി. നിർഗച്ഛാമി=വരാം.

ആവുത്തഃ=ആവുത്തൻ. (അളിയന്) സ്വാമിപ്രസാദായ=സ്വാമിപ്രസാദാർത്ഥം. പ്രവിശതു=പോയാലും.

(നിഷ്ക്രാന്തഃ സ്യാലഃ=നഗരാധികാരി പോയി.)

ജാനക, ആവുത്തഃ=ആവുത്തൻ. ചിരായതേ ഖലു=താമസിക്കുന്നുവല്ലോ.

രാജാനഃ=രാജാക്കന്മാർ. നനു അവസരോപസർപ്പണീയാഃ=അവസരംനോക്കി

അസ്യ=ഇവന്റ്. വധ്യസുമനസം പിനദ്ധും=കൊലമാലയിടുന്നതിന്ന്. മേ ഹസ്തൌ=എന്റെ കൈകൾ. സ്ഫുരതഃ=പുളയ്ക്കുന്നു.

പുരുഷം നിർദിശതി=പുരുഷനെ നിർദ്ദേശിക്കുന്നു. (പുരുഷന്റെ നേക്ക് കൈ ഓങ്ങുന്നു.)

**പുരുഷഃ:—നാഹ്തി ഭാവഃ അകാരണേ മാരണം കർത്തുമ്.**

**ദ്വിതീയഃ:—(വിലോക്യ) ഏഷോऽസ്മാകം സ്വാമീ ലേഖപത്രേ ഗൃഹീത്വാ രാജശാസനമാഗച്ഛതി, ശുനോ മുഖം ദ്രക്ഷ്യതി, ഗൃദ്ധ്റബലിർവ്വാ ഭവിഷ്യതി.**

**(പ്രവിശ്യ സ്യാലഃ)**

**സ്യാലഃ:—സൂചക, മുച്യതാമേഷ ജാലോപജീവീ. ഉപപന്നഃ കിലാസ്യാംഗുലീയസ്യാഗമഃ.**

**സൂചകഃ:—യഥാ ഭണതി ഭവാൻ.**

**ജാനുകഃ:—ഏഷ യമഭവനം ഗത്വാ പ്രതിനിവിഷ്ടഃ.**

**(പുരുഷം മുക്തബന്ധനം കരോതി)**

ഭാവഃ=യേമാൻ. അകാരണേ=കാരണംകൂടാതെ. മാരണംകർത്തും=കൊലപ്പെടുത്തുന്നതിന്ന്. ന അർഹസി=അർഹതയുള്ളവനല്ല. (അകാരണമായി എന്നെ ഉപദ്രവിക്കരുതേ.)

(വിലോക്യ=നോക്കി) ഏഷഃ അസ്മാകം സ്വാമീ=ഇതാ നമ്മുടെ യേമാൻ. ലേഖപത്രേ = ലേഖപത്രത്തിൽ. രാജശാസനം=രാജശാസനത്തെ. ഗൃഹീത്വാ=സ്വീകരിച്ച്. ആഗച്ഛതി=വരുന്നു. ശുനഃ മുഖം ദ്രക്ഷ്യതി=പട്ടിയുടെ വാ കാണാൻ പോകുന്നു. ഗൃദ്ധ്റബലിഃ വാ ഭവിഷ്യതി=കഴുകന്ന് ബലിയോ ആകാൻപോകുന്നു. (നീ ഇനി പട്ടികൾക്കോ കഴുകന്മാർക്കോ ഇരയായിത്തീരും.)

(പ്രവിശ്യ സ്യാലഃ=സ്യാലൻ പ്രവേശിച്ച്)

സൂചക, ഏഷഃ ജാലോപജീവീ=ഈ വലക്കാരൻ. മുച്യതാം=മോചിക്കപ്പെടട്ടേ; ഇവനെ വിട്ടേയ്ക്കുക.

അസ്യ=ഇവന്റെ. അംഗുലീയസ്യ=അംഗുലീയത്തിന്റെ. ആഗമഃ=ചരിത്രം. ഉപപന്നഃ കില=ശരിതന്നെ.

യഥാ ഭവാൻ ഭണതി=അങ്ങു പറയുംപോലെ. ഏഷഃ=ഇവൻ. യമനഗരം ഗത്വാ=യമലോകത്തിൽ പോയി. പ്രതിനിവൃത്തഃ=തിരിച്ചുവന്നിരിക്കുന്നു.

പുരുഷം മുക്തബന്ധനം കരോതി=പുരുഷനെ കെട്ടഴിച്ചുവിടുന്നു.

**പുരുഷഃ:—(സ്യാലം പ്രണമ്യ) തവ കേരകം മേ ജീവിതമ്.**

**സ്യാലഃ:—ഏഷ ഭർത്രാ അംഗുലീയകമൂല്യസമ്മിതഃ പാരിതോഷികോ ദത്തഃ.**

പുരുഷഃ:-(സപ്രണാമം പ്രതിഗൃഹ്യ)ഭട്ടാരകേണാനുഗൃഹീതോ/സ്മി.

സൂചകഃ:—തേ നാമാനുഗൃഹീതാഃ. യേ ശൂലാദവതാര്യ ഹസ്തിസ്കന്ധേ പ്രതിഷ്ഠിതാഃ.

ജാനുകഃ:—ആവൃത്ത, രാജ്ഞഃ പരിതോഷം കഥയ. തേനാംഗുലീയകേന ഭർത്തുശ്ശർമദേന ഭവിതവ്യമ്.

മേ=എൻെറ. ജീവിതം=ജീവിതം. തവകേരകം=ത്വദധീനം (അങ്ങുന്ന് എൻെറ ജീവനെ രക്ഷിച്ചു.)

ഏഷഃ=ഇതാ. അംഗുലീയകമൂല്യസമ്മിതഃ=അംഗുലീയത്തിൻെറ മൂല്യത്തോട് (വിലയോട്) സമ്മിതമായ (സമാനമായ)പാരിതോഷികഃ=(ഒരു)സമ്മാനം.ഭർത്രാ=മഹാരാജാവിനാൽ. ദത്തഃ=നിനക്കായി ദാനംചെയ്യപ്പെട്ടിരിക്കുന്നു.

(പുരുഷായ=പുരുഷന്നായി. അർത്ഥം=പണം. പ്രയച്ഛതി=കൊടുക്കുന്നു.)

സപ്രണാമം=താണുതൊഴുതു്. പ്രതിഗൃഹ്യ=വാങ്ങീട്ട്. ഭട്ടാരകേണ=അങ്ങാൽ. അനുഗൃഹീതഃ അസ്മി=അനുഗൃഹീതനായിരിക്കുന്നു.

തേ നാമ അനുഗൃഹീതാഃ=അവർ അനുഗ്രഹിക്കപ്പെട്ടവർതന്നെ. യേ=യാതൊരുത്തരാണോ. ശൂലാത്=ശൂലത്തിൽനിന്നും. അവതാര്യ=ഇറക്കി. ഹസ്തിസ്കന്ധേ=ഹസ്തിയുടെ (ആനയുടെ) സ്കന്ധത്തിൽ (കഴുത്തിൽ.) പ്രതിഷ്ഠിതാഃ=പ്രതിഷ്ഠിതന്മാരായിരിക്കുന്നു. ('ഇവനെ ശൂലത്തിൽനിന്നിറക്കി ആനപ്പുറത്തുകയററിയല്ലോ.')

ആവൃത്ത!=അങ്ങുന്നേ! രാജ്ഞഃ=രാജാവിൻെറ. പരിതോഷം=സന്തോഷത്തെ. കഥയ=പറഞ്ഞാലും.

തേന അംഗുലീയകേന=ആ തിരുവാഴിയാൽ. ഭർത്തുഃ=മഹാരാജാവിന്നു്. ശർമ്മദേന=സുഖപ്രദമായി. ഭവിതവ്യം=ഭവിക്കപ്പെട്ടതായിരിക്കണം.

സ്യാലഃ:—ന തസ്മിൻ മഹാർഹം രത്നം ഭർത്തുർബഹുമതമിതി തർക്കയാമി. തസ്യ ദർശനേന കോപി അഭിമതോ ഭർത്തുർജ്ജനഃ സ്മൃതഃ. മുഹൂർത്തം, പ്രകൃതിഗംഭീരോ/പി പര്യുൽസുകനയന ആസീത്.

സൂചകഃ:—സേവിതം നാമാവൃത്തേന.

സ്യാലഃ:—നനു ഭണാമ്യസ്യ കൃതേ മത്സ്യശത്രോരിതി.

(പുരുഷമസൂയയാ പശ്യതി)

തസ്മിൻ=ആ തിരുവാഴിയിൽ. മഹാർഹം=മഹത്തായ (അമൂല്യമായ.) രത്നം=രത്ന(ങ്ങൾ) ഭർത്തുഃ=തമ്പുരാന്നു്. ബഹുമാനം ഇതി=ബഹുമതിക്കു കാരണമായി. ന തർക്കയാമി=ഞാൻ വിചാരിക്കുന്നില്ല. തസ്യ=ആ അംഗുലീയകത്തിൻെറ. ദർശനേന=ദർശനത്താൽ. ഭർത്തുഃ=തമ്പുരാൻെറ. കോപി അഭിമാതോ ജനഃ=ഏതോ ഇഷ്ടജനം. സ്മൃതഃ=സ്മരിക്കപ്പെട്ടു. പ്രകൃതിഗംഭീരഃ അപി=പ്രകൃത്യാ ഗംഭീരനാണെങ്കിലും. മുഹൂർത്തം=ക്ഷണനേരം. പര്യുൽസുകനയനഃ=കുണ്ഠിതഭാവം കാണിക്കുന്ന നേത്രങ്ങളോടുകൂടിയവനായി. ആസീത്=ഭവിച്ചു.

സേവിതം നാമ ആവൃത്തേന=അങ്ങുന്നിനാൽ (മഹാരാജാവിന്നു്) ഒരു ഉതവി

അസ്യ=ഈ. മത്സ്യശത്രോഃ കൃതേ ഇതി=മത്സ്യശത്രുവിന്നാണ് ഞാൻ ഒരു ഉതവിചെയ്കയുണ്ടായതു് ഇതി=എന്നു്. നനു ഭണാമി=പറയുന്നു.

പുരുഷം=പുരുഷനെ. (മുക്കവനെ)

അസൂയയാ=അസൂയയാൽ. പശ്യതി=നോക്കുന്നു. (എന്നു അസൂയയോടെ മുക്കവനെ നോക്കുന്നു.)

ഇവിടെ മുക്കുവനോടു് അസൂയതോന്നാൻ കാരണം അവൻ രാജപ്രീതിക്കും തദ്വാരാ രാജസമ്മാനത്തിന്നും പാത്രമായല്ലോ എന്നും, അവനുകിട്ടിയ സമ്മാനം തനിക്കായിരുന്നില്ലല്ലോ എന്നുമുള്ള വിചാരത്താലാണ്. മുക്കുവന്റെ പണത്തിൽ ഒരു പങ്കു് സ്യാലനും കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹമുള്ളതായി ഈ നോട്ടത്തിൽനിന്നും ആ സാധുവിനു മനസ്സിലായി.

**പുരുഷഃ:**—ഇതോഽപ്യർധം ഭട്ടാരകാ യുഷ്മാകം സുമനോമൂല്യം ഭവതു.

**ജാനുകഃ:**—ഏതദ്യുജ്യതേ.

**സ്യാലഃ:**—ധീവര, മഹത്തരം പ്രിയവയസ്യ ഇദാനീം സംവൃത്തഃ. കാദംബരീസാക്ഷികമസ്മാകം പ്രഥമം സൗഹൃദമിഷ്യതേ; തേന ശുണ്ഡികാഭവനമേവ പ്രവിശാമഃ.

(നിഷ്ക്രാന്താഃ സർവേ)

പ്രവേശകഃ.

ഭട്ടാരകാഃ=അല്ലേയോ യജമാനന്മാരേ! ഇതഃ അപി അർധം=ഇതിൽനിന്നും പകുതി. യുഷ്മാകം=നിങ്ങളുടെ. സുമനോമൂല്യം=നല്ല മനസ്സിന്നു പ്രതിഫലമായി. ഭവതു=ഇരിക്കട്ടെ.

ഏതത്=ഇതു്. യുജ്യതേ=യോജിക്കുന്നു. (ഇത്രയും വേണ്ടതുതന്നെ.)

ധീവര!=ഹേ ദാശ! ഇദാനീം=ഇപ്പോൾ. (നീ) മഹത്തരം=ഏററവും. പ്രിയവയസ്യഃ=പ്രിയമിത്രമായി. സംവൃത്തഃ=തീർന്നിരിക്കുന്നു.

അസ്മാകം=നമ്മുടെ. പ്രഥമം സൗഹൃദം=ആദ്യത്തെ (ഈ) സ്നേഹം. കാദംബരീസാക്ഷികം=കള്ളുസാക്ഷിയായി. ഇഷ്യതേ=ഞാൻ ഇഷ്ടപ്പെടുന്നു.

തേന=അതിനാൽ. ശുണ്ഡികാഭവനം ഏവ=ചാരായക്കിടങ്ങിലേക്കുതന്നെ. പ്രവിശാമഃ=പ്രവേശിക്കാം.

സർവേ=എല്ലാവരും. നിഷ്ക്രാന്താഃ=പോയി.

പ്രവേശകം

(തതഃ പ്രവിശത്യാകാശയാനേന സാനുമതീ നാമാപ്സരാഃ)

**സാനുമതീ:**—നിവർത്തിതം മയാ പർയ്യായനിവർത്തനീയം അപ്സരസ്തീർത്ഥസാന്നിധ്യമ്. ഇദാനീം സാധുജനസ്യാഭിഷേകകാല ഇതി സാമ്പ്രതമസ്യ രാജർഷേരുദന്തം പ്രത്യക്ഷീകരിഷ്യേ. മേനകാസംബന്ധേന ശരീരഭൂതാ ഇദാനീം മേ ശകുന്തളാ, തയാ തന്നിമിത്തം സന്ദിഷ്ടപൂർവാഽസ്മി. കിം നു ഖലൂത്സവേഽപി നിരുത്സവാരംഭമിവൈതദ്രാജകുലം ദൃശ്യതേ; അസ്തി ഖലു മേ വിഭവഃ നിധ്യാനേന സർവം പരിജ്ഞാതുമ്. കിന്തു സഖ്യാ

ആദരോ മാനയിതവ്യഃ. ഭവതു; ഏതയോസ്താവദുദ്യാനപാലികയോഃ തിരസ്കരിണീപ്രതിച്ഛന്നാ പാർശ്വവർത്തിനീഭൂത്വാ ഉപലപ്സ്യേ.

മയാ=എന്നാൽ. പര്യായനിവർത്തനീയം=തവണമായ്ക്കു നിവർത്തിക്കേണ്ട. അപ്സരസ്തീർത്ഥസാന്നിദ്ധ്യം=അപ്സരസ്തീർത്ഥത്തിലെ സാന്നിദ്ധ്യം. നിർവ്വർത്തിതം=നിർവ്വർത്തിച്ചു, (തവണകഴിഞ്ഞു.) ഇദാനീം=ഇപ്പോൾ. സാധുജനസ്യ=സാധുജനങ്ങളുടെ. അഭിഷേകകാലഃ ഇതി=സ്നാനസമയമാകയാൽ. സാമ്പ്രതം=ഉടൻതന്നെ. അസ്യ=ഈ. രാജർഷേഃ=രാജർഷിയുടെ. ഉദന്തം=വർത്തമാനം. പ്രത്യക്ഷീകരിഷ്യേ=എന്തെന്നു നേരേചെന്നു നോക്കാം. മേനകാസംബന്ധേന=മേനകയുടെ മകളായതുകൊണ്ടു്. ഇദാനീം=ഇപ്പോൾ. ശകുന്തളാ=ശകുന്തള. മേ=എനിക്കു്. ശരീരഭൂതാ=സ്വന്തമായിരിക്കുന്നു. തയാ=അവളാൽ. തന്നിമിത്തം=അവളുടെ കാര്യത്തിനായിത്തന്നെ. സന്ദിഷ്ടപൂർവ്വം അസ്മി=ഞാൻ നേരത്തേതന്നെ ഒരു സംഗതി പറയപ്പെട്ടവളായിരിക്കുന്നു. കിം നു ഖലു=എന്താണിതു്? ഉത്സവേ അപി=ഉത്സവകാലത്തുകൂടിയും. ഏതത് രാജകുലം=ഈ രാജകുലം. നിരുത്സവാരംഭം ഇവ=യാതൊരു ഉത്സവാരംഭവുമില്ലാത്തതുപോലെ. ദൃശ്യതേ=കാണപ്പെടുന്നു. മേ=എനിക്കു്. പ്രണിധാനേന=ദിവ്യദൃഷ്ടിയാൽ. സർവ്വം പരിജ്ഞാതും=എല്ലാം അറിയുന്നതിനു്. വിഭവഃ അസ്തി=സാമർത്ഥ്യമുണ്ടു്. കിന്തു=പിന്നെയോ, എന്നാൽ. സഖ്യാഃ=സഖിയുടെ (ശകുന്തളയുടെ) ആദരഃ=നിർദ്ദേശം. മാനയിതവ്യഃ=മാനിക്കപ്പെടേണ്ടതാണു്. ഭവതു=ആകട്ടെ. ഏതയോഃ താവത് ഉദ്യാനപാലികയോഃ=ഈ രണ്ടു ഉദ്യാനപാലികമാരെക്കൊണ്ടു. തിരസ്കരിണീപ്രതിച്ഛന്നാ=തിരസ്കരിണിവിദ്യയാൽ മറഞ്ഞു്. പാർശ്വവർത്തിനീഭൂത്വാ=അടുത്തുചെന്നു്. ഉപലപ്സ്യേ=വർത്തമാനം അറിയാം.

(നാട്യേനാവതീര്യ സ്ഥിതാ)

(തതഃ പ്രവിശതി ചൂതാംകുരമവലോകയന്തീ ചേടീ അപരാ ച പൃഷ്ഠതോഽസ്യാഃ)

**പ്രഥമാ:—**

ആതാമ്രഹരിതപാണ്ഡര ജീവിതസർവ്വം വസന്തമാസസ്യ,
ദിഷ്ട്യാ ചൂതാംകുര ഋതുമംഗലം ത്വാം ഖലു പശ്യാമി. 2

**ദ്വിതീയാ:—** പരഭൃതികേ, കിമേതദേകാകിനീ മന്ത്രയസേ?

**പ്രഥമാ:—** മധുകരികേ, ചൂതകലികാം ദൃഷ്ട്വാ ഉന്മത്താ പരഭൃതികാ ഭവതി നനു.

നാട്യേന=നാട്യത്താൽ. അവതീര്യ=ഇറങ്ങി. സ്ഥിതാ=നില്ക്കുന്നു.

ചൂതാംകുരം അവലോകയന്തീ=ചൂതത്തിന്റെ അംകുരത്തെ അവലോകനം ചെയ്യുന്നവളായി. ചേടീ=ചേടിയും. അസ്യാഃ=ഇവളുടെ. പൃഷ്ഠതഃ=പിമ്പിലായി. അപരാ ച=മറെറാരുത്തിയും. തതഃ പ്രവിശതി=അനന്തരം പ്രവേശിക്കുന്നു.

ആതാമ്രഹരിതപാണ്ഡര=ആതാമ്രമായും, (അല്പം ചുവന്നതായും) ഹരിതമായും (പച്ചയായും) പാണ്ഡരമായും (വെളുത്തതായും.) വസന്തമാസസ്യ=വസന്തമാസത്തിന്റെ. ജീവിതസർവ്വം=ജീവിതസർവ്വസ്വമായും; (ഇരിക്കുന്ന) ചൂതാംകര=അല്ലയോ ചൂതാംകുരമേ! ത്വാം=നിന്നെ. ഋതുമംഗലം=ഋതുവിന്നു മംഗളകരമായി. പശ്യാമി=ഞാൻ കാണുന്നു.

അനേകവിധം പാഠഭേദങ്ങളുള്ള ഒരു പദ്യമാണു് ഇതു്.

അലങ്കാരം—സ്വഭാവോക്തി.

പരഭൃതികേ!=ഹേ പരഭൃതികേ! (പ്രഥമയായി, ആദ്യത്തേവളായി പറഞ്ഞിരിക്കുന്ന ചേടിയുടെ പേർ പരഭൃതികയാണെന്നു് ഇതിൽനിന്നു മനസ്സിലാകുന്നു.) ഏകാകിനീ=കേവലം തനിച്ചുനിന്നു്. കിം ഏതത് മന്ത്രയസേ?=ഇതെന്താണു് നീ പറയുന്നതു്?

മധുകരികേ=(രണ്ടാമത്തെ ചേടിയുടെപേർ.) ചൂതകലികാം ദൃഷ്ട്വാ=മാമ്പൂമൊട്ടു കണ്ടു്. പരഭൃതികാ=പരഭൃതിക (ഇവിടെ പ്രഥമചേടിയെന്നും പെൺകുയിലെന്നും രണ്ടർത്ഥം) ഉന്മത്താ ഭവതി നനു=ഉന്മത്തയായിത്തീരുമല്ലോ.

ദ്വിതീയാ:—(സഹർഷം ത്വരയോപഗമ്യ) കഥമുപസ്ഥിതോ മധുമാസഃ?

പ്രഥമാ:—മധുകരികേ, തവേദാനീം കാല ഏഷ സമദവിഭ്രമോദ്ഗതീനാമ്?

ദ്വിതീയാ:—സഖി! അവലംബസ്വ മാം യാവദേനമഗ്രപാദസ്ഥിതാ ഭൂത്വാ ചൂതാംകുരം ഗൃഹീത്വാ കാമദേവാർച്ചനം കരോമി.

പ്രഥമാ:—യദി മമാപ്യർദ്ധമർച്ചനഫലസ്യ.

ദ്വിതീയാ:—അഭണിതേഽപ്യേതദേവം സമ്പദ്യതേ, യത ഏകമേവാവയോർജീവിതമ്. (സഖ്യാവലംബിതാ ചൂതാങ്കുരം ഗൃഹ്ണാതി) അമ്മഹേ! അപ്രതിബുദ്ധോഽപി ചൂതപ്രസവ ഏഷ ബന്ധനഭംഗസുരഭിർഭവതി. (കപോതകം കൃത്വാ)

ത്വമസി മയാ ചൂതാംകുര, ദത്തഃ കാമായ ഗൃഹീതധനുഷേ,
പഥികജനയുവതിലക്ഷഃ പഞ്ചാഭ്യധികശ്ശരോ ഭവ. 3

(ചൂതാംകുരാ വിക്ഷിപതി)

സഹർഷം=സസന്തോഷം. ത്വരയാ=വേഗത്തിൽ. ഉപഗമ്യ=അടുത്തുചെന്നു്. കഥം=അല്ലാ! ഉപസ്ഥിതോ മധുമാസഃ=മധുമാസം വന്നോ?

മധുകരികേ, ഇദാനീം=ഇപ്പോൾ. തവ=നിനക്കു്. സമദവിഭ്രമോദ്ഗതീനാം=മദത്തിനും കളിക്കും ചാട്ടത്തിനും ഉള്ള. കാലഃ ഏഷഃ=കാലമല്ലേ ഇതു്?

സഖി, മാം=എന്നെ. അവലംബസ്വ=ഒന്നു താങ്ങിക്കൊള്ളു. യാവത്=ഈ താങ്ങുന്ന സമയത്തിൽ. അഗ്രപാദസ്ഥിതാ ഭൂത്വാ=അഗ്രപാദസ്ഥിതയായി, എത്തിനിന്നു്. ഏനം=ഈ. ചൂതാംകുരം=മാമ്പൂ. ഗൃഹീത്വാ=ഗ്രഹിച്ചു് (പറിച്ചു്) കാമദേവാർച്ചനം കരോമി=കാമദേവാർച്ചന നിർവ്വഹിക്കട്ടെ. (അഥവാ) യാവത് കരോമി=ചെയ്യാം.

അർച്ചനഫലസ്യ=അർച്ചനയുടെ ഫലത്തിൻെറ. അർദ്ധം=പകുതി. യദി മമ അപി=എനിക്കുംകൂടെയെങ്കിൽ (നീ അർച്ചിക്കുന്നതിൽനിന്നുണ്ടാകുന്ന ഫലത്തിൻെറ പകുതി എനിക്കുകൂടെ തരാമെങ്കിൽ ആവാം.)

അഭണിതേ അപി=പറയപ്പെട്ടില്ലെങ്കിൽകൂടെ.; ഏതത്=ഇതു്. ഏവം സമ്പദ്യതേ=അങ്ങിനെതന്നെ തീരുമല്ലോ. യതഃ=യാതൊരുകാരണത്താലോ. ആവയോഃ=നാം രണ്ടുപേരുടേയും. ജീവിതം=ജീവിതം. ഏകം ഏവ=ഒന്നുതന്നെയാണു്. (നാം രണ്ടുപേരും പ്രാണസഖികളായതുകൊണ്ടു നീ പറഞ്ഞകാര്യം ചോദിക്കണമോ?)

സഖ്യാ=സഖിയാൽ. അവലംബിതാ=താങ്ങപ്പെട്ടവളായിട്ടു്. ചൂതാങ്കുരം=ചൂതാംകുരത്തെ. ഗൃഹ്ണാതി=എടുക്കുന്നു (പറിക്കുന്നു.)

അമ്മഹേ!=ആശ്ചര്യം. അപ്രതിബുദ്ധഃ അപി=വിടൎന്നിട്ടുള്ളതല്ലെങ്കിലും. ഏഷഃ ചൂതപ്രസവഃ=ഈ മാമ്പൂ. ബന്ധനഭംഗസുരഭിഃ ഭവതി=ബന്ധനഭംഗംകൊണ്ടു്, ബന്ധനത്തിൽനിന്നുള്ള ഭംഗത്താൽ (ഒടിച്ചെടുത്തതുകൊണ്ടു്) സുരഭിയായി (വാസനയുള്ളതായി) ഭവതി=ഇരിക്കുന്നു.

(കപോതകം കൃത്വാ=കൈക്കൂപ്പി)

ചൂതാംകുര!=അല്ലയോ ചൂതപുഷ്പമേ! ഗൃഹീതധനുഷേ=വില്ലുകുലച്ചിരിക്കുന്ന. കാമായ=കാമദേവന്നായി. മയാ=എന്നാൽ. ത്വം=നീ. ദത്തഃ അസി=കൊടുക്കപ്പെട്ടതായിരിക്കുന്നു. പഥികജനയുവതിലക്ഷഃ=പഥികജനങ്ങളുടെ (യാത്രക്കാരുടെ) യുവതിലക്ഷഃ=യുവതികളെ ലാക്കാക്കി. പഞ്ചാഭ്യധികഃ ശരഃ=അഞ്ചുശരങ്ങളിലും വെച്ചു കേമമായി. ഭവ=ഭവിക്കുക.

ചൂതാംകുരം വിക്ഷിപതി=ചൂതാംകുരം അൎച്ചിക്കുന്നു.

(പ്രവിശ്യാപടാക്ഷേപേണ കുപിതഃ കാഞ്ചുകീയഃ)

മാ താവദനാത്മജ്ഞേ! ദേവേന പ്രതിഷിദ്ധേ വസന്തോത്സവേ കിമാമ്രകലികാഭംഗമാരഭസേ?

ഉഭേ:—പ്രസീദത്വാര്യഃ; അഗൃഹീതാൎത്ഥേ ആവാമ്.

കുപിതഃ കാഞ്ചുകീയഃ=കുപിതനായ കഞ്ചുകി. അപടാക്ഷേപേണ=പടാക്ഷേപംകൂടാതെതന്നെ, യവനിക പൊക്കാതെതന്നെ. പ്രവിശ്യ=പ്രവേശിച്ചു്.

മാ താവത്=അരുതരുതു്. അനാത്മജ്ഞേ=അറിവില്ലാത്തവളേ! വസന്തോത്സവേ=വസന്തോത്സവം. ദേവേന പ്രതിഷിദ്ധേ=തമ്പുരാൻ പ്രതിഷേധിച്ചിരിക്കേ. കിം ആമ്രകലികാഭംഗം ആരഭസേ?=ഇളംചുവപ്പുള്ള മാമ്പൂമൊട്ടു പറിപ്പാൻ ആരംഭിക്കയാണോ? ആൎയ്യഃ പ്രസീദതു=ആൎയ്യൻ പ്രസാദിക്കണേ. ആവാം അഗൃഹീതാൎത്ഥേ=ഞങ്ങൾ ഇതു് അറിഞ്ഞിട്ടില്ല.

കാഞ്ചുകീയഃ:—ന ഖലു ശ്രുതമാഭ്യാമ്. യദാ വാസന്തികൈസ്തരുഭിരപി ദേവശാസനം പ്രമാണീകൃതം തദാശ്രയിഭിശ്ച.

തഥാഹി:—

ചൂതാനാം ചിരനിൎഗ്ഗതാപി കലികാ ബധ്നാതി ന സ്വം രജഃ,
സന്നദ്ധം യദപി സ്ഥിതം കുരവകം തത് കോരകാവസ്ഥയാ,
കണ്ഠേഷു സ്ഖലിതം ഗതേപി ശിശിരേ പുംസ്കോകിലാനാം രുതം,
ശങ്കേ, സംഹരതി സ്മരോപി ചകിതസ്തൂണാൎദ്ധകൃഷ്ടം ശരമ്.

നാത്ര സന്ദേഹഃ മഹാപ്രഭാവോ രാജൎഷിഃ.

ന ഖലു ശ്രുതം ആഭ്യാം=ഈ (നിങ്ങളാൽ) കേൾക്കപ്പെട്ടില്ല; ഇല്ലേ? യദാ=യാതൊരുകാരണത്താൽ. വാസന്തികൈഃ തരുഭിഃ അപി=വസന്തകാലത്തു പൂക്കുന്ന വൃക്ഷങ്ങളാലും. തദാശ്രയിഭിശ്ച=അവയെ ആശ്രയിക്കുന്നവയാലുംകൂടി. ദേവശാസനം=തമ്പുരാന്റെ കല്പന. പ്രമാണീകൃതം=പ്രമാണമാക്കി ചെയ്യപ്പെട്ടിരിക്കുന്നു!

തഥാ ഹി=അതനുസരിച്ചു്.

ചൂതാനാം കലികഃ=മാമ്പൂമൊട്ടു്. ചിരനിൎഗതാ അപി=പൊട്ടിപ്പുറപ്പെട്ടിട്ടു് കുറേക്കാലമായി എങ്കിലും. സ്വം രാജഃ=തന്റേതായ പൂമ്പൊടി. ന ബധ്നാതി=ബന്ധിക്കുന്നില്ല.

യത്=യാതൊരു. കുരവകം=കുറിഞ്ഞിപ്പൂ. സന്നദ്ധം അപി=സന്നദ്ധമാണെങ്കിലും. കോരകാവസ്ഥയാ=കോരകത്തിന്റെ (മൊട്ടിന്റെ) നിലയിൽത്തന്നെ. സ്ഥിതം=ഇരിക്കുന്നു.

ശിശിരേ=ശിശിരത്തിൽ. ഗതേ അപി=കഴിഞ്ഞുവെങ്കിലും. പുംസ്കോകിലാനാം=ആൺകുയിലുകളുടെ. രുതം=ശബ്ദം. കണ്ഠേഷു=കണ്ഠങ്ങളിൽ. സ്ഖലിതം=സ്ഖലിക്കപ്പെട്ടതായിരിക്കുന്നു.

തൂണാൽകൃഷ്ടം=തൂണിയിൽനിന്നു പകുതി വലിക്കപ്പെട്ടതായ. ശരഃ=ശരം. സ്മരഃ അപി=സ്മരൻപോലും. ചകിതഃ=ഭയപ്പെട്ടവനായിട്ട്. ന സംഹരതി=തൊടുക്കുന്നില്ലാ.

അലങ്കാരം—ഉൽപ്രേക്ഷ.

ന അത്ര സന്ദേഹഃ=ഇക്കാര്യത്തിൽ സംശയമില്ല. രാജർഷിഃ=രാജർഷി. മഹാപ്രഭാവഃ=മഹാപ്രഭാവൻതന്നെ.

ചേട്യൗ:—ആര്യ, കതിചിത് ദിവസാന്യാവയോർമിത്രാവസുനാ രാഷ്ട്രീയേണ ഭർത്തുഃ പാദമൂലം പ്രേഷിതയോഃ ഇഹ ചാവയോഃ. പ്രമദവനസ്യ സകലം പ്രതികർമ്മ സമർപ്പിതമ്. തദാഗന്തുകതയാ ന ശ്രുതപൂർവ്വ ആവയോരേഷ വൃത്താന്തഃ.

കാഞ്ചുകീയഃ:—ഭവതു; ന പുനരേവം പ്രവർത്തിതവ്യമ്.

ഉഭേ:—ആര്യ, കൗതൂഹലം നൗ. യദ്യനേന ജനേന ശ്രോതവ്യം, കഥയത്വാര്യഃ, കിം നിമിത്തം ഭർത്രാ വസന്തോത്സവഃ പ്രതിഷിദ്ധഃ?

ഭർത്തുഃ=തമ്പുരാന്റെ. പാദമൂലം=തിരുവടിയിലേക്ക്. രാഷ്ട്രീയേണ=രാഷ്ട്രസംബന്ധിയായ. മിത്രാവസുനാ=മിത്രാവസുവിനാൽ. പ്രേഷിതയോഃ=അയയ്ക്കപ്പെട്ടവരായ. ആവയോഃ=ഞങ്ങളുടെ. കതിചിത് ദിവസാനി=കുറേ ദിവസങ്ങൾ (കഴിഞ്ഞതേയുള്ളൂ. ഇഹ ച=ഇവിടെയാകട്ടെ, ഇപ്പോഴാകട്ടെ. ആവയോഃ=ഞങ്ങൾ രണ്ടാൾക്കും. പ്രമദവനസ്യ=പ്രമദവനത്തിന്റെ. സകലം പ്രതികർമ്മ=എല്ലാ ജോലികളും. സമർപ്പിതം=സമർപ്പിതമായി. (ഈ പ്രമദവനം സംബന്ധിച്ച ജോലികൾ ഞങ്ങളെത്തന്നെ ഏല്പിച്ചിരിക്കയാണ്.) തത്=അതുകൊണ്ട്. ആഗന്തുകതയാ=പുത്തനായി വന്നതുനിമിത്തം. ആവയോഃ=ഞങ്ങൾക്ക്. ഏഷഃ വൃത്താന്തഃ=ഈ വർത്തമാനം. ന ശ്രുതപൂർവ്വഃ=ശ്രുതപൂർവ്വമായിട്ടില്ല (ഞങ്ങൾ ഈ വൃത്താന്തമറിഞ്ഞിട്ടില്ല.)

ഭവതു=ഇരിക്കട്ടെ. ഏവം=ഇങ്ങിനെ. ന പുനഃ പ്രവർത്തിതവ്യം=ഇനി ചെയ്യരുത്.

ആര്യ, നൗ കൗതൂഹലം=ഞങ്ങൾക്ക് കൗതുകമുണ്ട്. യദി അനേന ജനേന ശ്രോതവ്യം=ഈ ജനത്താൽ കേൾക്കപ്പെടാൻതക്കതാണെങ്കിൽ. ആര്യഃ കഥയതു=ആര്യൻ കഥിച്ചാലും. കിം നിമിത്തം=എന്തു കാരണത്താലാണ്. ഭർത്രാ=തമ്പുരാനാൽ. വസന്തോത്സവഃ=വസന്തോത്സവം. പ്രതിഷിദ്ധഃ=പ്രതിഷേധിക്കപ്പെട്ടിരിക്കുന്നത്?

സാനുമതി:—ഉത്സവപ്രിയാഃ ഖലു മനുഷ്യാഃ; തത് ഗുരുണാ കാരണേന ഭവിതവ്യമ്.

കാഞ്ചുകീയഃ:—ബഹുലീഭൂതമേവ തത് കിം ന കഥ്യതേ? കിമത്ര ഭവത്യോഃ കർണ്ണപഥം ന തദായാതം ശകുന്തളാപ്രത്യാദേശകൗലീനമ്?

ഉഭേ:—ആം, ശ്രുതം രാഷ്ട്രീയമുഖാത് യാവദങ്ഗുലീയകദർശനമ്.

കാഞ്ചുകീയഃ:—തേന ഹ്യല്പം കഥയിതവ്യമ്. യദൈവ ഖലു സ്വാങ്ഗുലീയകദർശനാദനുസ്മൃതം ദേവേന സത്യമൂഢപൂർവാ മയാ തത്രഭവതീ രഹസി ശകുന്തളാ മോഹാത് പ്രത്യാദിഷ്ടേതി. തദാപ്രഭൃത്യേവ പശ്ചാത്താപമുപഗതോ ദേവഃ—

രമ്യം ദ്വേഷ്ടി; യഥാപുരം പ്രകൃതിഭിർ ന പ്രത്യഹം സേവ്യതേ
ശയ്യാപ്രാന്തവിവർത്തനൈർവിഗമയത്യുന്നിദ്ര ഏവ ക്ഷപാഃ
ദാക്ഷിണ്യേന ദദാതി വാചമുചിതാമന്തഃപുരേഭ്യോ യദാ
ഗോത്രേഷു സ്ഖലിതസ്തദാ ഭവതി ച വ്രീളാവനമ്രശ്ചിരമ്. 5

മനുഷ്യാഃ=മനുഷ്യർ. ഉത്സവപ്രിയാഃ ഖലു=ഉത്സവപ്രിയന്മാരാണല്ലോ. തത്=അതിനാൽ. ഗുരുണാ കാരണേന ഭവിതവ്യമ്=മഹത്തായ (എന്തെങ്കിലും) കാരണത്താൽ ആയിരിക്കണം.

ഏതത്=ഈ സംഗതി (ഉത്സവനിഷേധകാരണം.) ബഹുലീഭൂതം=ധാരാളമായി അറിയപ്പെട്ടതുതന്നെ. കിം ന കഥ്യതേ?=എന്തിനു പറയാതിരിക്കുന്നു? അത്ര ഭവത്യോഃ=നിങ്ങളുടെ. കർണ്ണപഥം=കർണ്ണപഥത്തെ. ശകുന്തളാപ്രത്യാദേശകൗലീനം=ശകുന്തളാദേവിയുടെ ഉപേക്ഷിപ്പ് എന്ന അപവാദം. ന കിം ആയാതം=പ്രാപിച്ചില്ലയോ?

ആം=ഓ. ശ്രുതം=കേട്ടു. രാഷ്ട്രീയമുഖാത്=രാഷ്ട്രീയമുഖത്തിൽനിന്നു (രാജസ്യാലൻതന്നെ പറഞ്ഞതു കേട്ടിട്ടുണ്ട്). യാവദ് അങ്ഗുലീയകദർശനം=അങ്ഗുലീയകത്തിന്റെ (തിരുവാഴിയുടെ) ദർശനംവരെയുള്ളതു്.

തേന ഹി=എന്നാൽ. അല്പം കഥയിതവ്യം=അല്പമേ ഇനി പറയേണ്ടതായിട്ടുള്ളൂ. യദാ=എപ്പോഴാണോ. സ്വാങ്ഗുലീയകദർശനാത്=തന്റെ അങ്ഗുലീയകം കണ്ടതുകൊണ്ട്. ദേവേന=തമ്പുരാനാൽ. സത്യം=വാസ്തവമായിട്ട്. മയാ=എന്നാൽ. രഹസി=രഹസ്സിൽ (രഹസ്യമായി) തത്രഭവതീ ശകുന്തളാ=ശകുന്തളാ. ഊഢപൂർവാ=മുമ്പു വിവാഹംകഴിക്കപ്പെട്ടവൾ (തന്നെ.) മോഹാത്=സ്മരണക്കുറവിനാൽ. പ്രത്യാദിഷ്ടാ=ഉപേക്ഷിക്കപ്പെട്ടു(വെന്നു) ദേവേന=ദേവനാൽ. അനുസ്മൃതം=ഓർമ്മിക്കപ്പെട്ടുവോ. തദാപ്രഭൃതി ഏവ=അപ്പോൾമുതല്ക്കുതന്നെ. ദേവഃ=ദേവൻ. പശ്ചാത്താപം=പശ്ചാത്താപത്തെ. ഉപഗതഃ=പ്രാപിച്ചവനായി.

രമ്യം=രമ്യമായിട്ടുള്ളതിനെ. ദ്വേഷ്ടി=ദ്വേഷിക്കുന്നു. (ലോകത്തിൽ ആഹ്ലാദകങ്ങളായ ഭോജ്യവസ്തുക്കൾ ഒന്നിലും അദ്ദേഹത്തിനു് ഉന്മേഷമില്ല.)

യഥാപുരം=യഥാപൂർവം (പണ്ടത്തേപ്പോലെ.) പ്രകൃതിഭിഃ=മന്ത്രിമാരാൽ. പ്രത്യഹം=ദിവസംതോറും. ന സേവ്യതേ=സേവിക്കപ്പെടുന്നില്ല.

ശയ്യാപ്രാന്തവിവർത്തനൈഃ=ശയ്യാപ്രാന്തത്തിലുള്ള (വിരഹശയ്യാപരിസരത്തിലുള്ള) വിവർത്തനങ്ങളാൽ (ഉരുണ്ടും ചരിഞ്ഞും മറിഞ്ഞുമുള്ള പ്രകാരങ്ങളാൽ). ക്ഷപാഃ=രാത്രികളെ. ഉന്നിദ്രഃ ഏവ=നിദ്രയില്ലാത്തവനായിട്ടുതന്നെ. ക്ഷപാഃ=കഴിച്ചുകൂട്ടുന്നു.

അന്തഃപുരേഭ്യഃ=അന്തഃപുരങ്ങൾക്കായി (ലക്ഷണയിൽ അന്തഃപുരവനിതാജനങ്ങൾക്കായി.) ഉചിതാം=ഉചിതമായ. വാചം=വാക്കിനെ. ദാക്ഷിണ്യേന=ദാക്ഷിണ്യത്തോടെ. ദദാതി=പ്രദാനം ചെയ്യുന്നു.

യദാ=എപ്പോൾ. ഗോത്രേഷു സ്ഖലിതഃ=ഗോത്രങ്ങളിൽ, നാമങ്ങളിൽ സ്ഖലിച്ചവനായിരിക്കുന്നുവോ (തെറ്റിയവനായിരിക്കുന്നുവോ) (പേരുമാറി ചിലപ്പോൾ

ചിലരെ വിളിക്കമൂലം) തദാ=അപ്പോഠം. വ്രീളാവനമ്രഃ ച=വ്രീഡയാൽ (ലജ്ജയാൽ) അവനമ്രനായി, മുഖം താഴ്ത്തിയവനായും. ചിരം=ഒട്ടേറം. ഭവതി=ഭവിക്കുന്നു.

രാജാവിൻെറ പശ്ചാത്താപത്തിൻെറ സ്വഭാവം പോഷിപ്പിക്കുന്ന അനുഭവങ്ങളാണ് ഇവ. ഇപ്രകാരം പറയപ്പെട്ട അനുഭവങ്ങളായ ചിന്താവിഷാദാദികളാൽ വിപ്രലംഭശൃംഗാരം സ്ഫുടമായി പ്രകാശിക്കുന്നു.

സാനുമതീ:—പ്രിയം മേ.

കാഞ്ചുകീയഃ:—തസ്മാത് പ്രഭവതോ വൈമനസ്യാദുത്സവപ്രത്യാഖ്യാനമ്.

ഉഭേ:—യുജ്യതേ.

നൈപഥ്യേ:—ഏതു ഭവാൻ.

കാഞ്ചുകീയഃ:—അയേ, ഇത ഏവാഭിവർതതേ ദേവഃ. സ്വകാര്യമനുഷ്ഠീയതാമ്.

ഉഭേ:—തഥാ (നിഷ്ക്രാന്തേ.)

(തതഃ പ്രവിശതി പശ്ചാത്താപസദൃശവേഷോ രാജാ
വിദൂഷകശ്ച പ്രതീഹാരീ ച)

പ്രിയം മേ=എനിക്കു വളരെ സന്തോഷം. (മാരീചാശ്രമത്തിൽ മാതാവായ മേനകയോടുകൂടെ താമസിക്കുന്ന ശകുന്തള വസന്തത്തുവിൻെറ ആരംഭത്തിൽ കാന്തവിരഹം സഹിക്കാൻമേലാതെ പ്രിയവൃത്താന്തശ്രവണത്തിനായി സ്വസഖിയായ സാനുമതി എന്ന അപ്സരസ്സിനെ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു. അവഠം രാജാവിൻെറ സ്ഥിതിഗതികഠം മനസ്സിലാക്കിയതിൽ അദ്ദേഹം എന്തോ വിസ്മൃതിമൂലമാണ് സ്വപത്നിയെ കൈവെടിഞ്ഞതെന്നും ഓൎമ്മതോന്നിയതോടുകൂടി ശകുന്തളാവിരഹം അദ്ദേഹത്തിനു ഏററവും പീഡാകരമായിരിക്കുന്നുവെന്നും മനസ്സിലാക്കുന്നു. ഇങ്ങിനെ രാജാവിനു ശകുന്തളയിൽ പ്രത്യേകമായ ആസക്തിയുണ്ടെന്നു നേരത്തേ കാണിച്ചിരിക്കുന്നതു് ഏഴാംഅങ്കത്തിൽ നായികാനായകന്മാരുടെ സമാഗമത്തിന്യാതൊരു കൃത്രിമതയും വരാതെ സൂക്ഷിക്കുവാനാണ്.)

തസ്മാത്=അതുഹേതുവായി. പ്രഭവതഃ=വലുതായ. വൈമനസ്യാൽ=വൈമനസ്യത്തിൽനിന്നാണ്. ഉത്സവപ്രത്യാഖ്യാനം=ഉത്സവം നിഷേധിപ്പാനിടയായതു്.

യുജ്യതേ=യോജിക്കുന്നു. (ശരി ശരി.)

ഏതു ഭവാൻ=ഭവാൻ ഇങ്ങോട്ടു വന്നാലും. അയേ=അല്ലാ. ഇതഃ ഏവ=ഇങ്ങോട്ടുതന്നെ. ദേവഃ=ദേവൻ. അഭിവർതതേ=പുറപ്പെടുന്നു. സ്വകാര്യം=സ്വന്തജോലി. അനുഷ്ഠീയതാം=അനുഷ്ഠിക്കപ്പെടട്ടേ. (നിങ്ങഠം സ്വന്തജോലിക്കു പോകുവിൻ.) തഥാ=അങ്ങിനെതന്നെ. നിഷ്ക്രാന്തേ=അവർ പോയി പശ്ചാത്താപസദൃശവേഷഃ=പശ്ചാത്താപത്തിനു ഒത്ത വേഷത്തോടുകൂടിയവനായി. രാജാ=രാജാവു്. വിദൂഷകഃ ച=വിദൂഷകനും. പ്രതീഹാരീ=പ്രതീഹാരിയും.

കാഞ്ചുകീയഃ:—(രാജാനമവലോക്യ) അഹോ! സർവ്വാവസ്ഥാസു രമണീയത്വമാകൃതിവിശേഷാണാമ്. തഥാ ഹി ഏവമുത്സുകോഽപി പ്രിയദർശനോ ദേവഃ.

പ്രത്യാദിഷ്ടവിശേഷമണ്ഡനവിധിർവാമപ്രകോഷ്ഠാർപിതം
ബിഭ്രത്, കാഞ്ചനമേകമേവ വലയം ശ്വാസാപരക്താധരഃ,
ചിന്താജാഗരണപ്രതാന്തനയനസ്തേജോഗുണാദാത്മനഃ
സംസ്കാരോല്ലിഖിതോ മഹാമണിരിവ ക്ഷീണോഽപി നാലക്ഷ്യതേ.

രാജാനം=രാജാവിനെ. അവലോക്യ=നോക്കിയിട്ട്.

അഹോ=ആശ്ചര്യം. സർവാവസ്ഥാസു=എല്ലാ അവസ്ഥകളിലും. ആകൃതിവിശേഷാണാം=ആകൃതിവിശേഷങ്ങൾക്ക (വിശേഷപ്പെട്ട ആകൃതികൾക്ക്) രമണീയത്വം=രമണീയത (ഉണ്ടായിരിക്കും.) തഥാഹി=അപ്രകാരംതന്നെ (ഇവിടെ) ഏവം=ഇപ്രകാരം. ഉത്സുകഃ അപി=പര്യുത്സുകനാണെങ്കിലും. ദേവഃ=തിരുമേനി. പ്രിയദർശനഃ=കാണ്മാൻ കൗതുകമണച്ചുകൊണ്ടിരിക്കുന്നു.

പ്രത്യാദിഷ്ടവിശേഷമണ്ഡനവിധിഃ=പ്രത്യാദിഷ്ടമായ (നിരസ്തമായ) വിശേഷമണ്ഡനവിധിയോടു(വിശേഷമായ അലങ്കാരങ്ങളോട്)കൂടിയവനും. വാമപ്രകോഷ്ഠാർപിതം=വാമമായ, ഇടത്തേതായ പ്രകോഷ്ഠത്തിൽ, മണിബന്ധത്തിനു മുകളിലുള്ളു. കാഞ്ചനം ഏകം ഏവ വലയം ബിഭ്രത്=ഒററ വളതന്നെ ധരിക്കുന്നവനായും. ശ്വാസാപരക്താധരഃ=ശ്വാസത്താൽ, ഉഷ്ണനിശ്വാസധാരയാൽ അപരക്തമായ, ചുമപ്പുനിറം കൈവിട്ടതായ അധരത്തോടുകൂടിയവനായും. ചിന്താജാഗരണപ്രതാന്തനയനഃ=ചിന്തയോടുകൂടിയ ജാഗരണത്താൽ, ഉറക്കമിളപ്പിനാൽ പ്രതാന്തമായ (ക്ഷീണിച്ച) നയനത്തോടുകൂടിയവനായും. (ഇരിക്കുന്ന തിരുമേനി.) ആത്മനഃ=തന്റെ. തേജോഗുണാത്=തേജോഗുണം ഹേതുവായിട്ട്, സ്വീയമായ തേജോബാഹുല്യംകൊണ്ട്. സംസ്കാരോല്ലിഖിതഃ=സംസ്കാരത്താൽ (ശാണഘർഷണത്താൽ) ഉല്ലിഖിതമായ, ഉത്തേജിതമായ. മഹാമണിഃ ഇവ=മഹത്തായ രത്നംപോലെ. ക്ഷീണഃ അപി=കൃശതപ്രാപിച്ചവനാണെങ്കിലുംകൂടെ. ന ആലക്ഷ്യതേ=അപ്രകാരം പ്രേക്ഷകന്മാരാൽ കാണപ്പെടുന്നില്ല.

അലങ്കാരങ്ങൾ—സ്വഭാവോക്തിയും ഉപമയും.

സാനുമതീ:—(രാജാനം ദൃഷ്ട്വാ) സ്ഥാനേ ഖലു പ്രത്യാദേശവിമാനിതാപ്യസ്യകൃതേ ശകുന്തളാ ക്ലാമ്യതി

രാജാ:—(ധ്യാനമന്ദം പരിക്രമ്യ)

പ്രഥമം സാരങ്ഗാക്ഷ്യാ പ്രിയയാ പ്രതിബോധ്യമാനമപി സുപ്തം;
അനുശയദുഃഖായേദം ഹതഹൃദയം സമ്പ്രതി വിബുദ്ധമ്. 7

സാനുമതീ:—നനു ഈദൃശാനി തപസ്വിന്യാ ഭാഗധേയാനി.

വിദൂഷകഃ:—(അപവാര്യ) ലംഘിത ഏഷ ഭൂയോഽപി ശകുന്തളാവ്യാധിനാ. ന ജാനേ കഥം ചികിത്സിതവ്യോ ഭവിഷ്യതീതി.

പ്രത്യാദേശവിമാനിതാ അപി=പ്രത്യാദേശത്താൽ, നിരസനത്താൽ വിമാനിതയാണെങ്കിലുംകൂടി, അപമാനിതയാണെങ്കിലുംകൂടി. അസ്യകൃതേ=ഇദ്ദേഹത്തെക്കുറിച്ച്. ശകുന്തളാ=ശകുന്തള. ക്ലാമ്യതി (ഇതി)=ക്ലേശിക്കുന്നു എന്നതു്. സ്ഥാനേ ഖലു=സ്ഥാനത്തിൽതന്നല്ലോ. (യുക്തംതന്നല്ലോ.)

(ധ്യാനമന്ദം=മനോവിചാരംകൊണ്ടു് മെല്ലെ. പരിക്രമ്യ=ചുററിനടന്നിട്ട്.)

പ്രഥമം=മുമ്പ്. സാരങ്ഗാക്ഷ്യാ പ്രിയയാ=പ്രിയയായ സാരങ്ഗാക്ഷിയാൽ, മൃഗാക്ഷിയാൽ. പ്രതിബോധ്യമാനം അപി=പ്രതിബോധ്യമാനമായെങ്കിലും (ഉണർത്തപ്പെട്ടതായെങ്കിലും) സുപ്തം=ഉറങ്ങിയതായ (ജഡമായ.)

ഇദം=ഈ. ഹതഹൃദയം=ഈ പിഴച്ച ഹൃദയം. സമ്പ്രതി=ഇപ്പോ൦. അനുശയദുഃഖായ=പശ്ചാത്താപംകൊണ്ടുള്ള ദുഃഖത്തിനായിമാത്രം (പശ്ചാത്താപദുഃഖം അനുഭവിപ്പാൻ മാത്രമായി) വിബുദ്ധം=ഉണൎന്നിരിക്കുന്നു. അന്നു പ്രിയതമ വന്നു് ഉണൎത്തിയിട്ടും സന്തോഷം അനുഭവിപ്പാൻ ഉണരാത്ത എന്റെ ഹൃദയം ഇപ്പോ൦ പശ്ചാത്താപദുഃഖം അനുഭവിപ്പാൻ ഇതാ ഉണൎന്നിരിക്കുന്നു.

ഈദൃശാനി=ഇമ്മാതിരിയുള്ളവയാണു്. തപസ്വിന്യാഃ=തപസ്വിനിയുടെ (ശകുന്തളയുടെ). ഭാഗധേയാനി=ഭാഗ്യങ്ങ൦.

ഏഷഃ=ഇദ്ദേഹം. ഭൂയഃ അപി=വീണ്ടും. ശകുന്തളാവ്യാധിനാ=ശകുന്തള ശകുന്തള എന്നുള്ള വിചാരാധിയാൽ. ലംഘിതഃ=ബാധിതനായിരിക്കുന്നു. കഥം ചികിത്സിതവ്യഃഭവിഷ്യതി ഇതി=എങ്ങിനെയാണു് ഇദ്ദേഹത്തെ ചികിത്സിക്കേണ്ടതെന്നു്. ന ജാനേ=എനിക്കറിഞ്ഞുകൂടാ.

കാഞ്ചുകീയഃ—(ഉപഗമ്യ) ജയതു ദേവഃ! മഹാരാജ, പ്രത്യവേക്ഷിതാഃ പ്രമദവനഭൂമയഃ യഥാകാമമദ്ധ്യാസ്താം വിനോദനസ്ഥാനാനി മഹാരാജഃ.

രാജാ:—വേത്രവതി, മദ്വചനാദമാത്ത്യമാൎയ്യപിശുനം ബ്രൂഹി, "ചിരപ്രബോധാന്ന സംഭാവിതമസ്മാഭിരദ്യ ധൎമ്മാസനമദ്ധ്യാസിതുമ്. യത് പ്രത്യവേക്ഷിതം പൌരകാൎയ്യമാൎയ്യേണ തത്പത്രമാരോപ്യ ദീയതാ"മിതി.

പ്രതീഹാരീ:—യദ്ദേവ ആജ്ഞാപയതി. (നിഷ്ക്രാന്താ)

രാജാ:—വാതായന! ത്വമപി നിയോഗമശൂന്യം കുരു.

(നിഷ്ക്രാന്തഃ കാഞ്ചുകീയഃ)

ദേവഃ ജയതു=ദേവൻ ജയിച്ചാലും.

മഹാരാജ, പ്രമദവനഭൂമയഃ=ഉദ്യാനപ്രദേശമെല്ലാം. പ്രത്യവേക്ഷിതാഃ=പരിശോധിക്കപ്പെട്ടിരിക്കുന്നു. യഥാകാമം=രുചിക്കുംപോലെ. വിനോദനസ്ഥാനാനി=വിനോദത്തിനായിട്ടുള്ള സ്ഥലം. അധ്യാസ്താം=അധിവസിക്കപ്പെടട്ടെ. (തിരുമനസ്സുകൊണ്ടു എവിടെയെങ്കിലും എഴുന്നള്ളിയിരുന്നു വിനോദിക്കാം.)

വേത്രവതി, മദ്വചനാത്=എന്റെ വാക്കിൽനിന്നും (എന്റെ വാക്കായി) അമാത്യം=അമാത്യനായ. ആൎയ്യപിശുനം=ആൎയ്യപിശുനനോടു്. ബ്രൂഹി=(ഇങ്ങിനെ) പറഞ്ഞാലും.

"ചിരപ്രബോധാത്=ദീൎഘമായിട്ടുള്ള ഉറക്കമില്ലായ്മഹേതുവായി. അസ്മാഭിഃ=നമ്മാൽ. ധൎമ്മാസനം അധ്യാസിതും=ധൎമ്മാസനത്തിൽവന്നിരുന്നു് (കാൎയ്യങ്ങ൦ അന്വേഷിക്കുന്നതിന്നു്.) ന സംഭാവിതം=തരപ്പെട്ടുമെന്നു തോന്നുന്നില്ല. യത് പൌരകാൎയ്യം=യാതൊരുപൌരകാൎയ്യമാണോ. ആൎയ്യേണ പ്രത്യവേക്ഷിതം=ആൎയ്യനാൽ, താങ്കളാൽ പരിശോധിക്കപ്പെട്ടുന്നു. തത്=അതു്. പത്രം ആരോപ്യ=എഴുത്തുമുഖേന. ദീയതാം=നൽകപ്പെട്ടാലും." ഇതി=എന്നു്.

യത് ദേവഃ ആജ്ഞാപയതി=കല്പനപോലെ.

വാതായന!=(കഞ്ചുകിയുടെ പേരു്.) ത്വമപി=താനും. നിയോഗം അശൂന്യം കുരു=നിയോഗത്തെ അശൂന്യമാക്കിച്ചെയ്യുക. (താനും ജോലിക്കു പൊയ്ക്കൊള്ളു.)

വിദൂഷകഃ:—കൃതം ഭവതാ നിർമ്മക്ഷികമ്. സാമ്പ്രതം ശിശിരാവച്ഛേദരമണീയേ ഽമുഷ്മിൻ പ്രമദവനോദ്ദേശേ സുഖമാത്മാനം രമയിഷ്യതി.

രാജാ:—രന്ധ്രോപനിപാതിനോ വിനിപാതാ ഇതി യദുച്യതേ തദവ്യഭിചാരിവചഃ. കുതഃ—

മുനിസുതാപ്രണയസ്മൃതിരോധിനാ,
മമ, ച, മുക്തമിദം തമസാ, മനഃ,
മനസിജേന, സഖേ!, പ്രഹരിഷ്യതാ
ധനുഷി, ചൂതശരശ്ച നിവേശിതഃ. 8

ഭവതാ=ഭവാനാൽ. നിർമക്ഷികം കൃതം=ഈ പ്രദേശം നിർമക്ഷികമാക്കപ്പെട്ടു. (ഈച്ചകളെ എല്ലാം അങ്ങു ഓടിച്ചുകളഞ്ഞു.) സാമ്പ്രതം=ഇപ്പോൾ. ശിശിരാവച്ഛേദരമണീയേ=ശിശിരകാലത്തിന്റെ അവച്ഛേദത്താൽ (ബാധനീങ്ങുകയാൽ) രമണീയമായിരിക്കുന്ന. അമുഷ്മിൻ=ഈ. പ്രമദവനോദ്ദേശേ=ഉദ്യാനത്തിൽ. ആത്മാനം സുഖം രമയിഷ്യതി=ആത്മാവിനെ (അവനവനെ) സുഖമായി രമിപ്പിക്കാം.

വിനിപാതാഃ=അനർത്ഥങ്ങൾ. രന്ധ്രോപനിപാതിനഃ=രന്ധ്രംനോക്കി (തരംനോക്കി) ഉപനിപതിക്കുന്നവയാണ് (വന്നുചാടുന്നവയാണ്. ഇതി=എന്ന്. ഉച്യതേ=യാതൊന്നു പറയപ്പെടുന്നുവോ. തത്=അതു്. അവ്യഭിചാരിവചഃ=അവ്യഭിചാരിയായ വചസ്സാണ്. (പരമാർത്ഥമായ ഒരു ചൊല്ലാണ്.) കുതഃ=എന്തുകൊണ്ടെന്നാൽ,—

സഖേ!=ഹേ സഖേ. മുനിസുതാപ്രണയസ്മൃതിരോധിനാ=മുനിസുതയുടെ പ്രണയം സംബന്ധിച്ച സ്മൃതിയെ രോധിക്കുന്നതായ, (ശകുന്തളാപ്രേമംസംബന്ധിച്ച ഓർമ്മയെ തടുത്തതായ.) തമസാ=അന്ധകാരത്താൽ (ആന്ധ്യത്താൽ.) ഇദം മനഃ=ഈ മനസ്സ്. മുക്തം=മുക്തമായി. ആ തമസ്സ് മനസ്സിൽനിന്നു നീങ്ങി, ഈ തരംനോക്കി) പ്രഹരിഷ്യതാ=പ്രഹരിപ്പാൻ ഒരുങ്ങിയിരിക്കുന്ന. മനസിജേന=മന്മഥനാൽ. ധനുഷി=ധനുസ്സിൽ. ചൂതശരഃ=മാമ്പൂവമ്പ്. നിവേശിതഃ ച=അണയ്ക്കപ്പെടുകയും ചെയ്തു.

അലങ്കാരം—അപ്രസ്തുതപ്രശംസ.

വിദൂഷകഃ:—തിഷ്ഠ താവദമുനാ ദണ്ഡകാഷ്ഠേന കന്ദർപ്പവ്യാധിം നാശയാമി.

രാജാ:—(സസ്മിതം) ഭവതു; ദൃഷ്ടം ബ്രഹ്മവർച്ചസമ്. സഖേ! കോപാവിഷ്ടഃ പ്രിയായാഃ കിഞ്ചിദനുകാരിണീഷു ലതാസു ദൃഷ്ടിം വിലോഭയാമി?

വിദൂഷകഃ:—നന്വാസന്നപരിചാരികാ ഭവതാ സന്ദിഷ്ടാ "മാധവീമണ്ഡപ ഇമാം വേലാമതിവാഹയിഷ്യാമി. തത്ര മയാ ചിത്രഫലകേ സ്വഹസ്തലിഖിതാം തത്രഭവത്യാഃ ശകുന്തളായാഃ പ്രതികൃതിമാനയേ"തി.

തിഷ്ഠ താവത്=നില്ക്കണേ (കുറച്ചുക്ഷമിക്കണേ.) അമുനാ=ഈ. ദണ്ഡകാഷ്ഠേന=വടിക്കഷ്ണംകൊണ്ടു്. കന്ദർപ്പവ്യാധിം=കന്ദർപ്പവ്യാധിയെ. നാശയാമി=തുലയ്ക്കുന്നുണ്ടു്.

സസ്മിതം=പുഞ്ചിരിയോടെ. ഭവതു=ആകട്ടെ. ബ്രഹ്മവർചസം=ബ്രഹ്മവർചസ്സ്. ദൃഷ്ടം=കാണപ്പെട്ടു. (അങ്ങയുടെ ബ്രാഹ്മതേജസ്സെല്ലാം കണ്ടു.) സഖേ!=ഹേ തോഴരേ! ക്വ ഉപവിഷ്ടഃ=എവിടെ ഉപവിഷ്ടനായാണ് (ഇരുന്നാണ്.) പ്രിയായാഃ=പ്രിയയുടെ. കിഞ്ചിദനുകാരിണീഷു=അല്പം സാമ്യമുള്ളവയായ. ലതാസു=ലതകളിൽ. ദൃഷ്ടിം=ദൃഷ്ടിയെ. വിലോഭയാമി=വിലോഭിപ്പിക്കുന്നതു്? (ആശ്വസിപ്പിക്കുന്നതു്?)

മാധവീമണ്ഡപേ=മാധവീമണ്ഡപത്തിൽ(മുല്ലമണ്ഡപത്തിൽ.) ഇമാം വേലാം=ഈ സമയം. അതിവാഹയിഷ്യാമി=കഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു. തത്ര=അവിടെ. മയാ=എന്നാൽ. ചിത്രഫലകേ=ചിത്രപ്പലകയിൽ. സ്വഹസ്തലിഖിതാം=എന്റെ കൈകൊണ്ടുതന്നെ എഴുതപ്പെട്ട. തത്രഭവത്യാഃ ശകുന്തളായാഃ=തത്രഭവതി ശകുന്തളയുടെ. പ്രതികൃതിം=പടത്തെ (പടം.) ആനയ=കൊണ്ടുവരിക. ഇതി=എന്നു്.

ആസന്നപരിചാരികാ=വിശ്വസ്തപരിചാരിക(യായ) ചതുരിക. നനു ഭവതാ സന്ദിഷ്ടാ=അങ്ങയാൽ സന്ദേശിക്കപ്പെട്ടവളായല്ലോ.

(അങ്ങു വരച്ച ശകുന്തളാദേവിയുടെ ചിത്രം ഇവിടെ കൊണ്ടുവരാൻ ചതുരികയോടു് ആജ്ഞാപിച്ചിട്ടില്ലേ? അതുതന്നെ നോക്കി സുഖിക്കാം.)

**രാജാ:—ഈദൃശം ഹൃദയവിനോദസ്ഥാനമ്. തത്തേമേവ മാർഗ്ഗമാദേശയ.**

**വിദൂഷകഃ:—ഇതോ ഭവാൻ.**

**(പരിക്രാമതഃ; സാനുമതീ അനുഗച്ഛതി)**

**വിദൂഷകഃ:—ഏഷ മണിശിലാപട്ടകസനാഥോ മാധവീമണ്ഡപ ഉപചാരരമണീയതയാ നിസ്സംശയം സ്വാഗതേനേവ നൌ പ്രതീച്ഛതി. തത് പ്രവിശ്യ നിഷീദതു ഭവാൻ.**

**(ഉഭൌ പ്രവിശ്യോപവിശതഃ)**

**സാനുമതി:—ലതാദംശിതാ ദ്രക്ഷ്യാമി താവത് സഖ്യാഃ പ്രതികൃതിം. തതോഽസ്യാ ഭർത്തുർബഹുമുഖമനുരാഗം നിവേദയിഷ്യാമി.**

ഈദൃശം=ഇപ്രകാരമുള്ള (സ്ഥലംതന്നെയാണ്). ഹൃദയവിനോദസ്ഥാനം=ഹൃദയവിനോദത്തിന്നു ഉചിതമായ സ്ഥലം. തത്=അതിനാൽ. തം ഏവ മാർഗ്ഗം=ആ മാർഗ്ഗത്തെത്തന്നെ. ആദേശയ=കാണിക്കുക.

ഇതഃ=ഇതിലെ.

(പരിക്രാമതഃ=രണ്ടുപേരും ചുററി നടക്കുന്നു. സാനുമതീ, അനുഗച്ഛതി=പുറകേ പോകുന്നു.)

മണിശിലാപട്ടകസനാഥഃ=രത്നശിലാപട്ടകത്തോടു് (രത്നക്കൽത്തറയോടു്) സനാഥമായ (കൂടിയ) മാധവീമണ്ഡപഃ=മാധവീമണ്ഡപം. ഏഷഃ=ഇതാ. ഉപചാരരമണീയതയാ=ഉപചാരങ്ങളുടെ രമണീയതകൊണ്ടു്. നിസ്സംശയം=നിസ്തർക്കമായും. സ്വാഗതേന ഏവ=സ്വാഗത (വചന) ത്തോടുകൂടിത്തന്നെ. നൌ=നമ്മെ. പ്രതീച്ഛതി=സല്ക്കരിക്കുന്നു. തത്=അതുകൊണ്ടു്, പ്രവിശ്യ=പ്രവേശിച്ചു്. ഭവാൻ നിഷീദതു=അങ്ങു് ഇരുന്നാലും.

(ഉഭൌ=രണ്ടുപേരും. പ്രവിശ്യ=പ്രവേശിച്ചു്, ഉപവിശതഃ=ഇരിക്കുന്നു.)

ലതാദംശിതാ=ലതകളുടെ ഇടയിൽ മറഞ്ഞു്. സഖ്യാഃ പ്രതികൃതിം=സഖിയുടെ പടം. ദ്രക്ഷ്യാമി താവത്=കാണാം.

തതഃ=അതിനുശേഷം. അസ്യാഃ=ഇവൾക്കായി (ഈ ശകുന്തളയെ) ഭർത്തുഃ=ഭർത്താവിൻെറ. ബഹുമുഖം അനുരാഗം=നാനാമുഖമായ അനുരാഗത്തെ. നിവേദയിഷ്യാമി=അറിയിക്കാം.

രാജാ:—സർവമിദാനീം സ്മരാമി ശകുന്തളായാഃ പ്രഥമവൃത്താന്തമ്. കഥിതവാനസ്മി ഭവതേ ച. സ ഭവാൻ പ്രത്യാദേശവേലായാം മത്സകാശമുപഗതോ നാസീത്. പൂർവമപി ന ത്വയാ സങ്കഥാസു സംകീർത്തിതം നാമ തത്രഭവത്യാഃ കച്ചിദഹമിവ വിസ്മൃതവാംസ്ത്വമസി?

വിദൂ:—ന വിസ്മരാമി. കിം തു സർവം കഥയിത്വാ അവസാനേ ത്വയാ പരിഹാസവിജല്പ ഏഷ ന ഭൂതാർഥ ഇത്യാഖ്യാതമ്. മയാ പുനർമൃത്പിണ്ഡബുദ്ധിനാ തഥൈവ ഗൃഹീതം. അഥവാ ഭവിതവ്യതാ ബലവതീ.

സാനുമതീ:—ഏവമേതത്.

രാജാ:—(ധ്യാത്വാ) സഖേ! പരിത്രായസ്വ മാമ്.

ശകുന്തളായാഃ സർവം പ്രഥമവൃത്താന്തം=ശകുന്തളയുടെ എല്ലാ പ്രഥമവൃത്താന്തവും. സ്മരാമി=ഇപ്പോൾ ഞാൻ ഓക്കുന്നു. ഭവതേ ച=അങ്ങയ്ക്കായിട്ടും. കഥിതവാൻ അസ്മി=ഞാൻ പറഞ്ഞിട്ടുണ്ട്. സഃ ഭവാൻ=ആ അങ്ങു്. പ്രത്യാദേശവേലായാം=ഞാൻ അവളെ നിരസിച്ച അവസരത്തിൽ. മത്സകാശം ഉപഗതഃ=എൻെറ അടുത്തുള്ളവനായി. ന ആസീത്=ഭവിച്ചില്ല. പൂർവമപി=അതിനുമുമ്പ് എപ്പോഴെങ്കിലും. ത്വയാ=അങ്ങാൽ. സംകഥാസു=കഥയിൽപ്പോലും. തത്രഭവത്യാഃ=തത്രഭവതി ശകുന്തളയുടെ. നാമ=പേരു്. ന സംകീർത്തിതം=പ്രസ്താവിക്കപ്പെട്ടതായിട്ടില്ല. അഹം ഇവ=എന്നെപ്പോലെ. ത്വം വിസ്മൃതവാൻ അസി=അങ്ങും വിസ്മരിച്ചുപോയോ?

ന വിസ്മരാമി=ഞാൻ മറന്നിട്ടില്ല. കിം തു=പിന്നെയോ? സർവം കഥയിത്വാ=എല്ലാം പറഞ്ഞിട്ടു്. അവസാനേ=അവസാനത്തിൽ. ത്വയാ=അങ്ങാൽ. ഏഷഃ പരിഹാസവിജല്പഃ=ഇതു വെറും നേരംപോക്കു പറഞ്ഞതാണ്. ന ഭൂതാർത്ഥഃ=പരമാർത്ഥമല്ല. ഇതി=എന്നു്. ആഖ്യാതം=പറയപ്പെട്ടിട്ടുണ്ടു്.

മൃത്പിണ്ഡബുദ്ധിനാ=മണ്ണാംകട്ടപോലെയുള്ള ബുദ്ധിയോടുകൂടിയ. മയാ=എന്നാലാവട്ടെ. തഥാ ഏവ=അങ്ങിനെതന്നെ. ഗൃഹീതം=സ്വീകരിക്കപ്പെട്ടു. അഥവാ=അല്ലെങ്കിൽ. ഭവിതവ്യതാ=വിധി. ബലവതീ=ശക്തിമത്താണ്. ഏവം ഏതത്=അതങ്ങിനെതന്നെ. ധ്യാത്വാ=വിചാരിച്ചു്. സഖേ! പരിത്രായസ്വ മാം=എന്നെ താങ്ങിക്കൊള്ളണേ.

വിദൂഷകഃ:—ഭോഃ കിമേതത്? അനുപപന്നം ഖലു ഈദൃശം ത്വയി. ന കദാപി സൽപുരുഷാശ്ശോകപ്രവക്തവ്യാ ഭവന്തി. നനു പ്രവാതേഽപി നിഷ്കമ്പാ ഗിരയഃ.

രാജാ:—വയസ്യ! നിരാകരണവിക്ലവായാഃ പ്രിയായാസ്സമവസ്ഥാമനുസ്മൃത്യ ബലവദശരണോഽസ്മി. സാ ഹി,

ഇതഃ പ്രത്യാദിഷ്ടാ സ്വജനമനുഗന്തും വ്യവസിതാ,
സ്ഥിതാ തിഷ്ഠേത്യുച്ചൈർവദതി ഗുരുശിഷ്യേ ഗുരുസമേ,

മുഹുർദൃഷ്ടിം ബാഷ്പപ്രസരകലുഷാമപ്പിതവതീ
മയി ക്രൂരേ യത്തത് സവിഷമിവ ശല്യം ദഹതി മാമ്. 9

ഭോഃ!=അല്ലയോ മഹാരാജാവേ! കിം ഏതത്=ഇതെന്താണ്? ഈദൃശം=ഇപ്രകാരമുള്ളതു്. ത്വയി=അങ്ങിൽ. അനുപപന്നം ഖലു=അശേഷം യോജിക്കുന്നതല്ലല്ലോ. സത്പുരുഷാഃ=സജ്ജനങ്ങൾ. കദാപി=ഒരിക്കലും. ന ശോകപ്രതപ്താഃ ഭവന്തി=ശോകത്താൽ പ്രതപ്തന്മാരല്ല. പ്രവാതേ അപി=കൊടുങ്കാററിലും. ഗിരയഃ=പർവ്വതങ്ങൾ. നിഷ്കമ്പാ നനു=നിഷ്കമ്പങ്ങളാണല്ലോ. (ഇളകാത്തവയല്ലേ?)

വയസ്യ!=തോഴരേ! നിരാകരണവിക്ലവായാഃ=നിരാകരണംകൊണ്ടു, ഞാൻ ഉപേക്ഷിക്കമൂലം വിക്ലവയായ (കുഴങ്ങി വശമായ.) പ്രിയായാഃ=പ്രിയതമയുടെ. സമവസ്ഥാം=സമവസ്ഥയെ (ആ ദയനീയാവസ്ഥയെ) അനുസ്മൃത്യ=ഓർത്തു്. ബലവത്=ഏററവും. അശരണഃ അസ്മി=ഞാൻ അശരണൻ ആയിരിക്കുന്നു. സാ ഹി=അവളാകട്ടെ,

ഇതഃ=ഇവിടെനിന്നും. പ്രത്യാദിഷ്ടാ=നിരാകരിക്കപ്പെട്ടവളായി. സ്വജനം=സ്വബന്ധുക്കളെ. അനുഗന്തും=അനുഗമിക്കുന്നതിന്. വ്യവസിതാ=തുടങ്ങിയവളായിട്ടു്. ഗുരുസമേ=ഗുരുതുല്യനായ. ഗുരുശിഷ്യേ=ഗുരുശിഷ്യൻ. (ശാർങ്ഗരവൻ) തിഷ്ഠ ഇതി=ഇവിടെ നില്ക്കു് എന്നു്. ഉച്ചൈഃ=ഉറക്കെ. വദതി=പറഞ്ഞപ്പോൾ (കയൎത്തപ്പോൾ.) മുഹുഃ=അനുക്ഷണം. യത്=യാതൊരു കാരണത്താലാണോ. ബാഷ്പപ്രസരകലുഷാം=കണ്ണുനീർകൊണ്ടു കലങ്ങിയ. ദൃഷ്ടിം=ദൃഷ്ടിയെ. ക്രൂരേ മയി=ക്രൂരനായ എന്നിൽ. അപ്പിതവതീ സ്ഥിതാ=അപ്പിച്ചവളായി. തത്=അതു്. സവിഷം=വിഷത്തോടുകൂടിയ. ശല്യം ഇവ=ശല്യംപോലെ. മാം ദഹതി=എന്നെ ദഹിപ്പിക്കുന്നു.

സാനുമതീ:—അമ്മഹേ, ഈദൃശീ സ്വകാൎയ്യപരതാ. അമുഷ്യ സന്താപേനാഽഹം രമേ.

വിദൂഷകഃ:—അസ്തി മേ തൎക്കഃ; കേനാപ്യാകാശചാരിണാ തത്രഭവതീ നീതേതി.

രാജാ:—കഃ പതിദേവതാമന്യഃ പരാമൃഷ്ടുമുത്സഹേത? മേനകാ കില സഖ്യാസ്തേ ജന്മപ്രതിഷ്ഠേതി ശ്രുതവാനസ്മി. തത് സഹചാരിണീഭിസ്സഖീ തേ ഹൃതേതി ഹൃദയമാശങ്കതേ.

അമ്മഹേ=അഹോ! ഈദൃശീ സ്വകാൎയ്യപരതാ=സ്വാൎത്ഥം ഇത്രത്തോളം വരുമല്ലോ. അമുഷ്യ=ഇദ്ദേഹത്തിന്റെ. സന്താപേന=സന്താപത്താൽ. അഹം=ഞാൻ. രമേ=സന്തോഷിക്കുന്നു.

അസ്തി മേ തൎക്കഃ=എനിക്കു് ഒരു ഊഹമുണ്ടു്. കേനാപി=ഏതോ ഒരു. ആകാശചാരിണാ=ആകാശചാരിയാൽ. തത്രഭവതീ നീതാ ഇതി=ആ മാന്യ നയിക്കപ്പെട്ടവളായി എന്നു്. (ആരോ ആ മാന്യയെ ആകാശദേശത്തിലേക്കു കൂട്ടിച്ചുകൊണ്ടുപോയിരിക്കണം എന്നു് എനിക്കൊരു ഊഹം.)

പതിദേവതാം=ഭൎത്താവുതന്നെയാണ് ദൈവതം എന്നു വിചാരിക്കുന്ന (ശകുന്തളയെ) അന്യഃ കഃ=അന്യനായ ആരാണു്. പരാമൃഷ്ടും=തൊടുന്നതിനു്. ഉത്സഹേത?=സമൎത്ഥനാകുന്നതു്?

മേനകാ കില=മേനകയാണു്. തേ സഖ്യാഃ=അങ്ങയുടെ സഖിയുടെ (എന്റെ പ്രിയതമയുടെ.) ജന്മപ്രതിഷ്ഠാ ഇതി=ജനനിയെന്നു്. ശ്രുതവാൻ അസ്മി=ഞാൻ കേട്ടിട്ടുണ്ടു്. തത് സഹചാരിണീഭിഃ=ആ മേനകയുടെ കൂട്ടുകാരിൽ ആരോ. തേ സഖീ=അങ്ങയുടെ സഖി. ഹൃതാ=കൊണ്ടുപോകപ്പെട്ടതാണു്. ഇതി=എന്നു്. ഹൃദയം=എന്റെ ഹൃദയം. ആശങ്കതേ=ശങ്കിക്കുന്നു. (ആ വൎഗ്ഗത്തിൽ ആരെങ്കിലും കൊണ്ടുപോയിരിക്കണമെന്നാണു് എന്റെ ശങ്ക.)

സാനുമതീ:—സമ്മോഹോ വിസ്മയനീയോ ന പ്രതിബോധഃ.

വിദൂഷകഃ:—യദ്യേവമസ്തി ഖലു സമാഗമഃ കാലേന മയാ വിദിത സ്തത്ര ഭവത്യാഃ.

രാജാ:—കഥമിവ?

വിദൂഷകഃ:—ന ഖലു മാതാപിതരൗ ഭർത്തൃവിയോഗദുഃഖിതാം ദുഹിതരം ദ്രഷ്ടും ചിരം പാരയതഃ.

രാജാ:—വയസ്യ,

സ്വപ്നോ, നു, മായാ, നു, മതിഭ്രമോ, നു,
ക്ലിഷ്ടം നു, താവത് ഫലമേവ പുണ്യമ്;
അസന്നിവൃത്ത്യൈ തദതീതമേതേ,
മനോരഥാ നാമ തടപ്രപാതാഃ. 10

വിദൂഷകഃ:—മൈവമ്. നന്വംഗുലീയമേവ നിദൎശനമവശ്യംഭാവിനോഽചിന്തനീയഃ സമാഗമോ ഭവതീതി.

സമ്മോഹഃ=മറവി. (വന്നതാണ്) വിസ്മനീയഃ=അതിശയകരമായിരിക്കുന്നതു്. ന പ്രതിബോധഃ=ഓൎമ്മയുണ്ടായതല്ല.

യദി ഏവം=ഇങ്ങിനെയാണെങ്കിൽ. തത്രഭവത്യാഃ=തത്രഭവതിയുടെ. സമാഗമഃ=സമാഗമം. (രണ്ടാമതും ഒന്നിച്ചുള്ള വാസം.) കാലേന=യഥാകാലം. അസ്തി ഖലു ഇതി മയാ വിദിതഃ=എന്നു എനിക്കു ഊഹിപ്പാനുണ്ടു്.

കഥമിവ=എങ്ങിനെ?

മാതാപിതരൗ=മാതാപിതാക്കൾ. ഭർത്തൃവിയോഗദുഃഖിതാം=ഭർത്തൃവിയോഗം കൊണ്ടു ദുഃഖിച്ചിരിക്കുന്ന. ദുഹിതരം=ദുഹിതാവിനെ (മകളെ.) ദ്രഷ്ടും=കാണുന്നതിനു്. ചിരം ന പാരയതഃ=വളരെക്കാലം സമൎത്ഥരാകുന്നില്ല. (ആയതിനാൽ മേനകതന്നെ ഭവാനെ ആ ശകുന്തളയുമായി യോജിപ്പിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.)

വയസ്യ=തോഴരേ! (എങ്ങിനെയാണ് ഈ സമാഗമം ഉണ്ടാകുന്നതെന്നു് അറിവാൻ ഉൽക്കണ്ഠയോടെ രാജാവു ചോദിക്കുകയാണ്):—

തദ്=ആ ശകുന്തളാദൎശനവും. (തജ്ജന്യമായ ആനന്ദാനുഭൂതിയും) സ്വപ്നഃ നു=സ്വപ്നമായിരുന്നോ? (സ്വപ്നസുഖാനുഭൂതിഃപോലുള്ള ഒരു അനുഭൂതി മാത്രമായിട്ടേ ഇപ്പോൾ തോന്നുന്നുള്ളു) മായാ നു=(അഥവാ) മായയാണോ? (യഥാൎത്ഥത്തിൽ ശകുന്തളാസമാഗമം ലഭിക്കാതെ അപ്രകാരം ലഭിച്ചുവെന്നു പ്രമാദിച്ചുപോയതാണോ?) മതിഭ്രമഃ നു=ബുദ്ധിഭ്രമമാണോ? താവത്=അത്രമാത്രമുള്ള. പുണ്യം ഫലം ഏവ നു=പുണ്യഫലംതന്നെയായിരിക്കുമോ? (ഒരു ദൎശനത്തിനുമാത്രം സാധിക്കാവുന്ന വിധത്തിലുള്ള സുകൃതത്തിന്റെ ഫലമായിരിക്കുമോ ഈ ദൎശനത്തിനു കാരണം?) ഏതായാലും. തത്=ആ ദൎശനം. അസന്നിവൃത്ത്യൈ=സന്നിവൃത്തിയില്ലാതെ ഇരിപ്പാനായിട്ടു്. (ഇനി അതുപോലൊന്നു ലഭിപ്പാൻ നിവൃത്തിയില്ലാത്തവിധം, അഥവാ അതിനി തിരിയെ ലഭിക്കാത്തവിധം) അതീതം=കഴിഞ്ഞുപോയി. (കേവലം [illegible] നിമിഷത്തിൽ അത ആനന്ദാനുഭൂതി കഴിഞ്ഞുകൂടിപ്പോയി.)

ഏതേ മനോരഥാഃ നാമ=ഈ മനോരഥങ്ങളെന്നതു്, അലഭ്യമായ ഒന്നു ലഭിക്കുമെന്നു ഉദ്ദേശിക്കുന്ന മനോഭിലാഷം എന്നതു്. തടപ്രപാതാഃ=തടപ്രപാതങ്ങളാണ്. (തടത്തിന്റെ, നദീതീരത്തിന്റെ പ്രപാതംതന്നെയാണ്, നാശംതന്നെയാണ്.)

അലങ്കാരം—അർത്ഥാന്തരന്യാസം.

മാ ഏവം=അങ്ങിനെ വിചാരിക്കരുതു്. അവശ്യംഭാവിനഃ=തീർച്ചയായി ഭവിപ്പാൻ പോകുന്നതിന്നു്. അചിന്തനീയഃ=അചിന്തനീയമായ. സമാഗമഃ=സമാഗമം. ഭവിഷ്യതി ഇതി=ഭവിപ്പാൻ പോകുന്നുവെന്നതിന്നു്. അംഗുലീയം ഏവ നിദർശനം=മോതിരംതന്നെയാണല്ലോ ദൃഷ്ടാന്തം.

രാജാ:—അയേ, ഇദം താവദസുലഭസ്ഥാനഭ്രംശി ശോചനീയമ്.

തവ സുചരിതമങ്ഗുലീയ! നൂനം
പ്രതനു മമേവ വിഭാവ്യതേ ഫലേന;
അരുണനഖമനോഹരാസു തസ്യാ-
ശ്ച്യുതമസി ലബ്ധപദം യദങ്ഗുലീഷു. 11

സാനുമതീ:—യദ്യന്യഹസ്തഗതം ഭവേത് സത്യമേവ ശോചനീയമ്.

അയേ=അഹോ! ഇദം താവത്=അങ്ഗുലീയകമാകട്ടെ. അസുലഭസ്ഥാനഭ്രംശീ=അസുലഭമായ (ലഭിപ്പാൻ വിഷമമേറിയ) സ്ഥാനത്തിൽനിന്നും ഭ്രംശിച്ചതായി. ശോചനീയം=ശോചനീയമായിരിക്കുന്നു.

അംഗുലീയ!=അല്ലയോ മോതിരമേ! തവ=നിന്റെ. സുചരിതം=ശോഭനചരിതം. (പ്രിയതമയുടെ അംഗുലിസംസർഗ്ഗം നിനക്കു് അല്പംകാലം ലഭിച്ചുവെന്നുള്ള ശോഭനചരിതം) പ്രതനു=അത്യല്പമായിട്ടു്. (കലാശിച്ചു.) ഫലേന=ഫലത്താൽ. മമ ഇവ=എന്റെ സുചരിതംപോലെ. വിഭാവ്യതേ=വിഭാവനംചെയ്യപ്പെടുന്നു. (ഊഹിക്കപ്പെടുന്നു.) (നിന്റെ കഥ എന്റെ കഥപോലെതന്നെയായിത്തീർന്നിരിക്കുന്നുവെന്നു ഞാൻ ഊഹിക്കുന്നു. അല്പകാലമെങ്കിലും നിനക്കും എനിക്കും പ്രിയതമയുടെ ശരീരസംസ്പർശം ഏല്ക്കുന്നതിനുള്ള ഭാഗ്യമുണ്ടായി. നമുക്കു രണ്ടുപേക്കും ആ ഭാഗ്യം ഒരുപോലെ നഷ്ടപ്പെട്ടുപോയല്ലോ.) യത്=യാതൊരു കാരണത്താലാണോ. അരുണനഖമനോഹരാസു=അരുണങ്ങളായ, ചുവന്നതുകളായ നഖങ്ങൾകൊണ്ടു മനോഹരങ്ങളായ. തസ്യാഃ=അവളുടെ. അംഗുലീഷു=അംഗുലികളിൽ (വിരലുകളിൽ) ലബ്ധപദം=ലഭിച്ച സ്ഥാനത്തോടുകൂടിയ. (നീ) ച്യുതം=അവിടെനിന്നു ഭ്രംശിക്കപ്പെട്ടതായി. അസി=ഭവിക്കുന്നുവോ.

അലങ്കാരം—ഉപമയും അനുമാനവും.

അന്യഹസ്തഗതം യദി ഭവേത്=മറ്റുവല്ലവരുടെ കൈയിലുമാണ് കിട്ടിയിരുന്നതെങ്കിൽ. സത്യം ഏവ ശോചനീയം=യഥാർത്ഥത്തിൽ ശോചനീയംതന്നെ ആയിരുന്നേനെ.

വിദൂഷകഃ—ഭോഃ ഇയം നാമമുദ്രാ കേനോപായേന തത്രഭവത്യാ ഹസ്തസംസർഗ്ഗം പ്രാപിതാ?

സാനുമതീ:—മമാപി കൗതൂഹലേനാകാരിത ഏഷഃ.

രാജാ:—ശ്രൂയതാം; തദാ സ്വനഗരായ മാം പ്രസ്ഥിതം പ്രിയാ സബാഷ്പമിദമാഹ—'കിയച്ചിരേണാര്യപുത്രഃ പ്രതിപത്തിം ദാസ്യതീ'തി.

വിദൂഷകഃ—തതഃ?

രാജാ:—പശ്ചാദിമാം നാമമുദ്രാം തദംഗുലൗ നിവേശയതാ മയാ പ്രതിജ്ഞാതമ്—

'ഏകൈകമത്ര ദിവസേ ദിവസേ മദീയം
നാമാക്ഷരം ഗണയ, ഗച്ഛതി യാവദന്തമ്,
താവത് പ്രിയേ! മദവരോധഗൃഹപ്രവേശം
നേതാ ജനസ്തവ സമീപമുപേഷ്യതീ'തി. 12

തച്ച ദാരുണേന മയാ മോഹാന്നാനുഷ്ഠിതമ്.

സാനുമതീ:—രമണീയഃ ഖലു വ്യവധിർവിധിനാ സമ്പാദിതഃ.

വിദൂഷകഃ:—കഥം നു ധീവരകല്പിതസ്യ രോഹിതമത്സ്യസ്യ ഉദരാഭ്യന്തര ആസീത്?

ഭോഃ=(തോഴരേ!) ഇയം നാമമുദ്രാ=ഈ നാമമുദ്രകൊത്തിയ മോതിരം. കേന ഉപായേന=ഏതൊരുമാർഗ്ഗത്തിലാണ്. തത്രഭവത്യാഃ=തത്രഭവതിയുടെ. ഹസ്ത സംസർഗ്ഗം=ഹസ്തസംസർഗ്ഗത്തെ. പ്രാപിതാ=പ്രാപിച്ചതായിരിക്കുന്നതു്? (ഏതുവിധത്തിലാണ് ശകുന്തളാദേവിക്ക് ഈ അംഗുലീയം ലഭിച്ചതു്?)

മമ അപി=എനിക്കും. ഏഷഃ=ഈ സംശയം (ചോദ്യം.) കൗതൂഹലേന=കൗതൂഹലത്താൽ. ആകാരിതഃ=ആകാരിതമായി. (എനിക്കും ഇതറിവാൻ കൌതൂഹലമുണ്ട്.)

ശ്രൂയതാം=കേട്ടാലും. തദാ=അപ്പോൾ. സ്വനഗരായ=തന്റെ നഗരത്തിനായി (നഗരം ഉദ്ദേശിച്ചു്) പ്രസ്ഥിതം മാം=പുറപ്പെട്ടവനായ എന്നെ. പ്രിയാ=പ്രിയതമ. സബാഷ്പം=കണ്ണുനീരോടുകൂടി. ഇദം ആഹ=ഇങ്ങിനെ പറഞ്ഞു. (ഇങ്ങനെ പറയുകയുണ്ടായി.) ആര്യപുത്രഃ=ആര്യപുത്രൻ. കിയത് ചിരേണ=എത്രകാലം കൊണ്ടാണ്; (എപ്പോഴാണ്.) പ്രതിപത്തിം ദാസ്യതി=പ്രതിപത്തിയെ ദാനം ചെയ്യും? (ആര്യപുത്രനെ സംബന്ധിച്ച വർത്തമാനങ്ങൾ അറിയിക്കും?) ഇതി=എന്നു് (ചോദിച്ചു)

തതഃ=(അതേ) അതിന്നുശേഷം?

പശ്ചാത്=പിന്നീട്. ഇമാം നാമമുദ്രാം=ഈ നാമമുദ്രകൊത്തിയ അങ്ഗുലീയത്തെ. തദങ്ഗുലൗ=അവളുടെ വിരലിൽ. നിവേശയതാ=നിവേശിപ്പിക്കുന്ന (അണിയിക്കുന്ന) മയാ=എന്നാൽ. പ്രതിജ്ഞാതം=(ഇപ്രകാരം) ഉത്തരം പറയപ്പെട്ടു. (പ്രതിജ്ഞ ചെയ്യപ്പെട്ടു.)

അത്ര=ഈ അംഗുലീയത്തിൽ. ദിവസേ ദിവസേ=ഓരോ ദിവസത്തിലും. മദീയം=എന്റെ. നാമാക്ഷരം=നാമാക്ഷരത്തെ. ഏകൈകം=ഓരോന്നുവീതമായി. ഗണയ=എണ്ണുക. യാവത്=എപ്പോഴാണോ. അന്തം ഗച്ഛതി=അവസാനത്തെ ഗമിക്കുന്നു. (എപ്പോഴാണോ ഇങ്ങിനെ എണ്ണിയതു് അവസാനിക്കുന്നു) താവത്=അപ്പോൾ. പ്രിയേ!=അല്ലേ പ്രിയതമേ! മദവരോധഗൃഹപ്രവേശം=എന്റെ അവരോധഗൃഹത്തിൽ പ്രവേശത്തെ (നിനക്കു് എന്റെ അന്തഃപുരപ്രവേശത്തെ) നേതാ=നയിക്കുന്ന. ജനഃ=ആൾ. തവ സമീപം=നിന്റെ സമീപത്തിൽ. ഉപേഷ്യതി=വരുന്നതാണ്. ഇതി=എന്നു്.

തത് ച=ആ വാഗ്ദാനവും. ദാരുണേന മയാ=കഠിനഹൃദയനായ എന്നാൽ. മോഹാത്=വിസ്മൃതിജന്യമായ ഭ്രാന്തിമൂലം. ന അനുഷ്ഠിതം=അനുഷ്ഠിക്കപ്പെട്ടില്ല.

വിധിനാ=വിധിയാൽ. സമ്പാദിതഃ=സമ്പാദിക്കപ്പെട്ട. വ്യവധിഃ=തിരോധാനം. രമണീയഃ ഖലു=രമണീയമായിരിക്കുന്നല്ലോ. (ഇപ്രകാരമുള്ള അനുരാഗബന്ധത്തെ വിധി തെററിച്ചുകളഞ്ഞതു് അതിശയകരമായിരിക്കുന്നു.)

കഥം നു=എന്നാൽ പിന്നെ എങ്ങിനെയാണ്? ധീവരകല്പിതസ്യ=ധീവരനാൽ

കല്പിതമായ. രോഹിതമത്സ്യസ്യ=രോഹിതമത്സ്യത്തിന്റെ. ഉദരാഭ്യന്തരേ=വയററിന്നുള്ളിൽ. ആസീത്=ഉണ്ടായിരുന്ന(തു്) (എന്നാൽ പിന്നെ ഈ മോതിരം എങ്ങിനെയാണു ചെമ്മീനിന്റെ വയററിൽ അകപ്പെട്ടതു്?)

രാജാ:—ശചീതീർത്ഥം വന്ദമാനായാഃ കില സഖ്യാസ്തേ ഹസ്താത്
ഗംഗാസ്രോതസി പരിഭ്രഷ്ടമ്.

വിദൂഷകഃ—യുജ്യതേ.

സാനുമതീ:—അതസ്തപസ്വിന്യാ ശകുന്തളായാ അധർമ്മഭീരോ രാജർഷേഃ പരിണയേ സന്ദേഹഃ അഥവാ നേദൃശോऽനുരാഗോऽഭിജ്ഞാനമപേക്ഷതേ. കഥമിവൈതത്?

രാജാ:—ഉപാലപ്സ്യേ താവദിമമംഗുലീയകമ്.

വിദൂഷകഃ—ഗൃഹീതോऽനേന പന്ഥാ ഉന്മത്താനാമ്.

ശചീതീർത്ഥം വന്ദമാനായാഃ=ശചീതീർത്ഥത്തെ വന്ദിക്കുന്നവളായ. തേ സഖ്യാഃ=അങ്ങയുടെ സഖിയുടെ. ഹസ്താത്=ഹസ്തത്തിൽനിന്നു. ഗങ്ഗാസ്രോതസി=ഗങ്ഗാജലത്തിൽ. പരിഭ്രഷ്ടം=വീണുപോയതാണു്.

യുജ്യതേ=യോജിക്കുന്നു (ശരിതന്നെ.)

അതഃ=ഇതുകൊണ്ടാണു്. തപസ്വിന്യാഃ=തപസ്വിനിയായ. ശകുന്തളായാഃ=ശകുന്തളയുടെ. പരിണയേ=പരിണയത്തിൽ. അധർമ്മഭീരോഃ=അധർമ്മഭീരുവായ. രാജർഷേഃ=രാജർഷിക്കു്. സന്ദേഹഃ=സന്ദേഹം. അഥവാ=അങ്ങിനെയല്ലാത്തപക്ഷം. ഈദൃശഃ=ഇപ്രകാരമുള്ള. അനുരാഗഃ=അനുരാഗം. അഭിജ്ഞാനം=ഒരു അടയാളത്തെ. ന അപേക്ഷതേ=അപേക്ഷിക്കുന്നില്ലല്ലോ. ഏതത്=. ഇതു്. കഥം ഇവ=എങ്ങിനെയാണു്?

ഇമം അംഗുലീയകം=ഈ മോതിരത്തെ. ഉപാലപ്സ്യേ താവത്=ഒന്നു ശകാരിക്കട്ടെ.

അനേന=ഇദ്ദേഹത്താൽ. ഉന്മത്താനാം പന്ഥാഃ=ഉന്മത്തന്മാരുടെ വഴി. ഗൃഹീതഃ=സ്വീകരിക്കപ്പെട്ടതായി (ഇദ്ദേഹം ഭ്രാന്തന്മാരുടെവഴി പുറപ്പെട്ടിരിക്കയാണു്.)

രാജാ:—

കഥം നു തം കോമളബന്ധുരാങ്ഗുലിം
കരം വിഹായാസി നിമഗ്നമംഭസി?

അഥവാ,

അചേതനം നാമ കിമിത്യുപാലഭേ?
മയൈവ കസ്മാദവധീരിതാ പ്രിയാ? 14

വിദൂഷകഃ—(ആത്മഗതം) അഹം ഖലു ബുഭുക്ഷയാ ഖാദിതവ്യ ഇതി.

രാജാ:—അകാരണപരിത്യാഗാനുശയപരിതപ്തഹൃദയസ്താവദനുകമ്പ്യതാമയം ജനഃ പുനർദർശനായ.

(പ്രവിശ്യാപടാക്ഷേപേണ ചതുരികാ)

ഇയം ചിത്രഗതാ ഭട്ടിനീ.

(ഇതി ഫലകം ദർശയതി.)

(അല്ലയോ മോതിരമേ!) കോമളബന്ധുരാങ്ഗുലിം=കോമളവും മനോഹരവുമായ അംഗുലികളോടുകൂടിയ. കരം=കൈയെ. കഥം വിഹായ=എങ്ങിനെ വിട്ടിട്ടാണ്. അംഭസി=ജലത്തിൽ. നിമഗ്നം അസി=നീ മുങ്ങിയിരുന്നതു്? അഥവാ,

അചേതനം നാമ=മോതിരം അചേതനമാണല്ലോ. കിമിതി=എന്തിനായിട്ടാണ്. ഉപാലഭേ=ഞാൻ ഇതിനെ ശകാരിക്കുന്നതു്?

കസ്മാത്=എന്തുകൊണ്ടാണ്. മയാ ഏവ=എന്നാൽതന്നെ. പ്രിയാ=പ്രിയതമ. അവധീരിതാ=നിരാകരിക്കപ്പെട്ടതു്?

അഹം ഖലു=ഞാനാകട്ടെ. ബുഭുക്ഷയാ=വിശപ്പിനാൽ. ഖാദിതവ്യഃ ഇതി=കടിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്ന (എന്നെ വിശപ്പു കടിച്ചുതിന്നാറായി.)

അകാരണപരിത്യാഗാനുശയപരിതപ്തഹൃദയഃ=അകാരണമായ പരിത്യാഗത്തിൽനിന്നു ജനിച്ച അനുശയത്താൽ (പശ്ചാത്താപത്താൽ) പരിതപ്തമായ ഹൃദയത്തോടുകൂടിയ. അയം ജനഃ=ഈ ആളം (ഞാൻ.) പുനർദർശനായ=വീണ്ടും ഒന്നു കാണ്മാൻ. അനുകമ്പ്യതാം താവത്=ദയവുചെയ്യണേ.

അപടാക്ഷേപേണ=കർട്ടൻ ഉയർത്താതെ.

ഇയം=ഇതാ. ചിത്രഗതാ=പടത്തിൽക്കൂടെ. ഭട്ടിനീ=ദേവി.

**വിദൂഷകഃ**—(ചിത്രഫലകമവലോക്യ) സാധു വയസ്യ! മധുരാവസ്ഥാനദർശനീയോ ഭാവാനുപ്രവേശഃ. സ്ഖലതീവ മേ ദൃഷ്ടിർ നിമ്നോന്നതപ്രദേശേഷു.

**സാനുമതി:**—അഹോ! രാജർഷേർവർത്തികാനിപുണതാ. ജാനേ മേ സഖീ അഗ്രതോ വർതത ഇതി.

**രാജാ:**—

> യദ്യത് സാധു ന ചിത്രേ സ്യാത് ക്രിയതേ തത്തദന്യഥാ;
> തഥാപി തസ്യാ ലാവണ്യം ലേഖയാ കിഞ്ചിദന്വിതമ്. 15

ചിത്രഫലകം=ചിത്രപ്പലകയെ. അവലോക്യ=കണ്ടിട്ടു്.

വയസ്യ=തോഴരേ! സാധു=നന്നായിട്ടുണ്ടു്. ഭാവാനുപ്രവേശഃ=ഭാവത്തിന്റെ (മുഖഭാവത്തിന്റെ)അഥവാ ഓരോ വികാരജന്യമായ ഭാവഭേദങ്ങളുടെ. അനുപ്രവേശം=ചിത്രീകരണം. മധുരാവസ്ഥാനദർശനീയഃ=മധുരമായ, മനോഹരമായ അവസ്ഥാനത്താൽ ചിത്രീകൃതങ്ങളായ അവയവാദിസംയോജനത്താൽ. ദർശനീയഃ=ദർശനീയമായിരിക്കുന്നു. മേ ദൃഷ്ടിഃ=എന്റെദൃഷ്ടി. നിമ്നോന്നതപ്രദേശേഷു=നിമ്നങ്ങളും (താണതുകളും) ഉന്നതങ്ങളും (പൊങ്ങിയവയും) ആയ ശരീരപ്രദേശങ്ങളിൽ. സ്ഖലതി ഇവ=ഇടറുന്നുവോ എന്നു തോന്നും.

അഹോ!=ആശ്ചര്യം. രാജർഷേഃ=രാജർഷിയുടെ. വർതികാനിപുണതാ=വർത്തികാസാമർത്ഥ്യം; ചിത്രനിർമ്മാണപാടവം (അനന്യസാധാരണംതന്നെയാണ്.) സഖീ=സഖി(ശകുന്തള.) മേ അഗ്രതഃ=എന്റെ മുമ്പിൽ. വർതതേ ഇതി=ഇരിക്കുന്നുവെന്നു്. ജാനേ=അറിയുന്നു (എനിക്കു തോന്നുന്നു.)

ചിത്രേ=ചിത്രത്തിൽ. യത് യത്=ഏതേതെല്ലാമാണോ. സാധു ന=ഭംഗിയായിരിക്കുന്നില്ല. തത് തത്=അതാതു്. അന്യഥാ ക്രിയതേ=വേറെപ്രകാരത്തിൽതന്നെ ചെയ്യപ്പെടുന്നു. ആളിന്റെ സൗന്ദര്യത്തിനു അനുഗുണമായ ഭേദഗതികൾ ചിത്രകാരന്മാർ പടത്തിൽ വരുത്തുന്നുണ്ടു്.

തഥാപി=എന്നാലും. (അതുപോലെ ശകുന്തളാസൗന്ദര്യത്തിനു അനുരൂപമായ എല്ലാ ഭേദഗതിയും ഞാൻ ചെയ്തിട്ടുണ്ടെങ്കിലും.) തസ്യാഃ=അവളുടെ. ലാവണ്യം=സൗന്ദര്യം. ലേഖയാ=ചിത്രത്തിലെ രേഖയാൽ. കിഞ്ചിത് ഏവ അന്വിതം. അല്പംമാത്രമേ യോജിക്കപ്പെട്ടതായിരിക്കുന്നുള്ളൂ.

സാനുമതീ:—സദൃശമേതത് പശ്ചാത്താപഗുരോഃ സ്നേഹസ്യാനവലേപസ്യ ച.

വിദൂഷകഃ:—ഭോ! ഇദാനീം തിസ്രസ്തത്രഭവത്യോ ദൃശ്യന്തേ സർവാ ദർശനീയാഃ; കതമാത്ര തത്രഭവതീ ശകുന്തളാ?

സാനുമതീ:—അനഭിജ്ഞഃ ഖലു രൂപസ്യ മോഘദൃഷ്ടിരയം ജനഃ.

രാജാ:—ത്വം താവത് കതമാം തർകയസി?

വിദൂഷകഃ:—ഭോഃ തർകയാമി, യൈഷാ ശിഥിലിതകേശബന്ധനോദ്വാന്തകുസുമേന കേശാന്തേന ഉദ്ഭിന്നസ്വേദബിന്ദുനാ വദനേന വിശേഷതോഽപസൃതാഭ്യാം ബാഹാഭ്യാം അവസേകസ്നിഗ്ദ്ധതരുണപല്ലവസ്യ ചൂതപാദപസ്യ പാർശ്വേ ഈഷത് പരിശ്രാന്തേവാലിഖിതാ സാ തത്രഭവതീ ശകുന്തളാ ഇതരേ സഖ്യൗ ഇതി.

പശ്ചാത്താപഗുരോഃ=പശ്ചാത്താപംകൊണ്ടു മഹത്തായ. സ്നേഹസ്യ=സ്നേഹത്തിനും. അനവലേപസ്യ ച=ഗർവില്ലായ്മയ്ക്കും. ഏതത്=ഇതു (ഇങ്ങനെപറയുന്നതു) സദൃശം=യുക്തംതന്നെ.

ഭോ!=അല്ലയോ (തോഴരേ.) ഇദാനീം=ഇപ്പോൾ (ഇവിടെ.) തിസ്രഃ തത്രഭവത്യഃ=മൂന്നു മാന്യകൾ. ദൃശ്യന്തേ=കാണപ്പെടുന്നു. സർവാഃ=എല്ലാപേരും. ദർശനീയാഃ=കാണത്തക്കവരുമാണ് (പരമസുന്ദരികളുമാണ്.) തത്രഭവതീ ശകുന്തളാ=ശകുന്തള. കതമാ=ഏതാണ്?

അയം ജനഃ=ഇയാൾ. രൂപസ്യ=സൗന്ദര്യത്തിന്ന്. അനഭിജ്ഞഃ=അറിവില്ലാത്തവനായ. മോഘദൃഷ്ടിഃ ഖലു=മോഘദൃഷ്ടിയാണ് (കണ്ണുകൊണ്ടു പ്രയോജനമില്ലാത്തവനാണ്.)

ത്വം താവത്=അങ്ങാകട്ടെ. കതമാം=ഏതൊന്നാണ്. തർകയസി=ഊഹിക്കുന്നതു?

തർകയാമി=എനിക്കുതോന്നുന്നതു്. ശിഥിലിതകേശബന്ധനോദ്വാന്തകുസുമേന=ശിഥിലിതമായ (കെട്ടഴിഞ്ഞ) കേശബന്ധനത്തിൽനിന്നു ഉദ്വാന്തമായ (വെളിയിലേക്കായ) കുസുമത്തോടുകൂടിയ. കേശാന്തേന=കേശാഗ്രത്തോടും. ഉദ്ഭിന്നസ്വേദബിന്ദുനാ=പൊടിഞ്ഞ വിയപ്പുതുള്ളിയോടുകൂടിയ. വദനേന=വദനത്തോടും. വിശേഷതഃ=വിശേഷിച്ചു്. അപസൃതാഭ്യാം്ബാഹാഭ്യാം=തളർന്നുതാഴ്ന്നുള്ള ജങ്ങളോടും കൂടി. അവസേകസ്നിഗ്ദ്ധതരുണപല്ലവസ്യ=വെള്ളംനനകൊണ്ടു നനവുതട്ടിയ ഇളംതളിരുകളോടുകൂടിയ. ചൂതപാദപസ്യ=മാവിന്റെ. പാർശ്വേ=അടുത്തു്. ഈഷത് പരിശ്രാന്താ ഏവ=കുറെ ക്ഷീണിച്ചോ എന്നുതോന്നുന്ന. യാ ഏഷാ=ഇതു് ശകുന്തളാ. ഇതരേ=മററുരണ്ടുപേർ. സഖ്യൗ ഇതി=സഖികളാണെന്നും (ആണ്.)

രാജാ:—നിപുണോ ഭവാൻ. അസ്ത്യത്ര മേ ഭാവചിഹ്നമ്.

സ്വിന്നാങ്ഗുലിവിനിവേശോ രേഖാപ്രാന്തേഷു ദൃശ്യതേ മലിനഃ
അശ്രു ച കപോലപതിതം ലക്ഷ്യമിദം വർതികോച്ഛ്വാസാത്. 16

ചതുരികേ, അർദ്ധലിഖിതമിദം വിനോദസ്ഥാനമസ്മാഭിഃ. ഗച്ഛ വർതികാം താവദാനയ.

ചതുരികാ:—ആര്യ്യമാഢവ്യ! അവലംബസ്വ ചിത്രഫലകം; യാവദാഗച്ഛാമി.

(ഇതി യഥോക്തം കരോതി നിഷ്ക്രാന്താ ചതുരികാ)

നിപുണഃ ഭവാൻ=അങ്ങു ബുദ്ധിമാനാണ്. അത്ര=ഈ പടത്തിൽ. മേ=എൻെറ. ഭാവചിഹ്നം=ഭാവത്തിൻെറ (മനോവികാരത്തിൻെറ) ചിഹ്നം,(അടയാളം.) അസ്തി=ഉണ്ടു്.

രേഖാപ്രാന്തേഷു=രേഖകളുടെ (ചിത്രരൂപീകരണത്തിന്ന) തൂലികയാൽ വരച്ചിട്ടുള്ള വരകളുടെ പ്രാന്തങ്ങളിൽ (അരികിൽ.) സ്വിന്നാങ്ഗുലിവിനിഃവശഃ=സ്വിന്നമായ. വിയൎത്തതായ അങ്ഗുലിയുടെ, വിരലിൻെറ വിനിവേശം, പതിപ്പ്. മലിനഃ=മലിനമായി (അല്പം മാലിന്യംചേൎന്നതായി) ദൃശ്യതേ=കാണപ്പെടുന്നു.

വൎതികോച്ഛ്വാസാത്=വൎത്തികയുടെ, നിറംകൊണ്ടു സാധിച്ചതായ രേഖയുടെ ഉച്ഛ്വാസത്താൽ, സംശ്ലേഷശൈഥില്യത്താൽ (രേഖ അല്പം റീൎത്തിരിക്കുന്നതുഹേതുവായി.) കപോലപതിതം=കപോലത്തിൽ (പടത്തിൽ വരച്ചിരിക്കുന്ന ശകുന്തളയുടെ കവിൾത്തടത്തിൽ) പതിച്ചതായ. ഇദം അശ്രു ച ലക്ഷ്യം=ഈ കണ്ണുനീൎത്തുള്ളിയും കാണുന്നതായുണ്ടു്.

ചതുരികേ, ഇദം വിനോദസ്ഥാനം=ഈ വിനോദസ്ഥാനം (എൻെറ മനഃക്ലേശനിവാരണത്തിന്നു ഒരു ഉപായമായ ഈ പടം.) അസ്മാഭിഃ=നമ്മാൽ (എന്നാൽ) അൎദ്ധലിഖിതം=പകുതിയേ എഴുതപ്പെട്ടിട്ടുള്ളു (പൂൎത്തിയാക്കിക്കഴിഞ്ഞിട്ടില്ല.) ഗച്ഛ=പോക്കു. വൎതികാം=തൂലികയെ. ആനയ താവത്=പോയിക്കൊണ്ടുവരു.

ആര്യ്യ മാഢവ്യ, ചിത്രഫലകം അവലംബസ്വ=ഈ ചിത്രപ്പലക ഒന്നു പിടിച്ചുകൊള്ളണേ. യാവത് ആഗച്ഛാമി=ഞാൻ പോകട്ടേ.

യഥോക്തം=പറയപ്പെട്ടപോലെ. കരോതി=ചെയ്യുന്നു.

രാജാ:—അഹം ഹി,

സാക്ഷാത് പ്രിയാമുപഗതാമപഹായ പൂൎവം
ചിത്രാൎപിതാം പുനരിമാം ബഹുമന്യമാനഃ
സ്രോതോവഹാം പഥി നികാമജലാമതീത്യ
ജാതഃ സഖേ! പ്രണയവാൻ മൃഗതൃഷ്ണികായാമ്. 17

വിദൂഷകഃ:—(ആത്മഗതം) ഏഷോ ഽത്ര ഭവാൻ നദീമതിക്രമ്യ മൃഗതൃഷ്ണികായാം സംക്രാന്തഃ. ഭോ, അപരം കിമിതി ലിഖിതവ്യമ്?

സാനുമതീ:—അസംശയം യോ യഃ പ്രദേശോ ഽഭിരുചിതസ്തം ആലിഖിതുകാമോ ഭവേത്.

അഹം ഹി=ഞാനാകട്ടെ.

പൂൎവം=മുമ്പ്. സാക്ഷാത് ഉപഗതാം=നേരേ വന്നുചേൎന്ന. പ്രിയാം=പ്രിയതമയെ. അപഹായ=ദൂരെ ത്യജിച്ച്. ഇമാം=ഈ. ചിത്രാൎപിതാം=ചിത്രാൎപിതയെ (ചിത്രത്തിൽ വരയ്ക്കപ്പെട്ട അവളുടെ പടത്തെ.) ബഹുമന്യമാനഃ=ബഹുമാനിക്കുന്നവനായിരിക്കുന്ന ഞാൻ.

സഖേ!=ഹേ സഖാവേ! പഥി=വഴിയിൽ. നികാമജലാം=ഏററവും ജലത്തോടുകൂടിയ. സ്രോതോവഹാം=നദിയെ. അതീത്യ=കടന്നിട്ടു്. മൃഗതൃഷ്ണികായാം=മൃഗതൃഷ്ണയിൽ. പ്രണയവാൻ=പ്രണയത്തോടുകൂടിയവനായി. ജാതഃ=തീൎന്നിരിക്കുന്നു.

§അലങ്കാരം—നിദൎശനം.

ഏഷഃ അത്രഭവാൻ=ഇവിടെ തിരുമനസ്സ്. നദീം അതിക്രമ്യ=നദിയെ അതിക്രമിച്ച (കടന്ന്) മൃഗതൃഷ്ണികായാം=മൃഗതൃഷ്ണയിൽ. സംക്രാന്തഃ=സംക്രാന്തൻതന്നെയാണ്. ഭോഃ=അല്ലയോ. അത്ര=ഈ പടത്തിൽ. അപരം കിം ലിഖിതവ്യം=ഇതിൽ എന്താണ് (കൂടുതൽ എഴുതാനുള്ളത്?

അസംശയം=സംശയമില്ല. യഃ യഃ പ്രദേശഃ=ഏതേതു സ്ഥലമാണ്. അഭിരുചിതഃ=അദ്ദേഹത്തിന് ഏററവും രസിച്ചിട്ടുള്ളത്. തം=ആ പ്രദേശത്തെ. ആലിഖിതുകാമഃ=എഴുതാൻ ആഗ്രഹമുള്ളവനായി. ഭവേത്=ഇരിക്കും (ഇരിക്കാം.)

രാജാ:—ശ്രൂയതാമ്—

കാര്യാ സൈകതലീനഹംസമിഥുനാ, സ്രോതോവഹാ മാലിനീ,
പാദാസ്താമഭിതോ നിഷണ്ണഹരിണാ ഗൌരീഗുരോഃ പാവനാഃ,
ശാഖാലംബിതവല്ക്കലസ്യ ച തരോർന്നിർമാതുമിച്ഛാമ്യധഃ
ശൃംഗേ കൃഷ്ണമൃഗസ്യ വാമനയനം കണ്ഡൂയമാനാം മൃഗീമ്. 18

സൈകതലീനഹംസമിഥുനാ=സൈകതത്തിൽ (മണൽത്തിട്ടയിൽ) ലീനങ്ങളായ ഹംസമിഥുനങ്ങളോടുകൂടിയ. മാലിനീ സ്രോതോവഹാ=സ്രോതോവഹയായ (നദിയായ) മാലിനി. കാര്യാ=ചെയ്യപ്പെടേണ്ടതാണ്. (ചിത്രത്തിൽ ഇനി എഴുതേണ്ടതായിരിക്കുന്നു.) താം അഭിതഃ=അതിനെ ചുററം(ആ നദിക്കു ചുററുമായി) (ആ നദിയുടെ രണ്ടുവശത്തും) നിഷണ്ണഹരിണാഃ=നിഷണ്ണങ്ങളായ (വസിക്കുന്നവയായ) ഹരിണങ്ങളോടു, (ഹരിണികളും ഹരിണങ്ങളുമാണ് ഇവിടെ പൊതുവേ ഹരിണങ്ങൾ എന്നു പറയുന്നത്) ഹരിണയുഗ്മങ്ങളോടുകൂടിയ. ഗൌരീഗുരോഃ പാവനാഃ പാദാഃ=ഗൌരീഗുരുവിൻെറ, ഗൌരീപിതാവായ ഹിമാലയപർവ്വതത്തിൻെറ ഉപത്യകകൾ എഴുതപ്പെടേണ്ടവയായിരിക്കുന്നു (ഇനിയും) ശാഖാലംബിതവല്ക്കലസ്യ=ശാഖകളിൽ ആലംബിതങ്ങളായ (തൂക്കപ്പെട്ടവയായ) വല്ക്കലങ്ങളോടുകൂടിയ. തരോഃ=തരുവിൻെറ. അധഃ=അധോഭാഗത്ത്. കൃഷ്ണമൃഗസ്യ ശൃംഗേ=കൃഷ്ണമൃഗത്തിൻെറ കൊമ്പിൽ. വാമനയനം=ഇടതുകണ്ണ്. കണ്ഡൂയമാനാം=ചൊറിയുന്നതായ. മൃഗീം ച=മാൻപേടയേയും. നിർമ്മാതും ഇച്ഛാമി=നിർമ്മിക്കുന്നതിനു (പടത്തിൽ കൂട്ടിച്ചേർക്കുന്നതിന്) ഇച്ഛിക്കുന്നു.

അലങ്കാരം—സ്വഭാവോക്തി.

'ഹംസമിഥുനമെന്നും കൃഷ്ണമൃഗത്തോടുകൂടിയ മാൻപേട'യെന്നും പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നതു പ്രണയത്തിൻെറ സാർവ്വത്രികത്വം പ്രത്യേകം പ്രകാശിപ്പിക്കുന്നു.

കൃഷ്ണമൃഗം ആശ്രമത്തിൽ ഉണ്ടായിരിക്കേണ്ടതു് അവശ്യമായി വേണ്ടതാണെന്നു പ്രാചീനഭാരതീയർ വിശ്വസിച്ചിരുന്നു. കൃഷ്ണമൃഗം ഇല്ലാത്തതായ ആശ്രമത്തിന്ന് വേണ്ട പരിശുദ്ധി ഉണ്ടായിരിക്കയില്ല എന്നുപോലും അവൎക്ക് അഭിപ്രായം ഉണ്ട്.

വിദൂഷകഃ:-(ആത്മഗതം)യഥാഹം പശ്യാമി, പൂരയിതവ്യം അനേന ചിത്രഫലകം ലംബകൂർച്ചാനാം താപസാനാം കദംബൈഃ.

രാജാ:—അന്യച്ച; ശകുന്തളായാഃ പ്രസാധനമഭിപ്രേതമത്ര വിസ്മൃതമസ്മാഭിഃ.

വിദൂ:—കിമിവ?

സാനുമതീ:—വനവാസസ്യ സൌകുമാര്യസ്യ ച യത് സദൃശം ഭവിഷ്യതി.

ലംബകൂർച്ചാനാം=ലംബകൂർച്ചന്മാരായ (ലംബങ്ങളായ—തൂങ്ങിയതുകളായ) കൂർച്ചങ്ങളോടു്, താടിരോമങ്ങളോടുകൂടിയ (താടിക്കാരായ) താപസാനാം=താപസന്മാരുടെ. കദംബൈഃ=കദംബങ്ങളാൽ, സമൂഹങ്ങളാൽ. ചിത്രഫലകം=ഈ ചിത്രഫലകം. അനേന=ഇദ്ദേഹത്താൽ. പൂരയിതവ്യാ=പൂരിപ്പിക്കപ്പെടേണ്ടതാണ് (എന്നാണ്) യഥാ അഹം പശ്യാമി=ഞാൻ കാണുന്നതു്.

അന്യത് ച=ഇനി ഒന്നുകൂടെയുണ്ടു്. ശകുന്തളായാഃ=ശകുന്തളയുടെ. പ്രസാധനം=ആഭരണം, (ആഭരണസഞ്ചയം.) അഭിപ്രേതം=അഭിപ്രേതമായിരുന്നു. (ചിത്രത്തിൽ ലേഖനംചെയ്യണമെന്നു വിചാരിച്ചിരുന്നു.) (അതു്) അത്ര=ഇവിടെ. അസ്മാഭിഃ വിസ്മൃതം=നമ്മാൽ വിസ്മൃതമായിപ്പോയി.

കിം ഇവ=അതെന്തൊന്നാവോ?

വനവാസസ്യ=വനവാസത്തിന്നും. സൌകുമാര്യസ്യ ച=(ഈ) സൌകുമാര്യത്തിന്നും, സൌന്ദര്യത്തിന്നും. യത്=യാതൊന്നാണോ. സദൃശം ഭവിഷ്യതി=സദൃശമായി (തക്കതായി) ഭവിപ്പാൻപോകുന്നു (അതു് എന്നർത്ഥം.)

**രാജാ:—**

കൃതം ന കർണ്ണാർപ്പിതബന്ധനം സഖേ!
ശിരീഷമാഗണ്ഡവിലംബികേസരമ്;
ന വാ ശരച്ചന്ദ്രമരീചികോമളം
മൃണാളസൂത്രം രചിതം സ്തനാന്തരേ. 19

സഖേ=ഹേ തോഴരേ! ആഗണ്ഡവിലംബികേസരം=ഗണ്ഡപ്രദേശംവരെ വിലംബിക്കുന്നതായ(എത്തുന്നതായ)കേസരത്തോടു(കിഞ്ജൽക്കത്തോടു്)കൂടിയ. ശിരീഷം=ശിരീഷകുസുമം. കർണ്ണാർപ്പിതബന്ധനം=കർണ്ണങ്ങളിൽ അർപ്പിതമായ (സമർപ്പിതമായ) ബന്ധനത്തോടുകൂടിയതായി. ന കൃതം=ചെയ്യപ്പെട്ടില്ല. (അതുപോലെ.)

സ്തനാന്തരേ=സ്തനമദ്ധ്യത്തിൽ. ശരച്ചന്ദ്രമരീചികോമളം=ശരച്ചന്ദ്രരശ്മിപോലെ മനോഹരമായ. മൃണാളസൂത്രം=താമരത്തണ്ടിലെനൂലും. ന വാ രചിതം=രചിക്കപ്പെട്ടുമില്ല. (സ്തനമദ്ധ്യത്തിൽ മൃണാളസൂത്രം ഉപയോഗിക്കുന്നതു പ്രാചീനാചാരം.)

**വിദൂ:—**ഭോഃ കിം നു ഖലു തത്രഭവതീ രക്തപല്ലവശോഭിനാഗ്രഹസ്തേന മുഖമാവൃത്യ ചകിതചകിതേവ സ്ഥിതാ. ആ ഏഷ മധുകരോ ദാസ്യാഃ പുത്രഃ കുസുമാസവപാടച്ചരോ ത്രഭവത്യാ വദനമതിലംഘയതി.

**രാജാ:—**നനു വാര്യതാമേഷ ധൃഷ്ടഃ.

**വിദൂ:—**ഭവാനേവാവിനീതശാസീ അസ്യ വാരണേ പ്രഭവിഷ്യതി.

ഭോഃ=അല്ലയോ (മഹാരാജാവേ!) കിം നു ഖലു=എന്തുകൊണ്ടാണ്? അവിടുന്ന് (ശകുന്തള) രക്തപല്ലവശോഭിനാ=രക്തപല്ലവംപോലെ (ചുവന്നതളിരുപോലെ) ശോഭിക്കുന്നതായ. അഗ്രഹസ്തേന=ഹസ്താഗ്രത്താൽ. മുഖം=മുഖത്തെ. ആവൃത്യ=മറച്ചു്. ചകിതചകിതാ ഇവ=ഏററവും ഭയപ്പെട്ടവളെപ്പോലെ. സ്ഥിതാ=നില്ക്കുന്നു? ആ=അല്ലാ! കുസുമാസവപാടച്ചരഃ=കുസുമാസവത്തിന് (പൂവിലെ തേനിന്) പാടച്ചരനായ (കള്ളനായ) (തേൻ അപഹരിക്കുന്നവനായ) ദാസ്യാഃ പുത്രഃ ഏഷഃ മധുകരഃ=ഈ പിഴച്ചവണ്ടു്. അത്രഭവത്യാഃ=അത്രഭവതിയുടെ. വദനം=മുഖത്തെ. അതിലംഘയതി=അതിലംഘനംചെയ്യുന്നു. (മുഖത്തിൽ പ്രവേശിപ്പാൻ നോക്കുന്നു.)

ഏഷഃ ധൃഷ്ടഃ=ഈ ധൃഷ്ടൻ. വാര്യതാം നനു=നിവാരണം ചെയ്യപ്പെട്ടാലും (ഈ ധൃഷ്ടനായ വണ്ടിനെ അടിച്ചു മറയത്തുകളയുക.)

അവിനീതശാസീ=അവിനീതന്മാരെ ശാസിക്കുന്ന(രാജ്യനീതിയെ ലംഘിക്കുന്നവരെ ശിക്ഷിപ്പാൻ അധികാരമുള്ള.) ഭവാൻ ഏവ=അങ്ങുതന്നെയാണ്. അസ്യ വാരണേ=ഇവന്റെ വാരണത്തിൽ. പ്രഭവിഷ്യതി=സമർത്ഥനാവാൻ പോകുന്നതു്. (ധൃഷ്ടശിക്ഷ രാജകരത്താലാണല്ലോ നടത്തേണ്ടതു്.)

രാജാ:—യുജ്യതേ. അയി ഭോഃ കുസുമലതാപ്രിയാതിഥേ! കിമതഃ പരിപതനഖേദമനുഭവസി?

ഏഷാ, കുസുമനിഷണ്ണാ,
തൃഷിതാപി, സതീ ഭവന്തമനുരക്താ,
പ്രതിപാലയതി, മധുകരീ,
ന ഖലു മധു വിനാ ത്വയാ പിബതി. 20

സാനുമതീ:—അദ്യാപി അഭിജാതമേഷ വാരിതഃ.

വിദൂ:—പ്രതിഷിദ്ധോഽപി വാമാ ഏഷാ ജാതിഃ.

യുജ്യതേ=യോജിക്കുന്നു. (ശരിതന്നെ.) അയി ഭോഃ=അല്ലയോ. കുസുമലതാപ്രിയാതിഥേ!=കുസുമവത്തായ ലതകൾക്കു് പ്രിയാതിഥിയായുള്ളവനേ! അതഃ=ഇതിങ്കൽനിന്നും. പരിപതനഖേദം=സഞ്ചരണവ്യഥയെ. കിം അനുഭവസി?=എന്തിനാണ് അനുഭവിക്കുന്നതു്?

കുസുമനിഷണ്ണാ=കുസുമത്തിൽ നിഷണ്ണയും. അനുരക്താ=അനുരാഗത്തോടുകൂടിയതും (ആയ )ഏഷാ മധുകരീ=ഈ പെൺവണ്ടു്. തൃഷിതാ അപി=ഏററവും ദാഹത്തോടുകൂടിയതാണെങ്കിലും. ഭവന്തം=ഭവാനെ. പ്രതിപാലയതി=കാത്തിരിക്കുന്നു.

ത്വയാ വിനാ=നിന്നോടുകൂടാതെ. (ഈ മധുകരി.) മധു=തേൻ. ന പിബതി ഖലു=കുടിക്കുമാറില്ലല്ലോ. ആയതുകൊണ്ടു നീ വേഗം ആ മധുകരിയുടെ അടുക്കലേക്കുതന്നെ ചെല്ലുക.

അദ്യാപി=ഇപ്പോഴും. (രാജാവു് ഈ ഉന്മാദാവസ്ഥയിൽ ആയിരുന്നിട്ടുംകൂടി) അഭിജാതം=അപരുഷമായിട്ടുതന്നെ. ഏഷഃ വാരിതഃ=ഈ വണ്ടു് വാരിതനായി (തടുക്കപ്പെട്ടവനായി.)

പ്രതിഷിദ്ധോ അപി=തടുക്കപ്പെട്ടിട്ടുംകൂടെ. ഏഷാ ജാതിഃ=ഈ ജാതി. (ഈ മധുകരജാതി.) വാമാ=വിമാർഗ്ഗവർത്തിതന്നെയാണ്. (അങ്ങയുടെ ആജ്ഞയെ ഈ ജാതി അനുസരിക്കുന്നതല്ല.)

രാജാ:—ഏവം ഭോഃ ന മേ ശാസനേ തിഷ്ഠസി. ശ്രൂയതാം തർഹി സമ്പ്രതി—

അക്ലിഷ്ടബാലതരുപല്ലവലോഭനീയം
പീതം മയാ സദയമേവ രതോത്സവേഷു,
ബിംബാധരം, സ്പൃശസി ചേദ്, ഭ്രമര! പ്രിയായാ-
സ്ത്വാം കാരയാമി കമലോദരബന്ധനസ്ഥം. 21

വിദൂ:—ഏവം തീക്ഷ്ണദണ്ഡസ്യ കിം ന ഭവിഷ്യതി?

(പ്രഹസ്യാത്മഗതം)ഏഷ ഇദാനീമുന്മത്തഃ അഹമപ്യേതസ്യ സംസർഗേണേദൃശവർണ ഇവ സംവൃത്തഃ. ഭോശ്ചിത്രം ഖലേതത്.

ഏവം=അപ്രകാരം. (ഓഹോ! അങ്ങിനെതന്നെ.) ഭോഃ=അല്ലയോ വണ്ടേ! മേ=എൻെറ. ശാസനേ=ശാസനത്തിൽ. ന തിഷ്ഠസി=നീ നില്ക്കുന്നില്ല. തർഹി=എങ്കിൽ (ആ സ്ഥിതിക്കു്.) സമ്പ്രതി=ഇപ്പോൾ. ശ്രൂയതാം=കേട്ടാലും.

ഭ്രമര!=ഹേ, കറങ്ങിത്തിരിയുന്നവനേ (വണ്ടേ!) പ്രിയായാഃ=പ്രിയതമയുടെ· അക്ലിഷ്ടബാലതരുപല്ലവലോഭനീയം=അക്ലിഷ്ടമായ, ഉടഞ്ഞൊത്തുകൃഷ്ടമായ ബാലതരുവിൻെറ (ബാലപാദപത്തിൻെറ) പല്ലവംപോലെ, ഇളംതളിർപോലെ ലോഭനീയമായും, സ്പൃഹണീയമായും. മയാ=എന്നാൽ. രതോത്സവേഷു=സുരതകേളിസമയങ്ങളിൽ. സദയം ഏവ പീതം=ദയയോടുകൂടിത്തന്നെ പാനംചെയ്യപ്പെട്ടതും (കഠിനദംശനമേല്പിക്കാതെ വളരെ മൃദുവായിത്തന്നെ ആസ്വദിക്കപ്പെട്ടതും) ആയ. ബിംബാധരം=ബിംബാധരത്തെ. സ്പൃശസി ചേത്=സ്പർശിച്ചുപോയെങ്കിൽ (നീ തൊട്ടുപോയി എന്നുവരട്ടെ.) ത്വാം=നിന്നെ. കമലോദരബന്ധനസ്ഥം=കമലത്തിൻെറ, താമരയുടെ ഉദരത്തിൽ (ഉള്ളിൽ) ബന്ധനസ്ഥനാക്കി(അടയ്ക്കപ്പെട്ടവനാക്കി) കാരയാമി=ഞാൻ ചെയ്യും.

ഏവം=ഇപ്രകാരം. തീക്ഷ്ണദണ്ഡസ്യ=തീക്ഷ്ണദണ്ഡശിക്ഷയോടുകൂടിയവനു് (രാജാവിനു്.) കിം ന ഭവിഷ്യതി?=എന്താണു ഭവിക്കാത്തതു്? (ഇത്ര കഠിനശിക്ഷ ഏകുന്നവനെ ഭയപ്പെടാത്തതെന്താണു്?)

പ്രഹസ്യ=ചിരിച്ചു്. ആത്മഗതം.

ഏഷഃ=ഇദ്ദേഹം. ഇദാനീം=ഇപ്പോൾ. ഉന്മത്തഃ=ഭ്രാന്തനായിത്തീർന്നിരിക്കുന്നു. അഹം അപി=ഞാനും. ഏതസ്യ=ഇദ്ദേഹത്തിൻെറ. സംസർഗ്ഗേണ=സംസർഗ്ഗത്താൽ (കൂട്ടുകെട്ടിനാൽ.) ഈദൃശവർണ്ണഃ ഇവ=ഇദ്ദേഹത്തെപ്പോലെ. സംവൃത്തഃ=ആയിത്തീർന്നു. ഭോഃ=അല്ലയോ രാജാവേ! ഏതത്=ഇതു്. ചിത്രം ഖലു=ഒരു പടമാണല്ലോ.

**രാജാ:—കഥമേതത്?**

**സാനുമതീ:—അഹമപി താവദിദാനീം അനവഗതാർത്ഥാ. കിംപുനർയ്യഥാലിഖിതാനുഭാവീ ഏഷഃ?**

**രാജാ:—കിമനുഷ്ഠിതം പൗരോഭാഗ്യം?**

ദർശനസുഖമനുഭവതഃ
സ്സാക്ഷാദിവ തന്മയേന ഹൃദയേന
സ്മൃതികാരിണാ ത്വയാ മേ
പുനരപി ചിത്രീകൃതാ കാന്താ. 22

(ബാഷ്പം വികിരതി)

ഏതത്=ഇതു്. കഥം=എങ്ങിനെ?

അഹം അപി താവത്=ഞാൻപോലും. ഇദാനീം=ഇപ്പോൾ. അനവഗതാർത്ഥാ=അനവഗതമായ (മനസ്സിലാകാത്തതായ) അർത്ഥത്തോടു (കാര്യത്തോടു) കൂടിയവളായിരിക്കുന്നു. (ഞാൻപോലും ഇതൊരു പടമായിരിക്കയില്ലെന്നാണു് വിചാരിച്ചതു്.)

കിം പുനഃ=പിന്നെ എന്താണു്. യഥാലിഖിതാനുഭാവീ=സ്വാനുഭവംപോലെ വരച്ചിട്ടുള്ള. ഏഷഃ=ഇദ്ദേഹം. (ഞാൻതന്നെ ഇതു് ഒരു പടമല്ലെന്നും യഥാർത്ഥമായി നില്ക്കുന്നതാണെന്നും സംശയിച്ചുപോയി. പിന്നെയാണോ സ്വാനുഭവം മുഴുവൻ അനുസരിച്ചു വരച്ചിട്ടുള്ള ഇദ്ദേഹത്തിനു് ഇക്കാര്യത്തിൽ അങ്ങിനെ തോന്നാതിരിക്കുക?)

പൗരോഭാഗ്യം=പുരോഭാഗത്വം (ദോഷൈകദൃക്ത്വം) കിം അനുഷ്ഠിതം?=ആചരി

സാക്ഷാത് ഇവ=സാക്ഷാൽ ഉള്ളതുപോലെ (മുമ്പിൽ വന്നുനില്ക്കുന്നതുപോലെ) തന്മയേന ഹൃദയേന=തന്മയീഭൂതമായ ഹൃദയത്താൽ. ദർശനസുഖം=ദർശനസുഖത്തെ (പ്രിയാദർശനാനന്ദത്തെ.) അനുഭവതഃ=അനുഭവിക്കുന്നവനായ. മേ=എനിക്കു്.

സ്മൃതികാരിണാ=സ്മൃതികാരിയായ (എന്നെ ഓർമ്മപ്പെടുത്തുന്നവനായ.) ത്വയാ=നിന്നാൽ (അങ്ങയാൽ) വിദൂഷകനാൽ. പുനരപി=വീണ്ടും. ചിത്രീകൃതാ=ചിത്രീകൃതയായി (ചിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നേ ഉള്ളൂ. അല്ലാതെ ഇതു ശകുന്തളയല്ല എന്നു ബോധംവരുന്ന വിധത്തിൽ വിദൂഷകൻ എന്നെ മനസ്സിലാക്കിക്കളഞ്ഞു.)

ബാഷ്പം=കണ്ണുനീർ. വികിരതി=ചിതറുന്നു.

**സാനു:—പൂർവ്വാപരവിരോധീ അപൂർവ്വ ഏഷ വിധാനമാർഗ്ഗഃ.**

**രാജാ:—വയസ്യ, കഥമവിശ്രാമദുഃഖമനുഭവാമി?**

**പ്രജാഗരാത് ഖിലീഭൂതസ്തസ്യാഃ സ്വപ്നേ സമാഗമഃ;**
**ബാഷ്പസ്തു ന ദദാത്യേനാം ദ്രഷ്ടും ചിത്രഗതാമപി.** 23

ഏഷഃ വിധാനമാർഗ്ഗഃ=ഈ വിധാനമാർഗ്ഗം. (ദുഃഖനിവാരണമാർഗ്ഗം.) പൂർവ്വാപരവിരോധീ=പൂർവ്വാപരവിരോധിയും. അപൂർവ്വഃ=അദൃഷ്ടപൂർവ്വവും (ആയ ഒന്നാണു്) (ഇവിടെ, പൂർവ്വാപരവിരോധി എന്നു പറയുന്നതു് മുമ്പു് ആസ്ഥാമൂലം ശകുന്തളയെ പരിഗ്രഹിച്ചു, പിന്നെ അനാസ്ഥാമൂലം തള്ളിക്കളഞ്ഞു. വീണ്ടും സ്നേഹത്താൽ പശ്ചാത്തപിക്കുന്നു. അതുകൊണ്ടാണു്.)

വയസ്യ=സ്നേഹിത! കഥം=എങ്ങിനെയാണു്. അവിശ്രാമദുഃഖം=വിശ്രാമമില്ലാത്ത—വിശ്രമമില്ലാത്ത—ദുഃഖത്തെ. അനുഭവാമി=അനുഭവിക്കുന്നതു്? (ഇതിൽ രാജാവു് ദുഃഖനിവാരണമാർഗ്ഗം ചോദിക്കുകയാണു്.)

പ്രജാഗരാത്=പ്രകർഷേണയുള്ള ജാഗരം ഹേതുവായി, നിദ്രാരാഹിത്യം ഹേതുവായി. സ്വപ്നേ=സ്വപ്നത്തിൽ (ഉള്ള) തസ്യാഃ=അവളുടെ (ആ ശകുന്തളയുടെ.) സമാഗമഃ=സമാഗമം. ഖിലീഭൂതഃ=ന്യൂനമായിത്തീർന്നിരിക്കുന്നു.

ഏനാം=ഇവളെ. ചിത്രഗതാം അപി ദ്രഷ്ടും=ചിത്രഗതയായി (ചിത്രത്തിൽക്കൂടെ കാണുന്നവളായി) കാണാൻപോലും. ബാഷ്പം=കണ്ണുനീരു്. ന ദദാതി=തരുന്നില്ല. (അവസരം തരുന്നില്ല.)

**സാനുമതീ:—സർവ്വഥാ പ്രമൃഷ്ടം ത്വയാ പ്രത്യാദേശദുഃഖം ശകുന്തളായാഃ.**

**(പ്രവിശ്യ ചതുരികാ)**

**ഭർത്തഃ! വർത്തികാകരണ്ഡം ഗൃഹീത്വാ ഇതോമുഖം പ്രസ്ഥിതാഽസ്മി.**

**രാജാ:—കിം ച?**

സർവ്വഥാ=എല്ലാപ്രകാരത്തിലും. ശകുന്തളായാഃ=ശകുന്തളയുടെ. പ്രത്യാദേശദുഃഖം=പ്രത്യാദേശത്തിൽ (തിരസ്കാരത്തിൽ) ഉള്ള ദുഃഖം. ത്വയാ=അങ്ങാൽ (രാജാവിനാൽ) പ്രമൃഷ്ടം=മാർജ്ജനംചെയ്യപ്പെട്ടതായി. (ഇങ്ങിനെ പറയുന്നതുമൂലം അങ്ങു് ശകുന്തളയുടെ ദുഃഖത്തെ തീരെ ഇല്ലാതാക്കുകതന്നെ ചെയ്യുന്നു.)

പ്രവിശ്യ ചതുരികാ=ചതുരിക പ്രവേശിച്ചു്.

ഭർത്തഃ=അല്ലയോ ദേവ! വർത്തികാകരണ്ഡം=വർത്തിക വെക്കേണ്ടതായ (ചിത്രത്തിനുള്ള ചായം ബ്രഷ് മുതലായവ സൂക്ഷിക്കുന്നതായ) കരണ്ഡം (പാത്രം.) ഗൃഹീത്വാ=എടുത്തു്. ഇതോമുഖം=ഇങ്ങോട്ടുതന്നെ. പ്രസ്ഥിതാ അസ്മി=ഞാൻ പുറപ്പെട്ടു.

കിം ച=എന്നിട്ടു്?

ചതുരികാ:—അന്തരാ പിങ്ഗലികാദ്വിതീയയാ ദേവ്യാ വസുമത്യാ "അഹമേവൈനമാര്യ്യപുത്രസ്യോപനേഷ്യാമീ"തി ഹസ്താത് സബലാത്കാരം സ ഗൃഹീതഃ.

വിദൂ:—ദിഷ്ട്യാ ത്വം മുക്തഃ!

ചതുരികാ:—യാവദ്വിടപലഗ്നമുത്തരീയം ദേവ്യാഃ പിങ്ഗലികാ മോചയതി, താവന്നിർവ്വാസിതഃ മയാ ആത്മാ.

രാജാ:—വയസ്യ! ഉപസ്ഥിതാ ദേവീ ബഹുമാനഗർവ്വിതാ ച. ഭവാനിമാം പ്രതികൃതിം രക്ഷതു.

അന്തരാ=ഇടയ്ക്കു്, (ഞാൻ വരുന്നവഴി.) പിങ്ഗലികാദ്വിതീയയാ=പിങ്ഗലിക എന്ന സഖിയോടുകൂടിയ. ദേവ്യാ വസുമത്യാ=വസുമതീദേവിയാൽ. അഹം ഏവ=ഞാൻതന്നെ. ഏനം=ഈ വർത്തികാകരണ്ഡകത്തെ. ആര്യ്യപുത്രസ്യ=ആര്യ്യപുത്രന്നു് ഉപനേഷ്യാമി=കൊണ്ടുപോയി കൊടുക്കാം. ഇതി=എന്നു്. ഹസ്താത്=കൈയിൽനിന്നും. സബലാത്കാരം=ബലാൽക്കാരമായി. സഃ=ആ വർത്തികാകരണ്ഡകം. ഗൃഹീതഃ=പിടിച്ചുവാങ്ങിക്കപ്പെട്ടു.

ത്വം=നീ. ദിഷ്ട്യാ=ഭാഗ്യത്താൽ. മുക്താ=മുക്തയായി (നിന്നെ ഭാഗ്യവശാൽ വിട്ടയച്ചു; ഇല്ലേ?)

യാവത്=എപ്പോഴാണോ. വിടപലഗ്നം=വിടപത്തിൽ (ശാഖയിൽ) ലഗ്നമായ(ഉടക്കിയതായ.) ദേവ്യാഃ ഉത്തരീയം=ദേവിയുടെ ഉത്തരീയത്തെ. പിംഗലികാ മോചയതി=പിംഗലിക വിടുവിച്ചുകൊണ്ടിരുന്നുവോ. താവത്=അപ്പോൾ, (ആ തക്കം കണ്ടു്) മയാ=എന്നാൽ. ആത്മാ=ദേഹം. നിർവാസിതഃ=നിർവാസിതമായി (ഞാൻ ഇങ്ങോട്ടുതന്നെ കടന്നു.)

വയസ്യ=തോഴരേ! ദേവീ=ദേവി. ഉപസ്ഥിതാ=അടുത്തുവരുന്നു. ബഹുമാനഗർവ്വിതാ ച=ബഹുമാനത്തിൽ ഗർവ്വിതയുമാണു്. ഭവാൻ=അങ്ങു്. ഇമാം പ്രതികൃതിം=ഈ ശകുന്തളാപ്രതിച്ഛായയെ. രക്ഷതു=രക്ഷിച്ചാലും. (സൂക്ഷിച്ചാലും.)രാജാവിന്റെ കൈയിൽ ഈ ചിത്രം കണ്ടാൽ അസൂയമൂലം ദേവി കോപിക്കാൻ ഇടയുണ്ടു്.

വിദൂ:—ആത്മാനമിതി ഭണ. (ചിത്രഫലകാമാദായോത്ഥായ) യദി ഭവാനന്തഃപുരകലഹാൽ മുച്യേത, തതോ മാം മേഘപ്രതിച്ഛന്ദേ പ്രാസാദേ ശബ്ദാപയ. (ദ്രുതപദം നിഷ്ക്രാന്തഃ)

സാനുമതീ:—അന്യാസംക്രാന്തഹൃദയോഽപി പ്രഥമാസംഭാവനാമപേക്ഷതേ ഇതി സ്ഥിരസൌഹൃദ ഏഷഃ.

(പ്രവിശ്യ പത്രഹസ്താ പ്രതീഹാരീ)

ജയതു ദേവഃ.

രാജാ:—വേത്രവതി, ന ഖലന്തരാ ദൃഷ്ടാ ത്വയാ ദേവീ.

ആത്മാനം ഇതി=ആത്മാവിനെയെന്നു് (തന്നെയെന്നു്—അങ്ങയെ സൂക്ഷിക്കണം അഥവാ രക്ഷിക്കണം എന്നു്.) ഭണ=പറഞ്ഞാലും. ചിത്രഫലകാം=ചിത്രപ്പലകയെ. ആദായ=എടുത്തു്. ഉത്ഥായ=എണീററു്.

ഭവാൻ=അങ്ങ്. അന്തഃപുരകലഹാത്=അന്തഃപുരകലഹത്തിൽനിന്നും. യദി മുച്യതേ=മോചിക്കപ്പെട്ടന്നപക്ഷം. തതഃ=അതിൽപിന്നീട് (അപ്പോൾ) മാം=എന്നെ. മേഘപ്രതിച്ഛന്ദേ പ്രാസാദേ=മേഘപ്രതിച്ഛന്ദം എന്ന പ്രാസാദത്തിൽ. ശബ്ദാപയ=വിളിക്കുക.

(ദ്രുതപദം=വേഗത്തിൽ നടന്നു. നിഷ്ക്രാന്തഃ=പോയി.)

അന്യാസംക്രാന്തഹൃദയഃ അപി=അന്യസ്ത്രീയിൽ സംക്രാന്തമായ, സംക്രമിച്ചതായ ഹൃദയത്തോടുകൂടിയവനായിരുന്നാലുംകൂടി. പ്രഥമാസംഭാവനാം=പ്രഥമസംഭാവനയെ, ആദ്യത്തെ പ്രേമബഹുമാനത്തെ. അപേക്ഷതേ=ഈ രാജാവു അപേക്ഷിക്കുന്നു. ഇതി=എന്നതിനാൽ. ഏഷഃ=ഇദ്ദേഹം. സ്ഥിരസൗഹൃദഃ=സ്ഥിരമായ, അചലമായ സൗഹൃദയത്തോട്ട്, പ്രേമത്തോടുകൂടിയവനാണ്.

(പത്രഹസ്താ=കൈയിൽ കടലാസുമായി.)

ദേവഃ ജയതു=ദേവൻ ജയിച്ചാലും.

വേത്രവതി, തിഷ്ഠ=നിന്നാൽ. അന്തരാ=വഴിമദ്ധ്യേ. ന ഖലു ദേവീ ദൃഷ്ടാ=ദേവി കാണപ്പെട്ടില്ലയോ? നീ വഴിമദ്ധ്യേവെച്ച് ദേവിയെ കണ്ടില്ലെന്നുണ്ടോ?

വേത്രവതി:— അഥ കിമ്. പത്രഹസ്താം മാം ദൃഷ്ട്വാ പ്രതിനിവൃത്താ.

രാജാ:— കാര്യജ്ഞാ കാര്യോപരോധം മേ പരിഹരതി.

വേത്ര:— അമാത്യോ വിജ്ഞാപയതി, "അർത്ഥജാലസ്യ ഗണനാബഹുലതയാ ഏകമേവ പൗരകാര്യം പ്രത്യവേക്ഷിതം; തദ്ദേവഃ പത്രാരൂഢം പ്രത്യക്ഷീകരോതു"ഇതി.

രാജാ:— ഇതഃ പത്രം ദർശയ.

(പ്രതീഹാരീ ഉപനയതി)

അഥ കിം=അതേ. പത്രഹസ്താം=ഹസ്തത്തിൽ പത്രത്തോടുകൂടിയ (കടലാസുവഹിച്ചിട്ടുള്ള) മാം=എന്നെ. ദൃഷ്ട്വാ=കണ്ടിട്ട്. പ്രതിനിവൃത്താ=തിരിച്ചുപോയി.

കാര്യജ്ഞാ=കാര്യജ്ഞ(യായ ദേവി) മേ=എനിക്ക്. കാര്യോപരോധം=കാര്യങ്ങൾക്ക് (രാജ്യകാര്യങ്ങൾക്ക്) ഉപരോധം എന്നതിനെ, തടസ്സം എന്നതിനെ. പരിഹരതി=പരിഹരിക്കയാണ്.

അമാത്യഃ=മന്ത്രി. വിജ്ഞാപയതി=അറിയിക്കുന്നു. അർത്ഥജാലസ്യ=അർത്ഥജാലത്തിന്റെ. ഗണനാബഹുലതയാ=ഗണനാബാഹുല്യത്താൽ (ഖജനാവിലെ മുതലു തിട്ടപ്പെടുത്താൻ ധാരാളം ജോലിയുണ്ടായിരുന്നതിനാൽ) ഏകം ഏവ പൗരകാര്യം=ഒരൊററ പൗരകാര്യം മാത്രമേ. പ്രത്യവേക്ഷിതം=പ്രത്യവേക്ഷിതമായുള്ളു (ഗൗരവമേറിയ ഒരു സംഗതിയെപ്പററി മാത്രമേ ആലോചിപ്പാൻ ഇടകിട്ടിയുള്ളു.) പത്രാരൂഢം തത്=പത്രത്തിൽ ആരൂഢമായ, കയറിയിട്ടുള്ളതായ അതു് (എഴുത്തിൽ പ്രസ്താവിച്ചിട്ടുള്ള അക്കാര്യം) ദേവഃ=ദേവൻ. പ്രത്യക്ഷീകരോതു=തൃക്കൺപാർത്താലും. ഇതി=എന്നു്.

പത്രം=ആ കടലാസിനെ. ഇതഃ=ഇങ്ങോട്ട്. ദർശയ=കാണിക്കു്.

ഉപനയതി=അടുത്തു കൊണ്ടുകൊടുക്കുന്നു.

രാജാ:—(അനുവാച്യ) കഥം? സമുദ്രവ്യവഹാരീ സാർത്ഥവാഹോ ധനമിത്രോ നൗവ്യസനേന വിപന്നഃ, അനപത്യശ്ച കില സഃ, രാജഗാമീ തസ്യാർത്ഥസഞ്ചയ ഇത്യമാത്യേന ലിഖിതമ്. (സവിഷാദം) കഷ്ടം ഖല്വനപത്യതാ. വേത്രവതി മഹാധ

നത്വാത് തത്രഭവതാ ബഹുപത്നീകേന ഭവിതവ്യമ്. വിചീയതാം കാചിദാപന്നസത്വാപി തസ്യ ഭാര്യാ സ്യാത്.

പ്രതീഹാരീ:—ദേവ! ഇദാനീം സാകേതകസ്യ ശ്രേഷ്ഠിനോ ദുഹിതാ നിർവൃത്തപുംസവനാ ജായാസ്യ ശ്രൂയതേ.

അനുവാച്യ=വായിച്ച്. കഥം=എന്ത്?

സമുദ്രവ്യവഹാരീ=സമുദ്രവ്യവഹാരിയായ, കടൽയാത്രക്കാരനായ. ധനമിത്രഃ സാർഥവാഹഃ=ധനമിത്രൻ എന്ന സാർഥവാഹകൻ (കച്ചവടക്കാരൻ.) നൗവ്യസനേന=നൗവിൻെറ വ്യസനത്താൽ, വ്യഗ്രതയാൽ (കപ്പലപായത്താൽ) വിപന്നഃ=വിപദധീനനായി. സഃ=അയാൾ. അനപത്യഃ കില=സന്താനങ്ങൾ ഇല്ലാത്തവനാണല്ലോ. തസ്യ=അയാളുടെ. അർത്ഥസഞ്ചയഃ=സമസ്തസമ്പത്തും. രാജഗാമീ=രാജാവിൽ ചെന്നുചേരേണ്ടതാണ്. ഇതി=എന്ന്. അമാത്യേന=അമാത്യനാൽ. ലിഖിതം=എഴുതപ്പെട്ടിരിക്കുന്നു. (സവിഷാദം=വിഷാദത്തോടെ.)

അനപത്യതാ=കുട്ടികളില്ലാതിരിക്ക എന്ന സ്ഥിതി. കഷ്ടം ഖലു=കഷ്ടമായിട്ടുള്ളതാണല്ലോ. വേത്രവതി, മഹാധനത്വാത്=അയാളുടെ മഹാധനത്വംഹേതുവായി. തത്രഭവതാ=അയാളാൽ. ബഹുപത്നീകേന ഭവിതവ്യം=അനേകം ഭാര്യയുള്ളവൻ എന്ന നില ഭവിക്കാവുന്നതാണ്. വിചീയതാം=അക്കാര്യം അന്വേഷിക്കപ്പെടട്ടെ. കാചിത്=ഒരു. ആപന്നസത്വാ അപി=പ്രസവമടുത്തവളെങ്കിലും. തസ്യ ഭാര്യാ സ്യാത്=അയാൾക്കു ഭാര്യയായി കാണും.

ഇദാനീം=ഇപ്പോൾ. സാകേതകസ്യ=അയോദ്ധ്യാവാസിയായ. ശ്രേഷ്ഠിനഃ ദുഹിതാ=ശ്രേഷ്ഠയുടെ മകളായി. നിർവൃത്തപുംസവനാ=പുംസവനംകഴിഞ്ഞ. ജായാ അസ്യ ശ്രൂയതേ=ഭാര്യ അയാൾക്ക് ഉണ്ടെന്നു കേൾക്കപ്പെടുന്നു.

രാജാ:—നനു ഗർഭഃ പിത്ര്യം രിക്ഥമർഹതി. ഗച്ഛ, ഏവമമാത്യം ബ്രൂഹി.

പ്രതീഹാരീ:—യദ്ദേവ ആജ്ഞാപയതി.

(പ്രസ്ഥിതാ)

രാജാ:—ഏഹി താവത്.

പ്രതീ:—ഇയമസ്മി.

രാജാ:—കിമനേന സന്തതിരസ്തി നാസ്തീതി.

യേന, യേന വിയുജ്യന്തേ, പ്രജാഃ സ്നിഗ്ദ്ധേന, ബന്ധുനാ,
സ, സ പാപാദൃതേ, താസാം, ദുഷ്ഷന്ത ഇതി ഘുഷ്യതാമ്. 24

ഗർഭഃ=ഗർഭസ്ഥമായ സന്താനം. പിത്ര്യം=പിതാവിനെസ്സംബന്ധിച്ച. രിക്ഥം=സമ്പത്തിനെ. അർഹതി=അർഹിക്കുന്നു. ഗച്ഛ=പോവുക. അമാത്യം=അമാത്യനോട്. ഏവം ബ്രൂഹി=ഇങ്ങനെ പറയുക.

യത് ദേവഃ ആജ്ഞാപയതി=ദേവൻ ആജ്ഞാപിക്കുംപോലെ.

(പ്രസ്ഥിതാ=പുറപ്പെട്ടു.)

ഏഹി താവത്=വരിക.

ഇയം അസ്മി=ഇതാ ഞാൻ വന്നിരിക്കുന്നു.

സന്തതിഃ=സന്താനം. അസ്തി ന അസ്തി ഇതി=ഉണ്ട് അഥവാ ഇല്ലയെന്ന്. കിം അനേന=ഇതുകൊണ്ടെന്തായി?

൨ പ്രജാഃ=പ്രജകൾ. യേന യേന=ഏതേതൊരു. സ്നിഗ്ദ്ധേന ബന്ധുനാ=സ്നേഹ

ക്കാൻ ഇടവരുന്നുവോ) സഃ സഃ=അതാതു ബന്ധു. പാപാത് ഋതേ=പാപവാന്മാരെ ഒഴിച്ച്. ദുഷ്ഷന്തഃ=ദുഷ്ഷന്തമഹാരാജാവ്. ഇതി=ആണെന്ന്. ഘുഷ്യതാം= വിളംബരം പ്രസിദ്ധപ്പെടുത്തട്ടെ.

പ്രജകളിൽ ആരക്കെങ്കിലും ഏതു പ്രിയബന്ധുവാകട്ടെ നഷ്ടപ്പെട്ടാലും ആ പ്രിയ ബന്ധുവിന്റെ സ്ഥാനത്തിൽ ദുഷ്ഷന്തൻ ഉണ്ട് എന്ന് എല്ലാ ജനങ്ങളും അറിയു മാറ് വിളംബരം പ്രസിദ്ധപ്പെടുത്തട്ടെ.

പ്രതീ:—ഏവം നാമ. (നിഷ്ക്രാമ്യ പുനഃ പ്രവിശ്യ)കാലേ പ്രവൃഷ്ട മിവാഭിനന്ദിതം ദേവസ്യ ശാസനമമാത്യേന.

രാജാ:—(ദീർഘം നിശ്വസ്യ) ഏവം ഭോസ്സന്തതിവിച്ഛേദനിരവലം ബാനാം കുലാനാം മൂലപുരുഷാവസാനേ സമ്പദഃ പരമുപ തിഷ്ഠന്തി. മമാപ്യന്തേ പൂരുവംശശ്രിയ ഏഷ വൃത്താന്തഃ.

പ്രതീ:—പ്രതിഹതമമംഗലമ്.

രാജാ:—ധിഗ്മാമുപസ്ഥിതശ്രേയോഽവമാനിനമ്.

ഏവം നാമ=അങ്ങിനെതന്നെ. (നിഷ്ക്രാമ്യ=പോയിട്ട്. പുനഃ പ്രവിശ്യ= വീണ്ടും പ്രവേശിച്ച്.)

ദേവസ്യ ശാസനം=തമ്പുരാന്റെ ആജ്ഞ. കാലേ പ്രവൃഷ്ടം ഇവ=അത്യാവശ്യ പ്പെട്ടുകൊണ്ടിരിക്കുന്ന സമയത്തുള്ള മഴപോലെ. അമാത്യേന=മന്ത്രിയാൽ. അഭിന ന്ദിതം=അഭിനന്ദിക്കപ്പെട്ടു.

(ദീർഘം നിശ്വസ്യ=ദീർഘനിശ്വാസംചെയ്തിട്ട്.)

ഏവം ഭോഃ=അല്ലേ, ഇങ്ങിനെയാണല്ലോ. സന്തതിവിച്ഛേദനിരവലംബാ നാം= സന്തതിയുടെ വിച്ഛേദംകൊണ്ട് മററ ആശ്രയമില്ലാത്തവയായ. കുലാനാം= കുലങ്ങളുടെ. സമ്പദഃ=സമ്പത്തുകൾ. മൂലപുരുഷാവസാനേ=മൂലപുരുഷന്റെ (കാര ണപുരുഷന്റെ) അവസാനത്തിൽ. പരം=അന്യനെ. ഉപതിഷ്ഠന്തി=പ്രാപിക്കു ന്നതു്. മമ അന്തേ അപി=എന്റെ അവസാനത്തിലും (സന്താനഭാഗ്യം ഇല്ലാത്ത എന്റെ മരണത്തിനുശേഷവും) പൂരുവംശശ്രിയഃ=പൂരുവംശത്തിന്റെ, അതിപ്രസി ദ്ധവും ഗംഭീരന്മാരായ അനേകമനേകം രാജാക്കന്മാർ അടങ്ങിയിരുന്നതുമായ ഈ രാജവംശത്തിന്റെയും. വൃത്താന്തഃ=കഥ. ഏഷഃ=ഇതുതന്നെയാണ്; ഇതുപോലെ യാണ്.

അമംഗലം=അശുഭം. പ്രതിഹതം=പ്രതിഹതമായി (തടുക്കപ്പെട്ടതായിരിക്കട്ടെ) അങ്ങിനെ ഒരമംഗളം വരാതിരിക്കട്ടെ.

ഉപസ്ഥിതശ്രേയഃ=സമീപത്തു് എത്തിയതായ ശ്രേയസ്സിനെ (ശകുന്തളയെ) അവമാനിനം=അവമാനിച്ച. മാം ധിക്=എന്റെ കഥ മഹാപാപം!

സാനു:—അസംശയം സഖീമേവ ഹൃദയേ കൃത്വാ നിന്ദിതോഽനേ നാത്മാ.

രാജാ:—

സംരോപിതേഽപ്യാത്മനി ധർമ്മപത്നീ
ത്യക്താ മയാ നാമ കുലപ്രതിഷ്ഠാ,
കല്പിഷ്യമാണാ മഹതേ ഫലായ
വസുന്ധരാ കാലേ ഇവോപ്തബീജാ. 25

സാനു:—അപരിച്ഛിന്നാ സന്തതിസ്തേ ഭവിഷ്യതി.

അസംശയം=സംശയമില്ല. സഖീം ഏവ=സഖിയെത്തന്നെ (ശകുന്തളയെത്തന്നെ) ഹൃദയേ കൃത്വാ=മനസ്സിൽ വിചാരിച്ച്. അനേന=ഇദ്ദേഹത്താൽ. ആത്മാ=ആത്മാവ് (അദ്ദേഹംതന്നെ) നിന്ദിതഃ=നിന്ദിക്കപ്പെട്ടവനായിരിക്കുന്നു.

ആത്മനി=ആത്മാവ്. സംരോപിതേ അപി=സംരോപിതമായിട്ടുംകൂടി. (ആത്മാവു ഭാൎയ്യയിൽ പ്രവേശിച്ചാണു പുത്രരൂപത്തിൽ അവതരിക്കുന്നതു് എന്നു സ്മൃതിയുണ്ടു്.) കുലപ്രതിഷ്ഠാ=കുലത്തിനു പ്രതിഷ്ഠയായ (എന്റെ വംശം നിലനിൎത്തുന്നതിന്നു് കാരണഭൂതയായ) ധൎമ്മപത്നീ=ധൎമ്മപത്നി. (ശകുന്തള) ത്യക്താ=ത്യജിക്കപ്പെട്ടവളായി. (ഏതുപോലെയെന്നാൽ) കാലേ=യഥാകാലം. മഹതേ ഫലായ=മഹത്തായ ഫലത്തിനായിക്കൊണ്ടു്. കല്പിഷ്യമാണാ=കല്പിക്കപ്പെട്ടതായ. ഉപ്തബീജാ വസുന്ധരാ ഇവ=ഉപ്തമായ (വിതയ്ക്കപ്പെട്ടതായ) ബീജത്തോടു (വിത്തോടു്) കൂടിയ വസുന്ധരപോലെ, ഭൂമിപോലെ (എന്നാൽ ഈ ശകുന്തള ത്യക്തയായിപ്പോയി.) (ധൎമ്മപത്നിയെ ഉപേക്ഷിച്ചു എന്നുമാത്രമല്ല, സന്താനോല്പാദനത്തിന്നു് കാരണമായ ധൎമ്മപത്നിയെയാണല്ലോ ഞാൻ വെടിഞ്ഞതു്? ഹാ കഷ്ടം!)

തേ=അങ്ങേയ്ക്കു്. അപരിച്ഛിന്നാ=പരിച്ഛിന്നയല്ലാത്ത (ഒരുവിധത്തിലും നില അവസാനിച്ചുപോകാത്ത.) സന്തതിഃ=സന്തതി. ഭവിഷ്യതി=ഭവിക്കും(ഉണ്ടാകും.)

ചതുരികാ:—(ജനാന്തികം) അയേ, അനേന സാൎത്ഥവാഹവൃത്താന്തേന ദ്വിഗുണിതാനുശയോ ഭൎത്താ. ഏനമാശ്വാസയിതും മേഘപ്രതിച്ഛന്ദാന്മാധവ്യം ഗൃഹീത്വാ ആഗച്ഛാമി.

പ്രതീഹാരീ:—സുഷ്ഠു ഭണസി. (നിഷ്ക്രാന്താ ചതുരികാ)

രാജാ:—അഹഹാ! ദുഷ്ഷന്തസ്യ സംശയമാരൂഢാഃ പിണ്ഡഭാജഃ കുതഃ—

അസ്മാത് പരം ബത! യഥാശ്രുതി സംഭൃതാനി
കോ നഃ കുലേ നിവപനാനി കരിഷ്യതീതി,
നൂനം പ്രസൂതിവികലേന മയാ പ്രസിക്തം
ധൌതാശ്രുശേഷമുദകം പിതരഃ പിബന്തി, 26

(മോഹമുപഗതഃ)

അയേ=അല്ലാ. അനേന=ഈ. സാൎത്ഥവാഹവൃത്താന്തേന=സാൎത്ഥവാഹവൃത്താന്തത്താൽ. ഭൎത്താ=ദേവൻ. (രാജാവു്) ദ്വിഗുണിതാനുശയഃ=ദ്വിഗുണിതമായ അനുശയത്തോടു് (പശ്ചാത്താപത്തോടു) കൂടിയവനായിരിക്കുന്നു. ഏനം=ഇദ്ദേഹത്തെ. ആശ്വാസയിതും=ആശ്വസിപ്പിക്കുന്നതിന്നു്. മേഘപ്രതിച്ഛന്ദാത്=മേഘപ്രതിച്ഛന്ദം എന്ന സൌധത്തിൽ നിന്നും. മാധവ്യം=മാധവ്യബ്രാഹ്മണനെ. ഗൃഹീത്വാ=സ്വീകരിപ്പാൻ (കൊണ്ടുവരുന്നതിനായി) ആഗച്ഛാമി=ഇതാ ഞാൻ പോയിട്ടുവരുന്നുണ്ടു്.

സുഷ്ഠു ഭണസി=ശരിതന്നെ.

അഹോ!=കഷ്ടം. ദുഷ്ഷന്തസ്യ=ദുഷ്ഷന്തന്റെ. പിണ്ഡഭാജഃ=പിണ്ഡഭാക്കുകളായ പിതൃക്കൾ. സംശയം ആരൂഢാഃ=സംശയാരൂഢന്മാരായി, സംശയവത്തുക്കളായി. കുതഃ=എന്തുകൊണ്ടെന്നാൽ.

ബത=കഷ്ടം. അസ്മാത് പരം=ഇവനുമേലിൽ. യഥാശ്രുതി=വിധിപോലെ. സംഭൃതാനി=സംഭൃതങ്ങളായ. നിവപനാനി=ഉദകതൎപ്പണാദികളെ. നഃ കുലേ=നമ്മുടെ കുലത്തിൽ. കഃ നു കരിഷ്യതി ഇതി=ആരാണു ചെയ്വാൻപോകുന്നതെന്നു് (വിചാരിച്ച്) പ്രസൂതിവികലേന=സന്തതിയില്ലാത്തവനായ. മയാ=എന്നാൽ. പ്രസിക്തം=ദത്തമായ. ധൌതാശ്രുശേഷം=ധൌതമായ അശ്രുശേഷത്തോടുകൂടിയ. ഉദകം=ജലത്തെ. പിതരഃ=പിതൃക്കൾ. പിബന്തി=പാനംചെയ്യുന്നു.

പ്രതീഹാരീ:—(സസംഭ്രമമവലോക്യ) ആശ്വസതു.

സാനുമതീ:—ഹാ ധിക്. സതി ഖലു ദീപേ ഏഷ വ്യവധാനദോഷേണാന്ധകാരമനുഭവതി? അഹമിദാനീമേവ നിർവൃതം കാരയാമി. അഥവാ ശ്രുതം മയാ ശകുന്തളാം സമാശ്വാസയന്ത്യാ മഹേന്ദ്രജനന്യാ മുഖാത്. യജ്ഞഭാഗോത്സുകാ ദേവാ ഏവ തഥാനുതിഷ്ഠന്തി. യഥാ ത്വാം ധർമ്മപത്നീമചിരേണ ഭർതാഭിനന്ദയിഷ്യതീതി. തദ്യുക്തമേതം മമ കാലം ക്ഷന്തുമ്. യാവദനേന നിരവശേഷേണ ക്ഷത്രിയവൃത്താന്തേന സമാശ്വാസയാമി പ്രിയസഖീമ്.

(സസംഭ്രമം=പരിഭ്രമത്തോടുകൂടെ. അവലോക്യ=നോക്കി.) ആശ്വസതു=ആശ്വസിച്ചാലും.

ഹാ ധിക്=ഹാ കഷ്ടം! ദീപേ സതി ഖലു=വിളക്ക് ഇരിക്കുമ്പോളാണല്ലോ. ഏഷഃ=ഇദ്ദേഹം. വ്യവധാനദോഷേണ=വ്യവധാനം (മറവ്)എന്നുള്ള ദോഷത്താൽ. അന്ധകാരം=ഇരുട്ട്. അനുഭവതി=അനുഭവിക്കുന്നത്. അഹം=ഞാൻ. ഇദാനീം ഏവ=ഇപ്പോൾതന്നെ. നിർവൃതം കാരയാമി=അദ്ദേഹത്തെ നിസ്സന്താപനാക്കിച്ചെയ്യാം. അഥവാ=അല്ലെങ്കിൽ. ശകുന്തളാം=ശകുന്തളയെ. സമാശ്വാസയന്ത്യാഃ=സമാശ്വാസം ചെയ്യിക്കുന്ന. മഹേന്ദ്രജനന്യാഃ=മഹേന്ദ്രജനനിയുടെ. മുഖാത്=മുഖത്തിൻ നിന്നു. മയാ=എന്നാൽ. ശ്രുതം=കേൾക്കപ്പെട്ടുവല്ലോ. യജ്ഞഭാഗോത്സുകാഃ=യജ്ഞഭാഗത്തിൽ ഉത്സുകന്മാരായ. ദേവാഃ ഏവ=ദേവന്മാർതന്നെ. യഥാ=എപ്രകാരമായാലാണ്. ത്വാം=നിന്നെ (ശകുന്തളയെ.) അചിരേണ=താമസിയാതെ. ഭർതാ=ഭർത്താവ്. അഭിനന്ദയിഷ്യതി ഇതി=അഭിനന്ദിക്കാൻപോകുന്നത്. തഥാ=അപ്രകാരം. അനുതിഷ്ഠന്തി=വേണ്ടപോലെ അനുഷ്ഠിക്കും. തത്=അതുകൊണ്ട്. മമ=എനിക്ക്. ഏതം കാലം=ഇക്കാലം. ക്ഷന്തും=ക്ഷമിക്കുന്നത്. യുക്തം=യുക്തംതന്നെ. നിരവശേഷേണ=സമഗ്രമായ. ക്ഷത്രിയവൃത്താന്തേന=രാജവാർത്തയാൽ. പ്രിയസഖീം=പ്രിയസഖിയെ. സമാശ്വാസയാമി=ആശ്വസിപ്പിക്കട്ടെ.

(നേപഥ്യേ)

അവിഹാ. പരിത്രായതാം ദേവഃ സംശയഗതം വയസ്യമ്.

രാജാ:—കേനാർത്തകണ്ഠോ മാണവകഃ?

(പ്രവിശ്യ ചതുരികാ)

ദേവ, അദൃഷ്ടരൂപേണ കേനാപി സത്വേന വിശബ്ദ്യേനാക്രമ്യ മേഘപ്രതിച്ഛന്ദസ്യ പ്രാസാദസ്യാഗ്രഭൂമിമാരോപിതഃ.

(നേപഥ്യേ) ഭോ, വയസ്യ! അവിഹാ.

അവിഹാ=(ദീനസ്വരം) 'അയ്യോ' എന്ന് അർത്ഥം. ദേവഃ=ദേവൻ. സംശയഗതം=സംശയഗതമായ ജീവിതത്തോടുകൂടിയ (ജീവിതത്തിന്റെ കാര്യം കേവലം സംശയസ്ഥിതിയിലായിരിക്കുന്ന)വയസ്യം=വയസ്യനെ (തോഴരെ.) പരിത്രായതാം=രക്ഷിച്ചാലും.

കേന=ആരാലാണ്? (എന്തുകാരണത്താലാണ്?) മാണവകഃ=മാണവകൻ (തോഴരായ ബ്രാഹ്മണൻ.) ആർതകണ്ഠഃ=ആർത്തകണ്ഠനായിരിക്കുന്നത്? (മാഢവ്യൻ ഇവ്വിധം അകപ്പാടിലാവുന്നതു് എന്തുകാരണത്താലായിരിക്കും?)

ദേവ=അല്ലയോ മഹാരാജാവേ! അദൃഷ്ടരൂപേണ=ദൃഷ്ടരൂപനല്ലാത്തതും, ആകൃതികണ്ട നിശ്ചയിക്കാൻ പാടില്ലാത്തതും. വിശബ്ദേന=യാതൊരു ശബ്ദവും പുറപ്പെടുവിക്കാത്തതും ആയ. കേന അപി സത്വേന=ഏതോ സത്വത്താൽ, ജീവിയാൽ. (മാഢവ്യൻ.) മേഘപ്രതിച്ഛന്ദസ്യ പ്രാസാദസ്യ=മേഘപ്രതിച്ഛന്ദം എന്ന പേരായ മാളികയുടെ. അഗ്രഭൂമിം=അഗ്രഭൂമിയെ, മേൽനിലയെ. ആരോപിതഃ=കയററപ്പെട്ടവനായിരിക്കുന്നു.

സന്താനലബ്ധി സാദ്ധ്യമല്ലെന്നുള്ള വിചാരത്താലും ഗർഭിണിയായ ശകുന്തളാദേവിയെ തിരസ്കരിച്ചല്ലോ എന്ന മനസ്താപത്താലും ഏററവും ദുഃഖിതനായിരിക്കുന്ന രാജാവിനെ ശോകാന്ധതയിൽനിന്നു വേർപെടുത്തുന്നതിനു മാതലി പ്രയോഗിക്കുന്ന ഒരു സൂത്രമാണു മാഢവ്യനെ പിടികൂടിയിരിക്കുന്നുവെന്നതു്. മാഢവ്യന്റെ ആപത്തു വരുത്തുന്ന വൈരിയെ ഇല്ലാതാക്കി തോഴരെ രക്ഷിപ്പാൻ രാജാവു് ഉദ്യുക്തനാകുന്ന പക്ഷം ശോകംപോയി വീരരൗദ്രത്വം അദ്ദേഹത്തിൽ എളുപ്പം സിദ്ധമാകുമല്ലോ?

**രാജാ:—(ഉത്ഥായ) മാ താവത്. മമാപി സത്വൈരഭിഭൂയന്തേ ഗൃഹാഃ. അഥവാ,**

**അഹന്യഹന്യാത്മന ഏവ താവത്**
**ജ്ഞാതും പ്രമാദസ്ഖലിതം ന ശക്യമ്;**
**പ്രജാസു കഃ കേന പഥാ പ്രയാതീ-**
**ത്യശേഷതോ വേദിതുമസ്തി ശക്തിഃ? 27**

**(നേപഥ്യേ) ഭോ വയസ്യ! അവിഹാ; അവിഹാ.**

**രാജാ:—സഖേ, ന ഭേതവ്യമ്; ന ഭേതവ്യമ്.**

**(നേപഥ്യേ പുനസ്തദേവ പഠിത്വാ)**

**കഥം ന ബിഭേമി? ഏഷ മാം പശ്ചാദേവ നതശിരോധരം ഇക്ഷുമിവ തീക്ഷ്ണഭങ്ഗം കരോതി.**

മാ താവത്=അരുതു്, അരുതു്. മമ അപി=എന്റെയും. ഗൃഹാഃ=ഗൃഹം (രാജഗൃഹം.) സത്വൈഃ=സത്വങ്ങളാൽ. അഭിഭൂയന്തേ=ആക്രമിക്കപ്പെടുന്നു (വോ) (എന്തു്? എന്റെ വാസഗേഹത്തിലും ഓരോ പിശാചാദിദുഷ്ടജീവികൾ ആക്രമിച്ചുതുടങ്ങുന്നുവോ?) അഥവാ=അല്ലെങ്കിൽ,

അഹനി അഹനി=ദിവസംതോറും (ഓരോദിവസത്തിലും) ആത്മനഃ ഏവ=തന്റെതന്നെയായുള്ള (എന്റേതുകയായ) പ്രമാദസ്ഖലിതം=പ്രമാദംകൊണ്ടുള്ള സ്ഖലിതത്തെ (ദുരാചരണത്തെ) ജ്ഞാതും=അറിയുന്നതിനു്. ന ശക്യം=ശക്യമല്ലാതിരിക്കുന്നു (ഞാൻതന്നെ പ്രമാദംഹേതുവായി എന്തെല്ലാം ദുരാചരണങ്ങളാണ് കാട്ടിക്കൂട്ടുന്നതു് എന്നു നിശ്ചയമില്ല. ശകുന്തളാതിരസ്കാരത്തെപ്പററി വിചാരിച്ചായിരിക്കണം രാജാവു് ഇങ്ങിനെ പറയുന്നതു്.) ആ സ്ഥിതിക്കു്, പ്രജാസു=പ്രജകളിൽ. കഃ=ആരൊരുത്തൻ. കേന പഥാ=ഏതുവഴിയിൽക്കൂടെയാണ്. പ്രയാതി ഇതി=സഞ്ചരിക്കുന്നതു് എന്നു്. അശേഷതഃ=നിശ്ശേഷമായി വേദിതും=അറിയുന്നതിനു്. ശക്തിഃ=ശക്തി. അസ്തി (കിം)=ഉണ്ടോ?

സഖേ=അല്ലയോ തോഴരേ! ന ഭേതവ്യം=ഭയപ്പെടേണ്ടതില്ല.

(നേപഥ്യേ=അണിയറയിൽ. പുനഃ=വീണ്ടും. തത് ഏവ പഠിത്വാ=അതുതന്നെ എടുത്തുപറഞ്ഞിട്ടു്.)

കഥം ന ബിഭേമി?=എങ്ങിനെയാണു പേടിക്കാതിരിക്കുന്നതു്? ഏഷഃ=ഇയാൾ. മാം=എന്നെ. പശ്ചാത് ഏവ=പുറകോട്ടുതന്നെ. നതശിരോധരം=വളയ്ക്കപ്പെട്ട ശിരസ്സോടുകൂടിയവനാക്കി.

'പശ്ചാദവനതശിരോധരം' എന്നു പാഠഭേദം.

ഇക്ഷും ഇവ=ഇക്ഷുവിനെപ്പോലെ (കരിമ്പിനെപ്പോലെ.) തീക്ഷ്ണഭങ്ഗം=തീക്ഷ്ണമായ ഭങ്ഗത്തോടു്, പരിഭവത്തോടു് അഥവാ ഇക്ഷുപക്ഷത്തിൽ ഞെരിച്ചിലിനോടുകൂടിയവനാക്കി. കരോതി=ചെയ്യുന്നു. (എന്റെ തല പുറകോട്ടു കുനിച്ചു് ഇതാ കരിമ്പിൻതടിപോലെ ഇയാൾ ഞെരിക്കുന്നു.)

രാജാ:—(സദൃഷ്ടിക്ഷേപം) ധനുസ്താവത്.

(പ്രവിശ്യ ശാർങ്ഗഹസ്താ യവനികാ)

ഭർത്തഃ, ഇദം ശരാസനം ഹസ്താവാപസഹിതമ്.

(രാജാ സശരം ധനുരാദത്തേ)

സദൃഷ്ടിക്ഷേപം=ദൃഷ്ടിക്ഷേപത്തോടുകൂടി. (ഇങ്ങോട്ടു് എടുക്കുക എന്നു കണ്ണുകൊണ്ടു് ആംഗ്യംകാട്ടി. ധനുഃ താവത്=വില്ലാകട്ടെ (ആ വില്ലു്) (ശാർങ്ഗഹസ്താ=ശാർങ്ഗം, വില്ലു് ഹസ്തത്തിലെടുത്തു്. യവനികാ=യവനിക (പരിചാരികയും അങ്ഗരക്ഷകയുമായ യവനിക) പ്രവിശ്യ=പ്രവേശിച്ചു്.)

ഇദം=ഇതാ. ഹസ്താവാപസഹിതം=ഹസ്താവാപത്തോടു് (കൈയ്യുറയോടു) കൂടിയ. ശരാസനം=വില്ലു്.

(രാജാ=രാജാവു്. സശരം=ശരത്തോടുകൂടിയ. ധനുഃ=വില്ലിനെ. ആദത്തേ=എടുക്കുന്നു.)

രാജാവിന്റെ ശോകം മുഴുവൻ ഇപ്പോൾ നിശ്ശേഷം ഇല്ലാതായി. അദ്ദേഹം വീര്യവാനായ ഒരു രാജർഷിയായിരിക്കുന്നു. സ്വവയസ്യനെ ആപത്തിൽനിന്നു രക്ഷിക്കുന്നതിനു് അതായതു് ആർത്തത്രാണത്തിനായി അദ്ദേഹംവില്ലെടുത്തിരിക്കുന്നു.

(നേപഥ്യേ)

ഏഷ ത്വാമഭിനവകണ്ഠശോണിതാർത്ഥീ,
ശാർദൂലഃ പശുമിവ ഹന്മി ചേഷ്ടമാനമ്;
ആർത്താനാം ഭയമപനേതുമാത്തധന്വാ
ദുഷ്യന്തസ്തവ ശരണം ഭവത്വിദാനീമ്. 28

രാജാ:—(സരോഷം) കഥം മാമേവോദ്ദിശ്യതി? കുണപാശന, ത്വമിദാനീം ന ഭവിഷ്യസി. (ശാർങ്ഗമാരോപ്യ) വേത്രവതി, സോപാനമാർഗ്ഗമാദേശയ.

അഭിനവകണ്ഠശോണിതാർത്ഥീ=അഭിനവമായ, പുത്തനായ കണ്ഠശോണിതത്തെ കഴുത്തിൻരക്തത്തെ അർത്ഥിക്കുന്നവനായ (കണ്ഠത്തിലെ നവരുധിരം പാനംചെയ്യാൻ ആസക്തനായ.) ഏഷഃ=ഇവൻ (ഈ ഞാൻ.) ശാർദൂലഃ=ശാർദൂലം (കടുവാ) പശും ഇവ=പശുവിനെ എന്നപോലെ (കാട്ടുജന്തുവിനെ എന്നപോലെ.) ചേഷ്ടമാനം=ചേഷ്ടമാനനായ (എന്നിൽനിന്നു വിട്ടുപോകാൻ വളരെയൊക്കെ പാടുപെടുന്ന) ത്വാം=നിന്നെ. ഹന്മി—ഇതാ കൊല്ലുന്നു.

ആർത്താനാം=ദുഃഖിതന്മാരുടെ. ഭയം=ഭയത്തെ. അപനേതും=നീക്കുന്നതിന്. ആത്തധന്വാ=ആത്തമായ (എടുക്കപ്പെട്ടതായ) ധനുസ്സോടു (വില്ലോടു)കൂടിയവനായ. ദുഷ്ഷന്തഃ=ദുഷ്ഷന്തൻ. തേ=നിനക്ക്. ഇദാനീം=ഇപ്പോൾ. ശരണം=ശരണമായി. ഭവതു=ഭവിക്കട്ടെ (ഭവിക്കുന്നതു കാണട്ടെ.)

(സരോഷം=കോപത്തോടുകൂടി)

കഥം=എന്ത്? മാം ഏവ=എന്നെത്തന്നെ. ഉദ്ദിശ്യതി=ഉദ്ദേശിച്ചു വിളിക്കുന്നു(വോ?) കുണപാശന!=കുണപത്തെ (ശവത്തെ) അശിക്കുന്നവനേ, തിന്നുന്നവനേ! (എടോ പിശാചേ!) ത്വം=നീ. ഇദാനീം=ഇപ്പോൾ. ന ഭവിഷ്യസി=ഭവിപ്പാൻപോകുന്നില്ല. (നിന്റെ കഥ ഇതാ തീൎന്നു.) (ശാർങ്ഗം=വില്ല്. ആരോപ്യ=ആരോപണംചെയ്തു.) വേത്രവതി, സോപാനമാർഗ്ഗം=കോണിപ്പടിവഴി. ആദേശയ=കാണിച്ചുതരിക. (ഇങ്ങനെ വഴികാണിപ്പാൻ പറയുന്നതു് അന്നത്തെ ഒരു ആചാരമാണ്. രാജാവു എന്തുകാര്യത്തിനായി എങ്ങോട്ടു തിരിയുമ്പോഴും വഴികാട്ടാൻ ആളുവേണം.)

പ്രതീഹാരീ:—ഇതോ ദേവഃ—

(സർവ്വേ സത്വരമുപസർപ്പന്തി)

രാജാ:—(സമന്താദവിലോക്യ) ശൂന്യം ഖല്വിദമ്.

(നേപഥ്യേ)

അവിഹാ! അഹമത്രഭവന്തം പശ്യാമി. ത്വം ന പശ്യസി. വിഡാലഗൃഹീതോ മൂഷിക ഇവ നിരാശോഽസ്മി ജീവിതേ സംവൃത്തഃ.

രാജാ:—ഭോസ്തിരസ്കരിണീഗർവ്വിത, മദീയമസ്ത്രം ത്വാം ദ്രക്ഷ്യതി. ഏഷ തമിഷും സന്ദധേ.

യോ ഹനിഷ്യതി വധ്യം ത്വാം രക്ഷ്യം രക്ഷതി ച ദ്വിജമ്,
ഹംസോ ഹി ക്ഷീരമാദത്തേ തന്മിശ്രാ വർജ്ജയത്യപഃ. 29

(അസ്ത്രം സംധത്തേ)

(തതഃ പ്രവിശതി വിദൂഷകമുത്സൃജ്യ മാതലിഃ)

കൃതാശ്ശരവ്യാഃ ഹരിണാ തവാസുരാ-
ശ്ശരാസനം തേഷു വികൃഷ്യതാമിദമ്;
പ്രസാദസൌമ്യാനി സതാം സുഹൃജ്ജനേ
പതന്തി ചക്ഷൂംഷി, ന ദാരുണാശ്ശരാഃ. 30

ഇതഃ ദേവഃ=ദേവൻ ഇതിലെ.

സർവ്വേ=എല്ലാപേരും. സത്വരം=വേഗത്തിൽ. ഉപസർപ്പന്തി=അടുത്തുചെല്ലുന്നു.

സമന്താത്=ചുറ്റും. വിലോക്യ=നോക്കിയിട്ട്. ശൂന്യം ഖലു ഇദം=ഇവിടെ ജനശൂന്യമാണല്ലോ (എന്തു് ഇവിടെ ആരുമില്ലല്ലോ.)

അഹം=ഞാൻ. അത്രഭവന്തം=അവിടുത്തെ. പശ്യാമി=കാണുന്നു(ണ്ടു്). ത്വം ന പശ്യസി=അങ്ങു് (എന്നെ) കാണുന്നില്ല. വിഡാലഗൃഹീതഃ=വിഡാലത്താൽ (മാർജ്ജാരത്താൽ), ഗൃഹീതമായ (പിടിക്കപ്പെട്ട) മൂഷികഃ ഇവ=മൂഷികൻ എന്ന

പോലെ. ജീവിതേ=ജീവിതത്തിൽ. നിരാശഃ സംവൃത്തഃ അസ്മി=ഞാൻ കേവലം നിരാശനായിത്തീൎന്നിരിക്കുന്നു.

ഭോഃ=എടോ! തിരസ്കരിണീഗവ്വിത!=തിരസ്കരിണികൊണ്ടു് (മനുഷ്യരുടെ കണ്ണിൽപ്പെടാതെ ഭൂമിയിൽ സഞ്ചരിക്കുന്നതിനു ദേവന്മാരാൽ കല്പിച്ചുകൊടുക്കുന്ന ഒരു വിദ്യയത്രേ തിരസ്കരിണീവിദ്യ.) ഗവ്വിതനായവനേ! മദീയം=എൻെറവകയായ അസ്ത്രം= ഈ ശരം. ത്വാം=നിന്നെ. ദ്രക്ഷ്യതി=ഇതാ കാണാൻപോകുന്നു, (എനിക്കു നിന്നെ കാണ്മാൻ സാധിക്കുന്നില്ലെങ്കിൽ എൻെറ അസ്ത്രം ഇതാ നിന്നെ കാണ്മാൻപോകുന്നു) ഏഷഃ=ഇവൻ (ഞാൻ) തം ഇഷും=ആ ബാണത്തെ. സന്ദധേ=(ഇതാ) വില്ലിൽ തൊടുക്കുന്നു.

യഃ=യാതൊരുബാണമാണോ. വധ്യം=വധിപ്പാൻതക്കവനായ. ത്വാം=നിന്നെ. ഹനിഷ്യതി=ഹനിക്കാൻപോകുന്നു (ആയതുപോലെ) രക്ഷ്യം=രക്ഷിപ്പാൻ യോഗ്യനായ. ദ്വിജം=ബ്രാഹ്മണനെ. രക്ഷതി ച=രക്ഷിക്കയും ചെയ്യുന്നുവോ. (ആ ബാണം ഇതാ നിന്നെ അടുക്കാൻപോകുന്നു.) ബാണത്തിൻെറ യോഗ്യത ഏതുപോലെ ന്നു പറയുന്നു—

ഹംസഃ=ഹംസം (വെള്ളം കലൎന്ന പാലിൽനിന്നു) ക്ഷീരം=പാലിനെ. ആദത്തേ=സ്വീകരിക്കുന്നു. തന്മിശ്രാഃ=ആ പാലോടു മിശ്രങ്ങളായ, ചേൎന്ന. അപഃ=വെള്ളത്തെ. വർജയതി=ഉപേക്ഷിക്കുന്നു.

(അസ്ത്രം=ബാണത്തെ. സംധത്തേ=തൊടുക്കുന്നു.) (തതഃ=അനന്തരം. വിദൂഷകം=വിദൂഷകനെ. ഉത്സൃജ്യ=വിട്ടു്. മാതലിഃ=മാതലി എന്ന ഇന്ദ്രദൂതൻ (ഇന്ദ്രസാരഥി.) പ്രവിശതി=പ്രവേശിക്കുന്നു.)

ഹരിണാ=ദേവേന്ദ്രനാൽ. അസുരാഃ=അസുരന്മാർ. തവ=നിനക്കു്. ശരണ്യാഃ കൃതാഃ=ശരണ്യങ്ങളാക്കി, ലക്ഷ്യങ്ങളാക്കി. കൃതാഃ=ചെയ്യപ്പെട്ടിരിക്കുന്നു. തവ=നിൻെറ. ഇദം ശരാസനം=ഈ വില്ലു്. തേഷു=അവരിൽ (അവരുടെ നേക്കു്) വികൃഷ്യതാം=പ്രയോഗിക്കപ്പെടട്ടെ.

സുഹൃജ്ജനേ=സുഹൃജ്ജനത്തിൽ. സതാം=സത്തുക്കളുടെ. പ്രസാദസൌമ്യാനി= പ്രസാദംകൊണ്ടു്, അനുഗ്രഹംകൊണ്ടു് സൌമ്യങ്ങളായ. ചക്ഷൂംഷി=ചക്ഷുസ്സുകൾ. പതന്തി=പതിക്കുന്നു. ന ദാരുണാഃ ശരാഃ=(അല്ലാതെ) ദാരുണങ്ങളായ ശരങ്ങളല്ല (പതിക്കേണ്ടതു്.)

രാജാ:—(അസ്ത്രമുപഹരൻ) അയേ! മാതലിഃ—സ്വാഗതം ദേവേന്ദ്രസാരഥേ!

വിദൂഷകഃ:—അഹം യേന പശുമാരം മാരിതഃ സോഽനേന സ്വാഗതേനാഭിവന്ദ്യതേ

മാതലിഃ:—ആയുഷ്മൻ, ശ്രൂയതാം യദർത്ഥമസ്മി ഹരിണാ ഭവത് സകാശം പ്രേഷിതഃ.

രാജാ:— അവഹിതോഽസ്മി.

മാതലിഃ:—അസ്തി കില കാലനേമിപ്രസൂതിർദുർജ്ജയോ നാമ ദാനവഗണഃ.

**രാജാ:—ശ്രുതപൂർവ്വം മയാ നാരദാത്.**

അയേ=അല്ലാ! മാതലിഃ=മാതലി! (യോ?) ദേവേന്ദ്രസാരഥേ=അല്ലയോ ദേവേന്ദ്രസാരഥേ! സ്വാഗതം=ഇതാ സ്വാഗതം (പറയുന്നു.)

യേന=യാതൊരുത്തനാലാണോ. അഹം=ഞാൻ. പശുമാരം മാരിതഃ=ഒരു കാട്ടുമൃഗംപോലെ മരിപ്പിക്കപ്പെട്ടുവോ? സഃ=അയാൾ. അനേന=ഇദ്ദേഹത്താൽ. സ്വാഗതേന=സ്വാഗതവാക്യത്തോടെ. അഭിവന്ദ്യതേ=അഭിവന്ദിക്കപ്പെടുന്നു!

ആയുഷ്മൻ=അല്ലയോ ആയുഷ്മൻ! യദർത്ഥം=എന്തിനായിട്ടാണ്. ഹരിണാ=ദേവേന്ദ്രനാൽ. ഭവത് സകാശം=അങ്ങയുടെ അടുത്തു്. പ്രേഷിതഃ=അയയ്ക്കപ്പെട്ടിരിക്കുന്നു (വെന്നും) ശ്രൂയതാം=കേട്ടാലും.

അവഹിതഃ അസ്മി=ഞാൻ ശ്രദ്ധിച്ചിരിക്കുന്നു.

കാലനേമിപ്രസൂതിഃ=കാലനേമി എന്ന അസുരൻെറ സന്താനമായി. ദുർജ്ജയഃ നാമ=ദുർജ്ജയം എന്നു പേരുള്ള. ദാനവഗണഃ=ദാനവഗണം (അസുരഗണം) അസ്തി കില=ഉണ്ടല്ലോ.

നാരദാത്=നാരദനിൽ നിന്നും. മയാ=എന്നാൽ. ശ്രുതപൂർവം=ഇതു മുമ്പുതന്നെ കേൾക്കപ്പെട്ടിട്ടുണ്ടു്. (അറിയാം. ഇങ്ങിനെ ഒരു അസുരഗണം ഉണ്ടെന്നു് നാരദമഹർഷി പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്.)

**മാതലിഃ:—**

**സഖ്യുസ്തേ സ കില ശതക്രതോരജയ്യ-**
**സ്തസ്യ ത്വം രണശിരസി സ്മൃതോ ƒസി ഹന്താ;**
**ഉച്ഛേത്തും പ്രഭവതി യന്ന സപ്തസപ്തി-**
**സ്തന്നൈശം തിമിരമപാകരോതി ചന്ദ്രഃ. 31**

**സഃ ഭവാനാത്തശസ്ത്ര ഏവേദാനീമൈന്ദ്രം രഥമാരുഹ്യ വിജയായ പ്രതിഷ്ഠതാമ്.**

**രാജാ:—അനുഗൃഹീതമനയാ മഘവതഃ സംഭാവനയാ അഥ മാധവ്യം പ്രതി ഭവതാ കിമേവം പ്രയുക്തമ്?**

സഃ=ആ ദാനവസംഘവും. തേ സഖ്യുഃ=നിൻെറ സഖാവായ. ശതക്രതോഃ=ശതക്രതുവിന്നു്. അജയ്യഃ=ജയിപ്പാൻപാടില്ലാത്തതായിരിക്കുന്നു. തസ്യ=ആ അസുരസംഘത്തിന്നു്. ത്വം=നീ. രണശിരസി=രണശിരസ്സിൽ (യുദ്ധമദ്ധ്യത്തിൽ.) ഹന്താ=ഹന്താവായി. സ്മൃതഃ അസി=സ്മരിക്കപ്പെട്ടിരിക്കുന്നു.

യതഃ=യാതൊന്നിനെയാണോ. സപ്തസപ്തിഃ=സൂര്യൻ. ഉച്ഛേത്തും=ഇല്ലാതാക്കുന്നതിന്നു്. ന പ്രഭവതി=സമർത്ഥനാകുന്നില്ല. തത്=ആ. നൈശം=നിശാസംബന്ധിയായ (രാത്രിയിലുള്ള) തിമിരം=തിമിരത്തെ (അന്ധകാരത്തെ.) ചന്ദ്രഃ=ചന്ദ്രൻ. അപാകരോതി=ഇല്ലാതാക്കുന്നു (വല്ലോ;) ദൃഷ്ടാന്താലങ്കാരം.

സഃ ഭവാൻ=ആ (അങ്ങിനെയുള്ള) അങ്ങു്. ആത്തശസ്ത്രഃ ഏവ=ആത്തശസ്ത്രനായി (ശസ്ത്രസമേതനായി)തന്നെ. ഇദാനീം=ഇപ്പോൾ. ഐന്ദ്രം=ഇന്ദ്രൻെറവാക

യായ. രഥം ആരുഹ്യ=രഥത്തെ ആരോഹണംചെയ്തു് (രഥത്തിൽ കയറി.)വിജയായ= വിജയത്തിന്നായി. പ്രതിഷ്ഠതാം=പുറപ്പെട്ടാലും.

അനയാ=ഈ. മഘവതഃ സംഭാവനയാ=മഘവതഃസംഭാവനയാൽ (ദേവേന്ദ്രൻ നൽകിയ ബഹുമാനത്താൽ.) അനുഗൃഹീതഃ=അനുഗ്രഹിക്കപ്പെട്ട.

മാഢവ്യംപ്രതി=മാഢവ്യനെ സംബന്ധിച്ച്. ഭവതാ=അങ്ങയാൽ. കിം ഏവം പ്രയുക്തം?=എന്തിനായിട്ടാണ് ഈവിധം ചെയ്യപ്പെട്ടതു്?

മാതലിഃ:—തദപി കഥ്യതേ. കിംനിമിത്താദപി മനഃസന്താപാദായുഷ്മാൻ മയാ വിക്ലബോ ദൃഷ്ടഃ. പശ്ചാത് കോപയിതുമായുഷ്മന്തം തഥാ കൃതവാനസ്മി. കുതഃ—

ജ്വലതി ചലിതേന്ധനോഽഗ്നി-
ർവ്വിപ്രകൃതഃ പന്നഗഃ ഫണം കുരുതേ;
പ്രായഃ സ്വം മഹിമാനം
കോപാത് പ്രതിപദ്യതേ ഹി ജനഃ. 32

തത് അപി=അതും. കഥ്യതേ=പറയപ്പെടുന്നു (അതു പറയാം.)

കിം നിമിത്താത് അപി=എന്തോ കാരണമായി. മനഃസന്താപാത്=മനശ്ശോകംഹേതുവാൽ. ആയുഷ്മാൻ=അവിടുന്നു്. വിക്ലബഃ=വിക്ലബനായി, ക്ഷീണിച്ച മനഃശക്തിയോടുകൂടിയവനായി. മയാ=എന്നാൽ. ദൃഷ്ടഃ=കാണപ്പെട്ടു. പശ്ചാത്=പിന്നീടു്. കോപയിതും=അങ്ങയെ ദേഷ്യപ്പെടുന്നതിന്നു്. തഥാ കൃതവാൻ അസ്മി= അപ്രകാരം ചെയ്തുപോയിട്ടുള്ളതാണ്. കുതഃ=എന്തുകൊണ്ടെന്നാൽ.

ഇന്ധനേ=ഇന്ധനം (വിറകുകൊള്ളി.) ചലിതേ=ചലിപ്പിക്കപ്പെട്ടതാകുമ്പോൾ അഗ്നിഃ=അഗ്നി. ജ്വലതി=ജ്വലിക്കുന്നു.

വിപ്രകൃതഃ=ഉപദ്രവിക്കപ്പെടുന്നതായ. പന്നഗഃ=പന്നഗം. ഫണം കുരുതേ= പത്തി വിതിക്കുന്നു.

പ്രായഃ=മിക്കവാറും. സ്വം മഹിമാനം=സ്വകീയമായമഹിമയെ. കോപാത് ഹി= കോപം ഹേതുവായിട്ടാണല്ലോ. ജനഃ=ആളുകൾ. പ്രതിപദ്യതേ=പ്രാപിക്കുന്നതു്.

ആദ്യത്തെ വരിയിൽ അലങ്കാരം—ദൃഷ്ടാന്തം.

ഉത്തരാർദ്ധത്തിലെ അലങ്കാരം—അപ്രസ്തുതപ്രശംസ.

(ഇന്ദ്രവൈരികളായ അസുരന്മാരെ അമർച്ചവരുത്തുവാൻ രാജാവു് ഉടൻതന്നെ തിരിക്കണമെന്നുള്ള പക്ഷം, അദ്ദേഹം ശോകമാനസനായിരുന്നാൽ സാധിക്കയില്ല. ആയതിനാൽ ആ വ്യസനം ഇല്ലാതാക്കുന്നതിനായിട്ടാണ് മാതലി ഈ വിദ്യ പ്രയോഗിച്ചതു്.)

രാജാ:—യുക്തമനുഷ്ഠിതം ഭവദ്ഭിഃ. (ജനാന്തികം) വയസ്യ! ന പുനരതിക്രമണീയാ ദിവസ്പതേരാജ്ഞാ. തദത്ര പരിഗതാർത്ഥം കൃത്വാ മദ്വചനാദമാത്യമാര്യപിശുനം ബ്രൂഹി—

ത്വന്മതിഃ കേവലാ താവത് പ്രതിപാലയതു പ്രജാഃ;
അധിജ്യമിദമന്യസ്മിൻ കർമ്മണി വ്യാപൃതം ധനുഃ. 33

വിദൂഷകഃ:—യത് ഭവാനാജ്ഞാപയതി.

(നിഷ്ക്രാന്തഃ)

മാതലി:—ഇത ഇത ആയുഷ്മൻ!

(രാജാ രഥാരോഹണം നാടയതി)

(നിഷ്ക്രാന്താഃ സർവേ)

ഭവദ്ഭിഃ=ഭവാന്മാരാൽ (അങ്ങയാൽ.) യുക്തം അനുഷ്ഠിതം=യുക്തമായി അനുഷ്ഠിക്കപ്പെട്ടു (അങ്ങുചെയ്തതു് യുക്തംതന്നെ.) ജനാന്തികം=മാറിനിന്നു ഒരാളോടുമാത്രമായി (നാടകത്തിലെ ഒരു അനുഷ്ഠാനക്രമം.)

വയസ്യ=ഹേ സഖേ! (വിദൂഷകനോടു്)ദിവസ്പതേഃ=ദിവസ്പതിയുടെ (ഇന്ദ്രന്റെ) ആജ്ഞാ=ആജ്ഞാപനം. ന പുനഃ അതിക്രമണീയാ=അതിക്രമിക്കത്തക്കതല്ലല്ലോ. തത്=അതുകൊണ്ടു്. പരിഗതാർത്ഥം കൃത്വാ=പരിഗതമായ, അറിയപ്പെട്ട കാര്യത്തോടുകൂടിയവനാക്കി (കാര്യം അറിയിച്ചു്) മദ്വചനാത്=എന്റെ വാക്കിൽനിന്നു (എന്റെ വാക്കായി.) അമാത്യം=അമാത്യനായ. ആര്യപിശുനം=ആര്യപിശുനനോടു്. ബ്രൂഹി=പറയുക.

ത്വന്മതിഃ കേവലാ താവത്=നിന്റെ ബുദ്ധിമാത്രമായിട്ടു് (അങ്ങയുടെ ബുദ്ധിമാത്രം.) പ്രജാഃ=ജനങ്ങളെ. പ്രതിപാലയതു=രക്ഷിക്കട്ടെ. (അങ്ങുമാത്രം ഇപ്പോഠം രാജ്യനീതി വേണ്ടപോലെ നടത്തിക്കൊള്ളണം.)

ഇദം ധനുഃ=ഈ വില്ല്. അധിജ്യം=ഞാൺപൂട്ടിയതായി. അന്യസ്മിൻ കർമ്മണി=മററൊരുകാര്യത്തിൽ. വ്യാവൃതം=വ്യാപരിക്കപ്പെട്ടതായിരിക്കുന്നു.

യഥ് ഭവാൻ ആജ്ഞാപയതി=അങ്ങു് ആജ്ഞാപിക്കുംപോലെ. ഇതഃ ഇതഃ ആയുഷ്മൻ=ആയുഷ്മൻ ഇതിലെ ഇതിലേ (ഇതാ.)

രഥാരോഹണം=രഥാരോഹത്തെ, നാടയതി=നടിക്കുന്നു. സർവേ=എല്ലാവരും. നിഷ്ക്രാന്താഃ=പോയി.

## സപ്തമോ ഽങ്കഃ

(തതഃ പ്രവിശത്യാകാശയാനേന രഥാധിരൂഢോ രാജാ മാതലിശ്ച)

**രാജാ:—** മാതലേ, അനുഷ്ഠിതനിയോഗോ ഽപി മഘവതഃ സത്ക്രിയാവിശേഷാദനുപയുക്തമിവാത്മാനം സമർത്ഥയേ.

കഴിഞ്ഞ അങ്കത്തിൽ സാനുമതി എന്ന അപ്സരസ്സ് ഊഹിച്ചതും പ്രാർത്ഥിച്ചതുംപോലുള്ള നായികാസങ്ഗമത്തിനു നായകനു് സൌകര്യമുണ്ടാക്കുന്നതായ അവസാന അങ്കം ആരംഭിക്കുന്നു.

മാതലിയുമൊന്നിച്ച് രാജാവ് രഥത്തിൽ കയറിയതായിട്ടാണല്ലോ ആറാം അങ്കം അവസാനിക്കുന്നതു്. മുറയ്ക്കു രാജാവിൻെറ സഹായത്തോടുകൂടി ദേവേന്ദ്രൻ അസുരന്മാരെ തോല്പിക്കുന്നു. അനന്തരം ഇന്ദ്രൻ അമരാവതിക്കു ദുഷ്ഷന്തനെ ക്ഷണിച്ചു വേണ്ടവിധം സൽക്കരിച്ചയയ്ക്കുന്നു.

(തതഃ=ദേവേന്ദ്രസൽക്കാരാനന്തരം. പ്രവിശതി=പ്രവേശിക്കുന്നു. ആകാശയാനേന=ആകാശംവഴി. രഥാധിരൂഢഃ=രഥത്തിൽ അധിരൂഢനായ. രാജാ മാതലിശ്ച=രാജാവും മാതലിയും.)

മാതലേ=അല്ലയോ മാതലി! (ഈ സംബോധന രാജാവിൻെറ സന്തോഷാതിശയത്തെ സൂചിപ്പിക്കുന്നു.) അനുഷ്ഠിതനിയോഗഃ അപി=അനുഷ്ഠിതമായ, അനുഷ്ഠിക്കപ്പെട്ടതായ നിയോഗത്തോടു (ആജ്ഞയോടു) കൂടിയവനാണെങ്കിലും (ഞാൻ) (ഇന്ദ്രൻെറ ആജ്ഞാപനം അനുസരിച്ച് അസുരയുദ്ധത്തിൽ അവരെ വധിച്ച് ആവിധം ഇന്ദ്രനു് ഒരുപകാരം ഞാൻ ചെയ്തു എന്നുള്ളബോധം ഉണ്ടായിട്ടുകൂടി) മഘവതഃ=മഘവാവിൻെറ (ഇന്ദ്രൻെറ.) സത്ക്രിയാവിശേഷാത്=സത്ക്രിയയുടെ (സല്ക്കാരത്തിൻെറ) വിശേഷം ഹേതുവായി. ആത്മാനം=തന്നെ (എന്നെ.) അനുപയുക്തം ഇവ=അനുപയുക്തനായിട്ടെന്നപോലെ ,അദ്ദേഹത്തിനു യാതൊന്നും ഉപകാരംചെയ്യാത്തവനെപ്പോലെ.) സമർത്ഥയേ=ഗണിച്ചുപോകുന്നു.

**മാതലിഃ:—** (സസ്മിതം) ആയുഷ്മൻ, ഉഭയമപ്യപരിതോഷമ്.

പ്രഥമോപകൃതം മരുത്വതഃ
പ്രതിപത്ത്യാ ലഘു മന്യതേ ഭവാൻ;
ഗണയത്യവദാനവിസ്മിതോ
ഭവതഃ സോ ഽപി ന സത്ക്രിയാഗുണാൻ. 1

**രാജാ:—** മാ മൈവമ്. സ ഖലു മനോരഥാനാമപ്യതിഭൂമിർവിസർജ്ജനാവസരസത്കാരഃ, മമ ഹി ദിവൌകസാം സമക്ഷമർദ്ധാസനോപനിവേശിതസ്യ—

അന്തർഗ്ഗതപ്രാർത്ഥിതമന്തികസ്ഥം
ജയന്തമുദ്വീക്ഷ്യ കൃതസ്മിതേന,
ആമൃഷ്ടവക്ഷോഹരിചന്ദനേന
മന്ദാരമാലാ ഹരിണാ പിനദ്ധാ. 2

(സസ്മിതം=പുഞ്ചിരിയോടെ.)

ആയുഷ്മൻ=അല്ലയോ ആയുഷ്മൻ. ഉഭയം അപി=രണ്ടും (രണ്ടുപേരുടെ ഹൃദയവും) അപരിതോഷം=പരിതോഷത്തോടുകൂടാത്തതായിരിക്കുന്നു. (ഉപകാരത്തിനനുസരണമായ സല്ക്കാരമായില്ല എന്ന് ഇന്ദ്രനും ഇന്ദ്രന്റെ സ്ഥിതിക്കനുസരിച്ച ഒരു ഉപകാരമായില്ല എന്നു ദുഷ്ഷന്തനും വിചാരമുണ്ട് എന്നു താല്പര്യം.)

മരുത്വതഃ=മരുത്വാന്ന്, ദേവേന്ദ്രന്ന്. പ്രഥമോപകൃതം=പ്രഥമമായി, ആദ്യമായി അങ്ങോട്ടുചെയ്ത ഉപകാരത്തെ. ഭവാൻ=അങ്ങ്. പ്രതിപത്ത്യാ=പ്രതിപത്തിയാൽ (ബഹുമാനപൂർവ്വം ഇങ്ങോട്ടുകാണിച്ച സൽക്കാരത്തോടുകൂടിയ അങ്ങയുടെ ബഹുമാനത്താൽ) ലഘു=ലഘുവായിട്ട്, സാരമില്ലാത്തതായിട്ട്. മന്യതേ=വിചാരിക്കുന്നു.

അപദാനവിസ്മിതഃ=അപദാനംകൊണ്ട്, വീരകൃത്യംകൊണ്ട് വിസ്മിതനായ, ആശ്ചര്യഭരിതനായ. സഃ അപി=അദ്ദേഹവും. ഭവതഃ=അങ്ങേയ്ക്കു (നൽകിയതായ) സൽക്രിയാഗുണാൻ=സത്ക്രിയയുടെ,(സൽക്കാരത്തിന്റെ) ഗുണദോഷങ്ങളെ, ആവൎത്തനങ്ങളെ, (ആവൎത്തിച്ചാവൎത്തിച്ചുനൽകിയ സൽക്കാരങ്ങളെ.) ന ഗണയതി=ഗണിക്കുന്നില്ല.

മാ മാ ഏവം=അല്ലല്ല, (ഹേയ് അങ്ങനെ പറയരുതു്.) സഃ=ആ. വിസൎജ്ജനാവസരസത്ക്കാരഃ=വിസൎജ്ജനാവസരത്തിലുള്ള, യാത്രപറഞ്ഞ അവസരത്തിലുള്ള സത്ക്കാരം. മനോരഥാനാം അപി=മനോരഥങ്ങൾക്കുകൂടെ. അതിഭൂമിഃ=അതിപ്രാപ്യമാണ്. ദിവൌകസാം സമക്ഷം=ദേവന്മാരുടെ മുമ്പിൽ. അൎദ്ധാസനോപനിവേശിതസ്യ=അൎദ്ധാസനത്തിൽ കയററി ഇരുത്തപ്പെട്ട. മമ ഹി=എന്റെയാകട്ടെ.

അന്തൎഗ്ഗതപ്രാൎത്ഥിതം=അന്തൎഗ്ഗതമായ(ഉള്ളിലുള്ളതായ)പ്രാൎത്ഥനയോട്, അഭിലാഷത്തോടുകൂടിയവനായും. അന്തികസ്ഥം=അന്തികത്തിൽ, (സമീപത്തിൽ) സ്ഥിതിചെയ്യുന്നവനായുമുള്ള. ജയന്തം=ജയന്തനെ (ഇന്ദ്രപുത്രനെ.) ഉദ്വീക്ഷ്യ=നോക്കി. കൃതസ്മിതേന=കൃതമായ, ചെയ്യപ്പെട്ട സ്മിതത്തോട് (പുഞ്ചിരിയോട്)കൂടിയവനും. ആമൃഷ്ടവക്ഷോഹരിചന്ദനേന=ആമൃഷ്ടമായ, സംശ്ലിഷ്ടമായ (പററിയതായ) വക്ഷസ്സിലുള്ള ഹരിചന്ദനത്തോട്, (രക്തചന്ദനത്തോട്)കൂടിയവനും ആയ. ഹരിണാ=ഹരിയാൽ (ഇന്ദ്രനാൽ.) മന്ദാരമാലാ=കല്പകപ്പൂമാല. പിനദ്ധാ=പിനദ്ധയായി (എന്റെ കഴുത്തിൽ ഇടപ്പെട്ടതായി.)

മാതലിഃ—കിമിവായുഷ്മാനമരേശ്വരാന്നാൎഹതി? പശ്യ—

സുഖപരസ്യ ഹരേരുഭയൈഃ കൃതം
ത്രിദിവമുദ്ധൃതദാനവകണ്ടകമ്—
തവ ശരൈരധുനാ നതപൎവ്വഭിഃ,
പുരുഷകേസരിണശ്ച പുരാ നഖൈഃ. 3

ആയുഷ്മാൻ=ആയുഷ്മാനായ (അങ്ങ്) അമരേശ്വരാത്=അമരേശനിൽനിന്നും. കിം ഇവ ന അൎഹതി=(ഇങ്ങനെയുള്ള ഒരു ബഹുമതിയെ) അൎഹിക്കുന്നില്ലയോ?

പശ്യ=നോക്കണം.

സുഖപരസ്യ=സുഖമാത്രപരനായ. ഹരേഃ=ഹരിക്കു് (ദേവേന്ദ്രന്ന്.) ഉഭയൈഃ=രണ്ടുപേരാൽ. ത്രിദിവം=സ്വൎഗ്ഗലോകം. ഉദ്ധൃതകണ്ടകം=ഉദ്ധൃതമായ, പറിച്ചെടുക്കപ്പെട്ടതായ കണ്ടകത്തോട്, മുള്ളോടു (ശത്രുക്കളോട്) കൂടിയതായി. കൃതം=ചെയ്യപ്പെട്ടു.

തവ=അങ്ങയുടെ. നതപൎവ്വഭിഃ=നതങ്ങളായ (താണവകളായ)പൎവ്വങ്ങളോട്, മടക്കുകളോടുകൂടിയ. ശരൈഃ=ശരങ്ങളാൽ. അധുനാ=ഇപ്പോൾ.

പുരുഷകേസരിണഃ=നരസിംഹത്തിൻെറ (നരസിംഹാവതാരത്തിൻെറ.) നഖൈഃ=നഖങ്ങളാൽ. പുരാ ച=പണ്ടും.

രാജാ:—മാ മൈവമ്. അത്ര ഖലു ശതക്രതോരേവ മഹിമാ സ്തുത്യഃ. കുതഃ—

സിധ്യന്തി കർമസു മഹത്സ്വപി യന്നിയോജ്യാഃ
സംഭാവനാഗുണമവേഹി തമീശ്വരാണാമ്;
കിം വാഭവിഷ്യദരുണസ്തമസാം നിഹന്താ,
തം ചേത് സഹസ്രകിരണോ ധുരി നാകരിഷ്യത്. 4

മാതലിഃ:—സദൃശമേവൈതദായുഷ്മതഃ. (സ്തോകമന്തരമതിക്രമ്യ) ആയുഷ്മന്നിതഃ പശ്യ നാകപൃഷ്ഠപ്രതിഷ്ഠിതസ്യ സൗഭാഗ്യമാത്മയശസഃ.—

വിച്ഛിത്തിശേഷൈഃ സുരസുന്ദരീണാം
വർണൈരമീ കല്പലതാംശുകേഷു
സഞ്ചിന്ത്യ ഗീതിക്ഷമമർത്ഥബന്ധം
ദിവൗകസസ്ത്വച്ചരിതം ലിഖന്തി. 5

മാ, മാ ഏവം=അരുതു്, അങ്ങിനെയല്ല. അത്ര=ഇവിടെ (ഇക്കാര്യത്തിൽ.) ശതക്രതോഃ=ശതക്രതുവിൻെറ (ഇന്ദ്രൻെറ.) ഏവ=തന്നെ. മഹിമാ സ്തുത്യഃ ഖലു=മഹിമാവു് (മാഹാത്മ്യം) സ്തുത്യമായിരിക്കുന്നതു്.

കുതഃ=എന്തുകൊണ്ടെന്നാൽ.

യത്=യാതൊരുകാരണത്താലാണോ. നിയോജ്യാഃ=നിയോജ്യന്മാർ (ഭൃത്യന്മാർ) മഹത്സു അപി കർമസു=മഹത്തുക്കളായ കാര്യങ്ങളിൽ. സിധ്യന്തി=സാധ്യത നേടുന്നു(വോ) തം=അതിനെ. ഈശ്വരാണാം=പ്രഭുക്കളുടെ, മേലെജമാനന്മാരുടെ. സംഭാവനാഗുണം=സംഭാവനയുടെ ഗുണമായിട്ടു്. അവേഹി=അറിഞ്ഞാലും.

സഹസ്രകിരണഃ=സഹസ്രകിരണൻ. ധുരി=ധുരിൽ. ന അകരിഷ്യത് ചേത്=(തേരാളിയായി) ചെയ്തില്ലെങ്കിൽ, നിയമിക്കാത്ത പക്ഷം. അരുണഃ=അരുണൻ. തമസാം നിഹന്താ=തമസ്സുകളുടെ, ഇരുട്ടിൻെറ നിഹന്താവായി. കഥം വാ അഭവിഷ്യത്=ഭവിക്കുമായിരിക്കുമോ?

ഏതത്=ഇതു്. ആയുഷ്മതഃ=ആയുഷ്മാനു്. സദൃശം ഏവ=സദൃശംതന്നെയാണു്. (യോജിച്ചതുതന്നെയാണു്.)

(സ്തോകം അന്തരം=അല്പദൂരം. അതിക്രമ്യ=കടന്നു്)

ആയുഷ്മൻ, ഇതഃ=ഇങ്ങോട്ടു്. നാകപൃഷ്ഠപ്രതിഷ്ഠിതസ്യ=നാകപൃഷ്ഠത്തിൽ (സ്വർഗ്ഗതലത്തിൽ) പ്രതിഷ്ഠിതമായ. ആത്മയശസഃ=ആത്മയശസ്സിൻെറ. സൗഭാഗ്യം=സുഭഗതയെ. പശ്യ=കണ്ടാലും.

സുരസുന്ദരീണാം=സുരസുന്ദരികളുടെ (അപ്സരസ്സുകളുടെ.) വിച്ഛിത്തിശേഷൈഃ=വിച്ഛിത്തിക്കു് (തിലകാദിഅലങ്കാരങ്ങൾക്കു്) നിവൃത്തിച്ചതിനുശേഷമുള്ള. വർണൈഃ=വർണ്ണങ്ങളാൽ (ചായങ്ങളാൽ.) അമീ ദിവൗകസഃ=ഈ ദിവൗകസ്സുകൾ, ഈ ദേവന്മാർ. കല്പലതാംശുകേഷു=കല്പലതയുടെ അംശുകങ്ങളിൽ, (കല്പലതത്തളിരുകളിൽ) അലങ്കാരത്തിനു ...

ത്തെ, അസുരജയരൂപമായ അപദാനപ്രകാരങ്ങളെ. സഞ്ചിന്ത്യ=നല്ലപോലെ ചിന്തനംചെയ്തു്. ഗീതിക്ഷമം=ഗീതിക്ഷമമായ (പാടത്തക്കതായ) അർത്ഥബന്ധം=പ്രബന്ധത്തെ. ലിഖന്തി=എഴുതുന്നു.

**രാജാ:—മാതലേ! അസുരസംപ്രഹാരോത്കേന പൂവേദ്യുരധിരോഹതാ മയാ ന ലക്ഷിതോ സ്വർഗ്ഗമാർഗ്ഗഃ. കതമസ്മിൻ മരുതാം പഥി വർത്താമഹേ?**

മാതലേ, അസുരസംപ്രഹാരോത്കേന=അസുരന്മാരുമായുള്ള സംപ്രഹാരത്തിൽ, യുദ്ധത്തിൽ ഉത്കനായ, ഉൽസുകനായ. മയാ=എന്നാൽ. പൂവേദ്യുഃ=ഇന്നലെ. സ്വർഗ്ഗമാർഗ്ഗഃ=സ്വർഗ്ഗമാർഗ്ഗം (വഴി) ന ലക്ഷിതഃ=ലക്ഷിതമായില്ല. (വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചില്ല.)

മരുതാം=മരുത്തുകളുടെ (വായുക്കളുടെ.) കതമസ്മിൻ പഥി=ഏതുവഴിയിലാണ്. വർത്താമഹേ=നാം ഇപ്പോൾ വർത്തിക്കുന്നതു്? (വ്യോമഭാഗം ഏഴു വായുമാർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവ ആവഹം, പ്രവഹം, അനുവഹം, സംവഹം, വിവഹം, പരാവഹം, പരിവഹം എന്നിങ്ങനെയാണ് ഏഴ്. ഇവയിൽ ഏതുമാർഗ്ഗത്തിൽക്കൂടിയാണ് ഇപ്പോൾ രഥം പോകുന്നതെന്ന് രാജാവു മാതലിയോടു ചോദിക്കുന്നു. ഈ ഏഴു മാർഗ്ഗങ്ങളാണു സ്വർഗ്ഗത്തിലേക്കു പോകാനുള്ള പന്ഥാക്കളെന്നു് പൗരാണികവിശ്വാസം.)

**മാതലിഃ:—**

**ത്രിസ്രോതസം വഹതി യോ ഗഗനപ്രതിഷ്ഠാം,**
**ജ്യോതീംഷി വർത്തയതി ച പ്രവിഭക്തരശ്മിഃ,**
**തസ്യ ദ്വിതീയഹരിവിക്രമനിസ്തമസ്കം,**
**വായോരിമം പരിവഹസ്യ വദന്തി മാർഗം. 6**

**രാജാ:—അതഃ ഖലു സബാഹ്യകരണോഽന്തരാത്മാ പ്രസീദതി. (രഥാങ്ഗം വിലോക്യ) മേഘപദവീമവതീർണ്ണൗ സ്വഃ.**

യഃ=യാതൊരു വായുവാണോ. ഗഗനപ്രതിഷ്ഠാം=ഗഗനപ്രതിഷ്ഠയായ. ത്രിസ്രോതസം=ത്രിസ്രോതസ്സിനെ, ആകാശഗംഗയെ (ആകാശഗംഗയ്ക്കു മൂന്നുസ്രോതസ്സുകൾ അഥവാ ഒഴുക്കുകൾ ഉണ്ടു;—ഒന്നു ദേവഗംഗ, രണ്ടു് ഭൂഗംഗ, മൂന്നു് പാതാളഗംഗ ഇങ്ങിനെ.) വഹതി=വഹിക്കുന്നു.

യഃ=യാതൊരു വായുവാണോ. പ്രവിഭക്തരശ്മിഃ=പ്രവിഭക്തങ്ങളായ രശ്മികളോടു്, ചെറുതുപോലുള്ള വായുവിഭാഗങ്ങളോടുകൂടി. ജ്യോതീംഷി=ഗ്രഹനക്ഷത്രാദികളായ ജ്യോതിസ്സുകളെ. വർത്തയതി=സഞ്ചരിപ്പിക്കുന്നു.

തസ്യ=ആ. പരിവഹസ്യ വായോഃ=പരിവഹവായുവിന്റെ. ദ്വിതീയഹരിവിക്രമനിസ്തമസ്കം=ദ്വിതീയമായ ഹരിവിക്രമത്താൽ (ഹരിയുടെ-മഹാവിഷ്ണുവിന്റെ) ദ്വിതീയമായ പാദപ്രക്ഷേപണത്താൽ (മഹാബലിയെ മടക്കാൻ മഹാവിഷ്ണു വാമനാവതാരമെടുത്തു ഭൂമി അളന്നപ്പോൾ രണ്ടാമത്തെ അടിവെച്ചതായ എന്നു കഥാസൂചന.) നിസ്തമസ്കമായ=തമസ്സില്ലാത്തതാക്കിയ, നിർമ്മലമായ. മാർഗം=മാർഗ്ഗമെന്നു്. വദന്തി=പറയുന്നു.

അതഃ ഖലു=ഇതുകൊണ്ടാണല്ലോ (നാം പരിവഹവായുമാർഗ്ഗത്തിൽ ഇപ്പോൾ എത്തിയിരിക്കുകൊണ്ടാണല്ലോ.) സബാഹ്യകരണഃ=ബാഹ്യകരണങ്ങളോടു്, ബാഹ്യേന്ദ്രിയങ്ങളോടുകൂടി. അന്തരാത്മാ=അന്തരാത്മാവു് (മനസ്സ്.) പ്രസീദതി=പ്രസാ

രഥാങ്ഗം=ചക്രം. വിലോക്യ=നോക്കി.

മേഘപദവീം=മേഘപദവിയെ (മേഘമാൎഗ്ഗത്തെ.) അവതീൎണ്ണൗ=അവതീൎണ്ണന്മാരായി. സ്വഃ=നാം (രണ്ടുപേരും) ഭവിക്കുന്നു. (ഇരിക്കുന്നു.)

രാജാ:—

അയമരവിവരേഭ്യശ്ചാതകൈർനിഷ്പതദ്ഭി-
ൎഹരിഭിരചിരഭാസാം തേജസാ ചാനുവിദ്ധൈഃ,
ഗതമുപരി ഘനാനാം വാരിഗൎഭോദരാണാം,
പിശുനയതി രഥസ്തേ ശീകരക്ലിന്നനേമിഃ. 7

മാതലിഃ—ക്ഷണാദായുഷ്മാനധികാരഭൂമൗ വർതിഷ്യതേ.

അരവിവരേഭ്യഃ=അരങ്ങളുടെ, രഥചക്രത്തിലുള്ള ഇലകളുടെ (അകത്തെ തടിക്കഷണങ്ങളുടെ) വിവരങ്ങളിൽനിന്നും, ഇടകളിൽനിന്നും. നിഷ്പതദ്ഭിഃ=നിഷ്പതത്തുക്കളായ (വെളിയിലേക്കു പറക്കുന്നവയായ.) ചാതകൈഃ=ചാതകങ്ങളാലും.

അചിരഭാസാം=അചിരഭാസുകളുടെ, മിന്നലുകളുടെ. തേജസാ=തേജസ്സിനാൽ. അനുവിദ്ധൈഃ=അനുവിദ്ധങ്ങളായ, കൂടിയവയായ (മഞ്ഞനിറത്തിലുള്ള കാന്തി വഹിച്ചവയായ.) ഹരിഭിഃ ച=ഹരികളാലും (കുതിരകളാലും.)

അല്ലയോ മാതലേ,

തേ=ഭവാൻെറ. ശീകരക്ലിന്നനേമിഃ=ശീകരംകൊണ്ടു (വർഷസംബന്ധിയായ അംബുകണംകൊണ്ട്) ക്ലിന്നമായ (ആർദ്രമായ) നേമിയോടു (രഥചക്രത്തോടു) കൂടിയ. രഥഃ=രഥം.

വാരിഗൎഭോദരാണാം=വാരി (വെള്ളം), ഗൎഭത്തിലുള്ള (ഉള്ളിലുള്ള) ഉദരത്തോടു കൂടിയവയായ. ഘനാനാം=മേഘങ്ങളുടെ. ഉപരി=മുകളിൽ. ഗതം=ഗമനത്തെ. പിശുനയതി=സൂചിപ്പിക്കുന്നു.

അലങ്കാരം—അനുമാനം.

ആയുഷ്മാൻ=ആയുഷ്മാനായ അങ്ങ് (ദുഷ്ഷന്തൻ.) ക്ഷണാത്=ക്ഷണനേരത്തിനുള്ളിൽ. അധികാരഭൂമൗ=അധികാരഭൂമിയിൽ (അങ്ങയുടെ അധികാരം പ്രവൎത്തിതമായിരിക്കുന്ന ഭൂലോകത്തിൽ.) വർതിഷ്യതേ=വൎത്തിക്കാൻപോകുന്നു. (ഭൂലോകത്തു് എത്തുന്നതിന് ഇനി അശേഷം താമസമില്ല.)

രഥം മേഘമാൎഗ്ഗത്തിൽ എത്തി എന്നു മുൻവിവരിച്ച പദ്യംകൊണ്ടു തെളിയുന്നുണ്ടല്ലോ.

രാജാ:—(അധോ വിലോക്യ) വേഗാവതരണാദാശ്ചൎയ്യദൎശനം സംലക്ഷ്യതേ മനുഷ്യലോകഃ—

ശൈലാനാമവരോഹതീവ ശിഖരാദുന്മജ്ജതാം മേദിനീ,
പൎണ്ണസ്വാന്തരലീനതാം വിജഹതി സ്കന്ധോദയാത് പാദപാഃ,
സന്താനം തനുഭാവനഷ്ടസലിലാ വ്യക്തിം വ്രജന്ത്യാപഗാഃ,
കേനാപ്യുത്ക്ഷിപതേവ മർത്ത്യഭുവനം മത്പാൎശ്വമാനീയതേ. 8

അധഃ=താഴെ. വിലോക്യ=നോക്കി.

വേഗാവതരണാത്=വേഗത്തോടുകൂടിയ അവതരണം ഹേതുവായി. മനുഷ്യലോകഃ=മനുഷ്യലോകം (ഭൂലോകം.) ആശ്ചര്യദർശനം=ആശ്ചര്യദർശനമാകുംവണ്ണം. സംലക്ഷ്യതേ=കാണപ്പെടുന്നു.

മേദിനീ=ഭൂമി. ഉന്മജ്ജതാം=ഉന്മജ്ജത്തുക്കളായ മുകളിലേയ്ക്കു പൊങ്ങിനില്ക്കുന്നവയായ. ശൈലാനാം=ശൈലങ്ങളുടെ. ശിഖരാത്=ശിഖരത്തിൽനിന്നും. അവരോഹതി ഇവ=താഴോട്ട് ഇറങ്ങുന്നുവോ എന്നു തോന്നും. (ഇവിടെ ഭൂമിയിൽനിന്നു ശൈലങ്ങൾ പൊങ്ങിക്കയറുന്നുവോ എന്നും ശൈലങ്ങളിൽനിന്നു ഭൂമി താഴോട്ടു ഇറങ്ങുന്നുവോ എന്നും രണ്ടുവിധം ഉൽപ്രേക്ഷയുമാകാം.)

പാദപാഃ=പാദപങ്ങൾ (വൃക്ഷങ്ങൾ.) സ്കന്ധോദയാത്=സ്കന്ധങ്ങളുടെ, കൊമ്പുകളുടെ ഉദയംഹേതുവായി (ഉയർച്ചഹേതുവായി.) വർണ്ണസ്വാസ്തരലീനതാം=വർണ്ണങ്ങളായ (നിറങ്ങളായ) സ്വാസ്തരങ്ങളിൽ, സ്വകീയആസ്തരങ്ങളിൽ (മറവുകളിൽ.) ലീനതയെ=മറഞ്ഞിരിക്കുക എന്ന സ്ഥിതിയെ. വിജഹതി ഇവ=ഉപേക്ഷിക്കുന്നുവോ എന്നു തോന്നും.

ആപഗാഃ=നദികൾ. തനുഭാവനഷ്ടസലിലാഃ=തനുഭാവത്താൽ (വററിപ്പോകയാൽ) നഷ്ടങ്ങളായ സലിലങ്ങളോടുകൂടിയതുകളായി. സന്താനം=സന്താനത്തെ. (അവിച്ഛിന്നപ്രവാഹതയെ.) വ്യക്തം=വ്യക്തമാകുംവണ്ണം. വ്രജന്തി=പ്രാപിക്കുന്നു.

മർത്ത്യഭവനം=ഭൂലോകം. ഉൽക്ഷിപതാ=മുകളിലേക്കു പൊക്കിക്കൊണ്ടുവരുന്ന. കേനാപി=ആരോ ഒരുത്തനാൽ. മത്പാർശ്വം=എന്റെ സമീപത്തേക്ക്. ആനീയതേ ഇവ=ആനയിക്കപ്പെടുന്നുവോ എന്നുതോന്നും.

ഭാവനാശക്തിയുടെ പരമമായ സ്ഥിതി ഈ പദ്യത്തിൽ വിളങ്ങുന്നു.

മാതലിഃ—സാധു ദൃഷ്ടമ്. (സബഹുമാനം വിലോക്യ) അഹോ! ഉദഗ്രരമണീയാ പൃഥിവീ.

രാജാ:—മാതലേ, കതമോഽയം? പൂർവ്വാപരസമുദ്രാവഗാഢഃ കനകരസനിഷ്യന്ദീ സാന്ധ്യ ഇവ മേഘപരിഘസ്സാനുമാനാലക്ഷ്യതേ.

മാതലിഃ:—ആയുഷ്മൻ, ഏഷ ഖലു ഹേമകൂടോ നാമ കിംപുരുഷപർവ്വതഃ; പരം തപസ്വിനാം സിദ്ധിക്ഷേത്രമ്. പശ്യ—

സ്വായംഭുവാന്മരീചേര്യഃ പ്രബഭൂവ പ്രജാപതിഃ
സുരാസുരഗുരുസ്സോഽസ്മിൻ സപത്നീകസ്തപസ്യതി. 9

സാധു ദൃഷ്ടം=കാണപ്പെട്ടതു ശരിയാണ്; കണ്ടതു ശരിയാണ്. (സബഹുമാനം=ബഹുമാനത്തോടുകൂടി. വിലോക്യ=നോക്കി.) അഹോ=ആശ്ചര്യം. പൃഥിവീ=ഭൂമി. ഉദഗ്രരമണീയാ=ഉദഗ്രരമണീയമായിരിക്കുന്ന (ഗംഭീരവും രമണീയവുമായിരിക്കുന്നു.)

മാതലേ!=അല്ലയോ മാതലീ.

പൂർവ്വാപരസമുദ്രാവഗാഢഃ=പൂർവ്വാപരസമുദ്രങ്ങളിൽ അവഗാഹനം ചെയ്തതായി. കനകരസനിഷ്യന്ദീ=കനകരസനിഷ്യന്ദിയായി, കനകമയധാതുരസനിഷ്യന്ദിയായി. സാന്ധ്യഃ=സന്ധ്യാകാലത്തിലുള്ള. മേഘപരിഘഃ ഇവ=പരിഘതുല്യമായ മേഘം പോലെ. സാനുമാൻ=പർവ്വതം. ആലക്ഷ്യതേ=കാണപ്പെടുന്നു. അയം കതമഃ=ഇതു് ഏതാണ്?

ആയുഷ്മൻ=അല്ലയോ ആയുഷ്മൻ!

ഏഷ ഖലു=ഇതാണല്ലോ. ഹേമകൂടഃ നാമ=ഹേമകൂടം എന്നു പേരായ. കിംപുരുഷപർവ്വതഃ=കിംപുരുഷപർവ്വതം.

ഈ ഹേമകൂടപർവതമാണ് ഭൂലോകത്തെ ഒൻപതു'വർഷ'ങ്ങളായി ഭാഗിച്ചിട്ടുള്ളതു് എന്നു പുരാണകഥ. ഹിമാലയപർവതത്തിന്റെ ഉത്തരഭാഗത്തായി കൈലാസത്തിന്നു സമീപം സ്ഥിതിചെയ്യുന്നു.

തപസ്വിനാം=തപസ്വികളുടെ. പരം=ശ്രേഷ്ഠമായ. സിദ്ധിക്ഷേത്രം=ആദ്ധ്യാത്മികചര്യാവിധാനങ്ങളാൽ സായുജ്യം അടയുന്നതിനുള്ള പ്രത്യേകസ്ഥലം.

പശ്യ=കണ്ടാലും.

സ്വായംഭുവാത്=സ്വയംഭൂവിനെ സംബന്ധിച്ച (സ്വയംഭൂവിന്റെ, ബ്രഹ്മാവിന്റെ പുത്രനായ) മരീചേഃ=മരീചിയിൽനിന്നു്. യഃ=യാതൊരു. പ്രജാപതിഃ=പ്രജാപതിയാണോ. പ്രബഭൂവ=ഉണ്ടായി (പ്രജാപതി എന്നു പറയുന്നതു് സൃഷ്ടികർത്തൃത്വമുള്ളയാളെയാണ്. ഇവിടെ കാശ്യപപ്രജാപതിയെയാണ് കുറിക്കുന്നതു്. മരീചിയുടെ പുത്രനായ ഈ കാശ്യപനെ ഒരു പ്രജാപതിയായി പുരാണങ്ങളിൽ അത്ര അധികം അറിയപ്പെടുന്നില്ല. എന്നാലും, ലോകസൃഷ്ടിയിൽ അദ്ദേഹത്തിനും ഗണ്യമായ ഒരു സ്ഥാനമുള്ളതുകൊണ്ടു് അദ്ദേഹത്തെയും പ്രജാപതിയായിട്ടുതന്നെ പൗരാണികന്മാർ അറിയുന്നു.)

സഃ സുരാസുരഗുരുഃ=സുരാസുരഗുരുവായ അദ്ദേഹം. അസ്മിൻ=ഈ പർവതത്തിൽ. സപത്നീകഃ=സപത്നികനായി (പത്നിയോടുകൂടിയവനായി.) തപസ്യതി=തപസ്സുചെയ്യുന്നു. (കാശ്യപപ്രജാപതി അദിതിയേയും ദക്ഷന്റെ മററു പന്ത്രണ്ടു പുത്രിമാരെയും വേട്ടു; ദേവാസുരന്മാരിലും പന്നഗങ്ങളിലും ഉൾപ്പെട്ട പലരുടേയും പിതൃസ്ഥാനം വഹിച്ചിട്ടുണ്ടു് )

**രാജാ:—തേന ഹ്യനതിക്രമണീയാനി ശ്രേയാംസി. പ്രദക്ഷിണീകൃത്യ ഭഗവന്തം ഗന്തുമിച്ഛാമി.**

**മാതലിഃ:—പ്രഥമഃ കല്പഃ.**

**(നാട്യേനാവതീർണൌ)**

തേന ഹി=അക്കാരണത്താൽതന്നെ. ശ്രേയാംസി=ശ്രേയസ്സുകൾ. അനതിക്രമണീയാനി=അനതിക്രമണീയങ്ങളാണ്; ശ്രേയസ്സുകൾ അതിക്രമിക്കത്തക്കവയല്ല. (ഭാഗ്യവശാൽ ലഭിക്കുന്ന അവസരം വൃഥാ കളവാൻപാടുള്ളതല്ല.) പ്രദക്ഷിണീകൃത്യ=പ്രദക്ഷിണംവച്ചു്. ഭഗവന്തം=ഭഗവാൻകാശ്യപനെ. ഗന്തും=പ്രാപിക്കുന്നതിന്നു്. ഇച്ഛാമി=ഞാൻ ആഗ്രഹിക്കുന്നു.

പ്രഥമഃ കല്പഃ=ഉത്തമമായ പക്ഷംതന്നെയാണ്. നാട്യേന=നാട്യത്താൽ. അവതീർണൌ=അവർ ഇരുവരും ഇറങ്ങുന്നു.

**രാജാ:—(സവിസ്മയം)**

**ഉപോഢശബ്ദാ ന രഥാങ്ഗനേമയഃ,**
**പ്രവർത്തമാനം ന ച ദൃശ്യതേ രജഃ,**
**അഭ്രതലസ്പർശതയാ നിരുദ്ധത-**
**സ്തവാവതീർണ്ണോഽപി ന ലക്ഷ്യതേ രഥഃ.**

**മാതലിഃ:—ഏതാവാനേവ ശതക്രതോരായുഷ്മതശ്ച വിശേഷഃ.**

**രാജാ:—കതമസ്മിൻ പ്രദേശേ മാരീചാശ്രമഃ?**

(സവിസ്മയം=ആശ്ചര്യത്തോടുകൂടെ)

അഭ്രതലസ്പർശതയാ=ഭൂതലസ്പർശം ഇല്ലാത്തതുകൊണ്ടു് (മാതലിയുടെ രഥം ഭൂസ്പർശം ചെയ്യുന്നതല്ല) രഥാങ്ഗനേമയഃ=രഥാങ്ഗ...

ങ്ങൾ.) ഉപോദ്ഘശബ്ദാഃ=ഉപോദ്ഘശബ്ദങ്ങളായിരിക്കുന്നില്ല; ശബ്ദായമാനങ്ങളായിരിക്കുന്നില്ല. (രഥം താഴത്തു് ഉരസുമ്പോൾ മാത്രമല്ലേ ശബ്ദം കേൾപ്പാൻ ഇടയുള്ളൂ?)

രജഃ ച=പൊടിയും. പ്രവൎത്തമാനം=പ്രവൎത്തിക്കുന്നതായി. ന ദൃശ്യതേ=കാണപ്പെടുന്നില്ല. (ഇപ്രകാരം) നിരുന്ധതഃ=നിരുന്ധനായ. കടിഞ്ഞാൺ നിയന്ത്രിക്കുന്നവനായ. തവ=അങ്ങയുടെ. രഥഃ=രഥം. അവതീൎണ്ണഃ അപി=അവതീൎണ്ണമാണെങ്കിലും, താഴത്തോട്ടു് ഇറങ്ങിയതാണെങ്കിലും. ന ലക്ഷ്യതേ=കാണപ്പെടുന്നില്ല. (അപ്രകാരം കാണപ്പെടുന്നില്ല.) (മാതലി തേരു നിറുത്തിയിരിക്കുന്നു. പക്ഷേ ആ രഥം ഭൂതലത്തെ സ്പൎശിക്കുന്നില്ല.)

ഏതാവാൻ ഏവ=ഇത്രമാത്രംതന്നെയാണു്. ശതക്രതോഃ=ശതക്രതുവിന്നും (ഇന്ദ്രന്നും.) ആയുഷ്മതഃ ച=ആയുഷ്മാന്നും. വിശേഷഃ=വിശേഷമായിട്ടുള്ളതു്. (ഭഗവാന്റെയും ഇന്ദ്രന്റെയും രഥങ്ങൾ തമ്മിൽ ഇതത്രേ വ്യത്യാസം.)

കതമസ്മിൻ പ്രദേശേ=ഏതുപ്രദേശത്തിലാണു്. മാരീചാശ്രമഃ=മാരീചന്റെ ആശ്രമം.

അടുത്ത പദ്യത്തിൽ മാതലി ചൂണ്ടിക്കാണിച്ചു പറയുന്നതു് മാരീചന്റെ തപസ്സിനെപ്പററിയല്ലെന്നും ആ ആശ്രമത്തിലുള്ള ഏതോ മററു മഹർഷിയെപ്പററിയാണെന്നും അറിയുക.

മാതലിഃ:—(ഹസ്തേന പ്രദൎശയൻ)

വല്മീകാൎദ്ധനിവിഷ്ടമൂൎത്തിരുരസാ സംദഷ്ടസൎപ്പത്വചാ,
കണ്ഠേ ജീൎണ്ണലതാപ്രതാനവലയേനാത്യൎത്ഥസംപീഡിതഃ,
അംസവ്യാപി ശകുന്തനീഡനിചിതം ബിഭ്രജ്ജടാമണ്ഡലം,
യത്ര സ്ഥാണുരിവാചലോ മുനിരസാവഭ്യൎക്കബിംബം സ്ഥിതഃ. ॥

(ഹസ്തേന=ഹസ്തത്താൽ. പ്രദൎശയൻ=കാണിക്കുന്നവനായി) വല്മീകാൎദ്ധനിവിഷ്ടമൂൎത്തിഃ=വല്മീകാൎദ്ധത്തിൽ (പുററിൽ) നിവിഷ്ടമായ മൂൎത്തിയോടുകൂടിയവനായി (ശരീരത്തോടുകൂടിയവനായി.)

സംദഷ്ടസൎപ്പത്വചാ=സംദഷ്ടങ്ങളായ, സംലഗ്നങ്ങളായ (പററിച്ചേൎന്നതുകളായ). സൎപ്പത്വക്കുകളോടു (സർപ്പച്ചട്ടകളോടു)കൂടിയ. ഉരസാ=ഉരസ്സിനാലും.

കണ്ഠേ=കണ്ഠത്തിൽ. ജീൎണ്ണലതാപ്രതാനവലയേന=ജീൎണ്ണലതാപ്രധാനമായ വലയത്തോടു്. അത്യൎത്ഥസംപീഡിതഃ=ഏററവും സംപീഡിതനായും.

അംസവ്യാപി=അംസത്തിൽ (തോളിൽ) വ്യാപിക്കുന്നതായ. ശകുന്തനീഡനിചിതം=ശകുന്തനീഡത്താൽ (പക്ഷിക്കൂടിനാൽ) നിചിതമായ (വ്യാപ്തമായ.) ജടാമണ്ഡലം=ജടാമണ്ഡലത്തെ. ബിഭ്രത്=ഭരിക്കുന്നവനായും അഥവാ വഹിക്കുന്നവനായും.

യത്ര=ഏതൊരു സ്ഥലത്താണോ. അചലഃ=ഇളക്കമില്ലാത്ത. സ്ഥാണുഃ ഇവ=സ്ഥാണുപോലെ(തൂണുപോലെ.) അസൌ മുനിഃ=ഈ മഹർഷി. അഭി അൎക്കബിംബം=അൎക്കബിംബത്തിനു് അഭിമുഖമായി. സ്ഥിതഃ=നില്ക്കുന്നു. (അവിടമാണു് മാരീചാശ്രമമെന്നു മനസ്സിലാക്കുക.)

(ഇവിടെ യോഗിയെ വൎണ്ണിച്ചിരിക്കുന്നതു് ഏറ്റവും വ്യക്തവും സ്വാഭാവികവുമായ ഒരു രീതിയിലാണു്. സമാധിസ്ഥിതനായ യോഗി ലൌകികവ്യാപാരങ്ങളിൽനിന്നു നിവൎത്തിച്ചു നിശ്ചലനായിരിക്കുന്നതിനാൽ വല്മീകാക്രമണം, ലതാവലയസ്ഥിതി, പക്ഷിക്കൂടു മുതലായവ തന്റെ ശരീരത്തെ ബാധിച്ചതു് അറിയുന്നില്ല.)

രാജാ:—നമോ ऽസ്മൈ കഷ്ടതപസേ.

മാതലിഃ:—(സംയതപ്രഗ്രഹം കൃത്വാ) ഏതാവതി പരിവൎദ്ധിതമന്ദാരവൃക്ഷം പ്രജാപതേരാശ്രമം പ്രവിഷ്ടൌ സ്വഃ.

രാജാ:—സ്വർഗ്ഗാദധികതരനിർവൃതിസ്ഥാനമ്. അമൃതഹ്രദമിവാവഗാഢോഽസ്മി.

മാതലിഃ:—(രഥം സ്ഥാപയിത്വാ) അവതീര്യ്യതാമ്.

രാജാ:—(അവതീര്യ്യ) ഭവാൻ കഥമിദാനീമ്?

മാതലിഃ:—സുസംയന്ത്രിതോ മയാ രഥോ വയമപ്യവതരാമഃ. (തഥാ കൃത്വാ) ഇത ആയുഷ്മാൻ.

(ഉഭൗ പരിക്രാമതഃ)

കഷ്ടതപസേ=അധികകൃച്ഛ്റമായി തപസ്സുചെയ്യുന്ന. അസ്മൈ=ഇദ്ദേഹത്തിന്നായി. നമഃ=നമസ്കാരം.

(സംയതപ്രഗ്രഹം കൃത്വാ=കടിഞ്ഞാൺപിടിച്ച് അമൎത്തി.)

ഏതാവതി=ഇവിടെ. പരിവർദ്ധിതമന്ദാരവൃക്ഷം=പരിവർദ്ധിതങ്ങളായ (അദിതിദേവിയാൽ നനച്ചുവളൎത്തപ്പെട്ടവയായ) മന്ദാരവൃക്ഷങ്ങളോടുകൂടിയ. പ്രജാപതേഃ ആശ്രമം=കശ്യപപ്രജാപതിയുടെ ആശ്രമത്തെ. പ്രവിഷ്ടൗ സ്വഃ=നാം രണ്ടുപേരും പ്രവേശിച്ചവരായിരിക്കുന്നു.

സ്വർഗ്ഗാത്=സ്വർഗ്ഗത്തെക്കാളും. അധികതരനിർവൃതിസ്ഥാനം=ഏററവും കൂടിയതായ പരമാനന്ദത്തിനുള്ള സ്ഥാനമാണ്.

അമൃതഹ്രദം ഇവ=അമൃതമയമായ ഹ്രദത്തെ എന്നപോലെ. അവഗാഢഃ അസ്മി=അവഗാഹനംചെയ്തവനായിരിക്കുന്നു. (അമൃതുകയത്തിൽ മുങ്ങിയവൻപോലെയായിത്തീൎന്നിരിക്കുന്നു.)

രഥം സ്ഥാപയിത്വാ=രഥം നിറുത്തിയിട്ട്.

അവതീര്യ്യതാം=ഇറങ്ങിയാലും.

അവതീര്യ്യ=ഇറങ്ങിയിട്ട്.

ഭവാൻ കഥം ഇദാനീം?=അങ്ങിപ്പോൾ എന്താണ് ഭാവിക്കുന്നതു്?

മയാ=എന്നാൽ. രഥഃ=രഥം. സുസംയന്ത്രിതഃ=നല്ലപോലെ ഉറപ്പിച്ചു നിറുത്തപ്പെട്ടിരിക്കുന്നു. വയം അപി=നാമും. അവതരാമഃ=ഇറങ്ങുന്നു. (ഇതാ ഞാനും ഇറങ്ങുന്നു.) തഥാ കൃത്വാ=അങ്ങനെ ചെയ്തിട്ട്.

ഇതഃ ആയുഷ്മാൻ=ആയുഷ്മാൻ ഇങ്ങോട്ട്.

മാതലിഃ:—ആയുഷ്മൻ, ദൃശ്യതാം അത്രഭവതാം ഋഷീണാം തപോവനഭൂമയഃ.

രാജാ:—നനു വിസ്മയാദവലോകയാമി,

പ്രാണാനാമനിലേന വൃത്തിരുചിതാ സത്കല്പവൃക്ഷേ വനേ
തോയേ കാഞ്ചനപത്മരേണുകപിശേ പുണ്യാഭിഷേകക്രിയാ,
ധ്യാനം രത്നശിലാതലേഷു വിബുധസ്ത്രീസന്നിധൗ സംയമോ,
യത് കാംക്ഷന്തി തപോഭിരന്യമുനയസ്തസ്മിംസ്തപസ്യന്ത്യമീ. 12

അത്രഭവതാം തപോധനാനാം ഋഷീണാം=ഈ തപോധനന്മാരുടെ. തപോവനഭൂമയഃ=തപോവനഭൂമികൾ. ദൃശ്യതാം=കാണപ്പെട്ടാലും.

നനു വിസ്മയാത് അവലോകയാമി=ഞാൻ ...

സത്കല്പവൃക്ഷേ വനേ=സത്തുകളായ കല്പവൃക്ഷങ്ങളോടുകൂടിയ വനത്തിൽ. പ്രാണാനാം വൃത്തിഃ=പ്രാണങ്ങളുടെ വൃത്തി, (പ്രാണധാരണം.) അനിലേന=കാററിനാൽ. ഉചിതം=അഭ്യസ്തമായിരിക്കുന്നു.

കാഞ്ചനപത്മരേണുകപിശേ=കാഞ്ചനപത്മങ്ങളിലെ രേണുക്കളാൽ, കപിശമായ=ധൂസരവർണ്ണമായ. തോയേ=ജലത്തിൽ. പുണ്യാഭിഷേകക്രിയാ=പുണ്യമായ അഭിഷേകക്രിയ (സ്നാനം.)

രത്നശിലാതലേഷു=രത്നശിലാതലങ്ങളിൽ. ധ്യാനം=ധ്യാനം.

വിബുധസ്ത്രീസന്നിധൗ=വിബുധാംഗനകളുടെ സമീപത്തിൽ. സംയമഃ=സംയമം (അഭ്യസിക്കപ്പെടുന്നു.) (ഇങ്ങനെ) തപോഭിഃ=തപസ്സുകളാൽ. അന്യമുനയഃ=മററുള്ള മുനിമാർ. യത് കാംക്ഷന്തി=യാതൊന്നിനെയാണോ ആഗ്രഹിക്കുന്നതു്. (യാതൊരു പരിതഃസ്ഥിതികളാണോ ലഭിക്കണമെന്നു മററു മുനിമാർ ആഗ്രഹിക്കുന്നതു്.) തസ്മിൻ=ആ പരിതഃസ്ഥിതിയിൽ. അമീ=ഇവർ. തപസ്യന്തി=തപസ്സു ചെയ്യുന്നു.

മാതലിഃ:—ഉത്സർപ്പിണീ ഖലു മഹതാം പ്രാർത്ഥനാ. (പരിക്രമ്യാകാശേ) അയേ വൃദ്ധശാകല്യ, കിമനുതിഷ്ഠതി ഭഗവാൻ മാരീചഃ? കിം ബ്രവീഷി? ദാക്ഷായണ്യാ പതിവ്രതാധർമ്മമധികൃത്യ പൃഷ്ടസ്തദസ്യൈ മഹർഷിപത്നീസഹിതായൈ കഥയതീതി. തർഹി പ്രതിപാല്യാവസരഃ പ്രസ്താവഃ. (രാജാനമവലോക്യ) അസ്മിന്നശോകവൃക്ഷേ താവദാസ്താമായുഷ്മാൻ യാവത് ത്വാമിന്ദ്രഗുരവേ നിവേദയിതുമന്തരാന്വേഷീ ഭവാമി.

മഹതാം=മഹാത്മാക്കളുടെ. പ്രാർത്ഥനാ=പ്രാർത്ഥന. ഉത്സർപ്പിണീ ഖലു=ഉത്സർപ്പിണിയാണല്ലോ (ഉത്തരോത്തരമുള്ള ഫലത്തെ അപേക്ഷിക്കുന്നതുതന്നെയാണല്ലോ. അതായതു് മഹാത്മാക്കളുടെ അഭിലാഷങ്ങളും എപ്പോഴും മഹത്തായ ഉന്നതത്തെ കുറിക്കുന്നവയാണല്ലോ.)

ആകാശേ=ആകാശത്തിൽ. പരിക്രമ്യ=തിരിഞ്ഞു്.

അയേ വൃദ്ധശാകല്യ!=അല്ലയോ വൃദ്ധശാകല്യ! ഭഗവാൻ മാരീചഃ=മാരീചഭഗവാൻ. കിം അനുതിഷ്ഠതി?=എന്തനുഷ്ഠിക്കുകയാണു്? എന്തു ചെയ്യുകയാണു്?

കിം ബ്രവീഷി=(കേട്ടതായി നടിച്ചു്) എന്തുപറയുന്നു? ദാക്ഷായണ്യാ=ദാക്ഷായണിയാൽ (ദക്ഷപുത്രിയായ അദിതിയാൽ.) പതിവ്രതാധർമ്മം അധികൃത്യ=പതിവ്രതാധർമ്മത്തെക്കുറിച്ചു്. പൃഷ്ടഃ=ചോദിക്കപ്പെട്ടവനായി. തത്=ആ പതിവ്രതാധർമ്മമുറയെ. അസ്യൈ=ഈ. . മഹർഷിപത്നീസഹിതായൈ=മഹർഷിപത്നീസഹിതയ്ക്കായിക്കൊണ്ടു്. കഥയതി ഇതി=പറയുന്നു എന്നോ?

തർഹി=അങ്ങിനെയാണെങ്കിൽ. അവസരഃ പ്രതിപാല്യ=അവസരം പ്രതിപാലനംചെയ്തിട്ടു് (സമയംനോക്കി.) പ്രസ്താവഃ=പ്രസ്താവം. (വേണ്ടതാണു്.)

(രാജാനം അവലോക്യ=രാജാവിനെ നോക്കി)

ആയുഷ്മാൻ=ആയുഷ്മാനായ. (അങ്ങു്) അസ്മിൻ=ഈ. അശോകവൃക്ഷേ=അശോകവൃക്ഷത്തിന്റെ ചുവട്ടിൽ. ആസ്താം താവത്=ഇരുന്നാലും.

യാവത്=(ഈ സമയംകൊണ്ടു്) ത്വാം=അങ്ങു്. ഇന്ദ്രഗുരവേ=മാരീചനായി· നിവേദയിതും=അറിയിക്കപ്പെടാൻ. അന്തരാന്വേഷീ ഭവാമി=സൗകര്യം ഞാൻ അന്വേഷിക്കാം.

രാജാ:—യഥാ ഭവാൻ മന്യതേ.

മാതലിഃ:—ആയുഷ്മൻ സാധയാമ്യഹമ് (നിഷ്ക്രാന്തഃ)

രാജാ:—(നിമിത്തം സൂചയിത്വാ)

മനോരഥായ നാശംസേ കിം ബാഹോ! സ്പന്ദസേ, വൃഥാ?
പൂർവ്വാവധീരിതം ശ്രേയോ ദുഃഖം ഹി പരിവർത്തതേ. 13

(നൈപഥ്യേ)

മാ ഖലു ചാപലം കുരു. കഥം ഗത ഏവാത്മനഃ പ്രകൃതിമ്?

ഭവാൻ=അങ്ങ്. യഥാ മന്യതേ=വിചാരിക്കുംപോലെ. (മാതലിയുടെ യുക്തംപോലെയാകട്ടെ.)

ആയുഷ്മൻ=അല്ലയോ ആയുഷ്മൻ. അഹം സാധയാമി=ഞാൻ അങ്ങോട്ടു പോകുന്നു.

നിഷ്ക്രാന്തഃ=പോയി.

(നിമിത്തം സൂചയിത്വാ=ശകുനം സൂചിപ്പിച്ച്.)

മനോരഥായ=മനോരഥത്തിന്നായി (എന്റെ അഭിലാഷസാദ്ധ്യത്തിന്നായി) ന ആശംസേ=ഞാൻ ആശംസിക്കുന്നില്ല. (എന്റെ പരമാഭിലാഷം കേവലം മന്ദിച്ചുപോയിരിക്കുന്നു.)

ഹേ ബാഹോ=അല്ലയോ കൈയേ! വൃഥാ=വെറുതേ. കിം സ്പന്ദസേ=എന്തിനായിട്ടാണു തുടിക്കുന്നതു്?

പൂർവ്വാവധീരിതം=മുമ്പിൽ അവമാനിക്കപ്പെട്ടതായ. ശ്രേയഃ=ശ്രേയസ്സ് (ഭാഗ്യം.) ദുഃഖം പരിവർത്തതേ ഹി=ദുഃഖമായിട്ടാണല്ലോ മാറാറുള്ളതു്.

(രാജാവിന്റെ കൈ തുടിക്കുന്നതു് എന്തോ ഭാഗ്യംവരേണ്ട വഴിയാണെന്നു് അദ്ദേഹം ഊഹിക്കുന്നു. എന്നാൽ അദ്ദേഹത്തിനു് പരമാഭിലാഷമായിരിക്കുന്നതു് പ്രേയസിയായ ശകുന്തളയുടെ ലബ്ധിയാണു്. കൈ തുടിച്ചതുകൊണ്ടു് ഈ പ്രേയസിയെപ്പറ്റിയുള്ള ചിന്ത ഹൃദയത്തിലുദിച്ചുവെങ്കിലും, ആ പ്രേയസിയെ അപമാനിച്ചുവെന്നുള്ള വിചാരം അടുത്ത നിമിഷത്തിൽ അദ്ദേഹത്തെ ബാധിക്കുന്നു.)

മാ ഖലു ചാപലം കുരു=അരുതരുതു്, ചാപല്യം കാട്ടരുതു്. കഥം ഗതഃ ഏവ ആത്മനഃ പ്രകൃതിം?=ആ സ്വന്തസ്വഭാവത്തിലേയ്ക്കുതന്നെ മടങ്ങിയോ?

രാജാ:—(കർണ്ണം ദത്വാ) അഭൂമിരിയമവിനയസ്യ കോ നു ഖല്വേഷ നിഷിദ്ധ്യതേ? (ശബ്ദാനുസാരേണാവലോക്യ) അയേ, കോ നു ഖല്വയമനുബദ്ധ്യമാനസ്താപസീഭ്യാമബാലസത്വോ ബാലഃ?

അർദ്ധപീതസ്തനം മാതുരാമർദ്ദക്ലിഷ്ടകേസരമ്,
പ്രക്രീഡിതും സിംഹശിശും ബലാത്കാരേണ കർഷതി. 14

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടകർമ്മാ ബാലസ്താപസീഭ്യാമ്.)

കർണ്ണം ദത്വാ=ചെവികൊടുത്തിട്ടു് (ശ്രദ്ധിച്ചിട്ടു്.) ഇയം=ഈ ആശ്രമം. അവിനയസ്യ=അവിനയത്തിനു് (അക്രമപ്രവൃത്തിക്കു്.) അഭൂമഃ=പാത്രമല്ല.

കഃ നു ഖലു ഏഷഃ നിഷിദ്ധ്യതേ=ഈ ആരാണു് നിഷേധിക്കപ്പെടുന്നതു്? (ആരെയാണു് ഇങ്ങനെ അരുതേ എന്നു തടഞ്ഞുനിറുത്തുന്നതു്?)

ശബ്ദാനുസാരേണ=ശബ്ദം അനുസരിച്ചു്. അവലോക്യ=നോക്കി. അയേ=അല്ലാ. താപസീഭ്യാം=താപസികളാലും. അനുബദ്ധ്യമാനഃ=അനുഗമിക്കപ്പെടുന്നവനായി. കഃ നു ഖലു അയം=ഇതു് ആരായിരിക്കും? അബാലസത്വഃ=ബാലസാധാരണസത്വത്തോടുകൂടിയവനല്ലാത്ത. അഥവാ അബാലമായ, പ്രചുരമായ സത്വത്തോടു്, ബലത്തോടുകൂടിയവനായ. ബാലഃ=ബാലൻ?

ഈ അസാധാരണപ്രകൃതിയെ ഉപപാദനം ചെയ്യുന്നു—

മാതുഃ=മാതാവിൻെറ. അദ്ധപീതസ്തനം=അദ്ധപീതമായ (പകുതി കുടിക്കപ്പെട്ടതായ) സ്തനത്തോടുകൂടിയതും. ആമർദ്ദക്ലിഷ്ടകേസരം=ആമർദ്ദംകൊണ്ടു്, ജിഹ്വാമർദ്ദംകൊണ്ടു് (കുട്ടി പാൽ കുടിക്കുമ്പോൾ തള്ള നാവുകൊണ്ടു നക്കുന്നു.) ക്ലിഷ്ടമായ കേസരത്തോടുകൂടിയതും (സടയോടു കൂടിയതുമായ.) സിംഹശിശും=സിംഹക്കുട്ടിയെ. ബലാത് കാരേണ=ബലാത് കാരമായി. കർഷതി=പിടിച്ചുവലിക്കുന്നു.

(തതഃ=അനന്തരം. യഥാനിർദ്ദിഷ്ടകർമ്മാ=മുൻപറഞ്ഞ വിധമുള്ള പ്രവൃത്തിയോടുകൂടിയവനായ. ബാലഃ=ബാലൻ. താപസീഭ്യാം=രണ്ടു താപസികളോടു കൂടി. പ്രവിശതി=പ്രവേശിക്കുന്നു.)

ബാലഃ:—ഡിംഭസിംഹ! ദന്താംസ്തേ ഗണയിഷ്യാമി. (ജൃംഭസ്വ)

പ്രഥമാ:—അവിനീത, കിം നോപത്യനിർവ്വിശേഷാനി സത്വാനി വിപ്രകരോഷി. ഹന്ത! വർദ്ധതേ തേ സംരംഭഃ. സ്ഥാനേ ഖലു ഋഷിജനേന സർവ്വദമന ഇതി കൃതനാമധേയോ ഽസി.

രാജാ:—കിന്നു ഖലു ബാലേ ഽസ്മിന്നൗരസ ഇവ പുത്രേ സ്നിഹ്യതി? മേ മനഃ നൂനമനപത്യതാ മാം വത്സലയതി.

ദ്വിതീയാ:—സർവ്വദമന, ഏഷാ ഖലു കേസരിണീ ത്വാം ലംഘയതി യദി അസ്യാഃ പുത്രം ന മുഞ്ചസി.

ഡിംഭസിംഹ!=സിംഹക്കുട്ടി! തേ=നിൻെറ. ദന്താൻ=ദന്തങ്ങളെ. ഗണയിഷ്യാമി=ഞാൻ എണ്ണിനോക്കട്ടെ. (ജൃംഭസ്വ=വാപൊളിക്ക.) ജൃംഭ എന്നു പാഠാന്തരം.

അവിനീത!=ദുസ്സാമത്ഥ്യം കാട്ടുന്നവനേ! നഃ=ഞങ്ങളുടെ. അപത്യനിർവ്വിശേഷാനി=അപത്യനിർവ്വിശേഷങ്ങളായ, മക്കളെപ്പോലെയുള്ള. സത്വാനി=ജന്തുക്കളെ. കിം വിപ്രകരോഷി=ഉപദ്രവിക്കുന്നുവോ?

ഹന്ത!=ഹയ്യ. തേ സംരംഭഃ വദ്ധതേ=നിൻെറ അഹങ്കാരം വദ്ധിക്കുന്നു. (നിൻെറ അഹങ്കാരം കുറേ കൂടിപ്പോയി.)

ഋഷിജനേന=ഋഷിജനത്താൽ. സർവ്വദമന ഇതി=സർവ്വദമനൻ എന്നു്. സ്ഥാനേ ഖലു കൃതനാമധേയഃ അസി=നീ പേരുവിളിക്കപ്പെട്ടവനായതു യോജിച്ചതുതന്നെയാണു്.

കിം നു ഖലു=എന്തുകാരണമായിട്ടാണു്? അസ്മിൻ ബാലേ=ഈ ബാലനിൽ. ഔരസേ പുത്രേ ഇവ=സ്വന്തം പുത്രനിൽ എന്നപോലെ. മേ മനഃ=എൻെറ മനസ്സു്. സ്നിഹ്യതി=സ്നേഹഭാവത്തിൽ വത്തിക്കുന്നതു്. നൂനം=തീച്ചയായും. അനപത്യതാ=കുഞ്ഞുങ്ങളില്ലായ്ക എന്ന അവസ്ഥ. മാം=എന്നെ. വത്സലയതി=(ഇപ്രകാരം) വാത്സല്യം തോന്നിപ്പിക്കുന്നതാണു്.

സർവ്വദമന, യദി അസ്യാഃ പുത്രം ന മുഞ്ചസി=ഇവളുടെ കുട്ടിയെ നീ വിടാത്ത പക്ഷം. ഏഷാ കേസരിണീ=ഈ സിംഹി. ത്വാം ലംഘയതി=നിൻെറനേരേ ചാടിവീഴുന്നുണ്ടു്.

ബാലഃ:—അമ്മോ, ബലവത് ഖലു ഭീതോ ഽസ്മി.

(അധരം ദർശയതി)

രാജാ:—

മഹതസ്തേജസോ വീജം ബാലോ ഽയം പ്രതിഭാതി മേ,
സ്ഫുലിംഗാവസ്ഥയാ വഹ്നിരേധാപേക്ഷ ഇവ സ്ഥിതഃ. 15

പ്രഥമാ:—വത്സാ! ഏതം ബാലമൃഗേന്ദ്രം മുഞ്ച. അപരം തേ ക്രീഡനീയകം ദാസ്യാമി.

ബാലഃ:—കുത്ര? ദേഹി നനു. (ഹസ്തം പ്രസാരയതി)

അമ്മോ!=അയ്യോ! (ആക്ഷേപസ്വരത്തിൽ)

ബലവത് ഖലു ഭീതഃ അസ്മി=എന്നാൽ എനിക്കു വളരെ പേടിതന്നെ!

അധരം ദർശയതി=കീഴ്ചുണ്ടുവിടർത്തി അപഹസിക്കുന്നു.

അയം ബാലഃ=ഈ ബാലൻ. മഹതഃ=മഹത്തായ. തേജസഃ=തേജസ്സിന്റെ. വീര്യം=വീര്യമെന്ന്. മേ പ്രതിഭാതി=എനിക്കു തോന്നുന്നു. വഹ്നിഃ=തീയ്യ്. സ്ഫുലിംഗാവസ്ഥയാ=സ്ഫുലിംഗമെന്നുള്ള അവസ്ഥയോടുകൂടി. ഏധാപേക്ഷഃ ഇവ സ്ഥിതഃ=ഇന്ധനാപേക്ഷയിലിരിക്കുന്നപോലെ തോന്നുന്നു.

അലങ്കാരം—ഉപമ.

വത്സാ!=കുഞ്ഞേ. ഏതം ബാലമൃഗേന്ദ്രം=ഈ സിംഹക്കുട്ടിയെ. മുഞ്ച=വിട്ടേയ്ക്കൂ. തേ=നിനക്ക്. അപരം ക്രീഡനീയകം=മറെറാരു കളിപ്പാട്ടം. ദാസ്യാമി=തരാം.

കുത്ര?=എവിടെ? ദേഹി നനു=തന്നാലും. ഹസ്തം പ്രസാരയതി=കൈ വിടർത്തുന്നു.

രാജാ:—(ദൃഷ്ട്വാ സവിസ്മയം) കഥം ചക്രവർത്തിലക്ഷണമാനേന ധാര്യതേ? തഥാഹ്യസ്യ—

പ്രലോഭ്യവസ്തുപ്രണയപ്രസാരിതോ,
വിഭാതി ജാലഗ്രഥിതാംഗുലിഃ കരഃ
അലക്ഷ്യപത്രാന്തരമിദ്ധരാഗയാ,
നവോഷസാ ഭിന്നമിവൈകപങ്കജമ്. 16

ദ്വിതീയാ:—സുവ്രതേ, ന ശക്യ ഏഷ വാങ്മാത്രേണ വിസ്മാരയിതുമ്. ഗച്ഛ, മമ കേരകേ ഉടജേ മാർകണ്ഡേയസ്യ ഋഷികുമാരസ്യ വർണ്ണചിത്രിതോ മൃത്തികാമയൂരസ്തിഷ്ഠതി; തമസ്യൈ ഉപഹര.

(ദൃഷ്ട്വാ സവിസ്മയം=ആശ്ചര്യത്തോടെ നോക്കി) കഥം=എന്ത്. ചക്രവർത്തിലക്ഷണം=ചക്രവർത്തിലക്ഷണം. അനേന ധാര്യതേ=ഇവനാൽ ധരിക്കപ്പെടുന്നു. (എന്ത് ഇവൻ ചക്രവർത്തിലക്ഷണത്തോടു കൂടിയവനോ?)

തഥാഹി=അതനുസരിച്ചാകട്ടെ. അസ്യ=ഇവന്റെ.

പ്രലോഭ്യവസ്തുപ്രണയപ്രസാരിതഃ=പ്രലോഭ്യവസ്തുവിന്റെ, അതായതു കളിപ്പാട്ടത്തിന്റെ പ്രണയത്തിൽ, സ്നേഹത്തിൽ (കളിപ്പാട്ടം കിട്ടുവാനുള്ള മോഹത്താൽ) പ്രസാരിതമായ (വിടുർത്തപ്പെട്ടതായ.) ജാലഗ്രഥിതാംഗുലിഃ=ജാലംപോലെ (വലപോലെ) ഗ്രഥിതമായ (ഇടതിങ്ങിയതായ) അംഗുലികളോടു (വിരലുകളോടു) കൂടിയ. കരഃ=കരം (കൈയ്.)

ഇദ്ധരാഗയാ=ഇദ്ധമായ (വർദ്ധിച്ചതായ) രാഗത്തോട്, രക്തിമയോട്, ചുവപ്പോടുകൂടിയ. നവോഷസാ=നവോഷസ്സിനാൽ, ഉഷഃപ്രാരംഭത്തിനാൽ. ഭിന്നം=വികസിപ്പിക്കപ്പെട്ടതായ. അലക്ഷ്യപത്രാന്തരം=അലക്ഷ്യമായ (കാണ്മാൻ പാടില്ലാത്തതായ) പത്രാന്തരത്തോട്, ദലാന്തരത്തോടു കൂടിയ. ഏകപങ്കജം ഇവ=ഒററത്താമരപോലെ. വിഭാതി=ശോഭിക്കുന്നു.

സുവ്രതേ, ഏഷഃ=ഇവൻ. വാങ്മാത്രേണ=വാക്കിനാൽമാത്രം. വിസ്മാരയിതും ന ശക്യഃ=പ്രകൃതത്തിൽ വിസ്മരിക്കപ്പെടുന്നതിന്ന ശക്യനല്ല. ഗച്ഛ=പോവുക. മമ കേരകേ=എൻേറതായ. ഉടജേ=പൎണ്ണശാലയിൽ. മാൎക്കണ്ഡേയസ്യ ഋഷികുമാരസ്യ=മാൎക്കണ്ഡേയ ഋഷികുമാരൻെറ. വൎണ്ണചിത്രിതഃ=ചായം ഇടപ്പെട്ട. മൃത്തികാമയൂരഃ=മൺമയിൽ. തിഷ്ഠതി=ഉണ്ട്. തം=അവനെ (അതിനെ.) അസ്യൈ=ഇവനായി. ഉപഹര=കൊണ്ടുവരിക.

പ്രഥമാ:—തഥാ. (ഇതി നിഷ്ക്രാന്താ.)

ബാലഃ:—അനേനൈവ താവത് ക്രീഡയിഷ്യാമി.

(താപസീം വിലോക്യ ഹസതി)

രാജാ:—സ്പൃഹയാമി ഖലു ദുർലലിതായാസ്മൈ.

ആലക്ഷ്യദന്തമുകുളാനനിമിത്തഹാസൈ-
രവ്യക്തവൎണ്ണരമണീയവചഃപ്രവൃത്തീൻ,
അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തോ
ധന്യാസ്തദങ്ഗരജസാ മലിനീഭവന്തി. 17

തഥാ=ആട്ടെ.

താവത്=അത്രയുംകാലം. (അതു കൊണ്ടുവരുന്നതുവരെ.) അനേന ഏവ=ഇൗ സിംഹക്കുട്ടിയോടുകൂടിത്തന്നെ. ക്രീഡയിഷ്യാമി=ഞാൻ കളിക്കാൻ പോകുന്നു.

(താപസീം വിലോക്യ=താപസിയെ നോക്കി. ഹസതി=ചിരിക്കുന്നു.)

ദുർല്ലലിതായ അസ്മൈ=ദുർലലിതനായ (ഊൎജ്ജസ്വലനായ) ഇൗ ബാലന്നായിക്കൊണ്ട്. സ്പൃഹയാമി ഖലു=ഞാൻ വളരെ അഭിലാഷത്തോടുകൂടിയവനായിരിക്കുന്നു. ഊൎജ്ജസ്വലനായ ബാലനെക്കണ്ടിട്ട് എനിക്കു വളരെ കൌതുകം തോന്നുന്നു.

ആലക്ഷ്യദന്തമുകുളാൻ=ആലക്ഷ്യങ്ങളായ, ഒട്ടൊട്ടുകാണാവുന്നവയായ ദന്തമുകുളങ്ങളോട്, ദന്തമൊട്ടുകളോടു കൂടിയവരും. അനിമിത്തഹാസൈഃ=നിമിത്തംകൂടാതെയുള്ള (കാരണംകൂടാതെയുള്ള) ഹാസങ്ങളാൽ (ചിരിയാൽ) അവ്യക്തവൎണ്ണരമണീയവചഃപ്രവൃത്തീൻ=അവ്യക്തങ്ങളായ (അസ്ഫുടങ്ങളായ) വൎണ്ണങ്ങളാൽ (അക്ഷരങ്ങളാൽ) രമണീയങ്ങളായ വചഃപ്രവൃത്തികളോടു (സംഭാഷണങ്ങളോട്) കൂടിയവരും. അങ്കാശ്രയപ്രണയിനഃ=അങ്കാശ്രയത്തിൽ (മടിയിൽ കയറുന്നതിന്) പ്രണയികളും, പ്രത്യേകമായ ഉത്സാഹമുള്ളവരുമായ. തനയാൻ=പുത്രന്മാരെ. വഹന്തഃ=വഹിക്കുന്നവരായ. ധന്യാഃ=ധന്യന്മാർ. തദങ്ഗരജസാ=അവരുടെ ആ സന്താനങ്ങളുടെ അംഗങ്ങളിൽ പററിയിരിക്കുന്ന രജസ്സിനാൽ (പൊടിയാൽ.) മലിനീഭവന്തി=മലിനീഭവിക്കുന്നു.

(ശിശുസാധാരണങ്ങളായ കൊഞ്ചിക്കുഴഞ്ഞുള്ള സംഭാഷണത്തോടുകൂടിയ പുത്രന്മാരെ മടിയിലേററി ലാളിക്കുന്നതിന്ന ധന്യന്മാൎക്കുമാത്രമേ ഭാഗ്യം സിദ്ധിക്കയുള്ളു.)

താപസീ:—ഏതു; നമാമയം ഗണയതി, കോ ൎത്ര ഋഷികുമാരാണാം. ഭദ്രമുഖ, മേചയാനേന ദുൎമ്മോചകഹരതഗ്രാഹേണ ഡിംഭലീലയാ ബാധ്യമാനം ബാലമൃഗേന്ദ്രമ്.

രാജാ:—തഥാ. (ഉപഗമ്യ) അയി ഭോ മഹർഷിപുത്ര!

ഏവമാശ്രമവിരുദ്ധവൃത്തിനാ,
സംയമഃ കിമിതി ജന്മനസ്ത്വയാ,

സത്വസംശ്രയസുഖോ വിദൂഷ്യതേ,
കൃഷ്ണസർപ്പശിശുനേവ ചന്ദനഃ? 18

ഏതു=ഇങ്ങോട്ടൊന്നുവരണേ.

മാം=എന്നെ. അയം=ഇവൻ. ന ഗണയതി=കൂട്ടാക്കുന്നില്ല. ഋഷികുമാരാണാം തു അത്ര=ഋഷികുമാരന്മാരിൽ ആരാണ് ഇവിടെയുള്ളതു്.)

ഭദ്രമുഖ!=ഭദ്ര! ഡിംഭലീലയാ=കുട്ടിക്കളിയാൽ. ദുർമ്മോചകഹസ്തഗ്രാഹേണ=വിട്ടുവിക്കാൻ കഴിയാത്തവണ്ണം ഉറപ്പായി പിടിച്ചിരിക്കുകമൂലം. ബാധ്യമാനം=ഉപദ്രവിക്കപ്പെടുന്ന. ബാലമൃഗേന്ദ്രം=സിംഹക്കുട്ടിയെ. മോചയ=വിട്ടുവിക്കണേ.

തഥാ=അങ്ങിനെതന്നെ.

(ഉപഗമ്യ=അടുത്തുചെന്നിട്ടു്) അയി ഭോ മഹർഷിപുത്ര!=അല്ലയോ ഋഷികുമാര!

ഏവം=ഇപ്രകാരം. ആശ്രമവിരുദ്ധവൃത്തിനാ=ആശ്രമത്തിനു്, പുണ്യാശ്രമത്തിന്നു വിരുദ്ധമായ (യോജിക്കാത്തതായ) വൃത്തിയോടു്, വ്യാപാരത്തോടു്. കൂടിയ. ത്വയാ=നിന്നാൽ. ജന്മനഃ=ജനനത്തിന്റെ, ഋഷിജന്മത്തിന്റെ (ഋഷിജന്മസിദ്ധമായ) സംയമഃ=സംയമനശീലം.

സത്വസംശ്രയസുഖഃ=സത്വങ്ങൾക്കു (ജീവികൾക്കു്) സംശ്രയത്താൽ, ആശ്രയത്താൽ (ആശ്രയമായിരിക്കുക എന്ന സ്ഥിതിയാൽ) സുഖമായ, സുഖകരമായ. ചന്ദനഃ=ചന്ദനവൃക്ഷം. കൃഷ്ണസർപ്പശിശുനാ ഇവ=കൃഷ്ണസർപ്പക്കുഞ്ഞിനാൽ എന്നപോലെ. കിമിതി വിദൂഷ്യതേ?=എന്തിനായി ദൂഷിപ്പിക്കപ്പെടുന്നു?

താപസീ:—ഭദ്രമുഖ, ന ഖലേഷ ഋഷികുമാരഃ.

രാജാ:—ആകാരസദൃശം ചേഷ്ടിതമേവാസ്യ കഥയതി സ്ഥാനപ്രത്യയാത്തു വയമേവം തർകിണഃ.

(യഥാഭ്യർത്ഥിതമുപതിഷ്ഠൻ ബാലസ്പർശമുപലഭ്യാത്മഗതം)

അനേന കസ്യാപി കുലാംകുരേണ
സ്പൃഷ്ടസ്യ ഗാത്രേഷു സുഖം മമൈവമ്;
കാം നിർവൃതിം ചേതസി തസ്യ കുര്യാ-
ദ്യസ്യായമങ്ഗാത് കൃതിനഃ പ്രരൂഢഃ. 19

ഭദ്രമുഖ=അല്ലയോ മഹാഭാഗ! ഏഷഃ=ഇവൻ. ന ഖലു ഋഷികുമാരഃ=ഋഷികുമാരനല്ല. ആകാരസദൃശം=ആകൃതിക്കു അനുരൂപമായ അസ്യ=ഇവന്റെ. ചേഷ്ടിതം ഏവ=പ്രവൃത്തിതന്നെ. കഥയതി=പറയുന്നുണ്ടു്. (ഇവൻ ഋഷികുമാരനല്ലെന്നു് ആകൃതിയും പ്രകൃതിയും ഒരുപോലെ തെളിയിക്കുന്നുണ്ടു്.)

സ്ഥാനപ്രത്യയാത് തു=സ്ഥാനത്തിലുള്ള, ആശ്രമസ്ഥാനത്തിലുള്ള പ്രത്യയം ഹേതുവായി, വിശ്വാസംഹേതുവായി. വയം=നാം. ഏവം=ഇപ്രകാരം. തർക്കിണഃ=തർക്കികളായി ഊഹമുള്ളവനായി (ഈ ആശ്രമത്തിൽ നില്ക്കുന്നതുകൊണ്ടു് ഞാൻ അങ്ങനെ ഊഹിച്ചുപോയി എന്നേയുള്ളു.)

യഥാ അഭ്യർത്ഥിതം=അപേക്ഷിക്കപ്പെട്ടപോലെ. ഉപതിഷ്ഠൻ=അടുത്തുചെല്ലുന്നവനായി. ബാലസ്പർശം=ബാലന്റെ ശരീരസ്പർശം. ഉപലഭ്യ=പ്രാപിച്ചു. (ആത്മഗതം)

കസ്യാപി=ഏതോ ഒരുവന്റെ. കുലാങ്കുരേണ=കുലാങ്കുരമായ. അനേന=ഇവനാൽ. സ്പൃഷ്ടസ്യ=സ്പൃഷ്ടനായി, സ്പർശിക്കപ്പെട്ട. മമ=എനിക്കു്. ഗാത്രേഷു=ശരീരത്തിൽ. ഏവം=ഇപ്രകാരം. സുഖം യദി=സുഖമാണെങ്കിൽ (ഇത്രമാത്രം ആനന്ദംതോന്നുന്ന സ്ഥിതിക്കു്.).)

യസ്യ=യാവനൊരുത്തന്റെയാണോ. കൃതിനഃ=ധന്യനായവന്റെ. അംഗാത്=ശരീരത്തിൽനിന്നും. അയം പ്രരൂഢഃ=ഇവൻ ജനിച്ചിരിക്കുന്നു തസ്യ ചേതസി=അയാളുടെ ചേതസ്സിൽ. കാം നിർവൃതിം കുര്യാത്=എന്തൊരു (അനിർവചനീയമായ) സുഖത്തെയാണു ചെയ്യുന്നതു്.

താപസീ:—(ഉഭൌ നിർവർണ്ണ്യ) ആശ്ചര്യം.

രാജാ:—കിമിവ?

താപസീ:—അസ്യ ച തവ ച സംബന്ധസംവാദിനീ ആകൃതിരിതി വിസ്മാപിതാഽസ്മി. അപരിചിതസ്യാപി തേ അപ്രതിലോമഃ സംവൃത്ത ഇതി ച.

രാജാ:—(ബാലമുപലാളയൻ) ആര്യേ! ന ചേന്മുനികുമാരോഽയം അഥ കോഽസ്യ വ്യപദേശഃ?

താപസീ:—പൂരുവംശഃ.

ഉഭൌ=രണ്ടുപേരേയും. നിർവർണ്ണ്യ=സൂക്ഷിച്ചുനോക്കിയിട്ടു്.

കിം ഇവ=എന്താണു്?

അസ്യ ച തവ ച=ഇവന്റേയും അങ്ങയുടേയും. ആകൃതിഃ=ആകാരം. സംബന്ധസംവാദിനീ=സാദൃശ്യം കാണിക്കുന്നതാണു്. ഇതി=എന്നു്. വിസ്മാപിതാ അസ്മി=ഞാൻ ആശ്ചര്യപ്പെടുന്നു.

അപരിചിതസ്യ അപി=അപരിചിതനാണെങ്കിലും. തേ=അങ്ങേയ്ക്കു് (ഇവൻ) അപ്രതിലോമഃ=പ്രതിലോമമല്ലാത്തവനായും. വിപരീതമില്ലാത്തവനായും (അങ്ങയോടു ഇണക്കമുള്ളവനായും) സംവൃത്തഃ=തീർന്നിരിക്കുന്നു. ഇതി ച=എന്നും (ആണു് എന്റെ ആശ്ചര്യം.)

ബാലം=ബാലനെ. ഉപലാളയൻ=ഉപലാളനംചെയ്തിട്ടു്.

ആര്യേ=അല്ലയോ താപസീ! അയം=ഇവൻ. ന ചേത് മുനികുമാരഃ=മുനികുമാരനല്ലാത്തപക്ഷം. അസ്യ=ഇവന്റെ. വ്യപദേശഃ=വംശം. അഥ കഃ=പിന്നെ ഏതാണു്?

പൂരുവംശഃ=പൂരുവംശം.

രാജാ:—(ആത്മഗതം) കഥമേകാന്വയോ മമ! അതഃ ഖലു മദനുകാരിണമത്രഭവതീ മന്യതേ. അസ്ത്യേതത് പൌരവാണാമന്ത്യം കുലവ്രതമ്.

ഭവനേഷു സുധാസിതേഷു പൂർവം
ക്ഷിതിരക്ഷാർത്ഥമുശന്തി യേ നിവാസമ്;
നിരതൈകപതിവ്രതാനി പശ്ചാ-
ത്തരുമൂലാനി ഗൃഹീഭവന്തി തേഷാമ്. 20

(പ്രകാശം) ന പുനരാത്മഗത്യാ മാനുഷാണാമേഷ വിഷയഃ.

താപസീ:—യഥാ ഭദ്രമുഖോ ഭണതി. അപ്സരസ്സംബന്ധേനാസ്യ ജനനീ അത്ര ദേവഗുരോസ്തപോവനേ പ്രസൂതാ.

കഥം മമ ഏകാന്തപ്രസവഃ=എൻെറ വംശത്തിൽതന്നെയോ ഇവൻേറയും ജനനം? അതഃ ഖലു=അതുകൊണ്ടുതന്നേയായിരിക്കണമല്ലോ. അത്രഭവതി=ഈ (താപസി) മദനകാരിണം=മദനകാരിയായിട്ട് (എൻെറ ഛായ ഇവനിൽ കാണുന്നുണ്ടെന്ന്.) മന്യതേ=വിചാരിക്കുന്നതു്. പൌരവാണാം=പൌരവന്മാരുടെ. ഏതത് അന്ത്യം കുലവ്രതം അസ്തി=അന്ത്യമായ കുലവ്രതം ഇങ്ങനെയാണല്ലോ.

യേ=യാതൊരു പൂരുവംശരാജാക്കന്മാരോ. പൂർവം=മുൻപു് (ഗൃഹസ്ഥാശ്രമപ്രവേശകാലത്തു്) സുധാസിതേഷു=സുധപോലെ സിതങ്ങളായ. ഭവനേഷു=ഭവനങ്ങളിൽ. ക്ഷിതിരക്ഷാർത്ഥം=ഭൂപാലനത്തിന്നായി. നിവാസം=വാസത്തെ. ഉശന്തി=ഇച്ഛിക്കുന്നുവോ.

തേഷാം=അവൎക്കു്. പശ്ചാത്=പിന്നീടു്. (വാനപ്രസ്ഥാശ്രമപ്രവേശനകാലത്തു്) നിരതൈകപതിവ്രതാനി=നിരതകളായ(ഭർത്തൃശുശ്രൂഷണതല്പരകളായ) പതിവ്രതകളോടുകൂടിയ. തരുമൂലാനി=തരുമൂലങ്ങൾ, വൃക്ഷച്ചുവടുകൾ. ഗൃഹീഭവന്തി=ഗൃഹങ്ങളായി ഭവിക്കുന്നു.

ഏഷഃ=ഈ പുണ്യാശ്രമം. ആത്മഗത്യാ=സ്വന്തമായ ഗതിയാൽ. മാനുഷാണാം=മനുഷ്യൎക്കു്. ന വിഷയഃ=വിഷയമല്ലല്ലോ.

യഥാ ഭദ്രമുഖഃ ഭണതി=അങ്ങു പറയുന്നതു ശരിയാണു്. അപ്സരസ്സംബന്ധേന=അപ്സരസ്സുമായുള്ള സംബന്ധത്താൽ. അസ്യ ജനനീ=ഇവൻെറ മാതാവു്. അത്ര=ഇവിടെ. ദേവഗുരോഃ തപോവനേ=കശ്യപൻെറ തപോവനത്തിൽ. പ്രസൂതാ=പ്രസവിച്ചു.

രാജാ:—(അപവാര്യ) ഹന്ത! ദ്വിതീയമിദമാശാജനനമ്. (പ്രകാശം) സാ തത്രഭവതീ കിമാഖ്യസ്യ രാജർഷേഃ പത്നീ?

താപസീ:—കസ്തസ്യ ധൎമ്മദാരപരിത്യാഗിനോ നാമ കീൎത്തയിഷ്യതി?

രാജാ:—(ആത്മഗതം) ഇയം ഖലു കഥാ മാമേവ ലക്ഷീകരോതി. യദി താവദസ്യ ശിശോൎമാതരം നാമതഃ പൃച്ഛേയമ്? അഥവാ ന ന്യായ്യഃ പരദാരവ്യാപാരഃ.

(പ്രവിശ്യ മൃൺമയൂരഹസ്താ താപസീ)

സൎവ്വദമന, ശകുന്തലാവണ്യം പശ്യ.

ബാലഃ:—(സദൃഷ്ടിക്ഷേപം) കുത്ര വാ അംബാ?

ഹന്ത!=കഷ്ടം! ഇദം=ഇതു്. ദ്വിതീയം ആശാജനനം=രണ്ടാമതും ആശയ്ക്കു വഴികൊടുക്കുന്നതായിരിക്കുന്നു.

സാ തത്രഭവതീ=ആ മാന്യ. കിമാഖ്യസ്യ=എന്തുപേരുള്ള. രാജർഷേഃ=രാജർഷിയുടെ. പത്നീ=പത്നിയാണു്.

ധൎമ്മദാരപരിത്യാഗിനഃ=ധൎമ്മദാരങ്ങളെ ഉപേക്ഷിച്ച. തസ്യ നാമ=അയാളുടെ പേരു്. കഃ കീൎത്തയിഷ്യതി=കീൎത്തിക്കുന്നതു് ആരാണു്?

ഇയം ഖലു കഥാ=ഇക്കഥയാകട്ടെ. മാമേവ=എന്നെത്തന്നെയാണു്. ലക്ഷീകരോതി=ലക്ഷീകരിക്കുന്നതു്. (ഈ പറയുന്നതു എന്നെ ഉദ്ദേശിച്ചുതന്നെയാണല്ലോ.)

അസ്യ ശിശോഃ=ഈ കുഞ്ഞിൻെറ. മാതരം=അമ്മയെ. യദി താവത് നാമതഃ പൃച്ഛേയം=പേരു് ഇന്നതാണെന്നു ചോദിച്ചാലെന്താണു്?

അഥവ =അല്ലെങ്കിൽ. പരദാരവ്യാപാരഃ=പരസ്ത്രീപ്രസംഗം. ന ന്യായ്യഃ=ന്യായമില്ലാത്തതാകുന്നു.

(മയൂരഹസ്താ=മയിൽ കൈയിൽ വഹിക്കുന്ന) താപസീ. പ്രവിശ്യ=പ്രവേശിച്ച്.

സർവ്വദമന!=അല്ലയോ സർവ്വദമന! ശകുന്തലാവണ്യം=ശകുന്തത്തിന്റെ ലാവണ്യം. പശ്യ=നോക്കു.

അംബാ കുത്ര വാ?=അമ്മ എവിടെയാണ്? ഇവിടെ 'ശകുന്തലാ'വണ്യം എന്ന പദം കവി പ്രയോഗിച്ചിരിക്കുന്നതു നായകവിഷയകമായ അത്യുൽക്കണ്ഠ മാറുന്നതിനുള്ള ഒരു ഉപായമാണ്.

ഉഭേ:—ഏഷ നാമ സാദൃശ്യേന വഞ്ചിതോ മാതൃവത്സലഃ.

സത്യവ്രതാ:—അമുഷ്യ മൃത്തികാമയൂരസ്യ രമ്യത്വം പശ്യേതി ഭണിതോ ഽസി.

രാജാ:—(ആത്മഗതം)കിം വാ ശകുന്തളേത്യസ്യ മാതുരാഖ്യാ? സന്തി പുനർനാമധേയസാദൃശ്യാനി. അപി നാമ മൃഗതൃഷ്ണികേവ നായമത്ര പ്രസ്താവോ വിഷാദായ കല്പതേ?

ബാലഃ:—(വിലോക്യ) രോചതേ മേ മൃത്തികാമയൂരഃ. അംബായൈ നീയതേ ഏഷ ഭദ്രമയൂരഃ.

(ക്രീഡനീയകമാദത്തേ)

ഏഷഃ മാതൃവത്സലഃ=ഈ മാതൃവത്സലൻ. നാമസാദൃശ്യേന=നാമസാദൃശ്യം മൂലം. വഞ്ചിതഃ=വഞ്ചിതനായി, വഞ്ചിക്കപ്പെട്ടുപോയിരിക്കുന്നു.

അമുഷ്യ=ഈ. മൃത്തികാമയൂരസ്യ=മൺമയിലിന്റെ. രമ്യത്വം=മനോഹരതയെ. പശ്യ=നോക്കുക. ഇതി=എന്ന്. (നീ) ഭണിതഃ അസി=പറയപ്പെട്ടവനായിരിക്കുന്നു.

കിം വാ ശകുന്തളാ ഇതി അസ്യ മാതുഃ ആഖ്യാ=എന്താണ് ശകുന്തളയെന്നായിരിക്കുമോ ഇവന്റെ അമ്മയുടെ നാമധേയം? നാമധേയസാദൃശ്യാനി=നാമധേയസാദൃശ്യങ്ങൾ ആവട്ടെ. സന്തി=ഉണ്ട്. മൃഗതൃഷ്ണികാ ഇവ=മൃഗതൃഷ്ണികപോലെ. അപിനാമ അയം പ്രസ്താവഃ വിഷാദായ ന കല്പതേ=ഈ പ്രസ്താവം വിഷാദത്തിന്നായി കല്പിക്കപ്പെടുന്നതല്ലേ?

(വിലോക്യ=നോക്കി).

മൃത്തികാമയൂരഃ=മൃത്തികാമയൂരം. മേ രോചതേ=എനിക്കായിക്കൊണ്ടു രുചിക്കുന്നു.

ഏഷഃ ഭദ്രമയൂരഃ=ഈ നല്ല മയിൽ. അംബായൈ നീയതേ=അമ്മയ്ക്കായിക്കൊണ്ടു നയിക്കപ്പെടുന്നു. (അമ്മയുടെ അടുത്തു് ഈ മയിലിനെ ഞാൻ കൊണ്ടുപോകുന്നു.)

ക്രീഡനീയകം=കളിപ്പാട്ടത്തെ. ആദത്തേ=എടുക്കുന്നു.

സത്യവ്രതാ:—(വിലോക്യ സാദ്വേഗം) അമ്മഹേ! രക്ഷാകരണ്ഡകം മണിബന്ധേ ഽസ്യ ന ദൃശ്യതേ.

കുട്ടി

രാജാ:—അലമലമാവേഗേന - നനു ഇദമസ്യ സിംഹശാബമർദ്ദനാത് പരിഭ്രഷ്ടമ്. (ആദാതുമിച്ഛതി)

ഉഭേ:—മാ ഖലു മാ ഖലു ഇദമാലംബ്യ. കഥം? ഗൃഹീതമനേന.

(വിസ്മയാദുരോനിഹിതഹസ്തേ പരസ്പരമവലോകയതഃ)

രാജാ:—കിമർത്ഥം പ്രതിഷിദ്ധാഃ സ്മഃ?

സുവ്രതാ:—ശൃണോതു മഹാരാജഃ. ഏഷാ അപരാജിതാ നാമൌഷധിരസ്യ ജാതകൎമ്മസമയേ ഭഗവതാ മാരീചേന ദത്താ. ഏതാം കില മാതാപിതരാവാത്മാനമപി വൎജയിത്വാ അപരോ ഭൂമിപതിതാം ന ഗൃഹ്ണാതീതി.

സാവേഗം=ആവേഗത്തോടു (പരിഭ്രമത്തോടു) കൂടി. അമ്മഹേ!=അയ്യോ! രക്ഷാകരണ്ഡകം=രക്ഷകെട്ടിയതു്. അസ്യ=ഇവന്റെ. മണിബന്ധേ=മണിബന്ധത്തിൽ. ന ദൃശ്യതേ=കാണപ്പെടുന്നില്ല.

അലം അലം ആവേഗേന=വേണ്ടാ പരിഭ്രമിച്ചിട്ടാവശ്യമില്ല. ഇദം=ഈ 'രക്ഷ.' അസ്യ=ഇവന്റെ. സിംഹശാബമൎദ്ദനാത്=സിംഹക്കുട്ടിയുടെ മൎദ്ദനം ഹേതുവായി. പരിഭ്രഷ്ടം=താഴെ വീണുപോയതാണു്. (ആദാതും=എടുക്കാൻ. ഇച്ഛതി=ഇച്ഛിക്കുന്നു.)

മാ ഖലു മാ ഖലു ഇദം ആലംബ്യ=എടുക്കരുതേ, എടുക്കരുതേ. കഥം=എന്തു്! ഗൃഹീതം അനേന=ഇവനാൽ ഗൃഹീതമായി. വിസ്മയാത്=ആശ്ചൎയ്യംഹേതുവായി. ഉരോനിഹിതഹസ്തേ=ഉരസ്സിൽ വെയ്ക്കപ്പെട്ട കൈകളോടുകൂടി. പരസ്പരം=തമ്മിൽ. അവലോകയതഃ=നോക്കുന്നു.

കിമൎത്ഥം=എന്തുകാരണത്താലാണു്. പ്രതിഷിദ്ധാഃ സ്മഃ=പ്രതിഷിദ്ധനായിരിക്കുന്നതു്? (തടുക്കപ്പെട്ടിരിക്കുന്നതു്?)

മഹാരാജഃ=മഹാരാജാവു്. ശൃണോതു=കേട്ടാലും.

ഏഷാ=ഈ. അപരാജിതാ നാമ=അപരാജിത എന്നു പേരായ. ഔഷധിഃ=ഔഷധി. അസ്യ=ഇവന്റെ. ജാതകൎമ്മസമയേ=ജാതകൎമ്മസമയത്തിൽ. ഭഗവതാ=ഭഗവാനായ. മാരീചേന=മാരീചനാൽ. ദത്താ=ദത്തമായതാണു്.

ഏതാം കില ഭൂമിപതിതാം=ഈ രക്ഷ തറയിൽ വീണുപോകുന്നപക്ഷം. മാതാപിതരൌ=മാതാപിതാക്കന്മാരെയും. ആത്മാനം അപി=തന്നേയും (ധാരകനേയും.) വൎജയിത്വാ=ഒഴിച്ചു്. അപരഃ=മറെറാരാൾ. ന ഗൃഹ്ണാതി=എടുക്കുന്നില്ല (എടുപ്പാൻ പാടുള്ളതല്ല.)

രാജാ:—അഥ ഗൃഹ്ണാതി?

സുവ്രതാ:—തതസ്സൎപ്പോ ഭൂത്വാ ദശതി.

രാജാ:—ഭവതീഭ്യാം കദാചിദസ്യാഃ പ്രത്യക്ഷീകൃതാ വിക്രിയാ?

ഉഭേ:—അനേകശഃ

രാജാ:—(സഹൎഷം) കിമിദാനീം പൂൎണ്ണമപി മനോരഥം നാഭിനന്ദാമി. (ബാലം പരിഷ്വജതേ)

സത്യവ്രതാ:—സുവ്രതേ, ഏഹി ഇമം വൃത്താന്തം നിയമവ്യാപൃതായൈ ശകുന്തളായൈ നിവേദയാവഃ. (നിഷ്ക്രാന്തേ)

അഥ ഗൃഹ്ണാതി=എടുക്കുന്നപക്ഷം?

തതഃ=അങ്ങിനെയാണെങ്കിൽ. സൎപ്പഃ ഭൂത്വാ=സൎപ്പമായി ഭവിച്ചു്. ദശതി=കടിക്കുന്നു (കടിക്കും.)

അസ്യാഃ=ഈ രക്ഷയുടെ. വിക്രിയാ=വികാരം (ഇമ്മാതിരിയുള്ള പ്രത്യേകസ്വഭാവം) ഭവതീഭ്യാം=നിങ്ങളാൽ. കദാചിത് (അപി) പ്രത്യക്ഷീകൃതാ?=എപ്പോഴെങ്കിലും പ്രത്യക്ഷപ്പെടുത്തപ്പെട്ടതാണോ?

അനേകശഃ=അനേകപ്രാവശ്യം.

(സഹർഷം=സസന്തോഷം.) ഇദാനീം=ഇപ്പോഴം. പൂൎണ്ണം അപി മനോരഥം=പൂൎണ്ണമായ മനോരഥത്തെക്കൂടെയും (അഭിലാഷപൂൎത്തികശേഷവും) ന അഭിനന്ദാമി=ഞാൻ അഭിനന്ദിക്കുന്നില്ലല്ലോ.

ബാലം=ബാലനെ. പരിഷ്വജതേ=തഴുകുന്നു.

സുവ്രതേ, ഏഹി=വരൂ. ഇമം വൃത്താന്തം=ഈ വൃത്താന്തത്തെ. നിയമവ്യാപൃതായൈ=നിയമത്തിൽ വ്യാപൃതയായ. ശകുന്തളായൈ=ശകുന്തളയ്ക്കായി. നിവേദയാവഃ=അറിയിക്കാം. (നിഷ്ക്രാന്തേ=രണ്ടുപേരും പോകുന്നു.)

ബാലഃ—മുഞ്ച മാം; അംബായാഃ സകാശം ഗച്ഛാമി.

രാജാ:—പുത്രക! മയാ സഹൈവ മാതരമഭിനന്ദിഷ്യസി.

ബാലഃ:—മമ ഖലു താതോ ദുഷ്ഷന്തഃ; ന ത്വമ്.

രാജാ:—(സസ്മിതം) (സ്വഗതം) ഏഷ വിവാദ ഏവ പ്രത്യായയതി.
(തതഃ പ്രവിശത്യേകവേണീധരാ ശകുന്തളാ)

ശകുന്തളാ:—വികാരകാലേഽപി പ്രകൃതിസ്ഥാം സൎവ്വദമനസ്യൌഷധിം ശ്രുത്വാ ന മേ ആശംസാ ആസീദാത്മനോ ഭാഗധേയേഷു; അഥവാ യഥാ സാനുമത്യാ ആഖ്യാതം, തഥാ സംഭാവ്യത ഏതത്.

മാം മുഞ്ച=എന്നെ വിടണം. അംബായാഃ സകാശം=അമ്മയുടെ അടുക്കലേക്കു്. ഗച്ഛാമി=ഞാൻ പോകുന്നു.

പുത്രക!=മകനേ! മയാ സഹ ഏവ=എന്നോടുകൂടിത്തന്നെ. മാതരം=അമ്മയെ. അഭിനന്ദിഷ്യസി=അഭിനന്ദിപ്പാൻ പോകുന്നതു്.

മമ ഖലു താതഃ=എന്റെ അച്ഛനാകട്ടെ.ദുഷ്ഷന്തഃ=ദുഷ്ഷന്തനാണു്. ന ത്വം=നിങ്ങളല്ല.

ഏഷഃ വിവാദഃ ഏവ=ഈ വാദംതന്നെ. പ്രത്യായയതി=എനിക്കു് വിശ്വാസം തരുന്നു.

(തതഃ=അനന്തരം. ഏകവേണീധരാ=ഒററയായ (വിരഹദുഃഖംകൊണ്ടു ചീകി മിനുസപ്പെടത്തി കെട്ടാത്ത) തലമുടിയോടുകൂടിയ. ശകുന്തളാ=ശകുന്തള. പ്രവിശതി=പ്രവേശിക്കുന്നു.)

സൎവ്വദമനസ്യ=സൎവ്വദമനന്റെ. രക്ഷൌഷധീം=രക്ഷൌഷധിയെ. വികാരകാലേ അപി=വികാരകാലത്തിലുംകൂടി. പ്രകൃതിസ്ഥാം=പ്രകൃതിസ്ഥയായിട്ടു്. ശ്രുത്വാ അപി=കേട്ടിട്ടുംകൂടി. മേ=എനിക്കു്. ആത്മനഃ=തന്റെ (എന്റെ.) ഭാഗധേയേഷു=ഭാഗധേയങ്ങളിൽ. ആശംസാ ന ആസീത്=വിശ്വാസം ഉണ്ടാകുന്നില്ല.

അഥവാ=അല്ലെങ്കിൽ. യഥാ സാനുമത്യാ ആഖ്യാതം=സാനുമതിയാൽ പറയപ്പെട്ടപോലെ. തഥാ=അപ്രകാരം. ഏതത് സംഭാവ്യതേ=ഇതു സംഭവിക്കാം.

രാജാ:—(ശകുന്തളാം ദൃഷ്ട്വാ) അയേ, ഇയം അത്രഭവതീ ശകുന്തളാ—

വസനേ പരിധൂസരേ വസാനാ,
നിയമക്ഷാമമുഖീ ധൃതൈകവേണീ

അതിനിഷ്കരുണസ്യ ശുദ്ധശീലാ
മമ ദീർഘം വിരഹവ്രതം വഹന്തീ. 21

ശകുന്തളാ:—(പശ്ചാത്താപവിവൎണ്ണം രാജാനം ദൃഷ്ട്വാ) ന ഖല്വാൎയ്യപുത്ര ഇവ ക ഏഷ ഇദാനീം കൃതരക്ഷാമംഗലം ദാരകം ഗാത്രസംസൎഗ്ഗേണ ദൂഷയതി?

ബാലഃ:—(മാതരമുപേത്യ) അംബ! ഏഷ കോ∫പി മാം പുത്ര ഇത്യാലപതി.

അയേ=(ആശ്ചൎയ്യപരം) ഇയം അത്രഭവതീ ശകുന്തളാ=ഇതാ അത്രഭവതിയായ ശകുന്തള.

പരിധൂസരേ=പരിധൂസരങ്ങളായ (മുഷിഞ്ഞ). വസനേ=രണ്ടു വസ്ത്രങ്ങളെ. വസാനാ=ധരിച്ചിരിക്കുന്നവളായും. നിയമക്ഷാമമുഖീ=നിയമംകൊണ്ട്, വ്രതോപവാസംകൊണ്ടു ക്ഷാമമായ (ക്ഷീണിച്ച) മുഖത്തോടുകൂടിയും. ധൃതൈകവേണീ=ധൃതമായ (ധരിക്കപ്പെട്ടതായ) ഏകവേണിയോട്, ഒററക്കെട്ടതലമുടിയോടുകൂടിയും. അതിനിഷ്കരുണസ്യ=അതിനിഷ്കരുണനായ. മമ=എന്റെ. ദീർഘം=ദീർഘകാലമായുള്ള. വിരഹവ്രതം=വിരഹവ്രതത്തെ. വഹന്തീ=വഹിച്ചും. ശുദ്ധശീലാ=ശുദ്ധശീലയുമായുള്ള. ശകുന്തള ഇതാ.

(പശ്ചാത്താപവിവൎണ്ണം=പശ്ചാത്താപത്താൽ വിവൎണ്ണനായ. രാജാനം=രാജാവിനെ. ദൃഷ്ട്വാ=കണ്ടിട്ട്.)

ന ഖലു ആൎയ്യപുത്രഃ ഇവ=(ഇതു്) ആൎയ്യപുത്രനെപ്പോലെ അല്ലല്ലോ. (അങ്ങിനെയല്ലാത്തസ്ഥിതിക്കു്) കൃതരക്ഷാമംഗലം=കൃതമായ രക്ഷാമംഗലത്തോടുകൂടിയ. ദാരകം=കുട്ടിയെ. ഗാത്രസംസൎഗ്ഗേണ=ശരീരസമ്പൎക്കംകൊണ്ടു്. ഇദാനീം=ഇപ്പോൾ. കഃ ഏഷഃ ദൂഷയതി?=ഇതാരാണ് ദൂഷിപ്പിക്കുന്നതു്?

മാതരം ഉപേത്യ=അമ്മയുടെ അടുത്തുചെന്നു്. അംബ! ഏഷ കോ∫പി മാം=ഇതാ ആരോ എന്നെ. പുത്രഃ ഇത്യാലപതി=മകനെന്നു വിളിക്കുന്നു.

രാജാ:—പ്രിയേ, ക്രൌൎയ്യമപി മേ ത്വയി പ്രയുക്തമനുകൂലപരിണാമം സംവൃത്തമ്. യദഹമിദാനീം ത്വയാ പ്രത്യഭിജ്ഞാതമാത്മാനം പശ്യാമി.

ശകുന്തളാ:—(ആത്മഗതം) ഹൃദയ, ആശ്വസിഹി. മത്സരിണാപ്യനുകമ്പിതാ∫സ്മി ദൈവേന; ആൎയ്യപുത്ര ഏവൈഷഃ.

രാജാ:—പ്രിയേ,

സ്മൃതിഭിന്നമോഹതമസോ
ദിഷ്ട്യാ പ്രമുഖേ സ്ഥിതാസി മേ സുമുഖി!
ഉപരാഗാന്തേ ശശിനഃ
സ്സമുപഗതോ രോഹിണീയോഗഃ. 22

ശകുന്തളാ:—ജയതാൎയ്യപുത്രഃ—

(ഇത്യൎദ്ധോക്തേ ബാഷ്പകണ്ഠീ വിരമതി)

പ്രിയേ=പ്രിയതമേ! ത്വയി പ്രയുക്തം=നിന്നിൽ പ്രയോഗിക്കപ്പെട്ട. ക്രൌര്യ്യം അപി=ക്രൂരതപോലും. അനുകൂലപരിണാമം=അനുകൂലമായ പരിണാമത്തോടുകൂടിയതായി. സംവൃത്തം=വന്നുചേൎന്നു. യത്=യാതൊരുകാരണത്താലോ. അഹം=ഞാൻ. ഇദാനീം=ഇപ്പോൾ. ആത്മാനം=എന്നെ. ത്വയാ=നിന്നാൽ. പ്രത്യഭിജ്ഞാതം=ഓൎമ്മിച്ച് അറിയപ്പെടേണ്ടതായി. പശ്യാമി=കാണുന്നു.

ഹൃദയ!=അല്ലയോ ഹൃദയമേ! ആശ്വസിഹി=ആശ്വസിച്ചാലും. മത്സരിണാ അപി=മാത്സൎയ്യത്തോടുകൂടിയതാണെങ്കിലും. ദൈവേന=ദൈവത്താൽ (ഭാഗ്യത്താൽ) അനുകമ്പിതാ അസ്മി=അനുകമ്പിതയായിരിക്കുന്നു. ഏഷഃ=ഇതു്. ആൎയ്യപുത്രഃ ഏവ=ആൎയ്യപുത്രൻതന്നെ.

സ്മൃതിഭിന്നമോഹതമസഃ=സ്മൃതിയാൽ (ഓൎമ്മനിമിത്തം) ഭിന്നമായ, ഭിന്നിച്ച (നശിച്ച) മോഹമാകുന്ന തമസ്സോടു (അന്ധകാരത്തോടു) കൂടിയ. മേ=എന്റെ. പ്രമുഖേ=മുൻപാകെ. ഹേ സുമുഖി, ദിഷ്ട്യാ=ഭാഗ്യവശാൽ. സ്ഥിതാ അസി=സ്ഥിതി ചെയ്യുന്നു.

ഉപരാഗാന്തേ=ഉപരാഗത്തിന്റെ (രാഹുഗ്രഹണത്തിന്റെ) അന്തത്തിൽ. ശശിനഃ=ശശിക്കു്. രോഹിണീയോഗഃ=രോഹിണിയുമായുള്ള സമാഗമം. സമുപഗതഃ=പ്രാപ്തമായി.

അലങ്കാരം—നിദൎശനം.

ആൎയ്യപുത്രഃ ജയതു=ആൎയ്യപുത്രൻ ജയിച്ചാലും.

ഇതി അൎദ്ധോക്തേ=ഇപ്രകാരം പകുതി പറഞ്ഞപ്പോൾ. ബാഷ്പകണ്ഠീ വിരമതി=ഗദ്ഗദവതിയായി വിരമിക്കുന്നു.

**രാജാ:—സുന്ദരി,**

ബാഷ്പേണ പ്രതിരുദ്ധോഽപി ജയശബ്ദേ ജിതം മയാ,
യത്തേ ദൃഷ്ടമസംസ്കാരപാടലോഷ്ഠപുടം മുഖമ്. 23

**ബാലഃ:—അംബാ! ക ഏഷഃ?**

**ശകുന്തളാ:—വത്സ! ഭാഗധേയാനി തേ പൃച്ഛ.**

ബാഷ്പേണ=ബാഷ്പത്താൽ. പ്രതിരുദ്ധഃ അപി=പ്രതിരുദ്ധമായിരുന്നെങ്കിലും, തടുക്കപ്പെട്ടതായിരുന്നെങ്കിലും. ജയശബ്ദേ=ജയശബ്ദത്തിൽ. തേ=നിന്റെ. അസംസ്കാരപാടലോഷ്ഠപുടം=അസംസ്കാരത്താൽ (ശൃംഗാരരസവൎദ്ധകമായ കൃത്രിമാലങ്കരണങ്ങളില്ലാത്തതിനാൽ) പാടലമായ (അല്പം വെളുപ്പും ചുവപ്പും കലൎന്നതായ) ഓഷ്ഠപുടത്തോടുകൂടിയ. മുഖം=മുഖം. മയാ=എന്നാൽ. ജിതം=ജിതമായി.

(നീ ജയശബ്ദം പുറപ്പെടുവിച്ചതു ബാഷ്പത്താൽ തടുക്കപ്പെട്ടുപോയി എങ്കിലും, നിന്റെ പാടലമായ ഓഷ്ഠപുടത്തോടുകൂടിയ മുഖം എനിക്കു കാണ്മാൻ സാധിച്ചുവെന്നുള്ള വിജയം എനിക്കു സിദ്ധിക്കതന്നെചെയ്തു.)

അംബ!=അമ്മേ! കഃ ഏഷഃ=ഇതാരാണ്?

വത്സ!=കുഞ്ഞേ! തേ=നിന്റെ. ഭാഗധേയാനി=ഭാഗ്യങ്ങളോടുതന്നെ. പൃച്ഛ=ചോദിച്ചാലും.

(ശകുന്തളയെ പരിത്യജിച്ച തന്റെ അപരാധത്തിനു രാജാവു് താഴെ കാണുംപ്രകാരം മാപ്പചോദിക്കുന്നു)—

(രാജാ ശകുന്തളായാഃ പാദയോഃ പതതി.)

സുതനു! ഹൃദയാത് പ്രത്യാദേശവ്യലീകമപൈതു തേ,
കിമപി മനസഃ സമ്മോഹോ മേ തദാ ബലവാനഭൂത്;
പ്രബലതമസാമേവംപ്രായാശ്ശുഭേഷു ഹി വൃത്തയഃ;
സ്രജമപി ശിരസ്യന്ധഃ ക്ഷിപ്താം ധുനോത്യഹിശങ്കയാ. 24

ശകുന്തളാ:—ഉത്തിഷ്ഠത്വാര്യ്യപുത്രഃ. നൂനം മമ സുചരിതം പ്രതിബന്ധകം പുരാകൃതം തേഷു ദിവസേഷു പരിണാമാഭിമുഖമാസീത്. യേന തഥാ സാനുക്രോശോഽപ്യാര്യ്യപുത്രോ മയി തഥാവിധഃ സംവൃത്തഃ.

(രാജാ ഉത്തിഷ്ഠതി)

രാജാ=രാജാവ്. ശകുന്തളായാഃ=ശകുന്തളയുടെ. പാദയോഃ=പാദങ്ങളിൽ. പതതി=വീഴുന്നു.

സുതനു!=ശോഭനശരീരേ!

തേ=നിന്റെ. പ്രത്യാദേശവ്യലീകം=പ്രത്യാദേശംകൊണ്ടു് (തിരസ്കാരംകൊണ്ടു്) നിന്നിൽ ഉണ്ടായ വ്യളീകത്തെ (അപ്രിയത്തെ) ഹൃദയാത്=ഹൃദയത്തിൽനിന്നു. അപൈതു=കളയണമേ.

തദാ=അപ്പോൾ (അക്കാലത്തു്.) മേ=എനിക്കു്. മനസഃ=മനസ്സിന്നു്. ബലവാൻ കിമപി സമ്മോഹഃ അഭൂത്=എന്തോ ബലവത്തായ ഒരു അജ്ഞാനം പിടിപെട്ടിരുന്നു.

പ്രബലതമസാം=പ്രബലമായ, പ്രകടമായ തമസ്സോടു് (തമോഗുണത്തോടു്) കൂടിയവൎക്കു്. ശുഭേഷു=ശ്രേയസ്കരസമയങ്ങളിൽ. വൃത്തയഃ=വൃത്തികൾ. (വ്യാപാരങ്ങൾ.) ഏവംപ്രായാഃ ഹി=ഇപ്രകാരമുള്ളവയാണല്ലോ.

ശിരസി=ശിരസ്സിൽ. ക്ഷിപ്താം=ക്ഷിപ്തയായ. (നിക്ഷേപിക്കപ്പെട്ടന്ന) സ്രജം അപി=മാലയെപ്പോലും. അന്ധഃ=അന്ധനായുള്ളവൻ. അഹിശങ്കയാ=സൎപ്പം എന്നുള്ള ശങ്കയാൽ. ധുനോതി=തള്ളുന്നു.

ആൎയ്യപുത്രഃ=ആൎയ്യപുത്രൻ. ഉത്തിഷ്ഠതു=എണീല്ക്കട്ടെ. (എണീററാലും.) നൂനം=തീൎച്ചയായും. മമ=എന്റെ. സുചരിതപ്രതിബന്ധകം=സുചരിതത്തെ (സൌഭാഗ്യവത്തായ ജീവിതത്തെ) പ്രതിബന്ധിക്കുന്നതായ. പുരാകൃതം=ജന്മാന്തരപാപം. തേഷു ദിവസേഷു=ആ ദിവസങ്ങളിൽ (അക്കാലത്തു്.) പരിണാമാഭിമുഖം ആസീത്=ഫലാഭിമുഖമായിരുന്നു. യേന=യാതൊന്നുകൊണ്ടാണോ. തഥാ=അപ്രകാരം. സാനുക്രോശഃ അപി ആൎയ്യപുത്രഃ=ആൎയ്യപുത്രൻ താപവിവശനായിരുന്നുവെങ്കിലും. മയി=എന്നിൽ. തഥാവിധഃ സംവൃത്തഃ=മുൻപറഞ്ഞതുപോലെയായിത്തീൎന്നുവല്ലോ.

രാജാ=രാജാവു്. ഉത്തിഷ്ഠതി=എഴുന്നേല്ക്കുന്നു.

ശകുന്തളാ:—അഥ കഥമാൎയ്യപുത്രേണ സ്മൃതോ ദുഃഖഭാഗയം ജനഃ?

രാജാ:—ഉദ്ധൃതവിഷാദശല്യഃ കഥയിഷ്യാമി.

മോഹാന്മയാ സുതനു! പൂൎവ്വമുപേക്ഷിതസ്തേ
യോ ബദ്ധബിന്ദുരധരം പരിബാധമാനഃ,
തം താവദാകുലിതപക്ഷ്മവിലഗ്നമദ്യ
ബാഷ്പം പ്രമൃജ്യ വിഗതാനുശയോ ഭവാമി. 25

(യഥോക്തമനുതിഷ്ഠതി.)

**ശകുന്തളാ:—(നാമമുദ്രാം ദൃഷ്ട്വാ) ആൎയ്യപുത്ര, ഇദം തദംഗുലീയകമ്.**

അഥ=പിന്നീട്. ആൎയ്യപുത്രേണ=ആൎയ്യപുത്രനാൽ. ദുഃഖഭാക് അയം ജനഃ= ദുഃഖഭാക്കായ ഈ ജനം. കഥം സ സ്മൃതഃ=എങ്ങിനെയാണ് സ്മരിക്കപ്പെട്ടതു്?

ഉദ്ധൃതവിഷാദശല്യഃ=ഉദ്ധൃതമായ (നീക്കപ്പെട്ട) വിഷാദശല്യനായി (വിഷാദമാകുന്ന ശല്യം നീക്കീട്ട്) കഥയിഷ്യാമി=പറയാം.

സുതനു!=സുന്ദരി! മയാ=എന്നാൽ. മോഹാത്=അജ്ഞാനംഹേതുവായി. പൂൎവ്വം= മുൻപു്. ഉപേക്ഷിതാ=ഉപേക്ഷിക്കപ്പെട്ട. അധരം=അധരത്തെ. പരിബാധമാനഃ= ബാധിക്കുന്നതായ. ബദ്ധബിന്ദുഃ=ബദ്ധബിന്ദുവായി ഭവിച്ച. യഃ ബാഷ്പഃ=യാതൊരു ബാഷ്പമുണ്ടോ. തം=ആ. ആകുലിതപക്ഷ്മവിലഗ്നം=ആകുലിതമായ (വ്യാകുലമായ) പക്ഷ്മത്തിൽ (കൺപോളയിൽ) വിലഗ്നമായ, പററിയതായ. ബാഷ്പം=ബാഷ്പത്തെ (കണ്ണുനീരിനെ.) അദ്യ താവൽ=ഇപ്പോൾത്തന്നെ. പ്രമൃജ്യ=തുടച്ചിട്ട്. വിഗതാനുശയഃ=വിഗതയായ (പോയതായ) അനുശയത്തോട്ട് (താപത്തോട്ട്) കൂടിയവനായി. ഭവാമി=ഭവിക്കുന്നു (ഭവിക്കട്ടെ.)

യഥാ ഉക്തം=പറഞ്ഞതുപോലെ. അനുതിഷ്ഠതി=ചെയ്യുന്നു.

നാമമുദ്രാം ദൃഷ്ട്വാ=നാമമുദ്രയെ നോക്കി. ആൎയ്യപുത്ര. ഇദം=ഇതു്. തത് അംഗുലീയകം=ആ മോതിരമാണ്; അല്ലേ?

**രാജാ:—അഥ കിമ്. അസ്മാദംഗുലീയോപലംഭാത് ഖലു മയാ സ്മൃതിരുപലബ്ധാ.**

**ശകുന്തളാ:—വിഷമം കൃതമനേന. യത് തദാ ആൎയ്യപുത്രസ്യ പ്രത്യയകാലേ ദുൎല്ലഭമാസീത്.**

**രാജാ:—തേന ഹി ഋതുസമവായചിഹ്നം പ്രതിപദ്യതാം ലതാ കുസുമമ്.**

**ശകുന്തളാ:—നാസ്യ വിശ്വസിമി. ആൎയ്യപുത്ര! ഏവൈനം ധാരയ.**

**(തതഃ പ്രവിശതി മാതലിഃ)**

**മാതലിഃ:—ദിഷ്ട്യാ ധൎമ്മപത്നീസമാഗമേന പുത്രമുഖദൎശനേന ചായുഷ്മൻ വൎദ്ധതേ.**

അഥ കിം=അതേ.

അസ്മാത്=ഈ. അംഗുലീയോപലംഭാത് ഖലു=അംഗുലീയത്തിന്റെ ഉപലംഭംഹേതുവായിട്ടാണല്ലോ, ലബ്ധിഹേതുവായിട്ടാണല്ലോ. മയാ=എന്നാൽ. സ്മൃതിഃ= ഓൎമ്മ. ഉപലബ്ധാ=ഉപലബ്ധയായതു്.

അനേന വിഷമം കൃതം=ഇതിനാൽ വിഷമം ചെയ്യപ്പെട്ടു. യത്=യാതൊരു കാരണംകൊണ്ടാണോ. ആൎയ്യപുത്രസ്യ=ആൎയ്യപുത്രന്റെ തദാ പ്രത്യയകാലേ=ആ പ്രത്യയകാലത്തു്. ദുൎല്ലഭം ആസീത്=ദുൎല്ലഭമായിരുന്നുവോ.

തേന ഹി=അതിനാലൊക്കെത്തന്നെ. ലതാ=ലത. ഋതുസമവായചിഹ്നം= ഋതുസമവായത്തിന്നു ചിഹ്നമായ. കുസുമം=കുസുമത്തെ. പ്രതിപദ്യതാം=പ്രാപിക്കട്ടെ.

അസ്യ=ഈ മോതിരത്തിന്നു (മോതിരത്തെ.) ന വിശ്വസിമി=ഞാൻ വിശ്വസിക്കയില്ല.

ആൎയ്യപുത്രഃ ഏവ=ആൎയ്യപുത്രൻതന്നെ. ഏനം=ഇതിനെ. ധാരയതു=ധരിച്ചാലും.

മാതലിഃ=മാതലി. പ്രവിശതി=പ്രവേശിക്കുന്നു.

ദിഷ്ട്യാ=ഭാഗധേയംകൊണ്ട്. ധമ്മപത്നീസമാഗമേന=ധമ്മപത്നിയുടെ സമാഗമത്താലും. പുത്രമുഖദശ്നേന ച=പുത്രമുഖത്തിൻെറ ദശ്നത്താലും. ആയുഷ്മൻ വദ്ധതേ=ആയുഷ്മാനായ ഭവാൻ സന്തുഷ്ടനായിരിക്കുന്നല്ലോ.

രാജാ:—അഭൂത് സമ്പാദിതസ്വാദുഫലോ മേ മനോരഥഃ. മാതലേ, ന ഖലു വിദിതോഽയമാഖണ്ഡലസ്യാർഥഃ. അഥവാ കിമീശ്വരാണാം പരോക്ഷമ്.

മാതലിഃ:—(സസ്മിതം) അഥ കിമ്. ഏഹ്യായുഷ്മൻ! ഭഗവാന്മാരീചസ്തേ ദശ്നം വിതരതി.

രാജാ:—ശകുന്തളേ, അവലംബ്യതാം പുത്രഃ. ത്വാം പുരസ്കൃത്യ ഭഗവന്തം ദ്രഷ്ടുമിച്ഛാമി.

ശകുന്തളാ:—ജിഹ്രേമ്യാര്യ്യപുത്രേണ സഹ ഗന്തുമ്.

രാജാ:—ആചരിതവ്യമഭ്യുദയകാലേഷു ഏഹ്യേഹി.

(സവേ് പരിക്രാമന്തി)

മേ മനോരഥഃ=എൻെറ മനോരഥം. സമ്പാദിതസ്വാദുഫലഃ=സമ്പാദിതമായ സ്വാദുഫലത്തോടുകൂടിയതായി. അഭൂത്=ഭവിച്ചു.

മാതലേ=അല്ലയോ മാതലീ! അയം അർഥഃ=ഈ കാര്യ്യം (എൻെറ പ്രിയതമാപുത്രസമാഗമം.) ആഖണ്ഡലസ്യ=ഇന്ദ്രന്നു. ന ഖലു വിദിതഃ=അറിയപ്പെട്ടില്ലല്ലോ (ഇന്ദ്രൻ ഇക്കാര്യ്യം അറിഞ്ഞിരിക്കയില്ലല്ലോ.) അഥവാ=അല്ലെങ്കിൽ. ഈശ്വരാണാം=ഈശ്വരന്മാക്ക്. കിം പരോക്ഷം=എന്താണ് അപ്രത്യക്ഷമായിട്ടുള്ളതു്?

(സസ്മിതം=മന്ദഹാസത്തോടെ) അഥ കിം=അതേ. ആയുഷ്മൻ, ഏഹി=വന്നാലും. ഭഗവാൻ മാരീചഃ=ഭഗവാനായ മാരീചൻ. തേ=അങ്ങയുടെ. ദശനം=ദർശനത്തെ. വിതരതി=പ്രതീക്ഷിക്കുന്നു.

ശകുന്തളേ! പുത്രഃ അവലംബ്യതാം=പുത്രൻ അവലംബിക്കപ്പെടട്ടെ, (പുത്രനെ എടുത്തുകൊള്ളുക.)

ത്വാം പുരസ്കൃത്യ=നിന്നെ പുരസ്കരിച്ച് (നിന്നെ മുൻനിത്തി—നീമുഖാന്തിരം) ഭഗവന്തം=ഭഗവാനെ. ദ്രഷ്ടും=കാണുന്നതിന്ന്. ഇച്ഛാമി=ഇച്ഛിക്കുന്നു.

ആര്യ്യപുത്രേണ സഹ=ആര്യ്യപുത്രനോടുകൂടി. ഗന്തും=ഗമിക്കുന്നതിന്ന(പോകാൻ) ജിഹ്രേമി=ഞാൻ ലജ്ജിക്കുന്നു.

അഭ്യുദയകാലേഷു=അഭ്യുദയകാലങ്ങളിൽ. ആചരിതവ്യം=അങ്ങിനെ ആചരിക്കേണ്ടതാണ്. ഏഹി ഏഹി=വരു വരു.

സവേ=എല്ലാം. പരിക്രാമന്തി=ചുററിനടക്കുന്നു.

(തതഃ പ്രവിശത്യദിത്യാസാദ്ധമാസനസ്ഥോ മാരീചഃ)

മാരീചഃ—(രാജാനമവലോക്യ) ദാക്ഷായണി,

പുത്രസ്യ തേ രണശിരസ്യയമഗ്രയായീ
ദുഷ്ഷന്ത ഇത്യഭിഹിതോ ഭുവനസ്യ ഭർതാ
ചാപേന യസ്യ വിനിവർത്തിതകർമജാതം
തത് കോടിമത് കുലിശമാഭരണം മഘോനഃ



അദിതിഃ:—സംഭാവനീയാനുഭാവാസ്യാകൃതിഃ.

(തതഃ പ്രവിശതി=അനന്തരം പ്രവേശിക്കുന്നു. അദിത്യാ സാർധം=അദിതിയോടുകൂടി. ആസനസ്ഥഃ=ഇരിക്കുന്ന. മാരീചഃ=മാരീചമഹർഷി.)

രാജാനം=രാജാവിനെ. അവലോക്യ=നോക്കി.

ദാക്ഷായണി!=അല്ലയോ ദക്ഷരാജപുത്രി!

തേ പുത്രസ്യ=നിൻെറ പുത്രൻറ് (ഇന്ദ്രൻറ്.) (ദേവന്മാരൊക്കെ അദിതിയുടെ പുത്രന്മാരാകുന്നു.) രണശിരസി=രണശിരസ്സിൽ (യുദ്ധരംഗമദ്ധ്യത്തിൽ.) അഗ്രയായീ=മുമ്പേ നടക്കുന്ന. ദുഷ്ഷന്തഃ ഇതി അഭിഹിതഃ=ദുഷ്ഷന്തൻ എന്നു പേരായ. ഭുവനസ്യ ഭർത്താ=ഭൂലോകാധിപതി. അയം=ഇവനാണ്.

യസ്യ=യാതൊരുത്തൻെറ. ചാപേന=ചാപംകൊണ്ടു (വില്ലിനാൽ) മഘോനഃ=ദേവേന്ദ്രൻെറ. വിനിവർത്തിതകർമജാതം=വിനിവർത്തിതമായ കർമ്മജാതത്തോടുകൂടിയ. തത്=ആ. കോടിമത് കുലിശം=കോടിയോടുകൂടിയ വജ്രായുധം. ആഭരണം=കേവലം അലങ്കാരമായിരിക്കുന്നുവോ. (ഈ ദുഷ്ഷന്തൻെറ വില്ലുമൂലം ഇന്ദ്രൻെറ വജ്രത്തിനു പ്രത്യേക കൃത്യനിർവ്വഹണത്തിൻെറ ആവശ്യം നേരിടാതെ അതു കേവലം ഒരു അലങ്കാരമായി തീർന്നിരിക്കുന്നു.)

അസ്യ ആകൃതിഃ=ഇദ്ദേഹത്തിൻെറ ആകൃതി. സംഭാവനീയാനുഭാവാ=സംഭാവനീയമായ, ഊഹിക്കപ്പെടേണ്ടതായ അനുഭാവത്തോടു (പ്രഭാവത്തോടു)കൂടിയതായിരിക്കുന്നു.

മാതലിഃ:—ആയുഷ്മൻ, പുത്രപ്രീതിപിശുനേന ചക്ഷുഷാ ദിവൗകസാം പിതരാവായുഷ്മന്തമവലോകയതഃ തദുപസർപ.

രാജാ:—മാതലേ! ഏതൗ—

പ്രാഹുർദ്വാദശധാ സ്ഥിതസ്യ മുനയോ യത്തേജസഃ കാരണം,
ഭർത്താരം ഭുവനത്രയസ്യ സുഷുവേ യദ്യജ്ഞഭാഗേശ്വരമ്,
യസ്മിന്നാത്മഭവഃ പരോഽപി പുരുഷശ്ചക്രേ ഭവായാസ്പദം,
ദ്വന്ദ്വം ദക്ഷമരീചിസംഭവമിദം തത് സ്രഷ്ടുരേകാന്തരമ്. 27

ആയുഷ്മൻ,

പുത്രപ്രീതിപിശുനേന=പുത്രപ്രീതിക്കു പിശുനമായ, സൂചകമായ. ചക്ഷുഷാ=ചക്ഷുസ്സിനാൽ. ദിവൗകസാം പിതരൗ=ദേവന്മാരുടെ മാതാപിതാക്കന്മാർ. ആയുഷ്മന്തം=ഭവാനെ അവലോകയതഃ=നോക്കുന്നു. തത്=അതുകൊണ്ട്. ഉപസർപ്പ=അടുത്തുചെന്നാലും.

മാതലേ!=മാതലീ! ഏതൗ=ഇവരാകുന്നു.

യത്=യാതൊന്നിനെ. മുനയഃ=മഹർഷിമാർ. ദ്വാദശധാ സ്ഥിതസ്യ തേജസഃ=ദ്വാദശവിധത്തിൽ (പന്ത്രണ്ടുവിധത്തിൽ) സ്ഥിതമായ തേജസ്സിന്. കാരണം=കാരണമായി. ആഹുഃ=പറയുന്നുവോ.

യത്=യാതൊന്നാണോ. യജ്ഞഭാഗേശ്വരം=യജ്ഞഭാഗക്കാർക്ക്, യാഗഭാഗഭുക്കുകൾക്ക്, (ദേവന്മാർക്ക്), ഈശ്വരനായ, ശ്രേഷ്ഠനായ. ഭുവനത്രയസ്യ ഭർത്താരം=ലോകത്രിതയനാഥനായ (ഇന്ദ്രനെ) സുഷുവേ=പ്രസവിച്ചുവോ.

യസ്മിൻ=യാതൊന്നിലാണോ. ആത്മഭുവഃ=ബ്രഹ്മാവിനേക്കാൾ. പരഃ=പരനായ (ശ്രേഷ്ഠനായ.) പുരുഷഃ അപി=പുരുഷൻപോലും (പുരുഷോത്തമനായ വിഷ്ണുപോലും) ഭവായ=ജന്മത്തിന്നായി. ആസ്പദം=ആസ്പദമാക്കി. ചക്രേ=ചെയ്തുവോ (വിഷ്ണുവിൻെറ വാമനാവതാരമാണു സൂചിപ്പിക്കപ്പെട്ടിരിക്കുക.)

ദക്ഷമരീചിസംഭവം=ദക്ഷനിലും മരീചിയിൽനിന്നുമുള്ള ജന്മത്തോടുകൂടിയ തത് ഇദം ദ്വന്ദ്വം=ആ ഈ ദ്വന്ദ്വം (ഇരട്ട) (അദിതിയും മാരീചനും.) സ്രഷ്ടുഃ=ബ്രഹ്മാവിൽനിന്ന്. ഏകാന്തരം=ഏകമായ അന്തരത്തോടുകൂടിയതാണ്. (ബ്രഹ്മ

മാലതിഃ:—അഥ കിമ്.

രാജാ:—(ഉപേത്യ) ഉഭാഭ്യാമപി വാസവനിയോജ്യോ ദുഷ്ഷന്തഃ പ്രണമതി.

മാരീചഃ:—വത്സ ചിരം പൃഥിവീം പാലയ.

അദിതിഃ—അപ്രതിരഥോ ഭവ.

ശകുന്തളാ:—ദാരകസഹിതാ ശകുന്തളാ വാം പാദവന്ദനം കരോതി.

മാരീചഃ:—വത്സേ,

ആഖണ്ഡലസമോ ഭർത്താ, ജയന്തപ്രതിമഃ സുതഃ,
ആശീരന്യാ ന തേ യോഗ്യാ; പൗലോമ്യാ സദൃശീ ഭവ. 28

അഥ കിമ്=അതേ.

ഉപേത്യ=അടുത്തുചെന്നിട്ട്.

ഉഭാഭ്യാം അപി=രണ്ടുപേക്കായിക്കൊണ്ടും. വാസവനിയോജ്യഃ=വാസവനാൽ നിയോജ്യമായ (നിയുക്തനായ.) ദുഷ്ഷന്തഃ=ദുഷ്ഷന്തൻ. പ്രണമതി=നമസ്കരിക്കുന്നു.

വത്സ!=വത്സ! ചിരം=വളരെക്കാലം. പൃഥിവീം=ഭൂമിയെ. പാലയ=പാലനം ചെയ്യുക.

അപ്രതിരഥഃ=അപ്രതിരഥനായി. ഭവ=ഭവിച്ചാലും.

ദാരകസഹിതാ=ദാരകനോടു(പുത്രനോടു) സഹിതയായ (കൂടിയ.) ശകുന്തളാ=ശകുന്തള. വാം=നിങ്ങൾ രണ്ടുപേരുടേയും പാദവന്ദനം=പാദവന്ദനത്തെ. കരോതി=ചെയ്യുന്നു. (ഇതാ ഞാൻ നിങ്ങൾ രണ്ടുപേരേയും കുട്ടിയോടുകൂടി വന്ദിക്കുന്നു.)

വത്സേ'=കുഞ്ഞേ!

ഭർത്താ=ഭർത്താവു് (നിൻെറ ഭർത്താവു്.) ആഖണ്ഡലസമഃ=ആഖണ്ഡലന്റ്, ദേവേന്ദ്രനു സമനാണു്, തുല്യനാണു്.

സുതഃ=പുത്രൻ (നിൻെറ പുത്രൻ.) ജയന്തപ്രതിമഃ=ജയന്തനോടു തുല്യനാണു്.

തേ=നിനക്കു്. അന്യാ=അന്യയായ (മറെറാരു) ആശീഃ=ആശിസ്സ്. ന യോഗ്യാ=യോഗ്യമല്ല.

പൌലോമ്യാ=പൌലോമിയോടു്, ഇന്ദ്രാണിയോടു്. സദൃശീ=തുല്യയായി. ഭവ=ഭവിക്കുക.

അദിതിഃ:—ജാതേ (പുത്രി) ഭർത്തുർബഹുമതാ ഭവ. അവശ്യം തേ ദീർഘായുർവത്സ ഉഭയകുലനന്ദനോ ഭവതു. ഉപവിശത.

(സർവേ പ്രജാപതിമഭിത ഉപവിശന്തി.)

മാരീചഃ:—(ഏകൈകം നിർദിശൻ)

ദിഷ്ട്യാ ശകുന്തളാ സാധ്വീ, സദപത്യമിദം, ഭവാൻ—
ശ്രദ്ധാ വിത്തം വിധിശ്ചേതി ത്രിതയം വഃ സമാഗതമ്. 29

**രാജാ:—** ഭഗവൻ, പ്രാഗഭിപ്രേതസിദ്ധിഃ, പശ്ചാദ്ദർശനമ്—അപൂർവ്വഃ ഖലു വോ ഽനുഗ്രഹഃ. പശ്യതു ഭവാൻ.

ഉദേതി പൂർവ്വം കുസുമം, തതഃ ഫലം;
ഘനോദയഃ പ്രാക്, തദനന്തരം പയഃ;
നിമിത്തനൈമിത്തികയോരയം ക്രമഃ;—
സ്തവ പ്രസാദസ്യ പുരസ്തു സമ്പദഃ.

ഭർത്തുഃ=ഭർത്താവിനു്. ബഹുമതാ=ബഹുമതയായി. ഭവ=ഭവിച്ചാലും. അവശ്യം=തീർച്ചയായും. തേ=നിന്റെ. ദീർഘായുഃ വത്സഃ=ദീർഘായുസ്സായ വത്സൻ, പുത്രൻ. ഉഭയകുലനന്ദനഃ=ഉഭയകുലങ്ങളുടേയും (നിങ്ങൾ രണ്ടുപേരുടെ കുലങ്ങളുടേയും) സന്തോഷദായകനായി. ഭവതു=ഭവിക്കട്ടെ.

ഉപവിശത=ഇരിക്കുവിൻ.

(സർവ്വേ=എല്ലാവരും പ്രജാപതിനം='കശ്യപ പ്രജാപതിയുടെ. അഭിതഃ=ചുററും. ഉപവിശന്തി=ഇരിക്കുന്നു.)

(ഏകൈകം=ഓരോരുത്തരേയും. നിർദ്ദിശൻ=ചൂണ്ടിക്കാണിച്ച്.)

ശകുന്തളാ=ശകുന്തള. സാധ്വീ=പതിവ്രതയാണു്. ഇദം=ഇതു് (ഈ പുത്രൻ) സദപത്യം=നല്ല അപത്യമാണു്. (നല്ലൊരു സന്താനമാണു്.) ഭവാൻ=നീ (ദുഷ്ഷന്തൻ.) വഃ=നിങ്ങൾക്കു് മൂന്നുപേരുടെ) ത്രിതയം=ത്രിതയം. സമാഗതം (ഇതിയത്)=സമാഗതമായി (എന്നു യാതൊന്നോ അതു്.) ശ്രദ്ധാ, വിത്തം, വിധിഃ ഇതി=ശ്രദ്ധ (ആസ്തിക്യബുദ്ധി) വിത്തം=ദ്രവ്യസഞ്ചയം. വിധിഃ=യാഗാദിക്രിയ എന്നിങ്ങനെയുള്ളതുപോലെ

ഭഗവൻ=അല്ലയോ ഐശ്വര്യാദിഗുണപരിപൂർണ്ണ! പ്രാക്=മുമ്പിലേതന്നെ. അഭിപ്രേതസിദ്ധിഃ=അഭിപ്രേതത്തിന്റെ (പുത്രകളത്രസംഗമത്തിന്റെ) സിദ്ധി (ലബ്ധി) യുണ്ടായി. പശ്ചാത=പിന്നീട്. ദർശനം=ഭഗവദ്ദർശനം സാധിച്ചു. അപൂർവ്വഃ ഖലു=അപൂർവ്വമാണല്ലോ. വഃ=അങ്ങയുടെ. അനുഗ്രഹഃ=അനുഗ്രഹം. ഭവാൻ പശ്യതു=അങ്ങു് നോക്കിയാലും

പൂർവ്വം=ആദ്യമായി. കുസുമം=പുഷ്പം. ഉദേതി=ഉദിക്കുന്നു. തതഃ=അതിനുശേഷമാണു്. ഫലം=കായ്.

(അതുപോലെ) പ്രാക്=മുമ്പായി. ഘനോദയഃ=ഘനത്തിന്റെ, മേഘത്തിന്റെ ഉദയം. തദനന്തരം=അതിനുശേഷം. പയഃ=പയസ്സ് (ജലം)

നിമിത്തനൈമിത്തികയോഃ=നിമിത്തത്തിനും നൈമിത്തികത്തിനും (ഹേതുവിനും കാര്യത്തിനും) അയം ക്രമഃ=ഇതാണു് രീതി (ലോകരീതി.)

തവ പ്രസാദസ്യ=അങ്ങയുടെ പ്രസാദത്തിനു്. പുരഃ തു=മുമ്പിനാൽതന്നെയാണു്. സമ്പദഃ=സമ്പത്തുകൾ. ലോകസാധാരണമല്ലാതെ ഹേതുവിന്നു മുമ്പായിത്തന്നെ കാര്യം ഉണ്ടായിരിക്കുന്നു. അങ്ങയുടെ ദർശനത്തിനും അനുഗ്രഹത്തിനുംശേഷം വേണം ശ്രേയസ്സ്. ഇവിടെ ശ്രേയസ്സ് ആദ്യമേ ലഭിച്ചു. ഇതൊക്കെ അങ്ങയുടെ മാഹാത്മ്യവിശേഷമാണു്.

**മാതലിഃ:—** ഏവം വിധാതാരഃ പ്രസീദന്തി.

**രാജാ:—** ഭഗവൻ! ഇമാമാജ്ഞാകരീം വോ ഗാന്ധർവ്വേണ വിധിനോപയമ്യ കസ്യചിത് കാലസ്യ ബന്ധുഭിരാനീതാം സ്മൃതിശൈഥില്യാത് പ്രത്യാദിശന്നപരാദ്ധോ ഽസ്മി തത്രഭവതോ യുഷ്മാത് സഗോത്രസ്യ കണ്വസ്യ.

ഭഗവൻ=അല്ലയോ ഭഗവാനേ! വഃ=അങ്ങയുടെ. ഇമാം ആജ്ഞാകരീം=ഈ വിധേയയെ (ശകുന്തളയെ) ഗാന്ധർവ്വേണ വിധിനാ=ഗാന്ധർവവിധിയാൽ. ഉപയമ്യ=വിവാഹം ചെയ്തിട്ടു്. കസ്യചിത് കാലസ്യ=കുറച്ചുകാലം കഴിഞ്ഞു്. ബന്ധുഭിഃ=ബന്ധുക്കളാൽ. ആനീതാം=കൂട്ടിക്കൊണ്ടുവരപ്പെട്ട (ഇവളെ) സ്മൃതിശൈഥില്യാത്=ഓർമ്മപ്പിശകുമൂലം. പ്രത്യാദിശൻ=ഉപേക്ഷിച്ചവനായിട്ടു. യുഷ്മത് സഗോത്രസ്യ=ഭവത് ഗോത്രിയനായ. തത്രഭവതഃ കണ്വസ്യ=തത്രഭവാൻ കണ്വന്നു്. അപരാദ്ധഃ അസ്മി=അപരാധം ചെയ്തവനായിത്തീർന്നിരിക്കുന്നു.

രാജാ:— പശ്ചാദേനാമംഗുലീയദർശനാദൂഢപൂർവ്വാമവഗതോഽഹമ്. തച്ചിത്രമിവ മേ പ്രതിഭാതി.

യഥാ ഗജോ നേതി സമക്ഷരൂപേ
തസ്മിന്നതിക്രാമതി സംശയഃ സ്യാത്,
പദാനി ദൃഷ്ട്വാ തു ഭവേത പ്രതീതി-
സ്തഥാവിധോ മേ മനസോ വികാരഃ. 31

മാരീചഃ:— വത്സ, അലമാത്മാപചാരശങ്കയാ. സമ്മോഹോഽപി ത്വയ്യനുപപന്നഃ. ശ്രൂയതാമ്.

രാജാ:— അവഹിതോഽസ്മി.

പശ്ചാത്=പിന്നീടു്. അംഗുലീയദർശനാത്=അംഗുലീയത്തിന്റെ, മോതിരത്തിന്റെ ദർശനംഹേതുവായി (മോതിരം കാണുകനിമിത്തം.) ഏനാം=ഇവളെ. അഹം=ഞാൻ ഊഢപൂർവ്വാം=മുമ്പിനാലെ വിവാഹം കഴിക്കപ്പെട്ടവളായി. അവഗതഃ=അറിഞ്ഞു.

തത്=അതു്. ചിത്രമിവ=ആശ്ചര്യംപോലെ. പ്രതിഭാതി=തോന്നുന്നു.

യഥാ=ഏതുപ്രകാരത്തിലാണോ. തസ്മിൻ സമക്ഷരൂപേ=അതു (ഗജം) പ്രത്യക്ഷമായ രൂപത്തോടുകൂടി (കണ്ണിനുമുമ്പായി കാണത്തക്കവിധം) അതിക്രാമതി=കടന്നുപോകുമ്പോൾ. ഗജഃ ന ഇതി=ഗജമല്ല എന്നു്. സംശയഃ=സംശയം. സ്യാത്=ഭവിക്കും.

(പിന്നീടു്)പദാനി=അടികളെ. ദൃഷ്ട്വാ തു=കണ്ടിട്ടാകട്ടെ. പ്രതീതിഃ=ഗജംതന്നെയെന്നുള്ള പരമാർത്ഥജ്ഞാനം (വരുന്നു.) തഥാവിധഃ=അപ്രകാരമാണു്. മേ=എന്റെ. മനസഃ=മനസ്സിന്റെ. വികാരഃ=വികാരം.

(കണ്ണിനുമുമ്പേ കണ്ടപ്പോൾ ആനയല്ലെന്നു സംശയിച്ചു് ഒടുവിൽ അതു കടന്നുപോയപ്പോൾ കാലടിനോക്കി ആനതന്നെയായിരിക്കും എന്നു നിശ്ചയിക്കുംപോലെയായി എന്റെ മനസ്സിന്റെ ഗതിയും.)

ആത്മാപചാരശങ്കയാ = നിന്റെ പേരിൽ തെററുള്ളതായ ശങ്ക (കൊണ്ടു്) അലം=മതി. (നിന്റെ തെററല്ല.)

സമ്മോഹഃ അപി=മറവിയും. ത്വയി=നിന്നിൽ. അനുപപന്നഃ=യോജിക്കുന്നതല്ല. ശ്രൂയതാം=കേട്ടാലും.

അവഹിതഃ അസ്മി=ഇതാ ശ്രദ്ധിക്കുന്നു.

മാരീചഃ:— യദൈവാപ്സരസ്തീർത്ഥാവതരണാത് പ്രത്യാദേശവിക്ലവാം ശകുന്തളാമാദായ മേനകാ ദാക്ഷായണീമുപഗതാ, തദൈവ ധ്യാനാദവഗതോഽസ്മി, ദുർവ്വാസസഃ ശാപാദിയം തപസ്വിനീ സഹധർമ്മചാരിണീ ത്വയാ പ്രത്യാദിഷ്ടാ; നാന്യഥേതി. സ ചായമംഗുലീയദർശനാവസാനഃ.

രാജാ:—(സോപഹാസം) ഏഷ വചനീയാന്മുക്തോ ഽസ്മി.

ശകുന്തളാ:—(സ്വഗതം) ദിഷ്ട്യാ കാരണപ്രത്യാദേശീ ആര്യ്യപുത്രഃ. ന ഖലു ശപ്തമാത്മാനം സ്മരാമി.

അഥവാ പ്രാപ്തോ മയാ ശാപോ വിരഹശൂന്യഹൃദയയാ. അത ഏവ സഖീഭ്യാമത്യാദരേണ സന്ദിഷ്ടാസ്മി ഭർത്തുരംഗുലീയകം ദർശയിതവ്യമിതി.

യദാ ഏവ=എപ്പോഴാണോ.

അപ്സരസ്തീർഥാവതരണാത്=അപ്സരസ്തീർത്ഥത്തിന്റെ സമീപത്തുനിന്നും. പ്രത്യാദേശവിക്ലവാം=പ്രത്യാദേശംകൊണ്ടു (ഭർത്താവു നിരാകരിച്ചതുമൂലം) വിക്ലവയായ (വളരെ വ്യസനിച്ചു ക്ഷീണിച്ചവളായ.) ശകുന്തളാം=ശകുന്തളയെ. ആദായ=കൂട്ടിക്കൊണ്ടുപോന്ന്. മേനകാ=മേനക. ദാക്ഷായണീം ഉപഗതാ=ദാക്ഷായണിയുടെ അടുത്തു എത്തിയോ. തദാ ഏവ=അപ്പോഴുംതന്നെ.

ദുർവാസസഃ ശാപാത്=ദുർവാസസ്സിന്റെ ശാപംഹേതുവായിട്ടാണ്. ഇയം തപസ്വിനീ=ഈ തപസ്വിനി. സഹധർമ്മചാരിണീ ത്വയാ=സഹധർമ്മചാരിയായ നിന്നാൽ. പ്രത്യാദിഷ്ടാ=നിരാകരിക്കപ്പെട്ടതു്. ന അന്യഥാ =മറെറാരുപ്രകാരത്തിലും അല്ല. ഇതി=എന്ന്. ധ്യാനാത്=ധ്യാനത്തിൽനിന്ന്. അവഗതഃ അസ്മി=ഞാൻ അറിഞ്ഞവനായിരിക്കുന്നു. അയം സഃ ച=ആ ശാപമാകട്ടെ. അംഗുലീയദർശനാവസാനഃ=അംഗുലീയത്തിന്റെ ദർശനം എന്ന അവസാനത്തോടുകൂടിയതാണ്.

ഏഷഃ=ഇവൻ. വചനീയാത്=ലോകാപവാദത്തിൽനിന്നും. മുക്തഃ അസ്മി=മോചിക്കപ്പെട്ടവനായി.

ദിഷ്ട്യാ=ഭാഗ്യവശാൽ. കാരണപ്രത്യാദേശീ ആര്യ്യപുത്രഃ=ആര്യ്യപുത്രൻ സകാരണമായിത്തന്നെയാണ എന്നെ ഉപേക്ഷിച്ചതു്. ന ഖലു ശപ്തമാത്മാനം സ്മരാമി=എന്നെ ശപിച്ചതായി ഓർമ്മയില്ലല്ലോ.

അഥവാ=അല്ലെങ്കിൽ. വിരഹശൂന്യഹൃദയയാ=വിരഹംകൊണ്ടു ശൂന്യഹൃദയയായ. മയാ=എന്നാൽ. ശാപഃ=ശാപം. പ്രാപ്തഃ=പ്രാപ്തമായിരിക്കണം. (ഞാൻ വിരഹംകൊണ്ടു ശൂന്യഹൃദയയായിരുന്നപ്പോളായിരിക്കാം ശാപം ഉണ്ടായതു്.)

അത ഏവ=ഇതുകൊണ്ടുതന്നെയായിരിക്കണം.

ഭർത്തുഃ=ഭർത്താവിന്നായി. അംഗുലീയകം=മോതിരം. ദർശയിതവ്യം=കാണിക്കപ്പെടേണ്ടതാണ്. ഇതി=എന്ന്. സഖീഭ്യാം=രണ്ടുസഖികളാലും. അത്യാദരേണ=അത്യാദരത്തോടെ. സന്ദിഷ്ടാ അസ്മി=ഞാൻ സന്ദിഷ്ടയായതു് (എന്നോടു് അവർ പ്രത്യേകിച്ചു പറഞ്ഞതു്.)

മാരീചഃ—വത്സേ, വിദിതാർഥാസി. സഹധർമ്മചാരിണംപ്രതി ന ത്വയാ മന്യുഃ കാര്യ്യഃ. പശ്യ—

ശാപാദസി പ്രതിഹതാ സ്മൃതിരോധരൂക്ഷേ,
ഭർത്തൃയ്യപേതതമസി, പ്രഭുതാ, തവൈവ;
ഛായാ ന മൂർച്ഛതി മലോപഹതപ്രസാദേ,
ശുദ്ധേ തു ദർപ്പണതലേ സുലഭാവകാശാ. 32

വത്സേ=കുഞ്ഞേ! വിദിതാർഥാ അസി=നിനക്കു സംഗതികൾ മനസ്സിലായല്ലോ. സഹധർമ്മചാരിണം പ്രതി=സഹധർമ്മചാരിയെക്കുറിച്ചു്. ത്വയാ=നിന്നാൽ. മന്യുഃ ന കാര്യ്യഃ=കോപം പാടുള്ളതല്ല. പശ്യ=നോക്കു.

ശാപാത്=ശാപംഹേതുവായി. സ്മൃതിരോധരൂക്ഷേ=സ്മരണത്തിന്റെ, ഓൎമ്മയുടെ രോധത്താൽ, തടസ്സത്താൽ രൂക്ഷനായ, കോപിഷ്ഠനായ. ഭൎത്തരി=ഭൎത്താവിൽ. പ്രതിഹതാ അസി=നീ പ്രതിഹതയായി, നിരാകൃതയായി. അപേതതമസി=തമസ്സ്, (ഓൎമ്മക്കുറവെന്ന തമസ്സ് പോയവനായിത്തീൎന്നപ്പോൾ (ഈ ഭൎത്താവിൽ) പ്രഭുതാ=കോയ്മ. തവ ഏവ=നിനക്കുതന്നെ.

ദൎപ്പണതലേ=കണ്ണാടി. മലോപഹതപ്രസാദേ=അഴുക്കിനാൽ തടയപ്പെട്ട തെളിവോടുകൂടിയിരിക്കുമ്പോൾ. ഛായാ=പ്രതിബിംബം. ന മൂൎഛതി=പ്രകാശിക്കുന്നില്ല.

ശുദ്ധേ തു=മിനുസപ്പെട്ടിരിക്കുമ്പോഴേ. സുലഭാവകാശാ=എളുപ്പം പ്രവേശിക്കുന്നതാകും.

**രാജാ:—യഥാഹ ഭഗവാൻ.**

**മാരീചഃ:—വത്സ, കച്ചിദഭിനന്ദിതസ്ത്വയാ വിധിവദസ്മാഭിരനുഷ്ഠിത ജാതകൎമ്മാ പുത്ര ഏഷ ശാകുന്തളേയഃ?**

**രാജാ:—ഭഗവൻ, അത്ര ഖലു മേ വംശപ്രതിഷ്ഠാ.**

**മാരീചഃ:—തഥാഭാവിനമേതം ചക്രവൎത്തിനം പുത്രമവഗച്ഛതു ഭവാൻ. പശ്യ:—**

**രഥേനാനുൽഘാതസ്തിമിതഗതിനാ തീൎണ്ണജലധിഃ**
**പുരാ സപ്തദ്വീപാം ജയതി വസുധാമപ്രതിരഥഃ**
**യഥായം സത്വാനാം പ്രസഭദമനാത് സൎവ്വദമനഃ**
**പുനൎയ്യാസ്യത്യാഖ്യാം ഭരത ഇതി ലോകസ്യ ഭരണാത്. 33**

യഥാ ഭഗവാൻ ആഹ=അങ്ങു പറയുന്നതുപോലെതന്നെ.

വത്സ, അസ്മാഭിഃ=നമ്മാൽ. വിധിവത്=വിധിയനുസരിച്ച്. അനുഷ്ഠിതജാതകൎമ്മാ=അനുഷ്ഠിതമായ ജാതകൎമ്മത്തോടുകൂടിയ, (ജന്മാവസരത്തിൽ വിധിപോലെ സകല ചടങ്ങുകളും ഞാൻതന്നെ നിൎവ്വഹിച്ചു നിവൃത്തിയിരിക്കുന്ന) ഏഷഃ=ഈ. ശാകുന്തളേയഃ പുത്രഃ=ശകുന്തളാപുത്രൻ. ത്വയാ=നിന്നാൽ. അഭിനന്ദിതഃ കച്ചിത്=അഭിനന്ദിതനായില്ലേ?

ഭഗവൻ=ഭഗവാനേ. അത്ര ഖലു=ഇവനിലാണല്ലോ. മേ=എന്റെ. വംശപ്രതിഷ്ഠാ=വംശത്തിന്റെ നിലനില്പ് (സ്ഥിതിചെയ്യുന്നതു്.)

തഥാഭാവിനം=അപ്രകാരം. (വംശപ്രതിഷ്ഠാകരനായി ഭവിക്കാൻപോകുന്ന.) ഏതം പുത്രം=ഈ പുത്രനെ. ചക്രവൎത്തിനം അവഗച്ഛതു ഭവാൻ=ചക്രവൎത്തിയായി നീ അറിഞ്ഞുകൊൾക.

അനുൽഘാതസ്തിമിതഗതിനാ=അനുൽഘാതത്തിൽക്കൂടെ, നിമ്നോന്നതമല്ലാത്ത സ്ഥലത്തുകൂടെ (ആകാശത്തുകൂടെ) സ്തിമിതമായ (നിശ്ചലമായ) ഗതിയോടു (ഗമനത്തോടു)കൂടിയ. രഥേന=രഥംവഴി തീൎണ്ണജലധിഃ=അംബുധി തരണംചെയ്തവനായി. സപ്തദ്വീപാം വസുധാം=സപ്തദ്വീപമായ വസുധയെ. അപ്രതിരഥഃ=അപ്രതിരഥനായി (ഈ പുത്രൻ) പുരാ ജയതി=ജയിക്കാം. യഥാ=ഏതുപ്രകാരത്തിലോ. സത്വാനാം=സത്വങ്ങളുടെ (ജീവികളുടെ.) പ്രസഭദമനാത്=ബലാൽകാരമായ ശിക്ഷണംകൊണ്ട്. സൎവ്വദമനഃ=സൎവ്വദമനനായിരിക്കുന്നുവോ അതുപോലെ. ലോകസ്യ ഭരണാത്=ലോകഭരണം ഹേതുവായി. ഭരതഃ ഇതി=ഭരതൻ എന്ന. ആഖ്യാം=പേരിനെ. യാസ്യതി=ഈ പുത്രൻ പ്രാപിക്കും.

**രാജാ:—ഭവതാ കൃതസംസ്കാരേ സൎവ്വമസ്മിൻ വയമാശാസ്മഹേ.**

അദിതിഃ:—ഭഗവൻ, ത്വയാ ദുഹിതൃമനോരഥസമ്പത്ത്യാ കണ്വോപി താവത് തവ പാൎശ്വചരൈസ്താപസൈഃ ശ്രുതവിസ്തരഃ ക്രിയതാമ്. ദുഹിതൃവത്സലാ മേനകാ ഇഹൈവ മാമുപചരന്തീ തിഷ്ഠതി.

ശകുന്തളാ:—മനോരഥഃ ഖലു മേ ഭണിതോ ഭഗവത്യാ.

മാരീചഃ:—തപഃപ്രഭാവാത് പ്രത്യക്ഷമേതത് സൎവ്വം തത്രഭവതഃ.

രാജാ:—അതഃ ഖലു മാമനഭിക്രുദ്ധോ ഗുരുഃ.

ഭവതാ=ഭവാനാൽ. കൃതസംസ്കാരേ=കൃതസംസ്കാരനായ. അസ്മിൻ=ഇവനിൽ. സൎവ്വം=സകലത്തും. ആശാസ്മഹേ=സമ്പൂൎണ്ണമായി വിശ്വസിക്കുന്നു.

ഭഗവൻ=അല്ലയോ ഭഗവാൻ. ദുഹിതൃമനോരഥസമ്പത്ത്യാ=ദുഹിതാവിന്റെ മനോരഥങ്ങളുടെ സമ്പത്തിയാൽ (അഭിലാഷസാദ്ധ്യതയിൽ.) കണ്വഃ അപി താവത്=കണ്വനുംകൂടെ. തവ പാൎശ്വചരൈഃ താപസൈഃ=അങ്ങയുടെ പാൎശ്വചരന്മാരായ താപസന്മാരാൽ. ശ്രുതവിസ്തരഃ=ശ്രുതവിസ്തരനായി. ത്വയാ ക്രിയതാം=അങ്ങയാൽ ചെയ്യപ്പെട്ടാലും. ദുഹിതൃവത്സലാ=പുത്രീവത്സലയായ. മേനകാ=മേനക. ഇഹ ഏവ=ഇവിടെത്തന്നെ. മാം=എന്നെ. ഉപചരന്തീ=ഉപചരിക്കുന്നവളായി. തിഷ്ഠതി=നില്ക്കുന്നു.

ഭഗവത്യാ=ഭഗവതിയാൽ. മേ മനോരഥഃ ഖലു=എന്റെ മനോരഥമാണല്ലോ, എന്റെ അഭിലാഷമാണല്ലോ. ഭണിതഃ=പറയപ്പെട്ടതു്.

തപഃപ്രഭാവാത്=തപഃപ്രഭാവംകൊണ്ടു്. ഏതത് സൎവ്വം=ഇതെല്ലാം. തത്രഭവതഃ=തത്രഭവാൻ കണ്വനു്. പ്രത്യക്ഷം=കാണാവുന്നതാണു്.

അതഃ ഖലു=ഇതുകൊണ്ടാണല്ലോ. മാം=എന്നെക്കുറിച്ചു്. ഗുരുഃ=ഗുരുവായ കണ്വമഹൎഷി. അനഭിക്രുദ്ധഃ=അഭിക്രുദ്ധനല്ലാതിരിക്കുന്നതു്. (അദ്ദേഹം അവയെല്ലാം അറിയുന്ന ഒരാളായതുകൊണ്ടാണല്ലോ എന്റെ അപരാധത്തിൽ കോപമില്ലാതിരിക്കുന്നതു്.)

മാരീചഃ:—തഥാപ്യസൗ പ്രിയമസ്മാഭിഃ പ്രഷ്ടവ്യഃ. കോ ഽത്ര ഭോഃ?

(പ്രവിശ്യ ശിഷ്യഃ)

ഭഗവൻ, അയമസ്മി.

മാരീചഃ:—ഗാലവ, ഇദാനീമേവ ഹി വിഹായസാ ഗത്വാ തത്രഭവതേ കണ്വായ മദ്വചനാത് പ്രിയമാവേദയ. യഥാ പുത്രവതീ ശകുന്തളാ, തച്ഛാപനിവൃത്തൗ സ്മൃതിമതാ ദുഷ്ഷന്തേന പ്രതിഗൃഹീതേതി.

ശിഷ്യഃ:—യദാജ്ഞാപയതി ഭഗവാൻ. (ഇതി നിഷ്ക്രാന്തഃ)

തഥാ അപി=എന്നാലും. അസൗ=ഇദ്ദേഹം. (കണ്വൻ.) അസ്മാഭിഃ=നമ്മാൽ. പ്രിയം പ്രഷ്ടവ്യഃ=പ്രിയമായി പ്രഷ്ടവ്യനാണു് (ഈ സന്തോഷവൎത്തമാനം അദ്ദേഹത്തെ നാം ഗ്രഹിപ്പിക്കേണ്ടതാണു്.) കഃ അത്ര ഭോഃ=ആരവിടെ?

(പ്രവിശ്യ ശിഷ്യഃ=ശിഷ്യൻ പ്രവേശിച്ചു്)

ഭഗവൻ=ഭഗവാനേ. അയമസ്മി=ഇതാ ഞാനുണ്ടു്.

ഗാലവ!=ശിഷ്യനായ ഗാലവ! നീ. ഇദാനീം ഏവ=ഇപ്പോൾതന്നെ. വിഹായസാ=ആകാശംവഴിയായി. ഗത്വാ=ചെന്നിട്ടു്. മമ വചനാത്=എന്റെ വാക്കായി. തത്രഭവതേ കണ്വായ=ബഹുമാന്യനായ (തത്രഭവാനായ) കണ്വനോടു് (കണ്വനായി

തച്ഛാപനിവൃത്തൗ=ദൎവ്വാസസ്സിന്റെ അന്നത്തെ

ആ ശാപം പിന്മാറിയ കാലത്തിൽ. സ്മൃതിമതാ ദുഷ്ഷന്തേന=ഓൎമ്മയുള്ളവനായിത്തീൎന്ന ദുഷ്ഷന്തനാൽ. പുത്രവതീ ശകുന്തളാ=മകനോടുകൂടിയ ശകുന്തള. പ്രതിഗൃഹീതാ=തിയ്യെ സ്വീകരിക്കപ്പെട്ടു. ഇതി=എന്നു (ഉള്ള) പ്രിയം=പ്രിയത്തെ (പ്രിയവാൎത്തയെ.) ആവേദയ=നീ അറിയിക്കുക.

ഭഗവാൻ=അസാധാരണസിദ്ധികളുള്ള അങ്ങു്. യദ്=എന്തു്. ആജ്ഞാപയതി=കല്പിക്കുന്നു. (അതുപോലെയാകട്ടെ എന്നുശേഷം) (ഇതി നിഷ്ക്രാന്തഃ=എന്നു പറഞ്ഞിട്ടു പോകുന്നു.)

മാരീചഃ:—വത്സ, ത്വമപി സ്വാപത്യദാരസഹിതഃ സഖ്യുരാഖണ്ഡലസ്യ രഥമാരുഹ്യ തേ രാജധാനീം പ്രതിഷ്ഠസ്വ.

രാജാ:—യദാജ്ഞാപയതി ഭഗവാൻ.

മാരീചഃ:—വത്സ, കിം ഭൂയഃ പ്രിയമുപകരോമി?

രാജാ:—അതഃപരമപി പ്രിയമസ്തി. യദിഹ ഭഗവാൻ പ്രിയം കൎത്തുമിച്ഛതി തൎഹീദമസ്തു ഭരതവാക്യം,

വത്സ=വത്സ! ത്വമപി=അങ്ങും. സ്വാപത്യദാരസഹിതഃ=സ്വന്തം കുട്ടിയോടും ഭാൎയ്യയോടുംകൂടിയവനായി. സഖ്യുഃ ആഖണ്ഡലസ്യ=സഖാവായ ദേവേന്ദ്രന്റെ. രഥം ആരുഹ്യ=തേരിൽ (രഥത്തെ) കയറി. തേ=അങ്ങയുടെ. രാജധാനീം=രാജധാനിക്കു്. പ്രതിഷ്ഠസ്വ=പോകുക (പ്രസ്ഥാനം ചെയ്യുക.) യദ് ആജ്ഞാപയതി ഭഗവാൻ=അങ്ങു് കല്പിക്കുന്നതുപോലെയാവട്ടെ. വത്സ!=പ്രിയപ്പെട്ടപുത്ര! ഭൂയഃ=വീണ്ടും. തേ=അങ്ങയ്ക്കു്. കിം പ്രിയം=എന്തു് ഇഷ്ടത്തെ. ഉപകരോമി=ഉപകാരമായിച്ചെയ്യേണ്ടു?

ഇഹ=ഇവിടെ. ഭഗവാൻ=അങ്ങു്. പ്രിയം=ഇഷ്ടത്തെ. കൎത്തും=ചെയ്വാൻ. യദ് ഇച്ഛതി=ആഗ്രഹിക്കുന്നുവെങ്കിൽ. അതഃ പരം അപി=ഇനിയും. പ്രിയം=ഇഷ്ടം. അസ്തി=ഉണ്ടു്. തൎഹി=അതായതു്. ഇദം ഭരതവാക്യം=ഈ ഭരതവാക്യം. അസ്തു=ഭവിക്കട്ടെ. (ഇവിടെ രാജാവു് നടവാക്യമായി പറയുകയാണു്.)

പ്രവൎത്തതാം പ്രകൃതിഹിതായ പാൎത്ഥിവഃ,
സരസ്വതീ ശ്രുതമഹതാം മഹീയസാം;
മമാപി ച ക്ഷപയതു നീലലോഹിതഃ
പുനൎഭവം പരിഗതശക്തിരാത്മഭൂഃ. 34

(ഇതി നിഷ്ക്രാന്താഃ സൎവ്വേ)

## സപ്തമോഽങ്കഃ

## സമാപ്തമിദം അഭിജ്ഞാനശാകുന്തളം നാമ നാടകം.

പ്രകൃതിഹിതായ=പൌരന്മാരുടെ സുഖത്തിനുവേണ്ടി. പാൎത്ഥിവഃ=മഹാരാജാവു്. പ്രവൎത്തതാം=പ്രവൎത്തിക്കട്ടെ. ശ്രുതേന=ശാസ്ത്രപാണ്ഡിത്യത്താൽ. മഹതാം=മഹത്തായും. മഹീയസാം=ഉൽകൃഷ്ടശക്തിയുള്ളതും ആയ. കവീനാം=കവികളുടെ. സരസ്വതീ=വാഗ്വിലാസം. പ്രവൎത്തതാം=സവിശേഷം വിലസട്ടെ. ആത്മഭൂഃ=താനേതന്നെ ഉണ്ടായിരിക്കുന്നവനും. പരിഗതശക്തിഃ=എങ്ങും വ്യാപിച്ചിരിക്കുന്ന ശക്തിയുള്ളവനും ആയ. നീലലോഹിതഃ=ശിവൻ. മമ പുനൎഭവം=എന്റെ മറെറാരു സംസാരജീവിതത്തെ. ക്ഷപയതു=ഇല്ലാതാക്കട്ടെ.

ഇതി നിഷ്ക്രാന്താഃ സൎവ്വേ=എന്നിട്ടു് എല്ലാവരും രംഗത്തുനിന്നുംപോയി. (കൂട്ടനിട്ടു.)

സപ്തമോഽങ്കഃ=ഏഴാമങ്കം. സമാപ്തമിദമഭിജ്ഞാനശാകുന്തളം നാമ നാടകം=അഭിജ്ഞാനശാകുന്തളമെന്നു പേരുള്ള ഈ നാടകം അവസാനിച്ചു.

—

# വേദാന്തഗ്രന്ഥങ്ങൾ

| | | | |
|---|---|---|---|
| അദ്ധ്യാത്മചിന്താമണി | —കെ. പരമേശ്വരൻപിള്ള | 1 | 50 |
| ദിവ്യരഹസ്യപ്രകാശിക-2 ഭാഗം | —സ്വാമി ബോധാനന്ദൻ | 3 | 00 |
| പുനർജ്ജന്മസിദ്ധാന്തം | —സ്വാമി ബാലാനന്ദൻ | 0 | 37 |
| ബ്രഹ്മചര്യം | —കെ. രാമചന്ദ്രൻനായർ | 1 | 00 |
| ഭഗവത്ഗീത —വ്യാഖ്യാതാ, കുന്നത്തു ജനാർദ്ദനമേനോൻ | | 1 | 50 |
| ഭഗവത്ഗീത (പാക്കററ്) | | 0 | 50 |
| മോക്ഷപ്രദീപവിമർശം | —എം. കെ. ഗോവിന്ദപ്പിള്ള | 0 | 56 |
| ശ്രീമഹാഭക്തചരിതാമൃതം-4 ഭാഗം | —എസ്. ആർ. വി. | 6 | 00 |
| സ്വാമി രാമതീർത്ഥൻ അഥവാ പ്രായോഗികവേദാന്തം | —എം. ആർ. മാധവവാര്യർ | 2 | 00 |
| സ്വാമി രാമതീർത്ഥപ്രതിഷ്ഠാപനികൾ-8 ഭാഗം | —ററി. ആർ. എൻ. നമ്പ്യാർ | 12 | 00 |
| സ്വാമി രാമതീർത്ഥൻ (വിവിധവീക്ഷണങ്ങളിൽ) | ടി | 1 | 35 |
| ഹഠയോഗപ്രദീപിക | —മഹോപാദ്ധ്യായ, എൻ. രാമൻപിള്ള | 0 | 75 |
| ഹംസയോഗചന്ദ്രിക | —ഭൈരവാനന്ദയോഗീന്ദ്രനാഥ് | 2 | 25 |

# സ്തോത്രഗ്രന്ഥങ്ങൾ

| | | | |
|---|---|---|---|
| കാമകലാവിലാസം | —കണ്ടിയൂർ | 0 | 37 |
| ഗീതഗോവിന്ദം-വ്യാഖ്യാതാ, എം. ആർ. നാരായണപിള്ള | | 1 | 00 |
| ദേവീമാഹാത്മ്യം-മൂലം (പാക്കററ്) | —കണ്ടിയൂർ | 0 | 50 |
| നാരായണീയം-സവ്യാഖ്യാനം | —കാവുങ്ങൽ & എൻ. രാമൻപിള്ള | 2 | 25 |
| നാരായണീയം-മൂലം (പാക്കററ്) | | 0 | 75 |
| മോഹമുദ്ഗരം (ഭജഗോവിന്ദം)-വ്യാഖ്യാതാ, കരയംവെട്ടം | | 0 | 37 |

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ് & ബുക്കഡിപ്പോ,

കൊല്ലം.

ശാഖകൾ: തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

725

# അഭിജ്ഞാനശാകുന്തളം

(സവ്യാഖ്യാനം)

എം. ആർ. വേലുപ്പിള്ളശാസ്ത്രി ബി. ഏ.

Indic Digital Archive Foundation
gpura.org